www.malankaralibrary.com

# ജീവാഹാരം

Malankara Seminary Publications
Nalanchira, Trivandrum

www.malankaralibrary.com


| | | |
|---|---|---|
| *Title* | : | **Jeevaharam**<br>(Malayalam) |
| *Contributors* | : | Alphonse Poikavila<br>Christy Charuvila<br>Clim Parukoor<br>Jaimson Kizhakkevila |
| *Published by* | : | **Malankara Seminary Publications**<br>St. Mary's Malankara Major Seminary<br>Nalanchira, Thiruvananthapuram - 695 015 |
| *Printed at* | : | St. Mary's Press<br>Pattom, Thiruvananthapuram - 695004 |
| *Copyright to* | : | The Publisher |
| *Published on* | : | 13 April 2021 |
| *Copies* | : | 500 |
| *Price* | : | ` 200 /- |


---

*© All rights reserved. No part of this publication may be reproduced, stored in a retrieval system, or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise, without prior written permission of the Publisher.*

www.malankaralibrary.com

THE SYRO-MALANKARA CATHOLIC CHURCH
MAJOR ARCHDIOCESE OF TRIVANDRUM

✠ BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS OF
THE SYRO-MALANKARA CATHOLIC CHURCH &
MAJOR ARCHBISHOP OF TRIVANDRUM

MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM - 695 004
KERALA, INDIA

Prot. No. MAT 232/209/2021 30-03-2021

# അനുഗ്രഹാശംസ

മനുഷ്യജീവിതത്തിന്റെ അടിസ്ഥാനം ജീവനാണ്. ശരീരത്തിലൂടെ ഒഴുകുന്ന രക്തവും പ്രവർത്തന സജ്ജമായ അവയവങ്ങളും കർമ്മോത്സുകമായ പഞ്ചേന്ദ്രിയങ്ങളും മനുഷ്യന്റെ ജീവനെ നിലനിർത്തുന്നു. ഇടമുറിയാതെയുള്ള പ്രവർത്തനങ്ങൾക്ക് ശരീരത്തിനു ഊർജ്ജം കൊടുക്കുന്ന അടിസ്ഥാന ഘടകമാണ് ആഹാരം. പ്രാചീന മനുഷ്യൻ മുതൽ ആധുനിക മനുഷ്യൻ വരെ തന്റെ ജീവിതത്തിന്റെ സിംഹഭാഗം ചിലവഴിച്ചതും അന്ന സമ്പാദനത്തിനുവേണ്ടിയാണ്. ഭൗതീക തലത്തിൽ ആഹാരത്തിനു ഇത്രയേറെ പ്രാധാന്യമുണ്ടെങ്കിൽ ആത്മീയ ജീവിതത്തിൽ ആത്മീയ ഭക്ഷണത്തിന്റെ ആവശ്യം എത്ര വലുതായിരിക്കും?

യേശുവിന്റെ പരസ്യജീവിതകാലത്ത് വലിയ ജനക്കൂട്ടം അവനെ എപ്പോഴും അനുഗമിച്ചിരുന്നു. ലോകത്തിന്റെ മാനദണ്ഡങ്ങളിലൂടെ പരിശോധിച്ചാൽ അവിടുന്ന് ഒരിക്കലും ഒരു ധനാഢ്യനായിരുന്നില്ല, ഒരു നല്ല യോദ്ധാവ് ആയിരുന്നില്ല, ഒരു നല്ല രാജകുമാരൻ ആയിരുന്നില്ല. എങ്കിലും അവന്റെ പിന്നാലെ ജനങ്ങൾ ഒഴുകിയെത്തി. എന്തൊക്കെയോ വിശപ്പുകൾ അവരെ അസംതൃപ്തരാക്കിയിരുന്നു. വിശപ്പിനു തൃപ്തിയേകിയ ആഹാരം സ്വർഗത്തിൽ നിന്നിറങ്ങി വന്ന് ലോകത്തിനു ജീവൻ നൽകുന്ന ദൈവത്തിന്റെ അപ്പമാണ്. 'കർത്താവേ, ഈ അപ്പം ഞങ്ങൾക്ക് എപ്പോഴും നൽകണമേ' എന്ന് ശിഷ്യന്മാർ അപേക്ഷിച്ചപ്പോൾ യേശു അവരോടു പറഞ്ഞു : 'ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല' (യോഹ 6:35). ഈ നിത്യതയുടെ അപ്പം വിരൽ ചൂണ്ടുന്നത് വി. കുർബാനയിലേക്കാണ്. നശ്വരതയുടെ ലോകത്തിൽ നിന്ന് അനശ്വരതയുടെ ലോകത്തിലേക്ക് യാത്ര ചെയ്യുന്ന തന്റെ മക്കൾക്ക് ദൈവം ഏകിയ യാത്രാഭോജ്യമാണ് വി. കുർബാന. ക്രിസ്തീയ ജീവിതത്തിന്റെ ഉറവിടവും ഉച്ചകോടിയും വി. കുർബാനയാണ് എന്ന് രണ്ടാം വത്തിക്കാൻ സുന്നഹദോസിലൂടെ സഭാപിതാക്കന്മാർ വ്യക്തമായ പ്രബോധനം നൽകി. ലോകത്തിന്റെ ഭോജ്യങ്ങൾ

www.malankaralibrary.com

മനുഷ്യന്റെ ജീവിതത്തിൽ ആത്യന്തികമായ വിശപ്പ് ശമിപ്പിക്കുന്നില്ല. മനുഷ്യന്റെ ഉള്ളിൽ സ്രഷ്ടാവ് നിക്ഷേപിച്ച ഈ അഭൗമീകമായ വിശപ്പ് ശമിപ്പിക്കുവാൻ സ്രഷ്ടാവ് തന്നെ സൃഷ്ടിയുടെ രൂപത്തിൽ അവന്റെ ഉള്ളിലേക്ക് ഇറങ്ങി വരണം. വി. കുർബാന എന്ന മഹാരഹസ്യം പരസ്യമാക്കുന്ന ദൈവീക രഹസ്യവും ഇതു തന്നെ. ജീവാഹാരമായ യേശുക്രിസ്തു പിതാവായ ദൈവത്തിന്റെ ഇച്ഛപ്രകാരം സ്വർഗത്തിന്റെ ഉയരങ്ങളിൽ നിന്നു മനുഷ്യരക്ഷയ്ക്കായി അയ്ക്കപ്പെട്ടു. വചനമായി മറിയത്തിൽ നിക്ഷേപിക്കപ്പെട്ട് പരിശുദ്ധാത്മശക്തിയാൽ ജാതനായി. മനുഷ്യനായ യേശുവിന്റെ തിരുശരീരരക്തങ്ങൾ ലോകരക്ഷയ്ക്കായി ബലിയായി നൽകപ്പെട്ടു. ആ ബലി ഇതാ വി. കുർബാനയായി ആവർത്തിക്കപ്പെടുന്നു!

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തിരുവനന്തപുരം മേജർ അതിരൂപതയ്ക്കുവേണ്ടി ഈ വർഷം (2021) വൈദികപട്ടം സ്വീകരിക്കുന്ന ശെമ്മാശന്മാർ തങ്ങളുടെ നാല് വർഷത്തെ ദൈവശാസ്ത്ര പഠനങ്ങളുടെയും അനുഭവങ്ങളുടെയും പ്രാർത്ഥനാജീവിതത്തിന്റെയും വെളിച്ചത്തിൽ തയ്യാറാക്കിയതാണ് ഈ ഗ്രന്ഥം. നമ്മുടെ വിശ്വാസ ജീവിതത്തിന്റെ കേന്ദ്രമായ വി. കുർബാനയെക്കുറിച്ച് ദൈവശാസ്ത്ര പരവും ആരാധനാക്രമപരവും, പ്രായോഗികവുമായ ഒട്ടേറെ അറിവുകൾ പകരുന്നതിനും സംശയങ്ങൾ പരിഹരിക്കുന്നതിനും ഈ ഗ്രന്ഥം ഏറെ സഹായകമാകും എന്നു കരുതുന്നു. ഈ ഗ്രന്ഥരചന നിർവ്വഹിച്ച ബഹുമാനപ്പെട്ട ശെമ്മാശന്മാർക്കും, അവരുടെ രചനയിൽ വെളിച്ചം പകർന്ന് അവരെ സഹായിച്ച എല്ലാ ഗുരുക്കന്മാർക്കും എല്ലാ വിധമായ പ്രാർത്ഥനാശംസകളും ദൈവാനുഗ്രഹവും നേരുന്നു. ഈ ലഘുഗ്രന്ഥം വി. കുർബാനയെക്കുറിച്ച് ആഴത്തിൽ പഠിക്കുന്നതിനുള്ള പഠന സഹായിയായി തീരട്ടെയെന്ന് ആശംസിക്കുന്നു.

ദൈവം ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

+Baselios Cleemis

**✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ് -കാതോലിക്കോസ് &
തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പ്.

BASELIOS CARDINAL CLEEMIS CATHOLICOS
MAJOR ARCHBISHOP OF TRIVANDRUM

www.malankaralibrary.com

# മുഖമൊഴി

## "എന്റെ ഓർമ്മയ്ക്കായ് ഇത് ചെയ്യുവിൻ...."

**സെ**ഹിയോൻ മാളികയിലെ പെസഹാ ആചരണത്തിൽ വിശുദ്ധ കുർബാന സ്ഥാപിച്ചതിനുശേഷം ക്രിസ്തു തന്റെ ശിഷ്യന്മാരോട് അരുളിചെയ്തു: "എന്റെ ഓർമ്മയ്ക്കായ് ഇത് ചെയ്യുവിൻ." ഇപ്രകാരം ക്രിസ്തുവിന്റെ വാക്കുകൾ പിൻചെന്ന് ഇന്ന് ലോകമാസകലമുള്ള ക്രൈസ്തവ ദൈവാലയങ്ങളിലെ ബലിപീഠങ്ങളിൽ വിശുദ്ധ ബലി ആഘോഷിക്കപ്പെടുമ്പോൾ, രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് സെഹിയോൻ മാളികയിൽ വച്ച് ക്രിസ്തു കല്പിച്ച വാക്കുകൾ അന്വർത്ഥമാവുകയാണ്. വിശുദ്ധ കുർബാന ഒരു ഓർമ്മയാണ്. മനുഷ്യൻ തന്റെ സ്രഷ്ടാവായ ദൈവത്തെ ഓർക്കുന്നു; സ്രഷ്ടാവായ ദൈവം തന്റെ സൃഷ്ടികളായ മനുഷ്യനെ ഓർക്കുന്നു. അതുകൊണ്ടാണ് വി. കുർബാനയിൽ പാപപരിഹാരപ്രാർത്ഥനയുടെ (ഹൂസോയോ) സമയത്ത് "ദൈവമായ കർത്താവേ, സ്നേഹപൂർവ്വം ഞങ്ങളെ നീ ഓർമ്മിച്ചു കൊള്ളണമെ" എന്ന് കാർമ്മികൻ പ്രാർത്ഥിക്കുന്നത്. സൃഷ്ടികളായ മനുഷ്യൻ സ്രഷ്ടാവായ ദൈവത്തിന് നൽകുന്ന ഏറ്റവും പരമമായ ആരാധനയാണ് വിശുദ്ധ കുർബാന. ക്രിസ്തു ഓരോ വിശ്വാസിയുമായി ഗാഢമായി ഒന്നിക്കുന്ന സമയമാണ് ഓരോ വിശുദ്ധ കുർബാനയും: "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (യോഹ.6:56).

വിശുദ്ധ കുർബാനയെന്ന മഹാരഹസ്യത്തിന്റെ ആഴങ്ങളിലേക്കുള്ള ഒരു തീർത്ഥയാത്രയാണ് ഈ ഗ്രന്ഥം. നാല് ഭാഗങ്ങളായാണ് ഈ ഗ്രന്ഥം ക്രമീകരിച്ചിരിക്കുന്നത്. ഒന്നാം ഭാഗത്ത് വി. കുർബാനയുടെ വിശുദ്ധഗ്രന്ഥാടിസ്ഥാനത്തെക്കുറിച്ചാണ് വിവരിക്കുന്നത്. പഴയനിയമത്തിൽ നിഴലായി നിന്ന വിശുദ്ധ കുർബാനയെന്ന രഹസ്യം യാഥാർത്ഥ്യമായി മാറുന്നത് പുതിയനിമയത്തിലാണ്. രണ്ടാം ഭാഗത്ത്

www.malankaralibrary.com

വിശുദ്ധ കുർബാനയുടെ വിവിധ നാമങ്ങളെക്കുറിച്ചും, വിശുദ്ധ കുർബാനയെക്കുറിച്ചുള്ള സഭാപിതാക്കന്മാരുടെ കാഴ്ചപ്പാടുകളും സഭാപ്രബോധനങ്ങളും വിവരിക്കുന്നു. മൂന്നാം ഭാഗത്ത് ഏറ്റവും പുരാതനവും സമ്പന്നവുമായ അന്ത്യോക്യൻ ആരാധനാക്രമം, മാർ യാക്കോബിന്റെ അന്നാഫുറ, വിശുദ്ധകുർബാനയിൽ നാം ഉപയോഗിക്കുന്ന ഗീതങ്ങൾ, ദൈവാലയം, വിശുദ്ധ വസ്തുക്കൾ എന്നിവയെക്കുറിച്ചും വിവരിക്കുന്നു. നാലാം ഭാഗത്ത് വിശുദ്ധ കുർബാനയെക്കുറിച്ചുള്ള ദൈവശാസ്ത്രപരവും പ്രായോഗികവുമായ ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളുമാണ് നൽകിയിരിക്കുന്നത്. വിശുദ്ധ കുർബാനയുടെ മാഹാത്മ്യവും അർത്ഥവും മനസ്സിലാക്കാൻ ഈ ഗ്രന്ഥം സഹായകമാകുമെന്ന് വിശ്വസിക്കുന്നു.

ഞങ്ങളുടെ പൗരോഹിത്യ സ്വീകരണത്തോടനുബന്ധിച്ച് ഈ പുസ്തകം പ്രകാശനം ചെയ്യാൻ സാധിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. ഈ ഗ്രന്ഥ നിർമ്മിതിയിൽ ഞങ്ങളെ സഹായിച്ച ഏവരെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. പ്രത്യേകിച്ച്, ഈ ഗ്രന്ഥത്തിന്റെ രചനയിൽ ആദ്യാവസാനം ഞങ്ങൾക്ക് കരുതലും, സഹായവും, പ്രചോദനവും, മാർഗ്ഗദർശനവും നൽകിയ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവും, തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അദ്ധ്യക്ഷനുമായ അത്യുന്നത കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയോടുള്ള നിസീമമായ നന്ദി അറിയിക്കുന്നു. ഈ ഗ്രന്ഥ രചനയിൽ നിർദ്ദേശങ്ങളും തിരുത്തലുകളും നൽകി ഞങ്ങളെ സഹായിച്ച ഞങ്ങളുടെ അധ്യാപകനും, ആദ്ധ്യാത്മിക പിതാവുമായ ബഹുമാനപ്പെട്ട ജോസഫ് പൂവത്തുംതറയിലച്ചനെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. മലങ്കര മേജർ സെമിനാരിയിലെ ഞങ്ങളുടെ അധ്യാപകർക്കും സഹപാഠികൾക്കും ഹൃദയം നിറഞ്ഞ നന്ദി... ഈ പുസ്തകത്തിന്റെ കവർ പേജ് തയ്യാറാക്കി തന്ന ബഹുമാനപ്പെട്ട ബ്രദർ വെൺമലോട്ട് കുര്യനോടും, ഗിരീഷിനോടുമുള്ള നന്ദി അറിയിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം ഏറ്റെടുത്ത എം. എസ്. പബ്ലിക്കേഷനും പ്രിന്റിംഗ് നിർവ്വഹിച്ച പട്ടം സെന്റ് മേരീസ് പ്രസ്സിലെ ബഹുമാനപ്പെട്ട വൈദികരോടും, ജീവനക്കാരോടുമുള്ള ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

വായിക്കുന്നവരുടെ ആദ്ധ്യാത്മികമായ വളർച്ചയ്ക്ക് ഇത് കാരണമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

എന്ന്,

ഗ്രന്ഥകർത്താക്കൾ

www.malankaralibrary.com

# ഉള്ളടക്കം

അനുഗ്രഹാശംസ : **കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ**

മുഖമൊഴി

**ഭാഗം 1**
**നിഴലും യാഥാർത്ഥ്യവും**

1. വിശുദ്ധ കുർബാനയും പഴയനിയമ പ്രതീകങ്ങളും 11
2. വിശുദ്ധ കുർബാന : പുതിയ ഉടമ്പടി
(വി. മത്തായിയുടെയും വി. മർക്കോസിന്റെയും വീക്ഷണത്തിൽ) 21
3. സഭയുടെ ജീവനായ അപ്പം മുറിക്കൽ
(വി. ലൂക്കായുടെ പാരമ്പര്യത്തിൽ) 34
4. നിത്യജീവന്റെ അപ്പം
(വി. യോഹന്നാന്റെ പാരമ്പര്യത്തിൽ) 51
5. വിശുദ്ധ കുർബാന : ഓർമ്മയുടെ വിരുന്ന്
(വി. പൗലോസ് ശ്ലീഹായുടെ വീക്ഷണത്തിൽ) 63
6. വിശുദ്ധ കുർബാന : പാപപരിഹാരബലി
(വിശുദ്ധ കുർബാന ഹെബ്രായ ലേഖനത്തിൽ) 72
7. വിശുദ്ധ കുർബാന : കുഞ്ഞാടിന്റെ വിവാഹ വിരുന്ന്
(വിശുദ്ധ കുർബാന വെളിപാട് പുസ്തകത്തിൽ) 85

**ഭാഗം 2**
**ഓർമ്മയാചരണം (Anamnesis)**

1. വിശുദ്ധ കുർബാനയുടെ വിവിധ നാമങ്ങൾ 93
2. വിശുദ്ധ കുർബാന സഭാപിതാക്കന്മാരുടെ വീക്ഷണത്തിൽ 104

www.malankaralibrary.com


3. വിശുദ്ധ കുർബാന : ക്രിസ്തീയ ജീവിതത്തിന്റെ ഉറവിടവും ഉച്ചകോടിയും
(രണ്ടാം വത്തിക്കാൻ കൗൺസിൽ, കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം) 125

4. വിശുദ്ധ കുർബാന : മാർപാപ്പമാരുടെ പ്രബോധനങ്ങൾ 138
   4.1. സഭയും വിശുദ്ധ കുർബാനയും (Ecclesia de Eucharistia) 138
   4.2. നാഥാ ഞങ്ങളോടുകൂടെ വസിക്കണമേ (Mane Nobiscum Domine) 142
   4.3. രക്ഷയുടെ കൂദാശ (Redemptionis Sacramentum ) 145
   4.4. സ്നേഹത്തിന്റെ കൂദാശ (Sacramentum Caritatis) 149


## ഭാഗം 3
## വിസ്മയനീയ രഹസ്യം


1. വിശുദ്ധ കുർബാന : രക്ഷാകര രഹസ്യങ്ങളുടെ ആഘോഷം 155
2. മാർ യാക്കോബിന്റെ അന്നാഫുറ ഒരു പഠനം 185
3. വിശുദ്ധ കുർബാനയിലെ ഗീതങ്ങളുടെ അർത്ഥവും വ്യാഖ്യാനവും 189
4. വിശുദ്ധ സ്ഥലവും വിശുദ്ധ വസ്തുക്കളും 230
   4.1. ദൈവാലയ പ്രതീകങ്ങൾ 230
   4.2. ദൈവാലയ ഘടന 232
   4.3. വിശുദ്ധ വസ്തുക്കൾ 233
   4.4. അംശവസ്ത്രങ്ങൾ 240


## ഭാഗം 4
## ചില ചോദ്യങ്ങൾ


1. ദൈവശാസ്ത്ര ചോദ്യങ്ങൾ 247
2. പ്രായോഗിക ചോദ്യങ്ങൾ 258

www.malankaralibrary.com

# ഭാഗം 1
# നിഴലും യാഥാർത്ഥ്യവും

www.malankaralibrary.com

www.malankaralibrary.com

### അദ്ധ്യായം 1

# വിശുദ്ധ കുർബാനയും പഴയനിയമ പ്രതീകങ്ങളും

"ദൃശ്യലോകത്തിൽ സംസാരിക്കപ്പെടുന്ന അദൃശ്യമായ ഒന്നിന്റെ ഭാഷയാണ് പ്രതീകങ്ങൾ." (ജർത്രൂദ് ഫോൺ ലെ ഫോർട്ട്, യൂക്യാറ്റ്, 109). മലങ്കര ആരാധനാക്രമം അടയാളങ്ങളാലും പ്രതീകങ്ങളാലും സമ്പുഷ്ടമാണ്. അദൃശ്യയാഥാർത്ഥ്യത്തെ മനസിലാക്കുന്നതിന് ദൃശ്യമായ അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും അർത്ഥവും വ്യാപ്തിയും നാം മനസിലാക്കേണ്ടതുണ്ട്. അപ്പോഴാണ് ആരാധനക്രമം കൂടുതൽ അനുഭവവേദ്യമാകുന്നത്. വിശുദ്ധ കുർബാനയുടെ പഴയനിയമ പ്രതീകങ്ങളേയും നിഴലുകളേയും കൂടുതൽ അർത്ഥവത്തായ രീതിയിൽ മനസ്സിലാക്കാൻ ശ്രമിക്കുക എന്നതാണ് ഈ അദ്ധ്യായത്തിന്റെ ലക്ഷ്യം.

### 1. മൽക്കിസദേക്കിന്റെ കാഴ്ചയർപ്പണം (ഉത്പ. 14:18-20)

സോദോമിൽ പാർത്തിരുന്ന അബ്രാഹമിന്റെ സഹോദരപുത്രനായ ലോത്തിനെയും കുടുംബത്തെയും ശത്രുക്കൾ പിടിച്ചുകൊണ്ടുപോയി (ഉത്പ.14:12). ഈ വിവരം അറിഞ്ഞ അബ്രാഹം തന്റെ ആളുകളെക്കൂട്ടിച്ചെന്ന് അക്രമകാരികളെ തോല്പിച്ച് ലോത്തിനെയും കുടുംബത്തെയും മോചിപ്പിച്ചു. ശത്രുക്കളെ തോല്പിച്ച് മടങ്ങിവന്ന അബ്രാഹമിനെ സാലേമിലെ രാജാവും അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനുമായ മൽക്കിസദേക്ക് (ഉത്പ.14:18) അപ്പവും വീഞ്ഞും കൊണ്ടു

www.malankaralibrary.com

വന്നു കാഴ്ചവയ്ക്കുകയും അബ്രാഹാം തിരികെ എല്ലാറ്റിന്റെയും ദശാംശം മൽക്കിസദേക്കിന് നൽകുകയും ചെയ്തു (ഹെബ്രാ. 7:6). ഈ സംഭവത്തെ അനുസ്മരിച്ചുകൊണ്ടാണ് വി. കുർബാനയിലെ മൽക്കിസദേക്കിന്റെ ക്രമത്തിൽ അപ്പവും വീഞ്ഞും ത്രോണോസിന്മേൽ ഒരുക്കിവയ്ക്കുന്നത്. ആരംഭവും അവസാനവും ഇല്ലാത്ത ഒരുവന്റെ പ്രതീകമായ മൽക്കിസദേക്ക് അത്യുന്നതന്റെ പുത്രനും (ലൂക്കാ. 1:35), നിത്യപുരോഹിതനും (ഹെബ്രാ. 6:20), പ്രധാനാചാര്യനുമായ (എക്ബോ, മൽക്കിസദേക്കിന്റെ ക്രമം, വി. കുർബാന തക്സാ, പേജ്, 8) ഈശോ യുടെ പ്രതീകമായി കണക്കാക്കപ്പെടുന്നു. ബൈബിളിൽ ആദ്യം പ്രത്യ ക്ഷപ്പെടുന്ന പുരോഹിതൻ അത്യുന്നതനായ ദൈവത്തിന്റെ പുരോഹി തനായ മൽക്കിസദേക്കാണ്.

മൽക്കിസദേക്കിന്റെ ക്രമപ്രകാരം എന്നേക്കുമുള്ള പുരോഹിതൻ എന്ന് യേശുവിനെ ഹെബ്രായർക്കുള്ള ലേഖനം വിശേഷിപ്പിച്ചിരിക്കുന്നു. (ഹെബ്രാ. 7:16–17). സാലേമെന്നത് ജറുസലേമിന്റെ പഴയപേരാണ്. മൽക്കിസദേക്ക് എന്ന പേരിന് നീതിയുടെ രാജാവെന്നും സമാധാന ത്തിന്റെ രാജാവെന്നുമാണ് അർത്ഥം (ഹെബ്രാ. 7:2). യഹൂദമതത്തിൽ പൗരോഹിത്യം സ്ഥാപിക്കപ്പെടുന്നതിന് മുമ്പുതന്നെ പുറജാതികളുടെ എല്ലാം പ്രതിനിധിയായി ദൈവമുമ്പാകെ നിന്ന പുരോഹിതനാണ് മൽക്കിസദേക്ക്. മൽക്കിസദേക്കിന്റെ ക്രമപ്രകാരം നിത്യാചാര്യനായ ക്രിസ്തു സ്വജാതിക്കാരായ ഇസ്രായേലിന്റെ മാത്രമല്ല സകല ജനത കളുടെയും പുരോഹിതനാണ്. എല്ലാ പൗരോഹിത്യത്തിന്റെയും പൂർണത യേശുവിലാണ് എന്ന് മൽക്കിസദേക്കിന്റെ ക്രമം സൂചിപ്പിക്കുന്നു. പുണ്യ വാനായ മൽക്കിസദേക്കിന്റെ ദൃഷ്ടാന്തമായി അപ്പത്താലും വീഞ്ഞാലും ജീവന്റെ അപ്പം, സ്വർഗ്ഗത്തിൽ നിന്ന് കൂദാശവഴിയായി നമുക്ക് നൽക പ്പെട്ടു (സെദറാ, വ്യാഴം-സന്ധ്യ, ഹാശാ ആഴ്ചയിലെ പ്രുമിയോൻ, സെദറാ, പേജ്, 63). "കുറ്റമില്ലാത്ത അതിശ്രേഷ്ഠാചാര്യനായ മൽക്കി സദേക്ക് സമർപ്പിച്ച അപ്പവും വീഞ്ഞും ഏതിനെ മുൻകൂട്ടി സൂചിപ്പി ച്ചുവോ, ആ ദൈവികബലി ഇതാകുന്നു" (സെദറാ, പെസഹാ വ്യാഴം, വി.കുർബാന തക്സാ, 313). ആരാധനക്രമത്തിലെ ഈ പ്രാർത്ഥനക ളെല്ലാം പരാമർശിച്ചിട്ടുള്ള മൽക്കിസദേക്കിന്റെ കാഴ്ചയർപ്പണം യേശു വിന്റെ സമർപ്പണത്തിന്റെ ഓർമ്മയായ വി. കുർബാനയുമായി ബന്ധമുള്ള താണ്.

മൽക്കിസദേക്കിന്റെ കാഴ്ചയർപ്പണം ശത്രുക്കളുടെമേൽ വിജയം നേടിയതിന്റെ ആഹ്ലാദപ്രകടനവും നന്ദിയർപ്പിക്കലുമായിരുന്നു. മരണ ത്തെയും പാപത്തെയും തോൽപിച്ച യേശുവിന്റെ ഉത്ഥാനത്തിന്റെയും

www.malankaralibrary.com


കാൽവരിയിലെ ബലിയർപ്പണത്തിന്റെയും അനുസ്മരണമാണ് പുതിയ ഉടമ്പടിയിലെ ബലിയർപ്പണം. പുതിയ ഉടമ്പടിയിലെ ബലിയർപ്പണമായ വി. കുർബാനയുടെ സൂചനയായി മൽക്കിസദേക്ക് അർപ്പിച്ച അപ്പത്തെയും വീഞ്ഞിനെയും കണക്കാക്കാം.

**2. നീതിമാനായ ഹാബേലിന്റെ ബലി (ഉത്പ. 4:4)**

വി. ബൈബിളിൽ പ്രതിപാദിക്കുന്ന ആദ്യത്തെ ബലിയർപ്പണമാണ് ആദത്തിന്റെയും ഹവ്വായുടെയും മക്കളായിരുന്ന കായേനിന്റെയും ഹാബേലിന്റെയും കാഴ്ച സമർപ്പണം. ദൈവം നൽകിയ അനുഗ്രഹങ്ങളുടെ സമൃദ്ധിയിൽ നിന്ന് അതായത് ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂൽ കുഞ്ഞുങ്ങളെയെടുത്ത് അവയുടെ കൊഴുപ്പുള്ള ഭാഗങ്ങൾ ദൈവത്തിന് പ്രീതികരമായവിധം ഹാബേൽ സമർപ്പിച്ചു (ഉത്പ. 4:4). ദൈവത്തിന് പ്രീതികരമായ വഴിപാടനുഷ്ഠിച്ച നീതിമാനായ ഹാബേൽ, ദുരാഗ്രഹിയും കോപിഷ്ഠനുമായ സഹോദരൻ കായേനാൽ മരണം കൈവരിച്ചതുപോലെ ലോകത്തിന് നന്മമാത്രം പ്രദാനം ചെയ്ത യേശുക്രിസ്തു, അഹങ്കാരവും പാപവും നിറഞ്ഞ യഹൂദ നേതൃത്വത്താൽ കുരിശിൽ മരണം വരിച്ചു. രക്ഷാകര ചരിത്രത്തിന്റെ അന്ത്യത്തിൽ നടക്കുന്ന കുഞ്ഞാടിന്റെ ബലിയർപ്പണമാണ്; ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ യേശുവിന്റെ ബലിയർപ്പണം. ദൈവം സമ്പൂർണമായി സ്വീകരിച്ച ക്രിസ്തുവിന്റെ ബലിയർപ്പണത്തിന്റെ പ്രതീകമായി ഹാബേൽ അർപ്പിച്ച കുഞ്ഞാടിനെ കാണാവുന്നതാണ്. ഈ ഒരു യാഥാർത്ഥ്യത്തെ മുൻനിർത്തിയാണ് മലങ്കര വി. കുർബാനയിലെ പരസ്യശുശ്രൂഷയ്ക്ക് മുമ്പുള്ള ഗീതത്തിൽ ഹാബേലിന്റെ ബലിയെക്കുറിച്ച് ("ഹാബേലിൻ കുഞ്ഞാടും നോഹിനുടെ കാഴ്ചയതും...") പ്രതിപാദിക്കുന്നത്. പെസഹാദിനത്തിലെ വി. കുർബാനയുടെ സെദറാ പ്രാർത്ഥനയിലും നാം ഹാബേലിന്റെ ബലിയെ ദൈവിക ബലിയായി അനുസ്മരിക്കുന്നുണ്ട്: "ഹാബേൽ അവന്റെ അംഗീകൃത ബലിയാൽ ഏതൊരു നിഷ്കളങ്ക ബലിയെ സൂചിപ്പിച്ചുവോ, ആ ദൈവികബലി ഇതാകുന്നു."

**3. നോഹയുടെ ബലി (ഉത്പ. 8:20–22)**

മനുഷ്യന്റെ പാപം മൂലം ദൈവം ലോകത്തെയും അവയിലുള്ള സകലതിനെയും നശിപ്പിക്കുവാൻ തീരുമാനിച്ചപ്പോൾ നോഹയുടെ പെട്ടകം മുഖാന്തിരം ആ കുടുംബത്തിനും അതിലുണ്ടായിരുന്ന മറ്റ് ജീവജാലങ്ങൾക്കും നാശത്തിൽ നിന്ന് രക്ഷ നൽകി. ജലപ്രളയത്തിനുശേഷം പെട്ടകത്തിൽ നിന്ന് പുറത്തിറങ്ങിയ നോഹ, "ശുദ്ധിയുള്ള

www.malankaralibrary.com

എല്ലാ മൃഗങ്ങളിലും പക്ഷികളിലും നിന്ന് കർത്താവിന് ഒരു ദഹനബലിയർപ്പിച്ചു" (ഉത്പ. 8:20). ദൈവം നോഹയുടെ ബലിയർപ്പണത്തിൽ പ്രസാദിക്കുകയും ഇനിമേൽ മനുഷ്യൻ കാരണം ഭൂമിയെ ശപിക്കുകയില്ല എന്ന് അരുളിചെയ്യുകയും ചെയ്തു. നോഹയുടെ ബലിയർപ്പണം ഒരു പുതിയ ആരംഭമായിരുന്നു. അനീതി നിറഞ്ഞ മനുഷ്യവർഗ്ഗത്തെ ശിക്ഷിച്ച്, പുതിയ ഒരു കാലഘട്ടത്തിന് തുടക്കം കുറിക്കുകയാണ് ജലപ്രളയം വഴിയായി ദൈവം ചെയ്തത്. യേശുവിന്റെ ബലിയർപ്പണം ഒരു പുതിയ കാലഘട്ടത്തിന്റെ (മെസയാനിക യുഗം) ഉദയത്തെ സൂചിപ്പിക്കുന്നു. മനുഷ്യന്റെ പാപത്തിന് പരിഹാരമായി അവിടുന്ന് ചിന്തിയ രക്തത്താൽ അവൻ നമുക്ക് രക്ഷ പ്രദാനം ചെയ്തു. ഈ നിത്യരക്ഷയുടെ അച്ചാരമായി ഇന്നും വി. കുർബാന നിലകൊള്ളുന്നു. ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയാകുന്ന പെട്ടകത്തിൽ നിന്ന് അവന്റെ ശരീരം ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുമ്പോൾ അവൻ നമ്മിലും നാം അവനിലും വസിക്കുന്നു (യോഹ. 6:56). ഈ ഒരു അർത്ഥത്തിലാണ് വി. കുർബാനയുടെ പരസ്യശുശ്രൂഷയ്ക്കു മുമ്പുള്ള ഗീതത്തിൽ (ഹാബേലിൻ കുഞ്ഞാടും നോഹയുടെ കാഴ്ചയതും...) നോഹിനുടെ ബലിയെക്കുറിച്ച് പരാമർശിക്കുന്നത്.

### 4. അബ്രാഹമിന്റെ ബലി (ഉത്പ. 22:1–14)

വിശ്വാസികളുടെ പിതാവായ അബ്രാഹം ദൈവകല്പനയോടുള്ള ആത്മാർത്ഥതകൊണ്ടും വിശ്വാസം കൊണ്ടും തന്റെ ഏകജാതനെ മോറിയ മലയിൽ ബലി അർപ്പിക്കുവാൻ തയ്യാറാകുമ്പോൾ ദൈവം പ്രസാദിച്ച് ബലിക്കുള്ള കുഞ്ഞാടിനെ നൽകുന്നു. വിശ്വാസത്തിന്റെ തീക്ഷണതയാൽ അർപ്പിക്കപ്പെട്ട ഈ ബലി, വി. കുർബാനയുടെ മുന്നാസ്വാദനമാണ്. പുതിയ നിയമ ബലിയായ വി. കുർബാനയും വിശ്വാസനിറവിന്റെ സമർപ്പണമാകുന്നു. കുഞ്ഞാടിന്റെ ബലിയാൽ ഇസഹാക്ക് രക്ഷിതനായതുപോലെ യേശു തമ്പുരാന്റെ ബലിയാൽ മനുഷ്യവർഗ്ഗം മുഴുവൻ നിത്യമായ മരണത്തിൽ നിന്നും നാശത്തിൽ നിന്നും രക്ഷ പ്രാപിച്ചു. തന്റെ ഏകജാതനെ ബലി അർപ്പിക്കാൻ സന്നദ്ധനായ അബ്രാഹം, പിതാവായ ദൈവത്തെയും ബലിക്കുള്ള വിറക് ചുമന്നുകൊണ്ടുപോയ ഇസഹാക്ക്, കുരിശ്ശും ചുമന്നുകൊണ്ട് കാൽവരി മലയിലേക്ക് പോയ ക്രിസ്തുവിനെയും, 'ഇസഹാക്കിനെ മരണത്തിൽ നിന്നു രക്ഷിക്കുവാൻ ആട്ടിൻകുട്ടിയെ പ്രദാനംചെയ്ത വൃക്ഷം സർവ്വലോകത്തേയും രക്ഷിക്കുവാൻ അർപ്പിക്കപ്പെട്ട കുഞ്ഞാടിന്റെ സ്ലീബായേയും സൂചിപ്പിക്കുന്നു. (ദുഃഖ വെള്ളിയുടെ സ്ലീബാ ആഘോഷം, പെസ്ഗോമൊ, പെരുന്നാൾ ക്രമം, 204).

www.malankaralibrary.com


## 5. ആദ്യത്തെ പെസഹാ (പുറ. 12:21–28)

ഈജിപ്തിന്റെ അടിമത്തത്തിൽ നിന്ന് ഇസ്രായേല്യരെ വിമോചിപ്പിക്കുവാൻ നിയമിതനായ മോശ ഇസ്രായേൽ ശ്രേഷ്ഠന്മാരെ വിളിച്ചു പറഞ്ഞു. 'കുടുംബങ്ങളുടെ കണക്കനുസരിച്ച് നിങ്ങൾ പെസഹ ആട്ടിൻകുട്ടികളെ തിരഞ്ഞെടുത്തു കൊല്ലുവിൻ. ഇസ്രായേൽ ജനത്തിന്റെ ഭവനങ്ങളിലെ കട്ടിളക്കാലുകളിലും മേൽപ്പടിയിലും പെസഹാകുഞ്ഞാടിന്റെ രക്തം തളിക്കുക. ഈ രക്തം കാണുമ്പോൾ കർത്താവ് നിങ്ങളുടെ വാതിൽ പിന്നിട്ടു കടന്നുപോകും. സംഹാരദൂതൻ നിങ്ങളുടെ വീടുകളിൽ പ്രവേശിച്ച് നിങ്ങളെ വധിക്കാൻ അവിടുന്ന് അനുവദിക്കുകയില്ല'. പെസഹാ കുഞ്ഞാടിന്റെ രക്തം കടിഞ്ഞൂൽ സന്താനങ്ങൾക്ക് മരണത്തിൽ നിന്നുള്ള വിടുതലും ഇസ്രായേൽ ജനത്തിനു മുഴുവൻ അടിമത്തത്തിൽ നിന്നുള്ള മോചനവും നേടിക്കൊടുത്തതുപോലെ, യേശു കാൽവരിയിൽ ചിന്തിയ രക്തംമൂലം പുതിയ നിയമ ഇസ്രായേലിന് പാപവിമോചനവും നിത്യരക്ഷയും സംലഭ്യമായി. ഈ ലോകത്തിന്റെ എല്ലാത്തരം പാരതന്ത്ര്യങ്ങളിൽ നിന്നും മോചിതരായി ദൈവത്തിനു വേണ്ടി ജീവിക്കുന്ന ഒരു സമൂഹത്തിന്റെ ബലിയർപ്പണമാണ് വി. കുർബാന.

## 6. മന്നാ (പുറ. 16:4–31)

വി. കുർബാനയെക്കുറിച്ചുള്ള ഈശോയുടെ പ്രബോധനത്തിൽ അവിടുന്ന് പരാമർശിച്ച പഴയനിയമ പ്രതീകമാണ് മന്നാ (യോഹ. 6:31, 49, 58). വാഗ്ദാന നാട്ടിലേക്കുള്ള ഇസ്രായേൽ ജനതയുടെ യാത്രയിൽ ദൈവം അവർക്ക് മന്നായും കാടപക്ഷിയും ഭക്ഷണമായി നൽകി. ഇത് ദൈവം നൽകിയ അപ്പമാണെന്നും, മാലാഖമാരുടെ ഭക്ഷണമാണെന്നും (സങ്കീ. 78:23–25) അവർ വിശ്വസിച്ചിരുന്നു. സ്വർഗ്ഗരാജ്യത്തെ ലക്ഷ്യമാക്കി സഞ്ചരിക്കുന്ന പുതിയ ഇസ്രായേലിന് ജീവൻ നൽകുവാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ജീവന്റെ അപ്പമായ ഈശോയുടെ പ്രതീകമാണ് മന്നാ (യോഹ. 6:31–36). ദൈവത്തിന്റെ സ്നേഹത്തിന്റെയും പരിപാലനയുടെയും അടയാളമെന്നോണം ഇസ്രായേൽക്കാർ മന്നാ ആദരപൂർവ്വം വാഗ്ദാനപേടകത്തിൽ സൂക്ഷിച്ചിരുന്നു (പുറ.16:12–35). യഹോവയായ ദൈവം തന്റെ ജനത്തോട് കാണിച്ച സ്നേഹത്തിന്റെ പ്രതീകമായിരുന്നു മന്നാ എന്ന് ജ്ഞാനത്തിന്റെ പുസ്തകത്തിലും നാം കാണുന്നുണ്ട് (ജ്ഞാനം 16:20–26). തന്റെ ഏകജാതനെ നൽകി ലോകത്തെ സ്നേഹിച്ച ദൈവത്തിന്റെ (യോഹ. 3:16) കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും മഹത്തായ അടയാളമാണ്

www.malankaralibrary.com

വിശുദ്ധ കുർബാന ഇത് ഒരു ഓർമ്മപ്പെടുത്തലാണ്, ദൈവം മനുഷ്യ രാശിക്കു ചെയ്ത വലിയ നന്മയെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തൽ.

### 7. പാറയിൽ നിന്നൊഴുകിയ ജലം (പുറ. 17:1-6, 20:1-11)

വാഗ്ദാന നാട്ടിലേക്കുള്ള യാത്രയിൽ ഇസ്രായേൽ ജനതയ്ക്കു ദാഹിച്ചപ്പോൾ അവർക്കായി മോശ വഴി ദൈവം ഹോറെബിലെ പാറയിൽ നിന്നും കുടിക്കുവാൻ ജലം നൽകി. കുരിശിൽ ഉയർത്തപ്പെട്ട മിശിഹാ സഭയുടെ അടിസ്ഥാന ശിലയാണ് (റോമ 9:33, 1 പത്രോ. 2:8), "അവരെല്ലാവരും മേഘത്തിലും കടലിലും സ്നാനമേറ്റു മോശയോടു ചേർന്നു. എല്ലാവരും ഒരേ ആത്മീയ പാനീയം കുടിച്ചു. എല്ലാവരും ഒരേ ആത്മീയ ഭക്ഷണം കഴിച്ചു. തങ്ങളെ അനുഗമിച്ച ആത്മീയ ശിലയിൽ നിന്നാണ് അവർ പാനം ചെയ്തത്. ആ ശില മിശിഹായാണ്" (1 കോറി. 10:4). "ആർക്കെങ്കിലും ദാഹിക്കുന്നുവെങ്കിൽ അവൻ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ" (യോഹ. 7:37). മിശിഹായാകുന്ന ശില പിളർക്കപ്പെട്ട് അവിടെ നിന്ന് ഒഴുകുന്ന ആത്മീയ പാനീയമാണ് അൾത്താരയിൽ അർപ്പിക്കപ്പെടുന്ന വി. കുർബാനയിലൂടെ നമുക്ക് സംലഭ്യമാകുന്നത്.

### 8. സീനായ് ഉടമ്പടി (പുറ. 24:1-11)

ഈജിപ്തിന്റെ അടിമത്തത്തിൽനിന്ന് സ്വതന്ത്രരായ ഇസ്രായേൽ ജനതയുമായി ദൈവം സീനായ് മലയുടെ അടിവാരത്തിൽവച്ച് നടത്തിയ ഉടമ്പടിയുടെ പ്രധാനപ്പെട്ട ഒരു ഭാഗം, ബലി മൃഗത്തിന്റെ രക്തം ബലിപീഠത്തിൽ ഒഴിക്കുന്നതും ബാക്കിയുള്ളത് ജനത്തിന്റെമേൽ തളിക്കുന്നതുമായിരുന്നു. ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകമായി നിലനിൽക്കുന്ന ബലിപീഠവും ഇസ്രായേൽ ജനതയും ഒരേ രക്തം കൊണ്ടാണ് തളിക്കപ്പെടുന്നത്. ദൈവവും മനുഷ്യനും തമ്മിലുള്ള സജീവ ബന്ധമാണ് ഇത് സൂചിപ്പിക്കുന്നത്. ഈ ഉടമ്പടിയെ പഴയനിയമ ഉടമ്പടി എന്ന് വിശേഷിപ്പിക്കാറുണ്ട്. അതേസമയം, പ്രവാചകന്മാർ ഒരു പുതിയ ഉടമ്പടിയെപ്പറ്റി മുൻകൂട്ടി സൂചിപ്പിച്ചിട്ടുണ്ട്. (ജറെ. 31:31-34). ജറെമിയായുടെ പുതിയ ഉടമ്പടിയെക്കുറിച്ചുള്ള പ്രവചനം പരിശുദ്ധ കുർബാന സ്ഥാപനത്തോടുകൂടി പൂർത്തിയാകുകയാണ്: "ഈ പാനപാത്രം നിങ്ങൾക്കു വേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്" (ലൂക്കാ 22:20). 'കർത്താവിന്റെ ദാസൻ' സ്വന്തം ജീവൻ ജനത്തിനുവേണ്ടി ബലിയായി അർപ്പിക്കപ്പെടുമെന്ന സത്യം ഏശയ്യാ പ്രവാചകനും മുൻകൂട്ടി പ്രവചിച്ചിട്ടുണ്ട് (ഏശ. 52:13; 53:12; ഹെബ്രാ. 8). ഏശയ്യായുടെ ഈ പ്രവചനവും വി. കുർബാന

www.malankaralibrary.com


സ്ഥാപനത്തോടുകൂടി പൂർത്തിയാവുകയാണ്. യുഗങ്ങൾക്കുമുമ്പേ പ്രവചിക്കപ്പെട്ട പുതിയ ഉടമ്പടിയുടെ പൂർത്തീകരണം വി. കുർബാന സ്ഥാപനത്തോടുകൂടി നിറവേറി.

### 9. പാപപരിഹാരബലി (ലേവ്യ. 16:3–23)

ഇസ്രായേൽ ജനത്തെ സംബന്ധിച്ച് ഓരോ പുതുവത്സരത്തിലെയും ഏഴാം മാസം പത്താം ദിവസം പാപപരിഹാരദിനമാണ് (The Day of Atonement) (ലേവ്യ. 23:27, സംഖ്യ 29:7–11). ഈ ദിവസം പ്രധാനപുരോഹിതൻ അതിവിശുദ്ധ സ്ഥലത്ത് പ്രവേശിച്ച് ജനത്തിന്റെ പാപപരിഹാരത്തിനായി ബലി അർപ്പിക്കും. മനുഷ്യന്റെ പാപംമൂലം ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന് വിള്ളലേറ്റപ്പോൾ, മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കുവാൻ ദൈവം സ്വപുത്രനെ ലോകത്തിലേക്കയച്ചു. മനുഷ്യനായി ഭൂമിയിൽ അവതരിച്ച നിത്യപുരോഹിതനായ പുത്രൻ തമ്പുരാൻ തന്നെത്തന്നെ സ്വയം ബലിയായി പിതാവിന് സമർപ്പിച്ചുകൊണ്ട് മനുഷ്യന്റെ പാപത്തിന് പരിഹാരം ചെയ്ത്, അവനിൽ വിശ്വസിക്കുന്ന ജനം മുഴുവന്റെയും പാപം മായിച്ചുകളഞ്ഞു. ഇപ്രകാരം ദൈവ മനുഷ്യബന്ധം പുനഃസ്ഥാപിച്ചു (ഹെബ്രാ. 9:26).

### 10. ജഫ്തായുടെ ബലി (ന്യായാ. 11:29–40)

അമ്മോന്യരെ പരാജയപ്പെടുത്തിയ ശേഷം ജഫ്താ ജേതാവായി തന്റെ ഭവനത്തിലേക്കെത്തുമ്പോൾ തന്നെ എതിരേൽക്കാൻ പടിവാതിക്കലേക്ക് ആദ്യം വരുന്നത് ആരായിരുന്നാലും അവൻ കർത്താവിന്റേതായിരിക്കും; ഞാൻ അവനെ ദഹനബലിയായി അവിടുത്തേക്ക് അർപ്പിക്കും; ഇതായിരുന്നു ജഫ്തായുടെ നേർച്ച. ഭവന കവാടത്തിൽ അവന്റെ ഏക സന്താനമായ മകൾ തപ്പുകൊട്ടി നൃത്തം വച്ച് പിതാവായ ജഫ്തായെ എതിരേറ്റു. നേർച്ചയനുസരിച്ച് അവൻ അവളെ കർത്താവിന് ബലി അർപ്പിച്ചു. പിതാവായ ദൈവം ലോകത്തെ വീണ്ടെടുത്തത് തന്റെ ഏക പുത്രനെ ബലിയായി നൽകികൊണ്ടാണ്. "തന്റെ ഏകപുത്രൻ വഴി നാം ജീവിക്കേണ്ടതിനായി ദൈവം അവനെ ലോകത്തിലേക്കയച്ചു. അങ്ങനെ, ദൈവത്തിന്റെ സ്നേഹം നമ്മുടെയിടയിൽ വെളിപ്പെട്ടിരിക്കുന്നു. നാം ദൈവത്തെ സ്നേഹിച്ചു എന്നതിലല്ല, അവിടുന്ന് നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്കു പരിഹാരബലിയായി സ്വപുത്രനെ അയക്കുകയും ചെയ്തു എന്നതിലാണ് സ്നേഹം" (1 യോഹ. 4:9–10).

### 11. സാമുവേലിന്റെ ബലി (1 സാമു. 7:6–10)

ദൈവത്തിന്റെ സ്വന്തജനമായ ഇസ്രായേൽ സത്യദൈവത്തെ നിരസിച്ച് അന്യദൈവങ്ങളെ ആരാധിച്ചപ്പോൾ കർത്താവ് അവരെ ഫിലി

www.malankaralibrary.com

സ്ത്യരുടെ കൈകളിൽ ഏല്പിച്ചു. സാമുവൽ പ്രവാചകന്റെ നിർദ്ദേശാനുസരണം അവർ അനുതപിച്ച് തങ്ങളെത്തന്നെ ശുദ്ധീകരിച്ച് ഉപവാസം അനുഷ്ഠിച്ചു. എന്നാൽ ഫിലിസ്ത്യ പ്രഭുക്കന്മാർ ഇസ്രായേല്യരെ ആക്രമിക്കാൻ പുറപ്പെട്ടു. തദവസരത്തിൽ ദൈവകൃപയപേക്ഷിച്ചുകൊണ്ട് സാമുവൽ ഒരു ആട്ടിൻകുട്ടിയെ സമ്പൂർണ ദഹനബലിയായി കർത്താവിന് അർപ്പിച്ചു. ഈ ബലിയർപ്പണം സ്വീകരിച്ച ദൈവം ശത്രുക്കളെ പരാജിതരാക്കുകയും ഇസ്രായേലിനെ രക്ഷിക്കുകയും ചെയ്തു. പാപം മൂലം സാത്താന്റെ അടിമത്തത്തിലായിരുന്ന ദൈവജനത്തെ രക്ഷിക്കാൻ പാപപരിഹാരബലിയായി ക്രിസ്തു തന്നെത്തന്നെ പിതാവായ ദൈവത്തിന് സമർപ്പിച്ചു. 'കറയോ കളങ്കമോ ഇല്ലാത്ത കുഞ്ഞാടിന്റേതുപോലുള്ള ക്രിസ്തുവിന്റെ അമൂല്യരക്തം കൊണ്ടാണ് നാം വീണ്ടെടുക്കപ്പെട്ടത്' (1 പത്രോ. 18:18–19). അതിനാൽ ഈ ബലിയിലൂടെ ക്രിസ്തു സാത്താന്റെമേൽ വിജയം വരിക്കുകയും മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കുകയും ചെയ്തു. ഈ അർത്ഥത്തിൽ വി. കുർബാനയുടെ നിഴലായി സാമുവേലിന്റെ ബലിയെ കരുതുന്നു.

### 12. ഏലിയാ പ്രവാചകന് കിട്ടിയ ഭക്ഷണ പാനീയങ്ങൾ (1 രാജാ. 19:1–8)

ജസെബെൽ രാജ്ഞിയിൽ നിന്നും പ്രാണരക്ഷാർത്ഥം മരുഭൂമിയിലേക്ക് ഓടിയൊളിച്ച ഏലിയാ പ്രവാചകൻ ക്ഷീണിച്ചു തളർന്ന് നിരാശനായി ഒരു വാടാമുൾച്ചെടിയുടെ ചുവട്ടിൽ കിടന്നുറങ്ങുമ്പോൾ ചുടുകല്ലിൽ ചുട്ടെടുത്ത അപ്പവും ഒരു പാത്രം ജലവുമായി കർത്താവിന്റെ ദൂതൻ അദ്ദേഹത്തെ ശക്തിപ്പെടുത്തി. അതിന്റെ ശക്തികൊണ്ട് അദ്ദേഹം നാൽപ്പത് രാവും നാൽപ്പത് പകലും നടന്ന് കർത്താവിന്റെ മലയായ ഹോറെബിലെത്തി. അവിടെവച്ച് ഏലിയാ ദൈവത്തെപ്രതിയുള്ള തീക്ഷ്ണതയാൽ ജ്വലിച്ചു. ജീവിതത്തിന്റെ വേദനയുടെ, നിരാശയുടെ ഘട്ടത്തിൽ തളർന്നുപോയ പ്രവാചകന് ശക്തി നൽകിയ ഈ ഭക്ഷണം വി. കുർബാനയുടെ നിഴലായി കണക്കാക്കുന്നു. സ്വർഗ്ഗീയ ജറുസലേമിനെ ലക്ഷ്യം വച്ച് സഞ്ചരിക്കുന്ന പുതിയ ഇസ്രായേലായ സഭയ്ക്ക് ജീവിതയാത്രയിൽ ശക്തിയും പ്രചോദനവും നൽകുന്ന യാത്രാഭക്ഷണമാണ് വി. കുർബാന.

### 13. ഏശയ്യാ പ്രവാചകന്റെ ദർശനം (ഏശ. 6:1–9)

മഹത്വമുള്ളവനായ ഏശയ്യാ ദീർഘദർശിക്ക് ജറുസലേം ദൈവാലയത്തിൽ വച്ചുണ്ടായ ദർശനം മലങ്കര കുർബാനയുടെ ഉള്ളടക്കത്തെ

www.malankaralibrary.com


സാരമായി സ്വാധീനിച്ചിട്ടുണ്ട്. ലൗകികശ്രേഷ്ഠതയുടെ ഔന്നത്യമായി കരുതപ്പെടുന്ന രാജസ്ഥാനത്ത് ജീവിച്ച ഉസിയ രാജാവ് അതിന്റെ നശ്വരതയെ വെളിപ്പെടുത്തിക്കൊണ്ട് മരിച്ചവർഷം ഏശയ്യാ പ്രവാചകൻ കർത്താവിന്റെ ദർശനം കണ്ടു, "അവിടുത്തെ വസ്ത്രാഞ്ചലം ദൈവാലയം മുഴുവൻ നിറഞ്ഞുനിന്നു" (ഏശ. 6:11). ത്രോണോസിന്റെ മുമ്പാകെ സാഷ്ടാംഗ പ്രണാമം ചെയ്തു വണങ്ങുമ്പോൾ കാപ്പ നിവർത്തി ത്രോണോസിന്റെ താഴെയുള്ള സ്ഥലം മുഴുവൻ വിരിച്ച് പുരോഹിതൻ പ്രാർത്ഥിക്കുന്നുണ്ട്. 'ദൈവം ധരിച്ചിരുന്ന വസ്ത്രം അവിടുത്തെ തേജസ്സാണ്' (സങ്കീ.104:1–2). ആ തേജസ്സുകൊണ്ട് വിശുദ്ധസ്ഥലം നിറഞ്ഞിരിക്കുന്നതിനെ കാപ്പായുടെ വിടർന്ന സ്ഥിതി സൂചിപ്പിക്കുന്നു. ഒരുക്ക ശുശ്രൂഷയിലെ ധൂപാർപ്പണം ഏശയ്യായുടെ ദർശനത്തിലെ "ദൈവാലയം ധൂപപൂരിതമാവുകയും ചെയ്തു" (ഏശ. 6:4) എന്നതിനെ സദൃശീകരിക്കുന്നു. വി. കുർബാനയിൽ ഉപയോഗിക്കുന്ന ഗീതങ്ങളും മണിനാദങ്ങളും, മർബഹാസയും ഏശയ്യായുടെ ദർശനത്തിൽ കാണുന്ന "ശബ്ദഘോഷത്താൽ പൂമുഖത്തിന്റെ അടിസ്ഥാനങ്ങൾ ഇളകി" (ഏശ. 6:4) എന്നതിനെ സൂചിപ്പിക്കുന്നു. വി. കുർബാനയിലെ ത്രൈശുദ്ധകീർത്തനം  (ദൈവമേ നീ പരിശുദ്ധനാകുന്നു...) ഏശയ്യായുടെ ദർശനത്തിൽ സെറാഫുകൾ പരിശുദ്ധൻ (ഏശ. 6:3) എന്ന് പാടികൊണ്ടിരുന്നതിനെ അനുസ്മരിപ്പിക്കുന്നു. ഖണ്ഡന ശുശ്രൂഷയുടെ സമയത്ത് ആലപിക്കുന്ന 'സ്രാപ്പികളെ കണ്ടേശായാ...' എന്ന ഗീതം ഏശയ്യായുടെ ദർശനത്തെ അനുസ്മരിക്കുന്നു. വി. കുർബാന സ്വീകരണ സമയത്ത് പുരോഹിതൻ ഉച്ചരിക്കുന്ന 'നമ്മുടെ ദൈവമായ മിശിഹായുടെ ശരീരരക്തങ്ങളാകുന്ന തീക്കട്ട' എന്ന വചനം ഏശയ്യായുടെ ദർശനത്തിലെ "അപ്പോൾ സെറാഫുകളിലൊന്ന് ബലിപീഠത്തിൽ നിന്ന് കൊടിൽ കൊണ്ട് എടുത്ത ഒരു തീക്കനലുമായി പറന്നുവന്നു" (ഏശ. 6:6) എന്ന രംഗത്തെ സൂചിപ്പിക്കുന്നു. ഏശയ്യാ പ്രവാചകൻ യാഗപീഠത്തിലെ തീക്കനലാൽ വിശുദ്ധീകരിക്കപ്പെട്ടതുപോലെ ബലഹീനരും പാപികളുമായ മനുഷ്യർ വി. കുർബാനയാൽ വിശുദ്ധീകരിക്കപ്പെട്ട് നിത്യജീവന് അർഹരാകുന്നതിനാൽ വി. കുർബാനയെ തീക്കട്ടയോട് സദൃശീകരിച്ചിരിക്കുന്നു. പെസഹാ ദിവസം വി. കുർബാന കൊടുക്കുമ്പോൾ ആലപിക്കുന്ന 'രഹസ്യം രഹസ്യം ഉടയോനരുളി...' എന്ന ഗീതത്തിലെ 'ഏശയ്യാ നിബിക്ക് ദൂതൻ കൊടുത്ത, പാവനമാം തീക്കട്ടയുമിതുതാൻ...' എന്ന വരികളും വി. കുർബാനയെ തീക്കനലിനോട് ഉപമിച്ചിരിക്കുന്നു.

www.malankaralibrary.com

## 14. സൂര്യോദയം മുതൽ അസ്തമയം വരെ അർപ്പിക്കപ്പെടുന്ന ബലി (മലാ. 1:1–11)

മലാക്കി പ്രവചനമനുസരിച്ചുള്ള ബലി (മലാക്കി 1:10–11) മിശിഹാ യുഗത്തിൽ മാത്രം സംഭവിക്കുന്ന ഒരു യാഥാർത്ഥ്യമാണെന്ന് സാഹചര്യങ്ങൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. മലാക്കിയുടെ പ്രവചനമനുസരിച്ച് ബലി അർപ്പിക്കപ്പെടുന്ന സമയവും (സൂര്യോദയം മുതൽ അസ്തമയം വരെ), സ്ഥലവും (എല്ലായിടത്തും) പരിഗണിക്കുമ്പോൾ സാർവ്വത്രികമാണ് (മലാ. 1:11). യഹൂദന്മാരുടെ ബലി നിശ്ചിത സമയത്ത് ജറുസലേമിൽമാത്രം അർപ്പിക്കപ്പെട്ടിരുന്നു (നിയ. 12:1–16). എന്നാൽ വിജാതീയർക്ക് യഹൂദരുടെ ബലിയർപ്പണത്തിൽ പങ്കെടുക്കാൻ അനുവാദമുണ്ടായിരുന്നില്ല (ലേവ്യ. 20:24, നിയ. 7:5). അതേസമയം മിശിഹായുടെ കാലത്തുള്ള ബലി സാർവ്വത്രികമാനമുള്ളതായിരിക്കുമെന്ന് ഏശയ്യ (ഏശ. 2:2–5), മിക്കാ (മിക്കാ. 4:1–11) തുടങ്ങിയ പ്രവാചകന്മാർ മുൻകൂട്ടി പ്രവചിച്ചിട്ടുണ്ട്. മലാക്കി പ്രവചനമനുസരിച്ചുള്ള ഈ ബലി എല്ലാ അർത്ഥത്തിലും പൂർത്തിയാകുന്നത് പുതിയ നിയമത്തിലെ ബലിയായ വി. കുർബാനയിലാണ്. മലാക്കിയുടെ പ്രവചനപ്രകാരം ബലി എല്ലായിടത്തും എല്ലായ്പ്പോഴും ശുദ്ധവും നിർമ്മലവുമായി അർപ്പിക്കപ്പെടണം. ശുദ്ധവും നിർമ്മലവുമായ ബലി വി. കുർബാനയല്ലാതെ മറ്റൊന്നുമല്ല. പഴയനിയമ ബലിയുടെ അപാകതകൾ പരിഹരിച്ചുകൊണ്ട് യേശു കാൽവരിയിൽ അർപ്പിച്ച പരിപൂർണ്ണമായ ബലിയുടെ അനുസ്മരണമാണ് അൾത്താരയിൽ അർപ്പിക്കപ്പെടുന്ന വി. കുർബാന. അപ്പസ്തോലന്മാരുടെ പ്രബോധനമായ ഡിഡാക്കെയും, വി. ഇരണേവൂസ്, വി. ജസ്റ്റിൻ തുടങ്ങിയ സഭാപിതാക്കന്മാരും, തെന്ത്രോസ് സുന്നഹദോസും മലാക്കിയുടെ പ്രവചനത്തെ വി. കുർബാനയുമായി ബന്ധിപ്പിച്ചിരിക്കുന്നു.

### ഉപസംഹാരം

പഴയനിയമത്തിൽ നിഴലായി നിൽക്കുകയും പുതിയനിയമത്തിൽ പൊരുളായി വെളിപ്പെടുകയും ചെയ്ത വി. കുർബാന സ്വർഗ്ഗത്തെ ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന പുതിയ ഇസ്രായേലായ സഭയുടെ ശക്തികേന്ദ്രമാണ്. വി. കുർബാനയെ സംബന്ധിച്ചുള്ള ഈ പതിനാല് പഴയനിയമ പ്രതീകങ്ങളും വിശുദ്ധ കുർബാനയെന്ന മഹാരഹസ്യത്തിലേക്ക് വിരൽ ചൂണ്ടുന്നവയാണ്. പുതിയ നിയമം പഴയനിയമത്തിന്റെ പൂർത്തീകരണമാണ്. പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും കേന്ദ്രം ക്രിസ്തുവാണ്. പഴയനിയമബലികളും പ്രതീകങ്ങളും ക്രിസ്തുവിന്റെ ബലിയുടെ മുൻ രൂപങ്ങളാണ്.

❖

www.malankaralibrary.com

അദ്ധ്യായം 2

# വിശുദ്ധ കുർബാന : പുതിയ ഉടമ്പടി
## (വി. മത്തായിയുടെയും
## വി. മർക്കോസിന്റെയും വീക്ഷണത്തിൽ)

**ക്രി**സ്തീയ ജീവിതത്തിന്റെ കേന്ദ്രമാണ് വി. കുർബാന. സഭയുടെ എല്ലാ പഠനങ്ങളുടെയും അടിസ്ഥാനം വി. ബൈബിളും വി. പാരമ്പര്യങ്ങളുമാണ്. വി. കുർബാന സഭയിൽ ഭരമേൽപ്പിക്കപ്പെടുന്നതിനു മുൻപ് തന്നെ വിവിധങ്ങളായ പ്രതീകങ്ങളിലൂടെ വി. കുർബാനയെ വി. ബൈബിളിൽ വിവരിച്ചിട്ടുണ്ട്. യേശു ക്രിസ്തു തന്റെ ഇഹലോക ജീവിതത്തിന്റെ അവസാനത്തിൽ ശിഷ്യന്മാരുമൊത്ത് സെഹിയോൻ മാളികയിൽ വച്ച് വി. കുർബാന സ്ഥാപിച്ചു. ദൈവരാജ്യത്തിൽ വരാനിരിക്കുന്ന സ്വർഗ്ഗീയ വിരുന്നിന്റെ ഈ ജീവിതത്തിലെ ഒരു പ്രതീകമായി, പ്രതീക്ഷയായി വിശുദ്ധ കുർബാനയാകുന്ന ബലി തന്റെ രണ്ടാം വരവുവരെ തുടരാനായി ക്രിസ്തു ആവശ്യപ്പെടുന്നു.

ഏറ്റവും ഹ്രസ്വവും എന്നാൽ ഗഹനവുമായ ദൈവശാസ്ത്ര ചിന്തകൾ ഉൾക്കൊള്ളുന്ന സുവിശേഷമാണ് മർക്കോസിന്റെ സുവിശേഷം. ഏറ്റവും ആദ്യം എഴുതപ്പെട്ട സുവിശേഷമാണ് വി. മർക്കോസിന്റേത്. മറ്റു സുവിശേഷങ്ങളുടെ ആധാരവും കാലങ്ങളായുള്ള ദൈവശാസ്ത്ര, വേദശാസ്ത്ര പഠനങ്ങളുടെ അടിസ്ഥാനവും മർക്കോസിന്റെ സുവിശേഷമാണ്. വി. കുർബാന സ്ഥാപിച്ച സെഹിയോൻ മാളിക മർക്കോസിന്റെ ഭവനമായിരുന്നു എന്നു പറയുന്ന ഒരു പാരമ്പര്യമുണ്ട്. അങ്ങനെയെങ്കിൽ യേശുക്രിസ്തുവിന്റെ പെസഹാ ആചരണവും,

www.malankaralibrary.com

വിശുദ്ധ കുർബാന സ്ഥാപനവും ഒരു ദൃക്സാക്ഷിയുടെ വിവരണമായി മനസ്സിലാക്കാം.

വി. മത്തായി തന്റെ സുവിശേഷ രചനയിൽ മർക്കോസിന്റെ സുവിശേഷത്തെ വളരെയധികം ആശ്രയിച്ചിട്ടുണ്ട്. പ്രത്യേകിച്ച് വി. മർക്കോസിന്റെ സുവിശേഷത്തിൽ വി. കുർബാനയുടെ ദൈവശാസ്ത്രം വിവരിച്ച ഭാഗങ്ങളെല്ലാം മത്തായിയുടെ സുവിശേഷത്തിലും നമുക്ക് കാണാം. എന്നാൽ മത്തായിയുടെ സുവിശേഷത്തിന് തനതായ ഒരു ദൈവശാസ്ത്രമുണ്ട്. ഈ രണ്ട് സുവിശേഷങ്ങളിലെ വി. കുർബാനയുടെ ദൈവശാസ്ത്രം വ്യക്തമാക്കുകയെന്നതാണ് ഈ അദ്ധ്യായത്തിന്റെ ലക്ഷ്യം.

**വിവരണ പശ്ചാത്തലം**

**1)** വി. മർക്കോസിന്റെ സുവിശേഷത്തിൽ നാം കാണുന്നത് വി. കുർബാനയുടെ ഏറ്റവും പുരാതനമായ വിവരണമാണ്. വി. കുർബാനയെ അവതരിപ്പിക്കുമ്പോൾ മർക്കോസ് ചില സമകാലീനമായ വിഷയങ്ങളെയും വിശകലനം ചെയ്യുന്നു. യഹൂദരും വിജാതീയരും തമ്മിൽ വ്യത്യസ്തമായ രീതിയിൽ തർക്കങ്ങൾ നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ വിജാതീയർക്കുവേണ്ടിയാണ് മർക്കോസ് സുവിശേഷം രചിക്കുന്നത്. ഈ ഒരു പശ്ചാത്തലത്തിൽ വി. കുർബാനയുടെ അർത്ഥവും അന്ത്യത്താഴത്തിന്റെ അർത്ഥവും മനസ്സിലാക്കിത്തരാനാണ് സുവിശേഷകൻ ശ്രമിക്കുന്നത്.

**2)** വി. മത്തായി തന്റെ സുവിശേഷം രചിക്കുന്നത് ശക്തമായ യഹൂദ സ്വത്വമുള്ള ഒരു സഭയ്ക്ക് വേണ്ടിയാണ്. അനേകം വിജാതീയർ സഭയിലേക്ക് കടന്നു വരുന്ന കാലഘട്ടമായിരുന്നത്. യഹൂദ ക്രിസ്ത്യാനികൾക്ക് അവരുടെ അടിസ്ഥാനം നഷ്ടപ്പെടുന്നതായി അനുഭവപ്പെടുകയും, അവരായിരിക്കുന്ന പുതിയ സമൂഹത്തിൽ അവർക്കുള്ള ഭാവിയെക്കുറിച്ച് ഉത്കണ്ഠ തോന്നുകയും ചെയ്യുന്ന സമയമാണ്. ഇപ്രകാരമൊരു അനിശ്ചിതത്വത്തിന്റെയും ഒറ്റപ്പെടലിന്റെയും, നഷ്ടപ്പെടലുകളുടെയും പശ്ചാത്തലത്തിലാണ് മത്തായി തന്റെ സുവിശേഷം രചിച്ചിരിക്കുന്നത്. ഈ ഒരു പശ്ചാത്തലത്തിൽ വേണം മത്തായിയുടെ സുവിശേഷത്തിലെ വി. കുർബാനയുടെ ദൈവശാസ്ത്രം നാം മനസ്സിലാക്കാൻ.

**വിശുദ്ധ കുർബാനയുടെ പ്രതീകങ്ങൾ :**

1) അപ്പം വർദ്ധിപ്പിക്കുന്ന സംഭവം (മർക്കോ. 6:32-44, 8:1-10) (മത്താ. 14:13-21, 15:21-28)

www.malankaralibrary.com


2) പാനപാത്രത്തിന്റെ ദൈവശാസ്ത്രം (മർക്കോ. 10:35–45, 14:32–46) (മത്താ. 20:20–28, 26:36–46)

3) ശുശ്രൂഷകനായ ക്രിസ്തു (മർക്കോ. 10:35–45) (മത്താ. 20:20–28)

4) അന്ത്യത്താഴം (മർക്കോ 14:22–25) (മത്താ. 26:17–29)

**I) യേശു അപ്പം വർദ്ധിപ്പിക്കുന്നു (മർക്കോ 6:32–44, 8:1–10), ( മത്താ. 14:13–21, 15:32–39)**

അഞ്ചപ്പവും രണ്ടു മീനുംകൊണ്ട് അയ്യായിരം പേരെ തൃപ്തിപ്പെടുത്തുന്ന സംഭവം നാല് സുവിശേഷങ്ങളിലും വിവരിക്കുന്ന സംഭവമാണ് (മർക്കോ. 6:32–44, മത്താ.14:13–21, ലൂക്കാ. 9:10–17, യോഹ. 6:1–15). എന്നാൽ അതോടൊപ്പം തന്നെ മത്തായിയും മർക്കോസും രണ്ടാമതൊരു തവണകൂടി അപ്പം വർദ്ധിപ്പിക്കുന്ന ഭാഗം വിവരിക്കുന്നു; നാലായിരം പേരും ഏഴപ്പവും, കുറെ ചെറിയ മത്സ്യങ്ങളുമെന്നാണ് (മർക്കോ. 8:7) രണ്ടാമത്തെ വിവരണം. സമകാലീന വേദശാസ്ത്രത്തിന്റെ വീക്ഷണത്തിൽ രണ്ടാമത്തേത് മറ്റൊരു സംഭവം എന്നതിലുപരി ആദ്യത്തേതിന്റെ വ്യത്യസ്തമായ ഒരു വിവരണമായിട്ടാണ് കണക്കാക്കുക. മർക്കോസിന്റെ സുവിശേഷത്തിലെയും മത്തായിയുടെ സുവിശേഷത്തിലെയും വിവരണങ്ങൾ വളരെയേറെ സാമ്യമുള്ളവയാണ്. ആദിമ ക്രൈസ്തവ സമൂഹം ആദ്യകാലം മുതലേ ഈ വേദഭാഗങ്ങളെ വി. കുർബാനയുമായി ബന്ധപ്പെടുത്തിയാണ് മനസ്സിലാക്കിയത്.

**A. എടുത്ത്, വാഴ്ത്തി, മുറിച്ച്, കൊടുത്തു**

ക്രിസ്തു അന്ത്യത്താഴത്തിൽ ഉച്ചരിച്ച അതേ വാക്കുകൾ തന്നെ ഇവിടെയും രേഖപ്പെടുത്തിക്കൊണ്ട് സുവിശേഷകൻ കൂടുതൽ സൂചനകൾ നമുക്ക് നൽകുന്നു. രണ്ടു ഭാഗങ്ങളിലും ക്രിസ്തു ചെയ്യുന്നത് നാല് കാര്യങ്ങളാണ്.

a) എടുത്ത്

b) വാഴ്ത്തി

c) മുറിച്ച്

d) വിളമ്പാൻ ശിഷ്യന്മാരെ ഏൽപ്പിച്ചു.

രണ്ടു സുവിശേഷഭാഗങ്ങളിലും പ്രവർത്തികളുടെയും ക്രമങ്ങളുടെയും രീതി ഒന്നു തന്നെയാണ്. ഇതേ പ്രവർത്തികൾ ഇതേ ക്രമത്തിൽ തന്നെയാണ് അന്ത്യത്താഴത്തിലും നമുക്ക് കാണുവാൻ സാധിക്കുക.

www.malankaralibrary.com

**B. 'നേരം വൈകിയപ്പോൾ'**

രണ്ടു ഭാഗങ്ങളിലുമുള്ള 'നേരം വൈകിയപ്പോൾ' അഥവാ സായാഹനമായിരിക്കുന്നു തുടങ്ങിയ പ്രയോഗങ്ങൾ അന്ത്യത്താഴത്തിന്റെ സമയത്തെ സൂചിപ്പിക്കുവാനായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

**C. കൂട്ടം കൂടി ഇരിക്കാൻ**

രണ്ടു സുവിശേഷങ്ങളിലും ക്രിസ്തുവിന്റെ ആഹ്വാനപ്രകാരം ജനങ്ങൾ ഒരുമിച്ചിരിക്കുന്നു. ഇത് അന്ത്യത്താഴ സമയത്ത് ക്രിസ്തുവും ശിഷ്യന്മാരും സെഹിയോൻ മാളികയിൽ ഒരുമിച്ചിരുന്നതിന്റെ പ്രതീകമാണ്.

**D. ക്ലാസ്മാറ്റ (Klasmata)**

രണ്ടു സുവിശേഷങ്ങളിലും വാഴ്ത്തി വയ്ക്കുന്ന അപ്പവും മീനും *'ക്ലാസ്മാറ്റ'* എന്ന ഗ്രീക്ക് പദത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതേ വാക്കു തന്നെയാണ് ഡിഡാക്കെയിൽ (1:3-4) വി. കുർബാനയെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചിരിക്കുന്നത്. ഈ ഭാഗങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന *'വാഴ്ത്തി' (eulogesen) 'കൃതജ്ഞതാസ്തോത്രം' (eucharistesas)* എന്നുള്ള പദങ്ങളും ഈ സംഭവങ്ങൾക്ക് വി. കുർബാനയുമായി ബന്ധമുണ്ട് എന്നുള്ള വസ്തുത നമ്മെ ബോധ്യപ്പെടുത്തുന്നു.

**E. "നിങ്ങൾ തന്നെ അവർക്ക് ഭക്ഷിക്കാൻ കൊടുക്കുക" (മർക്കോ. 6: 36–37, മത്താ. 14:17)**

വിജനസ്ഥലത്ത് വിശന്നു വലയുന്ന ജനങ്ങളോടുള്ള ക്രിസ്തുവിന്റെ പ്രതികരണവും ശിഷ്യന്മാരുടെ പ്രതികരണവും വ്യത്യസ്തമാണ്. അവരെ തിരികെ അയയ്ക്കാൻ ശിഷ്യന്മാർ ശ്രമിക്കുമ്പോൾ അവർക്ക് ഭക്ഷണം നൽകാൻ ക്രിസ്തു ശിഷ്യന്മാരോട് കൽപ്പിക്കുന്നു. അങ്ങനെ അപ്പം നൽകാനുള്ള ഉത്തരവിലൂടെ ശിഷ്യന്മാർക്ക് പ്രത്യേകമായ ഉത്തരവാദിത്വം ക്രിസ്തു നൽകുന്നു. അപ്പം വിതരണം ചെയ്യാൻ കൽപ്പിക്കുന്നതിലൂടെ ശിഷ്യന്മാർക്ക് സഭയിലുള്ള പ്രധാനമായ ഒരുഉത്തരവാദിത്വമാണ് ക്രിസ്തു വെളിപ്പെടുത്തുന്നത്. ക്രിസ്തുവിന് അനുകമ്പ തോന്നിയ ജനങ്ങളുടെ വിശപ്പകറ്റാനുള്ള ഉത്തരവാദിത്വം ലഭിക്കുന്നതിലൂടെ വരാനിരിക്കുന്ന കാലഘട്ടത്തിലെ ക്രിസ്തുവിന്റെ സഭയുടെ നേതാക്കന്മാർക്ക് ജനങ്ങളുടെ ആത്മീകവും ഭൗതീകവുമായ വിശപ്പ് ശമിപ്പിക്കാനുള്ള ഉത്തരവാദിത്വം ഉണ്ട് എന്നു ക്രിസ്തു പറഞ്ഞു

www.malankaralibrary.com


വയ്ക്കുന്നു. സഭയുടെ ഉത്തരവാദിത്വം ശിഷ്യർക്കുണ്ട്. അവർ അപ്പമാകുന്ന വി. കുർബാന നൽകി ജനങ്ങളെ തൃപ്തിപ്പെടുത്തണം.

**F. "അവരോട് അവന് അനുകമ്പ തോന്നി" (മർക്കോ. 6:34; മത്താ.14:14)**

● മർക്കോസിന്റെ സുവിശേഷത്തിൽ "അവർ ഇടയനില്ലാത്ത ആടുകളെപോലെയായിരുന്നു" എന്നുകൂടെ സുവിശേഷകൻ വിവരിച്ചിരിക്കുന്നു. പ്രസ്തുത വിവരണം സംഖ്യ 27: 17-ൽ മോശ ഇസ്രായേൽ ജനത്തിനായി ദൈവത്തോട് ഇടയനുവേണ്ടി യാചിക്കുന്ന വേദഭാഗത്തെ സൂചിപ്പിക്കുന്നു. ഇടയനില്ലാത്ത ആടുകളുടെ പുതിയ ഇടയനായി ക്രിസ്തുവിനെ അവതരിപ്പിക്കുന്നു. ക്രിസ്തു അപ്പവും മീനും എന്നുള്ള പ്രതീകാത്മകമായ ഭക്ഷണത്തിലൂടെ അനശ്വരമായ വി. കുർബാന നൽകി ജനങ്ങളെ തൃപ്തിപ്പെടുത്തുന്നു എന്നുള്ളതാണ് സംഭവത്തിന്റെ സാരാംശം.

● മത്തായിയുടെ സുവിശേഷത്തിൽ നേരിയ വ്യത്യാസത്തോടെയാണ് ഈ ഭാഗം അവതരിപ്പിക്കുന്നത്. മർക്കോസിന്റെ സുവിശേഷത്തിൽ നിന്ന് വ്യത്യസ്തമായി ഈശോയ്ക്ക് ജനങ്ങളോട് അനുകമ്പ തോന്നി എന്ന് മത്തായി വിവരിക്കുന്നതിനോട് ചേർത്ത് 'അവൻ രോഗികളെ സുഖപ്പെടുത്തി' എന്നുകൂടി സുവിശേഷകൻ എഴുതിചേർത്തിരിക്കുന്നു. തന്റെ മുന്നിലുള്ള ജനങ്ങളോട് അനുകമ്പതോന്നി എന്നുള്ളതിന് മർക്കോസ് സുവിശേഷത്തിൽ ഉപയോഗിച്ചിരിക്കുന്ന അതേ പദം തന്നെയാണ് മത്തായിയുടെ സുവിശേഷത്തിലും ഉപയോഗിച്ചിരിക്കുന്നത് (അനുകമ്പ/splangchnizomai). വി. മത്തായി അപ്പം വർദ്ധിപ്പിക്കുന്ന സംഭവം രോഗശാന്തിയുടെ പശ്ചാത്തലത്തിലാണ് വിവരിച്ചിരിക്കുന്നത്. അതായത് കരുണയുമായി ബന്ധപ്പെടുത്തിയാണ് സുവിശേഷകൻ വി. കുർബാനയെ അവതരിപ്പിക്കുന്നത്. സുവിശേഷത്തിൽ ഉടനീളം കരുണയിലൂടെയും, ക്ഷമിക്കുന്നതിലൂടെയും, സുഖപ്പെടുത്തുന്നതിലൂടെയും ക്രിസ്തുവിന്റെ അനുകമ്പ വളരെ വ്യക്തമാണ്. വി. മത്തായിയുടെ സുവിശേഷത്തിലെ വി. കുർബാനയുടെ ദൈവശാസ്ത്രം മനസ്സിലാക്കുമ്പോൾ സുവിശേഷത്തിൽ ഉടനീളം വിവരിച്ചിരിക്കുന്ന കരുണ എന്ന ആശയത്തെ തള്ളിക്കളയാൻ ഒരിക്കലും സാധിക്കില്ല. വി. മത്തായിയുടെ സുവിശേഷത്തിലെ രണ്ടാമതും അപ്പം വർദ്ധിപ്പിക്കുന്ന അത്ഭുതത്തിലേക്ക് മറ്റ് രണ്ടു സംഭവങ്ങൾ വിവരിച്ചുകൊണ്ടാണ് സുവിശേഷകൻ കടന്നു ചെല്ലുക.

www.malankaralibrary.com

**1. കാനാൻകാരിയുടെ വിശ്വാസം (15:21-28)**

കാനാൻകാരിയുടെ വിശ്വാസം വിവരിക്കുന്ന ഭാഗത്ത് തന്റെ മകൾക്ക് വേണ്ടി യാചിക്കുന്ന കാനാൻകാരി പറയുന്നത് "ദാവീദിന്റെ പുത്രാ എന്നിൽ കനിയണമെ" (*Eleieson*) (15:22) എന്നുള്ളതാണ്. സുവിശേഷ ഭാഗത്തിന്റെ ഏറ്റവും ഒടുവിൽ പറയുക "ആ സമയം മുതൽ അവളുടെ പുത്രി സൗഖ്യമുള്ളവളായി" (15:28) എന്നാണ്.

**2. അനേകർക്ക് രോഗശാന്തി (15:29-31)**

മർക്കോസിന്റെ സുവിശേഷത്തിൽ ബധിരനെ സുഖപ്പെടുത്തുന്ന (മർക്കോ. 7:31-37) സംഭവം വിവരിക്കുമ്പോൾ മത്തായിയുടെ സുവിശേഷത്തിൽ (15:29-31) യേശു മുടന്തരെയും, വികലാംഗരെയും, അന്ധരെയും, സംസാരശേഷി ഇല്ലാത്തവരെയും സുഖപ്പെടുത്തി എന്നാണ്.

യേശുവിന്റെ കരുണയെയാണ് വി. കുർബാനയുടെ പ്രതീകമായ അപ്പം വർദ്ധിപ്പിക്കുന്ന സംഭവത്തിനു മുൻപ് സുവിശേഷകൻ വിവരിക്കുക. മരുഭൂമിയിൽ അപ്പം വർദ്ധിപ്പിച്ച് നൽകുന്നത് ഈശോയുടെ കരുണയുടെ സുഖപ്പെടുത്തുന്ന ശുശ്രൂഷയെയാണ് വിവരിക്കുന്നത്. മത്തായിയുടെ ദൈവശാസ്ത്രത്തിൽ വി. കുർബാന എന്നുള്ളത് പരിപോഷണം എന്നതോടൊപ്പം സുഖപ്പെടുത്തുന്ന അനുഭവം കൂടെയാണ്. അവസാനത്തെ അത്താഴത്തിൽ ഇത് ക്ഷമയുടെ ആന്തരിക സൗഖ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു.

**G. ദെക്കാപോളീസ്, ഗലീലി**

ആദ്യത്തെ അത്ഭുതം ദെക്കാപോളിസിലും രണ്ടാമത്തെ അത്ഭുതം വിജാതീയരുടെ പട്ടണമായ ഗലീലിയയിലുമാണ് സുവിശേഷകൻ വിവരിക്കുന്നത്. യേശുക്രിസ്തുവിന്റെ സാർവ്വത്രിക ദൗത്യത്തിന്റെ പ്രകടനമായാണ് മർക്കോസ് സുവിശേഷകൻ യേശു അപ്പം വർദ്ധിപ്പിക്കുന്ന സംഭവം രണ്ട് സ്ഥലങ്ങളിലായി അവതരിപ്പിക്കുന്നത്. മത്തായിയുടെ സുവിശേഷം മർക്കോസിന്റെ സുവിശേഷത്തെ ഏറെ ആശ്രയിച്ചിരിക്കുന്നു. എങ്കിൽപോലും മിശിഹായുടെ സാർവ്വത്രിക ദൗത്യത്തെ സൂചിപ്പിക്കുന്ന സൂചനകൾ വളരെ പരിമിതമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തു മിശിഹായാണ് എന്നുള്ളതാണ് മത്തായിയുടെ സുവിശേഷത്തിന്റെ പ്രധാന പ്രമേയം. രണ്ടാമത്തെ അത്ഭുതത്തിൽ ഏഴ് അപ്പം കൊണ്ട് നാലായിരം പേരുടെ വിശപ്പകറ്റുന്നതും ഏഴു കുട്ട നിറയെ ബാക്കി ശേഖരിക്കുന്നതും പ്രതീകാത്മകമായിട്ടാണ്.

www.malankaralibrary.com


1) **നാല് :** വെളിപാട് പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ഭൂമിയുടെ നാല് കോണുകളെ സൂചിപ്പിക്കുന്നു.

2) **ഏഴ് :** ആദ്യത്തെ അത്ഭുതത്തിലെ പന്ത്രണ്ടു കുട്ടകൾ പന്ത്രണ്ടു ഗോത്രത്തെ സൂചിപ്പിക്കുമ്പോൾ രണ്ടാമത്തെ അത്ഭുതത്തിലെ ഏഴ് എന്ന സംഖ്യ സാർവ്വത്രികതയെ പ്രതിനിധാനം ചെയ്യുന്നു.

3) **5000, 4000 :** തൃപ്തരായവരുടെ എണ്ണത്തിൽ രണ്ടു സുവിശേഷകരും നേരിയ വ്യത്യാസം വരുത്തുന്നുണ്ട്. ഭക്ഷിച്ചവർ യഥാക്രമം അയ്യായിരം, നാലായിരം പേരുണ്ടായിരുന്നു എന്നു മർക്കോസിന്റെ സുവിശേഷം പറയുമ്പോൾ മത്തായിയുടെ സുവിശേഷത്തിൽ രണ്ടു സ്ഥലങ്ങളിലും സ്ത്രീകളും കുട്ടികളുമൊഴികെ അയ്യായിരം, നാലായിരം പുരുഷന്മാർ ഉണ്ടായിരുന്നു എന്നാണ് വിവരിച്ചിരിക്കുന്നത് (14:21; 15:38). മത്തായി നൽകുന്ന ഈ അധിക അലങ്കാരം മർക്കോസ് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്ന ക്രിസ്തുവിന്റെ സാർവ്വത്രികതയെ കൂടുതൽ അടിവരയിടുന്നു.

4) **എല്ലാവരും ഭക്ഷിച്ചു തൃപ്തരായി :** രണ്ടു സുവിശേഷത്തിലുമുള്ള 'എല്ലാവരും ഭക്ഷിച്ചു തൃപ്തരായി' എന്ന പ്രയോഗം പഴയനിയമത്തിലെ മിശിഹായിലൂടെ സംഭവിക്കുന്ന വാഗ്ദാനത്തിന്റെ പൂർത്തീകരണത്തെ വാഗ്ദാനത്തെയാണ് സൂചിപ്പിക്കുന്നു (സങ്കീ. 132:15; ഏശ. 49:10).

5) **കോഫിനോസ് – സൈപ്രിസ് (Kophinos /Sypris):** രണ്ട് അത്ഭുതങ്ങളിലും 'കുട്ട' എന്നുള്ള വാക്കിന് ഉപയോഗിക്കുന്ന ഗ്രീക്ക് പദത്തിനും വ്യത്യാസമുണ്ട്. ആദ്യത്തെ അത്ഭുതത്തിൽ കുട്ടയ്ക്ക് കോഫിനോസ് (Kophinos) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. യഹൂദർ ഭക്ഷണം വച്ചിരുന്ന കുട്ടയുടെ പേരാണ് കോഫിനോസ്. എന്നാൽ രണ്ടാമത്തെ അത്ഭുതത്തിൽ കുട്ടയ്ക്ക് ഉപയോഗിച്ചിരിക്കുന്ന പദം സൈപ്രിസ് (Sypris) എന്നുള്ളതാണ്. ഇത് കോഫിനോസിനോട് താരതമ്യം ചെയ്യുമ്പോൾ ഒരു മനുഷ്യനെ ഉൾക്കൊള്ളാൻ തക്ക വലുപ്പം കൂടുതലുള്ളതാണ്. അതായത് സകല മനുഷ്യരേയും ഉൾക്കൊള്ളാൻ കഴിയുന്ന ഇത് സാർവ്വത്രികതയെ സൂചിപ്പിക്കുന്നു.

ഇപ്രകാരമുള്ള പ്രതീകാത്മകമായ വാക്കുകളുടെ ഉപയോഗത്തിലൂടെ എല്ലാവരേയും ഉൾക്കൊള്ളുന്ന ശുശ്രൂഷയാണ് ക്രിസ്തുവിന്റേത്

www.malankaralibrary.com

എന്നാണ് സുവിശേഷകർ വിവരിക്കുന്നത്. വി. കുർബാന എന്നുള്ളത് കേവലം ഒരു പ്രത്യേക സംഘം വ്യക്തികൾക്കുവേണ്ടി മാത്രമുള്ള തല്ല മറിച്ച് എല്ലാവർക്കും വേണ്ടിയുള്ളതാണ്. അതുകൊണ്ടാണ് 8:3 ൽ ദൂരെ നിന്നുവന്നവർ ഈ അപ്പം സ്വീകരിക്കാതെ പോയാൽ ഒരുപക്ഷെ അവർ തളർന്നു വീണേക്കാം എന്നു സുവിശേഷകൻ പറയുന്നത്.

### H. പാഥേയം

തുടർന്നു വരുന്ന വേദഭാഗത്ത് ശിഷ്യന്മാർ വഞ്ചിയിൽ കയറി മറുകരയ്ക്ക് പോയപ്പോൾ അവർ അപ്പമെടുക്കാൻ മറന്നുപോയി എന്നും അവരുടെ പക്കൽ ഒരപ്പം മാത്രമേ ഉണ്ടായിരുന്നുള്ളു എന്നും സുവിശേഷകൻ വിവരിക്കുന്നു (8:14). ഇവിടെ വഞ്ചിയെ സഭയായും സഭയിലുള്ള അപ്പത്തെ ക്രിസ്തുവുമായാണ് സുവിശേഷകൻ അവതരിപ്പിക്കുക. മറുകര സ്വർഗ്ഗത്തെ പ്രതിനിധാനം ചെയ്യുന്നു. നിത്യജീവന്റെ അപ്പമാകുന്ന ക്രിസ്തുവുമായി മറുകരയായ സ്വർഗ്ഗത്തിലേക്ക് യാത്ര ചെയ്യുന്ന ക്രിസ്തുശിഷ്യരുടെ യാത്രാഭക്ഷണം അഥവാ പാഥേയമാണ് വി. കുർബാനയാകുന്ന ക്രിസ്തു. വി. കുർബാന വർഗ്ഗവർണ്ണ ഭേദമെന്യേ എല്ലാവരേയും ബലിപീഠത്തിനുചുറ്റും ഒരുമിച്ചു കൂട്ടുന്നു. അതിനാൽതന്നെ ഈ രണ്ടു സുവിശേഷങ്ങളിലേയും അപ്പം വർദ്ധിപ്പിക്കുന്ന സംഭവം, അത്ഭുതങ്ങൾ എന്നതിനേക്കാളുപരി നിത്യജീവന്റെ അപ്പമായ വി. കുർബാനയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

## II പാനപാത്രത്തിന്റെ ദൈവശാസ്ത്രം (മർക്കോ. 10:35–45; 14:32–42; മത്താ. 20:20–28, 26:36–46)

പാനപാത്രത്തെക്കുറിച്ച് രണ്ടു തവണയാണ് ക്രിസ്തു വിവരിക്കുന്നത്. ആദ്യമായി സെബദിപുത്രന്മാരുടെ അഭ്യർത്ഥനയോട് ചേർന്നും (10:35–45) രണ്ടാമതായി ഗത്സെമൻ തോട്ടത്തിൽ വച്ചും (14:32–42) അപ്പം വർദ്ധിപ്പിക്കുന്ന അത്ഭുതത്തിൽ അപ്പം വി. കുർബാനയെ സൂചിപ്പിക്കുന്നതുപോലെ തന്നെ അന്ത്യത്താഴത്തിന്റെ പുറത്തുള്ള ഈ പാനപാത്രവിവരണങ്ങൾ വി. കുർബാനയെതന്നെയാണ് പ്രതിനിധാനം ചെയ്യുന്നത്. ക്രിസ്തു സൂചിപ്പിക്കുന്നതുപോലെ, അവൻ നൽകുന്ന പാനപാത്രം കുടിക്കുകയും, ക്രിസ്തു സ്വീകരിക്കുന്ന മാമോദീസാ സ്വീകരിക്കുകയും ചെയ്യുന്നവർ അവന്റെ സഹനത്തിലും, മരണത്തിലുമാണ് പങ്കുചേരുന്നത്. അതിനാൽ തന്നെ ഇതിന് വി. കുർബാനയുമായി അഭേദ്യമായ ബന്ധമുണ്ട്. ക്രിസ്തുവിന്റെ വാക്കുകളുടെ യഥാർത്ഥ അർത്ഥം ശിഷ്യന്മാർ മനസ്സിലാക്കുന്നത് പിറ്റേന്ന് ഒരു മേശയ്ക്ക് ചുറ്റു

www.malankaralibrary.com


മിരിക്കുമ്പോൾ അവൻ പാനപാത്രമെടുത്ത് വാഴ്ത്തി അവന്റെ തിരുരക്ത മാക്കി അവർക്ക് നൽകുമ്പോഴാണ്. അപ്പോഴാണ് ക്രിസ്തു നൽകുന്ന വി. കുർബാനയാകുന്ന പാനപാത്രം അവന്റെ സഹനത്തിലും, മരണത്തിലുമുള്ള തങ്ങളുടെ പങ്കുചേരലാണ് എന്ന് അവർ മനസ്സിലാ ക്കുന്നത്.

## III ശുശ്രൂഷകനായ ക്രിസ്തു (മർക്കോ. 10:35-45; മത്താ. 20:20-28)

തന്റെ മക്കളെ യേശുവിന്റെ വലത്തുവശത്തും ഇടത്തുവശത്തും ഇരുത്തണമെന്നുള്ള സെബദിപുത്രന്മാരുടെ അമ്മയുടെ യാചനയുടെ പശ്ചാത്തലത്തിലാണ് ക്രിസ്തു പറയുന്നത് : "ശുശ്രൂഷിക്കപ്പെടാനല്ല ശുശ്രൂഷിക്കുവാനും അനേകർക്ക് മോചനദ്രവ്യമായി സ്വജീവൻ കൊടു ക്കാനും മനുഷ്യപുത്രൻ വന്നിരിക്കുന്നതുപോലെ തന്നെ" (മർക്കോ. 10:45; മത്താ. 20:28) ക്രിസ്തുവിന്റെ ഈ വാക്കുകളിലും വി. കുർബാന യുടെ ആന്തരികമായ ഒരർത്ഥം നമുക്ക് കാണാം. വി. കുർബാന ഒരു ബലിയർപ്പണമാണ്. സ്വയം ബലി നല്കുന്ന ക്രിസ്തുവാണ് വി. കുർബാ നയായി നമ്മുടെ ഉള്ളിലേക്ക് വരുന്നത്. ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂ ഷിക്കുവാനാണ് താൻ വന്നിരിക്കുന്നത് എന്നു ക്രിസ്തു പറയുന്നതിനും ഇതേ മാനമാണുള്ളത്. മറ്റുള്ളവർക്കുവേണ്ടി അലിഞ്ഞില്ലാതാകുന്ന താണ് ക്രിസ്തുവിന്റെ ജീവിതം. സഹനമാണ് മഹത്ത്വപ്പെടാനുള്ള വഴി. ഇപ്രകാരമുള്ള സഹനത്തിന്റേയും, ശുശ്രൂഷയുടേയും സ്വയം ഇല്ലാ താകുന്നതിന്റെയുമൊക്കെ പരമമായ ഉദാഹരണമാണ് വി.കുർബാന.

## IV അന്ത്യത്താഴം (മർക്കോ. 14:22-25; മത്താ. 26:17-29)

വി. കുർബാനയുടെ ആദ്ധ്യാത്മീകമായ അടിസ്ഥാനം അന്ത്യത്താ ഴമാണ്. അന്ത്യത്താഴത്തിലാണ് ക്രിസ്തു വി. കുർബാന സ്ഥാപിക്കു ന്നതും, വി. കുർബാനയിൽ യഥാർത്ഥ സാന്നിദ്ധ്യമായി നമ്മോടൊപ്പ മുണ്ടാകും എന്ന വാഗ്ദാനം നൽകുന്നതും. നാലു സുവിശേഷകരും ഒരുപോലെ വിവരിക്കുന്ന സംഭവമാണ് ക്രിസ്തുവിന്റെ പെസഹാ. ഈ വിവരണത്തിൽ മർക്കോസിന്റെ സുവിശേഷവും മത്തായിയുടെ സുവി ശേഷവും ഏറെ സമാനത പുലർത്തുന്നുണ്ട്. അതോടൊപ്പം തന്നെ മത്തായിയുടെ വിവരണത്തിൽ ചെറിയ വ്യത്യാസങ്ങളും നമുക്ക് കാണാം.

### A) സ്ഥാപന വചനങ്ങൾ

അന്ത്യത്താഴത്തിൽ ക്രിസ്തുവിന്റെ വാക്കുകൾക്കും പ്രവർത്തി കൾക്കുമാണ് ഇവിടെ കൂടുതൽ പ്രാധാന്യം. "അവൻ അപ്പം എടുത്ത്, വാഴ്ത്തി മുറിച്ച് നൽകി" എന്നുള്ള വാക്കുകളാണ് വി. കുർബാനയുടെ

www.malankaralibrary.com

ആധാരം. സ്ഥാപന വചനങ്ങൾ വളരെ ലളിതമായി നല്കപ്പെട്ടിരിക്കുന്നു എങ്കിലും അവയുടെ ലാളിത്യത്തിൽ തന്നെ അത് സമ്പന്നമാണ്. അപ്പം എടുത്ത് വാഴ്ത്തുന്നത് യഹൂദരുടെ പെസഹാ ആചരണത്തിൽ ദൈവത്തിന് നന്ദി പറയുന്ന അതേ ക്രമത്തിൽ തന്നെയാണ്. ഇപ്രകാരമുള്ള ഒരു ആചാരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം അതിൽ പങ്കുചേരുന്നവരെ ദൈവത്തോട് കൂടുതൽ അടുത്ത് നിർത്തുക എന്നുള്ളതാണ്. പഴയനിയമത്തിലുള്ള എല്ലാ വിരുന്നുകളുടെയും പ്രധാന ഉദ്ദേശം ഇതായിരുന്നു. അതേ രീതിയിൽ പുതിയ നിയമത്തിൽ ക്രിസ്തുവിന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നത് ക്രിസ്തുവിലൂടെ ദൈവത്തോട് കൂടുതൽ ചേർന്ന് ജീവിക്കാനാണ്. പഴയ നിയമത്തിൽ പല അവസരങ്ങളിലും ദൈവം ഇസ്രായേൽ ജനങ്ങളോട് രക്തം ഭക്ഷിക്കരുത്, അത് ജീവനാണ് എന്ന് കല്പിക്കുന്നുണ്ട് (ലേവ്യ. 17:14). എന്നാൽ പുതിയ നിയമത്തിൽ ക്രിസ്തു തന്റെ രക്തം നമുക്ക് നൽകുന്നതിലൂടെ നമ്മൾ ദൈവീകമായ ജീവനിൽ പങ്കാളികളാവുകയാണ്.

**B) അധികാരം, അനുസരണ**

മത്തായിയുടെ സുവിശേഷത്തിൽ സ്ഥാപനവചനങ്ങൾ മർക്കോസിന്റെ സുവിശേഷത്തിന് സമാനമമായി തന്നെ ആവർത്തിക്കപ്പെടുന്നുണ്ട്. മത്തായിയുടെ സുവിശേഷത്തിൽ 26:26 ൽ സുവിശേഷകൻ രണ്ടു വാക്കുകളാണ് മർക്കോസിന്റെ സുവിശേഷത്തിൽ നിന്നും അധികമായി ഉപയോഗിച്ചിരിക്കുന്നത്.

1. യേശു അപ്പമെടുത്ത് മുറിച്ച് ശിഷ്യന്മാർക്ക് കൊടുത്തു (മത്താ. 26:26)
2. വാങ്ങി ഭക്ഷിക്കുവിൻ (മത്താ. 26:26)

വ്യത്യസ്തമായി രണ്ടു പദങ്ങൾ ഉപയോഗിച്ചുകൊണ്ട് വി. കുർബാനയുടെ പശ്ചാത്തലത്തിൽ അധികാരം, അനുസരണ എന്ന രണ്ടു ചിന്തകളാണ് സുവിശേഷകൻ പങ്കുവയ്ക്കുന്നത്. ഭക്ഷിക്കുവിൻ എന്ന കർത്തവ്യത്തിനു സമാനമായി പാനപാത്രത്തോട് ചേർന്ന് “നിങ്ങൾ പാനം ചെയ്യുവിൻ” എന്നുള്ള ഒരു പ്രവൃത്തിയും കൂടെ സുവിശേഷകൻ കൂട്ടിച്ചേർക്കുന്നു. അപ്രകാരം ഒരു വാക്കു കൂട്ടിച്ചേർക്കുന്നതിലൂടെ ക്രിസ്തു ശിഷ്യന്മാർക്കുമുമ്പിൽ ഒരു തീരുമാനത്തിനുള്ള സാധ്യത തുറന്നുവയ്ക്കുകയാണ്. സഹനത്തിന്റെ പാനപാത്രം എന്നോടൊപ്പം കുടി

www.malankaralibrary.com


ക്കാൻ നിങ്ങൾ തയ്യാറാണോ എന്നാണ് ക്രിസ്തു ആ ചോദ്യത്തിലൂടെ തന്റെ ശിഷ്യന്മാരോട് ആവശ്യപ്പെടുക.

### C) പുതിയ ഉടമ്പടി

പുതിയ ഉടമ്പടിയുടെ രക്തമാകാനും അനേകർക്ക് മോചനദ്രവ്യമായി മാറാനുമാണ് ക്രിസ്തുവിന്റെ ജീവിതം. മോചനദ്രവ്യമായി നൽകപ്പെടുമ്പോൾ മനുഷ്യരെ പാപത്തിൽ നിന്നും ന്യായവിധിയിൽ നിന്നും ക്രിസ്തു മോചിപ്പിക്കുന്നു. പുതിയ ഉടമ്പടിയുടെ രക്തമായി തന്നെത്തന്നെ നല്കുന്നതിലൂടെ ദൈവവും മനുഷ്യനും തമ്മിലുള്ള ഒരു ഉടമ്പടിയുടെ ബന്ധമാണ് ക്രിസ്തു അവിടെ സ്ഥാപിക്കുക. അത് സീനായ് ഉടമ്പടിയുടെ വ്യക്തമായ പ്രതീകമാണ്. ക്രിസ്തു രക്തം ചിന്തുന്നതിലൂടെ ഈ ഉടമ്പടി ഇവിടെ അംഗീകരിക്കപ്പെടുന്നു. പാനപാത്രത്തിലെ വീഞ്ഞ് തന്റെ രക്തമായി നല്കുമ്പോൾ സീനായ് ഉടമ്പടിയിലെ രക്തം കൊണ്ടുള്ള ഉടമ്പടിയിലേക്കാണ് ക്രിസ്തു വിരൽ ചൂണ്ടുന്നത് (പുറ. 24:8). സീനായ് ഉടമ്പടിയിൽ രക്തം തളിച്ചപ്പോൾ ഇസ്രായേൽ ജനം അനുഗ്രഹിക്കപ്പെട്ടതുപോലെ പുതിയനിയമത്തിൽ തന്റെ ജീവിതം തന്നെ നമുക്ക് പകർന്ന് നല്കി ക്രിസ്തു നമ്മെ അനുഗ്രഹിക്കുന്നു. കുരിശു മരണത്തിൽ തന്റെ രക്തം ചിന്തുന്നതിലൂടെ ക്രിസ്തുവും മനുഷ്യനുമായി ഒരു പുതിയ ഉടമ്പടിയിലേക്ക് പ്രവേശിക്കുകയാണ്. പഴയനിയമത്തിൽ രക്തം തളിക്കപ്പെടുന്നതിലൂടെ ഇസ്രായേൽ ജനം ദൈവത്തിൽ സ്ഥിരീകരിക്കപ്പെട്ടതുപോലെ പുതിയ ഉടമ്പടിയിൽ ക്രിസ്തുവിന്റെ രക്തത്തിലൂടെ നാമും ദൈവത്തിൽ സ്ഥിരീകരിക്കപ്പെടുന്നു. "അനേകർക്കായി ചിന്തപ്പെടുന്ന രക്തം" എന്ന വാക്യം വി. കുർബാനയുടെ സാർവത്രികതയെ സൂചിപ്പിക്കുന്നു. ക്രിസ്തു നല്കുന്ന ഈ രക്ഷയുടെ ദാനം തന്റെ ജനത്തിന് നല്കപ്പെടുന്നത് സമാധാനത്തിന്റെയും, അനുരഞ്ജനത്തിന്റെയും ദൃഢമായ അടിസ്ഥാനമായ വി. കുർബാനയിലൂടെയാണ്.

### D) സഖറിയ പ്രവചനം

സുവിശേഷത്തിൽ വിവരിക്കുന്ന " ഉടമ്പടിയുടെ രക്തം" എന്നുള്ള പദപ്രയോഗത്തിന് സീനായ് ഉടമ്പടിയുമായി അഭേദ്യമായ ബന്ധമുണ്ട്. എന്നാൽ മത്തായി സുവിശേഷകൻ സഖറിയ പ്രവചനത്തേയും ആശ്രയിക്കുന്നത് നമുക്ക് കാണാം. "നീയുമായുള്ള എന്റെ ഉടമ്പടിയുടെ രക്തം നിമിത്തം പ്രവാസികളെ ഞാൻ ജലരഹിതമായ കുഴിയിൽ നിന്ന് സ്വതന്ത്രരാക്കും" (സഖ. 9:11). സഖറിയ പ്രവാചകന്റെ

www.malankaralibrary.com

പുസ്തകത്തിൽ ഈ പദപ്രയോഗം രക്ഷയുടെ പശ്ചാത്തലത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. മത്തായി 21:5-ലെ യേശുവിന്റെ ദൈവാലയ പ്രവേശനത്തെ കുറിച്ചുള്ള വിവരണത്തിൽ മത്തായി സുവിശേഷവും സഖറിയ പ്രവചനത്തെ ആശ്രയിക്കുന്നത് നമുക്ക് വ്യക്തമാണ് (സഖ. 9:9). വിനീതനായി, സമാധാന സ്ഥാപനത്തിനായി കടന്നുവരുന്ന ഒരു രാജാവായ മിശിഹായെയാണ് സഖറിയ പ്രവാചകൻ വിവരിക്കുന്നത്. ജനത്തിന് സമാധാനവും സ്വാതന്ത്ര്യവും ഈ രാജാവ് നൽകുന്നു. ഹീബ്രു ലിഖിതങ്ങൾ വ്യക്തമായി ഹൃദ്യസ്ഥമാക്കിയ സുവിശേഷക നായ മത്തായി സഖറിയ പ്രവചനത്തിലെ പ്രസ്തുതഭാഗം ക്രിസ്തു രഹസ്യങ്ങൾക്ക് സമാനമായി വിവരിക്കുന്നു. അന്ത്യത്താഴത്തിന്റെ പശ്ചാത്തലത്തിലാണ് ഈ രഹസ്യങ്ങളെല്ലാം ക്രിസ്തു വെളിപ്പെടുത്തു ന്നത്.

### E) ഏശയ്യാ പ്രവചനം

മത്തായിയുടെ സുവിശേഷത്തിലെ 26:28-ാം വാകൃത്തിലെ 'അനേ കർക്കു വേണ്ടി ചിന്തപ്പെടുന്നത്' എന്ന പ്രയോഗം 20:28-ൽ പറഞ്ഞിരി ക്കുന്ന "അനേകർക്ക് മോചന ദ്രവ്യം" എന്നുള്ള വാകൃത്തോട് കൂട്ടി ചേർത്ത് വായിക്കാവുന്നതാണ്. ഇവ രണ്ടും ആത്യന്തികമായി ഏശയ്യാ 52-53 അദ്ധ്യായങ്ങളിലെ സഹനദാസനെയാണ് വെളിപ്പെടുത്തുക. ഏശയ്യാ പ്രവചനത്തിൽ നിന്നും വാക്കുകളിൽ വരുത്തിയിരിക്കുന്ന ചെറിയ വ്യത്യാസത്തോടുകൂടിയാണ് സുവിശേഷകൻ ഇത് അവതരി പ്പിക്കുന്നത്. ക്രിസ്തുവിന്റെ സ്വയബലിയെയാണ് സുവിശേഷകൻ ഇതി ലൂടെ വിവരിക്കുക.

### F) "ദൈവരാജ്യത്തിൽ... മുന്തിരിയുടെ ഫലത്തിൽ നിന്ന് ഞാൻ കുടിക്കുകയില്ല" (മർക്കോ 14:25)

"ദൈവരാജ്യത്തിൽ ഞാൻ ഇതു നവമായി പാനം ചെയ്യുന്നതു വരെ മുന്തിരിയുടെ ഫലത്തിൽ നിന്ന് ഞാൻ കുടിക്കുകയില്ല" എന്നു ക്രിസ്തു പറയുമ്പോൾ വി. കുർബാനയ്ക്ക് വരാനിരിക്കുന്ന ഒരു വിരു ന്നിന്റെ സൂചന നൽകുകയാണ് ക്രിസ്തു. തന്റെ മരണത്തിനുമപ്പുറം പൂർണ്ണമാക്കപ്പെട്ട ദൈവരാജ്യത്തിലുള്ള പുതിയ ജീവിതമാണ് ക്രിസ്തു മുന്നിൽ കാണുന്നത്. അന്ത്യത്താഴമേശ ഒരേ സമയം കുരിശിലെ സഹ നത്തേയും വരാനിരിക്കുന്ന ദൈവരാജ്യത്തിലെ ആനന്ദകരമായ ജീവി തത്തിലേക്കും വിരൽചൂണ്ടുമ്പോൾ ഇന്ന് വിവിധ സ്ഥലങ്ങളിൽ നട ക്കുന്ന വി. ബലി അവന്റെ രണ്ടാം വരവിലേക്കും ദൈവരാജ്യത്തിന്റെ

www.malankaralibrary.com


പൂർത്തീകരണത്തിലേക്കും വിരൽ ചൂണ്ടുന്നു. വി. കുർബാന ക്രിസ്തുവിന്റെ മഹത്വപൂർണമായ രണ്ടാം വരവുവരെ, നമുക്ക് വിജയത്തിന്റെയും ഐക്യത്തിന്റെയും തിരുനാളാണ്.

**ഉപസംഹാരം**

ആദിമ സഭ വിവിധ സാഹചര്യങ്ങളിൽ വിവിധ സ്ഥലങ്ങളിൽ വ്യത്യസ്തമായ രീതിയിലാണ് വി. കുർബാന അനുഷ്ഠിച്ചിരുന്നത്. സുവിശേഷങ്ങൾ തമ്മിൽ വിവരണങ്ങളിൽ വ്യത്യാസമുണ്ടെങ്കിലും അടിസ്ഥാനപരമായ വിശ്വാസവും പ്രവൃത്തിയും ഒന്നു തന്നെയാണ്. വി. കുർബാനയെ സുവിശേഷകരായ മത്തായിയും മർക്കോസും ഒറ്റിക്കൊടുക്കലുകളുടെയും പരാജയങ്ങളുടെയും നടുവിലാണ് അവതരിപ്പിക്കുന്നത്. ഇത് തന്റെ ജീവൻപോലും നൽകി ഈ ലോകത്തിലുള്ള സകലർക്കുമായി ക്രിസ്തു നേടിത്തന്ന അനുരഞ്ജനത്തിന്റെയും സ്വയം ശൂന്യവൽക്കരണത്തിന്റെയും കൂദാശയെ സൂചിപ്പിക്കാനാണ്. വി. കുർബാനയുടെ തങ്ങളുടെതായ ദൈവശാസ്ത്രമാണ് രണ്ട് സുവിശേഷകരും നൽകുന്നത്.

❖

www.malankaralibrary.com

അദ്ധ്യായം 3

# സഭയുടെ ജീവനായ അപ്പം മുറിക്കൽ
## (വി. ലൂക്കായുടെ പാരമ്പര്യത്തിൽ)

സമാന്തര സുവിശേഷങ്ങളിൽ മൂന്നാമത്തെ സുവിശേഷമായ വി. ലൂക്കായുടെ സുവിശേഷം വി. കുർബാനയുമായി ബന്ധപ്പെട്ട വിവരണങ്ങളിൽ മറ്റു സുവിശേഷങ്ങളിൽ നിന്ന് വ്യത്യസ്തമായിരിക്കുന്നു.

1. അന്ത്യത്താഴത്തിന്റെ വിവരണത്തിൽ മറ്റു രണ്ടു സുവിശേഷകരേക്കാൾ ലൂക്കോസിന്റെ സുവിശേഷം സമാനത പുലർത്തുന്നത് വി. പൗലോസ് ശ്ലീഹായുടെ അന്ത്യത്താഴത്തെക്കുറിച്ചുള്ള വിവരണത്തോടാണ്.

2. വി. ലൂക്കാ തന്റെ സുവിശേഷ രചനയ്ക്ക് മർക്കോസിനെ ആശ്രയിക്കുന്നുണ്ട്. എങ്കിലും പൗലോസ് ശ്ലീഹാ ഉപയോഗിച്ച ഒരു വിവരണ പാരമ്പര്യമാണ് ലൂക്കാ കൂടുതലായി ഉപയോഗിച്ചിരിക്കുന്നത്.

3. വി. ലൂക്കാ സുവിശേഷത്തിന്റെ തുടർച്ചയാണ് അപ്പസ്തോല പ്രവർത്തനങ്ങൾ. സഭയുടെ ആരംഭത്തേയും വളർച്ചയേയും കുറിച്ചുള്ള വിവരണങ്ങൾ ക്രിസ്തുവിന്റെ ഉത്ഥാനശേഷമുള്ള വി. കുർബാന ആഘോഷങ്ങളിലേക്കും കൂട്ടായ്മകളിലേക്കും വെളിച്ചം വീശുന്നുണ്ട്.

വി. ലൂക്കാ സുവിശേഷത്തിൽ ഉടനീളം വി. കുർബാനയുടെ ദൈവശാസ്ത്രം വ്യത്യസ്തമായ രീതിയിൽ വിവരിച്ചിരിക്കുന്നത് നമുക്ക് കാണാം. വി. കുർബാനയുടെ മുന്നാസ്വാദനം നല്കുന്ന നിരവധി വിരുന്നുകളെക്കുറിച്ച് അന്ത്യത്താഴത്തിന് മുൻപും ശേഷവും സുവിശേഷം വിവരിക്കുന്നു.

www.malankaralibrary.com


## I. വിരുന്ന്

സുവിശേഷത്തിലെ ഒരോ അദ്ധ്യായത്തിലും ഭക്ഷണവുമായി ബന്ധപ്പെട്ട ആശയം നമുക്ക് കാണാം. ഈ ആശയം അപ്പസ്തോല പ്രവർത്തനങ്ങളിലെ വിജാതീയർക്ക് മാമോദീസാ നല്കുന്നതുമായി ബന്ധപ്പെട്ട് ഭക്ഷണത്തെക്കുറിച്ച് പത്രോസിന് ലഭിക്കുന്ന ദർശനം വരെ നീണ്ടുകിടക്കുന്നു (അപ്പ. 10:10-16). ഭക്ഷണത്തെക്കുറിച്ചുള്ള രണ്ട് തരത്തിലുള്ള ആശയങ്ങൾ സുവിശേഷത്തിൽ ഉടനീളം നമുക്ക് കാണാം.

1. വിശന്നിരിക്കുന്ന തന്റെ സൃഷ്ടികളുടെ വിശപ്പ് പിതാവായ ദൈവം ക്രിസ്തുവിലൂടെ തൃപ്തിപ്പെടുത്തുന്നു.

2. ആരിൽ നിന്നും ഒന്നും പ്രതീക്ഷിക്കാതെ എല്ലാവരുമായും ഭക്ഷണം പങ്കിടുന്ന ക്രിസ്തു സ്വയം ബലിയായി തീരുന്നു.

വിശക്കുന്നവന് ഗംഭീരമായ ഭക്ഷണം നല്കുന്ന ദൈവത്തെ കുറിച്ച് ലൂക്കാ സുവിശേഷത്തിൽ മറിയം തന്റെ സ്തോത്രഗീതത്തിലൂടെ വിളിച്ചോതുന്നുണ്ട്. "വിശക്കുന്നവരെ വിശിഷ്ട വിഭവങ്ങൾ കൊണ്ട് അവിടുന്ന് സംതൃപ്തരാക്കി"(1:53). ധനവാനും ലാസറും എന്ന വേദഭാഗത്ത് ഇതിനെക്കുറിച്ചുള്ള കൂടുതൽ വ്യക്തമായ വിവരണം സുവിശേഷം നല്കുന്നു. ഭൂമിയിൽ ധനവാന്റെ ഭക്ഷണമേശയിൽ നിന്ന് ലാസർ മാറ്റി നിർത്തപ്പെടുമ്പോഴും സ്വർഗ്ഗത്തിൽ അബ്രാഹാമിന്റെ മടിയിലാണ് ദൈവം അവനെ ഇരുത്തുന്നത് (16:23; 13:28-29). വിവാഹ വിരുന്ന് കഴിഞ്ഞ് തങ്ങളുടെ യജമാനൻ വരാൻ കാത്തിരിക്കുന്ന ഭൃത്യന്മാരുടെ ചിത്രം യുഗാന്ത്യത്തിലെ തയ്യാറെടുപ്പിനെ കുറിച്ചാണ് വിവരിക്കുന്നത് (12:35-40). ഈ വേദഭാഗത്തിലെ ഏറ്റവും പ്രധാനപ്പെട്ട വാക്യം ലൂക്കോസിന്റെ മാത്രം പ്രത്യേകതയാണ്: "അവൻ അരമുറുക്കി അവരെ ഭക്ഷണത്തിനിരുത്തുകയും അടുത്ത് ചെന്ന് അവരെ പരിചരിക്കുകയും ചെയ്യും" (12:37). യജമാനൻ തന്റെ വിനയവും സേവനവും കൊണ്ട് അസാധാരണമായ ഒരു മനോഭാവം ഇവിടെ സൃഷ്ടിക്കുന്നു. സുവിശേഷത്തിന്റെ ആരംഭത്തിൽ അനുതാപത്തിനായി ജനങ്ങളോട് പ്രബോധനം നല്കുമ്പോൾ "ഞങ്ങൾ എന്താണ് ചെയ്യേണ്ടത്?" (3:10) എന്ന് ജനങ്ങൾ യോഹന്നാനോട് ആരായുന്നു. അതിനു മറുപടിയായി യോഹന്നാൻ പറയുന്നത് ഭക്ഷണം ഉള്ളവൻ ഇല്ലാത്തവനു കൊടുക്കട്ടെ എന്നാണ് (3:11). വി. ലൂക്കാ സുവിശേഷത്തിൽ വി. കുർബാന സ്ഥാപനം കൂടുതൽ വിപുലമായി അവതരിപ്പിച്ചിട്ടുണ്ട്. തന്റെ പിതാവിന്റെ ഉദാരമായ മനോഭാവം അവതരിപ്പിക്കുന്ന ക്രിസ്തുവിന്റെ

 www.malankaralibrary.com

പ്രവർത്തനങ്ങളുടെ പൂർണ്ണത വി. കുർബ്ബാനയിലാണ് നമുക്ക് കാണുവാൻ സാധിക്കുക.

വിവേചനങ്ങളില്ലാതെയുള്ള അതിഥ്യമര്യാദയിലൂടെയും, സകലരുമായും ഭക്ഷണം പങ്കിടാനുള്ള സന്നദ്ധതയിലൂടെയും രക്ഷ ആഗ്രഹിക്കുന്ന എല്ലാവർക്കും ദൈവത്തിന്റെ രക്ഷ നല്കുവാൻ ക്രിസ്തു ആഗ്രഹിച്ചു. നാം ജീവിക്കുന്ന ഈ ആധുനിക ഫാസ്റ്റ് ഫുഡ് സംസ്കാരത്തിൽ നമ്മളിൽ പലർക്കും ഒരുമിച്ച് ഭക്ഷണം പങ്കിടുന്നതിന്റെ പ്രാധാന്യം അത്ര പരിചിതമല്ല. എന്നാൽ ക്രിസ്തുവിന്റെ വാക്കുകളിലും പ്രവൃത്തികളിലും ഒരു മേശയ്ക്ക് ചുറ്റും ഭക്ഷണത്തിനായി ഒരുമിച്ച് കൂടുന്നത് ആഴമായ ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്. അതിനെ ലഘൂകരിച്ച് കാണുവാൻ സാധിക്കില്ല. എന്നാൽ യഹൂദരുടെ കൂട്ടായ്മകളിൽ മതപരമായി പല നിയമങ്ങളുമുണ്ടായിരുന്നു. പാപികൾ എന്നു കണക്കാക്കപ്പെടുന്നവരോടു കൂടെ ഭക്ഷണം കഴിച്ച് ക്രിസ്തു അപ്രകാരമുള്ള യഹൂദരുടെ നിയമങ്ങളെല്ലാം ചോദ്യം ചെയ്തു. യഹൂദരെ സംബന്ധിച്ചിടത്തോളം ഇത് യഹോവയ്ക്ക് എതിരെയുള്ള പ്രവർത്തിയായാണ് അവർ കണ്ടിരുന്നത്. അതിനാൽ തന്നെ ക്രിസ്തുവിനെ യഹൂദർ വിശേഷിപ്പിച്ചിരുന്നത്. “ഭോജനപ്രിയനും മദ്യപനും ചുങ്കക്കാരുടെയും പാപികളുടേയും സ്നേഹിതനും” എന്നാണ് (7:34; നിയമ 21:20). എന്നാൽ ഇപ്രകാരം വിവേചനങ്ങളില്ലാതെ എല്ലാവരോടുമൊപ്പം ഭക്ഷണമേശ പങ്കിടുന്ന ചിത്രത്തിലൂടെ ദൈവത്തിന്റെ രക്ഷ എല്ലാവർക്കും വേണ്ടി നല്കപ്പെട്ടിരിക്കുന്നു എന്നു പ്രഖ്യാപിക്കുകയാണ് യേശുക്രിസ്തു. മനുഷ്യകുലത്തിന്റെ ആവശ്യങ്ങളിൽ ദൈവകൃപ ചൊരിയുന്ന സ്ഥലമായി ഭക്ഷണമേശകൾ മാറി. ക്രിസ്തു അനേകം വ്യക്തികളോടൊപ്പം ഭക്ഷണമേശ പങ്കിട്ടു. ചുങ്കക്കാർ, പാപികൾ, ലേവി, സക്കേവൂസ്, ശിമയോൻ അങ്ങനെ ഒരുപാട് സന്ദർഭങ്ങൾ സുവിശേഷത്തിൽ വിവരിക്കുന്നു. ഈ വിരുന്നുകളുടെ സമാപനമാണ് അന്ത്യ അത്താഴം. അവിടെയാണ് താൻ പോയതിനു ശേഷവും ഈ വിരുന്ന് എങ്ങനെയാണ് അനുസ്മരിക്കപ്പെടേണ്ടത് എന്ന് ക്രിസ്തു ശിഷ്യന്മാർക്ക് പ്രബോധനം നല്കുന്നത്. അപ്പത്തിനും, വീഞ്ഞിനും, ഭക്ഷണമേശയ്ക്കും, കൂട്ടായ്മയ്ക്കുമൊക്കെ ഒരു പുതിയ അർത്ഥം ക്രിസ്തു നല്കുന്നു.

വിരുന്ന് എന്ന ആശയം ലൂക്കാ സുവിശേഷത്തിൽ ഉടനീളം നമുക്ക് കാണാം. ഇപ്രകാരം വിരുന്നുകളുടെ അവസാനമാണ് സുവിശേഷകൻ

www.malankaralibrary.com


വി. കുർബാനയുടെ സ്ഥാപനം വിവരിക്കുന്നത്. ലൂക്കാ സുവിശേഷത്തിലുള്ള വിവിധ വിരുന്നുകളുടെ വിശദീകരണം നമുക്ക് കാണാം.

**1. ലേവിയെ വിളിക്കുന്നു (5:27-32)**

ലൂക്കായുടെ സുവിശേഷത്തിൽ ക്രിസ്തു പങ്കെടുക്കുന്ന ആദ്യത്തെ വിരുന്ന് ചുങ്കക്കാരനായ ലേവിയുടെ ഭവനത്തിലാണ്. ശിഷ്യത്വത്തിലേക്കുള്ള വിളി വിവരിക്കുന്നതാണ് സംഭവം. തനിക്കുള്ളതെല്ലാം ഉപേക്ഷിച്ച് ലേവി ക്രിസ്തുവിനെ അനുഗമിക്കുന്നു. എല്ലാം ഉപേക്ഷിച്ച് ക്രിസ്തുവിനെ അനുഗമിക്കുക എന്നത് ലൂക്കാ സുവിശേഷകന്റെ മാത്രം പ്രയോഗമാണ് (5:11; 14:33; 18:28). ഇതേ സംഭവം വിവരിക്കുന്ന മർക്കോസിന്റെ സുവിശേഷത്തിൽ ഈ പ്രയോഗം നമുക്ക് കാണുവാൻ സാധിക്കില്ല (മർക്കോ. 2:14). രണ്ടു സുവിശേഷങ്ങളിലെയും ഒരു സമാനത, ചുങ്കക്കാരനായ ലേവിയുടെ വീട്ടിൽ ക്രിസ്തുവും ശിഷ്യന്മാരും ഭക്ഷണത്തിനിരിക്കുമ്പോൾ ഫരിസേയരും നിയമജ്ഞരും പിറുപിറുത്തുകൊണ്ട് ചോദ്യങ്ങൾ ഉന്നയിക്കുന്നത് ക്രിസ്തുവിനോടല്ല മറിച്ച് അവന്റെ ശിഷ്യന്മാരോടാണ് എന്നുള്ളതാണ്. ഈ വിവരണത്തെ ഉത്ഥാനാനന്തര വി. കുർബാന ആഘോഷമായിട്ടാണ് ദൈവശാസ്ത്രജ്ഞർ മനസ്സിലാക്കുന്നത്. അതായത് ക്രിസ്തുവിന്റെ ഉത്ഥാനശേഷം ശിഷ്യന്മാർ പങ്കുവയ്ക്കുന്ന വി.കുർബാനയുടെ ആഘോഷങ്ങളിലെ ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെയാണ് സുവിശേഷകൻ ഇവിടെ ചൂണ്ടികാണിക്കുന്നത്. മാനസാന്തരപ്പെട്ട പാപികൾ എന്ന നിലയിൽ അവർ എപ്പോഴും പാപികളോട് തുറവിയുള്ളവരായിരിക്കണം. പാപികളുമായുള്ള ക്രിസ്തുവിന്റെ സംസർഗ്ഗം മാനസാന്തരത്തിലേക്കുള്ള വിളിയാണ്. ലൂക്കാ അത് വ്യക്തമായി രേഖപ്പെടുത്തിയിട്ടുമുണ്ട് (ലൂക്കാ. 5:32; മർക്കോ. 2:9)

**2. പാപിനിക്ക് മോചനം (7:36-50)**

ഈ വേദഭാഗത്തിൽ ആതിഥേയൻ ചുങ്കക്കാരൻ അല്ല മറിച്ച് ഒരു ഫരിസേയൻ ആണ്. എന്നാൽ ഭക്ഷണമേശയ്ക്ക് ചുറ്റുമുള്ള കാര്യങ്ങൾ നല്കുന്ന ആശയം ഏകദേശം ഒന്നുതന്നെയാണ്. സ്വന്തം ജീവിതത്തിലെ കടങ്ങളും പാപങ്ങളും കൊണ്ട് അന്ധനായി പോയ ശിമയോന് തന്റെ മുന്നിലുള്ള സ്ത്രീ ആരാണ് എന്ന് കൃത്യമായി മനസ്സിലാക്കാൻ കഴിയുന്നില്ല. എന്നാൽ ക്രിസ്തു അവളുടെ അധികമായ സ്നേഹത്തെ കണ്ട് അവളുടെ പാപങ്ങൾ മോചിക്കുന്നു (7:47). ക്രിസ്തു അവളുടെ അനുതാപം കണ്ട് അവൾക്ക് മനസാന്തരം നല്കി പാപമോ

www.malankaralibrary.com

ചനം നല്കുന്നു. പാപികൾക്ക് പാപമോചനം നല്കുന്നു എന്നതാണ് ക്രിസ്തുവിന്റെ വിരുന്നിന്റെ പ്രത്യേകത. വി. കുർബാനയുടെ പാപ മോചനത്തിന്റെ തലത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ക്രിസ്തുവി നോടൊപ്പം അവന്റെ വി. കുർബാനയിൽ പങ്കുചേരുന്നവർക്ക് അവൻ അനുതാപവും, പാപമോചനവും പുതിയ ജീവനും നല്കുന്നു. അന്ത്യോ ക്യൻ ആരാധനക്രമത്തിൽ വി. കുർബാനയിലെ അനാഫുറയിലേക്ക് പ്രവേശിക്കുന്നതിനു മുൻപ് പാപപരിഹാരത്തിനായി പ്രാർത്ഥിക്കുന്നതു ശ്രദ്ധേയമാണ് (ഹൂസോയോ പ്രാർത്ഥന). അതുപോലെ വി. കുർബാന നൽകുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനയിലും വി. കുർബാന പാപമോ ചനം നൽകുന്നു എന്ന ആശയം ഉണ്ട്. "നമ്മുടെ കർത്താവായ യേശു മിശിഹായുടെ തിരുശരീരവും തിരുരക്തവുമാകുന്ന തീക്കട്ട കടങ്ങ ളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനുമായി സത്യവി ശ്വാസികൾക്ക് നല്കപ്പെടുന്നു".

### 3. അപ്പം വർദ്ധിപ്പിക്കുന്നു (9:10-17)

മർക്കോസിന്റെ സുവിശേഷത്തിൽ നിന്നും ചെറിയ വ്യത്യാസങ്ങ ളോടെയാണ് ലൂക്കാ സുവിശേഷകൻ പ്രസ്തുത വേദഭാഗം അവതരി പ്പിച്ചിരിക്കുന്നത്. അതിനാൽ തന്നെ സമാന്തര സുവിശേഷങ്ങളിലെ മറ്റു രണ്ടു സുവിശേഷങ്ങളും നല്കുന്ന വി. കുർബാനയുടെ പ്രതീക ങ്ങളെല്ലാം ലൂക്കായ്ക്കും ബാധകമാണ്. മറ്റു സുവിശേഷങ്ങൾ നല്കു ന്നപോലെ വി. കുർബാനയുടെ വേദശാസ്ത്രമാണ് ഈ ഭാഗത്തിൽ ലൂക്കാ സുവിശേഷകനും അവതരിപ്പിക്കുന്നത്. അന്ത്യത്താഴത്തിൽ ക്രിസ്തു ഉപയോഗിക്കുന്ന അതേ പദങ്ങൾ തന്നെയാണ് യേശു ഈ ഭാഗത്തിലും ഉപയോഗിക്കുന്നത്. എന്നാൽ മറ്റു രണ്ടു സുവിശേഷക രിൽ നിന്ന് ചെറിയ വ്യത്യാസം ലൂക്കാ സുവിശേഷത്തിൽ നമുക്ക് കാണാം.

### A. പന്ത്രണ്ടുപേർ (9:12)

മറ്റു രണ്ടു സുവിശേഷങ്ങളിലും 'ശിഷ്യന്മാർ' എന്നുപയോഗിക്കു ന്നിടത്ത് ലൂക്കാ സുവിശേഷത്തിൽ 'പന്ത്രണ്ടുപേർ' എന്നാണ് ഉപ യോഗിച്ചിരിക്കുന്നത് ഇത് പ്രത്യേകമായും അപ്പസ്തോലപ്രവർത്തന ങ്ങളിൽ അപ്പം മുറിക്കലിന്റെ മേശയിൽ ശുശ്രൂഷ ചെയ്യുന്ന പന്ത്രണ്ടു പേരെ സൂചിപ്പിക്കുന്നതാണ് (അപ്പ. 6:2). ഉത്ഥാനാനന്തരമുള്ള യേശു വിന്റെ ശിഷ്യന്മാരുടെ വി. കുർബാന ആഘോഷത്തെയാണ് ഇത് സൂചി പ്പിക്കുന്നത്.

www.malankaralibrary.com


## B. പത്രോസിന്റെ വിശ്വാസപ്രഖ്യാപനം (9:18–20)

മറ്റു രണ്ടു സുവിശേഷങ്ങളിൽ നിന്നും വ്യത്യസ്തമായി അപ്പം വർദ്ധിപ്പിക്കുന്ന സംഭവത്തോട് ചേർന്നാണ് പത്രോസിന്റെ വിശ്വാസ പ്രഖ്യാപനം സുവിശേഷകൻ വിവരിക്കുന്നത്. ഈ വേദഭാഗം, യേശു ക്രിസ്തുവിന്റെ വ്യക്തിത്വത്തെക്കുറിച്ചുള്ള, “താൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത്” എന്ന ചോദ്യവും “നീ ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആണ്” (9:20) എന്നുള്ള പത്രോസിന്റെ വിശ്വാസപ്രഖ്യാപന വുമാണ് അവതരിപ്പിക്കുന്നത്. ക്രിസ്തുവിന്റെ ആതിഥ്യമര്യാദയും (9:11) പ്രബോധനവും, രോഗശാന്തിയും, അപ്പം വർദ്ധിപ്പിക്കുന്നതുമൊക്കെ യാണ് പത്രോസിനെ ഈ വിശ്വാസ പ്രഖ്യാപനത്തിലേക്ക് നയിക്കു ന്നത്. അതായത് തങ്ങൾ കാത്തിരുന്ന മിശിഹായാണ് യേശുക്രിസ്തു എന്ന് പത്രോസ് പ്രഖ്യാപിക്കുകയാണ്. ഇതേ ക്രിസ്തുവിനെ തന്നെ യാണ് സ്വയം കുർബാനയായി അന്ത്യ അത്താഴത്തിൽ ദർശിക്കുന്നത്.

## 4. വിരുന്നിന്റെ ഉപമ (14:15–24)

ഈ വിരുന്നിൽ ഭക്ഷണത്തിനായി ക്ഷണിക്കപ്പെടുന്നത് ദരിദ്രരും, വികലാംഗരും, കുരുടരും, മുടന്തരുമൊക്കെയാണ് (14:21). ഇത് അന്നത്തെ സാധാരണ മനുഷ്യരുടെ പ്രതീക്ഷയ്ക്കും അപ്പുറമുള്ള ഒരു പ്രവൃത്തിയായിരുന്നു. അതായത് ഭക്ഷണ മേശയുടെ പശ്ചാത്തല ത്തിൽ ക്രിസ്തു പാവപ്പെട്ടവനും സമ്പന്നനും എന്നുള്ള വിവേചന ങ്ങൾ ഒഴിവാക്കുകയാണ്. ക്രിസ്തു എല്ലാവരേയും ഒരേപോലെ കരു തുന്നു എന്നുള്ള സന്ദേശമാണ് ലൂക്കാ സുവിശേഷകൻ നല്കുന്നത്. അപ്പസ്തോല പ്രവർത്തനങ്ങളിൽ ലൂക്കാ ഇത് കൂടുതൽ വ്യക്തമാ ക്കുന്നുണ്ട്: “സത്യമായും ദൈവത്തിന് പക്ഷപാതമില്ല” (10:34). ഇത് ക്രിസ്തുവിന്റെ സമഗ്രമായ ശുശ്രൂഷയെയാണ് സൂചിപ്പിക്കുന്നത്. ഈ വേദഭാഗത്തിന്റെ തുടക്കത്തിൽ തന്നെ വിരുന്നുകാരിൽ ഒരാളുടെ സംസാരത്തിലൂടെയാണ് ആരംഭിക്കുന്നത്. “ദൈവരാജ്യത്തിൽ അപ്പം ഭക്ഷിക്കുന്നവർ ഭാഗ്യവാൻ” (14:15) എന്നാണ് വിരുന്നുകാരന്റെ വാക്കു കൾ. ഉടൻ തന്നെ യേശു ഈ ഉപമ പറയുന്നതും അതിലേക്ക് വിവേ ചനങ്ങളില്ലാതെ എല്ലാവരേയും കൊണ്ടുവരുന്നതും ഈ വിരുന്നുകാ രന്റെ മനോഭാവത്തിന് കൊടുക്കുന്ന മറുപടിയാണ്. 14–ാം അദ്ധ്യായ ത്തിന്റെ ആദ്യഭാഗത്തിലും (14:1–6) ഇതേ മനോഭാവമാണ് നമ്മൾ കാണു ന്നത്.

ക്രിസ്തു നല്കുന്ന വിരുന്നിൽ വ്യക്തിപരമായ കാരണങ്ങളാൽ സംബന്ധിക്കാൻ കഴിയാതെ പോകുന്നവർക്കുള്ള മറുപടിയാണ് ഉപമ

www.malankaralibrary.com

യുടെ സന്ദേശം: "എന്തെന്നാൽ ക്ഷണിക്കപ്പെട്ടവരിൽ ഒരുവനും എന്റെ വിരുന്ന് ആസ്വദിക്കുകയില്ല" (14:24). ലൂക്കാ സുവിശേഷം എഴുതപ്പെടുന്ന ഈ സമയത്ത് വി. കുർബാനയുടെ ആചരണത്തിനായി വിശ്വാസികൾ ഒരു മേശയ്ക്ക് ചുറ്റും ഒരുമിച്ചു കൂടുന്നത് ഒരു സാധാരണ സംഭവമായിരുന്നു. അതിനാൽ തന്നെ തങ്ങൾ ഉത്ഥിതനായ ക്രിസ്തുവിനോടൊപ്പമാണ് കൂട്ടായ്മയിൽ പങ്കെടുക്കുന്നത് എന്നും, അവൻ ഒരിക്കലും തങ്ങളെ ഉപേക്ഷിക്കുകയില്ല എന്നുമുള്ള ഒരു ആത്മവിശ്വാസം അവരുടെ ഇടയിൽ ഉണ്ടായിരുന്നു. എന്നാൽ തൊട്ടു മുമ്പുള്ള വേദഭാഗത്തിലൂടെ ഇപ്രകാരം ചിന്തിക്കുന്നവർക്കുള്ള മറുപടി ക്രിസ്തു നല്കുന്നു. "നിന്റെ സാന്നിദ്ധ്യത്തിൽ ഞങ്ങൾ ഭക്ഷിക്കുകയും പാനം ചെയ്യുകയും ഞങ്ങളുടെ തെരുവുകളിൽ നീ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട് എന്ന് നിങ്ങൾ പറയും. എന്നാൽ അവൻ പറയും നിങ്ങൾ എവിടെനിന്നാണെന്ന് ഞാൻ അറിയുന്നില്ല" (13:26-27). വിരുന്നിന്റെ ഉപമയ്ക്ക് ശേഷം ഉടൻ തന്നെ ശിഷ്യത്വത്തിന്റെ വിലയെക്കുറിച്ച് സുവിശേഷകൻ വിവരിക്കുന്നു. അതിനാൽ തന്നെ വി. കുർബാന പങ്കിടുന്ന എല്ലാവരും ദൈവവുമായുള്ള അവരുടെ കൂട്ടായ്മയെ ബലപ്പെടുത്താൻ സന്നദ്ധരാണോ എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്.

### 5. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർ (24:13-35)

ക്രിസ്തുവിന്റെ മരണത്തിനും ഉത്ഥാനത്തിനും ശേഷം ഭക്ഷണത്തിനായി ഒരുമിച്ചുകൂടുന്ന ആദ്യത്തെ സംഭവമാണ് എമ്മാവൂസിലേക്ക് പോകുന്ന സംഭവം. ഉത്ഥാനത്തിനു മുൻപ് ഒരു സാധാരണ സംഭവമായിരുന്ന വിരുന്ന് ഉത്ഥാനത്തിനു ശേഷം പുതിയ ഒരു രീതിയിൽ ആരംഭിക്കുകയാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ് എമ്മാവൂസിലേക്കുള്ള യാത്ര (24:13-35). തന്റെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും തിരുവെഴുത്തുകൾ എങ്ങനെ നിറവേറി എന്നു ക്രിസ്തു അവർക്ക് വിശദീകരിച്ചുകൊടുക്കുന്നു. അവർ ക്രിസ്തുവിനെ വിരുന്നിനു ക്ഷണിക്കുമ്പോൾ, ആതിഥേയന്റെ സ്ഥാനം ക്രിസ്തു സ്വയമേ സ്വീകരിച്ച്, ക്രിസ്തു തന്നെ "അപ്പം എടുത്ത് ആശിർവദിച്ച്, മുറിച്ച് അവർക്ക് കൊടുത്തു (24:30). ഈ വേദഭാഗം വി. കുർബാനയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു പറയാനുള്ള പ്രധാനപ്പെട്ട കാരണങ്ങൾ ഇവയാണ്. ഒന്നാമതായി ആതിഥേയന്റെ സ്ഥാനം ഏറ്റെടുക്കുന്ന ക്രിസ്തു. രണ്ടാമതായി അന്ത്യത്താഴത്തിൽ ഉപയോഗിച്ച അതേ വാക്കുകൾ തന്നെയാണ് ക്രിസ്തു ഇവിടെയും ഉപയോഗിക്കുന്നത്. "എടുത്ത്, വാഴ്ത്തി, മുറിച്ച്, കൊടുത്തു." ഇപ്രകാരം അപ്പം മുറിച്ച് നല്കു

www.malankaralibrary.com


മ്പോൾ അവരുടെ കണ്ണുകൾ തുറന്ന് അത് ക്രിസ്തു ആണ് എന്ന് അവർ മനസ്സിലാക്കുന്നു. ലൂക്കാ സുവിശേഷത്തിൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ വി. കുർബാനയിലെ സാന്നിദ്ധ്യത്തെ സൂചിപ്പിക്കാനാണ് ഈ വേദഭാഗം വിവരിക്കുന്നത്. അപ്പം മുറിച്ച് അവർക്ക് നല്കി അവരുടെ കണ്ണു തുറന്നപ്പോൾ, ഉത്ഥിതനായ ക്രിസ്തുവിനെ തിരിച്ചറിഞ്ഞപ്പോൾ തന്നെ ക്രിസ്തു അവരുടെ മുന്നിൽ നിന്ന് അപ്രത്യക്ഷനാകുന്നു. അപ്രത്യക്ഷനായ ക്രിസ്തുവിന്റെ ഇനിയുള്ള സാന്നിദ്ധ്യം ഈ വി. കുർബാനയിലാണ് എന്നാണ് ഇത് അർത്ഥമാക്കുന്നത്. അതായത് തന്റെ ശിഷ്യന്മാരോടൊപ്പം ഈ അപ്പം മുറിക്കലിൽ, (വി. കുർബാനയിൽ) ക്രിസ്തുവിന്റെ സാന്നിദ്ധ്യമുണ്ടാകും എന്നാണ് സുവിശേഷം വിവരിക്കുന്നത്.

വചനത്തിന് മാത്രം പ്രാധാന്യം നൽകുന്ന പ്രൊട്ടസ്റ്റന്റ് ചിന്താഗതിക്ക് മറുപടികൂടിയാണ് ഈ വേദഭാഗം. അപ്പം മുറിക്കലിനും വചനം മുറിക്കലിനും ഒരേപോലെ പ്രാധാന്യം നല്കുന്ന വേദഭാഗമാണ് എമ്മാവൂസ് സംഭവം. കാരണം ദൈവാരാധനയുടെ എല്ലാ ഘടകങ്ങളും ഉൾചേരുന്ന വേദഭാഗമാണ് എമ്മാവൂസ് സംഭവം. വി. കുർബാനയുടെ ഭാഗമായ ദൈവവചന വ്യാഖ്യാനവും, പ്രാർത്ഥനയും, അപ്പം വാഴ്ത്തുന്നതും, മുറിക്കുന്നതുമെല്ലാം എമ്മാവൂസ് സംഭവത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ദൈവവചന വ്യാഖ്യാനവും, പിതാവായ ദൈവത്തിൽ നിന്ന് നന്മകൾക്കുള്ള നന്ദി പ്രകാശനവും; അപ്പവും വീഞ്ഞും വാഴ്ത്തുന്നതും; ഒടുവിൽ കർത്താവിന്റെ തിരുശരീരവും തിരുരക്തവുമാകുന്ന വിരുന്നിൽ പങ്കുചേരുന്നതുമാണ് വി. കുർബാന (CCC 1408).

**6. അപ്പസ്തോല പ്രവർത്തനങ്ങൾ**

അപ്പസ്തോല പ്രവർത്തനങ്ങളിൽ വി. കുർബാനയിലേക്ക് വിരൽചൂണ്ടുന്ന മൂന്നു വിരുന്നുകളാണ് നമുക്ക് കാണുവാൻ സാധിക്കുക.

a) ആദിമ ക്രൈസ്തവ സമൂഹം (2:42–47)

b) ത്രോവാസിനോട് വിട (20:7–11)

c) റോമായിലേക്കുള്ള കപ്പൽയാത്ര (27:33–36)

ഇത് മൂന്നും വി. കുർബാനയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു പറയുന്നതിന്റെ പ്രധാനകാരണം ഈ മൂന്നു ഭാഗത്തും ആദിമ ക്രൈസ്തവ സമൂഹത്തിലെ വി. കുർബാനയുടെ പ്രതീകമായ "അപ്പം

www.malankaralibrary.com

മുറിക്കൽ" എന്ന പദം ഉപയോഗിച്ചു എന്നുള്ളതാണ്. മാൾട്ടായിലേക്കുള്ള കപ്പൽയാത്രയിലെ വിവരണത്തിൽ പൗലോസിന്റെ പ്രവർത്തി, അപ്പം വർദ്ധിപ്പിക്കുന്ന സംഭവത്തിലും, അന്ത്യത്താഴത്തിലും ക്രിസ്തു ചെയ്ത അതേ കാര്യങ്ങൾ തന്നെയാണ്. അവൻ എല്ലാവരുടെയും മുമ്പാകെ അപ്പമെടുത്ത് ദൈവത്തിനു കൃതജ്ഞതയർപ്പിച്ചു കൊണ്ട് മുറിച്ച് ഭക്ഷിക്കാൻ തുടങ്ങി (27:35).

അപ്പ. 2:42, 46-ലെ അപ്പം മുറിക്കലിനെ രണ്ടു തരത്തിലാണ് നമുക്ക് കാണുവാൻ സാധിക്കുക. ഒന്നുകിൽ അതൊരു സാധാരണ വിരുന്നായി കണക്കാക്കാം അല്ലെങ്കിൽ അന്നത്തെ ക്രിസ്ത്യാനികളുടെ ഇടയിൽ നിലനിന്നിരുന്ന സ്നേഹ വിരുന്നായി കണക്കാക്കാം (യൂദാസ് 1:2). എന്നാൽ ഈ പദം ഒരിക്കലും ഒരു സാധാരണ വിരുന്നിലേക്ക് വിരൽ ചൂണ്ടുന്നില്ല എന്നാണ് വേദശാസ്ത്രജ്ഞരുടെ അഭിപ്രായം. ഇത് ഒരു സ്നേഹവിരുന്നാണ് എന്ന് വ്യക്തമായി എമ്മാവൂസ് സംഭവത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് മനസ്സിലാക്കാം. അതായത് 2:42-ൽ ഉപയോഗിച്ചിരിക്കുന്ന 'കൂട്ടായ്മ' എന്ന പദം ഒരു മേശയ്ക്ക് ചുറ്റും ഒരുമിച്ച് കൂടുന്ന ഒരു കൂട്ടായ്മ, അതായത് ആദിമ സഭയിൽ വി. കുർബാനയ്ക്ക് മുമ്പ് അനുഷ്ഠിച്ചിരുന്ന സ്നേഹ വിരുന്നിലേക്കാണ് വിരൽ ചൂണ്ടുന്നത്. അതിനാൽ തന്നെ ഈ സംഗ്രഹ വാക്യം പുരാതന കാലത്തെ വി. കുർബാന ആഘോഷങ്ങളുടെ ക്രമത്തെ വിവരിക്കുന്നു.

വി. കുർബാനയുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ 2:46-ൽ നമുക്ക് കാണാം. ആദിമ ക്രിസ്ത്യാനികൾ വർഷത്തിൽ ഒരിക്കൽ പെസഹാ തിരുനാളിൽ ബലി അർപ്പിച്ചിരുന്നു എന്നുള്ള വസ്തുത വി. ലൂക്കോസ് തന്റെ വാക്കുകളിലൂടെ തിരുത്തുന്നുണ്ട്. ആദിമ ക്രിസ്ത്യാനികളുടെ ഇടവിടാതെയുള്ള ദൈവാലയത്തിലെ ആരാധനയെക്കുറിച്ച് വി. ലൂക്കാ വിവരിക്കുന്നു (3:1; 21:20-25). ഈ ഒരു യഹൂദ പാരമ്പര്യമാണ് പിന്നീട് ഞായറാഴ്ച കർത്താവിന്റെ ദിനമായി ആചരിക്കാനുള്ള പശ്ചാത്തലം. കാരണം ക്രിസ്ത്യാനികളായി മാറിയ യഹൂദർ ശാബത്തിനു ശേഷം (ശനിയാഴ്ച സൂര്യാസ്തമനം) മാത്രമേ ബലിയർപ്പിച്ചിരുന്നുള്ളു. അങ്ങനെയാണ് ആഴ്ചയിലെ ആദ്യദിനം, യേശുക്രിസ്തുവിന്റെ ഉയിർപ്പു ദിനമായി മാറിയത്.

അപ്പ. 20:7-12 വരെയുള്ള വാക്യങ്ങളിലെ 'രാത്രി കൂട്ടായ്മ' ആദിമ സഭയിലെ വി. കുർബാനയാചരണത്തിന്റെ മറ്റൊരുദാഹരണമാണ്. വി. പൗലോസിന്റെ ദീർഘമായ പ്രസംഗം കേട്ട് മയങ്ങി താഴത്തെ നില

www.malankaralibrary.com


യിൽ വീണ് 'എവുത്തിക്കസ്' എന്ന യുവാവ് മരണമടയുന്നു, എന്നാൽ പൗലോസ് ആ യുവാവിനെ ജീവിതത്തിലേക്ക് തിരികെ കൊണ്ടു വരുന്നു. അതിനു ശേഷം അപ്പം മുറിച്ചിട്ട് പ്രസംഗം തുടരുന്നു. ഇവിടെ വി. കുർബാനയുടെ രക്ഷിക്കുന്ന അനുഭവത്തിലേക്കാണ് ലൂക്കോസ് വിരൽ ചൂണ്ടുന്നത്. ക്രിസ്തു ഏക രക്ഷകൻ എന്നുള്ളതാണ് അപ്പ സ്തോല പ്രവർത്തനങ്ങളുടെ സാരാംശം (4:12; 5:1; 13:23). റോമായി ലേക്കുള്ള കപ്പൽ യാത്രയിലും ആ ജനത്തിനു വേണ്ടി പൗലോസ് അപ്പം മുറിക്കുന്നതും (27:33-36) ശേഷം വലിയ അപകടത്തിൽ നിന്നും അവർ രക്ഷപ്പെടുന്നതും നമുക്ക് കാണാം. ക്രിസ്തുവിനെക്കുറിച്ച് നേരി ട്ടുള്ള വിവരണങ്ങളില്ല എങ്കിലും വി. കുർബാനയുടെ സഭയിലുള്ള രക്ഷിക്കുന്ന ശക്തിയെക്കുറിച്ചാണ് വി. ലൂക്കാ പരാമർശിക്കുന്നത്.

വി. ലൂക്കാ സുവിശേഷത്തിൽ ഉയിർപ്പിനു മുൻപും പിൻപുമുള്ള കൂട്ടായ്മകളും അപ്പം മുറിക്കലുകളും വി. കുർബാനയുടെ മുന്നാസ്വാദ നമാണ്. വി. ലൂക്കായുടെ സുവിശേഷത്തിലെ വിരുന്നുകളുമായി ബന്ധ പ്പെട്ട പ്രധാന കാര്യങ്ങൾ താഴെ പറയുന്നവയാണ്.

A. ക്രിസ്തുവിനോടൊപ്പം മേശമേൽ പങ്കുചേരുന്നവർക്ക് അതി ഥിയും ആതിഥേയനുമായൊക്കെ ക്രിസ്തു സമീപസ്ഥനാണ്. അവ നോടൊപ്പം ഭക്ഷണം കഴിക്കുന്നവരെ ക്രിസ്തു പരിഗണിക്കുന്നുണ്ട് അവരുടെ ആവശ്യങ്ങൾ അവൻ നിറവേറ്റുകയും, അവരെ സുഖപ്പെടു ത്തുകയും, പഠിപ്പിക്കുകയും, തിരുത്തുകയും ചെയ്യുന്നു. അതുപോലെ തന്നെ വി. കുർബാനയിൽ പങ്കെടുക്കുന്നവർക്ക് ക്രിസ്തു സമീപസ്ഥ നാണ്. അവരുടെ ആവശ്യങ്ങൾ ക്രിസ്തു നിറവേറ്റുന്നു.

B. പാപിയെന്നോ, നീതിമാനെന്നോ, സമ്പന്നനെന്നോ, ദരിദ്ര നെന്നോ വിവേചനങ്ങളില്ലാതെ ക്രിസ്തു എല്ലാവരേയും സ്വാഗതം ചെയ്തു. ക്രിസ്തു തന്റെ സമ്പർക്കങ്ങളിൽ ഒരിക്കലും ഒരു വിട്ടു വീഴ് ചയ്ക്കും തയ്യാറല്ലായിരുന്നു. വിവേചനങ്ങളില്ലാതെ എല്ലാവരേയും ഒരു ബലിപീഠത്തിനു ചുറ്റും ഒരുമിച്ചു കൂട്ടുന്ന ബലിയാണ് വി. കുർബാന.

C. ക്രിസ്തുവിന്റെ വിരുന്നുകളെല്ലാം വരാനിരിക്കുന്ന ദൈവരാ ജ്യത്തിലെ വിരുന്നുകളുടെ മുന്നോടിയാണ് അതുപോലെ "വി. കുർബാന നമ്മെ യേശുവുമായി അതുല്യവും അഗാധവുമായ രീതി യിൽ ഐക്യപ്പെടുത്തുന്നു. നമ്മുടെ ഹൃദയവും, നമ്മുടെ അസ്തി ത്വവും, ദൈവവുമായുള്ള ബന്ധവും, സഹോദരങ്ങളുമായുമുള്ള ബന്ധ വുമെല്ലാം വി. കുർബാന പുതുക്കുകയും ഒപ്പം സ്വർഗ്ഗത്തിൽ പിതാവു

 www.malankaralibrary.com

മായുള്ള വിരുന്നിന്റെ മുന്നാസ്വാദനം നല്കുകയും ചെയ്യുന്നു" (ഫ്രാൻസിസ് മാർപ്പാപ്പ).

D. യേശുക്രിസ്തുവിനെക്കുറിച്ചുള്ള തിരുവെഴുത്തുകൾ ഉത്ഥാന തിരുനാളിന്റെ വെളിച്ചത്തിലാണ് നമുക്ക് മനസ്സിലാകുന്നത്. എല്ലാ സുവിശേഷങ്ങളും രചിച്ചിരിക്കുന്നതും ഉത്ഥാനത്തിന്റെ വെളിച്ചത്തിലാണ്. ഉത്ഥിതനായ ക്രിസ്തുവിനെ ശിഷ്യന്മാർ ദർശിച്ചത് മുറിക്കപ്പെട്ട അപ്പത്തിലായിരുന്നു. അതായത് ക്രിസ്തുവിന്റെ ശിഷ്യന്മാർ ക്രിസ്തുവിനെ ദർശിച്ചത് വി. കുർബാനയിലായിരുന്നു.

## II. അന്ത്യത്താഴം (22:14-38)

ലൂക്കാ സുവിശേഷത്തിലെ വിരുന്നുകളുടെ ശ്രേണിയിലെ ഏറ്റവും അവസാനത്തേതും, എന്നാൽ ക്രിസ്തുവിന്റെ വ്യക്തിത്വവും, ക്രിസ്തുവിന്റെ ദൗത്യത്തിന്റെ ഉദ്ദേശവും വെളിപ്പെടുത്തുകയും ചെയ്യുന്ന വിരുന്നാണ് അന്ത്യത്താഴം. അപ്പം വർദ്ധിപ്പിക്കുന്ന സംഭവത്തിനുശേഷം ക്രിസ്തു ആതിഥേയനാകുന്ന, ഉത്ഥാനത്തിനു മുൻപുള്ള ഒരേ ഒരു വിരുന്നിതാണ്. മത്തായിയുടേയും മർക്കോസിന്റെയും വിവരണങ്ങളേക്കാൾ ദീർഘമായ വിവരണമാണ് ലൂക്കാ സുവിശേഷകൻ നല്കുന്നത്. ലൂക്കാ സുവിശേഷകൻ ഒരു യാത്രയയപ്പ് പ്രസംഗം പോലെയാണ് പ്രസ്തുത ഭാഗം ക്രമീകരിച്ചിരിക്കുന്നത്. അതായത് വിടവാങ്ങുന്ന നേതാവ് തന്റെ കൂട്ടുകാരെയെല്ലാം അവസാനമായി വിളിച്ചുകൂട്ടി വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചും, പ്രവർത്തനങ്ങളെക്കുറിച്ചും അവർക്ക് വിവരിച്ചു കൊടുക്കുന്നു.

അന്ത്യത്താഴത്തിന്റെ ഒരുക്കത്തിൽ (22:7-14) മർക്കോസിന്റെ സുവിശേഷത്തിൽ നിന്ന് നേരിയ വ്യത്യാസത്തോടെ അതേപടി പകർത്തുകയാണ് സുവിശേഷകൻ. മർക്കോസിന്റെ സുവിശേഷം 14:13-ൽ പറഞ്ഞിരിക്കുന്ന രണ്ടു ശിഷ്യന്മാർ, പത്രോസ്, യോഹന്നാൻ എന്ന പേരുകളിലാണ് ലൂക്കാ സുവിശേഷത്തിൽ അവതരിപ്പിക്കപ്പെടുന്നത്. അപ്പസ്തോല പ്രവർത്തനങ്ങളിൽ ഇവർ തന്നെയാണ് പിന്നീട് കൂട്ടായ്മകളുടെ തലവന്മാരായി വരുന്നതും (3:1-11, 8:14). എന്നാൽ ഇതിനു ശേഷം ലൂക്കാ സുവിശേഷത്തിൽ പ്രധാനമായും രണ്ടു വ്യത്യാസങ്ങളാണ് കാണുവാൻ സാധിക്കുക.

1. അപ്പവും വീഞ്ഞും പങ്കിട്ടതിനു ശേഷമാണ് ലൂക്കായുടെ സുവിശേഷത്തിൽ ഒറ്റുകാരനെക്കുറിച്ച് പരാമർശിക്കുന്നത്

www.malankaralibrary.com


2. മർക്കോസിന്റെ സുവിശേഷത്തിൽ നിന്ന് വ്യത്യസ്തമായി ക്രിസ്തുവിന്റെ രണ്ടാം വരവിനെക്കുറിച്ച് സ്ഥാപനവചനങ്ങൾക്കു മുമ്പാണ് ലൂക്കാ സുവിശേഷത്തിൽ പരാമർശിക്കുന്നത്.

എല്ലാ സുവിശേഷകരും തങ്ങൾ അഭിവാദനം ചെയ്യുന്ന കൂട്ടായ്മയ്ക്കു വേണ്ടിയാണ് സുവിശേഷം എഴുതിയത്. അതോടൊപ്പം തന്നെ ലൂക്കോസ് സുവിശേഷകൻ ഉത്ഥാനത്തിനും രണ്ടാം വരവിനും ഇടയിലുള്ള സഭയുടെ ഒരവസ്ഥ കൂടെയാണ് ഇവിടെ വ്യക്തമാക്കുന്നത്. തന്നെത്തന്നെ ശൂന്യനാക്കിയ ക്രിസ്തുവിന്റെ ഉത്ഥാനത്തിലേക്ക് നമ്മൾ കർത്താവിന്റെ അന്ത്യത്താഴത്തിലൂടെ പങ്കുചേരുകയാണ് (22:19-20). ഒരു ഒറ്റുകാരനെ അംഗീകരിക്കാൻ കഴിയാത്ത കൂട്ടായ്മയാണ് ഇത് (22:21-23). ഈ അന്ത്യത്താഴത്തിന് സേവനത്തിന്റെ ഒരു തലമുണ്ട് (22:24-27). ഇത് സ്വർഗ്ഗീയ വിരുന്നിനൊരു മുന്നാസ്വാദനമാണ് (22:28-30). എങ്കിലും ഇത് നേടിയെടുക്കാനായി പ്രതിസന്ധികളും എതിർപ്പുകളും സഹിക്കേണ്ടിവരും (22:35-38). എന്നിരുന്നാലും എല്ലാ പ്രതിസന്ധികളിലും ഉയിർത്തെഴുന്നേറ്റ ക്രിസ്തു തന്റെ ശിഷ്യനായ പത്രോസിലൂടെയും ശിഷ്യന്മാരിലൂടെയും നമ്മെ ബലപ്പെടുത്തുന്നു (22:31-32).

## III. ലൂക്കാ സുവിശേഷത്തിലെ അന്ത്യ അത്താഴത്തിന്റെ ദിവ്യകാരുണ്യ ദൈവശാസ്ത്രം

സമാന്തര സുവിശേഷങ്ങളിൽ നല്കുന്ന എല്ലാ ദൈവശാസ്ത്രചിന്തകളും വി. ലൂക്കാ സുവിശേഷത്തിലും നമുക്ക് കാണാം. എന്നാൽ അതിൽ നിന്നും വ്യത്യസ്തമായ ചിന്തകളും സുവിശേഷകൻ വിവരിക്കുന്നു.

### 1. "പീഡയനുഭവിക്കുന്നതിനു മുൻപ് നിങ്ങളോടു കൂടെ ഈ പെസഹാ ഭക്ഷിക്കുന്നതിന് ഞാൻ അത്യധികം ആഗ്രഹിച്ചു" (22:5).

അന്ത്യ അത്താഴത്തിന്റെ വിവരണം ആരംഭിക്കുന്നത് ക്രിസ്തുവിന് തന്റെ ശിഷ്യന്മാരോടൊപ്പം വിരുന്നിൽ പങ്കെടുക്കാനുള്ള ക്രിസ്തുവിന്റെ അതിയായ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ടാണ്. അതായത് യേശുക്രിസ്തുവിന്റെ അവസാനത്തെ അത്താഴമെന്നോണം അവന്റെ മരണത്തിന്റെ പിന്നാമ്പുറങ്ങളിലാണ് ഈ വാകൃങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. 22:6-18 വരെയുള്ള വാക്യങ്ങളിൽ നിന്ന് ഇത് കൂടുതൽ വ്യക്തമാണ്. "ദൈവരാജ്യത്തിൽ ഇത് പൂർത്തിയാകുന്നതുവരെ ഞാൻ ഇനി ഇതു ഭക്ഷിക്കുകയില്ല" (22:16). "ഇപ്പോൾ മുതൽ ദൈവരാജ്യം വരുന്നതുവരെ മുന്തിരിയുടെ ഫലത്തിൽ നിന്ന് ഞാൻ പാനം ചെയ്യുക

www.malankaralibrary.com

യില്ല" (22:8). സ്ഥാപനവചനങ്ങൾക്കു മുമ്പ് തന്നെ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ച് സുവിശേഷകൻ വിവരിക്കുന്നു. അവസാന അത്താഴം ഇതിനോടകം തന്നെ വരാനിരിക്കുന്ന രാജ്യത്തിനായുള്ള വിരുന്നായാണ് സുവിശേഷകൻ വിവരിക്കുന്നത്. ഇത് ക്രിസ്തുവിന് തന്റെ ശിഷ്യന്മാരോടൊത്തുള്ള അവസാനത്തെ അത്താഴമാണ്. ഇനി തന്റെ ഉത്ഥാനത്തിലൂടെ ദൈവരാജ്യം യാഥാർത്ഥ്യമായതിനു ശേഷം മാത്രമേ ഞാൻ നിങ്ങളോടൊത്ത് ഭക്ഷണം കഴിക്കു എന്ന് ക്രിസ്തു സൂചിപ്പിക്കുന്നു. ലൂക്കോസ് സുവിശേഷകനെ സംബന്ധിച്ചിടത്തോളം ഇത് ഒരേ സമയം സ്വർഗ്ഗീയ വിരുന്നിനെയും (13:28-29) സഭാജീവിതത്തെയുമാണ് സൂചിപ്പിക്കുന്നത് (7:28). ക്രിസ്തു ഉടൻ തന്നെ തന്റെ ശിഷ്യന്മാരുമായി പങ്കിടാൻ പോകുന്ന വി. കുർബാനയാകുന്ന വിരുന്നിനെക്കുറിച്ചാണ് സുവിശേഷകൻ ഇവിടെ സൂചിപ്പിക്കുന്നത്. എമ്മാവൂസിലേയും, ജറുസലെമിലേയും തുടർന്ന് മറ്റെല്ലാ സ്ഥലങ്ങളിലെയും വി. കുർബാനയാകുന്ന വിരുന്നിനെയാണ് സുവിശേഷകൻ വിവരിക്കുക.

**2. രണ്ടാമത്തെ പാനപാത്രം (22:20)**

ലൂക്കാ സുവിശേഷത്തിന്റെ മാത്രം പ്രത്യേകതയാണ് യേശുക്രിസ്തു രണ്ടാമതും പാനപാത്രമെടുത്ത് ആശീർവദിക്കുന്നത് (22:20). ലൂക്കോസ് തന്റെ സുവിശേഷത്തിൽ അന്ത്യ അത്താഴം യഹൂദരുടെ പെസഹാ ആചരണവുമായി ബന്ധപ്പെടുത്തിയാണ് വിവരിക്കുന്നത്. യഹൂദരുടെ പെസഹാ ആചരണത്തിൽ നാല് പാനപാത്രമാണ് പാനം ചെയ്യുന്നത്. നാലും നാല് ഘട്ടത്തിലാണ് യഹൂദർ പാനം ചെയ്യുന്നത്. ലൂക്കോസിന്റെ സുവിശേഷത്തിൽ വിവരിച്ചിരിക്കുന്ന ആദ്യത്തെ പാനപാത്രം യഹൂദപാരമ്പര്യമനുസരിച്ച്, രണ്ടാമത്തെ തവണ പാനം ചെയ്യുന്ന പാനപാത്രത്തെയാണ് സൂചിപ്പിക്കുന്നത്. അത് പ്രഖ്യാപനത്തിന്റെ പാനപാത്രമെന്നാണ് വിളിക്കുക. ലൂക്കാ സുവിശേഷത്തിലെ രണ്ടാമത്തെ പാനപാത്രത്തെ യഹൂദ പെസഹാ ആചരണത്തിലെ മൂന്നാമത്തെ പാനപാത്രമായാണ് മനസ്സിലാക്കാൻ സാധിക്കുക. അനുഗ്രഹത്തിന്റെ പാനപാത്രമാണ് അത്. പുതിയ നിയമത്തിൽ ഈ പാനപാത്രത്തെയാണ് വി. കുർബാനയുടെ പ്രതീകമായി മനസ്സിലാക്കുന്നത്. ഭക്ഷണം കഴിച്ചതിനു ശേഷം പാനപാത്രമെടുക്കുന്നതായി സുവിശേഷകൻ വിവരിക്കുന്നതുകൊണ്ടാണ് ഇത് യഹൂദ പെസഹായിലെ മൂന്നാമത്തെ പാനപാത്രമായി മനസ്സിലാക്കിയത്. കാരണം പെസഹാ ആച

www.malankaralibrary.com


രണത്തിൽ ഭക്ഷണത്തിനു ശേഷമാണ് മൂന്നാമത്തെ പാനപാത്രത്തിൽ നിന്നും പാനം ചെയ്തിരുന്നത്. ഈ പാനപാത്രം പുതിയ ഉടമ്പടിയുടെ രക്തമാണ്, ഇത് ക്രിസ്തു രക്തം ചിന്തുന്നതിലൂടെയാണ് യാഥാർത്ഥ്യമാകുന്നത്. അതായത് ക്രിസ്തു തന്നെ തന്നെ നമുക്ക് വേണ്ടി മരണത്തിന് ഏൽപിച്ചുകൊടുക്കുന്നു. വി. കുർബാന ക്രിസ്തുവിന്റെ സ്വയം ശൂന്യവത്കരണത്തിന്റെയും പങ്കിട്ടുകൊടുക്കലിന്റെയും പ്രതീകമാണ്.

**3. ക്രിസ്തു ദൈവത്തിന്റെ ദാസൻ**

ലൂക്കാ സുവിശേഷത്തിൽ വി. കുർബാനയുടെ സ്ഥാപന വിവരണത്തിൽ മർക്കോസിന്റെ സുവിശേഷത്തിൽ പാനപാത്രത്തിനു നല്കുന്ന ദൈവശാസ്ത്രപരമായ വിവരണം നമുക്ക് കാണാൻ സാധിക്കില്ല. എന്നാൽ ക്രിസ്തുവിന്റെ പാപപരിഹാര മരണത്തെ "നിങ്ങൾക്കുവേണ്ടി നല്കപ്പെടുന്ന" (22:19) "നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന" (22:20) എന്ന വാക്കുകളിലാണ് വിവരിച്ചിരിക്കുന്നത്. ലൂക്കോസിന്റെ സുവിശേഷത്തിൽ കൂടുതലായി നമുക്ക് കാണുവാൻ സാധിക്കുന്നത് കൂട്ടായ്മയുടെയും സേവനത്തിന്റെയും ആശയങ്ങളാണ്. "നിങ്ങൾ പോയി നമുക്ക് പെസഹാ ഭക്ഷിക്കേണ്ടതിന് ഒരുക്കങ്ങൾ ചെയ്യുവിൻ" (22:18). ഇവിടെ പെസഹാ ആചരിക്കുന്ന കാര്യം യേശു ശിഷ്യന്മാരോട് പറയുമ്പോൾ മർക്കോസിന്റെ സുവിശേഷത്തിൽ ശിഷ്യന്മാർ തന്നെ യേശുവിനോട് "നിനക്ക് ഞങ്ങൾ എവിടെ പെസഹാ ഒരുക്കണമെന്നാണ് നീ ആഗ്രഹിക്കുന്നത്" (മർക്കോ. 14:12) എന്നാണ് കാണുവാൻ സാധിക്കുക. "പീഡയനുഭവിക്കുന്നതിനു മുമ്പ് നിങ്ങളോട് കൂടെ പെസഹാ ഭക്ഷിക്കുന്നതിന് ഞാൻ അത്യധികം ആഗ്രഹിച്ചു" (22:15), "ഞാനാകട്ടെ നിങ്ങളുടെ ഇടയിൽ പരിചരിക്കുന്നവനെപ്പോലെയാണ്" (22:27), ഈ വാക്യങ്ങളെല്ലാം ക്രിസ്തുവിന്റെ സേവന മനോഭാവത്തെ എടുത്തുകാട്ടുന്നവയാണ്. വി. ലൂക്കായുടെ ദൈവശാസ്ത്രത്തിൽ ക്രിസ്തുവിന്റെ മരണം, ദൈവത്തിന്റെ ദാസന്റെ വിധേയത്വമുള്ള സ്വയം ശൂന്യവത്കരണമായാണ് വിവരിക്കുന്നത്. ക്രിസ്തുവിന്റെ മരണം മനുഷ്യന്റെ പാപത്തിന്റെയും മരണത്തിന്റെയും ബന്ധത്തെ തകർക്കുന്ന പ്രക്രിയ ആണ് (അപ്പ. 2:24). ക്രിസ്തുവിന്റെ മരണം സേവനത്തിന്റെ ആത്യന്തികമായ പ്രക്രിയയാണ്. തന്റെ ശരീരവും രക്തവുമാകുന്ന, അപ്പത്തിലും വീഞ്ഞിലും പങ്കുചേരുന്നതിലൂടെ ശിഷ്യന്മാർക്കും സേവനത്തിലുള്ള ദാനം മുൻകൂട്ടി നല്കുകയാണ് ക്രിസ്തു.

www.malankaralibrary.com

"എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്യുവിൻ" (22:19) എന്നു ലൂക്കാ വിവരിക്കുമ്പോൾ അത് കേവലം ഒരു ആചാരനുഷ്ഠാനമോ, ചരിത്രത്തിന്റെ ഓർമ്മയോ മാത്രമല്ല മറിച്ച് ക്രിസ്തു തന്നെത്തന്നെ ദാനമായി നല്കിയതുപോലെ ചെയ്യാനുള്ള ഒരു ആഹ്വാനം കൂടിയാണ്.

**4. ഒറ്റിക്കൊടുക്കുന്നവനുള്ള താക്കീത്**

ഒറ്റുകൊടുക്കുന്നവനെക്കുറിച്ചുള്ള വിവരണം സ്ഥാപന വിവരണത്തിന്റെ അവസാന ഭാഗത്താണ് നമുക്ക് കാണുവാൻ സാധിക്കുക. ഒറ്റുകാരനാരാണ് എന്ന് ലൂക്കാ പേരെടുത്ത് പറയുന്നില്ല (22:21-23). അവസാന അത്താഴത്തിലെ ആർക്കും അതാരാണ് എന്നറിയുകയില്ല, ക്രിസ്തു അല്ലാതെ അവിടെ പങ്കെടുക്കുന്ന ആരു വേണമെങ്കിലുമാകാം. ഒരുപക്ഷേ ലൂക്കോസ് താൻ അഭിസംബോധന ചെയ്യുന്ന, വി. കുർബാനയിൽ അനുതാപമില്ലാതെ പങ്കെടുത്തിരുന്ന കൂട്ടായ്മയുടെ അമിത ആത്മവിശ്വാസത്തിനും അലംഭാവത്തിനും നല്കുന്ന ഒരു താക്കീതായി നമുക്ക് ഇതിനെ മനസ്സിലാക്കാം. എന്നാൽ അതിനേക്കാളുപരി, തന്നോടൊപ്പമുള്ള ഒരുവൻ തന്നെ ഒറ്റിക്കൊടുത്തു എന്നു മനസ്സിലാക്കിയിട്ടും വിവേചനങ്ങളില്ലാതെ എല്ലാവരേയും നന്നിലേക്കടുപ്പിക്കുന്ന ക്രിസ്തുവിന്റെ ആതിഥ്യമര്യാദയേയും ഇത് സൂചിപ്പിക്കുന്നു. ഇത് തന്നെയാണ് വി. കുർബാനയുടെ ലക്ഷ്യവും. സ്വയം പരിഗണനയില്ലാതെ എല്ലാവർക്കുമായി സമർപ്പിക്കുന്നതിലൂടെ, ഒരു ദാസനായി പ്രവർത്തിക്കുക എന്നതിന്റെ അർത്ഥം യേശു വെളിപ്പെടുത്തി തരുന്നു.

**5. ആരാണ് വലിയവൻ (22:24-30)**

മർക്കോസിന്റെ സുവിശേഷത്തിൽ ജറുസലെമിലേക്കുള്ള യാത്രാമദ്ധ്യേ വിവരിച്ചിരിക്കുന്ന പ്രസ്തുത വേദഭാഗം (മർക്കോ. 10:35-45) ലൂക്കാ സുവിശേഷത്തിൽ വി. കുർബാന സ്ഥാപനത്തിനുശേഷമാണ് വിവരിച്ചിരിക്കുന്നത് (22:24-30). മർക്കോസിന്റെ സുവിശേഷത്തിൽ യാക്കോബിന്റെയും യോഹന്നാന്റെയും ചോദ്യത്തിന്റെ പശ്ചാത്തലത്തിൽ വിവരിക്കുന്ന സംഭവം ലൂക്കാ സുവിശേഷത്തിൽ സെബദീപുത്രന്മാരുടെ ചോദ്യത്തിന്റെ പശ്ചാത്തലത്തിലല്ലാതെ എല്ലാ ശിഷ്യന്മാർക്കും നൽകുന്ന ഉപദേശമാണ്. ലൂക്കാ സുവിശേഷത്തിൽ ശിഷ്യന്മാർ ക്രിസ്തുവിന്റെ വലതും ഇടതും ഇരിക്കാനുള്ള ആവശ്യം ഉന്നയിക്കുന്നില്ല. കാരണം ക്രിസ്തു "സിംഹാസനങ്ങളിൽ ഇരുന്ന് ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെ വിധിക്കുവാൻ" (22:30) തന്റെ ശിഷ്യ

www.malankaralibrary.com


ന്മാർക്ക് വരം നല്കുന്നുണ്ട്. വലിയവനെക്കുറിച്ചുള്ള പരാമർശത്തിൽ ക്രിസ്തു സംസാരിക്കുന്നത് യഥാർത്ഥത്തിൽ സമൂഹത്തിന്റെ നേതാക്കളായവരോടും അവരുടെ പിൻഗാമികളായവരോടുമുള്ള നിർദ്ദേശമാണ്. "നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനുമായിരിക്കണം" (മർക്കോ. 10:44) എന്നവാക്യം മർക്കോസ് സുവിശേഷത്തിൽ നിന്നു വ്യത്യസ്തമായി "അധികാരമുള്ളവൻ (*Hegoumenos*) ശുശ്രൂഷകനെപോലെയായിരിക്കണം" (22:26) എന്നാണ് ലൂക്കാ സുവിശേഷത്തിൽ കാണുന്നത്. ഒറ്റിക്കൊടുക്കുന്ന വിവരണത്തിനു അടുത്തു തന്നെ സ്വന്തം പ്രധാന്യത്തെക്കുറിച്ചും യേശുവിനോടുള്ള അടുപ്പത്തെക്കുറിച്ചും തർക്കിക്കുന്ന ശിഷ്യന്മാരോട് ക്രിസ്തു പറയുകയാണ് എന്നോടൊപ്പം മേശമേൽ പങ്കെടുക്കുന്നവർ വിശ്വാസവഞ്ചകരെക്കുറിച്ചും, വലിയവനെക്കുറിച്ചുമല്ല, ശുശ്രൂഷകനാകുന്നതിനെക്കുറിച്ചും, ദാസനായിരിക്കുന്നതിനെക്കുറിച്ചുമാണ് സംസാരിക്കേണ്ടത്.

**6. ലൂക്കാ. 22:31–34; 22:35–38**

വി. കുർബാന സ്ഥാപനത്തിനുശേഷം വരുന്ന രണ്ടു വേദഭാഗങ്ങൾ ലൂക്കാ അഭിസംബോധനചെയ്യുന്ന കൂട്ടായ്മയിലെ നേതാക്കന്മാർക്ക് വരാനിരിക്കുന്ന മതപീഡന സമയത്ത് ധൈര്യമായിരിക്കാനുള്ള ആഹ്വാനമാണ്: "ശിമയോൻ, ശിമയോൻ, ഇതാ സാത്താൻ നിങ്ങളെ ഗോതമ്പുപോലെ പാറ്റാൻ ഉദ്യമിച്ചു. എന്നാൽ നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കു വേണ്ടി പ്രാർത്ഥിച്ചു. നീ തിരിച്ചു വന്ന് നിന്റെ സഹോദരന്മാരെ ശക്തിപ്പെടുത്തണം" (22:31–32). പത്രോസിന് ലഭിക്കുന്ന ഈ ദൗത്യത്തിന്റെ പൂർത്തീകരണം അപ്പസ്തോല പ്രവർത്തനങ്ങളിൽ ആദ്യഭാഗങ്ങളിലുള്ള പത്രോസിന്റെ പ്രസംഗത്തിലൂടെ പൂർത്തീകരിക്കപ്പെടുന്നത് നമുക്ക് കാണാം. വരാനിരിക്കുന്ന പ്രയാസകരമായ സമയത്തെക്കുറിച്ച് ക്രിസ്തു ശിഷ്യന്മാരെ ഓർമ്മിപ്പിക്കുന്നു. അതിന്റെ തുടക്കമാണ് ക്രിസ്തുവിന്റെ മരണം (22:35–38). അതിനായി ഒരുങ്ങിയിരിക്കാൻ ക്രിസ്തു ശിഷ്യന്മാരോട് ആവശ്യപ്പെടുന്നു. തുടക്കത്തിൽ അവർ തെറ്റിദ്ധരിക്കുന്നു (22:38). എന്നാൽ തങ്ങളുടെ ശക്തിയും സംരക്ഷണവും, ഉത്ഥാന ശേഷമുള്ള വി. കുർബാനയിലൂടെ തങ്ങളോടുള്ള ഉടമ്പടി പുതുക്കിയ ക്രിസ്തുവിൽ നിന്നാണെന്ന് പിന്നീട് അവർ മനസ്സിലാക്കും. ക്രിസ്തുവിന്റെ ശുശ്രൂഷയുടെയും, മേശമേലുള്ള കൂട്ടായ്മയുടെയും പ്രധാന ആശയം "അവൻ പാപികളോടുകൂടെ എണ്ണപ്പെട്ടു" (ഏശ. 53:12 ; ലൂക്കാ. 22:37) എന്നുള്ളതാണ്. ഇതേ കൂട്ടായ്മ തന്നെ ക്രിസ്തു സഭയിലും വി. കുർബാനയിലൂടെ തുടരും.

www.malankaralibrary.com

## ഉപസംഹാരം

മറ്റു സുവിശേഷങ്ങളെ സംബന്ധിച്ചിടത്തോളം വി. ലൂക്കാ സുവിശേഷത്തിലെ ഭക്ഷണവും വിരുന്നുമായും ബന്ധപ്പെട്ട ഭാഗങ്ങളെല്ലാം ലൂക്കായുടെ ദിവ്യകാരുണ്യ ദൈവശാസ്ത്രത്തിന് വിശാലമായ ഒരു അർത്ഥം നല്കുന്നു. യേശു തന്റെ പരസ്യജീവിതത്തിൽ പങ്കെടുത്ത എല്ലാ വിരുന്നുകളും അന്ത്യ അത്താഴത്തിലേക്കും, ഉത്ഥാനാനന്തരമുള്ള വിരുന്നുകളിലേക്കും, വി. കുർബാനയിലേക്കും വിരൽചൂണ്ടുന്നു. ഒരു മേശമേലുള്ള ക്രിസ്തുവിന്റെ പങ്കുവയ്ക്കൽ എല്ലാ ജനതയ്ക്കുമുള്ള ദൈവീക രക്ഷയും ദൈവീക ജീവനുമാണ് സൂചിപ്പിക്കുന്നത്. ക്രിസ്തു പാപികളിൽ നിന്നും, പുറത്താക്കപ്പെട്ടവരിൽ നിന്നും, ഒറ്റുകാരിൽ നിന്നും ഒരിക്കലും മുഖം തിരിച്ചില്ല. അവൻ എപ്പോഴും സമൂഹത്തിൽ തഴയപ്പെട്ടവരോടൊപ്പമായിരുന്നു. മേശയിലുള്ള ക്രിസ്തുവിന്റെ സാന്നിധ്യം അവരോടൊപ്പം ഭക്ഷണത്തിൽ പങ്കുചേരുന്നവരുമായി ഒരു പുതിയ ഉടമ്പടി സൃഷ്ടിക്കുന്നു. വിരുന്നുകൾ ക്രിസ്തുവിനെ അദ്ധ്യാപകനായും, സുഖപ്പെടുത്തുന്നവനായും, ക്ഷമിക്കുന്നവനായും അനുരഞ്ജിപ്പിക്കുന്നവനായുമൊക്കെ അവതരിപ്പിക്കുന്നു.

ലൂക്കാ സുവിശേഷത്തിൽ സ്വയം ദാസനായി മരിക്കുന്ന ക്രിസ്തുവിന്റെ ചിത്രത്തിനാണ് സുവിശേഷകൻ കൂടുതൽ പ്രാധാന്യം നല്കുന്നത്. വി. കുർബാന ഒരേ സമയം പഴയതിന്റെ ഓർമ്മയും പൂർത്തീകരിക്കപ്പെടാനിരിക്കുന്ന ദൈവരാജ്യത്തിലെ വിരുന്നിന്റെ മുന്നാസ്വാദനവുമാണ്.

❖

www.malankaralibrary.com

അദ്ധ്യായം 4

# നിത്യജീവന്റെ അപ്പം
## (വി. യോഹന്നാന്റെ പാരമ്പര്യത്തിൽ)

**ഏ**റ്റവും അവസാനം എഴുതപ്പെട്ട സുവിശേഷമാണ് വി. യോഹന്നാന്റേത്. സുവിശേഷത്തിന്റെ രചനയുടെ സമയങ്ങളിലെല്ലാം വി. കുർബാന ക്രൈസ്തവ കൂട്ടായ്മകളുടെ വേർതിരിക്കാനാവാത്ത ഒന്നായിരുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ അന്ത്യത്താഴത്തെക്കുറിച്ചോ, സ്ഥാപനവചനത്തെക്കുറിച്ചോ, അപ്പം മുറിക്കലിനെക്കുറിച്ചോ ഉള്ള വിവരണങ്ങൾ കാണുവാൻ സാധിക്കില്ല. എന്നാലും വി. കുർബാനയെക്കുറിച്ചുള്ള ആഴമായ ദൈവശാസ്ത്ര ദർശനങ്ങൾ ഈ സുവിശേഷത്തിൽ നമുക്ക് കാണാം. ആധുനിക ദൈവശാസ്ത്രം യോഹന്നാന്റെ സുവിശേഷത്തെ ഏറ്റവും കൗദാശികപരമായ സുവിശേഷം എന്നാണ് വിശേഷിപ്പിക്കുന്നത്. ഇവ അടയാളങ്ങളിലൂടെ യോഹന്നാൻ തന്റെ സുവിശേഷത്തിൽ വെളിപ്പെടുത്തുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ അത്ഭുതങ്ങളെല്ലാം അടയാളങ്ങളായാണ് അവതരിപ്പിച്ചിരിക്കുന്നത്. ജലം ജീവജലമായിമാറുന്നു (4:10). കാഴ്ച എന്നാൽ 'വിശ്വാസമാണ്' (9:36–37), അപ്പം 'നിത്യജീവന്റെ അപ്പമായി' മാറുന്നു (6:34–35).

സമാന്തര സുവിശേഷങ്ങളിൽ വിവരിച്ചിരിക്കുന്നതുപോലെ തന്നെ അപ്പം വർദ്ധിപ്പിക്കുന്ന സംഭവം യോഹന്നാനും വി. കുർബാനയുമായി ബന്ധപ്പെടുത്തിയാണ് അവതരിപ്പിക്കുന്നത്. യോഹ. 6:25–39 വരെയുള്ള വാക്യങ്ങളിൽ വി. കുർബാനയെ ജീവന്റെ അപ്പമായി വിവരിക്കുന്ന ദീർഘമായ ഒരു സുവിശേഷഭാഗം വിവരിക്കുന്നു. മറ്റു സുവിശേഷകരിൽ നിന്ന് വ്യത്യസ്തമായ ഒരു സമീപനമാണ് യോഹന്നാന്റെ സുവി

www.malankaralibrary.com

ശേഷത്തിൽ ഉള്ളത്. കാരണം യോഹന്നാന്റെ ദൈവശാസ്ത്രം ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെ കേന്ദ്രീകരിച്ചാണ് രചിച്ചിരിക്കുന്നത്. വി. കുർബാനയുടെ ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനവും ക്രിസ്തുവിന്റെ മനുഷ്യാവതാരമാണ്. സുവിശേഷത്തിന്റെ ആരംഭത്തിൽ ക്രിസ്തുവിനെ അവതരിപ്പിക്കുന്നത് ബേത്‌ലഹേമിൽ ജനിച്ച ഒരു ശിശു എന്നല്ല മറിച്ച് “വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു” (1:14) എന്നാണ്. തന്റെ ജീവനിലൂടെയും മരണത്തിലൂടെയും ഉയിർപ്പിലൂടെയും മനുഷ്യരെ തന്നിലേക്കാകർഷിച്ച് (12:32) മനുഷ്യകുലത്തിന് നിത്യജീവൻ നൽകാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ദൈവത്തിന്റെ സ്വരമാണ് (3:13) യോഹന്നാന്റെ സുവിശേഷത്തിൽ യേശുക്രിസ്തു. മനുഷ്യകുലത്തിന്റെ കാലങ്ങളായുള്ള രക്ഷകനുവേണ്ടിയുള്ള അഭിവാഞ്ഛയുടെയും, കാത്തിരിപ്പിന്റെയും ഉത്തരമാണ് ക്രിസ്തു. വചനം മാംസമായി എന്ന് പറയാനും ‘ജീവന്റെ അപ്പം’ വിവരിക്കാനും യോഹന്നാൻ പ്രത്യേകമായി ശരീരം (soma) എന്ന പദത്തിനു പകരം മാംസം (sarx) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ശരീരം എന്നാൽ മനുഷ്യന് ഇന്ദ്രിയങ്ങൾകൊണ്ട് മനസ്സിലാക്കാൻ സാധിക്കും. എന്നാൽ മാംസം എന്നു പറയുമ്പോൾ അതിൽ ഇന്ദ്രിയങ്ങൾക്കതീതമായ ഒരു മനുഷ്യസ്വഭാവംകൂടി ഉൾച്ചേരുന്നുണ്ട്. വി. കുർബാന യോഹന്നാനെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിന്റെ മരണത്തിന്റെ ആഘോഷപരമായ ഒരോർമ്മ അല്ല മറിച്ച് നിത്യജീവനിലേക്കുള്ള ഭക്ഷണവും ജലവുമായാണ് യോഹന്നാന്റെ സുവിശേഷത്തിൽ വിവരിക്കുക. തന്റെ പരസ്യജീവിതത്തിൽ അനേകം ജനങ്ങളെ സുഖപ്പെടുത്തുകയും അവരുടെ വിശപ്പടക്കുകയും ചെയ്ത ക്രിസ്തുവിന്റെ അധികാരത്തിന്റെയും ശക്തിയുടെയും തുടർച്ചയാണ് വി.കുർബാന. അതിനാൽ തന്നെ മറ്റു സുവിശേഷങ്ങളിലെ പോലെ അന്ത്യത്താഴവുമായി ബന്ധിപ്പിച്ചല്ല യോഹന്നാൻ വി.കുർബാന വിവരിക്കുന്നത്. ക്രിസ്തുവിന്റെ ജീവിതത്തിൽ സംഭവിച്ച ഏതെങ്കിലുമൊന്നിന്റെ മുന്നാസ്വാദനമല്ല പിന്നയോ ക്രിസ്തുവിന്റെ എല്ലാ വചനങ്ങളിലും പ്രവൃത്തികളിലും ഇത് ഉൾച്ചേർന്നിരിക്കുന്നു.

വി. കുർബാനയുമായി ബന്ധപ്പെടുന്ന 5 ഭാഗങ്ങളാണ് പ്രധാനമായും യോഹന്നാന്റെ സുവിശേഷത്തിൽ ഉള്ളത്.

1. കാനായിലെ കല്യാണവിരുന്ന് (2:1-10)
2. അപ്പം വർദ്ധിപ്പിക്കുന്നു (6:1-15)
3. ജീവന്റെ അപ്പം (6:25-71)

www.malankaralibrary.com


4. മുന്തിരിവള്ളിയും ശാഖകളും (15:1–15)
5. യേശുവിന്റെ പാർശ്വം പിളർന്ന് രക്തവും വെള്ളവും ഒഴുകുന്നു (19:34)

## I. കാനായിലെ കല്യാണവിരുന്ന് (2:1–11)

കാലങ്ങളായി ഈ വചനഭാഗം ദൈവശാസ്ത്രജ്ഞരെ സംബന്ധിച്ചിടത്തോളം പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ ശക്തി വിളിച്ചോതുന്ന വിവാഹജീവിതത്തിന്റെ സവിശേഷത നമുക്ക് മനസ്സിലാക്കിതരുന്ന വേദഭാഗമായിരുന്നു. എന്നാൽ ഈ വേദഭാഗത്തിന് വിപുലമായ വേദശാസ്ത്ര ദൈവശാസ്ത്ര ആശയങ്ങൾ പങ്കുവയ്ക്കാനുണ്ട്. കാനായിലെ കല്യാണവിരുന്നിനെ വി. കുർബാനയുടെ ഒരു പ്രതീകമായി നമുക്ക് മനസ്സിലാക്കാം. ക്രിസ്തുവിന്റെ പരസ്യജീവിതകാലത്ത് താൻ പ്രവർത്തിച്ച ആദ്യത്തെ അടയാളമാണ് ഇത്. പ്രസ്തുത സംഭവത്തിൽ കല്യാണവിരുന്നിലെ വെള്ളത്തെ വീഞ്ഞാക്കി ആ കുടുംബത്തിലെ കുറവ് ക്രിസ്തു പരിഹരിക്കുന്നു. തന്റെ ജീവിതത്തിന്റെ അവസാന നാളുകളിൽ സെഹിയോൻ മാളികയിൽ അപ്പവും വീഞ്ഞും തന്റെ തിരുശരീരരക്തങ്ങളാക്കി ക്രിസ്തു രൂപാന്തരപ്പെടുത്തുന്നു. കാനായിലെ അത്ഭുതം ക്രിസ്തുവിന്റെ ദൗത്യത്തിന്റെ തുടക്കമായിരുന്നു. എന്നാൽ സെഹിയോൻ മാളികയിലെ അത്ഭുതം കൃപയിലൂടെ ഓരോ മനുഷ്യന്റെയും അവസ്ഥാ പരിവർത്തനത്തിന്റെ അടയാളമായിരുന്നു. കാനായിലെ കല്യാണവിരുന്ന് കുടുംബം, ആഘോഷം, സഹോദരസ്നേഹം, കൂട്ടായ്മ ഇവയുടെ ഒക്കെ അടയാളങ്ങളാണ്. വി. കുർബാനയുടെ ആത്യന്തികമായ സന്ദേശവും ഇതു തന്നെയാണ്. ഇതിന്റെ പശ്ചാത്തലത്തിൽ അത്ഭുതം പ്രവർത്തിക്കുന്നതിലൂടെ അവിടെ കൂടിയിരുന്നവരെയെല്ലാം ഈ കൂട്ടായ്മയിലേക്ക്, ദിവ്യകാരുണ്യത്തിന്റെ കൂട്ടായ്മയിലേക്കാണ് ക്രിസ്തു ക്ഷണിക്കുന്നത്.

കാനായിലെ കല്യാണ വിരുന്ന് പരിവർത്തനത്തിന്റെ കൗദാശികപരമായ ആശയങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. വീഞ്ഞ് വി. കുർബാനയിൽ സത്താപരമായി മാറ്റം സംഭവിച്ച് രക്തമായി മാറുന്ന ക്രിസ്തുവിന്റെ രക്തത്തെ സൂചിപ്പിക്കുന്നു. വാസ്തവത്തിൽ കാനായിലെ കല്യാണവിരുന്ന് സെഹിയോൻ മാളികയിലെ അവസാന വിരുന്നിന്റെ ഒരു മുന്നാസ്വാദനമാണ്. വി. അപ്രേം പറയുന്നു. "യഹൂദരുടെ ശുദ്ധീകരണത്തിനു വേണ്ടിയുള്ളതായിരുന്നു ആ കൽഭരണികൾ, എന്നാൽ നമ്മുടെ ദൈവം തന്റെ വാക്കുകളിലൂടെ വെള്ളത്തെ വീഞ്ഞാക്കിയതിലൂടെ നിയമത്തിന്റെയും പ്രവചനങ്ങളുടെയും പൂർത്തീകരണത്തിനാണ് വന്നത് എന്ന് നമുക്ക് മനസ്സിലാക്കിതരുന്നു".

www.malankaralibrary.com

## II. അപ്പം വർദ്ധിപ്പിക്കുന്നു (6:1–15)

സമാന്തര സുവിശേഷങ്ങൾപോലെതന്നെ യോഹന്നാന്റെ സുവിശേഷത്തിലും അപ്പം വർദ്ധിപ്പിക്കുന്ന അത്ഭുതം വി.കുർബാനയുടെ മുന്നാസ്വാദനമായാണ് കണക്കാക്കുന്നത്. യോഹന്നാന്റെ ദിവ്യകാരുണ്യ ദൈവശാസ്ത്രം ഏറ്റവും വ്യക്തമായി കാണപ്പെടുന്നത് 6–ാം അദ്ധ്യായത്തിലാണ്.

### A) വലിയൊരു ജനക്കൂട്ടം അവനെ അനുഗമിച്ചു (6:2)

ആറാം അദ്ധ്യായത്തിന്റെ ആരംഭം ക്രിസ്തുവിന്റെ രോഗശാന്തി പ്രവർത്തനങ്ങൾ കേട്ടറിഞ്ഞ് അവന് ചുറ്റും തടിച്ചുകൂടുന്ന ജനങ്ങളെക്കുറിച്ചാണ് വിവരിക്കുന്നത്. അവർ കാത്തിരുന്ന മിശിഹാ ആയിട്ടാണ് അവർ ക്രിസ്തുവിനെ കണ്ടിരുന്നത്. ഈ ഒരു അവസരം തന്നെ ക്രിസ്തു ലോകത്തിനു ജീവൻ നൽകുവാനായി വന്ന ജീവന്റെ അപ്പമാണ് എന്ന് വെളിപ്പെടുത്തുവാനായി യോഹന്നാൻ സുവിശേഷകൻ ഉപയോഗിക്കുന്നു. പിന്നീട് ജീവന്റെ അപ്പത്തെക്കുറിച്ച് വളരെ ദീർഘമായിതന്നെ സുവിശേഷകൻ വിവരിക്കുന്നു. എങ്കിലും അതിനുള്ളിലെ പ്രധാനപ്പെട്ട ആശയം വി.കുർബാനയാണ്. ജനങ്ങളെ സംബന്ധിച്ചിടത്തോളം ക്രിസ്തു അവരുടെ ഭൗതീകമായ, രാഷ്ട്രീയമായ ആവശ്യങ്ങൾ നടത്തിക്കൊടുക്കാൻ ദാവീദിനുശേഷം വന്ന മിശിഹാ എന്ന രാജാവായിരുന്നു. അതുകൊണ്ടാണ് 26–ാമത്തെ വാക്യത്തിൽ ക്രിസ്തു അവരോട് ചോദിക്കുന്നത് "അടയാളങ്ങൾ കണ്ടതുകൊണ്ടല്ല അപ്പം ഭക്ഷിച്ചു തൃപ്തരായതുകൊണ്ടാണ് നിങ്ങൾ എന്നെ അന്വേഷിക്കുന്നത്" (6:26). എന്നാൽ ആത്മീയമായ ഭക്ഷണത്തിന്റെയും നിത്യജീവന്റെയും ആഴമായ തലങ്ങളിലേക്കാണ് ക്രിസ്തു അവരെ ക്ഷണിക്കുന്നത്.

### B) യഹൂദരുടെ പെസഹാതിരുനാൾ അടുത്തിരുന്നു (6:4)

സമാന്തര സുവിശേഷങ്ങളിൽ നിന്ന് വ്യത്യസ്തമായി യോഹന്നാന്റെ സുവിശേഷത്തിൽ "യഹൂദരുടെ പെസഹാതിരുനാൾ അടുത്തിരുന്നു" (6:4) എന്നുകൂടി കൂട്ടി ചേർത്തിരിക്കുന്നു. "വസന്തകാലമായിരുന്നു" എന്നാണ് മറ്റു സുവിശേഷങ്ങളിൽ. അപ്പം വർദ്ധനയുടെ പശ്ചാത്തലം പെസഹയാണ്. അതുപോലെ ക്രിസ്തുവിന്റെ മരണത്തിന്റെയും അന്ത്യത്താഴത്തിന്റെയും പശ്ചാത്തലം പെസഹാ ആചരണമാണ്. അങ്ങനെ യേശു സ്ഥാപിക്കാനിരിക്കുന്ന പുതിയ പെസഹായാകുന്ന വി. കുർബാനയിലേക്ക് ഈ വാക്കുകൾ വിരൽചൂണ്ടുന്നു.

www.malankaralibrary.com


**C) ബാർലി അപ്പം (6:9)**

അന്നത്തെ കാലത്ത് കൂടുതൽ പേരും ഗോതമ്പ് കൊണ്ടുള്ള അപ്പമായിരുന്നു ഉപയോഗിച്ചിരുന്നത്. ബാർലിയപ്പം ഉപയോഗിച്ചിരുന്നത് ദരിദ്രരായിരുന്നു. കാരണം അത് ചിലവുകുറഞ്ഞതായിരുന്നു. ഇത് വി. കുർബാനയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു പറയാൻ കാരണം ആദിമസഭയിൽ വി. കുർബാനയ്ക്ക് ബാർലിയപ്പമാണ് ഉപയോഗിച്ചിരുന്നതെന്ന് ഡിഡാക്കെയിൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതിനാൽ തന്നെ ഇത് വി. കുർബാനയിലേക്ക് വിരൽ ചൂണ്ടുന്നു.

**D) കൃതജ്ഞതാ സ്തോത്രം (6:11)**

കൃതജ്ഞതാസ്തോത്രം എന്നുള്ളതിനുള്ള ഗ്രീക്ക്പദം *'യൂക്കരിസ്തെയിൻ'* എന്നാണ്. ഇതിൽ നിന്നാണ് വി. കുർബാനയ്ക്ക് 'യൂക്കരിസ്റ്റ്' എന്ന നാമം വന്നത്. യഹൂദരുടെ പ്രാർത്ഥനയിൽ ഉപയോഗിക്കുന്ന ഒരു പദമാണ് ഇത്. സെഹിയോൻ മാളികയിൽ യേശു വി. കുർബാന സ്ഥാപിക്കുമ്പോഴും ഇതേപദം തന്നെയാണ് ഉപയോഗിക്കുന്നത്. ഇവിടെ യേശുക്രിസ്തുവിന്റെ കൃതജ്ഞതാസ്തോത്രം അപ്പം വർദ്ധിപ്പിക്കുന്നു. സെഹിയോൻ മാളികയിൽ അപ്പത്തെ തന്റെ ശരീരമാക്കി യേശു രൂപാന്തരപ്പെടുത്തുന്നു.

**E) യേശു അവർക്ക് അപ്പം വിതരണം ചെയ്തു (6:11)**

യോഹന്നാന്റെ സുവിശേഷത്തിൽ അപ്പം മുറിച്ച് പങ്കിട്ട് നൽകുന്നത് യേശു തന്നെയാണ് (6:11). സമാന്തര സുവിശേഷങ്ങളിൽ ശിഷ്യന്മാരാണ് അപ്പം വിതരണം ചെയ്യുന്നത്. സമാന്തര സുവിശേഷങ്ങളിൽ യേശു അപ്പം വിതരണം ചെയ്യുന്നതായി കാണുന്നത് അന്ത്യത്താഴത്തിലാണ്. ഇവിടെ യോഹന്നാൻ സുവിശേഷകന്റെ മനസ്സിലുള്ളത് അന്ത്യത്താഴമാണ്. ഈ പരാമർശത്തിലൂടെ വി. കുർബാനയ്ക്ക് മുന്നാസ്വാദനം നൽകുകയാണ് സുവിശേഷകൻ.

**F) മിച്ചം വന്ന അപ്പം പന്ത്രണ്ടു കുട്ട നിറയെ ശേഖരിച്ചു (6:13)**

യേശു വർദ്ധിപ്പിച്ചു നൽകുന്ന അപ്പത്തിന്റെ വിശുദ്ധിയെയാണ് ഇത് സൂചിപ്പിക്കുന്നത്. ഒരു കണികപോലും നഷ്ടപ്പെടുത്താൻ ഇത് സാധാരണ അപ്പമല്ല. യേശു വർദ്ധിപ്പിച്ചു നൽകുന്നത് അനശ്വരമായ അപ്പത്തിന്റെ പ്രതീകമാണ്. വി. കുർബാനയിൽ മിച്ചം വരുന്നവ ശേഖരിക്കണമെന്ന് ഡിഡാക്കെയിൽ നിർദ്ദേശിക്കുന്നുണ്ട്.

www.malankaralibrary.com

## III. ജീവന്റെ അപ്പം (6:25-71)

അപ്പം വർദ്ധിപ്പിക്കുന്ന സംഭവത്തിന്റെ കൂടുതൽ അർത്ഥവ്യാപ്തി മനസ്സിലാകുന്നത് ജീവന്റെ അപ്പത്തെക്കുറിച്ചുള്ള ക്രിസ്തുവിന്റെ പ്രബോധനത്തിലാണ്.

### A) "ഞാനാണ്, ഭയപ്പെടേണ്ട" (6:20)

ഇത് ജീവന്റെ അപ്പത്തിന്റെ പ്രബോധനത്തിനും അപ്പം വർദ്ധിപ്പിക്കുന്നതിനുമിടയിൽ സുവിശേഷകൻ ഉൾപ്പെടുത്തിയിരിക്കുന്ന യേശു വെള്ളത്തിനുമീതേ നടക്കുന്ന അത്ഭുതത്തിലെ വാക്യമാണ് ആ സംഭവത്തിലെ ക്രിസ്തുവിന്റെ പ്രഖ്യാപനമാണ് "ഞാനാണ്" (*ego eimi*) ഭയപ്പെടേണ്ട" (6:20). യോഹന്നാന്റെ സുവിശേഷത്തിൽ ഇത് കൂടാതെ നാല് സ്ഥലങ്ങളിൽ ഇപ്രകാരമുള്ള 'ഞാൻ ആകുന്നു' എന്ന പ്രയോഗം കാണുവാൻ സാധിക്കും (8:58; 8:24; 28; 13:19). പഴയനിയമത്തിലെ ദൈവത്തിന്റെ നാമത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ക്രിസ്തു അതേ വാക്ക് ഉപയോഗിക്കുമ്പോൾ അത് ക്രിസ്തുവിന്റെ ദൈവത്വത്തെ സൂചിപ്പിക്കുന്നു. വെള്ളത്തിനുമീതേ നടക്കുന്ന അത്ഭുതത്തിൽ 'ഞാനാകുന്നു' എന്നു ക്രിസ്തു പറയുന്നതിലൂടെ ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രബോധനത്തിന് ഒരു പശ്ചാത്തലമൊരുക്കുകയാണ് ക്രിസ്തു.

### B) ഞാനാണ് ജീവന്റെ അപ്പം (6:35)

ഞാൻ ജീവന്റെ അപ്പമാകുന്നു എന്നു പറയുമ്പോൾ സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേക്ക് വന്ന ദൈവത്തിന്റെ ജ്ഞാനമായി ക്രിസ്തു തന്നെത്തന്നെ അവരോധിക്കുകയാണ്. ദൈവത്തിന്റെ ജ്ഞാനം കൂടുതൽ വിശപ്പ് സൃഷ്ടിക്കുമ്പോൾ ആ വിശപ്പ് തൃപ്തിപ്പെടുത്താൻ സാധിക്കുന്നത് ക്രിസ്തുവിലൂടെയാണ്. ദൈവമക്കൾക്ക് യഥാർത്ഥ ജീവനും നിത്യജീവനും നൽകാനാണ് ക്രിസ്തു ഈ ലോകത്തിലേക്ക് വന്നത്. പഴയനിയമത്തിലെ മന്നയ്ക്ക് വിശപ്പടക്കാൻ സാധിച്ചു എന്നാൽ നിത്യജീവൻ നൽകാൻ സാധിച്ചില്ല. എന്നാൽ ക്രിസ്തുവാകുന്ന ജീവന്റെ അപ്പം ഭക്ഷിക്കുന്നവർക്ക് നിത്യജീവൻ ലഭിക്കും. 6:51-ൽ "സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു" എന്നു ക്രിസ്തു പറയുമ്പോൾ നിത്യജീവൻ നല്കുന്ന ജീവനുള്ള അപ്പത്തെക്കുറിച്ചാണ് വിവരിക്കുന്നത്. നിത്യജീവൻ നൽകുന്ന ജീവനുള്ള അപ്പം ക്രിസ്തു തന്നെയാണ് ഇത് വി. കുർബാനയിലേക്ക് വിരൽ ചൂണ്ടുന്നു.

www.malankaralibrary.com


### C) ശരീരം ഭക്ഷിക്കുക, രക്തം പാനം ചെയ്യുക (6:53–56)

നിത്യജീവന്റെ അപ്പമാകുന്ന വി. കുർബാനയെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. ക്രിസ്തുവുമായി ഒന്നായി ചേരാൻ വി. കുർബാന അത്യന്താപേക്ഷിതമാണ്. ശരീരവും രക്തവും എന്നത് സെമിറ്റിക്ക് ശൈലിയാണ്. ശരീരം ഭക്ഷിക്കുക, രക്തം പാനം ചെയ്യുക എന്നുള്ളതിന് യഥാർത്ഥമായ അർത്ഥമാണുള്ളത്. വി. കുർബാനയിലെ യേശുവിന്റെ ശരീരം, യേശുവിന്റെ ഭൗതീക മാംസമല്ല, എന്നാൽ യേശുവിന്റെ യഥാർത്ഥ ശരീരമാണ്. കൗദാശിക ശരീരമാണ്. കുരിശിലൂടെയും ഉത്ഥാനത്തിലൂടെയും രൂപാന്തരീകരിക്കപ്പെട്ട ക്രിസ്തുവിന്റെ യഥാർത്ഥ ശരീരമാണ് അത്.

സമാന്തര സുവിശേഷത്തിലും പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിലും 'ശരീരം' (*Soma*) എന്ന പദം ഉപയോഗിക്കുമ്പോൾ യോഹന്നാന്റെ സുവിശേഷത്തിൽ മാംസം/ശരീരം (*Sarx*) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ആറാമത്തെ അദ്ധ്യായത്തിനു തൊട്ടുമുൻപ് വരെ രണ്ടു തവണ മാത്രം ഈ വാക്ക് ഉപയോഗിച്ച സുവിശേഷകൻ (3:6; 1:14) 6–ാം അദ്ധ്യായത്തിൽ വളരെ ചുരുങ്ങിയ സമയത്ത് ആറ് തവണയാണ് (*Sarx*) ഈ പദം ഉപയോഗിച്ചിരിക്കുന്നത്. ആകെ മൊത്തം സുവിശേഷത്തിൽ ഉപയോഗിച്ചിരിക്കുന്നതിന്റെ പകുതിയും ഈ ഭാഗത്താണ് ഉപയോഗിച്ചിരിക്കുന്നത്. തന്റെ ശരീരം ഭക്ഷിക്കുവാൻ ക്രിസ്തു ആവശ്യപ്പെടുന്ന രീതിയിലാണ് സുവിശേഷകൻ ഈ പദം അവതരിപ്പിക്കുന്നത്. ഒരുപക്ഷെ വായിക്കുന്നവർക്കും കേൾക്കുന്നവർക്കും വിചിത്രമായും കഠിനമായും തോന്നാവുന്ന കാര്യമാണ് ഇത്. പ്രത്യേകിച്ച് രക്തത്തോടുകൂടിയ മാംസം ഭക്ഷിക്കുക എന്ന് പറയുമ്പോൾ യഹൂദരെ സംബന്ധിച്ചിടത്തോളം അത് ദൈവത്താൽ തന്നെ വിലക്കപ്പെട്ട കാര്യമാണ് (ഉത്പ. 9:4). 6:56–57 വരെയുള്ള വാക്യങ്ങളിൽ ഭക്ഷിക്കുക എന്നതിന് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന പദം '*Trogein*' എന്നതാണ്. പ്രസ്തുത പദത്തിന് കാർന്നു തിന്നുക എന്നുള്ള ഒരർത്ഥം കൂടെയുണ്ട്.

അന്നത്തെ കാലഘട്ടത്തെ സംബന്ധിച്ചിടത്തോളം ഇത് ക്രിസ്തുവിന്റെ മനുഷ്യത്വത്തെ നിഷേധിച്ച ഡൊസേറ്റിസ്റ്റുകൾക്ക് ഒരു മറുപടി കൂടെ ആയിരുന്നു. അതിനാൽ തന്നെ വി. കുർബാനയുടെ ഘടനകൾക്ക് ദൃഷ്ടാന്തപരമായ ഒരു വ്യാഖ്യാനം ഇത് നൽകി. സുവിശേഷകൻ പ്രധാനമായും പറഞ്ഞുവയ്ക്കുന്നത് വി. കുർബാന യേശുക്രിസ്തുവുമായുള്ള ഒരു വ്യക്തിപരമായ ഐക്യത്തിന് ഓരോ വിശ്വാസിയേയും ക്ഷണിക്കുന്ന ദിവ്യരഹസ്യമാണ് എന്നാണ്. വി. കുർബാന

www.malankaralibrary.com

ഒരേ സമയം ഒരു സമൂഹ ആരാധനയും വ്യക്തിപരമായ ആരാധനയുമാണ്. കൗദാശികപരമായി ക്രിസ്തുവിന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുമ്പോൾ, ക്രിസ്തുവുമായുള്ള വിശ്വാസത്തിന്റെ വ്യക്തിപരമായ ഐക്യം അംഗീകരിക്കുകയും പുതുക്കുകയും ചെയ്യുന്നു.

**D) മെനെയിൻ (Menein)**

"എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (6:56). ഇവിടെ വസിക്കുന്നു എന്നതിന് സുവിശേഷകൻ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് പദം '*Menein*' എന്നുള്ളതാണ്. യോഹന്നാന്റെ സുവിശേഷത്തിൽ പ്രധാനമായും പിതാവും യേശുവും തമ്മിലുള്ള ബന്ധം സൂചിപ്പിക്കാനായി നിരന്തരം ഉപയോഗിച്ചിരിക്കുന്ന വാക്കാണ് ഇത്. അതിനാൽ തന്നെ യേശുവും ശിഷ്യന്മാരും തമ്മിലുള്ള ബന്ധം യേശുവും പിതാവും തമ്മിലുള്ള ബന്ധത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ചുരുക്കത്തിൽ ക്രിസ്തീയ ജീവിതം ശക്തിപ്പെടുകയും, പൂർണമാവുകയും, കൗദാശികപരമാവുകയും ചെയ്യുന്നത് വി. കുർബാനയിലൂടെയാണ്.

**E) വിശ്വാസം (6:29-30, 36)**

യോഹന്നാൻ 6:29-30, 36 വാക്യങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന വിശ്വാസം എന്ന വിഷയം സുവിശേഷത്തിന്റെ മറ്റൊരു പ്രത്യേകതയാണ്. ശിഷ്യത്വത്തിന്റെ പ്രാഥമിക ഘട്ടം വിശ്വാസമായിരിക്കുന്നതുപോലെ (3:16) ക്രിസ്തു നിത്യജീവനാകുന്ന അപ്പമാണ് എന്നുള്ള വ്സതുതയോടുള്ള തുറവിയുടെ അടിസ്ഥാന മനോഭാവവും വിശ്വാസം തന്നെയാണ്. പിതാവിനാൽ ആകർഷിക്കപ്പെടുകയും അതിനോട് വിശ്വാസത്തോടെ പ്രതികരിക്കുകയും ചെയ്തല്ലാതെ നിത്യജീവനാകുന്ന യേശുവിന്റെ ദിവ്യകാരുണ്യം നമുക്ക് മനസ്സിലാകില്ല. വിശ്വാസമില്ലാത്ത അവസ്ഥയിൽ അപ്പവും വീഞ്ഞും കേവലം ഉപരിവിപ്ലവമായ തലത്തിൽ മാത്രം നിൽക്കുന്ന ഒന്നായി മാറും. "പുത്രനെ കാണുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവനാരോ അവനു നിത്യജീവൻ ഉണ്ടാകണമെന്നതാണ് എന്റെ പിതാവിന്റെ ഇഷ്ടം. അന്ത്യദിനത്തിൽ അവനെ ഞാൻ ഉയിർപ്പിക്കും" (6:40). ഇതേ വാക്യം തന്നെ യോഹന്നാന്റെ സുവിശേഷത്തിൽ നേരിയവ്യത്യാസത്തോടെ വീണ്ടും കാണുന്നുണ്ട്. "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവസാനദിനത്തിൽ അവനെ ഞാൻ ഉയിർപ്പിക്കും" (6:54). ആദ്യത്തെ വാക്യത്തിൽ പുത്രനോടുള്ള വിശ്വാസമാണ്

www.malankaralibrary.com


നിത്യജീവൻ ലഭിക്കാനുള്ള മാർഗ്ഗം. എന്നാൽ രണ്ടാമത്തെ വാക്യത്തിൽ പുത്രന്റെ ശരീരം ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നതാണ് നിത്യജീവനുള്ള മാർഗ്ഗം. അതായത് വിശ്വാസത്തിന്റെ അടയാളത്തിലൂടെയുള്ള പ്രഖ്യാപനമാണ് ദിവ്യകാരുണ്യ വിരുന്ന്, വി. കുർബാന. ദിവ്യകാരുണ്യം ഒരേ സമയം നിത്യജീവന്റെ ഉറവിടവും ഉത്ഥാനത്തിന്റെ വാഗ്ദാനവുമാണ്.

### E) ജീവന്റെ അപ്പം നൽകുന്ന പ്രതിഫലങ്ങൾ

#### 1. നിത്യജീവൻ

വി. കുർബാനയുടെ ഏറ്റവും പ്രധാനപ്പെട്ട ഫലം നിത്യജീവനാണ്. "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാന ദിവസം ഞാനവനെ ഉയിർപ്പിക്കും" (യോഹ. 6:54).

#### 2. ഉത്ഥാനം

ജീവന്റെ അപ്പം നമ്മെ അന്ത്യദിനത്തിൽ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുന്നു (യോഹ. 6:54).

#### 3. ക്രിസ്തുവിൽ വസിക്കും

പിതാവും ക്രിസ്തുവും ഒരുമിച്ച് വസിക്കുന്നതുപോലെ നാം ക്രിസ്തുവിലും ക്രിസ്തു നമ്മിലും വസിക്കും: "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (യോഹ. 6:56).

## IV. മുന്തിരിച്ചെടിയും ശാഖകളും (15:17)

യോഹന്നാന്റെ സുവിശേഷത്തിൽ വി.കുർബാനയെക്കുറിച്ചുള്ള ദൈവശാസ്ത്രം പ്രബലമായി കാണപ്പെടുന്ന മറ്റൊരു ഭാഗമാണ് 'മുന്തിരിച്ചെടിയും ശാഖകളും'. ഞാനാണ് നിത്യജീവന്റെ അപ്പം എന്ന ഭാഗത്തിന് സമാന്തരമായി വീഞ്ഞിനെക്കുറിച്ച്, പാനപാത്രത്തെക്കുറിച്ച് വിവരിക്കുന്ന ഭാഗമായി നമുക്ക് ഇതിനെ മനസ്സിലാക്കാം.

### A) ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ് (15:5)

ഞാനാണ് സ്വർഗ്ഗത്തിൽ നിന്നുള്ള നിത്യജീവന്റെ അപ്പം (6:35) എന്നു പറയുന്നതതുപോലെ തന്നെയാണ് ക്രിസ്തു ഇവിടെയും "ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്" (15:5) എന്നു പറയുന്നത്. രണ്ടു സ്ഥലങ്ങളിലും 'ഞാനാണ്' എന്നു പറയാനായി ഉപയോഗിച്ചിരിക്കുന്ന പദം *'ego eimi'* എന്നുള്ളതാണ്. മറ്റൊരു പ്രത്യേകത അവസാനത്തെ അത്താഴത്തിന്റെ പശ്ചാത്തലത്തിൽ വി. കുർബാനയുമായി

www.malankaralibrary.com

ബന്ധപ്പെടുത്തി പാനപാത്രത്തിന്റെ മുന്നിലിരുന്നുകൊണ്ട് ക്രിസ്തു ഈ പ്രഭാഷണം നല്കുന്നു എന്നുള്ളതാണ്. വി. യോഹന്നാന്റെ സുവിശേഷത്തിന്റെ രചനയുടെ അന്ത്യഘട്ടങ്ങളിലൊക്കെ വീഞ്ഞ് എന്നുള്ളത് ദിവ്യകാരുണ്യത്തിന്റെ അടയാളമാണ് എന്നുള്ളത് അന്നത്തെ വി. കുർബാനയുടെ പ്രാർത്ഥനകളിൽ നിന്ന് വ്യക്തമാണ്. മുന്തിരിച്ചെടി ദിവ്യകാരുണ്യത്തിലെ ഐക്യത്തിന്റെയും കുർബാന നൽകുന്ന ജീവന്റെയും പ്രതീകാത്മകത ഉൾക്കൊള്ളുന്നു. മുന്തിരിയുടെ ഫലമായ വീഞ്ഞ് വി. കുർബാനയുടെ പാനപാത്രത്തിന്റെ പ്രതീകമാണ്. "ജീവന്റെ മുന്തിരിക്കുലയായ നിന്നെ കുരിശിൽ തറച്ചവർ ഞെക്കിപ്പിഴിഞ്ഞിട്ടും നിന്നെ രുചിച്ചു നോക്കിയില്ല" (മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വിശുദ്ധ കുർബാന തക്സാ). അന്ത്യഅത്താഴത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്നതിനാൽ തീർച്ചയായും ഇതിൽ വി. കുർബാനയുടെ ആശയവും ഉൾച്ചേർന്നിരിക്കുന്നു.

### B) മുന്തിരിച്ചെടി

പഴയനിയമത്തിൽ മുന്തിരിവള്ളി എന്നുള്ളത് ഇസ്രായേൽ ജനത്തെ സൂചിപ്പിക്കുന്ന പദമായിരുന്നു (സങ്കീ. 80:8-9). ആദ്യം അത് ആരോഗ്യമുള്ള മുന്തിരിവള്ളിയായിരുന്നു പിന്നീട് അത് അധഃപതിച്ചു (ജറെ. 2:21). ഇതേ ചിത്രം ഏശയ്യായുടെ പ്രവചനത്തിൽ കുറച്ചുകൂടെ വിശാലമായി കർത്താവിന്റെ മുന്തിരിത്തോപ്പായി നമുക്ക് കാണാം (ഏശ. 5:1-7). പഴയനിയമത്തിൽ മുന്തിരിചെടിയെ മനുഷ്യവംശത്തിന്റെ അഥവാ ഇസ്രായേലിന്റെ പ്രതീകമായാണ് മനസ്സിലാക്കിയത്. പുതിയനിയമത്തിലും മുന്തിരിച്ചെടി, മുന്തിരിത്തോപ്പ് എന്നീ പ്രതീകങ്ങൾ ക്രിസ്തുവും ഉപയോഗിച്ചിരിക്കുന്നത് നമുക്ക് കാണാം (മർക്കോ. 12:112, മത്താ. 21:33-46; 20:116; 21: 28-32; ലൂക്ക. 20:9-10;13:69).

എന്നാൽ യോഹന്നാന്റെ സുവിശേഷത്തിൽ ക്രിസ്തു തന്നെത്തന്നെ മുന്തിരിച്ചെടിയായി അവതരിപ്പിക്കുന്നു. ക്രിസ്തുവും ശിഷ്യന്മാരും തമ്മിലുള്ള ബന്ധം കാണിക്കുന്നതോടൊപ്പം ക്രിസ്തുവാണ് പുതിയ ഇസ്രായേൽ എന്ന ആശയവും സുവിശേഷം നമുക്ക് നൽകുന്നു. തന്നെ ഇപ്രകാരം മുന്തിരിവള്ളിയായ് അവതരിപ്പിച്ച്, ഈ മുന്തിരിച്ചെടിയിൽ നിന്ന് എടുക്കപ്പെട്ട വീഞ്ഞ് (രക്തം) പാനം ചെയ്യുന്നതിലൂടെ ഞാൻ തന്നെയാണ് നിങ്ങളുടെ ഉള്ളിലേക്ക് കടന്നുവരുന്നത് എന്നാണ് ക്രിസ്തു പറയുന്നത്.

### C) വസിക്കുക, സ്നേഹിക്കുക (Menein)

ഈ വേദഭാഗത്തിലും 'വസിക്കുക' എന്നതിന് '*Menein*' എന്ന പദം തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്. പതിനൊന്ന് തവണയാണ്

www.malankaralibrary.com


ഈ പദം ഉപയോഗിച്ചിരിക്കുന്നത്. 15:7–17 വരെയുള്ള വാക്യങ്ങളിലെ മുന്തിരിവള്ളിയുടെ പ്രതീകാത്മകത സ്നേഹത്തെക്കുറിച്ചാണ് പറയുന്നത്. "പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനിൽക്കുവിൻ" (15:9). "ഒരുവൻ തന്റെ സ്നേഹിതർക്കുവേണ്ടി ജീവനർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല" (15:15). യേശുവിന്റെ ത്യാഗപൂർണമായ മരണത്തെക്കുറിച്ചുള്ള ഈ പരാമർശം വി. കുർബാനയുടെ പ്രമേയത്തിന്റെ മറ്റൊരു സൂചനയാണ്. ക്രിസ്തുവിൽ വസിക്കുമ്പോൾ ദൈവീക ജീവൻ നമ്മിലേക്കും കടന്നുവരും, അപ്രകാരമുള്ള ക്രിസ്തുശിഷ്യൻ സ്വയം ശൂന്യവത്കരണം നടത്തി ക്രിസ്തു ലോകത്തെ സ്നേഹിച്ചതുപോലെ ഈ ലോകത്തെ സ്നേഹിക്കാൻ കടപ്പെട്ടവനാണ്. വി. മർക്കോസിന്റെ സുവിശേഷത്തിലെ പാനപാത്രത്തിന്റെ ദൈവശാസ്ത്രവും ഇതേ സന്ദേശം തന്നെയാണ് നൽകുന്നത് (മർക്കോ. 10:38–45; 14:36). വി. കുർബാനയുടെ കൂട്ടായ്മയുടെ ഒരു തലം വെളിപ്പെടുത്തുന്ന ഒരു വേദഭാഗമാണ് ഈ പ്രബോധനം.

## V. വിലാവിൽ നിന്ന് രക്തവും വെള്ളവും (19:34)

"എന്നാൽ പടയാളികളിലൊരുവൻ അവന്റെ വിലാവിൽ കുന്തം കൊണ്ട് കുത്തി ഉടനെ അതിൽ നിന്ന് രക്തവും ജലവും പുറത്തു വന്നു" (19:34). പ്രധാനമായും രണ്ട് അർത്ഥങ്ങളാണ് ഇവിടെ ഉള്ളത്. ഒന്നാമതായി ക്രിസ്തു യഥാർത്ഥമായും മരിച്ചു എന്നുള്ളത്. ഇത് ക്രിസ്തു യഥാർത്ഥമായ മനുഷ്യനല്ല എന്നു വാദിച്ചിരുന്നവർക്കുള്ള ഒരു മറുപടിയായിരുന്നു. രണ്ടാമതായി സുവിശേഷത്തിൽ പ്രതിപാദിച്ചിരുന്നതുപോലെ ക്രിസ്തുവിന്റെ മരണത്തിലൂടെ അവിടുന്ന് ജീവജലത്തിന്റെ ആത്മാവിനെ നൽകുന്നു. ഈ ജീവജലത്തിന്റെ ആത്മാവിലാണ് ദിവ്യകാരുണ്യത്തിന്റെ ആശയം വ്യക്തമാകുന്നത്. യോഹന്നാൻ സ്നാപകൻ ക്രിസ്തുവിനെ അവതരിപ്പിക്കുന്നത് "അവനാണ് പരിശുദ്ധാത്മാവ് കൊണ്ട് സ്നാനം നൽകുന്നവൻ" (1:33) എന്നാണ്. നിക്കോദേമോസിനോട് യേശു പറയുന്നത് "ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല" (3:5). കൂടാരതിരുനാളിന്റെ അവസരത്തിൽ ക്രിസ്തു പറയുന്നു. "ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് വി. ലിഖിതം പ്രസ്താവിക്കുന്നതുപോലെ ജീവജലത്തിന്റെ അരുവികൾ ഒഴുകും. അവൻ ഇത് പറഞ്ഞത് തന്നിൽ വിശ്വസിക്കുന്നവർ സ്വീകരി

www.malankaralibrary.com

ക്കാനിരിക്കുന്ന ആത്മാവിനെ പറ്റിയാണ്" (7:37-39). രക്തം ഒഴുകി എന്നുള്ളത് ക്രിസ്തുവിന്റെ മരണത്തിലൂടെ നൽകപ്പെടുന്ന ആത്മാഭിഷേകത്തെ സൂചിപ്പിക്കുന്നു. വെള്ളവും രക്തവും ഒരുമിച്ച് ഒഴുകുന്നത് മാമോദീസായിലൂടെ നൽകപ്പെടുന്ന ആത്മാവിനെ അടയാളപ്പെടുത്തുന്നു. ആത്മാവിലുള്ള ജീവിതം നിലനിൽക്കുന്നതിന് വി. കുർബാനയാകുന്ന കൂദാശയുടെ പങ്ക് വളരെ വലുതാണ്. ജലം മാമോദീസായുടെ പ്രതീകവും രക്തം വി. കുർബാനയുടെ പ്രതീകവുമാണ്.

**ഉപസംഹാരം**

ദൈവശാസ്ത്രപരമായി വി. കുർബാനയെക്കുറിച്ച് അഗാധമായ ചിന്തകൾ യോഹന്നാൻ സുവിശേഷകൻ നൽകുന്നു. എങ്കിലും വി. കുർബാന സ്ഥാപനത്തിന്റെ വിവരണം സുവിശേഷകൻ നൽകുന്നില്ല. പ്രത്യേകമായും ക്രിസ്തുവിന്റെ ജീവിതകാലത്തു സംഭവിച്ച ഒരു സംഭവമായി അതിനെ ചുരുക്കാൻ സുവിശേഷകൻ ആഗ്രഹിക്കുന്നില്ല എന്നു നമുക്ക് മനസ്സിലാക്കാം. ക്രിസ്തുവിന്റെ ജീവിതത്തിൽ മൊത്തമായും ഈ വി. കുർബാനയുടെ പ്രതീകങ്ങൾ അവതരിപ്പിക്കാനാണ് സുവിശേഷകൻ ശ്രമിക്കുന്നത്. സുവിശേഷത്തിൽ വചനം മാംസമായി അവതരിപ്പിക്കുന്ന ഭാഗം മുതൽ ഇത് വ്യക്തമാണ്. മനുഷ്യന്റെ കാലങ്ങളായുള്ള കാത്തിരിപ്പിന്റെ ഉത്തരമാണ് മാംസമായ വചനം. വി. കുർബാനയാണ് ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ പരിസമാപ്തി.

❖

www.malankaralibrary.com

അദ്ധ്യായം 5

# വിശുദ്ധ കുർബാന : ഓർമ്മയുടെ വിരുന്ന്
## (വി. പൗലോസ് ശ്ലീഹായുടെ വീക്ഷണത്തിൽ)

**വി**ശുദ്ധ കുർബാനയെക്കുറിച്ചുള്ള ഏറ്റവും പുരാതനമായ തെളിവുകൾ നമുക്ക് ലഭിക്കുന്നത് വി. പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്കെഴുതിയ ലേഖനത്തിൽ നിന്നാണ്. പൗലോസിന്റെ ലേഖനത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ടാണ് പുതിയനിയമത്തിലെ മറ്റു എഴുത്തുകാരെല്ലാം തങ്ങളുടെ സൃഷ്ടികൾക്ക് രൂപം നൽകിയത്. പൗലോസ് ആദിമ ക്രിസ്ത്യൻ ആചാരങ്ങളേയോ, വ്യാഖ്യാനത്തേയോ അല്ല അവതരിപ്പിക്കുന്നത്. അതിനേക്കാളുപരി തനിക്ക് ലഭിച്ച പാരമ്പര്യം കൈമാറുന്നതിലായിരുന്നു പൗലോസിന്റെ ശ്രദ്ധ (11:23). വി. കുർബാനയെക്കുറിച്ചുള്ള വിവരങ്ങൾ കർത്താവിൽ നിന്നു ലഭിച്ചു എന്നാണ് പൗലോസ് പറയുന്നത്. എന്നാൽ യേശുക്രിസ്തു സ്വകാര്യമായി പൗലോസിന് വെളിപ്പെടുത്തി എന്നോ വ്യക്തിപരമായി യേശുക്രിസ്തു പൗലോസിന് പ്രത്യക്ഷനായി എന്നോ ഇതിന് അർത്ഥമില്ല. മറിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സാന്നിദ്ധ്യം നിലനിന്നിരുന്ന ആദിമ ക്രിസ്ത്യൻ സമൂഹങ്ങളിൽ നിന്നാണ് പൗലോസ് ഇത് മനസ്സിലാക്കിയത് (1 കോറി. 6:15 ; 12:27).

വി. കുർബാനയെക്കുറിച്ചുള്ള പൗലോസിന്റെ പരാമർശം കോറിന്തോസുകാർക്കെഴുതിയ ലേഖനത്തിലാണ് കാണുവാൻ സാധിക്കുക. മറ്റു ലേഖനങ്ങളിലൊന്നും വി. കുർബാനയെക്കുറിച്ച് വ്യക്തമായ

www.malankaralibrary.com

പരാമർശങ്ങളില്ല. എങ്കിലും പൗലോസ് സ്ഥാപിച്ച എല്ലാ സഭകളിലേക്കും ഈ പാരമ്പര്യത്തെ പൗലോസ് കൈമാറിയിരുന്നു എന്നു നമുക്ക് മനസ്സിലാക്കാം. വി. കുർബാനയുടെ അർത്ഥത്തിലും പ്രായോഗിക തലത്തിലും സമൂഹത്തിനുള്ളിൽ തന്നെ പ്രശ്നങ്ങൾ ഉയർന്നുവന്നതിനാലാണ് കോറിന്തോസുകാർക്കെഴുതിയ ലേഖനത്തിൽ വി. കുർബാനയെക്കുറിച്ചുള്ള പ്രബോധനങ്ങൾ കാണുവാൻ സാധിക്കുന്നത്. കോറിന്തോസിനുള്ള ലേഖനത്തിൽ രണ്ടു സ്ഥലങ്ങളിലാണ് വി. കുർബാനയെക്കുറിച്ചുള്ള പ്രബോധനം കാണുവാൻ സാധിക്കുന്നത്.

1) **10:14-22 -** വി. കുർബാനയേയും, വിഗ്രാഹാർപ്പിത ഭക്ഷണത്തേയും യഹൂദരുടെ ബലികളേയും തമ്മിൽ താരതമ്യം ചെയ്യുന്നു.

2) **11:17-34** - കോറിന്തോസ് സഭയിലെ വി. കുർബാനയുടെ ആഘോഷത്തിലെ ദുരുപയോഗങ്ങളെക്കുറിച്ചുള്ള പ്രബോധനം നൽകുന്നു.

## I. ക്രിസ്തുവിന്റെ ശരീരത്തിലും രക്തത്തിലുമുള്ള ഭാഗഭാഗിത്വം (10:14-22)

വി. കുർബാനയെക്കുറിച്ചുള്ള ആദ്യത്തെ വ്യക്തമായ അവതരണം ഇവിടെയാണ് നമുക്ക് കാണുവാൻ സാധിക്കുക: "നാം ആശീർവദിക്കുന്ന അനുഗ്രഹത്തിന്റെ പാനപാത്രം ക്രിസ്തുവിന്റെ രക്തത്തിലുള്ള ഭാഗഭാഗിത്വമല്ലേ. നാം മുറിക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിലുള്ള ഭാഗഭാഗിത്വമല്ലേ. അപ്പം ഒന്നേയുള്ളു അതിനാൽ പലരായിരിക്കുന്ന നാം ഒരു ശരീരമാണ്. എന്തെന്നാൽ ഒരേ അപ്പത്തിൽ നാം ഭാഗഭാക്കുകളാണ്" (1 കോറി. 10:16-17). 'അനുഗ്രഹത്തിന്റെ പാനപാത്രം' എന്നുള്ളത് യഹൂദരുടെ വിരുന്നിലുള്ള 'മൂന്നാമത്തെ പാനപാത്രത്തിലേക്കാണ്' ലേഖകൻ വിരൽചൂണ്ടുന്നത്. ക്രിസ്ത്യൻ സമൂഹത്തിൽ അവരെ സംബന്ധിച്ചിടത്തോളം ഇത് ക്രിസ്തുവിന്റെ രക്തത്തിലുള്ള പങ്കുവയ്പാണ്. അപ്പത്തിനു മുൻപ് പാനപാത്രത്തെക്കുറിച്ച് ലേഖകൻ വിവരിക്കുന്നത് പ്രത്യേകമായി ഒരു ക്രമം അവതരിപ്പിക്കാനല്ല. വി. കുർബാനയക്ക് ഈ ഭാഗത്ത് ഒരു സാന്ദർഭിക വിവരണം നൽകാൻ കഴിയില്ല. എങ്കിലും അത് ഒറ്റയ്ക്ക് നിൽക്കുന്ന ഒരു വിവരണമല്ല. പൗലോസ് ഈ ഭാഗത്ത് ഒരു വിഷയത്തിൽ നിന്ന് മറ്റൊരു വിഷയത്തിലേക്ക് തികച്ചും യുക്തിപരമല്ലാത്ത രീതിയിൽ തന്നെയാണ് സഞ്ചരിക്കുന്നത് കാണുവാൻ സാധിക്കുക. പ്രലോഭനങ്ങളെക്കുറിച്ചുള്ള താക്കീത് നൽകയതിന്ശേഷം (10:12-13) വിഗ്രഹാരാധനയെക്കുറിച്ച് പറയുന്നു (10:14-15). അവിടെ നിന്നും തുടർന്ന് പാനപാത്രത്തിന്റെയും

www.malankaralibrary.com


അപ്പത്തിന്റെയും അർത്ഥത്തെക്കുറിച്ചാണ് ലേഖകൻ സംസാരിക്കുന്നത് (10:16-17).

കോറിന്തോസിലെ ക്രിസ്തീയ സമൂഹത്തെ സംബന്ധിച്ചിടത്തോളം പാനപാത്രത്തിലുള്ള പങ്കുചേരൽ ക്രിസ്തുവിന്റെ ശരീരത്തിലും രക്തത്തിലുമുള്ള പങ്കുചേരലാണ് എന്ന് അവർക്ക് അറിവുള്ള കാര്യമാണ്. ഭാഗഭാഗിത്വം എന്നുള്ളതിന്റെ ഗ്രീക്ക് പദം *Koinonia* എന്നുള്ളതാണ്. ഒരു സാമൂഹികമായ കൂട്ടായ്മ എന്നതിനേക്കാൾ ഉയർന്ന തലത്തിലുള്ള ഒരർത്ഥമാണ് ഈ വാക്കിനുള്ളത്. യഹൂദരെ സംബന്ധിച്ചിടത്തോളം ആദ്ധ്യാത്മീകമായ സംസർഗ്ഗം എന്നുള്ളതിനേക്കാൾ അവർക്ക് പരിചയമായ കാര്യം ബലിയിലുള്ള ഭൗതികമായ പങ്കുചേരലാണ്. യഹൂദരെ സംബന്ധിച്ചിടത്തോളം ദൈവവുമായുള്ള ഐക്യത്തിനുള്ള ഒരു വഴിയായിരുന്നു അത്. പൗലോസ് തന്റെ പ്രബോധനങ്ങളിലൂടെ ഇപ്രകാരമുള്ള വിഗ്രഹാരാധനയിൽ നിന്നും വിഗ്രഹാർപ്പിത ഭക്ഷണങ്ങളിൽ നിന്നും അകലം പാലിക്കാനാണ് തന്റെ കൂട്ടായ്മയോട് ആവശ്യപ്പെടുന്നത്: "ഒരേ സമയം കർത്താവിന്റെ പാനപാത്രവും പിശാചുക്കളുടെ പാനപാത്രവും കുടിക്കാൻ നിങ്ങൾക്ക് സാധിക്കുകയില്ല" (10:21). വി. കുർബാനയെക്കുറിച്ചുള്ള ആദിമസഭയുടെ അടിസ്ഥാനപരമായ വിശ്വാസം എങ്ങനെയാണ് എന്ന് ഈ വാക്കുകളിൽ നിന്ന് വ്യക്തമാണ്. കർത്താവായ യേശുക്രിസ്തുവുമായുള്ള ഐക്യം സാധ്യമല്ല എങ്കിൽ വി. കുർബാനയിൽ സംബന്ധിക്കുന്നത് കോറിന്തോസിലെ വിശ്വാസികളെ സംബന്ധിച്ചിടത്തോളം അർത്ഥശൂന്യമായ കാര്യമായിരുന്നു. അതുകൊണ്ട് പൗലോസ് ശ്ലീഹാ അപ്പത്തിലും പാനപാത്രത്തിലുമുള്ള ഭൗതികമായ ഭാഗഭാഗിത്വത്തിലൂടെ യേശുക്രിസ്തുവിന്റെ യഥാർത്ഥമായ ശരീരത്തിലും രക്തത്തിലുമാണ് പങ്കുചേരുന്നത് എന്നുള്ള പ്രബോധനമാണ് ഇവിടെ നൽകുന്നത്. അതായത് അപ്പവും വീഞ്ഞുമാണ് യേശുക്രിസ്തുവിന്റെ ശരീരവും രക്തവുമായി രൂപാന്തരപ്പെടുന്നത്. ഇതാണ് ആദിമസഭയിൽ വി.കുർബാനയെക്കുറിച്ചുള്ള വീക്ഷണം.

## II. കർത്താവിന്റെ അന്ത്യത്താഴം (1 കോറി. 11:17-34)

വി. കുർബാനയെക്കുറിച്ചുള്ള ആശയത്തിന് കോറിന്തോസ് സഭയിലുണ്ടായ സന്ദിഗ്ദ്ധാവസ്ഥയാണ് ഈ പ്രബോധനം പൗലോസ് ശ്ലീഹാ നൽകാൻ കാരണം. 1 കോറി. 1:10-13 വരെയുള്ള വാക്യങ്ങളിൽ പൗലോസ് വിവരിച്ച വിഭജനങ്ങൾ കോറിന്തോസ് സമൂഹത്തിന്റെ ആരാധന സമൂഹത്തെ കാര്യമായി ബാധിച്ചു. ഐക്യത്തിന്റെ വിരുന്ന് വിഭ

www.malankaralibrary.com

ജനത്തിന്റെ വിരുന്നായി മാറിയ സാഹചര്യത്തിലാണ് പൗലോസ് തന്റെ വാക്കുകളിലൂടെ അവരെ പ്രബോധിപ്പിക്കുന്നത്. 1 കോറി. 11:17–22 വരെയുള്ള വാക്യങ്ങളിൽ കോറിന്തോസ് സഭയിൽ സാമൂഹികവും സാമ്പത്തികവുമായ വ്യത്യാസങ്ങൾ മൂലമുണ്ടായ ദുരുപയോഗത്തെക്കുറിച്ച് വിവരിക്കുന്നു. 1 കോറി. 11:22–23 വരെയുള്ള വാക്യങ്ങളിൽ യേശുക്രിസ്തുവിന്റെ അന്ത്യഅത്താഴത്തെക്കുറിച്ച് വിവരിക്കുന്നു. 1 കോറി. 11:27–34 വരെയുള്ള വാക്യങ്ങളിൽ വീണ്ടും ദുരുപയോഗങ്ങളെക്കുറിച്ചും, അതിലുള്ള ദൈവശാസ്ത്രപരമായ പ്രത്യാഘാതങ്ങളെക്കുറിച്ചും വിവരിക്കുന്നു. പൗലോസിന്റെ ലേഖനത്തിന്റെ രചനയുടെ കാലത്തിലെല്ലാം വി. കുർബാന ഭക്ഷണത്തിന്റെ ഒരു ഭാഗമല്ല എങ്കിലും വി. കുർബാന എപ്പോഴും സാധാരണമായ വിരുന്നുമായി ബന്ധപ്പെടുത്തിയിരുന്നു. അതിനാൽ തന്നെ അവരുടെ കൂട്ടായ്മകളിലുള്ള വിരുന്നുകളെല്ലാം കർത്താവിന്റെ അത്താഴത്തിനു സമമല്ല എന്ന സംശയമാണ് പൗലോസ് പ്രകടിപ്പിക്കുന്നത്. "നിങ്ങൾ ഒന്നിച്ചുകൂടുമ്പോൾ കർത്താവിന്റെ അത്താഴമല്ലേ നിങ്ങൾ ഭക്ഷിക്കുന്നത്" (1 കോറി. 11:17–20). ഒന്നും ഇല്ലാത്തവരെ പരിഗണിക്കുക പോലും ചെയ്യാതെ അവരവർക്ക് മികച്ച സ്ഥലവും മികച്ച ഭക്ഷണവും ലഭിക്കാനാണ് ഓരോരുത്തരും ശ്രമിക്കുന്നത് (1 കോറി. 11:22).

ഇപ്രകാരമുള്ള തെറ്റായ വീക്ഷണങ്ങൾ നിലനിന്നിരുന്ന ഒരു സമൂഹത്തിന് ശരിയായ പ്രബോധനം നൽകുവാനാണ് പൗലോസ് ഇവിടെ യേശുക്രിസ്തുവിന്റെ അന്ത്യത്താഴത്തെയും സ്ഥാപനവചനങ്ങളേയും ഉപയോഗിക്കുന്നത്. പൗലോസിന്റെ ലേഖനവും ലൂക്കോസിന്റെ സുവിശേഷവും ഏറെ സമാനത പുലർത്തുന്നുണ്ട്. എന്നാൽ "അനേകർക്ക് വേണ്ടി ചിന്തപ്പെടുന്ന രക്തം" എന്ന പ്രയോഗം പൗലോസിന്റെ ലേഖനത്തിലില്ല. അതോടൊപ്പം തന്നെ പൗലോസിന്റെ ലേഖനത്തിൽ "എന്റെ ഓർമ്മയക്കായി ഇത് ചെയ്യുവിൻ" എന്നുള്ള വാക്യം രണ്ടു തവണ കാണാവുന്നതാണ് (1 കോറി. 11:24–25). പൗലോസിന്റെ ലേഖനവും സമാന്തരസുവിശേഷങ്ങളിലെപ്പോലെ ഒറ്റുകൊടുക്കലിന്റെ പശ്ചാത്തലത്തിലാണ് കർത്താവിന്റെ അത്താഴം വിവരിക്കുന്നത്. സമാന്തരസുവിശേഷങ്ങളിൽ ആദ്യമോ അവസാനമോ അവതരിപ്പിച്ചിരിക്കുന്ന ഒറ്റുകൊടുക്കൽ, പൗലോസിന്റെ ലേഖനത്തിൽ അത് വിവരണത്തിന്റെ ഒരു ഭാഗമായി തന്നെയാണ് അവതരിപ്പിക്കുന്നത്. യേശുക്രിസ്തുവിന്റെ ഇഹലോകജീവിതത്തെക്കുറിച്ച് പൗലോസിന്റെ ലേഖന

www.malankaralibrary.com


ങ്ങളിൽ പരാമർശങ്ങളൊന്നുമില്ല. അതിനാൽ ഇത് അന്നത്തെ ആരാധനക്രമത്തിന്റെ ഭാഗമായി വന്നതായിരിക്കാം. വി. കുർബാനയോടു ചേർന്നുള്ള ഒറ്റുക്കൊടുക്കലിന്റെ വിവരണത്തെ കോറിന്തോസിലെ വി. കുർബാനയെ ദുരുപയോഗം ചെയ്യുന്നവർക്കെതിരെയുള്ള ഒരു പരോക്ഷമായ താക്കീതായും നമുക്ക് മനസ്സിലാക്കാം.

### A. "രക്തത്തിലുള്ള പുതിയ ഉടമ്പടി"

"ഇത് എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്" (1 കോറി. 11:25). ഈ വാക്യത്തിൽ 'പുതിയ' എന്ന വാക്ക് ജറെമിയായക്ക് വാഗ്ദാനം ചെയ്ത ഉടമ്പടിയേയാണ് സൂചിപ്പിക്കുന്നത് (ജറെ. 31:31-34). അതോടൊപ്പം തന്നെ സീനായ് ഉടമ്പടിയും (പഴയ ഉടമ്പടിയും) ഇവിടെ പ്രസക്തമാണ്. മത്തായിയുടേയും മർക്കോസിന്റേയും സുവിശേഷത്തിൽ രക്തത്തിന്റെ നിർവചനം 'ഉടമ്പടി' എന്നാണെങ്കിൽ ("ഇത് പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്" മത്താ. 26:28, മർക്കോ. 14:24), പൗലോസിന്റെയും ലൂക്കായുടെയും രചനയിൽ ഉടമ്പടിയുടെ നിർവചനമാണ് രക്തം ("ഇത് എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്" 1 കോറി. 11:25). ജറെമിയ വിഭാവനം ചെയ്ത പുതിയ ഉടമ്പടിയെ മോശയുടെ ഉടമ്പടിയുടെ ബലിയുമായി ബന്ധപ്പെടുത്തുന്നു. പഴയ ഉടമ്പടി മൃഗങ്ങളുടെ രക്തത്തിൽ ഉറപ്പിക്കപ്പെട്ടുവെങ്കിൽ പുതിയ ഉടമ്പടി ക്രിസ്തുവിന്റെ രക്തത്താൽ സ്ഥാപിക്കപ്പെട്ടു.

### B. "എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്യുവിൻ"

പൗലോസിന്റെ ലേഖനത്തിന്റെ പ്രത്യേകതയാണ് "എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്യുവിൻ' എന്നു പറയുന്നതിന്റെ ആവർത്തനം. ഈ വാക്യത്തിനു ശേഷം പൗലോസ് തന്റേതായ ഒരു പ്രബോധനം ഇതിനോടൊപ്പം കൂട്ടിചേർക്കുന്നു: "നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽ നിന്നും പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം അവന്റെ പ്രത്യാഗമനം വരെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്" (1 കോറി. 11:26). ഈ രണ്ടു വാക്യങ്ങളും പൗലോസിന്റെ ലേഖനത്തിൽ ഏറെ ബന്ധമുള്ളവയാണ്. 26-ാമത്തെ വാക്യം പാരമ്പര്യത്തിന്റെ ഭാഗമല്ല, മറിച്ച് പൗലോസ് മനസ്സിലാക്കിയ പാരമ്പര്യങ്ങളുടെ ഒരു പുനർവിചന്തനമാണ്. പൗലോസ് വി. കുർബാനയെ ക്രിസ്തുവിന്റെ മരണത്തിന്റെ പ്രഖ്യാപനമാണെന്ന് പറയുമ്പോൾ തന്നെ വി. കുർബാനയെ ക്രിസ്തുവിന്റെ ഉയിർപ്പിന്റെ സാക്ഷ്യമായും അവതരിപ്പിക്കുന്നു. പൗലോസ് ഉയിർത്തെഴുന്നേറ്റ യേശുവിനെ കർത്താവ്

www.malankaralibrary.com

എന്നാണ് വിളിക്കുന്നത്. (റോമ. 10:9; 1 കോറി. 12:3; ഫിലി. 2:11). അതിനാൽ തന്നെ യേശുവിന്റെ മരണം എന്നുള്ളതിനേക്കാൾ കർത്താവിന്റെ മരണം എന്നു പറയുമ്പോൾ അതിൽ ഉയിർപ്പിന്റെ കൂടുതൽ സൂചന പൗലോസ് നൽകുന്നു. എന്നാൽ ക്രിസ്തുവിന്റെ മരണത്തിന് കൂടുതൽ ഊന്നൽ നൽകുന്നത് കോറിന്തോസിലെ സാഹചര്യവും വി. കുർബാനയെക്കുറിച്ചുള്ള കോറിന്തോസിലെ തെറ്റായ ധാരണയും കാരണമാണ്.

അമിതമായ ആദ്ധ്യാത്മികവാദം ക്രിസ്തുവിന്റെ കുരിശുമരണത്തെ പൂർണമായി മനസ്സിലാക്കാൻ കോറിന്തോസുകാർക്ക് ഒരു തടസ്സമായിരുന്നു. കാരണം ശരീരം അപ്രധാനമാണ് എന്ന ഒരു തത്വശാസ്ത്രത്തിൽ കൂടുതൽ വിശ്വാസമുള്ളവരായിരുന്നു കോറിന്തോസ് സമൂഹം. ഒരു വിഭാഗം ആൾക്കാർക്ക് യേശു ഒരു മനുഷ്യനാണ് എന്നുള്ള വസ്തുത പോലും വിശ്വാസമായിരുന്നില്ല. കാരണം ക്രിസ്തുവിന്റെ ഉയിർപ്പ് അവന്റെ മനുഷ്യചരിത്രവും, സഹനവും എല്ലാം മായിച്ചുകളഞ്ഞു. ഈ ഉയിർപ്പിൽ വിശ്വസിച്ചിരുന്ന അവരെ സംബന്ധിച്ചിടത്തോളം മറ്റു തലങ്ങളെല്ലാം അപ്രധാനമായിരുന്നു. കോറിന്തോസുകാരുടെ ഈ മനോഭാവത്തെയാണ് പൗലോസ് ആദ്യം നിരാകരിക്കുന്നത്. ഈ ഒരു തെറ്റിദ്ധാരണ കോറിന്തോസുകാരുടെ പ്രാർത്ഥനകളിലും ആഘോഷങ്ങളിലും കടന്നുകൂടി. കർത്താവിന്റെ അത്താഴത്തിന്റെ ഓർമ്മയിലും ഈ തെറ്റിദ്ധാരണ ഉണ്ടായിരുന്നു. അന്ത്യത്താഴത്തിൽ ക്രിസ്തു താനും ശിഷ്യന്മാരുമായുള്ള ഉടമ്പടിയിലുള്ള ഐക്യത്തെ അവതരിപ്പിക്കുകയും, തന്റെ ജീവൻ നിങ്ങൾക്കുവേണ്ടി നൽകപ്പെടുകയും ചെയ്യുന്നു എന്നും പറഞ്ഞു. അതോടൊപ്പം തന്നെ ക്രിസ്തുവിന്റെ ഓർമ്മയ്ക്കായി ഇത് ചെയ്യുവാനും കല്പിച്ചു (1 കോറി. 11:23-25). ക്രിസ്തു ആഗ്രഹിച്ചത് കേവലം ആചാരങ്ങളുടെയോ കർമ്മങ്ങളുടേയോ അനുഷ്ഠാനമല്ല മറിച്ച് ക്രിസ്തുവിന്റെ ജീവന്റെയും മരണത്തിന്റെയും ആഴമായ ഓർമ്മയാചാരണത്തെക്കുറിച്ചാണ്.

## C. പ്രഖ്യാപിക്കുക

26-ാമത്തെ വാക്യത്തിൽ പറഞ്ഞിരിക്കുന്ന 'പ്രഖ്യാപിക്കുക' എന്ന പദത്തെക്കുറിച്ച് വിവിധ തർക്കങ്ങൾ ഉണ്ട്. എന്നാൽ പൗലോസ് ഉദ്ദേശിക്കുന്നത് ക്രിസ്തുവിന്റെ സഹനത്തേയും മരണത്തേയും പ്രഖ്യാപിക്കുക എന്നതിനേക്കാളുപരി ഈ അത്താഴം സമഗ്രമായും ഒരു പ്രഖ്യാപനമാണ് എന്നാണ്. ഓരോ തവണയും വി. കുർബാന ആഘോഷിക്കപ്പെടുമ്പോൾ യേശുക്രിസ്തുവിന്റെ മരണത്തെ പ്രഖ്യാപിക്കുക

www.malankaralibrary.com


യും, അവന്റെ രണ്ടാം വരവു വരെയുള്ള അതിന്റെ അർത്ഥം വിളിച്ചോതുകയുമാണ് ചെയ്യുന്നത്.

## D. ഓർമ്മ

ക്രിസ്തു പറയുന്ന 'ഓർമ്മ' എന്ന വസ്തുതയും ഏറെ ചർച്ചകൾക്ക് വഴിയൊരുക്കിയ ഒരു പദമാണ്. യേശുക്രിസ്തുവിന്റെ അന്ത്യത്താഴവും മരണവും ഒന്നിന്റെയും അവസാനമല്ല. തന്റെ രണ്ടാമത്തെ വരവു വരെ ഓർമ്മിക്കാനായിട്ടാണ് യേശു ശിഷ്യന്മാരോട് അന്ത്യത്താഴത്തിൽ ആവശ്യപ്പെടുന്നത്. പഴയനിയമത്തിൽ പല സ്ഥലങ്ങളിൽ ഈ 'ഓർമ്മ'യെക്കുറിച്ച് നമുക്ക് കാണുവാൻ സാധിക്കും. ദഹനബലികളും സമാധാനബലികളും അർപ്പിക്കുമ്പോൾ "അപ്പോൾ നിങ്ങളുടെ ദൈവം നിങ്ങളെ ഓർമ്മിക്കും" (സംഖ്യ. 10:10). "അങ്ങനെ നിങ്ങൾക്കു പാപപരിഹാരത്തിനുതകും വിധം അത് ഇസ്രായേൽ ജനത്തെ കർത്താവിന്റെ സ്മരണയിൽ കൊണ്ടുവരും" (പുറ. 30:16). "അഹറോന്റെ പുത്രന്മാർ ആർത്തുവിളിക്കുകയും ലോഹനിർമിതമായ കാഹളം ഊതുകയും ചെയ്തു. അത്യുന്നതൻ തങ്ങളെ സ്മരിക്കുന്നതിനുവേണ്ടി അവർ ഉച്ചഘോഷം മുഴക്കി" (പ്രഭാ. 50/16). അതായത് നമ്മുടെ ബലികളെല്ലാം ദൈവം നമ്മെ ഓർമ്മിക്കാൻ വേണ്ടിയുള്ളതാണ്. സാധാരണമായ അർത്ഥത്തിൽ ക്രിസ്തു പറയുന്നത് അവൻ ചെയ്ത കാര്യങ്ങൾ തന്റെ രണ്ടാം വരവു വരെ ഓർമ്മിക്കാനാണ്. എന്നാൽ മറ്റൊരു തരത്തിൽ വിശകലനം ചെയ്താൽ വി. കുർബാന ദൈവം നമ്മെ ഓർമ്മിക്കാനുള്ള മാർഗ്ഗമാണ്. വി. കുർബാന അതേ സമയം തന്നെ ക്രിസ്തുവിനെ പിൻതുടരാനുള്ള ഓർമ്മപ്പെടുത്തലുമാണ്. ക്രിസ്തുവിലൂടെ ദൈവം വാഗ്ദാനം ചെയ്ത ഉടമ്പടിയെക്കുറിച്ച് ദൈവത്തെ ഓർമ്മപ്പെടുത്തുന്നതാണ് ഓരോ വിശുദ്ധ കുർബാനയും. അതേ സമയം ക്രിസ്തുശിഷ്യരായ നമുക്ക് വി. കുർബാന ക്രിസ്തുവിന്റെ മരണത്തേയും, സ്വയം ശൂന്യവത്ക്കരണത്തേയും ഓർമ്മിച്ച് അത് അനുകരിക്കാനുള്ള ഒരു ഓർമ്മപ്പെടുത്തലാണ്. ഇപ്രകാരം വിശുദ്ധ കുർബാന എല്ലാ കാലങ്ങളിലും പ്രാധാന്യം അർഹിക്കുന്നു.

ഭൂതകാലം - ക്രിസ്തുവിന്റെ രക്ഷാകര പ്രവർത്തനങ്ങളുടെ ഓരോർമ്മയാണ്.

വർത്തമാനകാലം - ക്രിസ്തു ശിഷ്യന്മാരിലൂടെയുള്ള ഉടമ്പടിയുടെ പൂർത്തീകരണമാണ്.

ഭാവികാലം - വരാനിരിക്കുന്ന യുഗാന്ത്യത്തിന്റെ പൂർത്തീകരണമാണ്.

www.malankaralibrary.com

കോറിന്തോസ് സഭയിലെ വി. കുർബാനയിൽ ശരിയായ ഒരു ഓർമ്മയാചരണമായിരുന്നില്ല നടന്നിരുന്നത്. അവർ യേശുക്രിസ്തുവിന്റെ ജീവിതത്തേയും മരണത്തേയും വിസ്മരിച്ചാണ് ആഘോഷിച്ചിരുന്നത്. കോറിന്തോസിലെ ജനങ്ങൾ എല്ലായ്പ്പോഴും അവരുടെ സാമൂഹികമായ ജീവിതതലങ്ങളിൽ തിരക്കുള്ളവരായിരുന്നു. എന്നാൽ അന്ത്യത്താഴത്തിന്റെ ഓർമ്മ ക്രിസ്തുവിനെ ഓർമ്മിക്കാനുള്ളതായിരുന്നു. ക്രിസ്തുവിന്റെ അതേ മനോഭാവത്തോടെ ഈ അത്താഴത്തിൽ പങ്കെടുത്താൽ മാത്രമേ അത് അർത്ഥവത്താവുകയുള്ളു. കോറിന്തോസുകാർക്കെഴുതിയ രണ്ടാം ലേഖനത്തിൽ പൗലോസ് ക്രിസ്തീയ നില നിൽപിനെക്കുറിച്ച് പറയുന്നത്: "യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ പ്രത്യക്ഷമാകുന്നതിന് അവിടുത്തെ മരണം ഞങ്ങൾ എല്ലായപ്പോഴും ശരീരത്തിൽ സംവഹിക്കുന്നു" (2 കോറി. 4:10) എന്നാണ്. ക്രിസ്തുവിന്റെ മരണം സംവഹിക്കുക എന്നാൽ ക്രിസ്തുവിന്റെ സ്വയം ഇല്ലാതാകുന്ന മനോഭാവം ഉണ്ടായിരിക്കുക എന്നതാണ്. യേശുക്രിസ്തുവിന്റെ പുതിയ ഉടമ്പടിയുടെ രക്തം സ്വീകരിക്കാൻ ഈ മനോഭാവം അത്യാവശ്യമാണ്. അന്ത്യത്താഴം യേശുക്രിസ്തുവിന്റെ മരണത്തിലുള്ള പങ്കുചേരലാണ് എന്നു പറഞ്ഞതിനുശേഷം പൗലോസ് അതിന്റെ മറ്റൊരു വശം കൂടെ വിവരിക്കുന്നു: "തന്മൂലം, ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരേ തെറ്റു ചെയ്യുന്നു" (1 കോറി. 11:27). അതായത് വ്യക്തിപരമായ ആവശ്യങ്ങളാലും ലക്ഷ്യങ്ങളാലും കർത്താവിന്റെ അത്താഴത്തിൽ പങ്കുചേരുന്നവർ ക്രിസ്തുവിന്റെ മരണം പ്രഖ്യാപിക്കുന്നതിനു പകരം ക്രിസ്തുവിനെ കൊലപ്പെടുത്തിയവർക്ക് സമമാണ്. ഇതേ ആശയം തന്നെ 1 കോറി. 11:29-ാം വാക്യത്തിലും ആവർത്തിച്ചിരിക്കുന്നു. രണ്ടാമത് ശരീരത്തെക്കുറിച്ച് പറഞ്ഞിരിക്കുന്ന ഈ വാക്യമാണ് പൗലോസ് വി. കുർബാനയുമായി ബന്ധപ്പെടുത്തി സംസാരിക്കുന്നത് എന്നാണ് വേദശാസ്ത്രജ്ഞരുടെ അഭിപ്രായം.

**ഉപസംഹാരം**

പൗലോസ് അപ്പസ്തോലന്റെ വി. കുർബാനയുടെ ദൈവശാസ്ത്രം പ്രധാനമായും വിവരിച്ചിരിക്കുന്നത് കോറിന്തോസുകാർക്കെഴുതിയ ലേഖനത്തിലാണ്. കോറിന്തോസ് സമൂഹത്തിലുള്ള പ്രശ്നങ്ങളുടെ പശ്ചാത്തലത്തിലാണ് പൗലോസ് വി. കുർബാനയെ അവതരിപ്പിക്കുന്നത്. ആദ്യമേ വി. കുർബാനയും വിജാതീയ ദേവന്മാർക്ക് സമർപ്പിച്ച

www.malankaralibrary.com


ഭക്ഷണവും തമ്മിലുള്ള വ്യത്യാസത്തിലാണ് പൗലോസ് ആരംഭിക്കുന്നത്. അതിൽ നിന്നും വി. കുർബാനയുടെ വിശുദ്ധിയിലേക്ക് ലേഖകൻ കടന്നുവരുന്നു. വി. പൗലോസ് പറയുന്നത് വി. കുർബാനയിൽ അപ്പവും വീഞ്ഞും യേശുക്രിസ്തുവിന്റെ ശരീരവും രക്തവുമായി മാറുന്നു എന്നാണ്. ഇപ്രകാരമുള്ള യഥാർത്ഥമായ ക്രിസ്തീയ ആരാധനയിൽ കോറിന്തോസ് സമൂഹം പിന്നോട്ടായിരുന്നു. ക്രിസ്തു നമുക്ക് വേണ്ടി ജീവൻ വെടിഞ്ഞു. എന്നാൽ നമ്മുടെ സ്വാർത്ഥതാല്പര്യങ്ങൾ വീണ്ടും വീണ്ടും ക്രിസ്തുവിനെ മരണത്തിനേൽപ്പിച്ചുകൊണ്ടിരിക്കുന്നു. ഇപ്രകാരമുള്ള ഒരു സമൂഹത്തോട് വി. കുർബാനയിലൂടെ ക്രിസ്തു നാമുമായി പങ്കുവയ്ക്കുന്ന പുതിയ ഉടമ്പടിയുടെ അർത്ഥം പൂർണ്ണമായി മനസ്സിലാക്കാനാണ് വി. പൗലോസ് ആവശ്യപ്പെടുന്നത്. അങ്ങനെ ക്രിസ്തുവിന്റെ മരണം അവന്റെ രണ്ടാം വരവുവരെ പ്രഖ്യാപിക്കപ്പെടും.

❖

www.malankaralibrary.com

### അദ്ധ്യായം 6

# വിശുദ്ധ കുർബാന : പാപപരിഹാരബലി
## (വി. കുർബാന ഹെബ്രായ ലേഖനത്തിൽ)

**ക്രി**സ്തുവിന്റെ അവസാന അത്താഴത്തിലെ വാക്കുകൾക്കും പ്രവർത്തനങ്ങൾക്കുമുള്ള ഒരു വ്യഖ്യാനമായാണ് ഹെബ്രായർക്കുള്ള ലേഖനത്തെ കാണുവാൻ സാധിക്കുക. എന്നാൽ അവസാനത്തെ അത്താഴത്തെക്കുറിച്ചുള്ള നേരിട്ടുള്ള ഒരു പരാമർശവും നമുക്ക് ഹെബ്രായ ലേഖനത്തിൽ കാണാൻ സാധിക്കില്ല. ഹെബ്രായ ലേഖനം ആരാധനയ്ക്കായി ഒത്തുകൂടുന്ന ഒരു ക്രിസ്ത്യൻ സമൂഹത്തിലെ പ്രസംഗത്തിന്റെ രീതിയിലാണ് ലേഖകൻ എഴുതിയിരിക്കുന്നത്. അതിനാൽ തന്നെ ഹെബ്രായരുടെ ലേഖനം പ്രധാനമായും ആദിമ ക്രിസ്ത്യാനികൾ വി. കുർബാനയുടെ ആഘോഷത്തിനായി ഒത്തുചേർന്നപ്പോൾ വായിച്ചിരുന്നതാകാം എന്നാണ് ദൈവശാസ്ത്രജ്ഞരുടെ അഭിപ്രായം. ക്രിസ്തുവിന്റെ ശ്രേഷ്ഠതയെക്കുറിച്ചും കുരിശുമരണത്തിന്റെ ത്യാഗത്തെക്കുറിച്ചും, വി. കുർബാനയോട് വിശ്വസ്തത പുലർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പങ്കുവയ്ക്കുന്നതിന് ഈ ക്രമീകരണം ലേഖകൻ ഉപയോഗിക്കുന്നു.

### I. സ്വർഗ്ഗീയ സമ്മാനം (ഹെബ്രാ. 6:4)

ഹെബ്രായ ലേഖനത്തിൽ വി. കുർബാനയെക്കുറിച്ചുള്ള ആദ്യത്തെ പരാമർശം കാണുന്നത് 6:4-ലാണ്. വിശ്വാസത്യാഗത്തിന്റെ അപകടങ്ങളെക്കുറിച്ച് കർശനമായ മുന്നറിയിപ്പുകൾ നല്കുന്നതിന്റെ തുടക്ക

www.malankaralibrary.com


ത്തിലാണ് സുവിശേഷകൻ സ്വർഗ്ഗീയ സമ്മാനത്തിന്റെ (6:4) ആസ്വാദനത്തെക്കുറിച്ച് പറയുന്നത്. ഈ വാക്യത്തെക്കുറിച്ച് വേദപണ്ഡിതന്മാരുടെ ഇടയിൽ വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ട് "ഒരിക്കൽ പ്രകാശം ലഭിക്കുകയും" (6:4) എന്ന വാക്യത്തെ മാമോദീസായായും "സ്വർഗ്ഗീയ സമ്മാനം ആസ്വദിച്ചറിയുകയും" (6:4) എന്ന വാക്യം വി. കുർബാനയെയും സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ പൗരോഹിത്യവും മെൽക്കിസദേക്കിന്റെ പൗരോഹിത്യവും തമ്മിലുള്ള സാമ്യം അവതരിപ്പിച്ചശേഷം (4:14–15:10) ലേഖകൻ തന്റെ ശ്രോതാക്കളുടെ ശ്രദ്ധ മറ്റൊരു ആശയത്തിലേക്ക് കൊണ്ടുപോവുകയാണ് (5:11– 6:20). വിശ്വാസത്തിൽ മന്ദഗതിയിലായ ജനത്തെ പ്രബോധിപ്പിക്കുന്നതാണ് ഈ വേദഭാഗം (5:11–14). ക്രിസ്തീയ വിശ്വാസത്തിലേക്ക് കടന്നു വന്നപ്പോഴുണ്ടായിരുന്ന അടിസ്ഥാനങ്ങളിൽ നിലയുറച്ച് ദൈവശാസ്ത്രപരമായ പക്വതയിലേക്ക് വളരുവാൻ അവരെ ഉദ്ബോധിപ്പിക്കുന്നു (6:1–3). അതിനുശേഷമാണ് അവരോട് പറയുന്നത്: "പ്രകാശം ലഭിക്കുകയും സ്വർഗ്ഗീയ സമ്മാനം ആസ്വദിക്കുകയും ചെയ്തവർ വിശ്വാസം ഉപേക്ഷിച്ചാൽ അവർക്ക് അനുതാപത്തിലേക്ക് തിരിച്ചുവരുക അസാദ്ധ്യമാണ്" എന്ന് (6:4). ഈ വാക്യത്തിനു ചുറ്റുമുള്ള വാക്യങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത് വി. കുർബാനയുടെ പ്രതീകമാണ് എന്നു നമുക്ക് മനസ്സിലാക്കാൻ സാധിക്കുക. പുതുതായി ക്രിസ്തീയ വിശ്വാസം സ്വീകരിച്ച വ്യക്തികളുടെ ആദ്യത്തെ വി. കുർബാന അനുഭവത്തെക്കുറിച്ചാണ് ലേഖകൻ ഇവിടെ സൂചിപ്പിക്കുന്നത്. ക്രിസ്തീയ വിശ്വാസത്തിലേക്ക് കടന്നുവരുന്നതിനുള്ള മാനദണ്ഡങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ അപര്യാപ്തമാണെങ്കിലും, കർത്താവിന്റെ അത്താഴത്തിലുള്ള പങ്കെടുക്കലിന് മാമോദീസാ അനിവാര്യമായിരുന്നു എന്ന് ഡിഡാക്കെയിൽ നിന്ന് നമുക്ക് തെളിവുകൾ ലഭിക്കുന്നുണ്ട്: "കർത്താവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കാത്തവരാരും ഈ കുർബാന ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ചെയ്യാതിരിക്കട്ടെ" (Did 9:5) അതിനാൽ തന്നെ ഈ വാക്യം പ്രധാനമായും ആദ്യമായി മാമോദീസാ സ്വീകരിക്കുന്നവർ സ്വീകരിക്കുന്ന വി. കുർബാനയെയാണ് സൂചിപ്പിക്കുന്നത്.

ഇവിടെ ആസ്വദിച്ചറിയുക എന്നുള്ളതിന് '*Gevomai*' എന്ന ഗ്രീക്ക് പദവും സമ്മാനം എന്നുള്ളതിന് '*Doreas*' എന്നുള്ള ഗ്രീക്ക് പദവുമാണ് ലേഖകൻ ഉപയോഗിച്ചിരിക്കുന്നത്. ഈ പദം ഹെബ്രായ ലേഖനത്തിനു പുറത്ത് കർത്താവിന്റെ അത്താഴവുമായി ബന്ധപ്പെട്ടു നമുക്ക് കാണാൻ സാധിക്കില്ല. എന്നാൽ ആദ്യകാലങ്ങളിൽ സഭാപിതാക്കന്മാ

www.malankaralibrary.com

രുടെ ലേഖനങ്ങളിൽ ഈ പദം വി. കുർബ്ബാനയുമായി ബന്ധപ്പെട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. റോമായിലെ വി. ക്ലെമന്റിന്റെ ലേഖനങ്ങളിലും അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസിന്റെ ലേഖനങ്ങളിലും വി. കുർബ്ബാനയെ '*Doreas*' അതായത് ദൈവത്തിന്റെ സമ്മാനം എന്നുള്ള രീതിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്. ഹെബ്രായ ലേഖത്തിന്റെ രചനയുടെ കാലഘട്ടം വിലയിരുത്തുമ്പോൾ 80-കളുടെ മധ്യത്തിൽ അന്നത്തെ കാലഘട്ടത്തിൽ എഴുത്തുകാർ വി. കുർബ്ബാനയ്ക്കായി ഉപയോഗിച്ചിരുന്ന ഒരു പദം തന്നെ ലേഖകൻ ഉപയോഗിച്ചിരിക്കുന്നു എന്നത് യുക്തിരഹിതമല്ല. ഈ വാചകത്തിലെ വി. കുർബ്ബാനയുടെ അർത്ഥം കൂടുതലായി നമുക്ക് മനസ്സിലാകുന്നത് ലേഖനത്തിലെ വി. കുർബ്ബാനയുടെ മറ്റു പ്രതീകങ്ങൾ കൂടെ കണക്കിലെടുക്കുമ്പോഴാണ്. ഹെബ്രായർ 6:1-6 വരെയുള്ള വാക്യങ്ങളുടെ സമഗ്രമായ അർത്ഥത്തിൽ ഈ വാക്യത്തിന് വി. കുർബ്ബാനയുടെ വ്യക്തമായ ഒരു ആശയം ഉണ്ട് എന്നും നമുക്ക് മനസ്സിലാക്കാം. അതിനേക്കാളുപരി ഈ വാക്യം ഹെബ്രയർ 7:1-10:18 വരെയുള്ള വാക്യങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന ക്രിസ്തുവിന്റെ പൗരോഹിത്യത്തിനും ബലിയ്ക്കും പശ്ചാത്തലമൊരുക്കുകയാണ്. ഈ ഭാഗത്തിലെ ബലിയുടെ പ്രകടമായ ഒരടയാളമാണ് കർത്താവിന്റെ അത്താഴത്തിൽ സംഭവിക്കുന്നത്.

## II. രക്തം, മാംസം, സഭായോഗങ്ങൾ, അടുത്തുവരൽ (10:19-35)

7:1-10:18 വരെയുള്ള വാക്യങ്ങളിൽ ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെയും ബലിയുടേയും അർത്ഥം തുറന്നുകാട്ടിയതിനുശേഷം, 10:19-39 വരെയുള്ള വാക്യങ്ങളിൽ ഹെബ്രായ ലേഖകൻ തന്റെ ശ്രോതാകൾക്ക് പ്രബോധനങ്ങളുടെയും, പ്രോത്സാഹനങ്ങളുടേയും ഒരു നിര തന്നെ അവതരിപ്പിക്കുകയാണ്. 7:1-10:18 വരെയുള്ള വാക്യങ്ങളിൽ ലേവി പൗരോഹിത്യത്തിൽ നിന്ന് ക്രിസ്തുവിന്റെ പൂരോഹിത്യത്തിന്റെ ശ്രേഷ്ഠതയാണ് ലേഖകൻ വിവരിക്കുന്നത്. യേശു ക്രിസ്തുവിന്റെ പൗരോഹിത്യം മെൽക്കിസദേക്കിന്റേതുപോലെ (7:17) നിത്യമായ പൗരോഹിത്യമാണ് (7:16, 24-25). ക്രിസ്തുവിന്റേത് പൂർണ്ണ പൗരോഹിത്യമാണ് (7:26-28) അതുപോലെ തന്നെ ക്രിസ്തുവിന്റെ സ്വയബലി, ലേവി പൗരോഹിത്യത്തേക്കാൾ ശ്രേഷ്ഠമായ ബലിയാണ്. യേശുക്രിസ്തുവിന്റെ ബലി ജറെമിയ പ്രവാചകൻ പ്രവചിച്ച പുതിയ ഉടമ്പടിക്ക് തുടക്കം കുറിക്കുകയാണ് (8:7-13 ; 9:15, 10:16). ഈ ബലി വിശ്വാസികളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും, ജീവനുള്ള ദൈവത്തെ ആരാ

www.malankaralibrary.com


ധിക്കാനും (9:14) നിത്യതയെ സ്നേഹിക്കാനും അവകാശമാക്കാനും (9:15) അവരെ അർഹരാക്കുകയും ചെയ്യുന്നു.

ഇത്രയും പ്രധാനപ്പെട്ട പ്രബോധനങ്ങളിലൂടെ ഇതിന്റെ പ്രയോഗിക തലങ്ങളിലേക്ക് കടന്നു പോവുകയാണ് ലേഖകൻ 10:19-39 വാക്യങ്ങളിൽ. യേശുക്രിസ്തുവിന്റെ പൗരോഹിത്യ ശുശ്രൂഷ വിശ്വാസികൾക്ക് സ്വർഗ്ഗരാജ്യത്തിലെ ദൈവസാന്നിദ്ധ്യം സ്വന്തമാക്കുന്നതിന് സാധ്യതകൾ നല്കി. വിശുദ്ധ സ്ഥലത്തേക്ക് പ്രവേശിക്കുവാൻ യേശുവിന്റെ ശരീരവും രക്തവും മൂലം നമുക്ക് മനോധൈര്യം നല്കുന്നു (10:19-20). അതിനാൽ തന്നെ വിശ്വാസത്തിന്റെ ഉറപ്പുള്ള സത്യഹൃദയത്തോടെ ഹൃദയത്തേയും ശരീരത്തേയും വെടിപ്പാക്കി നമുക്ക് അടുത്തു ചെല്ലാം (10:22). സഭായോഗങ്ങൾ ഉപേക്ഷിക്കുന്നവരും (10:25) പാപാവസ്ഥയിൽ കഴിയുന്നവരും (10:26) പുതിയ ഉടമ്പടിയുടെ രക്തത്തെ അശുദ്ധമാക്കുകയും കൃപയുടെ ആത്മാവിനെ പുച്ഛിച്ചു തള്ളുകയുമാണ് ചെയ്യുന്നത് (10:29). ഈ വാക്കുകളെല്ലാം വി. കുർബാനയിലേക്കാണ് വിരൽ ചുണ്ടുന്നത്. യഹൂദ ആരാധനകളുടെ പശ്ചാത്തലത്തിൽ അതുമായി ബന്ധപ്പെടുത്തിയാണ് ലേഖകൻ വി. കുർബാനയെ അവതരിപ്പിക്കുന്നത്. ക്രിസ്തു തന്റെ ശരീരത്തിലൂടെയും രക്തത്തിലൂടെയും സ്വർഗത്തിൽ നവീനവും സജീവവുമായ ഒരു ജീവൻ നമുക്ക് നല്കുന്നു. അതായത് ക്രിസ്തുവിന്റെ ശരീരത്തിലൂടെയും രക്തത്തിലൂടെയുമാണ് ദൈവത്തെ സമീപിക്കാനുള്ള വഴി നമുക്ക് തുറന്നു തന്നത്. വി. കുർബാനയ്ക്കായി സമ്മേളിച്ചിരിക്കുന്ന ഒരു സമൂഹത്തോടാണ് ലേഖകൻ ഇപ്രകാരം പറയുന്നത്. നിങ്ങൾ സ്വീകരിക്കാൻ പോകുന്ന ഈ ശരീരവും രക്തവുമാണ് നിങ്ങളെ ദൈവത്തിലേക്ക് ചേർത്തു നിർത്തുന്നത് എന്നാണ് ലേഖകൻ പറയുന്നത്.

ഹെബ്രായർ 10:19-ൽ ലേഖകൻ താൻ അഭിസേംബാധന ചെയ്യുന്ന ജനങ്ങളെ വിളിക്കുന്നത് സഹോദരരെ (*Adelphos*) എന്നാണ്. ഇത് ക്രിസ്തു തന്റെ കൂട്ടായ്മകളിൽ ജനങ്ങളെ വിളിക്കുന്നതിനു സമാനമായാണ് ലേഖകൻ ഇപ്രകാരം അഭിസംബോധന ചെയ്യുന്നത്. 10:29-ാം വാക്യവും വി. കുർബാനയിലേക്കാണ് വിരൽ ചൂണ്ടുന്നത്. 21-ാം വാക്യത്തിൽ പുതിയ ഉടമ്പടിയുടെ രക്തത്തെ അശുദ്ധമാക്കുന്നവൻ ശിക്ഷിക്കപ്പെടുമെന്നാണ് ലേഖകൻ വിവരിക്കുന്നത്. വിശ്വാസികളായ നിങ്ങൾ ഒരുമിച്ചു ചേർന്ന് (10:25) കൃപയുടെ ആത്മാവിനെ സ്വീകരിച്ച് (10:29) പ്രബുദ്ധരാകാനാണ് (10:32) ലേഖകൻ ആഹ്വാനം ചെയ്യുന്നത്. ഇപ്ര

www.malankaralibrary.com

കാരം 10:19–35 വരെ അനേകം ആരാധാനാപരവും കൗദാശികപരവും വി. കുർബാനയുമായി ബന്ധപ്പെട്ടതുമായ പ്രതീകങ്ങൾ നമുക്ക് കാണാം. 10:25–ൽ പറഞ്ഞിരിക്കുന്ന സഭായോഗങ്ങൾ വി. കുർബാന യുമായി ബന്ധപ്പെട്ടതാണ് എന്ന് പറയുന്നത് പ്രധാനമായും ആദിമ സഭയിലെ ക്രിസ്തീയ കൂട്ടായ്മകളെ അടിസ്ഥാനപ്പെടുത്തിയാണ്. അപ്പ സ്തോലപ്രവർത്തനങ്ങളിൽ രണ്ടാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കു ന്നതുപോലെ സഭാ യോഗ കൂട്ടായ്മകളിൽ അവർ ചെയ്തിരുന്നത് വചന വായനയും വി. കുർബാനയുടെ അഘോഷവുമായിരുന്നു (അപ്പ. 2:42). യേശുക്രിസ്തുവിന്റെ അന്ത്യത്താഴത്തിന്റെ ഓർമ്മ ആദിമ സഭ യിലെ എല്ലാ യോഗങ്ങളിലും ഒരു സാധാരണ സംഭവമായിരുന്നു. 'സഭായോഗങ്ങൾ' എന്നുള്ള വാക്കിനോട് ചേർന്ന് യുഗാന്ത്യത്തെക്കു റിച്ചും ലേഖകൻ വിവരിക്കുന്നു: "ആ ദിനം അടുത്തു വരുമ്പോൾ നിങ്ങൾ പരസ്പരം കൂടുതൽ കൂടുതൽ പ്രോത്സാഹിപ്പിക്കുകയും വേണം" (10:25). ഈ വാക്യത്തിന് ലേഖകൻ ഒരു ആരാധന വിശദീകരണവും യുഗാന്ത്യ പ്രബോധനവുമാണ് നല്കുന്നത്. അതിനാൽ തന്നെ ഇത് വി. കുർബാനയുടെ കൂട്ടായ്മയിലാണ് പ്രസംഗിച്ചത് എന്നതിനുള്ള കൂടുതൽ തെളിവുകൾ ലഭ്യമാകുന്നു. കാരണം സമാന്തര സുവിശേഷ ങ്ങളിലും കോറിന്തോസിനുള്ള ലേഖനത്തിലും അന്ത്യത്താഴത്തിനോട് ചേർന്ന് രചയിതാക്കൾ യുഗാന്ത്യത്തെക്കുറിച്ചുള്ള പ്രബോധനങ്ങൾ നല്കിയിട്ടുണ്ട്. അതിനാൽ തന്നെ ആദിമ സഭയിൽ വി. കുർബാനയെ യുഗാന്ത്യവുമായി ബന്ധപ്പെട്ടാണ് മനസ്സിലാക്കിയിരുന്നത് എന്ന് നമുക്ക് മനസ്സിലാക്കാം.

## III. പുതിയ ഉടമ്പടി (8:7–13, 9:15, 10:16)

ഹെബ്രായ ലേഖനത്തിലെ വളരെ പ്രധാനപ്പെട്ട രണ്ടുഭാഗങ്ങളിൽ ഒന്നാമത്തേതാണ് 7:1 –10:18 ഈ ഭാഗത്താണ് ഉടമ്പടിയെ ലേഖകൻ അവതരിപ്പിക്കുന്നത്. 8:7–13 വരെയുള്ള വാക്യങ്ങളിൽ 'ഉടമ്പടി' എന്ന പദം കർത്താവിന്റെ അന്ത്യത്താഴത്തിന്റെ ഒരു സാമ്യം സ്വീകരിക്കു ന്നുണ്ട്. 7:1–8:5 വരെയുള്ള വാക്യങ്ങളിൽ യേശുക്രിസ്തുവിന്റെ പൗരോ ഹിത്യത്തെക്കുറിച്ച് പറഞ്ഞതിനു ശേഷം 8:2–10:18 വരെയുള്ള വാക്യ ങ്ങളിൽ യേശുക്രിസ്തുവിന്റെ സ്വയബലിയെക്കുറിച്ചാണ് ലേഖകൻ സംസാരിക്കുന്നത്. അതായത് യേശുക്രിസ്തുവിന്റെ പൗരോഹിത്യം ശ്രേഷ്ഠമായിരിക്കുന്നതുപോലെ അവന്റെ ബലിയും യഹൂദ ആരാ ധന സമ്പ്രദായത്തിലെ ആചാരങ്ങളേക്കാൾ ശ്രേഷ്ഠമാണ്. യേശുക്രി

www.malankaralibrary.com


സ്തുവിന്റെ പൗരോഹിത്യവും ബലിയും തമ്മിൽ ബന്ധിപ്പിക്കുന്ന വാക്യമാണ് 8:6, "ക്രിസ്തു കൂടുതൽ ശ്രേഷ്ഠമായ വാഗ്ദാനങ്ങളിൽ അധിഷ്ഠിതമായ ഒരു ഉടമ്പടിയുടെ മദ്ധ്യസ്ഥനായിരിക്കുന്നതുപോലെ പഴയതിനേക്കാൾ കൂടുതൽ ശ്രേഷ്ഠമായ ഒരു ശുശ്രൂഷക സ്ഥാനം അവനു ലഭിച്ചിരിക്കുന്നു" (8:6). തുടർന്നു വരുന്ന വാക്യങ്ങളിലാണ് ക്രിസ്തു തന്റെ 'ശരീരവും രക്തവും' അനേകർക്കായി ദാനം ചെയ്തതാണ് 'പുതിയ ഉടമ്പടി' എന്ന് ലേഖകൻ വിശദീകരിക്കുന്നത്. ഹെബ്രാ. 8:7–13 വരെയുള്ള വാക്യങ്ങളും ജറെമിയ 31:31–34 വരെയുള്ള വാക്യങ്ങളും തമ്മിൽ ഏറെ സമാനത പുലർത്തുന്നുണ്ട്. ജറെമിയാ പ്രവചനത്തിൽ ദൈവം ഇസ്രായേലുമായും യൂദായുമായും ഉടമ്പടി ചെയ്യുന്നതിന്റെ പശ്ചാത്തലത്തിലാണ് ഈ വാക്യങ്ങൾ ഉപയോഗിക്കുന്നത്. എന്നാൽ ഹെബ്രായ ലേഖനത്തിൽ യേശുക്രിസ്തുവിന്റെ ശ്രേഷ്ഠത കാണിക്കുവാനാണ് ലേഖകൻ ഈ വാക്യങ്ങൾ ഉപയോഗിച്ചിരിക്കുന്നത്. 7:1–28 വരെയുള്ള വാക്യങ്ങളിൽ ലേവ്യ പൗരോഹിത്യത്തിന്റെ അപര്യാപ്തകളും, പുതിയ ഒരു പുരോഹിതന്റെ ആവശ്യകതയും ലേഖകൻ വിവരിച്ചു. ഇവിടെ സീനായ് ഉടമ്പടിയുടെ അപര്യാപ്തത അവതരിപ്പിച്ച് ഒരു പുതിയ ഉടമ്പടിയുടെ ആവശ്യകത വിവരിക്കുന്നു. പ്രസ്തുത പുതിയ ഉടമ്പടിയാണ് ക്രിസ്തു മദ്ധ്യസ്ഥനായ പഴയതിനേക്കാൾ ശ്രേഷ്ഠമായ പുതിയ ഉടമ്പടി (8:6). യേശുക്രിസ്തുവിന്റെ പൗരോഹിത്യം അവതരിപ്പിക്കാൻ മൽക്കിസദേക്കിന്റെ പൗരോഹിത്യം വിശദീകരിച്ചതുപോലെ യേശുക്രിസ്തുവിന്റെ പുതിയ ഉടമ്പടിയാണ് 9:15 ലും 10:16–17 ലും വിവരിക്കുന്നത്. 10:16–17 വാക്യങ്ങളിൽ അതിന്റെ സമാപനമെന്നോണം 'പുതിയ ഉടമ്പടിയെ' 'പാപപരിഹാര' ബലിയുമായി ബന്ധപ്പെടുത്തുന്നു. ഇപ്രകാരം 9:1–10:14 വരെയുള്ള വാക്യങ്ങളിൽ ക്രിസ്തുവിന്റെ ബലിയെ പുതിയ ഉടമ്പടിയുമായി ബന്ധപ്പെടുത്തുന്നു.

ജറെമിയ പ്രവചനം ഉപയോഗിക്കാനുള്ള മറ്റൊരു കാരണമായി ദൈവശാസ്ത്രജ്ഞർ കാണുന്നത്, പൗലോസും ലൂക്കോസും തങ്ങളുടെ രചനകളിൽ യേശുക്രിസ്തുവിന്റെ മരണവും വി. കുർബ്ബാന സ്ഥാപനവുമായി ബന്ധപ്പെടുത്തി ജറെമിയ പ്രവചനത്തെ ആശ്രയിച്ചിട്ടുണ്ട് എന്നുള്ളതാണ്. പാനപാത്രവുമായി ബന്ധപ്പെടുത്തി 'പുതിയ ഉടമ്പടി'യുടെ സൂചന പൗലോസിന്റെയും ലൂക്കായുടെയും രചനകളിലുണ്ട് (1 കോറി. 11:25, ലുക്കാ. 22:20). വി. കുർബാനയ്ക്കായി ഒരുമിച്ചുകൂടിയിരിക്കുന്ന ഒരു സമൂഹത്തോട് ഇപ്രകാരം 'പുതിയ ഉടമ്പടി

www.malankaralibrary.com

'യെക്കുറിച്ചു വിവരിക്കുമ്പോൾ സ്വാഭാവികമായും അവർ അതിനെ വി. കുർബാനയുമായി ബന്ധപ്പെടുത്തിയാണ് മനസ്സിലാക്കുക.

## IV. ഉടമ്പടിയുടെ രക്തം (9:20)

ഹെബ്രായ ലേഖകന്റെ അവതരണത്തിന്റെ ശ്രേണി മനസ്സിലാക്കിയാൽ മനസ്സിലാകും, ആദ്യം പുതിയ പൗരോഹിത്യത്തെക്കുറിച്ച് പറഞ്ഞു, പിന്നീട് പുതിയ ഉടമ്പടിയെക്കുറിച്ച് പറഞ്ഞു. ഈ വേദഭാഗത്ത് ഒരു പുതിയ ആരാധനാബലിയെക്കുറിച്ചാണ് വിവരിക്കുന്നത്. 'ലേവ്യ പൗരോഹിത്യത്തെ' ക്രിസ്തുവാകുന്ന പുരോഹിതനായും, 'സീനായ് ഉടമ്പടിയെ' 'പുതിയ ഉടമ്പടി'യായും അവതരിപ്പിച്ചു. ഒൻപതാം അദ്ധ്യായത്തിൽ പാപപരിഹാരദിനത്തേയും, പാപപരിഹാരബലിയേയും ക്രിസ്തുവിന്റെ സ്വയബലിയുമായി ബന്ധപ്പെടുത്തി മനസ്സിലാക്കുന്നു. പൗരോഹിത്യവും ഉടമ്പടിയും ബലിയും ഒരുമിച്ച് അവതരിപ്പിച്ച് ക്രിസ്തുവാകുന്ന പുരോഹിതനാണ് ബലിവസ്തുവും ബലിദായകനും എന്നാണ് ലേഖകൻ വിവരിക്കുന്നത്. ക്രിസ്തു തന്റെ സ്വയം സമർപ്പണത്തിലൂടെ ദൈവവും മനുഷ്യനുമായി നിത്യമായ ഉടമ്പടി സ്ഥാപിച്ചു. ഹെബ്രാ. 9:1–5 വരെയുള്ള വാക്യങ്ങളിൽ 'കൂടാരത്തെ' ക്കുറിച്ചാണ് ലേഖകൻ വിശദീകരിക്കുന്നത്. 9:23–24 ; 10:1–2 വാക്യങ്ങളിലും ഇതേ കാര്യം തന്നെ ആവർത്തിക്കുന്നു. ഇപ്രകാരം ലേവ്യ പുരോഹിതരുടെ ബലിയെ വിവരിച്ചതിനുശേഷം 9:11–22 വരെയുള്ള വാക്യങ്ങളിൽ ക്രിസ്തുവിന്റെ ബലിയെക്കുറിച്ച് പറയുന്നു. ക്രിസ്തുവിന്റെ ബലിയുടെ പ്രത്യേകത യഹൂദബലിയ്ക്ക് സാധ്യമാകാത്ത 'നിത്യരക്ഷ' നല്കാൻ ക്രിസ്തുവിന്റെ ബലിക്ക് സാധിക്കും എന്നുള്ളതാണ് (9:12). ഈ ഭാഗത്തിനുള്ളിൽ തന്നെ 'ഉടമ്പടിയുടെ' ആശയവും ലേഖകൻ ഉൾപ്പെടുത്തിയിരിക്കുന്നു.

8:8–12 വരെയുള്ള വാക്യങ്ങളുടെ ആവർത്തനം തന്നെയാണ് ഈ ഭാഗത്തും കൂടുതൽ നമുക്ക് കാണുവാൻ സാധിക്കുക. ക്രിസ്തു തന്റെ മരണത്തിലൂടെ ആദ്യത്തെ ഉടമ്പടി നിയമം ലംഘിച്ചവർക്ക് രക്ഷ നേടിക്കൊടുത്തു. അതുപോലെ വിളിക്കപ്പെട്ടവർ നിത്യാവകാശം പ്രാപിക്കുവാൻ പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായി (9:15). 'ഉടമ്പടി' എന്നുള്ള പദം സൂചിപ്പിക്കാനായി 'ദിയാത്തേക്കേ' (*Diatheke*) എന്ന ഗ്രിക്ക് പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ ഗ്രീക്ക് വാക്കിന് 'ഉടമ്പടി എന്നും 'ഇച്ഛ' അല്ലെങ്കിൽ 'വിൽപത്രം' എന്നൊക്കെ അർത്ഥമുണ്ട്. മരിക്കാറായ ഒരുവ്യക്തിയുടെ വിൽപത്രം അയാളുടെ മരണത്തോടെ പ്രാബ

www.malankaralibrary.com


ല്യത്തിൽ വരുന്നതുപോലെയാണ് ഈ ഉടമ്പടി. ക്രിസ്തുവിന്റെ രക്തം ചൊരിയലും മരണത്തോടും കൂടെ ഈ ഉടമ്പടി പ്രാബല്യത്തിൽ വരികയാണ് (9:16-20). ഹെബ്രായർ 9:20 വാക്യം പുറപ്പാട് 24:8 ന്റെ അതേ രീതിയിൽ തന്നെ ആവർത്തിച്ചിരിക്കുകയാണ്. അതായത് അന്ത്യത്താഴത്തിലെ വി. കുർബാനയിലെ ഉടമ്പടി സിനായ് ഉടമ്പടിയിൽ ദൈവം മോശയുമായി ചെയ്ത ഉടമ്പടിയുടെ പൂർത്തീകരണമാണ്. ക്രിസ്തു അന്ത്യത്താഴത്തിൽ വി. കുർബാന പങ്കിട്ട് ചെയ്ത ഉടമ്പടി, ഇന്നു അതേ വി. കുർബാനയിൽ പങ്കുചേരുന്ന ഓരോ വ്യക്തികളിലൂടെയും ക്രിസ്തു തുടർന്നുകൊണ്ടു പോകുന്നു.

## V. ആരാധന: സ്വർഗ്ഗീയ ജറുസലേം, തളിക്കപ്പെട്ട രക്തം (12:18-24)

ഹെബ്രായർ 6:1-4 വരെയുള്ള വാക്യങ്ങളുടെ സമഗ്രമായ അർത്ഥത്തിൽ ഹെബ്രായർ 6:4 -ലെ 'സ്വർഗ്ഗീയ സമ്മാനം' വി. കുർബാനയുടെ പ്രതീകമായി മനസ്സിലാക്കാം എന്നു നമ്മൾ കണ്ടു. ഇതുവരെ നാം കണ്ട വി. കുർബാനയുടെ പ്രതീകങ്ങളെയെല്ലാം ഒരു ആരാധനയുടെ പശ്ചാത്തലത്തിലേക്ക് കൊണ്ടുവരുന്നതാണ് 12:18-24 വരെയുള്ള വാക്യങ്ങൾ. ഇവിടെയും ആദ്യം ലേഖകൻ പഴയനിയമ ആരാധനാരീതികളും ക്രിസ്തുവിന്റെ ആരാധനയും തമ്മിലൊരു താരതമ്യമാണ് ചെയ്യുന്നത്. പഴയനിയമ ആരാധനാരീതികൾ അവർക്ക് പരിചിതമല്ല. എന്നാൽ ക്രിസ്തു ആരംഭിച്ച ആരാധന അവർക്ക് പരിചിതമാണ്. പഴയനിയമത്തിന്റെ പ്രത്യേകത ഭയവും മരണവുമൊക്കെയാണെങ്കിൽ പുതിയ നിയമത്തിൽ അത് സന്തോഷവും, ആഘോഷവും ജീവനുമാണ്. ഭൗമിക ആരാധനയും സ്വർഗ്ഗീയ ആരാധനയുമാണ് ലേഖകൻ വിവരിക്കുന്നത്. പഴയ നിയമത്തിലെ ആരാധന ഭൂമിയിലെ ആരാധനയാണ് എന്നാൽ ക്രിസ്തു ആരംഭിച്ച ആരാധന സ്വർഗ്ഗീയമാണ്. ഇതിനെ വെളിപാട് പുസ്തകത്തിലെ 2-ാം അദ്ധ്യായത്തിലെ സ്വർഗ്ഗീയവും ഭൗമികവുമായ ആരാധനയുമായി ബന്ധപ്പെടുത്താം. അതായത് അന്ന് ജനങ്ങൾ ഒരുമിച്ചു കൂടിയിരുന്നത് വി. കുർബാനയ്ക്കാണ്. ഇപ്രകാരം ഒരുമിച്ചു കൂടുന്നവർ സ്വർഗ്ഗീയ ആരാധനയിലാണ് പങ്കുചേരുന്നത്. അവർ മാലാഖമാരോടും വിശുദ്ധരോടൊപ്പം "ജീവിക്കുന്ന ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ ജറുസലേമിലേക്കാണ്" (12:22) വന്നിരിക്കുന്നത്. സ്വർഗ്ഗീയ ആരാധനയിലുള്ള ഭൗമീക പങ്കാളിത്തമാണ് ലേഖകൻ ഇവിടെ വിവരിക്കുന്നത്. പഴയ നിയമത്തിൽ സ്വർഗ്ഗവും ഭൂമിയും തമ്മിൽ ബന്ധിക്കുന്നത് അതിവിശുദ്ധ സ്ഥലത്തിലൂടെയാണെങ്കിൽ,

www.malankaralibrary.com

പുതിയ നിയമത്തിൽ സ്വർഗ്ഗവും ഭൂമിയും തമ്മിൽ ബന്ധിക്കുന്നത് വി. കുർബാനയാകുന്ന ക്രിസ്തുവിന്റെ രക്തത്തിലൂടെയാണ്, അതാണ് “തളിക്കപ്പെട്ട രക്തം” (12:24). സ്വർഗ്ഗീയ ആരാധനയെ സൂചിപ്പിക്കാൻ അനേകം വാക്കുകൾ ലേഖകൻ ഇവിടെ ചേർക്കുന്നുണ്ട്. ‘അസംഖ്യം ദൂതന്മാരുടെ സമൂഹം,’ ‘സ്വർഗ്ഗത്തിലെ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതന്മാരുടെ സമൂഹം,’ ‘ദൈവമായ ന്യായാധിപൻ,’ ‘പരിപൂർണ്ണരാക്കപ്പെട്ട നീതിമാന്മാരുടെ ആത്മാക്കൾ,’ ‘പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായ യേശുക്രിസ്തു.’ എന്നാൽ സ്വർഗ്ഗവുമായി ബന്ധപ്പെടുത്താൻ പറ്റാത്ത ഒരു യാഥാർത്ഥ്യമാണ് അവസാനം വിവരിക്കുന്നത്: “ഹാബേലിന്റെ രക്തത്തേക്കാൾ ശ്രേഷ്ഠമായവ വാഗ്ദാനം ചെയ്യുന്ന തളിക്കപ്പെട്ട രക്തം” (12:44). പഴയനിയമത്തിൽ മൃഗങ്ങളുടെ രക്തം തളിക്കപ്പെടുന്നതിന്റെ സമാനമായി കുരിശിൽ ചൊരിയപ്പെട്ട ക്രിസ്തുവിന്റെ രക്തത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ഉത്ഥാനത്തിലൂടെ മഹത്ത്വീകരിക്കപ്പെട്ട് സ്വർഗ്ഗത്തിൽ വാസമുറപ്പിക്കുന്ന ക്രിസ്തുവിന്റെ ശരീരവും രക്തവും എന്നല്ല മറിച്ച് കുരിശിൽ ചൊരിയപ്പെട്ട ബലിയായി തീർന്ന ക്രിസ്തുവിന്റെ രക്തം എന്നാണ് ലേഖകൻ അവതരിപ്പിക്കുന്നത്. ക്രിസ്തുവിന്റെ രക്തം കൗദാശികപരമായി കാണപ്പെടുന്ന സ്ഥലം വി. കുർബാനയാണ്, സ്വർഗ്ഗമല്ല. ഇപ്രകാരം വി. കുർബാനയിൽ സംബന്ധിക്കുന്ന ജനങ്ങൾക്ക് അതിനെ സ്വർഗ്ഗത്തിലുള്ള ആരാധനയുമായി ഐക്യപെടുത്താൻ സാധിക്കും. സ്വർഗ്ഗത്തിലെ മാലാഖമാർക്കും നീതിമാൻമാരുടെ ആത്മാക്കൾക്കും ഒപ്പം എഴുന്നള്ളിയിലിക്കുന്ന ക്രിസ്തു വി. കുർബാനയിലും എഴുന്നള്ളുന്നു. അതിനാൽ തന്നെ വി. കുർബാന ഭൗമീക ആരാധനയും സ്വർഗ്ഗീയ ആരാധനയും തമ്മിൽ കൂടിച്ചേരുന്ന സ്ഥലമാണ്.

## VI. ആരാധന : ബലിപീഠം, സ്തുതിയുടെ ബലി (13:7–17)

ഹെബ്രായർ 12:28 -ാം വാക്യത്തിൽ ഭക്ത്യാദരങ്ങളോടെ ദൈവത്തിന് സ്വീകാര്യമായ ബലിയർപ്പിക്കുവാൻ ലേഖകൻ ജനങ്ങളോട് ആവശ്യപ്പെടുന്നു: “കാരണം നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്” (12:29). അതിനുശേഷം 13:1–17 വരെയുള്ള വാക്യങ്ങളിൽ ഇതിനുള്ള പ്രായോഗിക നിർദ്ദേശങ്ങളാണ് ലേഖകൻ നല്കുന്നത്. ക്രിസ്തുവിനെ രണ്ടുരീതിയിൽ ആരാധിക്കണം. ഒന്നാമതായി ആരാധനാ ആചാരങ്ങളിലെ ഇടവിടാതെയുള്ള സാന്നിദ്ധ്യത്തിലൂടെ (13:10–15). സഹോദരസ്നേഹം (13:1) ആതിഥ്യമര്യാദ (13:2) തടവുകരോടുള്ള കരുണ (13:03)

www.malankaralibrary.com


വിവാഹത്തോടും ലൈംഗികതയോടുമുള്ള വിശ്വസ്തത (13:4), ദ്രവ്യാഗ്രഹത്തിലുള്ള നിയന്ത്രണം (13:5), ഇവയെല്ലാമാണ് വ്യക്തി ജീവിതത്തിൽ പാലിക്കേണ്ട ധാർമ്മികമായ നന്മകൾ. ആരാധനാപരമായ ജീവിതം 13:7-17 വരെയുള്ള വാക്യങ്ങളിൽ 'നേതാക്കന്മാർ' എന്ന കാര്യവുമായി അടിസ്ഥാനപ്പെടുത്തിയാണ് അവതരിപ്പിക്കുന്നത്. വി. കുർബാനയുമായി ബന്ധപ്പെട്ട മൂന്ന് സാധ്യതകളാണ് ഈ വേദഭഗാത്തിൽ കാണുവാൻ സാധിക്കും.

**A) "നമുക്ക് ഒരു ബലിപീഠമുണ്ട്, അതിൽ നിന്നു ഭക്ഷിക്കുവാൻ കൂടാരത്തിൽ ശുശ്രൂഷ ചെയ്യുന്നവർക്ക് അവകാശമില്ല" (13:10).**

വി. കുർബാനയുമായി ബന്ധപ്പെട്ട നേരായ പരാമർശം ഈ വാക്യത്തിൽ നമുക്ക് കാണാം. ഇതിനു തൊട്ടുമുൻപായി ഉപയോഗിച്ചിരിക്കുന്ന വാക്യം ഇതിന് പശ്ചാത്തലമായാണ് ഉപയോഗിച്ചിരിക്കുന്നത്. "വിവിധങ്ങളും വിചിത്രങ്ങളുമായ പ്രബോധനങ്ങൾ നിങ്ങളെ വഴി തെറ്റിക്കരുത്. ഭക്ഷണത്താലല്ല കൃപാവരത്താൽ ഹൃദയത്തെ ശക്തമാക്കുന്നതാണ് ഉചിതം. ഭക്ഷണത്തിൽ ശ്രദ്ധിക്കുന്നവർക്ക് ഒരു പ്രയോജനവും ലഭിക്കുന്നില്ല" (13.9). ഇവിടെ 'ഭക്ഷണം' എന്നുള്ളതിന്റെ ഗ്രീക്ക് പദത്തിന്റെ സാധ്യമായ മറ്റൊരർത്ഥം 'ഭക്ഷണ നിയമങ്ങൾ' എന്നതാണ്. ഒരിക്കൽ കൂടെ ലേവ്യ ആചാരങ്ങളുടെ യഥാർത്ഥ ശുദ്ധീകരണത്തിനും പൂർണ്ണതയ്ക്കുമുള്ള അപര്യാപ്തതയാണ് ലേഖകൻ ഇവിടെ വിശദീകരിക്കുന്നത്. ഹെബ്രാ. 9:9-10 വാക്യങ്ങളിലും ഇതേ ആശയം കാണാം: "അർപ്പിക്കുന്നവന്റെ അന്തഃകരണത്തെ വിശുദ്ധീകരിക്കാൻ കഴിവില്ലാത്ത കാഴ്ചകളും ബലികളുമാണ് ഇപ്രകാരം സമർപ്പിക്കപ്പെടുന്നത്. നവീകരണകാലം വരെ നിലവിലിരുന്ന ഭക്ഷണപാനീയങ്ങൾ, പലവിധ ലാളനങ്ങൾ എന്നിങ്ങനെ ശാരീരിക നിയമങ്ങളോട് മാത്രമേ അവയ്ക്ക് ബന്ധമുള്ളു" (9:9-10). അതായത് ലേവ്യ ബലികളിലെ ഭക്ഷണങ്ങൾക്ക് മനുഷ്യന്റെ ബാഹ്യമായ ശുദ്ധീകരണത്തിനു മാത്രമേ കഴിവുള്ളു. അവന്റെ അന്തഃകരണത്തെ ശുദ്ധീകരിക്കാൻ കഴിയുന്നില്ല. 9:9-10 വാക്യങ്ങളിൽ ഇപ്രകാരം വിശദീകരിച്ചതിനുശേഷം 13:10-ൽ ക്രിസ്തീയ ആരാധനയെക്കുറിച്ചും, ഭക്ഷണത്തെക്കുറിച്ചും വിശദീകരിക്കുന്നു. ഇപ്രകാരം മനുഷ്യന്റെ അന്തഃകരണത്തെ വിശുദ്ധീകരിക്കുന്ന ഭക്ഷണമായി, ബലിപീഠമായി ലേഖകൻ അവതരിപ്പിക്കുന്നത് വി. കുർബാനയെയാണ്. വി. കുർബാന നിരന്തരമായി ആഘോഷിക്കുന്ന, അതിന്റെ ആചാരങ്ങൾ കൃത്യമായി അറിയാവുന്ന ഒരു സമൂഹത്തോട്

www.malankaralibrary.com

ഇപ്രകാരമുള്ള പ്രബോധനം നല്കുമ്പോൾ, ബലിപീഠത്തിൽ നിന്നുള്ള ഭക്ഷണം എന്നു കേൾക്കുമ്പോൾ സ്വഭാവികമായും മനസ്സിലേക്ക് കട ന്നുവരുന്നത് വി. കുർബാനയാകാം. ഒരു പക്ഷേ പുതിയ നിയമത്തിൽ കർത്താവിന്റെ അന്ത്യത്താഴത്തെ ബലിപീഠത്തോട് ചേർത്ത് അവത രിപ്പിക്കുന്ന ആദ്യത്തെ ലേഖനമാകാം ഹെബ്രായ ലേഖനം. സഭാപി താവായ അന്ത്യോക്യായിലെ ഇഗ്നേഷ്യസ് ബലിപീഠത്തിന്റെ പദാവലി അദ്ദേഹത്തിന്റെ പല രചനകളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഡിഡാക്കെ യിലും വി. കുർബാനയെ ഒരു ബലിയുടെ പശ്ചാത്തലത്തിലാണ് വിവ രിച്ചിരിക്കുന്നത്.

**B) "അവനുവേണ്ടി അപമാനം സഹിച്ചുകൊണ്ട് നമുക്കു പാളയ ത്തിനു പുറത്തിറങ്ങി അവന്റെ അടുത്തേക്ക് പോകാം" (13:13).**

വിശുദ്ധ കുർബാനയ്ക്ക് സാധ്യമായ മറ്റൊരു പ്രതീകമാണ് ഈ വാക്കുകൾ. കാലത്തിനും സമയത്തിനും അതീതമായി, കാൽവരിയിൽ മരിച്ച ക്രിസ്തുവിന്റെ അടുത്തേക്ക് പോവുക ജനങ്ങൾക്ക് അസാധ്യ മാണ്. ക്രിസ്തുവിന്റെ അടുത്തേക്ക് ജനങ്ങൾ കടന്നു ചെല്ലുന്നത് വി. കുർബാനയിൽ ക്രിസ്തുവിന്റെ ശരീരത്തിലും രക്തത്തിലും പങ്കുപറ്റി ക്കൊണ്ടാണ്. പുറത്തിറങ്ങി അടുത്തേക്ക് പോകാം എന്നുള്ളതിന് ഉപ യോഗിച്ചിക്കുന്ന ഗ്രീക്ക് പദം എക്സേർക്കോമായ് (*Exerchomai*) എന്ന പദമാണ്. ഇത് ഏർക്കോമായ് (*Erchomai*) എന്ന പദത്തിന്റെ ഒരു സംയുക്ത രൂപമാണ്. ഏർക്കോമായ് എന്ന പദത്തിന്റെ അർത്ഥം ഞാൻ വരുന്നു എന്നുള്ളതാണ്. 13-ാം അദ്ധ്യായത്തിലെ വി. കുർബാനയുടെ മറ്റു പ്രതീകങ്ങളുടെ പശ്ചാത്തലത്തിൽ നോക്കിയാൽ ഈ വാക്കുക ളും വി. കുർബാനയിലേക്കാണ് വിരൽ ചൂണ്ടുന്നത് എന്നു നമുക്ക് മന സ്സിലാക്കാം. കാരണം ലേഖകന്റെ സമൂഹത്തിലെ ഒരു ചെറിയ വിഭാഗം വ്യക്തികളെങ്കിലും യഹൂദ ആരാധനകളുടെ ഓർമ്മകൾ മനസ്സിൽ സൂക്ഷിച്ചിരുന്നവരും, യഹൂദ ബലിയിൽ പങ്കെടുക്കാൻ ആഗ്രഹിച്ചിരു ന്നവരുമായിരിക്കണം. അങ്ങനെ ചിന്തിക്കുന്ന വ്യക്തികളോട് ലേഖ കൻ സൂക്ഷമമായി വിവരിക്കുകയാണ് യഥാർത്ഥ ഫലപ്രദമായ ബലി യഹൂദമതത്തിന്റെ ആചാരത്തിന്റെ ചട്ടക്കൂടിനുള്ളിൽ നടക്കുന്നതല്ല മറിച്ച് അത് വി. കുർബാനയാണ് എന്ന്. പാളയത്തിന് പുറത്തേക്ക് പോകാം എന്ന വാക്കുകളിലൂടെ ജറുസേലേം ദേവാലയത്തിന്റെ പശ്ചാ ത്തലത്തിലുള്ള വിശാലമായ യഹൂദ ആചാരങ്ങളും പുറത്ത് ചെറിയ ഭവനങ്ങളിൽ ആഘോഷിച്ചിരുന്ന വി. കുർബാനയും തമ്മിലുള്ള വ്യത്യാ

www.malankaralibrary.com


സമാണ് ലേഖകൻ അവതരിപ്പിക്കുന്നത്. പാളയത്തിന് പുറത്ത്, എന്നാൽ യഹൂദ സമ്പ്രദായങ്ങളുടെ അതിരുകൾക്ക് പുറത്ത് എന്നാണ് ലേഖകൻ അവതരിപ്പിക്കുന്നത് എന്നും നമുക്ക് മനസ്സിലാക്കാം.

**C) "അവനിലൂടെ നമുക്ക് എല്ലായ്പ്പോഴും ദൈവത്തിന് സ്തുതിയുടെ ബലി അവന്റെ നാമത്തെ ഏറ്റുപറയുന്ന അധരങ്ങളുടെ ഫലങ്ങൾ അർപ്പിക്കാം" (13:15).**

ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്ന 'സ്തുതിയുടെ ബലി' വി. കുർബാനയുടെ ഒരു പ്രതീകമായി നമുക്ക് മനസ്സിലാക്കാം. എന്നാൽ ഈ വാക്കുകൾക്ക് പലവിധത്തിലുള്ള വ്യഖ്യാനങ്ങളുണ്ട്. പ്രാർത്ഥന ധാർമ്മികജീവിതം എന്നിങ്ങനെ വ്യത്യസ്തമായ അർത്ഥം ഈ വാക്കിന് നൽകുന്നുണ്ട്. എന്നാൽ ഈ രണ്ടു വാക്യങ്ങളും 'de' (ഡേ) എന്ന പദം കൊണ്ട് സംയോജിപ്പിച്ചതിനാൽ ഇത് രണ്ടും രണ്ടുരീതിയിൽ മനസ്സിലാക്കേണ്ട വാക്യമായി കണക്കാക്കണം. ഈ വാക്യത്തിലെ 'സ്തുതിയുടെ ബലി' എന്നുള്ളതിനുപയോഗിച്ചിരിക്കുന്ന ഗ്രീക്ക് പദം പഴയനിയമത്തിൽ 'കൃതജ്ഞതാബലി' എന്ന പദത്തിന് ഉപയോഗിച്ചിരുന്ന ഹീബ്രു പദത്തിന്റെ വിവർത്തനമാണ് (ലേവ്യ. 7:12-15, സങ്കീ. 50:14, 107:22, 116:7). പഴയനിയമത്തെക്കുറിച്ചും യഹൂദ ആചാരങ്ങളെക്കുറിച്ചും വ്യക്തമായ അറിവുള്ള ലേഖകൻ ഈ പദം ഇവിടുപയോഗിക്കുന്നത് പൂർണ്ണമായ അവബോധത്തോടെയാണ്. അതുകൊണ്ട് 'സ്തുതിയുടെ ബലി' എന്ന പദത്തിന് വി. കുർബാനയുടെ പ്രതീകം നല്കാനാകും എന്നുള്ളത് വ്യക്തമാണ്. അതായത് വി. കുർബാനയർപ്പിച്ചുകൊണ്ട് ആരാധനാ സമൂഹങ്ങളിൽ ദൈവത്തെ ആരാധിക്കാൻ ലേഖകൻ അവരോട് ആവശ്യപ്പെടുന്നു.

## VII. നിത്യമായ ഉടമ്പടിയുടെ രക്തം (13:20).

ഹെബ്രായ ലേഖനത്തിന്റെ ദീർഘമായ പ്രബോധനങ്ങൾ അവസാനിക്കുന്നത് ഗ്രന്ഥകാരൻ നല്കുന്ന ആശീർവാദത്തോടെയാണ് "ആടുകളുടെ വലിയ ഇടയനെ നമ്മുടെ കർത്താവായ യേശുവിനെ, മരിച്ചവരിൽ നിന്നുയർപ്പിച്ച സമാധാനത്തിന്റെ ദൈവം നിത്യമായ ഉടമ്പടിയുടെ രക്തത്താൽ എല്ലാ നന്മകളും കൊണ്ട് നിങ്ങളെ ധന്യരാക്കട്ടെ" (13:20-21). ഈ വാക്യത്തിലാണ് ആദ്യമായി ലേഖകൻ യേശുക്രിസ്തുവിന്റെ ഉയർപ്പിനെ പരാമർശിക്കുന്നത്. യോഹന്നാന്റെ സുവിശേഷം 10-ാം അദ്ധ്യായത്തിലും പത്രോസിന്റെ ഒന്നാം ലേഖനത്തിലും പരാമർശിക്കുന്നതുപോലെ ക്രിസ്തുവിനെ ഇടയനായും അവതരിപ്പിക്കുന്നു. അതോട് ചേർന്ന് തന്നെ ഒരു തവണകൂടെ ഉടമ്പടിയുടെ

www.malankaralibrary.com

രക്തത്തെക്കുറിച്ച് സൂചിപ്പിക്കുന്നു. മറ്റുള്ള അദ്ധ്യായങ്ങളിലെപ്പോലെ 'ഉടമ്പടിയുടെ രക്തം' എന്ന പദം വി. കുർബാനയുമായി ബന്ധപ്പെടുത്തിയാണ് ഗ്രന്ഥകാരൻ ഉപയോഗിച്ചിരിക്കുന്നത്. അതായത് തന്റെ പ്രബോധനങ്ങൾ അവസാനിക്കുമ്പോൾ ഒരു തവണകൂടി വി. കുർബാനയെ പരാമർശിച്ചുകൊണ്ട് ലേഖകൻ തന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ് ഈ വാക്കുകളിലൂടെ

**ഉപസംഹാരം**

വി. കുർബാനയ്ക്കായി ഒരുമിച്ചു കൂടിയ ഒരു സമൂഹത്തിന് അതിന്റെ നേതാവ് നല്കുന്ന ഒരു വചനവ്യാഖ്യാനമെന്നോണമാണ് ഹെബ്രായ ലേഖനം രചിച്ചിരിക്കുന്നത്. ഈ വചന വ്യഖ്യാനത്തിലെ ഏഴ് ഭാഗങ്ങളെയാണ് വി. കുർബാനയുമായി ബന്ധപ്പെടുത്തി മനസ്സിലാക്കിയത്. വിശ്വാസത്യാഗത്തിന്റെ പശ്ചാത്തലത്തിൽ (6:4–8) ലേഖകൻ തന്റെ സമൂഹത്തോട് ക്രിസ്തുവിലുള്ള വിശ്വാസത്തോടു കൂടി സ്വർഗ്ഗീയ സമ്മാനം ആസ്വദിച്ചറിയുവാൻ ആവശ്യപ്പെടുന്നു (6:4). അതിനുശേഷം ഉടമ്പടിയുടെ രക്തവുമായി ബന്ധപ്പെട്ട എല്ലാ ഭാഗങ്ങളിലും വി. കുർബാനയുടെ സൂചനകൾ ലേഖകൻ നല്കുന്നുണ്ട്. പഴയ നിയമ ആരാധനയും ക്രിസ്തുവിന്റെ ആരാധനകളും തമ്മിലുള്ള വ്യത്യാസം പരാമർശിച്ചുകൊണ്ട് വി. കുർബാനയെക്കുറിച്ചുള്ള പ്രബോധനങ്ങളാണ് ലേഖകൻ പിന്നീട് നല്കുന്നത്. ലേഖനത്തിന്റെ അവസാനത്തിലും വി. കുർബാനയെക്കുറിച്ച് ഓർമ്മിപ്പിച്ചുകൊണ്ടാണ് ലേഖകൻ തന്റെ പ്രബോധനം അവസാനിപ്പിക്കുന്നത്. ഇപ്രകാരം വി. കുർബാനയുടെ പശ്ചാത്തലത്തിൽ ഹെബ്രായ ലേഖനത്തെ നോക്കികാണുന്നത് വിശ്വാസികൾക്ക് ക്രിസ്തുവിന്റെ ബലിയുടെ ഫലങ്ങൾ പ്രയോജനപ്പെടുത്താനും സ്വർഗ്ഗത്തിൽ ക്രിസ്തുവിനോടൊപ്പം ആയിരിക്കാനും സഹായിക്കും.

❖

www.malankaralibrary.com

അദ്ധ്യായം 7

# വിശുദ്ധ കുർബാന: കുഞ്ഞാടിന്റെ വിവാഹവിരുന്ന്

## (വി. കുർബാന വെളിപാട് പുസ്തകത്തിൽ)

**വെ**ളിപാട് ഗ്രന്ഥത്തിന് വിവിധ തരത്തിലുള്ള വ്യാഖ്യാനങ്ങളുണ്ട്. ഇത് എഴുതിയ കാലത്തും അതുപോലെ ഇന്നും ഈ ഗ്രന്ഥം ഭാവിയേയും, ഭൂതകാലത്തേയും വർത്തമാനകാലത്തേയും പ്രതിനിധാനം ചെയ്യുന്നു. വെളിപാട് ഗ്രന്ഥത്തിൽ കൂടുതലായും യുഗാന്ത്യത്തെക്കുറിച്ചുള്ള പ്രബോധനങ്ങളാണുള്ളത്. പുസ്തകത്തിൽ നല്കിയിരിക്കുന്ന മറ്റു കാര്യങ്ങളോടൊപ്പം ആരാധനയെക്കുറിച്ച് വളരെ കാര്യമായി തന്നെ വെളിപാട് ഗ്രന്ഥം അവതരിപ്പിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ ആദ്യ ഭാഗം രക്ഷാകര പദ്ധതിയുടെ പൂർത്തീകരണത്തിന്റെ പ്രതീകമായി ചുരുളുകൾ തുറക്കപ്പെടുന്ന സംഭവമാണ് വിവരിക്കുന്നത്. രണ്ടാമത്തെ ഭാഗം ഏഴുപാത്രങ്ങൾ ഭൂമിയിലേക്കൊഴിക്കുന്നതാണ്. ഇത് രണ്ടും വി. കുർബാനയിലെ വചനം മുറിക്കലും അപ്പം മുറിക്കലുമായി ബന്ധപ്പെട്ടു നില്ക്കുന്നു. ഇതുപോലെ ആരാധനയുമായി ബന്ധപ്പെട്ട ഒരുപാട് ദർശനങ്ങൾ വെളിപാട് ഗ്രന്ഥത്തിലുണ്ട്. സ്വർഗത്തിലുള്ള നിത്യമായ ആരാധനയുടെ പ്രതീകങ്ങളാണ് ഇവയെല്ലാം. അങ്ങനെ വി. കുർബാനയിലേക്കും, വി. കുർബാനയിലൂടെ യേശുക്രിസ്തു നല്കുന്ന നിത്യമായ സമ്മാനത്തിലേക്കുമൊക്കെ വെളിപാട് ഗ്രന്ഥം വെളിച്ചം വീശുന്നു.

www.malankaralibrary.com

## I. കർത്താവിന്റെ ദിനം (1:10)

ഈ ഭാഗത്തിന്റെ അർത്ഥത്തെക്കുറിച്ച് വിവിധതരത്തിലുള്ള വ്യാഖ്യാനങ്ങളുണ്ട്. അതിലെ ഏറ്റവും പ്രധാനപ്പെട്ട വ്യഖ്യാനമാണ് ആഴ്ചയിലെ ആദ്യ ദിവസമായ ഞായറാഴ്ചയെയാണ് ഇത് സൂചിപ്പിക്കുന്നത് എന്നുള്ളത്. ഭൂമിയിൽ ക്രിസ്ത്യാനികൾ ഒരുമിച്ചുകൂടി വിശുദ്ധദിനമായി ആചരിക്കുന്ന, വി കുർബാന അർപ്പിക്കുന്ന ആഴ്ചയിലെ ആദ്യ ദിവസത്തിൽ യോഹന്നാൻ സ്വർഗ്ഗത്തിൽ ആരാധന നടക്കുന്നതായുള്ള ദർശനം കാണുന്നു. ഇത് വിശുദ്ധ കുർബാനയുമായി ബന്ധപ്പെടുത്തി പറയാനുള്ള മറ്റൊരു കാരണം, ഈ വേദഭാഗത്ത് 'കർത്താവിന്റെ ദിനം' എന്ന വാക്കിലും 1 കോറി. 11:20 ൽ 'കർത്താവിന്റെ അത്താഴം' എന്ന വാക്കിലും 'കർത്താവിന്റെ' എന്നു പറയാൻ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് പദങ്ങൾ ഒന്നുതന്നെയാണ് എന്നുള്ളതാണ് (*Kuriake*). മറ്റും സ്ഥലങ്ങളിലൊന്നും ഈ പദം നമുക്ക് കാണുവാൻ സാധിക്കുകയില്ല. 'കർത്താവിന്റെ ദിനം' എന്താണ് എന്ന് വ്യക്തമായി അറിയാവുന്ന ഒരു സമൂഹത്തോടാണ് യോഹന്നാൻ ഇത് പറയുന്നത് എന്ന് വ്യക്തമാണ്. യഹൂദരെ സംബന്ധിച്ചിടത്തോളം കർത്താവിന്റെ ദിനം ആരാധനയുടെ ദിനമാണ്. ഇപ്രകാരം 'കർത്താവിന്റെ ദിനമെന്നും' 'സ്വർഗീയ ആരാധനയെന്നും' ക്രിസ്ത്യാനികളോട് യോഹന്നാൻ സംസാരിക്കുമ്പോൾ അവരുടെ മനസ്സിൽ ഭൗമിക ആരാധനയെക്കുറിച്ചും, വി. കുർബാനയെക്കുറിച്ചുമുള്ള ചിന്തകളാണ് കടന്നുവരിക. അതിനാൽ തന്നെ ഈ വാക്യത്തിൽ പരോക്ഷമായിട്ടെങ്കിലും വി. കുർബാനയാകുന്ന കർത്താവിന്റെ ദിനത്തിലെ ആരാധനയെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. പുതിയ നിയമത്തിലെ ക്രിസ്തുവിന്റെ ഉത്ഥാനം ഞായറാഴ്ചയാണ് എന്നുള്ള പശ്ചാത്തലത്തിലാണ് ഇത് മനസ്സിലാക്കുന്നത്. സുവിശേഷങ്ങളിൽ ഉയിർപ്പിനെ സാബത്തിനുശേഷം ആഴ്ചയുടെ ഒന്നാം ദിനമായാണ് കണക്കാക്കുന്നത്. ആദിമ സഭയിൽ കൂട്ടാഴ്മകൾക്കും അപ്പം മുറിക്കലിനും തിരഞ്ഞെടുത്തിരിക്കുന്നതും ഞായറാഴ്ച ദിനമായിരുന്നു.

## II. നിഗൂഢ മന്നാ (2:17)

വിജയം വരിക്കുന്നവന് നിഗൂഢ മന്നാ നല്കപ്പെടും. ഈ വാക്യത്തിലെ നിഗൂഢമന്നയെ വി. കുർബാനയുടെ പ്രതീകമായി മനസ്സിലാക്കാം. വിഗ്രഹങ്ങൾക്ക് അർപ്പിച്ച ഭക്ഷണത്തിന് വിപരീതമായാണ് ഇവിടെ മന്നാ എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. ഇസ്രയേൽ ജനത്തിന് മരുഭൂമിയിൽ ദൈവം മന്നാ നല്കി (പുറ. 16:31, സംഖ്യ.11:7). മന്നായെ മാലാമാരുടെ ഭക്ഷണമായിട്ടാണ് സങ്കീർത്തകൻ അവതരി

www.malankaralibrary.com


പ്പിച്ചിരിക്കുന്നത് (സങ്കീ. 78:24–25). മരുഭൂമിയിൽ ഇസ്രയേൽ ജനത്തിന് മന്നാ നല്കി ദൈവം തൃപ്തിപ്പെടുത്തിയതിന് സമാനമായ രീതിയിലാണ് യോഹന്നാന്റെ സുവിശേഷത്തിൽ യേശു അപ്പം വർദ്ധിപ്പിച്ച് നല്കുന്നത് (യോഹ. 6:1–14). അതിനുശേഷം യേശു ജനങ്ങളോട് പറയുന്നു "മോശയല്ല നിങ്ങൾക്ക് സ്വർഗത്തിൽ നിന്ന് അപ്പം തന്നത് ; എന്റെ പിതാവാണ് സ്വർഗ്ഗത്തിൽ നിന്ന് നിങ്ങൾക്ക് യഥാർത്ഥമായ അപ്പം തരുന്നത്. എന്തെന്നാൽ, ദൈവത്തിന്റെ അപ്പം സ്വർഗത്തിൽ നിന്നിറങ്ങി വന്ന് ലോകത്തിന് ജീവൻ നല്കുന്നതത്രെ (യോഹ. 6:32). അതായത് സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന് ജീവൻ നല്കുന്ന മന്നാ, യേശുക്രിസ്തുവാണ്. പിൻതലമുറകൾ കാണുന്നതിനുവേണ്ടി മന്നാ സാക്ഷ്യപേടകത്തിൽ സൂക്ഷിച്ചിരിക്കുന്നു (പുറ. 16:32–34). ഹെബ്രായ ലേഖനത്തിലും മന്നായെപ്പറ്റി ഇപ്രകാരം തന്നെ വിവരിക്കുന്നു. ഇവിടെ നിഗൂഢമായിരിക്കുന്ന മന്നാ സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തു പോയ ക്രിസ്തുവിനെയാണ് സൂചിപ്പിക്കുന്നത്. ഭൂമിയിൽ ക്രിസ്തുവിനെ നമുക്ക് നല്കുന്ന പരമപ്രധാനമായ കൂദാശ വി. കുർബാനയാണ്.

## III. കുഞ്ഞാടിന്റെ രക്തത്തിൽ വസ്ത്രം കഴുകി (വെളി. 7:9–15)

വി. മാമോദീസായ്ക്ക് ഏറെ പ്രാധാന്യവും പ്രതീകവും നല്കുന്ന വാക്യമാണ് ഇത്. എന്നാൽ അതോടൊപ്പം തന്നെ വി. കുർബാനയിലേക്കും ഈ വാക്യം വിരൽചൂണ്ടുന്നു. ഇവിടെ കുഞ്ഞാട് എന്നു വിശേഷിപ്പിച്ചിരിക്കുന്നത് യേശുക്രിസ്തുവിനെയാണ്. അതിനാൽ തന്നെ യേശുക്രിസ്തുവിന്റെ രക്തംകൊണ്ട് വസ്ത്രം കഴുകിയത് സഭയിലെ രക്തസാക്ഷികളാണ്. ഇപ്രകാരം ക്രിസ്തുവിനെയും അവന്റെ രക്തത്തേയും പരാമർശിച്ചിരിക്കുന്ന വാക്യമായതിനാൽ തന്നെ ഇത് വി. കുർബാനയുമായി ബന്ധപ്പെട്ടിരിക്കുന്നു. കാരണം യേശുക്രിസ്തുവിന്റെ ശരീരവും രക്തവുമാണ് വി. കുർബാനയിൽ പങ്കുവയ്ക്കപ്പെടുന്നത്. ഇവിടെ വസ്ത്രം സൂചിപ്പിക്കുന്നത് ഒരു വ്യക്തിയുടെ ആന്തരീകമായ ആദ്ധ്യാത്മിക അവസ്ഥയെയാണ്. പാപവസ്ഥയിൽ നിന്ന് ഒരു മനുഷ്യൻ വിശുദ്ധീകരിക്കപ്പെടുന്നത് ക്രിസ്തുവിന്റെ കുരിശിലെ ബലിയിലൂടെയാണ്. ഈ ബലിയുടെ അനുസ്മരണമായ വി. കുർബാനയ്ക്ക് നമ്മെ പാപത്തിൽ നിന്നും മോചിതരാക്കാനും വിശുദ്ധീകരിക്കാനും കഴിയും.

## IV. കുഞ്ഞാടിന്റെ വിവാഹ വിരുന്ന് (19: 5–9)

'കുഞ്ഞാടിന്റെ വിവാഹ വിരുന്ന്' എന്ന പ്രതീകത്തിന് പ്രധാനമായും യുഗാന്ത്യ പശ്ചാത്തലമാണ് ഉള്ളത്. എന്നാൽ അതോടൊപ്പം

www.malankaralibrary.com

തന്നെ കുഞ്ഞാടിന്റെ വിവാഹവിരുന്നിനെ വി. കുർബാനയുടെ പ്രതീകമായും നമുക്ക് മനസിലാക്കാം. വിവാഹവിരുന്ന് കർത്താവിന്റെ ദിനത്തിലെ കർത്താവിന്റെ അത്താഴത്തിന്റെ പ്രതീകമാണ്. ക്രിസ്തു ദൈവരാജ്യത്തെ വിവാഹവിരുന്നിനോടാണ് ഉപമിക്കുന്നത്. അപ്പസ്തോലന്മാർ ഇതിൽ നിന്നും പ്രചോദനമുൾക്കൊണ്ട് സഭയിൽ മാമോദീസ സ്വീകരിച്ചവർ തമ്മിലുള്ള വിവാഹത്തെയെല്ലാം ക്രിസ്തുവും അവന്റെ മണവാട്ടിയായ സഭയും തമ്മിലുള്ള വിവാഹമായാണ് ദർശിച്ചത്. അതുകൊണ്ടാണ് എഫേസോസ് 5:24–32 വരെയുള്ള വാക്യങ്ങളിൽ വിവാഹ ജീവിതത്തെ കുറിച്ചുള്ള വളരെ നീണ്ട പ്രബോധനം പൗലോസ് നല്കുന്നത്. അതിനാൽ തന്നെ ആദിമ സഭയിലെ പിതാക്കന്മാർ കുഞ്ഞാടിന്റെ വിവാഹവിരുന്നിനെ ക്രിസ്തുവും സഭയുമായുള്ള ബന്ധമെന്നതിനോടൊപ്പം തന്നെ വി. കുർബാനയുമായും ബന്ധപ്പെടുത്തി, വി. കുർബാന എന്നാൽ കുഞ്ഞാടിന്റെ രഹസ്യപൂർണ്ണമായ വിവാഹത്തിലുള്ള പങ്കുചേരലും പ്രതീക്ഷയുമാണ്. വി. കുർബാന സ്വർഗ്ഗത്തിലുള്ള കുഞ്ഞാടിന്റെ വിവാഹ വിരുന്നിന്റെ മുന്നാസ്വാദനമാണ്.

## V. പുതിയ ജറുസലേം (21: 1–3)

ഈ വേദഭാഗത്ത് പുതിയ ജറുസലേമിനെക്കുറിച്ച് ഗ്രന്ഥകാരൻ വിവരിക്കുന്നു. മണവാട്ടിയെപോലെ സ്വർഗത്തിൽ നിന്ന് അണിഞ്ഞൊരുങ്ങി വരുന്ന 'പുതിയ ജറുസലേം' സഭയാണ്. കർത്താവിന്റെ സഭയുടെ പുതിയതും പൂർണ്ണവുമായ അവസ്ഥയെയാണ് പുതിയ ജറുസലേം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഹെബ്രായർ 12:22–ൽ പറഞ്ഞിരിക്കുന്ന പ്രതീക്ഷയുടെ സ്വർഗ്ഗീയ ജറുസലേമും, ഗലാത്തിയ 4:26 ലെ സ്വർഗ്ഗീയ ജറുസലേമും, ഫിലിപ്പി 3:20–ലെ നമ്മുടെ പൗരത്വത്തിന്റെ യഥാർത്ഥ സ്ഥലമായ സ്വർഗ്ഗവുമെല്ലാം ഈ പുതിയ ജറുസലേമിനെയാണ് സൂചിപ്പിക്കുന്നത്. വിശുദ്ധ നഗരമെന്നാണ് ജറുസലേമിനെ വിശേഷിപ്പിക്കുന്നത്, കാരണം അത് ഭൂമിയിലുള്ള മറ്റേത് നഗരത്തേയും പോലെയല്ല. മനുഷ്യന്റെ രക്ഷയുടെ പുതിയ സ്ഥലമാണ് പുതിയ ജറുസലേം. ഈ സഭയിലാണ് ക്രിസ്തുവിന്റെ കല്പനപ്രകാരം വി. കുർബാന ആഘോഷിക്കപ്പെടുന്നതും പങ്കുവയ്ക്കപ്പെടുന്നതും. പുതിയ ജറുസലേമായ സഭ പഴയ ജറുസലേമിന്റെ പൂർത്തീകരണമാണ്. സമാധനത്തിന്റെയും, സ്നേഹത്തിന്റെയും പൂർണതയാണ് പുതിയ ജറുസലേമായ സഭ. ഈ സഭയുടെ അടിസ്ഥാനം വി. കുർബാനയും, കർത്താവിന്റെ തിരുശരീര രക്തങ്ങളുടെ ആഘോഷവുമാണ്.

www.malankaralibrary.com


## VI. വെളിപാട് ഗ്രന്ഥത്തിലെ ആരാധനാ പ്രതീകങ്ങൾ

| | | | |
|---|---|---|---|
| 1. | ഞായറാഴ്ച ആചരണം | – | 1:10 |
| 2. | പ്രധാന പുരോഹിതൻ | – | 1:13 |
| 3. | ബലിപീഠം | – | 6:9; 8:3; 5; 9:13<br>11:1; 14:8; 16:7 |
| 4. | പുരോഹിതൻ | – | 4:4; 11:15; 14:3; 19:4 |
| 5. | അംശവസ്ത്രങ്ങൾ | – | 1:13; 4:4; 6:11; 7:9<br>15:6; 19:13–14 |
| 6. | ബ്രഹ്മചാരി<br>(കുഞ്ഞാടിനെ അനുഗമിക്കുന്നവർ) | – | 14:4 |
| 7. | ദീപപീഠം | – | 1:12; 2:5 |
| 8. | പരിമളദ്രവ്യം (സുഗന്ധ ധൂപം) | – | 5:8; 8:3–5 |
| 9. | പുസ്തകചുരുൾ (വചനം) | – | 5:1 |
| 10. | ജീവവൃക്ഷത്തിന്റെ ഫലം<br>(വി. കുർബാന) | – | 2:7; 2:17 |
| 11. | പൊൻകലശം (പാനപാത്രം) | – | 15:7; ch16; 21:9 |
| 12. | മുദ്രകുത്തിയ നെറ്റിത്തടത്തിൽ<br>(കുരിശടയാളം) | – | 7:3; 14:1; 22:4 |
| 13. | മാലാഖമാരുടെ സ്തുതി | – | 15:3–4 |
| 14. | ഹല്ലേലുയ്യാ | – | 19:1; 3, 4, 6 |
| 15. | പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ<br>(മാലാഖമാരുടെ സ്തുതിപ്പ്) | – | 4:8 |
| 16. | ആമേൻ | – | 19:4; 22:21 |
| 17. | ദൈവത്തിന്റെ കുഞ്ഞാട് | – | 5:6 |
| 18. | പരിശുദ്ധ അമ്മയുടെ പ്രാധാന്യം | – | 12:1–6 |
| 19. | മാലാഖമാരുടെയും<br>പരിശുദ്ധന്മാരുടെയും മദ്ധ്യസ്ഥം | – | 5:8; 6:9–10; 8:3–4 |
| 20. | പ്രധാന ദൂതനായ<br>മിഖായേലിനോടുള്ള ഭക്തി | – | 12:7 |

www.malankaralibrary.com

| | | |
|---|---|---|
| 21. | പ്രതിവചന ഗാനം | - 4:8-11; 5:9-14; 7:10-12 |
| 22 | വചന വായന | - ch 2-3; 5; 8:2-11 |
| 23. | വിശ്വാസികളുടെ പൗരോഹിത്യം | - 1:6; 20:6 |
| 24 | കാതോലികത അഥവാ സാർവ്വത്രികത | - 7:9 |
| 25. | നിശബ്ദ ആരാധന | - 8:1 |
| 26. | കുഞ്ഞാടിന്റെ വിവാഹ വിരുന്ന് | - 19:9-17 |
| 27 | ആശീർവാദം | - 1:3; 14:13; 16:15; 19:9, 20:6; 22:7; 14 |
| 28. | പശ്ചാത്താപം | - ch 2-3 |

**ഉപസംഹാരം**

യേശുക്രിസ്തുവിന്റെ പൗരോഹിത്യം സ്വർഗ്ഗത്തിലും തുടരുന്നു എന്നുള്ളതിന് വ്യക്തമായ തെളിവുകൾ നല്കുന്ന ഗ്രന്ഥമാണ് വെളിപാട്. സ്വർഗ്ഗത്തിലെ ബലിപീഠം എന്നുള്ള വാക്ക് 7 തവണയാണ് യോഹന്നാൻ ഉപയോഗിക്കുന്നത്. ബലിപീഠമെന്നാൽ ബലി നടത്താനുള്ള സ്ഥലമാണ്. ഭൂമിയിൽ ബലി നടന്ന ബലിപീഠം കുരിശായിരുന്നു. അതേ ബലി വീണ്ടും വീണ്ടും അനേകം ബലിപീഠങ്ങളിൽ ഓർമ്മിക്കപ്പെടുന്നതാണ് വി. കുർബാന. കർത്താവിന്റെ ദിനത്തിന്റെ പശ്ചാത്തലത്തിൽ വിശദീകരിക്കുന്ന വെളിപാടിൽ ദൈവാരാധനയുടെ അനേകം പ്രതീകങ്ങളുണ്ട്. ആരാധനയ്ക്കായി വന്നിരിക്കുന്ന ജനത്തെ അപ്പം മുറിക്കലിനായി ഒരുക്കുന്നതാണ് വെളിപാട് ഗ്രന്ഥത്തിലെ പ്രബോധനങ്ങൾ. ഇപ്രകാരം കർത്താവിന്റെ ദിനത്തിൽ ആരംഭിച്ച് അതിന്റെ സാക്ഷാത്ക്കാരമായ സ്വർഗ്ഗീയ ജറുസലേമിനെക്കുറിച്ചുള്ള വിവരണത്തിലാണ് ഗ്രന്ഥം അവസാനിക്കുന്നത്.

❖

www.malankaralibrary.com

# ഭാഗം 2
# ഓർമ്മയാചരണം
# (Anamnesis)

www.malankaralibrary.com

www.malankaralibrary.com

അദ്ധ്യായം 1

# വിശുദ്ധ കുർബാനയുടെ വിവിധ നാമങ്ങൾ

**ക്രൈ**സ്തവ ആരാധനയുടെ കേന്ദ്രബിന്ദുവായ വി. കുർബാനയെ വിശ്വാസ സമൂഹം തങ്ങളുടെ ഹൃദയത്തിനിണങ്ങിയ നാമങ്ങളിൽ വിശേഷിപ്പിക്കാറുണ്ട്. ഈ നാമവിശേഷണങ്ങൾ എല്ലാം തന്നെ വി. കുർബാന എന്ന മഹാരഹസ്യത്തിന്റെ ആഴങ്ങളിലേയ്ക്ക് വിരൽ ചൂണ്ടുന്നവയാണ്. വി. കുർബാനയെ സംബന്ധിക്കുന്ന ദൈവശാസ്ത്രപരമായ നാമങ്ങൾ വി. ഗ്രന്ഥത്തിന്റെയും, പാരമ്പര്യങ്ങളുടെയും, സഭാപിതാക്കന്മാരുടെ ചിന്താധാരകളുടെയും വെളിച്ചത്തിലും സഭയുടെ പഠിപ്പിക്കലുകളുടെ നിഴലിലും മനസ്സിലാക്കാൻ ശ്രമിക്കുകയാണ്.

### 1. ദിവ്യസംസർഗ്ഗം/ദിവ്യകൂട്ടായ്മ (Holy Communion)

ഒന്നാമതായി, മാമോദീസ എന്ന കൂദാശയിലൂടെ ക്രിസ്തുവിന്റെ മൗതിക ശരീരത്തിലെ അംഗങ്ങളാകുന്ന (എഫേ. 5:30) നാം അവന്റെ ശരീര രക്തങ്ങളാകുന്ന വി. കുർബാനയിൽ ഭാഗഭാക്കുകളാകുമ്പോൾ അവൻ നമ്മിലും നാം അവനിലും വസിക്കുന്നു (യോഹ. 6:56), (LG 6). ഇപ്രകാരം ക്രിസ്തുവുമായി ദിവ്യസംസർഗ്ഗത്തിന് നമ്മെ സന്നദ്ധരാക്കുന്നതിനാൽ വി. കുർബാനയെ ദിവ്യസംസർഗ്ഗമെന്ന് വിളിക്കുന്നു (CCC 1331).

രണ്ടാമതായി, "ദൂരസ്ഥന്മാരോടുകൂടെ സമീപസ്ഥന്മാരും മരിച്ചവരോടുകൂടി ജീവനുള്ളവരും ആയ സകല വിശ്വാസികളും മാലാഖമാരും

www.malankaralibrary.com

യേശുമിശിഹാ മുഖാന്തരം തമ്മിൽ തമ്മിൽ യോജിപ്പിലും സ്നേഹ ത്തിലും കൃപയിലും നിലനിന്നു വളർന്ന് സഹവാസത്തിൽ കഴിയുന്ന തിനുള്ള സർവ്വപ്രധാനമായ മാർഗ്ഗം വി. കുർബാനയാകയാൽ വി. കുർബാനയെ ദിവ്യ സംസർഗ്ഗം എന്നു വിളിക്കുന്നു" (മാർ ഈവാനി യോസ് മെത്രാപ്പോലീത്താ, വി. കുർബാന ഒരു ധ്യാനപഠനം, 11)

## 2. കൂദാശകളുടെ കൂദാശ (The Sacrament of Sacraments)

കൂദാശകളുടെ കൂദാശയായ വി. കുർബാന നമ്മെ യേശുവിന്റെ ഗാഢമായ സ്നേഹത്തിലേക്ക് ആകർഷിക്കുകയും പ്രോജ്ജ്വലിപ്പിക്കു കയും ചെയ്യുന്നു. ആയതിനാൽ, വി. കുർബാനയിൽ നിന്ന്, ഒരു നീരു റവയിൽ നിന്നെന്നപോലെ നമ്മിലേക്ക് കൃപാവരം പ്രവഹിക്കുകയും ദൈവമഹത്വത്തിന്റെ പങ്കുകാരാക്കുകയും ചെയ്യുന്നു (SC 10). വി. കുർബാന എന്ന നീരുറവയിലേക്കാണ് മറ്റെല്ലാ കൂദാശകളും നയിക്ക പ്പെടുന്നത്. കൂദാശകളുടെ കേന്ദ്രമായ വി. കുർബാനയിൽ അന്തർലീ നമായിരിക്കുന്ന ദൈവിക രഹസ്യങ്ങളിലേക്ക് നമ്മെ അടുപ്പിക്കുക യാണ് മറ്റെല്ലാ കൂദാശകളുടെയം ലക്ഷ്യം.

## 3. എവുക്കരിസ്തിയ (Eucharist)

'എവുക്കരിസ്തിയ' എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം കൃതജ്ഞ താപ്രകാശനം എന്നാണ്. ഒന്നാം നൂറ്റാണ്ടിന്റെ അവസാനം മുതൽ വി. കുർബാനയെ എവുക്കരിസ്തിയ എന്ന് വിളിച്ചിരുന്നു. (ഡിഡാ ക്കെ, അദ്ധ്യായം 14). ദൈവം മനുഷ്യനായി അവതരിച്ച് മനുഷ്യന്റെ പാപത്തിന് പരിഹാരമായി സ്വജീവനെ കുരിശിൽ ബലിയർപ്പിച്ചതി ലൂടെ നിത്യരക്ഷ പ്രദാനം ചെയ്തതിന്റെ പ്രതിനന്ദി അഥവാ കൃത ജ്ഞതാ പ്രകാശനമാണ് ഓരോ ബലിയർപ്പണത്തെയും പൂർണതയിൽ എത്തിക്കുന്നത്.

## 4. വലിയ പെസഹ

ദൈവത്തിന്റെ ജനമായ ഇസ്രായേലിനെ ഈജിപ്തിന്റെ അടിമ ത്വത്തിൽ നിന്ന് അവിടുന്ന് രക്ഷിച്ചതിന്റെ ഓർമ്മ ന്യായപ്രമാണപ്ര കാരമുള്ള പെസഹായിൽ നിവർത്തിക്കപ്പെട്ടു. ഇപ്രകാരം പുതിയ ഇസ്രായേലായ നമ്മെ പാപത്തിന്റെ അടിമത്വത്തിൽ നിന്ന് സ്വമരണ ത്താൽ യേശു രക്ഷിച്ചു വീണ്ടെടുത്തു. വി. കുർബാന അർപ്പിക്കു മ്പോൾ, സ്വീകരിക്കുമ്പോൾ ഈ വീണ്ടെടുപ്പിനെ നാം ഓർക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. ക്രിസ്തീയ പെസഹായാകുന്ന വി. കുർബാന യഹൂദ പെസഹായേക്കാൾ എത്രയോ മഹത്വമേറിയതാകു ന്നു. യഹൂദ പെസഹായിൽ ഭക്ഷിക്കപ്പെടുന്ന കുഞ്ഞാടിനേക്കാൾ

www.malankaralibrary.com


എത്രയോ മഹിമയേറിയതാകുന്നു വി. കുർബ്ബാനയിൽ ഭക്ഷിക്കപ്പെടുന്ന ദൈവകുഞ്ഞാട് (1 കോറി. 5:7).

രണ്ടാമതായി, ഈശോ വി. കുർബ്ബാന സ്ഥാപിച്ചത് മോശൈക നിയമപ്രകാരമുള്ള പെസഹദിനത്തിലായിരുന്നു. മോശൈക പെസഹായെ അവസാനിപ്പിക്കുകയും ക്രിസ്തീയ പെസഹയാകുന്ന വി. കുർബ്ബാനയെ അതിന്റെ സ്ഥാനത്ത് യേശു സ്ഥാപിക്കുകയും ചെയ്തതു കൊണ്ട് വലിയ പെസഹാ എന്ന് വി. കുർബ്ബാന അറിയപ്പെടുന്നു (മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, വി. കുർബ്ബാന ഒരു ധ്യാനപഠനം, 14)

## 5. ഓർമ്മയാചരണം/നിത്യസ്മാരകം

ഓരോ വി. കുർബ്ബാനയിലും യേശുക്രിസ്തുവിന്റെ രക്ഷാകരവ്യാപാരങ്ങളെ ഇടവിടാതെ സദാ സ്മരിക്കുന്നു. ഈ അർത്ഥത്തിലാണ് വി. കുർബ്ബാനയുടെ പ്രാരംഭഗീതത്തിൽ ഇപ്രകാരം നാം പാടുന്നത് "നാഥാ, നിൻ ജനനം, സ്നാനം, പീഡ, ക്രൂശേറ്റം, മൃതി, ഉത്ഥാനം, സ്വർഗ്ഗാരോഹണമെന്നിവയേയും... ഓർത്തീടുന്നീ യാഗത്തിൽ" വീണ്ടും സ്ഥാപന വചനങ്ങൾക്കു ശേഷം വിശ്വാസ സമൂഹം ഇപ്രകാരം പ്രാർത്ഥിക്കുന്നുണ്ട്: "ഞങ്ങളുടെ കർത്താവേ, നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുന്നു. നിന്റെ ഉയിർത്തെഴുന്നേൽപ്പിനെ ഏറ്റുപറയുന്നു. നിന്റെ രണ്ടാമത്തെ വരവിനായി നോക്കിപാർക്കുന്നു." കർത്താവ് തന്റെ ശിഷ്യന്മാരെ ഭരമേൽപ്പിച്ച ദൗത്യവും ഇതു തന്നെയാണ്: "എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇത് ചെയ്യുവിൻ" (ലൂക്കാ. 22:19 ; 1 കോറി.11:24).

## 6. പാപപരിഹാരബലി

പഴയനിയമകാലത്ത് അർപ്പിക്കപ്പെട്ടിരുന്ന പ്രധാനപ്പെട്ട ബലികളിലൊന്നാണ് പാപപരിഹാരബലി. വർഷത്തിലൊരിക്കൽമാത്രം പ്രധാനപുരോഹിതൻ അതിവിശുദ്ധ സ്ഥലത്ത് പ്രവേശിച്ച് ജനത്തിന്റെ പാപ പരിഹാരത്തിനായി ബലി അർപ്പിക്കുമായിരുന്നു. എന്നാൽ പുതിയ നിയമകാലത്ത്, മനുഷ്യവംശത്തിന്റെ പാപത്തിന് പരിഹാരമായി തന്നെത്തന്നെ ബലിയായി അർപ്പിച്ച് അവനിൽ വിശ്വസിക്കുന്ന ജനം മുഴുവന്റെയും പാപം മായിച്ചുകളഞ്ഞു (ഹൂസോയോ പ്രാർത്ഥന, വി. കുർബ്ബാന തക്സാ, 36). തന്റെ ബലിയാൽ മനുഷ്യനെയും ദൈവത്തെയും തമ്മിൽ നിരപ്പാക്കി. അതിനാൽ വി. കുർബ്ബാനയെ പുതിയ നിയമത്തിലെ പാപപരിഹാരബലി എന്ന് വിളിക്കുന്നു.

## 7. സ്തോത്രയാഗം

വി. കുർബ്ബാന രക്തം ചിന്തൽ കൂടാതെയുള്ള സ്തോത്രയാഗമാണ്. കാൽവരിയിൽ രക്തം ചിന്തി ഈശോ അർപ്പിച്ചയാഗത്തിന് സ്തോത്രം

www.malankaralibrary.com

അർപ്പിക്കുന്നതാവണം ഓരോ വി. കുർബാന അർപ്പണവും. നമ്മുടെ വി. കുർബാനയിലെ പ്രാർത്ഥനകളിൽ ഈ സത്യത്തെ സ്പഷ്ടമായി സഭ പഠിപ്പിക്കുന്നുണ്ട്: "ദൈവീകമായ സ്തോത്രയാഗം അർപ്പിക്കപ്പെടുന്ന..." (പ്രുമിയോൻ, വി. കുർബാന തക്സാ, 283, 292)

## 8. സമാധാനബലി

പഴയനിയമകാലത്ത് നടത്തിയിരുന്ന വിവിധതരം ബലികളിലൊന്നാണ് സമാധാനബലി (പുറ. 20:24; ലേവ്യ. 3:6; 4:35; സംഖ്യ. 6:14). ക്രിസ്തുവിന്റെ ഗോഗുൽഥായിലെ ബലിയാൽ, മനുഷ്യന്റെ പാപത്തിനു പരിഹാരം നേടിക്കൊടുക്കുകയും നഷ്ടപ്പെട്ട സമാധാനം വീണ്ടെടുക്കുകയും ചെയ്തു. ഇപ്രകാരം മാനവകുലത്തിന്റെ സമാധാനത്തിന് അർപ്പിക്കപ്പെടുന്ന ബലിയാണ് വി. കുർബാന.

## 9. മഹാവിരുന്ന്

വി. ബൈബിളിൽ പ്രതിപാദിച്ചിരിക്കുന്ന വിരുന്നുകളിൽ ഏറ്റവും ശ്രേഷ്ഠമായത് വി. കുർബാനയെന്ന വിരുന്നാണ്. തന്റെ ശരീരരക്തങ്ങൾ വിഭജിച്ചു നൽകുന്ന ഈ മഹാവിരുന്നിലേക്ക് ഓരോ വിശ്വാസിയും ക്ഷണിക്കപ്പെട്ടിരിക്കുന്നു. ഈ വിരുന്നു മുഖാന്തരം നിത്യജീവൻ പ്രാപിക്കാനും ക്രിസ്തുവിന്റെ ശരീരത്തോട് അനുരൂപപ്പെടാനും കഴിയുന്നു. ഇതിലും ശ്രേഷ്ഠമായ ഒരു വിരുന്ന് ഇനി ഇല്ല, ഉണ്ടാകുവാനുമില്ല. അതിനാൽ വി. കുർബാന ഒരു മഹാവിരുന്നാണ്.

## 10. മഹാരഹസ്യം

വി. കുർബാനയെക്കുറിച്ചുള്ള അറിവ് മിശിഹായെക്കുറിച്ചും സഭയെക്കുറിച്ചുമുള്ള അറിവാണ്. സഭയെ രൂപപ്പെടുത്തുകയും പടുത്തുയർത്തുകയും ചെയ്യുന്ന വി. കുർബാന നാം വിശ്വസിക്കേണ്ടതും ആഘോഷിക്കേണ്ടതും ജീവിക്കേണ്ടതുമായ മഹാരഹസ്യമാണ് (ബനഡിക്ട് 16-ാമൻ മാർപ്പാപ്പ, സ്നേഹത്തിന്റെ കൂദാശ).

## 11. പുതിയ രഹസ്യം

മോശയുടെ ന്യായപ്രമാണ പ്രകാരമുള്ള രഹസ്യത്തെയും പഴയനിയമബലികളെയും ആരാധനകളെയും അവസാനിപ്പിച്ച് പുതിയനിയമപ്രകാരമുള്ള ദൈവസംസർഗ്ഗ മാർഗ്ഗവും ആരാധനാക്രമവുമായി വി. കുർബാനയെ യേശു നൽകിയതു കൊണ്ട് ഈ രഹസ്യത്തിന് 'പുതിയ രഹസ്യം' എന്ന് പറയുന്നു (മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, വി. കുർബാന ഒരു ധ്യാനപഠനം, 12). വി. കുർബാനയിലെ പ്രാർത്ഥനകളിലും ഗാനങ്ങളിലും വി. കുർബാനയെ രഹ

www.malankaralibrary.com


സ്യത്തോടു ഉപമിച്ചിട്ടുണ്ട്: "ദൈവമായ കർത്താവേ നിന്റെ മഹാവിശുദ്ധ സ്ഥലത്ത് വെടിപ്പോടും വിശുദ്ധിയോടും കൂടെ പ്രവേശിച്ച് വന്ദ്യവും ദിവ്യവുമായ നിന്റെ രഹസ്യങ്ങളെ കളങ്കം കൂടാതെ സ്പർശിക്കുവാൻ നിന്റെ ജീവപ്രദമായ ക്ഷാളനത്താൽ എന്റെ ആത്മാവിന്റെ മാലിന്യങ്ങൾ നീക്കിക്കളഞ്ഞ് എന്നെ വെടിപ്പാക്കണമെ" (വി. കുർബാനയിൽ വിശ്വാസപ്രമാണ സമയത്ത് വൈദികൻ കൈകൾ കഴുകികൊണ്ട് രഹസ്യത്തിൽ ചൊല്ലുന്ന പ്രാർത്ഥന, തക്സാ, 39). പെസഹാകുർബാനയിൽ കുർബാന സ്വീകരണ സമയത്ത് ആലപിക്കുന്ന 'രഹസ്യം രഹസ്യം...' എന്ന ഗാനവും വി. കുർബാനയെ രഹസ്യത്തോട് ഉപമിച്ചിരിക്കുന്നു. യേശുവിൽ വിശ്വസിക്കുന്ന ഏവരെയും പുണ്യപ്പെടുത്തുകയും പാപമാലിന്യത്തിൽ നിന്ന് തുടച്ച് വെടിപ്പാക്കുകയും ചെയ്യുന്നതിനു വേണ്ടി 'ഈ രഹസ്യം നീ തന്നെ ഞങ്ങൾക്ക് കാണിച്ചു തന്നു.' (ദുഃഖശനി, സമാധാനത്തിനുമുമ്പുള്ള പ്രാർത്ഥന, വി. കുർബാന തക്സാ, 43)

## 12. ദൈവിക രഹസ്യം/ അവർണ്ണനീയ രഹസ്യം

മിശിഹാ രഹസ്യാത്മകമായി സെഹിയോൻ മാളികയിൽ വച്ച് സ്വശിഷ്യന്മാർക്ക് ആശീർവദിച്ച അപ്പമെടുത്ത് മുറിച്ച് നൽകികൊണ്ട് അരുളിചെയ്തു, "ഇത് സ്വീകരിക്കുവിൻ; ഇത് എന്റെ ശരീരമാണ്." അനന്തരം, പാനപാത്രം എടുത്ത്, കൃതജ്ഞതാസ്തോത്രം ചെയ്ത്, നൽകികൊണ്ട് അരുളിചെയ്തു "ഇത് അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്" (മർക്കോ. 14:22-24). 'നീതിമാന്മാരും പുണ്യവാന്മാരും വാഞ്ചിക്കുകയും, അവരുടെ ദർശനങ്ങൾ കൊണ്ട് സാദൃശ്യങ്ങളെ രൂപീകരിക്കുകയും ചെയ്ത ദൈവിക രഹസ്യമാണ് വി. കുർബാന' (സെദറാ, പെസഹ സന്ധ്യ, ഹാശാ ആഴ്ച പ്രുമിയോൻ, സെദറാ പുസ്തകം, 63, 70).

## 13. ജീവന്റെ രഹസ്യം

ഒന്നാമതായി, നിത്യജീവനായ മിശിഹാ, തന്റെ തിരുശരീര രക്തങ്ങൾ വഴിയായി അപ്പത്തിലും വീഞ്ഞിലും എഴുന്നള്ളിയിരിക്കുന്നതു കൊണ്ട് വി. കുർബാനയെ ജീവന്റെ രഹസ്യം എന്നു പറയുന്നു (യോഹ. 14:6) (മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, വി. കുർബാന ഒരു ധ്യാനപഠനം, 13).

രണ്ടാമതായി, കൂദാശചെയ്യപ്പെട്ട അപ്പത്തിലും വീഞ്ഞിലും ദൈവത്തിന്റെ ജീവൻ മറഞ്ഞിരിക്കുന്നു. അതുകൊണ്ട് വി. കുർബാന ദൈവത്തിന്റെ ജീവനെ സമ്പാദിക്കുന്നതിനുള്ള മാർഗ്ഗമാകുന്നു. രഹസ്യമായ

www.malankaralibrary.com

ശക്തി അന്തർഭവിച്ചിരിക്കുന്ന കർമ്മം എന്നുള്ള അർത്ഥത്തിൽ വി. കുർബാനയെ ജീവന്റെ രഹസ്യമെന്ന് വിളിക്കുന്നു. (മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, വി. കുർബാന ഒരു ധ്യാനപഠനം, 12).

### 14. ജീവന്റെ ഔഷധം (Medicine of Life)

കർത്താവിന്റെ ശരീരരക്തങ്ങൾ സ്വീകരിക്കുന്നതുവഴി വിശ്വാസിയുടെ ശരീരം കർത്താവിന്റെ ശരീരത്തോടു ചേരുകയും വിശ്വാസിയുടെ ആത്മാവ് വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നതുവഴി മനുഷ്യർക്ക് രോഗത്തിൽ നിന്ന് ശമനം ലഭിക്കുന്നു, ജീവൻ ലഭ്യമാകുന്നു എന്ന സത്യം മാർ അപ്രേം തന്റെ രചനകളിലൂടെ വ്യക്തമാക്കുന്നു. ഇക്കാരണത്താൽ വി. കുർബാനയെ ജീവന്റെ ഔഷധമെന്ന് വിളിക്കാം.

### 15. അമർത്യതയുടെ ഔഷധം (Medicine of Immortality)

“വി. കുർബാന ഓരോ വ്യക്തിയുടെയും ജീവന്റെ മൃതസഞ്ജീവനിയാണ്. മരണത്തിനെതിരായുള്ള മറുമരുന്നാണ്. എന്തെന്നാൽ അത് ക്രിസ്തുവിലുള്ള ജീവിതത്തെ പരിപോഷിപ്പിക്കുകയും നിത്യജീവിതത്തിലേയ്ക്കുള്ള ഉത്ഥാനത്തെ ഉറപ്പാക്കുകയും ചെയ്യുന്നു” (അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ്).

### 16. ജീവന്റെ അപ്പം

‘ഞാൻ ജീവന്റെ അപ്പമാകുന്നു. ഈ അപ്പത്തിൽ നിന്ന് ഭക്ഷിക്കുന്നവർ എന്നേക്കും ജീവിക്കും’ (യോഹ. 6:35, 48, 50-51) എന്ന് യേശു അരുളിചെയ്തത് തന്റെ ശരീരത്തെ ചൂണ്ടിക്കാട്ടിക്കൊണ്ടാണ്. നിത്യജീവൻ നൽകുന്ന ദിവ്യ ഭക്ഷണം ഈശോ തന്നെയാണ്. ഈ ഈശോ തന്നെയാണ് വി. കുർബാനയിലൂടെ നമ്മിലേക്ക് കടന്നുവരുന്നത്.

### 17. മധുരഫലം/ജീവന്റെ കനി

ഏദൻ തോട്ടത്തിൽ വച്ച് ആദാമിന് രുചിനോക്കുവാൻ കഴിയാതിരുന്ന ജീവവൃക്ഷത്തിന്റെ കനി വി. കുർബാനയുടെ പ്രതിരൂപമായി കണക്കാക്കപ്പെടുന്നതുകൊണ്ട് വി. കുർബാനയെ മധുരഫലം, ജീവന്റെ കനി എന്ന് വിളിക്കുന്നു. മലങ്കര പാരമ്പര്യത്തിൽ പ്രവേശക കൂദാശകൾ സ്വീകരിക്കുന്ന വേളയിൽ അർത്ഥിക്ക് വി. കുർബാന നൽകുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന ഈ സത്യം സ്ഥിരീകരിക്കുന്നു: “പറുദീസായിൽ വച്ച് ആദം രുചിനോക്കാതിരുന്ന ഫലം ഇന്നിതാ സന്തോഷപൂർവ്വം നിന്റെ നാവിൽ വയ്ക്കുന്നു.” മലങ്കര കുർബാനയിലെ പ്രുമിയോനിൽ വി. കുർബാനയെ മധുരഫലം എന്ന് വിശേഷിപ്പിക്കുന്നു: “സ്വയം യാഗമായിത്തീർന്ന് ഞങ്ങൾക്ക് പാപപരിഹാരം നൽകുകയും ഞങ്ങളെ

www.malankaralibrary.com


പവിത്രീകരിക്കുകയും ചെയ്ത അഭികാമ്യമായ ശുദ്ധീകരണ ബലിയർപ്പണം അനുഗ്രഹീതവും ആ മധുരഫലം മഹനീയവുമാകുന്നു" (വി. കുർബാന തക്സാ, 35).

## 18. തണ്ണീർകുടി/ യാത്രാഭക്ഷണം

ക്രിസ്ത്യാനിയുടെ ഇഹലോകജീവിതം പൂർണ്ണതയിലേക്കുള്ള, സ്വർഗ്ഗത്തിലേക്കുള്ള തീർത്ഥാടനമാണ്. ഈ യാത്രയിൽ ശക്തി പകരുന്ന യാത്രാഭക്ഷണമാണ് വി. കുർബാന (മാർ ഈവാനിയോസ് മെത്രാപ്പോലീത്ത, വി. കുർബാന ഒരു ധ്യാനപഠനം, 17-18). വി. കുർബാനയുടെ സമാപന ആശീർവാദത്തിൽ പുരോഹിതൻ ഇപ്രകാരം ഭരമേല്പ്പിക്കുന്നുണ്ട്."സഹോദരങ്ങളും വാത്സല്യഭാജനങ്ങളുമേ, കർത്താവിന്റെ പാപപരിഹാരപ്രദമായ ബലിപീഠത്തിൽ നിന്ന് നിങ്ങൾ പ്രാപിച്ച അനുഗ്രഹത്തോടും യാത്രാഭക്ഷണത്തോടും കൂടെ പോകുവിൻ". ഇവിടെയും വി. കുർബാനയെ യാത്രാഭക്ഷണത്തോടു ഉപമിച്ചിരിക്കുന്നു.

## 19. തീക്കട്ട/ തീക്കനൽ

പാപിയായ മനുഷ്യനെ പുണ്യപ്പെടുത്തുകയും, ശുദ്ധീകരിക്കുകയും ചെയ്യുന്നതിന് ദൈവം നൽകിയ മാർഗ്ഗമാണ് വി. കുർബാന. ഏശയ്യാ പ്രവാചകൻ ദർശനം കാണുകയും താൻ അശുദ്ധനാണെന്ന് ദൈവമുമ്പാകെ ഏറ്റുപറയുകയും ചെയ്തപ്പോൾ അവനെ ശുദ്ധീകരിക്കുന്നതിനായി ദൈവം ബലിപീഠത്തിൽ നിന്ന് തീക്കനൽ മാലാഖാ മുഖാന്തരം നൽകി. ഈ തീക്കനൽ വി. കുർബാനയുടെ മുന്നാസ്വാദനമാകുന്നു (ഏശ. 6:6). വി. കുർബാന നൽകുമ്പോൾ പുരോഹിതൻ ഉച്ചരിക്കുന്ന പ്രാർത്ഥനയിലും വി. കുർബാനയെ തീക്കട്ടയായി വിശേഷിപ്പിക്കുന്നു: "നമ്മുടെ ദൈവമായ മിശിഹാ തമ്പുരാന്റെ ശരീരവും രക്തവുമാകുന്ന തീക്കട്ട, പാപമോചനത്തിനും നിത്യജീവനും വേണ്ടി നൽകപ്പെടുന്നു" (വി. കുർബാന തക്സാ, 98).

## 20. ആദ്യജാതൻ

ദൈവത്തിന്റെ ആദ്യജാതനായ പുത്രൻ തമ്പുരാൻ മാനുഷവേഷം പൂണ്ട് ഭൂമിയിൽ അവതരിക്കുകയും ഇന്നും വി. കുർബാനയിലൂടെ വിശ്വാസികൾക്കുവേണ്ടി എഴുന്നള്ളി വസിക്കുന്നതിനാൽ വി. കുർബാനയെ ആദ്യജാതൻ എന്ന് ആദിമ ക്രിസ്ത്യാനികൾ വിളിച്ചിരുന്നു (ഹെബ്രാ. 1:6; കൊളോ. 1:15). രണ്ടാമതായി, വി. സഭ ദൈവത്തിന് നല്കുന്ന സകല നേർച്ചകളിലും വച്ച് ഒന്നാമത്തേതും സർവ്വ പ്രധാനമായതുമായ നേർച്ച വി. കുർബാനയാകുന്നു. അതുകൊണ്ട് വി. കുർബാ

www.malankaralibrary.com

നയെ കടിഞ്ഞൂൽ/ ആദ്യജാതൻ എന്ന് വിളിക്കുന്നു (കൊളോ.1:15) (മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, വി. കുർബാന ഒരു ധ്യാന പഠനം, 21).

### 21. പൂർണ്ണതകളുടെ പൂർണത

കൂദാശകളിലൂടെ ഒരു വിശ്വാസി സ്വായത്തമാക്കുന്ന പുണ്യങ്ങളുടെ പൂർണ്ണത ലഭ്യമാകുന്നത് വി. കുർബാന വഴിയാണ്. അതുകൊണ്ട് വി.കുർബാനയെ പൂർണതകളുടെ പൂർണ്ണത എന്ന് വിളിക്കാം. മാമോദീസ സ്വീകരിച്ചവർ വി. കുർബാന വഴിയാണ് പൂർണരാക്കപ്പെടുന്നത്.

### 22. കർത്തൃഭോജനം

നമ്മുടെ കർത്താവിന്റെ ശരീരം വി. കുർബാനയായി നാം ഭക്ഷിക്കുന്നതിനാൽ കർത്തൃഭോജനമെന്ന് വിളിക്കുന്നു (യോഹ. 6:56).

### 23. കരേറ്റം

വി. കുർബാന വഴിയായി സ്വർഗ്ഗീയരും ഭൗമികരും പരസ്പരം അടുത്തുവരുന്നതിനാൽ വി. കുർബാനയെ കരേറ്റം എന്ന് വിളിക്കുന്നു (മാർ ദിവന്നാസിയോസ് ബർസ്ളീബി). ഭൗമീകരായ നമുക്ക് സ്വർഗ്ഗത്തിലേക്ക് കയറുന്നതിനുള്ള ഗോവേണിയാണ് വി. കുർബാന.

### 24. കുഞ്ഞാട്

'സ്ലീബാ മരത്തിൽ സ്വമനസ്സാലെ ബലിയർപ്പിക്കപ്പെട്ട് മൺമയർക്കു ഭക്ഷണമായിത്തീരുകയും ആ അർപ്പണംമൂലം വിജാതികൾക്കും സ്വജാതികൾക്കും പരിഹാരം നൽകുകയും മരണംമൂലം തലമുറകൾക്കും വംശങ്ങൾക്കും കുടുംബങ്ങൾക്കും ജീവൻ നൽകുകയും ചെയ്ത കുഞ്ഞാട് ഈശോയാണ്' (വി. കുർബാന തക്സാ, 14, 298). ഓരോ പരി. കുർബാനയിലൂടെയും ലോകത്തിന്റെ പാപം വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് (ഖണ്ഡന ശുശ്രൂഷയിലെ രഹസ്യപ്രാർത്ഥന, മാർ യാക്കോബിന്റെ അപേക്ഷ, തക്സാ, 63) നമ്മിലേക്ക് എഴുന്നള്ളി വരുന്നു.

### 25. രക്തരഹിതബലി

രക്തം ചിന്തിയുള്ള പഴയനിയമബലികളുടെ പൂർണതയായി ക്രിസ്തു എന്നേക്കുമായി കാൽവരിയിൽ രക്തം ചിന്തി ബലി അർപ്പിച്ചു. ഈ ബലിയുടെ ഓർമ്മയാചരണം ഇന്നും രക്തരഹിതബലിയായി വി. കുർബാനയിലൂടെ നിവർത്തിയാക്കപ്പെടുന്നു. ഈ ഒരു സത്യത്തെ പന്ത്രണ്ടു ശ്ലീഹന്മാരുടെ അന്നാഫുറയിൽ നാം അനുസ്മരിക്കുന്നുണ്ട്: "നിന്റെ ഏകപുത്രൻ മുഖാന്തരം ഈ ആത്മീയ വിരുന്ന് ഞങ്ങൾക്കു വേണ്ടി ഒരുക്കിയ കാരുണ്യവാനും പരിശുദ്ധനുമായ കർത്താവേ, രക്ത

www.malankaralibrary.com


രഹിതമായ ഈ ബലിയർപ്പണം ഞങ്ങളിൽ നിന്ന് സ്വീകരിക്കണമേ." (സമാധാനത്തിനുമുമ്പുള്ള പ്രാർത്ഥന–പന്ത്രണ്ട് ശ്ലീഹാന്മാരുടെ അന്നാഫുറ, വി. കുർബാന തക്സാ, 101; പീഡാനുഭവ ആഴ്ചയിൽ സമാധാനത്തിനു മുമ്പ് ചൊല്ലുന്ന പ്രാർത്ഥന, വി. കുർബാന തക്സാ, 42).

**26. രക്ഷയുടെ പാനപാത്രം**

ദൈവജനത്തിന് സ്വർഗ്ഗീയ രക്ഷയെ പ്രദാനം ചെയ്യുന്ന പാനപാത്രം വി. കുർബാനയാണ്. മലങ്കര കുർബാനയിലെ സെദറാ പ്രാർത്ഥനയിൽ, തിരുരക്തം സൂക്ഷിക്കുന്ന കാസായെ രക്ഷാകരമായ പാനപാത്രം, രക്ഷയുടെ പാനപാത്രം എന്ന് വിളിക്കുന്നുണ്ട്.

**27. എമ്മാനുവേൽ**

മനുഷ്യരായ നമ്മോടുകൂടെ ഈശോ മിശിഹാ (ദൈവം നമ്മോടുകുടെ) എഴുന്നള്ളി വസിക്കുന്ന മാർഗ്ഗമാണ് വി. കുർബാന. വി. കുർബാന അനുഭവിക്കുന്ന വ്യക്തിയുടെയുള്ളിൽ ദൈവം എഴുന്നള്ളി വന്ന് വസിക്കുന്നതിനാൽ വി. കുർബാനയെ എമ്മാനുവേൽ എന്ന് വിളിക്കുന്നു.

**28. സ്വർഗ്ഗീയ മന്നാ**

ദൈവത്തിന്റെ ജനമായ ഇസ്രായേൽ കാനാൻ ദേശത്തേക്കു പോകും വഴി നാൽപ്പത് സംവത്സരം മുരുഭൂമിയിൽക്കൂടി സഞ്ചരിക്കേണ്ടി വന്നു. ആ കാലത്ത് അവർക്ക് ഭക്ഷണമായി ദൈവം ആകാശത്തുനിന്ന് മന്നാ പൊഴിച്ചു (പുറ.16:31). അതുപോലെ സ്വർഗ്ഗരാജ്യത്തിലേക്ക് തീർത്ഥാടനം ചെയ്യുന്ന പുതിയ ഇസ്രായേൽ മക്കൾക്ക് സ്വർഗ്ഗീയ ഭക്ഷണമായി യേശു തന്റെ തിരുശരീര രക്തങ്ങളാകുന്ന വി. കുർബാന നൽകി (യോഹ. 6:49, 50).

**29. കാഴ്ചയപ്പം**

ജറുസലേം ദൈവാലയത്തിന്റെ ശുദ്ധസ്ഥലത്ത് ഇസ്രായേൽ ജനത്തിനുവേണ്ടി ദൈവമുമ്പാകെ അർപ്പിക്കപ്പെട്ട കാഴ്ചയപ്പങ്ങൾ സൂക്ഷിച്ചിരുന്നു (പുറ. 25:30; സംഖ്യ. 4:7). പിതാവായ ദൈവത്തിന്റെ മുമ്പാകെ മിശിഹായുടെ തിരുശരീര രക്തങ്ങൾ വി. സഭ അർപ്പിക്കുന്നത് വി. കുർബാന വഴിയാണ്. തിരുസാന്നിദ്ധ്യ അപ്പത്തിൽ സുക്ഷിച്ചിരുന്ന മന്നായും വി. കുർബാനയുടെ മുൻകുറിയായി പരിഗണിക്കാം.

**30. സ്വയം ദാനത്തിന്റെ വിരുന്ന്**

"യേശു തന്നെതന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിലായിത്തീർന്ന്, ആകൃതിയിൽ മനുഷ്യ

www.malankaralibrary.com

നെപ്പോലെ കാണപ്പെട്ടു. അതേ കുരുശുമരണംവരെ അനുസരണ മുള്ളവനായി തന്നെത്തന്നെ താഴ്ത്തി" (ഫിലി. 2:7-8). ഈ ശൂന്യവ ത്കരണത്തിലൂടെ തന്നെത്തന്നെ ഒരു നൈവേദ്യമായി പിതാവായ ദൈവത്തിന് അർപ്പിക്കുകയും, തന്റെ അർപ്പണംമൂലം സഭയെയും, സഭാ മക്കളെയും സ്വയം ദാനത്തിന്റെ മാതൃക പഠിപ്പിക്കുകയും ചെയ്തു. ഈ ഒരർത്ഥത്തിൽ വി. കുർബാന സ്വയം ദാനത്തിന്റെ വിരുന്നാണ്.

### 31. കൂട്ടായ്മയുടെ വിരുന്ന്

കൂട്ടായ്മയുടെ വിരുന്നെന്നനിലയിൽ വി. കുർബാനയിലുള്ള ഭാഗ ഭാഗിത്വം വിശ്വാസിയെ ശാരീരികവും, ആത്മീയവും, മാനസികവുമായ വളർച്ചയിലേക്ക് നയിക്കുകയും തൽഫലമായി യേശുവും സഭയുമാ യുള്ള ബന്ധം സുദൃഢമാക്കുകയും കൂട്ടായ്മയിലേക്ക് നമ്മെ ക്ഷണി ക്കുകയും ചെയ്യുന്നു.

### 32. ക്ഷമയുടെയും അനുരഞ്ജനത്തിന്റെയും വിരുന്ന്

ശ്രേഷ്ഠനും മഹാകാരുണ്യവാനുമായ ദൈവവും ബലഹീനനും പാപിയുമായ മനുഷ്യനും തമ്മിൽ ആലിംഗനം ചെയ്യുന്ന കൂദാശയാണ് വി. കുർബാന. ഓരോ വി. കുർബാനയിലും ദൈവം അനുതാപിയുടെ പാപങ്ങൾ ക്ഷമിച്ച് നിത്യജീവനിലേക്കുള്ള വിരുന്നിൽ പങ്കുകാരനാ കുന്നു. കുർബാനയാകുന്ന ഈ വിരുന്നിലേക്കുള്ള ക്ഷണം അനുര ഞ്ജനത്തിനും, ക്ഷമയ്ക്കുമുള്ള ആഹ്വാനമാണ്. ഈ ഒരു സത്യം യേശു തന്റെ പരസ്യജീവിതകാലത്ത് യേശു നമ്മെ പഠിപ്പിച്ചിട്ടുണ്ട്: "നീ ബലി പീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ, നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെവച്ച് ഓർത്താൽ, കാഴ്ച വസ്തു അവിടെ ബലിപീഠത്തിനു മുമ്പിൽ വച്ചിട്ട് പോയി സഹോദര നോടു രമ്യതപ്പെടുക; പിന്നെ വന്ന് കാഴ്ചയർപ്പിക്കുക" (മത്താ. 5:23-24). ഈ അർത്ഥത്തിലാണ് ഓരോ വി. കുർബാനയിലും സമാധാന പ്രാർത്ഥന നടത്തുന്നതും സമാധാനം നൽകുന്നതും. "കർത്താവേ, സകല ഭിന്നതകളും ഞങ്ങളിൽ നിന്ന് നീക്കിക്കളഞ്ഞ് നിന്റെ സ്നേഹ ബന്ധത്താൽ ഞങ്ങളെ ഉറപ്പിക്കണമെ" (അന്ത്യോക്യായിലെ മാർ ഒസ്താത്തിയോസിന്റെ അന്നാഫുറ, വി. കുർബാന തക്സാ, 217). വി. കുർബാനയാകുന്ന വിരുന്ന് അനുരഞ്ജനത്തിനും ക്ഷമയ്ക്കുമുള്ള ആഹ്വാനമാണ്.

### 33. ഐക്യത്തിന്റെ കൂദാശ

സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സഭ വി. കുർബാനയാകുന്ന വിരു ന്നാഘോഷത്തിൽ ഐക്യപ്പെടുന്നു. അങ്ങനെ സ്വർഗ്ഗീയ സഭയും ഭൗമിക

www.malankaralibrary.com


സഭയും ഐക്യപ്പെടുന്ന വേദിയായി ഓരോ വി. കുർബാനയും മാറുന്നു. മലങ്കര കുർബാനയിലെ സമാധാനത്തിനുമുമ്പുള്ള പ്രാർത്ഥനയിൽ നാം ഐക്യത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാറുണ്ട്: "കർത്താവേ, ഈ സമയത്ത് സ്നേഹവും ഐക്യവും സമ്പൂർണ സമാധാനവും ഞങ്ങൾക്ക് നൽകണമെ" (അമീദിലെ മെത്രാപ്പോലീത്തായായിരുന്ന മാർ ദിവന്നാസ്യോസിന്റെ അന്നാഫുറ, വി. കുർബാന തക്സാ, 126).

### 34. സ്നേഹത്തിന്റെ കൂദാശ

മനുഷ്യവംശത്തോടുള്ള അദമ്യമായ സ്നേഹത്തിന്റെ ഫലമായി, സ്നേഹമായ പുത്രൻതമ്പുരാൻ (1 യോഹ. 4:16) കാൽവരിയിൽ മുറിയപ്പെട്ടു. അതുകൊണ്ട് വി. കുർബാനയെ സ്നേഹത്തിന്റെ കൂദാശയെന്ന് കത്തോലിക്ക സഭയുടെ മതബോധനഗ്രന്ഥം നിർവചിച്ചിരിക്കുന്നു. (CCC 1322)

### 35. സമർപ്പണത്തിന്റെ കൂദാശ

വി. കുർബാനയിൽ പങ്കെടുക്കുന്ന വിശ്വാസികൾ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിലൂടെ തങ്ങളെത്തന്നെ യേശുവിനോടൊപ്പം യേശുവിനെപ്പോലെ ദൈവപിതാവിന് സ്വയം സമർപ്പിക്കുകയാണ് ചെയ്യുന്നത്. ഈ അർത്ഥത്തിൽ വി. കുർബാനയെ സമർപ്പണത്തിന്റെ കൂദാശ എന്ന് വിളിക്കുന്നു.

### ഉപസംഹാരം

വിശുദ്ധ കുർബാന ഒരു അവർണ്ണനീയ രഹസ്യമാണ്. അതിനാൽ ആ രഹസ്യത്തെ പൂർണമായി വർണ്ണിക്കാൻ എത്ര ശ്രമിച്ചാലും മനുഷ്യന് സാധിക്കില്ല. വി. കുർബാനയെക്കുറിച്ചുള്ള വിവിധ നാമങ്ങൾ ഈ രഹസ്യത്തിന്റെ അവർണ്ണനീയതയാണ് സൂചിപ്പിക്കുന്നത്.

❖

www.malankaralibrary.com

അദ്ധ്യായം 2

# വിശുദ്ധ കുർബാന സഭാപിതാക്കന്മാരുടെ വീക്ഷണത്തിൽ

രക്ഷയുടെ സന്ദേശത്തെ മനസ്സിലാക്കുകയും വരും തലമുറയിലുള്ളവരിലേക്ക് കൈമാറ്റം ചെയ്യുകയും ചെയ്ത ആദിമ സഭയിലെ ശക്തരായ നേതാക്കന്മാരാണ് സഭാപിതാക്കന്മാർ. സഭാപിതാക്കന്മാരിലൂടെ നല്കപ്പെട്ട പ്രബോധനങ്ങൾ എന്നും സഭയ്ക്കും സഭാവിശ്വാസികൾക്കും മുതൽക്കൂട്ടും പ്രചോദനവുമാണ്. രക്ഷയുടെ സന്ദേശം പൂർണ്ണമായി ഗ്രഹിക്കുകയും ജീവിതത്തിന്റെ ഭാഗമാക്കുകയും തെറ്റു കൂടാതെ പകർന്നുനൽകുകയും ചെയ്ത സത്യവിശ്വാസത്തിന്റെ വക്താക്കളായ സഭാപിതാക്കന്മാരുടെ വി. കുർബാനയെക്കുറിച്ചുള്ള പ്രബോധനങ്ങളാണ് ഈ അധ്യായത്തിലെ പ്രതിപാദ്യവിഷയം.

### 1. ഡിഡാക്കെ

'ഡിഡാക്കെ' എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം പ്രബോധനം എന്നാണ്. പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പ്രബോധനം എന്നറിയപ്പെടുന്ന ഡിഡാക്കെയുടെ കർത്താവാര് എന്ന ചോദ്യം ഇപ്പോഴും അവശേഷിക്കുന്നു. സഭയുടെ ആരംഭകാലത്ത് സ്നാനാർത്ഥികൾക്ക് നിയമരൂപത്തിൽ നൽകിയിരുന്ന നിർദ്ദേശങ്ങളാണ് ഇതിന്റെ ഉള്ളടക്കം. സഭാ നിയമത്തിന്റെ ഏറ്റവും പുരാതന സ്രോതസാണിത്. രണ്ടാം നൂറ്റാ

www.malankaralibrary.com


ണ്ടിലെ ക്രൈസ്തവ സഭയുടെ ആരാധനക്രമ സംബന്ധമായ പല നിയമങ്ങളും രീതികളും അനുഷ്ഠാനങ്ങളും ഡിഡാക്കെ വിവരിക്കുന്നുണ്ട്. 16 അദ്ധ്യായങ്ങളുള്ള ഈ കൃതിയിലെ 3 അദ്ധ്യായങ്ങളിൽ (9,10,14) വി. കുർബാനയെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്.

കൃതജ്ഞതാസ്തോത്രം, എവുക്കറിസ്തിയ, അപ്പം മുറിക്കൽ, ആത്മീയഭക്ഷണം, ബലി എന്നീ പദങ്ങളാണ് വി. കുർബാനയെ സൂചിപ്പിക്കുവാൻ ഡിഡാക്കെയിൽ ഉപയോഗിച്ചിരിക്കുന്നത് (അദ്ധ്യായം 9, 10). സഭയിലെ ഏറ്റവും പൗരാണികമായ കൃതജ്ഞതാ പ്രാർത്ഥനയായി കരുതുന്ന രണ്ട് കൃതജ്ഞതാസ്തോത്ര പ്രാർത്ഥനകൾ ഡിഡാക്കെയിൽ നിന്നുള്ളതാണ്. ദൈവശാസ്ത്രപരമായി വളരെ പ്രാധാന്യമർഹിക്കുന്ന ഇവ യഹൂദരുടെ കൃതജ്ഞതാസ്തോത്ര പ്രാർത്ഥനയുടെ ക്രിസ്തീയ രൂപമാണ്.

ഒന്നാമതായി, കാസായോടനുബന്ധിച്ചുള്ള കൃതജ്ഞതാർപ്പണം “ഞങ്ങളുടെ പിതാവേ, നിന്റെ പുത്രനായ ഈശോ വഴി നീ വെളിപ്പെടുത്തിയ നിന്റെ പുത്രൻ ദാവീദിന്റെ പരിശുദ്ധ മുന്തിരിച്ചെടിയെപ്രതി ഞങ്ങൾ നിനക്ക് നന്ദി പറയുന്നു. നിനക്ക് എന്നും മഹത്ത്വമുണ്ടായിരിക്കട്ടെ” (അദ്ധ്യായം 9:2). തുടർന്നുള്ള അപ്പം മുറിക്കലിനോടനുബന്ധിച്ച് ഇപ്രകാരമാണ് നന്ദി അർപ്പിക്കുന്നത്: ‘ഞങ്ങളുടെ പിതാവേ, നിന്റെ പുത്രനായ ഈശോ വഴി നീ വെളിപ്പെടുത്തിയ ജീവനെയും വിജ്ഞാനത്തേയും പ്രതി ഞങ്ങൾ നിനക്ക് നന്ദി പറയുന്നു. നിനക്ക് എന്നും മഹത്ത്വമുണ്ടായിരിക്കട്ടെ” (അദ്ധ്യായം 9:3). ആദ്യത്തെ നന്ദി അർപ്പണത്തിനുശേഷം സഭയുടെ ഐക്യത്തിനായി പ്രാർത്ഥിക്കുകയും (9:4) മാമോദീസ സ്വീകരിക്കാത്തവർ ഇതിൽ നിന്ന് ഭക്ഷിക്കരുതെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു: “കർത്താവിന്റെ നാമത്തിൽ സ്നാനം പ്രാപിക്കാത്തവരെ നിങ്ങളുടെ സ്തോത്രത്തിൽ നിന്നു ഭക്ഷിക്കുകയോ, കുടിക്കുകയോ ചെയ്യുവാൻ നിങ്ങൾ അനുവദിക്കരുത്. എന്തെന്നാൽ തത്സംബന്ധമായി നമ്മുടെ കർത്താവ് പറഞ്ഞു: “വിശുദ്ധമായവ നായ്ക്കൾക്ക് കൊടുക്കരുത്”(9:5).

രണ്ടാമതായി, അപ്പം മുറിക്കലിൽ ഭാഗഭാക്കുകളായി, ഭക്ഷിച്ച് തൃപ്തരായതിനുശേഷമുള്ള നന്ദിയർപ്പണമാണ്: “നിന്റെ പുത്രനായ ഈശോ വഴി നീ വെളിപ്പെടുത്തിയ വിജ്ഞാനത്തെയും വിശ്വാസത്തെയും അമർത്യതയെയും പ്രതിയും, നിന്റെ പരിശുദ്ധ നാമം ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രതിഷ്ഠിച്ചതിനെ പ്രതിയും പരിശുദ്ധ പിതാ

www.malankaralibrary.com

വേ, ഞങ്ങൾ നന്ദി പറയുന്നു. സർവ്വശക്തനായ കർത്താവേ, നിന്റെ നാമത്തെപ്രതി നീ എല്ലാം സൃഷ്ടിച്ചു. നിനക്ക് നന്ദി പറയുവാൻ മനുഷ്യരുടെ സാഹചര്യാർത്ഥം നീ ഭക്ഷണവും പാനീയവും നൽകി. എന്നാൽ ഞങ്ങൾക്കു നിന്റെ പുത്രൻ വഴി ആത്മീയ ഭക്ഷണവും പാനീയവും നിത്യജീവനും നീ പ്രദാനം ചെയ്തു" (10:2,3).

ഞായറാഴ്ച ആചരണത്തെക്കുറിച്ച് ഡിഡാക്കെ സവിശേഷമായ വിവരണം നൽകുന്നുണ്ട്: "കർത്താവിന്റെ ദിവസത്തിൽ നിങ്ങൾ ഒന്നിച്ചുകൂടുമ്പോൾ അപ്പം മുറിക്കുകയും നന്ദിപറയുകയും ചെയ്യുവിൻ. നിങ്ങളുടെ ബലി ശുദ്ധമായിരിപ്പാൻ നിങ്ങളുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്യണം. നിങ്ങളുടെ ബലി അശുദ്ധമാകാതിരിക്കുവാൻ സഹോദരരോട് രമ്യപ്പെടണം. കാരണം, ഈ ബലിയെപ്പറ്റിയാണ് കർത്താവ് പറഞ്ഞത്: "എപ്പോഴും എല്ലായിടത്തും എനിക്ക് പരിശുദ്ധമായ ബലി അർപ്പിക്കുവിൻ" (14:1-3). വി. കുർബാനയായ ബലി എല്ലായിടത്തും എല്ലായ്പ്പോഴും ശുദ്ധവും നിർമ്മലവുമായി അർപ്പിക്കപ്പെടണമെന്നുള്ള മലാക്കി പ്രവചനത്തി (1:1) ന്റെ പൂർത്തീകരണമാണെന്നും ഈ ബലിയിൽ സംബന്ധിക്കുന്നതിനു മുമ്പ് പാപമോചനം പ്രാപിക്കണമെന്നും ഡിഡാക്കെ പഠിപ്പിക്കുന്നു (10:6, 14:1).

## 2. അന്ത്യോക്യായിലെ ഇഗ്നേഷ്യസ്

രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അന്ത്യോക്യായിലെ സഭാ സമൂഹത്തിന്റെ മെത്രാനായിരുന്നു വി. ഇഗ്നേഷ്യസ്. റോമൻ ചക്രവർത്തിയായിരുന്ന ട്രാജന്റെ മതപീഡനത്തിൽ വന്യമൃഗങ്ങൾക്ക് എറിയപ്പെടാനായി ഇഗ്നേഷ്യസ് അന്ത്യോക്യായിൽ വച്ച് ബന്ധിതനായി. ട്രാജന്റെ പട്ടാളക്കാർ അദ്ദേഹത്തെ റോമിലേക്ക് കൊണ്ടുപോയി. റോമിലേക്കുള്ള യാത്രാമദ്ധ്യേ ഏഷ്യാ മൈനറിലെ സഭകൾക്കും റോമാസഭയ്ക്കുമായി അദ്ദേഹം ഏഴു ലേഖനങ്ങളെഴുതി. ഇതിൽ മൂന്നു ലേഖനങ്ങളിൽ വി. കുർബാനയെക്കുറിച്ച് സ്പഷ്ടമായി പഠിപ്പിക്കുന്നുണ്ട്.

സഭയെ 'കാതോലികം' എന്ന് ആദ്യമായി വിശേഷിപ്പിച്ച ഇഗ്നേഷ്യസ്, സഭയോടുള്ള കൂട്ടായ്മ നിലനിർത്തിക്കൊണ്ട് മെത്രാനോട് ചേർന്നുനിന്ന് വിശ്വാസം സംരക്ഷിക്കുവാനുള്ള ആഹ്വാനം നൽകുന്നു: "മെത്രാൻ എവിടെ സന്നിഹിതനാണോ അവിടെ ജനങ്ങൾ കൂടട്ടെ" (സ്മിർണാക്കാർക്കെഴുതിയ ലേഖനം 8:2) എന്ന അദ്ദേഹത്തിന്റെ പ്രഖ്യാപനം ദൈവശാസ്ത്രപരമായി വളരെ പ്രാധാന്യമർഹിക്കുന്നു. സഭയിൽ മെത്രാനോ അദ്ദേഹം നിയോഗിക്കുന്നവരാലോ

www.malankaralibrary.com


അർപ്പിക്കപ്പെടുന്ന വി. കുർബാന മാത്രമേ സാധുവായി പരിഗണിക്കപ്പെടുകയുള്ളൂ (സ്മിർണ 8:1). വി. കുർബാനയിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കുവാൻ വിശ്വാസികളെ പഠിപ്പിച്ചുകൊണ്ടാണ് അബദ്ധോപദേശങ്ങളെ ഇഗ്നേഷ്യസ് നേരിട്ടത്. വി. കുർബാന സംബന്ധമായ അവരുടെ പഠനങ്ങൾ എന്താണെന്ന് അദ്ദേഹം ഇപ്രകാരം വിശദീകരിക്കുന്നു: "അവർ വി. കുർബാനയിൽ നിന്നും പ്രാർത്ഥനയിൽ നിന്നും അകന്നിരിക്കുന്നു. നമ്മുടെ പാപങ്ങൾമൂലം പീഡസഹിക്കുകയും തന്റെ കരുണയിൽ പിതാവ് മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുകയും ചെയ്ത നമ്മുടെ രക്ഷകനായ ഈശോയുടെ ശരീരമാണ് വി. കുർബാനയെന്ന് അവർ ഏറ്റുപറയുന്നു" (സ്മിർണ 7:1).

ഡിഡാക്കെയിലെന്നപോലെ വി. കുർബാനയുടെ ബലിപരമായ സ്വഭാവത്തെക്കുറിച്ച് ഇഗ്നേഷ്യസ് പഠിപ്പിക്കുന്നുണ്ട്. ബലി അർപ്പിക്കുന്ന വേദി എന്നാണ് അദ്ദേഹം സഭയെ വിശേഷിപ്പിക്കുന്നത്. വി. കുർബാന അമർത്യതയുടെ ഔഷധവും മരണത്തിന് പ്രതിവിധിയും യേശുക്രിസ്തുവിലുള്ള നിത്യജീവനുമാണ് (എഫേ.20:2).

ക്രിസ്താനുകരണം (ക്രിസ്തീയ ആദ്ധ്യാത്മികത) മകുടമണിയുന്നത് രക്തസാക്ഷിത്വത്തിലാണ്. രക്തസാക്ഷിയാകുവാനുള്ള തന്റെ തീവ്രമായ ആഗ്രഹത്തെ വി. കുർബാനയുമായി ബന്ധപ്പെടുത്തി ഇഗ്നേഷ്യസ് ഇപ്രകാരം പറയുന്നു: "ഞാൻ ദൈവത്തിന്റെ ഗോതമ്പുമണിയാണ്. വന്യമൃഗങ്ങളുടെ പല്ലുകൾക്കിടയിൽപ്പെട്ട് മിശിഹായുടെ പവിത്രമായ അപ്പമായി ഞാൻ മാറണം" (റോമ. 4:1). 'മിശിഹായുടെ പവിത്രമായ അപ്പം' എന്ന സംജ്ഞയും അദ്ദേഹം വി. കുർബാനയ്ക്ക് നൽകുന്നു.

### 3. റോമിലെ വി. ക്ലെമെന്റ്

പത്രോസിന്റെ മൂന്നാമത്തെ പിൻഗാമിയെന്ന് വിശേഷിപ്പിക്കപ്പെടുന്ന ക്ലെമെന്റാണ് പുതിയ നിയമത്തിനു വെളിയിൽ വി. കുർബാനയെക്കുറിച്ച് ആദ്യം പ്രതിപാദിക്കുന്നത്. വി. കുർബാന എന്നത് പഴയ ഉടമ്പടിയിലെ എല്ലാ ബലികളെയും അതിജീവിക്കുന്ന ഏറ്റവും ഉത്തമമായ ബലിയായി ക്ലെമെന്റ് പഠിപ്പിക്കുന്നു: "യഹോവയായ ദൈവം നമ്മുടെ പാപങ്ങൾ നിമിത്തം ക്രിസ്തുവിനെ മരണത്തിന് ഏൽപ്പിച്ചു. അവന്റെ പീഡകൾ നിമിത്തം അവൻ ഒന്നും ഉരിയാടിയില്ല. ആടുകളെ അറക്കുന്നവന്റെ മുന്നിൽ മൗനിയായി അവൻ നിന്നു." ബലിയെക്കുറിച്ച് ഇപ്രകാരമുള്ള പരാമർശങ്ങൾ ക്ലെമന്റിന്റെ ലേഖനങ്ങളിൽ പലതവണ

www.malankaralibrary.com

ആവർത്തിക്കപ്പെടുന്നുണ്ട്. കുരിശിലുള്ള കർത്താവിന്റെ ബലി അദ്ദേഹത്തിന്റെ പ്രധാന ആശയങ്ങളിലൊന്നാണ്. നമ്മുടെ പാപങ്ങൾക്കുള്ള പരിഹാരമായിരുന്നു ക്രിസ്തുവിന്റെ ബലി. അതേബലി തന്നെ സഭയിലൂടെ ഇന്നും തുടരുന്നു. അതുപോലെ തന്നെ വി. കുർബാന അർപ്പിക്കാനുള്ള അവകാശം എപ്പിസ്കോപ്പോസ്- പ്രെസ്ബിറ്റർക്ക് മാത്രമായി ക്ലെമെന്റ് ചുരുക്കിയിരിക്കുന്നു. മെത്രാന്മാരുടെയും വൈദികരുടേയും പ്രധാനപ്പെട്ട ശുശ്രൂഷ കാഴ്ചയർപ്പണമാണ്. ഈ കാഴ്ചയർപ്പണത്തെ വിശുദ്ധ കുർബാനയുമായി ബന്ധപ്പെടുത്തി മനസ്സിലാക്കാം.

## 4. വി. ജസ്റ്റിൻ

വിശ്വാസ സമർത്ഥകരിൽ അഗ്രഗണ്യനായ ജസ്റ്റിൻ പാലസ്തീനായിലെ ഷെക്കേമിൽ (ഫ്ളാവിയ പോളീസ്) അക്രൈസ്തവ മാതാപിതാക്കളിൽ നിന്ന് ജനിച്ചു. സത്യം തേടിയുള്ള യാത്രയിൽ 130-ൽ എഫേസോസിൽ വച്ച് അദ്ദേഹം ക്രിസ്ത്യാനിയാകുകയും തുടർന്നുള്ള ജീവിതം ക്രിസ്തീയ വിശ്വാസം സംരക്ഷിക്കാൻ വിനിയോഗിക്കുകയും ചെയ്തു. റോമിൽ വച്ച് ജസ്റ്റിൻ രക്ഷസാക്ഷിയായി. നിരവധി ഗ്രന്ഥങ്ങളുടെ കർത്താവായ ജസ്റ്റിന്റെ 3 കൃതികളാണ് ലഭ്യമായിട്ടുള്ളത്.

- അന്റൊണീനസ് പയസിന് സമർപ്പിച്ച വിശ്വാസ സമർത്ഥനം (അപ്പോളജി 1)
- റോമൻ സെനറ്റിന് സമർപ്പിച്ച വിശ്വാസ സമർത്ഥനം (അപ്പോളജി 2)
- ട്രീഫോ എന്ന യഹൂദ പണ്ഡിതനുമായി നടത്തിയ സംവാദം (ഡയലോഗ്)

ഒന്നാം വിശ്വാസ സമർത്ഥനകൃതിയിൽ (അപ്പോളജി 1) വി. കുർബാനയെപ്പറ്റിയുള്ള 2 വിവരണങ്ങളുണ്ട്. മാമോദീസാ കഴിഞ്ഞാലുടനെയുള്ള വി. കുർബാന സ്വീകരണത്തെക്കുറിച്ചുള്ള വിവരണവും (അപ്പോളജി 1, 65:1-5) ഞായറാഴ്ചകളിലെ വി. കുർബാനാർപ്പണത്തെക്കുറിച്ചുള്ള വിവരണവും (അപ്പോളജി 1, 67:1-7) വളരെ പ്രാധാന്യമർഹിക്കുന്നതാണ്. മാമോദീസായോടനുബന്ധിച്ചുള്ള വി. കുർബാനയിലെയും ഞായറാഴ്ചകളിലെ വി. കുർബാനയിലെയും പ്രാർത്ഥനകൾ, അന്നാഫുറകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരണങ്ങൾ ഒന്നുപോലെയാണ് ജസ്റ്റിൻ നൽകിയിരിക്കുന്നത്. അപ്പവും, വീഞ്ഞും വെള്ളവും കലർത്തിയ കാസായുമെടുത്ത് പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ പിതാവിന് സ്തുതിയും മഹത്വവും അർപ്പിക്കുന്നു.

www.malankaralibrary.com


കൃതജ്ഞതാസ്തോത്രമർപ്പിക്കപ്പെട്ട (എവുക്കരിസ്തിയ) അപ്പത്തെയും വീഞ്ഞിനെയും സൂചിപ്പിക്കാൻ യൂക്കരിസ്റ്റ് (*Eucharist*) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത് (അപ്പോളജി 1, 66). ദൈവപുത്രനായ മിശിഹായുടെ പീഡാനുഭവത്തിന്റെ അനുസ്മരണമാണ് (*Anamnesis*) ഓരോ വി. കുർബാനയിലും സംഭവിക്കുന്നത്. തന്റെ ജനത്തിന് ദൈവം ചെയ്ത കാര്യങ്ങൾ അനുസ്മരിക്കുകയെന്നാൽ തന്റെ സജീവ സാന്നിദ്ധ്യം പുതുക്കുക എന്നാണർത്ഥം. ഓരോ ബലിയിലും ഈ ഒരു സത്യം സാക്ഷാത്കരിക്കപ്പെടുകയാണ് (ഡയലോഗ്, 41). 'ആത്മീയബലി' എന്നാണ് ജസ്റ്റിൻ വി. കുർബാനയെ സംബോധന ചെയ്യുന്നത് (ഡയലോഗ്, 117). കാലദേശാന്തരമനുസരിച്ച് അല്പസ്വല്പ വ്യത്യാസങ്ങളുണ്ടെങ്കിലും വി. കുർബാന അന്നും ഇന്നും എന്നും ഒന്നുതന്നെയാണെന്നും, സൂര്യോദയം മുതൽ അസ്തമയം വരെ എല്ലായിടത്തും അർപ്പിക്കപ്പെടുന്ന ശുദ്ധമായ ബലിയെക്കുറിച്ചുള്ള മലാക്കി പ്രവചനത്തിന്റെ പൂർത്തീകരണമാണെന്നും ജസ്റ്റിൻ പഠിപ്പിക്കുന്നു (ഡയലോഗ്, 41:1-3).

## 5. സാർദിസിലെ മെലിറ്റോ

ഏഷ്യാമൈനറിലെ സഭയുടെ ആദ്യകാല ചരിത്രത്തിൽ പ്രമുഖ സ്ഥാനം അലങ്കരിക്കുന്ന മെലിറ്റോ സാർദിസ് എന്ന സ്ഥലത്തെ മെത്രാനായിരുന്നു. 'ക്രിസ്തുമതം സാമ്രാജ്യത്തിന് ഒരു ഭീഷണിയല്ലെന്നും ഇത് രാജ്യത്തിന് വലിയൊരു അനുഗ്രഹമാണെന്നും' സമർത്ഥിച്ച് കൊണ്ട് 170-ൽ ഒരു വിശ്വാസ സമർത്ഥനകൃതി തയ്യാറാക്കി മാർക്കൂസ് ഔറേലിയൂസ് ചക്രവർത്തിക്ക് മെലിറ്റോ സമർപ്പിച്ചു. ദൈവശാസ്ത്രപരമായി വളരെ പ്രാധാന്യം അർഹിക്കുന്ന നിരവധി പ്രഭാഷണങ്ങൾ മെലിറ്റോ നടത്തിയിട്ടുണ്ട്. ഇതിൽ പെസഹായെക്കുറിച്ച് നടത്തിയ പ്രഭാഷണത്തിൽ പഴയനിയമ പെസഹായെ ഒരു സദൃശ്യമായി (*Type*) അവതരിപ്പിച്ചിരിക്കുന്നു. ദൈവപുത്രനായ മിശിഹായുടെ പീഡാസഹനത്തിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയുമാണ് പഴയനിയമ പെസഹാ പൂർത്തിയായത്. പഴയനിയമത്തിൽ ഒളിഞ്ഞിരിക്കുന്ന ക്രിസ്തു രഹസ്യത്തെയാണ് മെലിറ്റോ ഇതിലൂടെ വരച്ചുകാട്ടുന്നത്. പഴയനിയമ പെസഹാവതരണം മിശിഹായുടെ രക്ഷാകര പ്രവർത്തനങ്ങളെ സദൃശീകരിക്കുന്നുവെന്നും ഈശോ യഥാർത്ഥ പെസഹാ കുഞ്ഞാടാണെന്നും അവിടുത്തെ മരണത്തെ പുതിയ പെസഹാ ബലിയാണെന്നും മെലിറ്റോ പഠിപ്പിക്കുന്നു.

www.malankaralibrary.com

## 6. വി. ഐറേനിയസ്

ആദിമസഭയിലെ ദൈവശാസ്ത്രജ്ഞരിൽ പ്രധാനിയായ ഐറേനിയസ്, ലിയോൺസ് (ഫ്രാൻസ്) എന്ന സ്ഥലത്തെ മെത്രാനായിരുന്നു. ഏഷ്യാമൈനറിലെ സ്മിർണായിൽ ജനിച്ച ഐറേനിയസ് അക്കാലത്ത് അവിടുത്തെ മെത്രാനായിരുന്ന പോളിക്കാർപ്പുവഴി അപ്പസ്തോലിക കാലത്തോട് ബന്ധപ്പെട്ടിരുന്നു.

'പാഷണ്ഡതകൾക്കെതിരെ' (*Against Heresies*) എന്ന ഐറേനിയസിന്റെ മുഖ്യകൃതിയുടെ നാലാംഭാഗത്ത് വി. കുർബാനയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അപ്പവും വീഞ്ഞും സൃഷ്ടവസ്തുക്കളാകയാൽ അവയോ അവയുടെ സ്രഷ്ടാവോ തിന്മയാകുന്നില്ല എന്നും കൃതജ്ഞതാസ്തോത്രം ചെയ്ത അപ്പവും വീഞ്ഞും കർത്താവിന്റെ ശരീരരക്തങ്ങൾ ആകുന്നുവെങ്കിൽ, അവയെ സ്വീകരിക്കുന്ന നമ്മുടെ ശരീരങ്ങൾ എങ്ങനെ തിന്മയായിത്തീരുമെന്നും അദ്ദേഹം ചോദിക്കുന്നു. സൃഷ്ടവസ്തുക്കളായ അപ്പവും വീഞ്ഞും വി. കുർബാനയായി മാറുന്നതുവഴി സൃഷ്ടിമുഴുവൻ വിശുദ്ധീകരിക്കപ്പെടുകയാണ്. പുതിയ ഉടമ്പടിയുടെ അർപ്പണമായ വി. കുർബാന ആത്മാവിന്റെയും ശരീരത്തിന്റെയും ഐക്യവും കൂട്ടായ്മയും പ്രഖ്യാപിക്കുന്നു. ഭൂമിയിൽ നിന്നുള്ള അപ്പം ദൈവത്തിന്റെ കല്പന പ്രകാരം നാം സ്വീകരിക്കുമ്പോൾ സാധാരണ അപ്പമല്ല വി. കുർബാനയാണ് നാം സ്വീകരിക്കുന്നത്. അതിൽ സ്വർഗ്ഗീയവും ഭൗമികവുമായ ഘടകങ്ങൾ ഉൾക്കൊള്ളുന്നു. അതിനാൽ വി. കുർബാന സ്വീകരിച്ച നമ്മുടെ ശരീരം പിന്നീട് നശ്വരമല്ല; ഉത്ഥാനത്തിന്റെ പ്രത്യാശ ഉളവാക്കുന്നതായി തീരുന്നു (പാഷണ്ഡകൾക്കെതിരെ IV, 17.5 18.6). പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമായിട്ടാണ് അപ്പവും വീഞ്ഞും മിശിഹായുടെ തിരുശരീരവും തിരുരക്തവുമായി തീരുന്നതെന്നും ഈ ബലി മലാക്കി പ്രവാചകൻ പ്രവചിച്ച ശുദ്ധമായ ബലിക്ക് സദൃശ്യമാണെന്നും ഐറേനിയസ് പഠിപ്പിക്കുന്നു.

## 7. തെർത്തുല്യൻ

ആഫ്രിക്കയിലെ സഭയിലെ പ്രമുഖനായ ക്രൈസ്തവ സാഹിത്യകാരനാണ് തെർത്തുല്യൻ. അക്രൈസ്തവ മാതാപിതാക്കളിൽ നിന്ന് 155-ൽ കാർത്തേജിൽ ജനിച്ച തെർത്തുല്യൻ 193-ൽ ക്രിസ്ത്യാനിയായി. അദ്ദേഹത്തിന്റെ കൃതികളെ മൂന്നായി തിരിക്കാം: 1. അപ്പോളജെറ്റിക്കൽ കൃതികൾ 2. താർക്കിക കൃതികൾ 3. ശിക്ഷണക്രമം, ധാർമ്മിക ക്രമം, ആദ്ധ്യാത്മികം എന്നിവയെ സംബന്ധിച്ച കൃതികൾ.

www.malankaralibrary.com


വി. കുർബാനയെക്കുറിച്ച് പ്രത്യേകം കൃതികൾ അദ്ദേഹത്തിന്റെ തൂലികയിൽ നിന്ന് വിരചിതമായില്ലെങ്കിലും വി. കുർബാനയെക്കുറിച്ചുള്ള പരാമർശങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കണ്ടെത്താൻ കഴിയും. വി. കുർബാനയെ ഒരു വിരുന്നായി ചിത്രീകരിക്കുന്നതിനായി 'ദൈവത്തിന്റെ അത്താഴം' 'ദൈവത്തിന്റെ വിരുന്ന്', 'മിശിഹായുടെ വിരുന്ന്' തുടങ്ങിയ സംജ്ഞകൾ അദ്ദേഹം തന്റെ കൃതികളിൽ ആവർത്തിച്ചുപയോഗിക്കുന്നുണ്ട്. അതുപോലെതന്നെ, അപ്പത്തെ മിശിഹായുടെ ശരീരമായി അവതരിപ്പിച്ചിരിക്കുന്നു: "മിശിഹായാണ് നമ്മുടെ അപ്പം, അവിടുന്നാണ് ജീവനും ജീവന്റെ അപ്പവും. ഞാനാണ് ജീവന്റെ അപ്പം എന്നരുളിച്ചെയ്ത ജീവിക്കുന്ന ദൈവത്തിന്റെ വചനമായ ഈ അപ്പം സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നതാണ്. മിശിഹായോടുകൂടി നിത്യമായി ജീവിക്കുന്നതിനും അവന്റെ ശരീരത്തിൽ നിന്ന് ഒരിക്കലും വേർപെടാതിരിക്കുന്നതിനും വേണ്ടിയാണ് നാം പ്രാർത്ഥിക്കുന്നത്" (പ്രാർത്ഥന 6:2, മാർസ്യനെതിരെ 4, 40:3). ഈ മിശിഹായുടെ ശരീരമാണ് നമ്മുടെ രക്ഷയുടെ ഉപാധിയായി നിലകൊള്ളുന്നതെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. വിശ്വാസികളുടെ സമൂഹം ഒന്നിച്ചുകൂടുമ്പോൾ അർപ്പിക്കപ്പെടുന്ന കൃതജ്ഞതാസ്തോത്രബലിയായും, അപ്പത്തിന്റെയും കാസായുടെയും കൂദാശയായും വി. കുർബാനയെ അദ്ദേഹം വിളിക്കുന്നു. വി. കുർബാനയ്ക്കായി അർപ്പിക്കപ്പെടുന്ന അപ്പത്തിനും വീഞ്ഞിനും കൗദാശികമായ ഒരു പരിവേഷം നൽകുന്നതിന് പ്രത്യേകം ശ്രദ്ധിച്ച തെർത്തുല്യൻ വി. കുർബാനയുടെ ആഘോഷത്തെപ്പറ്റിയും വി. കുർബാനയിൽ നമുക്കുണ്ടായിരിക്കേണ്ട വിശ്വാസത്തെക്കുറിച്ചും പ്രത്യേകം പഠിപ്പിക്കുന്നുണ്ട്.

### 8. വി. ഹിപ്പോളിറ്റസ്

ഗ്രീക്കുഭാഷയിൽ കൃതികൾ രചിച്ച അവസാനത്തെ പാശ്ചാത്യ സഭാപിതാവാണ് റോമിലെ ഹിപ്പോളിറ്റസ്. പൗരസ്ത്യനായ അദ്ദേഹം വിശ്വാസ സംരക്ഷണാർത്ഥം റോമിലെത്തി, ഒരു പ്രബോധകൻ എന്ന നിലയിൽ തന്റെ അജപാലന ശുശ്രൂഷ നിർവ്വഹിച്ചു.

'അപ്പസ്തോലിക പാരമ്പര്യം' എന്ന അദ്ദേഹത്തിന്റെ കൃതിയിൽ ഞായറാഴ്ചയിലെ വി. കുർബാനയർപ്പണത്തെക്കുറിച്ചും കുർബാനയിലെ കൃതജ്ഞതാസ്തോത്ര പ്രാർത്ഥനയെക്കുറിച്ചും (*Eucharistic Prayer*) പ്രതിപാദിക്കുന്നുണ്ട്. ക്രിസ്തു കേന്ദ്രീകൃതമായ ഈ കൃതജ്ഞതാ സ്തോത്രപ്രാർത്ഥന സഭയിലെ അതിപ്രാചീനമായ ഒരു

www.malankaralibrary.com

കുർബാന ക്രമമാണ്. ഇന്നും ലത്തീൻ കുർബാന ക്രമത്തിൽ ഈ കൃതജ്ഞതാസ്തോത്ര പ്രാർത്ഥന ഉപയോഗിക്കുന്നുണ്ട്. വി. കുർബാനയെ 'സഭയുടെ കാഴ്ചയർപ്പണം' എന്നാണ് ഹിപ്പോളിറ്റസ് വിശേഷിപ്പിക്കുന്നത് (അപ്പസ്തോലിക പാരമ്പര്യം, 4).

## 9. അലക്സാൻഡ്രിയായിലെ ക്ലെമെന്റ്

അലക്സാൻഡ്രിയായിലെ ദൈവശാസ്ത്ര വിദ്യാലയത്തിലെ പ്രമുഖ ചിന്തകനും പ്രധാനാദ്ധ്യാപകനുമായ ക്ലെമെന്റ് ആഥൻസിൽ അക്രൈസ്തവ മാതാപിതാക്കളിൽ നിന്ന് ജനിച്ചു. തന്റെ മാനസാന്തരത്തിനുശേഷം അലക്സാൻഡ്രിയായിലെ ദൈവശസ്ത്ര വിദ്യാലയത്തിന്റെ സ്ഥാപകനായ പന്തേനൂസിന്റെ കീഴിൽ ദൈവശാസ്ത്രം പഠിച്ചു. താത്വിക ദൈവശാസ്ത്രത്തിന്റെ സ്ഥാപകൻ എന്നറിയപ്പെടുന്ന ക്ലെമെന്റിന്റെ കൃതികൾ വിശുദ്ധ ഗ്രന്ഥാധിഷ്ഠിതമാണ്.

യഹൂദരുടെയും വിജാതീയരുടെയും രക്തബലികൾ ദൈവത്തിന് സ്വീകാര്യമല്ലെന്നും ക്രൈസ്തവ ചിന്തകളുമായി യോജിച്ചുപോകാത്തതാണെന്നും കെമെന്റ് വാദിക്കുന്നു. അർത്ഥശൂന്യമായ രക്തബലികൾക്കുപകരം ദൈവത്തിന് നാം സ്വയം സമർപ്പിക്കുന്ന ആത്മീയ ബലിയാണ് പ്രധാനപ്പെട്ടതെന്നും അതാണ് ഏറ്റവും സാരവത്തായ ബലിയെന്നും അദ്ദേഹം പഠിപ്പിക്കുന്നു (സ്ട്രോമാറ്റ 7, 6, 32). യഥാർത്ഥ ബലിയെക്കുറിച്ച് പാഷണ്ഡതകൾക്കെതിരെ വാദിക്കുമ്പോൾ അദ്ദേഹം ഇപ്രകാരം പറയുന്നു: "കുർബാനയ്ക്ക് ചിലർ അപ്പവും വെള്ളവും ഉപയോഗിക്കുന്നു. അത് സഭയുടെ കാനൻ നിയമത്തിന് എതിരാണ്. സഭാ കാനൻ അനുസരിച്ച് അപ്പവും വീഞ്ഞുമാണ് ബലി വസ്തുക്കളായി ഉപയോഗിക്കേണ്ടത്. നിത്യപുരോഹിതനായ മൽക്കിസദേക്ക് അർപ്പിച്ച അപ്പവും വീഞ്ഞും ഇതിന്റെ മുൻകുറിയായിരുന്നു" (സ്ട്രോമാറ്റ 1, 9, 96; 4:25). ബലിയും ഭക്ഷണവുമായ വി. കുർബാനയുടെ വിശുദ്ധ ഗ്രന്ഥാധിഷ്ഠിത വ്യാഖ്യാനം ക്ലെമെന്റിനെ വ്യത്യസ്തനാക്കുന്നു. "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു ജീവൻ ഉണ്ടായിരിക്കുകയില്ല" (യോഹ.6:53) എന്ന വചനത്തിന് ക്ലെമെന്റ് നൽകുന്ന വ്യാഖ്യാനം ഇപ്രകാരമാണ്: 'ഈ ശരീരം പരിശുദ്ധാത്മാവിനെയും രക്തം വചനത്തെയും സൂചിപ്പിക്കുന്നു. സമൃദ്ധമായ രക്തം പോലെ വചനം ജീവനിലേക്ക് കലർത്തപ്പെടുന്നു. ഇവയുടെ രണ്ടിന്റെയും ഐക്യമാണ് ശിശുക്കളുടെ ഭക്ഷണമായ നാഥൻ അഥവാ അരൂപിയും വചനവുമായ

www.malankaralibrary.com


കർത്താവ്' (ഗുരു 1, 6, 42: 3–43: 2). വീഞ്ഞും വെള്ളവും കൂടിക്കലരുന്നതുപോലെ അരൂപി മനുഷ്യനുമായി ചേരുന്നു. അങ്ങനെ വി. കുർബാന സ്വീകരണം ആത്മ ശരീരങ്ങളെ വിശുദ്ധീകരിക്കുന്നതായിത്തീരുന്നു. ക്രിസ്തുവിന്റെ ഭൗമിക രക്തം വഴി നാം രക്ഷിക്കപ്പെടുന്നു; ആത്മീയ രക്തം വഴി നാം അഭിഷിക്തരാകുന്നു. കർത്താവിന്റെ രക്തം പാനം ചെയ്യുക എന്നതിന്റെ അർത്ഥം കർത്താവിന്റെ അമർത്യതയിൽ പങ്കുകാരാകുക എന്നതാണ് (ഗുരു 2, 2, 19: 4–20: 1).

## 10. ഒരിജൻ

വി. ബൈബിളിലും ശാസ്ത്ര വിഷയങ്ങളിലും അവഗാഹം നേടിയിട്ടുള്ള ഒരിജൻ ക്രൈസ്തവ മാതാപിതാക്കളിൽ നിന്ന് 185–ൽ അലക്സാൻഡ്രിയായിൽ ജനിച്ചു. ഒരിജൻ അലക്സാൻഡ്രിയായിലെ വിദ്യാപീഠത്തിന്റെ പ്രധാനാദ്ധ്യാപകനായിരുന്ന കാലത്താണ് ഈ ദൈവ ശാസ്ത്രകലാലയം പ്രശസ്തിയുടെ പാരമ്യത്തിലെത്തിയത്. ഏകദേശം 6000–ത്തോളം കൃതികളുടെ ഉടമയായ ഒരിജൻ വി. കുർബാനയെപ്പറ്റി പ്രത്യേക കൃതികൾ രചിച്ചിട്ടില്ല. എങ്കിലും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ വി. കുർബാനയെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാൻ കഴിയും.

യേശുക്രിസ്തുവിന്റെ ശരീരത്തെ ദൈവവചനമായിട്ടാണ് ഒരിജൻ ബന്ധപ്പെടുത്തുന്നത്. അതിനാൽ തന്നെ വി. കുർബാനയായ അപ്പത്തോട് അഥവാ ശരീരത്തോട് കാണിക്കുന്ന അതേ ആദരവും ഭക്തിയും ദൈവവചനത്തിനും നാം നൽകണം. അവിടുത്തെ വചനം ഓരോ പ്രാവശ്യം സ്വീകരിക്കുമ്പോഴും നാം ക്രിസ്തുവിന്റെ രക്തം പാനം ചെയ്യുകയാണ്. കാരണം കർത്താവ് അരുളിച്ചെയ്തിട്ടുണ്ട്: "നിങ്ങളോടു ഞാൻ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ്" (യോഹ. 6:63). അതുപോലെ വചനമായ ദൈവം തന്നെയാണ് അഥവാ ആത്മാവിന്റെ ഭക്ഷണമായ വചനം തന്നെയാണ് പിതാവിൽ നിന്നും പുറപ്പെടുന്നതെന്നും സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ അപ്പമെന്നും ഒരിജൻ പഠിപ്പിക്കുന്നു (*Origens- Commentaries on the Gospel of John*). കൃതജ്ഞതാസ്തോത്രത്തോടുകൂടി നാം വി. കുർബാനയിൽ പങ്കെടുക്കുമ്പോൾ അവന്റെ പെസഹാ ആഘോഷത്തിലാണ് നാം പങ്കാളികളാകുന്നത്. അതിലൂടെ പുതിയ ഉടമ്പടിയുടേതായ പാനപാത്രവും അനുഗ്രഹത്തിന്റെ അപ്പവും ദാനമായി നാം സ്വീകരിക്കുന്നു. കർത്താവിന്റെ ശരീരത്തെ ഭക്തിയോടും ശ്രദ്ധയോടുംകൂടി സമീപിക്കണമെന്നും അവയിൽ ചെറിയൊരുഭാഗം നിലത്തുവീഴാൻ കാരണമായാൽ നാം കുറ്റക്കാരാകുമെന്നും ഒരിജൻ അനുശാസിക്കുന്നു (*Homilies 13:3*).

www.malankaralibrary.com

## 11. സിപ്രിയാൻ

കാർത്തേജിലെ കുലീനമായ വിജാതീയ കുടുംബത്തിൽ ജനിച്ച സിപ്രിയാൻ 246-ൽ ക്രൈസ്തവ വിശ്വാസം സ്വീകരിക്കുകയും പിന്നീട് കാർത്തേജിലെ മെത്രാനായിത്തീരുകയും ചെയ്തു. സാഹിത്യത്തിൽ ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ള അദ്ദേഹത്തിന്റെ കൃതികൾ പ്രായോഗിക ചിന്തകളിൽ അധിഷ്ഠിതമായിരുന്നു.

വി. കുർബാനയിലുള്ള വിശ്വാസത്തെക്കുറിച്ചും അതിന്റെ ആഘോഷത്തെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാടുകൾ നൽകുന്ന അദ്ദേഹത്തിന്റെ ലേഖനം (ലേഖനം, 63) ശ്രദ്ധേയമാണ്. കർത്താവിന്റെ കുരിശിലെ ബലിയുടെ തനിയാവർത്തനമാണ് വൈദികൻ അർപ്പിക്കുന്ന കൗദാശിക ബലിയായ വി. കുർബാന. സഭയുടെ ഐക്യത്തിന്റെ പ്രകാശനമെന്നാണ് വി. കുർബാനയെ അദ്ദേഹം സംബോധന ചെയ്യുന്നത്. "പല ധാന്യമണികൾ ഒന്നിച്ചുകൂടുമ്പോഴുണ്ടാകുന്ന അപ്പമെടുത്ത് കർത്താവ് തന്റെ ശരീരമെന്ന് വിളിക്കുമ്പോൾ, അപ്പം പ്രതീകവത്കരിക്കുന്നത് സഭാംഗങ്ങളുടെ ഐക്യമാണ്. അതുപോലെതന്നെ മുന്തിരിപ്പഴങ്ങളിൽ നിന്നും പിഴിഞ്ഞെടുക്കുന്ന വീഞ്ഞും അജഗണത്തിന്റെ ഐക്യത്തെ സൂചിപ്പിക്കുന്നു." ഇവിടെ അപ്പത്തെയും വീഞ്ഞിനെയും ഐക്യത്തിന്റെ പ്രതീകങ്ങളായിട്ടാണ് സിപ്രിയാൻ അവതരിപ്പിക്കുന്നത്. വി. കുർബാന അർപ്പിക്കുമ്പോൾ കാസായിലെ വീഞ്ഞിലേക്ക് വെള്ളം ചേർക്കുന്നത് ആരാധനാ സമൂഹം കർത്താവിനോട് ഐക്യപ്പെടുന്നു എന്ന് സൂചിപ്പിക്കാനാണ്. ഇവിടെ വീഞ്ഞ് കർത്താവിന്റെയും വെള്ളം ആരാധനാ സമൂഹത്തിന്റെയും പ്രതീകങ്ങളായി സൂചിപ്പിച്ചിരിക്കുന്നു. വി. കുർബാന ബലിയാണെന്നും ഈ ബലിയിൽ പങ്കാളികളാകുന്നവർക്കുണ്ടായിരിക്കേണ്ട ഒരുക്കത്തെപ്പറ്റിയും യോഗ്യതയില്ലാതെ ഈ അപ്പം ഭക്ഷിക്കുന്നവർക്കുണ്ടാകാവുന്ന ശിക്ഷാവിധിയെക്കുറിച്ചും അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്. ആദ്ധ്യാത്മികമായ സ്വർഗ്ഗീയ രഹസ്യത്തിന് സാക്ഷികളായിത്തീരുമ്പോൾ ഹൃദയത്തിൽ സൂക്ഷിക്കേണ്ട ഐക്യത്തെക്കുറിച്ചും അനുരഞ്ജനത്തെക്കുറിച്ചും സഭാ സമ്മേളനത്തിൽ പാലിക്കേണ്ട സംയമനത്തെക്കുറിച്ചും സിപ്രിയാൻ വിവരിക്കുന്നുണ്ട് (ലേഖനം 63, 9:2-3, 10:2, 13:1, 14:4). കർത്തൃപ്രാർത്ഥനയ്ക്ക് സിപ്രിയാൻ എഴുതിയ വ്യാഖ്യാനം വളരെ പ്രാധാന്യമർഹിക്കുന്ന കൃതിയാണ്. അതിൽ "ഞങ്ങൾക്ക് ആവശ്യമായ അപ്പം ഇന്ന് ഞങ്ങൾക്ക് തരണമേ" എന്ന അപേക്ഷയെ മുൻനിർത്തി മിശിഹാ ജീവന്റെ അപ്പ

www.malankaralibrary.com


മാണെന്നും, അവിടുത്തെ ശരീരമായ സഭയുമായി ഐക്യപ്പെട്ടിരിക്കുന്നവരുടെ അപ്പമാണെന്നും സിപ്രിയാൻ പഠിപ്പിക്കുന്നു.

### 12. ജറുസലേമിലെ സിറിൽ

ജറുസലേമിലെ മെത്രാനായിരുന്ന സിറിൽ 314-ൽ ജറുസലേമിൽ ജനിച്ചു. 381-ലെ കോൺസ്റ്റാന്റിനോപ്പിൾ സുന്നഹദോസിൽ പങ്കെടുത്ത സിറിലിന്റെ മതാദ്ധ്യാപന പ്രസംഗങ്ങളാണ് അദ്ദേഹത്തെ പ്രശസ്തനാക്കിയത്. ഇവയിൽ ഇരുപത്തിനാലും ഇരുപത്തിയഞ്ചും പ്രസംഗങ്ങളിൽ വി. കുർബാനയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

വി. കുർബാന ഒരു രഹസ്യമാണെന്നും അപ്പത്തിലും വീഞ്ഞിലും മിശിഹാ സന്നിഹിതനാണെന്നും കുരിശിലെ ബലിയുടെ പുനരാവിഷ്കാരമാണ് ഓരോ വി. കുർബാനയെന്നും (*Mystagogical Catechesis, 5:8 -10*) സിറിൽ പഠിപ്പിക്കുന്നുണ്ട്. ഓരോ വി. കുർബാനയിലും അപ്പവും വീഞ്ഞും യഥാർത്ഥമായി മിശിഹായുടെ ശരീരവും രക്തവുമായി മാറ്റപ്പെടുന്നു. ഈ ഒരു രൂപാന്തരീകരണം സംഭവിക്കുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തന ഫലമായിട്ടാണ് (*MC 5:7*). റൂഹാക്ഷണ പ്രാർത്ഥനയെക്കുറിച്ച് പരാമർശിക്കുന്ന ആദ്യത്തെ രേഖയാണിത്. വി. ബലിയുടെ വിവിധ ഭാഗങ്ങളുടെ അർത്ഥം വിശദീകരിച്ച് നൽകുന്ന പ്രസംഗത്തിൽ (*MC 24*) വി. കുർബാന ഒരു ബലിയാണെന്ന സത്യം അദ്ദേഹം സ്പഷ്ടമായി പഠിപ്പിക്കുന്നു. കൂടാതെ, വി. കുർബാനയെ ഭീതിജനകവും ഭക്തിജനകവുമായ രഹസ്യമെന്നും (*MC 1:5; 5:4; 5:9*) ആത്മീയബലിയെന്നും മദ്ധ്യസ്ഥയാഗമെന്നും സിറിൽ വിശേഷിപ്പിക്കുന്നു.

### 13. നീസ്സായിലെ വി. ഗ്രിഗോറിയോസ്

നീസ്സായിലെ മെത്രാനായ വി. ഗ്രിഗോറിയോസ് ബസേലിയോസിന്റെ ഇളയ സഹോദരനാണ്. കപ്പദോച്ചിയൻ പിതാക്കന്മാരുടെ ഗണത്തിൽപ്പെട്ട ഗ്രിഗോറിയോസിന്റെ പ്രബോധന കൃതികളിലെ വേദോപദേശത്തിൽ വി. കുർബാനയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

വി. കുർബാന സ്വീകരിക്കുമ്പോൾ ഒരു വിശ്വാസിയിലുണ്ടാകുന്ന മാറ്റത്തെക്കുറിച്ച് ഗ്രിഗോറിയോസ് ഇപ്രകാരം പറയുന്നു: "ദൈവം അമർത്യമാക്കിയ ശരീരം നമ്മുടെ ശരീരത്തിൽ പ്രവേശിക്കുമ്പോൾ, അതിനെ പൂർണ്ണമായി രൂപാന്തരപ്പെടുത്തുന്നു; തന്നെപ്പോലെ തന്നെയാക്കിത്തീർക്കുന്നു; തന്റെ തന്നെ അമർത്യതയിലേക്ക് രൂപാന്തരപ്പെ

www.malankaralibrary.com

ടുത്തുന്നു. ദൈവം വസിക്കുന്ന ശരീരത്തിനു മാത്രമേ ഈ ജീവദായകമായ ശക്തി ലഭ്യമാകുകയുള്ളു" (വേദോപദേശം, 37). വചനമായ ദൈവം മാംസം ധരിച്ചതിനാലാണ് നാം രക്ഷപ്രാപിച്ചത്. യേശുക്രിസ്തുവിന്റെ രക്ഷാകര സംഭവങ്ങളെ വി. കുർബാനയിൽ നാം അനുസ്മരിക്കുമ്പോൾ അവിടുത്തെ കൃപയ്ക്കു നാം അർഹരാകുന്നു (*The Great Catechism*).

### 14. മൊപ്സുവെസ്തിയായിലെ തിയഡോർ

ദൈവശാസ്ത്രത്തിൽ അഗാധപാണ്ഡിത്യമുള്ള തിയഡോർ അന്ത്യോക്യായിൽ ജനിച്ചു. 392-ൽ മെത്രാനായി നിയോഗിതനായ തിയഡോർ വേദപുസ്തക ഭാഷ്യങ്ങൾക്കു പുറമേ നിരവധി കൃതികൾക്ക് ജന്മം നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ മതാധ്യാപനപ്രസംഗങ്ങളിൽ വി. കുർബാനയെ സംബന്ധിച്ച പ്രബോധനങ്ങൾ നൽകുന്നുണ്ട്.

പുതിയ നിയമത്തിലെ വൈദികർ ബലിയർപ്പണം എന്ന തങ്ങളുടെ ദൗത്യം നിറവേറ്റുമ്പോൾ ക്രിസ്തു നൽകിയ പുതിയ ഉടമ്പടി നിലനിർത്തിക്കൊണ്ടുപോകുകയാണ്. ഈ ബലി സ്വർഗ്ഗീയ ബലിയ്ക്ക് സദൃശ്യമാണ് (മതാധ്യാപന പ്രസംഗങ്ങൾ 15). വി. കുർബാനയിലൂടെ ഒരുവൻ പെസഹാ രഹസ്യങ്ങളിൽ പങ്കാളിയാകുന്നു. പെസഹാ എന്നത് ബലിയും കാഴ്ചയർപ്പണവുമാണ്. ഈ സത്യമാണ് പൗലോസും പ്രഘോഷിച്ചത്: "നമ്മുടെ പെസഹാ കുഞ്ഞാടായ ക്രിസ്തു ബലിയർപ്പിക്കപ്പെട്ടിരിക്കുന്നു" (1 കോറി. 5:7). "ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽ നിന്ന് പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം, അവന്റെ പ്രത്യാഗമനംവരെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്" (1 കോറി. 11:26). ആയതിനാൽ ഈശോയുടെ മരണോത്ഥാന രഹസ്യങ്ങളുടെ പുനരാവിഷ്കരണമാണ് വി. കുർബാന (മതാധ്യാപന പ്രസംഗങ്ങൾ 15). മാമോദീസായിലൂടെ ആരംഭിച്ച അമർത്യതയുടെ ജീവിതം ആത്മീയഭക്ഷണമായ വി. കുർബാനയിലൂടെ പരിപോഷിപ്പിക്കപ്പെടുന്നതിനാൽ വി. കുർബാനയെ 'അമർത്യതയുടെ അപ്പം' എന്ന് തിയഡോർ വിശേഷിപ്പിക്കുന്നു. വി. കുർബാനയിൽ സമർപ്പിക്കപ്പെടുന്ന അപ്പവും വീഞ്ഞും യേശുക്രിസ്തുവിന്റെ അമർത്യ ശരീരത്തിന്റെ പ്രതീകങ്ങളാണ്. ഇവ പരിശുദ്ധാത്മാവിന്റെ ആവസത്താൽ ഉത്ഥിതനായ മിശിഹായുടെ പ്രതീകങ്ങളായി മാറുന്നു (പ്രസംഗം 3, അദ്ധ്യായം 5). ഉത്ഥിതനായ മിശിഹായുടെ അതേ അമർത്യ ശരീരമാണ് വി. കുർബാനയിൽ നാം ഭക്ഷിക്കുകയും പാനം ചെയ്യു

www.malankaralibrary.com


കയും ചെയ്യുന്നത്. മാമോദീസ സ്വീകരിച്ചവർ വിശ്വാസപൂർവ്വം ഈ അപ്പം ഭക്ഷിക്കുമ്പോൾ അവരിലേക്ക് കൃപാവരം നിർഗ്ഗളിക്കപ്പെടും (പ്രസംഗം 16). സ്നേഹമുള്ള അമ്മയെപ്പോലെ അവിടുന്ന് തന്റെ ശരീരം നൽകി നമ്മെ തൃപ്തിപ്പെടുത്തുകയും അനശ്വരവും അമർത്യവുമായ ഒരസ്തിത്വത്തിലേക്ക് നമ്മെ വളർത്തുകയും ചെയ്യുന്ന അവിടുത്തെ സ്നേഹത്തിന്റെ അടയാളമാണ് വി. കുർബാന. വി. കുർബാനയെ ഏശയ്യാ പ്രവാചകനെ വിശുദ്ധീകരിച്ച തീക്കനലിന്റെ പ്രതീകമായും അദ്ദേഹം അവതരിപ്പിക്കുന്നു.

## 15. വി. ജോൺ ക്രിസോസ്തോം

കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാനായിരുന്ന ജോൺ അന്ത്യോക്യാ പട്ടണത്തിലെ ഒരു കുലീന ക്രൈസ്തവ കുടുംബത്തിൽ ജനിച്ചു. വി. ജോൺ നിരവധി ബൈബിൾ ഭാഷ്യങ്ങളുടെ, പ്രഭാഷണ കൃതികളുടെ ഉടമയാണ്. അദ്ദേഹത്തിന്റെ സമുന്നതമായ പ്രഭാഷണ ശൈലിയെ അടിസ്ഥാനമാക്കി അഞ്ചാം നൂറ്റാണ്ടിന്റെ അവസാനം മുതൽ 'സ്വർണ്ണ നാവുകാരൻ' എന്നർത്ഥമുള്ള 'ക്രിസോസ്തോം' എന്ന ഗ്രീക്കു നാമം സഭ അദ്ദേഹത്തിന്റെ പേരിനോട് കൂട്ടിച്ചേർത്തു. അന്ത്യോക്യൻ ദൈവശാസ്ത്രജ്ഞന്മാരുടെ പഠിപ്പിക്കലുകളെ മുൻനിർത്തി വി. കുർബാനയുടെ ദൈവശാസ്ത്രം വികസിപ്പിച്ചെടുത്തതിനാൽ വി. കുർബാനയുടെ ദൈവശാസ്ത്രജ്ഞൻ എന്ന പേരിലാണ് ജോൺ ക്രിസോസ്തോം അറിയപ്പെടുന്നത്.

വി. കുർബാന എന്ന ശ്രേഷ്ഠവും അത്ഭുതകരവുമായ ബലി ആത്മാവിന് ഉത്തേജനം നൽകുന്നതാണ്. നിർമ്മലതയോടുകൂടി ഈ ബലിയെ സമീപിക്കുന്നവർ രക്ഷ പ്രാപിക്കും (*Homily on the Gospel of John, 46*). വി. കുർബാനയുടെ ശ്രേഷ്ഠത ചൂണ്ടിക്കാട്ടാൻവേണ്ടി അദ്ദേഹം മന്നയെയും, സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ അപ്പത്തെയും തമ്മിൽ താരതമ്യം ചെയ്യുന്നുണ്ട്: "നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ വച്ചു മന്ന ഭക്ഷിച്ചു; എങ്കിലും മരിച്ചു. ഇതാകട്ടെ, മനുഷ്യൻ ഭക്ഷിക്കുന്നതിനുവേണ്ടി സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ അപ്പമാണ്. ഇത് ഭക്ഷിക്കുന്നവൻ മരിക്കുകയില്ല. സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ഈ അപ്പത്തിൽ നിന്ന് ഭക്ഷിക്കുന്നവർ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ്" (യോഹ. 6:49-51). ദൈവം തന്റെ സ്നേഹം വെളിപ്പെടുത്തുന്നതിന് ദാനമായി നൽകിയ വിസ്മയനീയ രഹസ്യമാണ് വി.

www.malankaralibrary.com

കുർബാന. വി. കുർബാനയെ രഹസ്യത്തോടുപമിച്ച അദ്ദേഹം വി. കുർബാനയ്ക്ക് നൽകുന്ന മറ്റ് സംജ്ഞകൾ അനുഗ്രഹത്തിന്റെ കാസ, (*Homilies on the 1 letter of Paul to Corinthians*) ഭീതികരവും പാവന വുമായ ബലി, ഭയജന്യവും ഭയങ്കരവുമായ ബലി ദൈവശാസ്ത്രപര മായി വളരെ പ്രാധാന്യമർഹിക്കുന്നതാണ്. വി. കുർബാനയെ ഭയ ത്തോടും ഭീതിയോടും കൂടിവേണം സമീപിക്കാൻ എന്ന ആശയം ആദ്യമായി മുന്നോട്ടുവച്ചത് വി. ജോൺ ക്രിസോസ്തോം ആണ്. വി. കുർബാനയിലെ സ്ഥാപനവചനത്തെക്കുറിച്ച് അദ്ദേഹം ഇപ്രകാരം എഴു തിയിരിക്കുന്നു: "ഇതെന്റെ ശരീരമാകുന്നുവെന്ന് ഒരിക്കൽ ഉച്ചരിച്ചത് അന്നുമുതൽ മിശിഹായുടെ രണ്ടാമത്തെ ആഗമനംവരെ ബലി പൂർത്തി യാക്കിക്കൊണ്ട് ദൈവാലയങ്ങളിലെ ബലിപീഠങ്ങളിലും പ്രവർത്തി ക്കുന്നു" (പെസഹാ ഭക്ഷണം). മിശിഹായുടെ ശരീരം ബലിപീഠത്തിൽ കാണുമ്പോൾ നമ്മൾ നമ്മോടുതന്നെ ഇപ്രകാരം പറയണം: "ഈ ശരീരം കാരണം ഞാനിനിമേൽ മണ്ണും ചാരവുമല്ല; ബന്ധിതനുമല്ല; പിന്നെയോ സ്വാതന്ത്ര്യനായിരിക്കുന്നു. ഈ ശരീരം നിമിത്തം ഞാൻ സ്വർഗ്ഗരാജ്യം പ്രതീക്ഷിക്കും; സ്വർഗ്ഗസൗഭാഗ്യങ്ങൾ സ്വീകരിക്കാൻ നോക്കിപ്പാർക്കുന്നു" (*Homilies on the Gospel of John, 47*). ഓർമ്മ യാചരണം (*Anamnesis*) എന്ന് വി. കുർബാനയെ വിശേഷിപ്പിച്ചതുവഴി, യേശു സാന്നിദ്ധ്യത്തെ പ്രതീകങ്ങൾ കൊണ്ട് വേഗത്തിൽ വിശ്വാസി കൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കുമെന്ന് അദ്ദേഹം വിശ്വ സിക്കുന്നു (ഹെബ്രായർക്കുള്ള കത്ത് 17:3).

### 16. അലക്സാൻഡ്രിയായിലെ സിറിൾ

അലക്സാൻഡ്രിയായിലെ മെത്രാനായിരുന്ന സിറിൾ 378-ൽ ഈജി പ്റ്റിൽ ജനിച്ചു. അലക്സാൻഡ്രിയൻ വിദ്യാകേന്ദ്രത്തിന്റെ ക്രിസ്തുവി ജ്ഞാനീയത്തിന് (*Christology*) അന്തിമരൂപം നൽകിയത് സിറിൾ ആണ്.

ദൈവം മനുഷ്യനായി അവതരിച്ചതിന്റെ ലക്ഷ്യം പൂർത്തീകരിക്ക പ്പെടുന്നത് വി. കുർബാനയിലൂടെയാണ്. വി. കുർബാനയിലൂടെ ഒരു വൻ മിശിഹായുടെ ജീവിതത്തിലും ത്രിത്വരഹസ്യം മുഴുവനിലും പങ്കു ചേരുന്നു. ദൈവത്തിന്റെ വചനം ശരീരമെടുത്തതാണ് വി. കുർബാന യെന്നും ജീവൻ തന്നെയായ വചനത്തോടു യോജിച്ചിരിക്കുന്നതിനാ ലാണ് വി. കുർബാന ഫലദായകമായിത്തീരുന്നതെന്നും വി. കുർബാ നയിലൂടെ നമ്മൾ ദൈവീകരിക്കപ്പെടുന്നുവെന്നും സിറിൾ പഠിപ്പിക്കു ന്നു. ദൈവവചനം മാംസമായി മാറുമ്പോൾ, അപ്പവും വീഞ്ഞും

www.malankaralibrary.com


ക്രിസ്തുവിന്റെ തിരുശരീരരക്തമായി രൂപാന്തരപ്പെടുമ്പോൾ, ആദ്ധ്യാത്മികമായിട്ടുള്ള ഒരു യോജിപ്പാണ് സംഭവിക്കുന്നത്. പരിശുദ്ധാത്മാവാണ് ഈ ആദ്ധ്യാത്മിക യോജിപ്പിന് സഹായിയായിരിക്കുന്നത്. വചനം മൂലം അപ്പത്തിലും വീഞ്ഞിലും സംഭവിക്കുന്ന രൂപമാറ്റം വി. കുർബാനയിൽ പങ്കെടുക്കുന്ന സമൂഹത്തിലും സംഭവിക്കുന്നു (രഹസ്യത്തെപ്പറ്റിയുള്ള പ്രബോധനം 4:30).

**17. വി. അംബ്രോസ്**

ഗാൾ പ്രവിശ്യയുടെ ആസ്ഥാനമായിരുന്ന ട്രിയ എന്ന പട്ടണത്തിൽ ഒരു കുലീന റോമൻ കുടുംബത്തിലെ ക്രൈസ്തവ മാതാപിതാക്കളിൽ നിന്നാണ് അംബ്രോസ് ജനിച്ചത്. മിലാനിലെ മെത്രാനായ അംബ്രോസിന്റെ 'കൂദാശകൾ', 'ദിവ്യരഹസ്യങ്ങൾ' തുടങ്ങിയ കൃതികളിൽ വി. കുർബാനയെപ്പറ്റിയുള്ള ദൈവശാസ്ത്ര ചിന്തകൾ നൽകിയിട്ടുണ്ട്.

വി. കുർബാനയിൽ പുരോഹിതൻ ഉച്ചരിക്കുന്ന കൂദാശാവചനങ്ങളാണ് കാഴ്ചവസ്തുക്കളെ യേശുവിന്റെ തിരുശരീരരക്തങ്ങളാക്കി മാറ്റുന്നതെന്ന് അംബ്രോസ് പഠിപ്പിക്കുന്നു. കർത്താവിന്റെ വാക്കുകളാണ് കൂദാശയെ വിശുദ്ധമാക്കുന്നത്. കൂദാശ ചെയ്യലിനുശേഷം അത് യേശുവിന്റെ ശരീരരക്തങ്ങളായി 'രൂപാന്തരീകരിക്കപ്പെടുന്നു' (*Transfiguration*) (ദിവ്യരഹസ്യങ്ങൾ, അദ്ധ്യായം-8, കൂദാശകൾ, അദ്ധ്യായം 1:16, 5:23). വചനം വഴിയായി സൃഷ്ടിക്കുന്ന ദൈവത്തിന്റെ വാക്കുകളാണ് അപ്പത്തിലും വീഞ്ഞിലും മാറ്റങ്ങൾ ഉണ്ടാക്കുന്നത്. വിശ്വാസികളുടെ സമൂഹവുമായി ഐക്യത്തിൽ കഴിയുന്ന ഒരാൾക്ക് മാത്രമേ അത് ഗ്രഹിക്കാൻ കഴിയുകയുള്ളൂ. ഇപ്രകാരം മറ്റുള്ളവരിൽ സംശയത്തിന് ഇടയില്ലാത്തവിധം വി. കുർബാനയിൽ യേശു സാന്നിദ്ധ്യമുണ്ടെന്ന് അംബ്രോസ് പഠിപ്പിച്ചു. വി. കുർബാനയുടെ മഹനീയത ചൂണ്ടിക്കാണിക്കാൻ വേണ്ടി ജീവന്റെ അപ്പത്തെയും മന്നായെയും അംബ്രോസ് താരതമ്യം ചെയ്യുന്നുണ്ട്: "മന്നാ സ്വർഗ്ഗത്തിൽ നിന്നുമായിരുന്നു, എന്നാൽ ഇത് സ്വർഗ്ഗത്തിനും അതീതമാണ്. മന്നാ സ്വർഗ്ഗത്തിന്റേതായിരുന്നു; ഇത് സ്വർഗ്ഗത്തിന്റെ അധിപന്റേതാണ്. മന്നാ നശ്വരമാണ്; ഒരു ദിവസത്തേക്ക് സൂക്ഷിച്ചുവയ്ക്കാവുന്നത്; എന്നാൽ ജീവന്റെ അപ്പം അനശ്വരമാണ്. കാരണം പരിശുദ്ധമായ രീതിയിൽ രുചിക്കുന്നവർക്ക് യാതൊരു ജീർണ്ണതയും അനുഭവപ്പെടുകയില്ല; ഇത് സ്വർഗ്ഗത്തിൽ നിന്നുമിറങ്ങിയ മന്നയേക്കാളും ഉൽകൃഷ്ടമാണ്" (ദിവ്യരഹസ്യങ്ങൾ,

www.malankaralibrary.com

അദ്ധ്യായം 8) (കൂദാശകൾ IV, അദ്ധ്യായം 6:26) നീതിയുടെ രാജാവായ മൽക്കിസദെക്ക് അർപ്പിച്ച ബലി വി. കുർബാന എന്ന മഹത്തായ കൂദാശയുടെ മുന്നാസ്വാദനമായി അംബ്രോസ് ചിത്രീകരിക്കുന്നു (കൂദാശകൾ V, അദ്ധ്യായം 1:1).

**18. വി. ജെറോം**

പാശ്ചാത്യ പിതാക്കന്മാരിൽ പ്രമുഖനായ ജെറോം പന്നോയിയായിലെ (*Pannoia*) സ്ട്രീദോൻ (*Croatia*) എന്ന സ്ഥലത്താണ് ജനിച്ചത്. വിശുദ്ധ ബൈബിളിനെ ലത്തീൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തതോടുകൂടിയാണ് ഈ വൈദികൻ ചരിത്ര പ്രസിദ്ധിയാർജിച്ചത്.

വി. കുർബാന ഈ ജീവിതത്തിലെ ഒരേ ഒരു നന്മയാണ്. യഥാർത്ഥ അപ്പവും സ്വർഗ്ഗത്തിൽ നിന്നുള്ള അപ്പവും, വിശപ്പകറ്റുന്ന അപ്പവും നല്കുന്നത് മോശയല്ല. യേശു ക്രിസ്തുവാണ്. വിരുന്നിനുക്ഷണിക്കപ്പെട്ട അതിഥിയും, ജീവിതത്തിന് പോഷണം നല്കുന്ന വിരുന്നും ഒരേ സമയം ക്രിസ്തു തന്നെയാണ്. ചരിത്രപരമായ ക്രിസ്തു, പുൽതൊട്ടിയിൽ കിടക്കുന്ന ഉണ്ണീശോ, കുരിശിൽ ബലിയായി പീഢയനുഭവിക്കുന്ന ക്രിസ്തു, എല്ലാം ഒരേ ക്രിസ്തുതന്നെയാണ്. അവന്റെ ശരീരം മുറിക്കപ്പെടുകയും രക്തം ചിന്തപ്പെടുകയും അത് ജനത്തിന്റെമേൽ തളിക്കുകയും ചെയ്തു. ഇടതടവില്ലാതെ ഈ വി. കുർബാന സ്വീകരിക്കുന്നതുവഴി നമ്മുക്ക് ദൈവത്തെ പ്രസാദിപ്പിക്കാം എന്ന് ജെറോം ഓർമ്മപ്പെടുത്തുന്നു.

**19. വി. അഗസ്റ്റിൻ**

ഉത്തര ആഫ്രിക്കയിലെ തഗാസ്തെ (അൾജീരിയ) എന്ന പട്ടണത്തിൽ പട്രീഷ്യസ്, മോനിക്കാ ദമ്പതികളുടെ മകനായി 354-ൽ അഗസ്റ്റിൻ ജനിച്ചു. തന്റെ യൗവ്വനകാലത്ത് മാനിക്കേയൻ അബദ്ധസിദ്ധാന്തത്തിന്റെ സ്വാധീനത്തിൽ ജീവിതം നയിച്ചിരുന്ന അഗസ്റ്റിൻ മിലാനിലെ മെത്രാനായിരുന്ന അംബ്രോസിന്റെ പ്രസംഗങ്ങളിൽ ആകൃഷ്ടനാകുകയും ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്തു. തുടർന്ന് വൈദികനും ഹിപ്പോയിലെ മെത്രാനുമായിത്തീർന്ന അഗസ്റ്റിൻ തന്റെ പ്രസംഗചാതുര്യം കൊണ്ടും രചനാവൈദഗ്ധ്യം കൊണ്ടും പുരാതന സഭയിലെ പ്രതിഭാശാലിയായിത്തീർന്നു.

വി. യോഹന്നാന്റെ സുവിശേഷത്തെക്കുറിച്ചുള്ള തന്റെ പ്രസംഗത്തിൽ അഗസ്റ്റിൻ വി. കുർബാനയ്ക്ക് 'ഭക്തിയുടെ കൂദാശ,' 'ഐക്യ

www.malankaralibrary.com


ത്തിന്റെ അടയാളം,' സ്നേഹത്തിന്റെ അപ്പം' തുടങ്ങിയ വിശേഷണ ങ്ങൾ നൽകുന്നുണ്ട്. 'വി. കുർബാന ഒരു വലിയ രഹസ്യമാണെന്നും ബാഹ്യനേത്രങ്ങൾ കൊണ്ട് അപ്പവും വീഞ്ഞും നാം കാണുന്നുവെ ങ്കിലും വിശ്വാസത്തിന്റെ കണ്ണുകൾ ഈ അപ്പത്തെയും വീഞ്ഞിനെയും മിശിഹായുടെ ശരീരമായും രക്തമായും വിവേചിച്ചറിയുന്നു. ഈ അവ ബോധമാണ് വിശ്വാസത്തിന്റെ കാതൽ (പ്രഭാഷണം, 272). അതുകൊ ണ്ടാണ് പൗലോസ് ശ്ലീഹാ ഇപ്രകാരം ഓർമ്മപ്പെടുത്തിയത്: "നിങ്ങൾ മിശിഹായുടെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളു മാണ്" (1 കോറി. 12:27). നിങ്ങൾ മിശിഹായുടെ ശരീരവും അതിലെ അവയവങ്ങളുമാണെങ്കിൽ നിങ്ങളാകുന്ന രഹസ്യത്തെയാണ് നിങ്ങൾ സ്വീകരിക്കുന്നതും പ്രഘോഷിക്കുന്നതും. വീണ്ടും പൗലോസ് ശ്ലീഹായെ ഉദ്ധരിച്ചുകൊണ്ട് അഗസ്റ്റിൻ പറയുന്നു: "അപ്പം ഒന്നേയു ള്ളു. അതിനാൽ പലരായിരിക്കുന്ന നാം ഒരു ശരീരമാണ്" (1 കോറി. 10:7). "അതായത് പല ധാന്യമണികൾ ചേരുമ്പോഴാണ് ഒരു അപ്പം രൂപപ്പെടുന്നത്. ഇവിടെ ധാന്യമണികൾ പൊടിയുന്നതിനു സമമായി രിക്കുന്നു നമ്മുടെ വിശുദ്ധീകരണം. മാമോദീസായിലൂടെ നനയ്ക്ക പ്പെട്ട നമ്മൾ അഗ്നിയായ പരിശുദ്ധാത്മാവിന്റെ സ്വീകരണം വഴി രൂപാ ന്തരപ്പെടുകയാണ്. വീഞ്ഞിന്റെ കാര്യവും ഇങ്ങനെ തന്നെയാണ്; മുന്തി രിച്ചെടിയിൽ പലകുലകളായി നിൽക്കുന്ന മുന്തിരിപ്പഴങ്ങൾ ശേഖരിച്ച് പിഴിഞ്ഞ് ചാറുണ്ടാക്കുന്നു. അവ ഒന്നായി മാറുന്നു. ഇത്തരത്തിലുള്ള ഒന്നാകലാണ് വി. കുർബാനയിൽ സംഭവിക്കുന്നത്. യേശുവിനോടു കൂടി നാം ഒന്നായിത്തീരുവാൻ വേണ്ടിയാണ് അവൻ തന്നെത്തന്നെ ബലിയായി സമർപ്പിക്കുകയും ഐക്യത്തിന്റെ കൂദാശ സ്ഥാപിക്കുകയും ചെയ്തത്" (പ്രഭാഷണം, 272).

## 20. വി. അപ്രേം

റോമാ സാമ്രാജ്യത്തിന്റെ അതിർത്തി പ്രദേശത്തുള്ള നിസിബിസ് (തുർക്കിയിലെ നുസൈബിൻ) എന്ന പട്ടണത്തിൽ 306-ൽ ജനിച്ച അപ്രേം അനേകം വർഷങ്ങൾ അവിടുത്തെ സഭയിൽ ഡീക്കനായി ശുശ്രൂഷ ചെയ്യുകയും അവിടെ ഒരു ക്രൈസ്തവ പാഠശാല തുടങ്ങു കയും ചെയ്തു. സുറിയാനി ഭാഷയിൽ പദ്യത്തിലും ഗദ്യത്തിലും അനേകം ദൈവശാസ്ത്ര കൃതികൾ രചിച്ച സഭാപിതാവായ അപ്രേം 'പരിശുദ്ധാത്മാവിന്റെ വീണ' എന്ന അപരനാമത്തിലാണ് അറിയപ്പെ ടുന്നത്. പ്രതീകങ്ങളിലൂടെ തന്റെ ശ്രോതാക്കൾക്ക് ക്രൈസ്തവ

www.malankaralibrary.com

വിശ്വാസം വിശദീകരിച്ചതിനാൽ പ്രതീകങ്ങളുടെ ദൈവശാസ്ത്രം (*Theology of Imageries*) എന്ന പേരിലാണ് അപ്രേമിന്റെ ദൈവശാസ്ത്രം അറിയപ്പെട്ടിരുന്നത്. വി. കുർബാനയെക്കുറിച്ച് പഠിപ്പിക്കുമ്പോൾ നിരവധി പ്രതീകങ്ങൾ അപ്രേം ഉപയോഗിക്കുന്നുണ്ട്. മിശിഹായുടെ വിലാവിൽ നിന്നു പുറപ്പെട്ട രക്തത്താൽ മനുഷ്യാവതാരത്തിന്റെ ഫലങ്ങൾ ഇന്നും നാം അനുഭവിക്കുന്നതിനാൽ വി. കുർബാനയെ 'രക്ഷയുടെ കാസ' എന്നും പുതിയനിയമ പെസഹാ എന്നും അപ്രേം വിളിക്കുന്നു (സ്ലീബായെപ്പറ്റിയുള്ള ഗീതം, പുളിപ്പില്ലാത്ത അപ്പത്തിന്റെ ഗീതം). ഉത്ഥാനത്തിന്റെ സാക്ഷ്യമായ അവന്റെ ശരീരമാകുന്ന വി. കുർബാനയെ 'ജീവഫലമായും,' 'ജീവൻ നൽകുന്ന ഔഷധമായും,' (*Medicine of Life,* അർമേനിയൻ ഗീതം 40:5) 'മുത്തായും' (*Pearl*) 'രക്ഷയുടെ ഔഷധമായും,' (അർമേനിയൻ ഗീതം 40:11) 'ജീവന്റെ അപ്പമായും' (അർമേനിയൻ ഗീതം 40:6) അപ്രേം അവതരിപ്പിച്ചിരിക്കുന്നു. ഏശയ്യ പ്രവാചകനെ വിശുദ്ധീകരിച്ച തീക്കനൽ (ഏശ. 6:6) വി. കുർബാനയുടെ പ്രതീകമാണെന്ന് ആദ്യമായി പഠിപ്പിച്ചത് അപ്രേമാണ്. വി. കുർബാനയിലുള്ള പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം പ്രകടമാക്കുവാനാണ് തീക്കനൽ എന്ന പ്രതീകം അപ്രേം ഉപയോഗിച്ചിരിക്കുന്നത്. വി. കുർബാന അർപ്പിക്കപ്പെടുമ്പോൾ, അപ്പത്തിലും വീഞ്ഞിലും പരിശുദ്ധാത്മാവ് ആവസിക്കുന്നുവെന്നും ഈ ആത്മാവിന്റെ ഫലങ്ങൾ വി. കുർബാനയിലൂടെ നമുക്ക് ലഭ്യമാകുന്നുവെന്നും അപ്രേം പഠിപ്പിക്കുന്നു (വിശ്വാസ ഗീതം 10:17).

### 21. വി. ജോൺ ഡമഷീൻ

സിറിയായിലെ ഡമാസ്കസ് പട്ടണത്തിൽ ജനിച്ച ജോൺ ഡമഷീൻ (ഡമാസ്ക്കസിലെ ജോൺ) പൗരസ്ത്യസഭാ പിതാക്കന്മാരിൽ ഏറ്റവും അവസാനത്തെ സഭാപിതാവാണ്. ഗ്രീക്കു ദൈവശാസ്ത്ര ദർശനങ്ങളുടെ വളർച്ചയിൽ സ്വാധീനം ചെലുത്തിയ ഇദ്ദേഹം ബൈബിൾ വ്യാഖ്യാതാവും ചിത്രകാരനുമാണ്. വി. ജോൺ ഡമഷീന്റെ ഏറ്റവും പ്രസിദ്ധമായ കൃതിയാണ് 'വിജ്ഞാനത്തിന്റെ ഉറവിടം' (*Source of Life*). മൂന്ന് ഭാഗങ്ങളായി ക്രമീകരിച്ചിരിക്കുന്ന ഈ പുസ്തകത്തിന്റെ മൂന്നാം ഭാഗത്ത് (നാലാം പുസ്തകം-അദ്ധ്യായം 13) വി. കുർബാനയെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

മാമോദീസായിലൂടെ രണ്ടാം ജനനത്തിനർഹരായ നമ്മെ സംബന്ധിച്ച് ആദ്ധ്യാത്മികമായ ഭക്ഷണം അനിവാര്യമാണ്. ഈ ഭക്ഷണം

www.malankaralibrary.com


സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ നമ്മുടെ കർത്താവായ ഈശോമിശിഹായുടെ ജീവന്റെ അപ്പമാണ്. പരിശുദ്ധവും മഹത്ത്വീകൃതവുമായ സെഹിയോൻ മാളികയിൽ വച്ച് ഈശോ പുതിയ ഉടമ്പടി സ്ഥാപിക്കുകയും ഇത് നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരമാണ്, എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇത് ചെയ്യുവിൻ (1 കോറി. 11:24) എന്ന് കല്പിക്കുകയും ചെയ്തു. ഈ കല്പനയുടെ അനുസ്മരണവും ആഘോഷവുമാണ് ഓരോ വി. കുർബാനയിലും നടക്കുന്നത്. പരിശുദ്ധാത്മാവ് ഇറങ്ങി വരുകയും അവർണ്ണനീയവും അഗ്രാഹ്യവുമായ ഈ കൂദാശ പൂർത്തീകരിച്ച് അപ്പത്തെയും വീഞ്ഞിനെയും തിരുശരീരവും തിരുരക്തവുമായി രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. യോഗ്യതയോടും വിശ്വാസത്തോടും കൂടി ഇവ സ്വീകരിക്കുന്നവർക്ക് അത് പാപങ്ങളുടെ മോചനത്തിനും ആത്മാവിന്റെയും ശരീരത്തിന്റെയും പോഷണത്തിനും കാരണമാകുന്നു. അയോഗ്യതയോടും വിശ്വാസരാഹിത്യത്തോടും കൂടി ഇവയെ സമീപിക്കുന്നവർക്ക് അത് ശിക്ഷാവിധിക്കും കാരണമാകുന്നു.

ആത്മശരീരങ്ങളുടെ നൈർമല്യത്തോടെയും അചഞ്ചലമായ വിശ്വാസത്തോടെയും വിശുദ്ധ രഹസ്യങ്ങളെ സമീപിക്കണമെന്നും അവ നമ്മുടെ പാപങ്ങളെ ദഹിപ്പിക്കുന്നതും ഹൃദയത്തെ പ്രകാശിപ്പിക്കുന്നതുമായ ദിവ്യതീക്കനലാകുന്നുവെന്നും വി. ജോൺ ഡമഷീൻ പഠിപ്പിക്കുന്നു. ഇപ്രകാരം ദിവ്യമായ തീക്കട്ടയോടുള്ള ഐക്യത്താൽ നമ്മൾ കത്തിജ്വലിക്കുകയും ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു. ഏശയ്യ പ്രവാചകൻ ദർശിച്ച ആ തീക്കട്ട (ഏശ. 6:6) വെറും തടിക്കഷണമായിരുന്നില്ല, മറിച്ച് ജ്വലിക്കുന്ന തടിക്കഷ്ണമായിരുന്നു. അതുപോലെ വി. കുർബാനയിലെ അപ്പം സാധാരണ അപ്പമല്ല, മറിച്ച് ദൈവിക ശരീരമാണ്. വി. കുർബാനയിലൂടെ നമ്മൾ ഈശോയുമായി സംസർഗ്ഗത്തിലാകുകയും അവിടുത്തെ ശരീരത്തിലും ദൈവത്വത്തിലും പങ്കുകാരാകുകയും ചെയ്യുന്നു. ഈ സംസർഗ്ഗം വഴി നാം പരസ്പരം ഐക്യപ്പെടുന്നു. അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായ മൽക്കിസദേക്ക്, അബ്രഹാമിനെ സ്വീകരിച്ചത് അപ്പവും വീഞ്ഞും നൽകിയാണ്. ഇവിടെ മൽക്കിസദേക്ക് ഈശോയുടെയും, അപ്പവും വീഞ്ഞും വി.കുർബാനയുടെയും പ്രതിരൂപമാണ്. മലാക്കി പ്രവചനത്തിലെ സൂര്യോദയം മുതൽ സൂര്യാസ്തമയം വരെ അർപ്പിക്കപ്പെടുന്ന ബലിയുടെ പ്രതിരൂപമാണ് പരിശുദ്ധവും രക്തരഹിതവുമായ വി. കുർബാന എന്ന ബലി എന്ന് വി. ജോൺ ഡമഷീൻ പഠിപ്പിക്കുന്നു.

www.malankaralibrary.com

**ഉപസംഹാരം**

വി. കുർബാനയുടെ ശ്രേഷ്ഠതയും മഹത്വവും മനസ്സിലാക്കി അതിനെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റിയവരാണ് സഭാപിതാക്കന്മാർ. സഭാപിതാക്കന്മാരുടെ ജീവിത സുകൃതങ്ങളിൽ നിന്നും ചിന്താധാരകളിൽ നിന്നും വി. കുർബാനയെ സംബന്ധിച്ച് ഉരുത്തിരിഞ്ഞ ഉദ്ധരണികളും ദൈവശാസ്ത്രചിന്തകളും നമുക്ക് പ്രചോദനമായിത്തീരട്ടെ.

❖

www.malankaralibrary.com

അദ്ധ്യായം 3

# വിശുദ്ധ കുർബാന ക്രിസ്തീയ ജീവിതത്തിന്റെ ഉറവിടവും ഉച്ചകോടിയും

'**എ**ല്ലാ സ്വർഗ്ഗീയാനുഗ്രഹങ്ങളും കൃപാവരങ്ങളും കൊണ്ട് നമ്മെ പൂരിതരാക്കുന്ന ദിവ്യകാരുണ്യം സ്വർഗ്ഗീയ മഹത്വത്തിന്റെ മുന്നാസ്വാദനമാണ്' (CCC 1402). ഭാവിമഹത്വത്തിന്റെ അച്ചാരമായ വി. കുർബാനയെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങളും കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിന്റെ പഠിപ്പിക്കലുകളും വി. കുർബാനയെക്കുറിച്ചുള്ള ദൈവശാസ്ത്രത്തിന്റെ കേന്ദ്രമാണ്.

## I. രണ്ടാം വത്തിക്കാൻ കൗൺസിൽ

രണ്ടാം വത്തിക്കാൻ കൗൺസിലിൽ വി. കുർബാനയെക്കുറിച്ച് പ്രത്യേക പ്രമാണ രേഖകൾ ഇല്ലെങ്കിലും വിവിധ പ്രമാണ രേഖകളിലായി വി. കുർബാനയെകുറിച്ച് വ്യക്തമായി പഠിപ്പിക്കുകയും പ്രതിപാദിക്കുകയും ചെയ്യുന്നുണ്ട്. ദൈവാരാധനയെക്കുറിച്ചുള്ള (SC) കോൺസ്റ്റിറ്റ്യൂഷനിലെ രണ്ടാമത്തെ അദ്ധ്യായത്തിലും, കൂടാതെ തിരുസഭയെകുറിച്ചുള്ള (LG) കോൺസ്റ്റിറ്റ്യൂഷനിലും, സഭൈക്യം (UR), വൈദികരുടെ ശുശ്രൂഷയും ജീവിതവും (PO) എന്നീ പ്രമാണരേഖകളിലും വി. കുർബാനയെക്കുറിച്ച് വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. വത്തിക്കാൻ കൗൺസിലിന്റെ മുഖ്യവിഷയം തിരുസഭയെക്കുറിച്ചായതിനാൽ വി. കുർബാനയെ തിരുസഭയുടെ വിവിധ തലങ്ങളുമായി ബന്ധപ്പെടു

www.malankaralibrary.com

ത്തിയാണ് കൗൺസിൽ അവതരിപ്പിക്കുന്നത്. അതുകൊണ്ടാണ് വി. കുർബാനയെ സഭാജീവിതത്തിന്റെ സ്രോതസ്സും മകുടവുമെന്ന് വിളിക്കുന്നത് (LG 2). തിരുസഭയുടെ ഭാഗമായ വൈദികരെക്കുറിച്ചും മിഷനെക്കുറിച്ചുമുള്ള പ്രമാണരേഖയിൽ വി. കുർബാനയെ ക്രിസ്തീയ സഭ കെട്ടിപ്പടുക്കുന്നതിൽ കേന്ദ്രബിന്ദുവും (PO 6) കൂദാശാനുഷ്ഠാനങ്ങളുടെ കേന്ദ്രവുമായി (UR 9) അവതരിപ്പിക്കുന്നു. അതിനാൽ ഈ കൗൺസിൽ വി. കുർബാനയെകുറിച്ച് പഠിപ്പിക്കുന്നത് തിരുസഭയോട് ബന്ധപ്പെടുത്തിയാണ്. അതായത് സഭയാണ് രക്ഷയുടെ അടിസ്ഥാന കൂദാശ (GS 45).

## 1. വിശുദ്ധ കുർബാനയുടെ വിവിധ നാമങ്ങൾ

വി. കുർബാനയെ സൂചിപ്പിക്കാൻ വ്യത്യസ്ത പദങ്ങളാണ് പല പ്രമാണരേഖകളിലും ഉപയോഗിക്കുന്നത്. ഉദാഹരണമായി, അന്തിമ ഭോജനം, പെസഹാഭക്ഷണം, ദിവ്യകാരുണ്യബലി, കർത്താവിന്റെ അത്താഴം, അനുസ്മരണം, കാഴ്ചയർപ്പണം (SC 47, LG 3, 7, 11, UR 2). ക്രിസ്തു താൻ ഒറ്റിക്കൊടുക്കപ്പെടാനിരിക്കുന്ന രാത്രിയിൽ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ തന്റെ ശരീരവും രക്തവും പങ്കുവച്ച് നല്കിയതുവഴി വി. കുർബാന സ്ഥാപിച്ചു (SC 47). അതിനാലാണ് വി. കുർബാനയെ അന്തിമ ഭോജനം, കർത്താവിന്റെ അത്താഴം എന്നിങ്ങനെ സംബോധന ചെയ്യുന്നത്. കുരിശിലെ ബലിയർപ്പണം ബലിപീഠത്തിൽ ആചരിക്കുമ്പോഴെല്ലാം രക്ഷാകർമ്മം അനുഷ്ഠിക്കുകയാണ് (LG 3). അതിനാൽ ദിവ്യകാരുണ്യബലിയെന്നും അനുസ്മരണമെന്നും വി. കുർബാനയെ വിശേഷിപ്പിക്കുന്നു. വി. കുർബാനയിൽ ഭാഗഭാക്കുകളായിക്കൊണ്ട് ദൈവിക ബലിയാടിനെയും അവനോടൊത്തു തങ്ങളെതന്നെയും ദൈവത്തിനു സമർപ്പിക്കുന്നതിനാൽ (LG 2) വി. കുർബാനയെ കാഴ്ച സമർപ്പണമെന്നു വിശേഷിപ്പിക്കുന്നു. ഈ നാമങ്ങളിൽ നിന്നും വി. കുർബാന സഭാസമൂഹവുമായി എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു എന്നു സ്പഷ്ടമാണ്.

## 2. വിശുദ്ധ കുർബാനയിലെ കർത്താവിന്റെ സാന്നിധ്യം

വി. കുർബാനയിൽ കർത്താവിന്റെ സാന്നിധ്യത്തെക്കുറിച്ച് വ്യക്തമായി ഈ കൗൺസിൽ പഠിപ്പിക്കുന്നുണ്ട്. വി. കുർബാനയാകുന്ന ബലിയിൽ കുരിശിൽ ബലിയർപ്പിച്ചവൻ തന്നെ ഇന്നു പുരോഹിതരുടെ ശുശ്രൂഷവഴി അർപ്പിച്ചുകൊണ്ട് (SC 7) സന്നിഹിതനായിരിക്കുന്നു.

www.malankaralibrary.com


കർത്താവിന്റെ സാന്നിധ്യം വി. കുർബാനയിൽ ഇല്ല എന്ന പ്രൊട്ട സ്റ്റന്റുകാരുടെ വാദത്തെ പൂർണമായും എതിർക്കുന്നതായിരുന്നു കൗൺസിലിന്റെ ഈ പഠനം. കൂടാതെ വി. കുർബാനയിലെ കർത്താ വിന്റെ സാന്നിധ്യം വിശ്വസിക്കുന്നതുപോലെ ദിവ്യകാരുണ്യ സദൃശ്യ ങ്ങളിലും കർത്താവ് സന്നിഹിതനാകുന്നു (SC 7). അതായത്, എല്ലാ കൂദാശകളിലും, വിശുദ്ധ ലിഖിതങ്ങൾ വായിക്കുമ്പോഴും, ഒന്നോ രണ്ടോ പേർ ഒരുമിച്ച് കൂടുന്നിടത്തും കർത്താവ് സന്നിഹിതനാണ് (SC 7). വിശുദ്ധ വചനത്തിലെ കർത്താവിന്റെ സാന്നിധ്യം സഭ വ്യക്ത മായി പഠിപ്പിക്കുന്നുണ്ട്. വി. ഗ്രന്ഥം വായിക്കുമ്പോൾ കർത്താവ് തന്നെ യാണ് സംസാരിക്കുന്നത് (SC 7). അതിനാൽ വി. കുർബാനയിലെ വചനവായനയുടെ പ്രാധാന്യം കൗൺസിൽ ചൂണ്ടികാണിക്കുന്നുണ്ട്. സഭ കർത്താവിന്റെ തിരുശരീര രക്തങ്ങൾക്ക് നൽകുന്ന അതേ പ്രാധാ ന്യമാണ് വചനത്തിനും നല്കുന്നത് (SC 56). അതിനാൽ വി. കുർബാന മധ്യേ വചനമേശയിൽ നിന്ന് വിശ്വാസികൾക്ക് ജീവന്റെ വചനം നൽകു കയും ആരാധന ക്രമത്തിന്റെ ഭാഗമായി തന്നെ വചനം വ്യാഖ്യാനി ക്കുകയും ചെയ്യണം (SC 51, 52). മെത്രാനിലൂടെ സഭ മുഴുവനും ബലി പീഠത്തിൽ ഒന്നിക്കുമ്പോൾ വി. കുർബാനയിലെ "അവിടുത്തെ ശക്തി വഴി ഏകവും പരിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭയുടെ ഐക്യം ശക്തമാകുന്നു. വി. കുർബാനയിലെ കർത്താവിന്റെ സാന്നിധ്യംമൂലം വി. കുർബാനയുടെ ആരാധന സഭ പ്രോത്സാഹിപ്പി ക്കുന്നുണ്ട്. വി. കുർബാനയുടെ ആരാധനയും, വാഴ്വും, പ്രദിക്ഷണവും വഴി ക്രിസ്തുവിനെ വണങ്ങുന്നതിനും ബഹുമാനിക്കുന്നതിനും ഈ കൗൺസിൽ ഊന്നൽ നല്കുന്നു. എന്നാൽ ഇവയെല്ലാം വി. കുർബാന ആഘോഷത്തിന്റെ തുടർച്ചയാണ് വി. കുർബാനയുടെ ആഘോഷമാണ് എല്ലാത്തിന്റെയും കേന്ദ്രം. ഇതിനായി വിശ്വാസികളെ വൈദികർ ഒരു ക്കണമെന്ന് കൗൺസിൽ പഠിപ്പിക്കുന്നു (PO 6, 18).

### 3. വിശുദ്ധ കുർബാനയിലെ പങ്കാളിത്തം

വി. കുർബാനയിലെ വിശ്വാസികളുടെ പങ്കാളിത്തം എപ്രകാരമാ യിരിക്കണം എന്ന് കൗൺസിൽ വ്യക്തമാക്കുന്നു. വിശ്വാസികൾ മൂക രായോ വെറും കാഴ്ചക്കാരെപ്പോലെയോ അല്ല സംബന്ധിക്കേണ്ടത് പിന്നെയോ തിരുകർമ്മങ്ങളുടെയും പ്രാർത്ഥനകളുടെയും അർത്ഥം മനസിലാക്കി ബോധപൂർവ്വവും, ഭക്തിപുരസ്സരവും സജീവവുമായി

www.malankaralibrary.com

സംബന്ധിക്കണം. കൂടാതെ വിശ്വാസികൾ തങ്ങളെത്തന്നെ ക്രിസ്തുവിനോട് ചേർന്ന് ബലി അർപ്പിക്കണം (SC 48). ഇതിനായി വൈദികൻ വിശ്വാസികളെ പരിശീലിപ്പിക്കുകയും വി. കുർബാനയുടെ ആഘോഷം ഒരു ക്രിസ്തീയ സമൂഹം പടുത്തുയർത്തുന്നതിന് അടിസ്ഥാനവും ചലനകേന്ദ്രവുമാക്കി തീർക്കാൻ ശ്രമിക്കുകയും ചെയ്യണം. (PO 6). വിശ്വാസികളുടെ മനോഭാവത്തെ സൂചിപ്പിക്കാൻ ഐക്യപ്പെടുക, പകരംപറ്റുക, ക്ഷണിക്കുക എന്നീ വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്. ഇവിടെ രണ്ട് വ്യക്തികൾ ക്രിസ്തുവും ക്രിസ്തുശിഷ്യനും തമ്മിലുള്ള ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്.

### 4. വിശുദ്ധ കുർബാനയുടെ അർപ്പണം

വി. കുർബാനയുടെ അർപ്പണം എങ്ങനെ ആയിരിക്കണമെന്ന് കൗൺസിൽ പഠിപ്പിക്കുന്നുണ്ട്. വൈദികരുടെ പ്രധാനപ്പെട്ട കടമ ദിവ്യകാരുണ്യബലി അർപ്പണമാണ്. കാരണം, ദിവ്യകാരുണ്യബലിയർപ്പണത്തിന്റെ രഹസ്യത്തിൽ നമ്മുടെ രഹസ്യം നിരന്തരം അനുവർത്തിക്കുന്നു. അതുകൊണ്ട് അനുദിനമുള്ള ബലി അർപ്പണം ശക്തമായി കൗൺസിൽ ശുപാർശ ചെയ്യുന്നു (PO 13). കൂടാതെ ഞായറാഴ്ച തോറുമുള്ള വി. കുർബാന സമൂഹത്തെ കെട്ടിപ്പടുക്കാനും കാരണമാകുന്നു (SC 42). വി. കുർബാന പ്രധാനമായും വിശ്വാസികളുടെ സജീവ സാന്നിദ്ധ്യത്തിൽ സമൂഹാഘോഷമായി നടത്തപ്പെടണം. തനിച്ചും, സ്വകാര്യമായും നടത്തുന്നതിനേക്കാൾ മുൻഗണന നല്കേണ്ടത് സമൂഹമായുള്ള ബലി അർപ്പണത്തിനാണ് (SC 27).

### 5. വിശുദ്ധ കുർബാന ബലിയും വിരുന്നും

വി. കുർബാനയെക്കുറിച്ച് പരമ്പരാഗതമായി സഭ പഠിപ്പിക്കുന്ന കാര്യങ്ങൾ ഈ കൗൺസിൽ ഊന്നൽ നല്കുന്നു. വി. കുർബാന ബലിയും വിരുന്നുമാണ്. കൂടാതെ, നമ്മുടെ കർത്താവിന്റെ അത്താഴത്തിന്റെയും കുരിശുമരണത്തിന്റെയും കൗദാശിക അനുസ്മരണമാണ്. കൗൺസിൽ ഇത് വ്യക്തമാക്കിയിരിക്കുന്നത് പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രചിന്താഗതികൾക്ക് എതിരെയാണ്. അവർ വി. കുർബാനയെ ഒരു വിരുന്നായി മാത്രമാണ് അവതരിപ്പിച്ചിരുന്നത്. എന്നാൽ വരുന്നിനോടൊപ്പം തന്നെ വി. കുർബാന ബലിയുമാണെന്ന് കൗൺസിൽ ശക്തമായി പഠിപ്പിക്കുന്നു (PO 2, 5, LG 3, SO 49, SC 50). നമ്മുടെ രക്ഷകൻ അന്തിമ ഭോജനത്തിൽ തന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും

www.malankaralibrary.com


പരിശുദ്ധബലി സ്ഥാപിച്ചു (SC 47). നമ്മുടെ കർത്താവിന്റെ കുരിശിലെ ബലി ഓരോ വി. കുർബാനയിലും അനുസ്മരിക്കുന്നതിനാൽ ആണ് വി. കുർബാനയെ ബലി ആയി സഭ പഠിപ്പിക്കുന്നത് (SC 47). കൂടാതെ വി. കുർബാനയർപ്പണം ദൈവജനത്തിന്റെ ബലിയർപ്പണം കൂടിയാണ്. നിർമ്മലമായ ബലിവസ്തു പുരോഹിതന്റെ കരങ്ങൾവഴി മാത്രമല്ല, പിന്നെയോ ദൈവത്തോടും തമ്മിൽ തമ്മിലുള്ള ഐക്യത്തോടെ മിശിഹായിൽ അലിഞ്ഞുചേരുന്നതിനുമായി വിശ്വാസികൾ തങ്ങളെത്തന്നെ ദൈവത്തിനർപ്പിക്കണം (SC 48). വി. കുർബാന ബലി ആണെന്ന് പഠിപ്പിക്കുമ്പോൾ തന്നെ ഇത് രക്തം ചിന്താതെയുള്ള ബലി ആണെന്ന് വ്യക്തമായി പഠിപ്പിക്കുന്നു (PO 2). വി. കുർബാനയർപ്പണം ശുശ്രൂഷ പൗരോഹിത്യത്തിന്റെ പ്രത്യേക അവകാശമാണെന്നുള്ള പ്രൊട്ടസ്റ്റന്റുകാരുടെ വാദത്തിന് വ്യക്തമായ മറുപടി ഈ കൗൺസിൽ നല്കുന്നുണ്ട്. അതായത്, വി. കുർബാന അർപ്പണം ദൈവജനത്തിന്റെ അർപ്പണമാണ് എന്ന് പഠിപ്പിക്കുന്നതിലൂടെ രാജകീയ പൗരോഹിത്യത്തിനും ബലിയർപ്പണത്തിൽ പങ്കുണ്ടെന്ന് വ്യക്തമാക്കുന്നു.

### 6. വിശുദ്ധ കുർബാനയുടെ ത്രിവിധ മാനങ്ങൾ

വി. കുർബാനയർപ്പണത്തിൽ സമയത്തിന്റെ മൂന്ന് മാനങ്ങൾ വ്യക്തമാക്കുന്നുണ്ട്. ചരിത്രത്തിൽ നടന്ന ഒരു സംഭവമായി കണക്കാക്കുമ്പോൾ, അന്ത്യത്താഴത്തിൽ ആരംഭിച്ച് കുരിശിലെ ബലിയിലൂടെ ഉത്ഥാനത്തിൽ മഹത്തീകരിക്കപ്പെട്ട ഒരു സംഭവമായതിനാൽ വി. കുർബാന ഭൂതകാലവുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ ഈ യാഥാർത്ഥ്യം ഇന്നത്തെ ലോകത്തിന് അനുഭവമായി തീരുന്നത് വി. കുർബാനയിലൂടെയാണ്. അതിനാൽ വി. കുർബാന വർത്തമാന കാലവുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെ വി. കുർബാന സ്വർഗ്ഗീയ വിരുന്നിന്റെ മുന്നാസ്വാദനമാണ്. ഇത് പൂർത്തീകരിക്കുന്നത് കർത്താവിന്റെ രണ്ടാം വരവിലുമാണ് (LG 38). ഈ ത്രിവിധമാനങ്ങൾ വിവിധ പ്രമാണരേഖകളിലൂടെ വ്യക്തമായി സഭ പഠിപ്പിക്കുന്നുണ്ട് (LG 3, PO 13, SC 10, GS 38, OT 4). ചുരുക്കത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ വി. കുർബാനയെക്കുറിച്ച് മാത്രമായി ഒരു പ്രമാണരേഖ പുറപ്പെടുവിച്ചില്ലെങ്കിലും സഭയുമായി ബന്ധപ്പെടുത്തി വി. കുർബാനയെക്കുറിച്ച് വ്യക്തമായി പഠിപ്പിക്കുന്നു. കാരണം സഭാജീവിതത്തിന്റെ സ്രോതസ്സും മകുടവുമാണ് വി. കുർബാന (LG 2). വി. കുർബാനയുടെ എല്ലാ അർത്ഥ

www.malankaralibrary.com

തലങ്ങളിലൂടെയും കടന്ന് അത് വ്യക്തമായി പഠിപ്പിക്കാൻ കൗൺസിൽ ശ്രമിക്കുകയും പ്രതിവാദത്തിന്റെ ശൈലിയിൽ നിന്ന് വ്യത്യസ്തമായി അജപാലന സമീപനത്തോടെ ഏവർക്കും മനസ്സിലാക്കി തരുകയും ചെയ്തു എന്നത് സഭയ്ക്ക് ഒരു മുതൽക്കൂട്ടാണ്.

## II. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം (CCC)

ക്രൈസ്തവ ജീവിതത്തിന്റെയാകെ ഉറവിടവും അത്യുച്ച സ്ഥാനവുമാണ് വി. കുർബാന (CCC 1324, LG 11). വി. കുർബാനയെക്കുറിച്ചുള്ള വ്യക്തവും ആഴവുമായ പഠനം നമുക്ക് ലഭിക്കുന്നത് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിൽ നിന്നു തന്നെയാണ്. മതബോധന ഗ്രന്ഥത്തിന്റെ 1322 മുതൽ 1419 വരെയുള്ള ഖണ്ഡികകൾ ഇത് വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. മാമോദീസ, സ്ഥൈര്യലേപനം എന്നീ കൂദാശകളിലൂടെ ക്രിസ്തുവുമായി അനുരൂപപ്പെടുന്നവർ ഒരു സഭയായി ദൈവത്തെ മഹത്വപ്പെടുത്തുന്ന കൂദാശയാണ് വി. കുർബാന. അതുകൊണ്ടാണ് ഒരു കുഞ്ഞിന് മാമോദീസ, സ്ഥൈര്യലേപന കൂദാശകൾ നല്കുന്നതിനോടൊപ്പം വി. കുർബാനയും നല്കുന്നത്. വി. കുർബാനയുമായി ബന്ധപ്പെട്ട് മതബോധനഗ്രന്ഥം നൽകുന്ന സുപ്രധാന ചിന്തകളെ നമുക്ക് മനസ്സിലാക്കാൻ ശ്രമിക്കാം.

### 1. വിശുദ്ധ കുർബാനയും സഭാജീവിതവും

കൂദാശകളുടെ കൂദാശയായ വി. കുർബാനയുമായി മറ്റെല്ലാ കൂദാശകളും അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെ തന്നെ സഭ ഒരു അടിസ്ഥാന കൂദാശയായതിനാൽ, സഭയും വി. കുർബാനയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അതായത് സഭാപരമായ എല്ലാ ശുശ്രൂഷകളും സഭയുടെ പ്രേഷിത ദൗത്യവും (*Mission*) വി. കുർബാനയോട് ബന്ധപ്പെട്ടിരിക്കുന്നു. സഭയുടെ ആധ്യാത്മിക സമ്പത്തുമുഴുവൻ വി. കുർബാനയിലാണ് അടങ്ങിയിരിക്കുന്നത് (PO 5). വി. കുർബാനയിലൂടെ സഭയിലെ വിശ്വാസികളുടെ ഐക്യവും ദൈവികജീവനിലുള്ള ഭാഗഭാഗിത്വവും സാധ്യമാകുന്നു. കൂടാതെ സഭ മുഴുവനായി പരിശുദ്ധ ത്രിത്വത്തിന് ആരാധന അർപ്പിക്കുന്ന സമയം കൂടിയാണ് വി. കുർബാനയർപ്പണ സമയം. ക്രിസ്തുവിന്റെ മണവാട്ടിയായ സഭ ഒരുമിച്ച് ആരാധനയിൽ പങ്കുചേരുമ്പോൾ അത് സ്വർഗ്ഗീയ ആരാധനയുടെ മുന്നാസ്വാദനമായി മാറുന്നു. ചുരുക്കത്തിൽ, വി. കുർബാന നമ്മുടെ വിശ്വാസത്തിന്റെ ആകെത്തുകയും സംക്ഷിപ്ത രൂപവുമാണ് (CCC 1327).

www.malankaralibrary.com


## 2. വിശുദ്ധ കുർബാന - വിവിധ നാമങ്ങളിൽ

വി. കുർബാനയുടെ അക്ഷയസമ്പന്നത മനസിലാക്കാൻ അതിന്റെ വിവിധ നാമങ്ങളിലൂടെ കടന്നുപോയാൽ മതി. ഇപ്രകാരമുള്ള വിവിധ നാമങ്ങൾ മതബോധനഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാൻ ശ്രമിക്കാം.

a) **കൃതജ്ഞതാസ്തോത്രം**

സ്രഷ്ടാവും വീണ്ടെടുക്കുന്നവനും വിശുദ്ധീകരിക്കുന്നവനുമായ ദൈവത്തിന് മനുഷ്യൻ അർപ്പിക്കുന്ന കൃതജ്ഞതാപ്രകടനമാണ് വി. കുർബാന (1328).

b) **കർത്താവിന്റെ അത്താഴം**

ക്രിസ്തു താൻ പീഢയനുഭവിക്കുന്നതിനു മുമ്പ് ശിഷ്യന്മാരോടൊപ്പം പങ്കുചേർന്ന പെസഹവിരുന്നിന് സദൃശ്യമാണ് വി. കുർബാന. സ്വർഗ്ഗീയ ജറുസലേമിലെ കുഞ്ഞാടിന്റെ വിവാഹ വിരുന്നിന്റെ മുന്നാസ്വാദനമായി വി. കുർബാനയെ വിശേഷിപ്പിക്കുന്നുണ്ട് (1329).

c) **അപ്പം മുറിക്കൽ**

പെസഹാ ദിവസം യേശു അപ്പമെടുത്ത് ആശീർവദിച്ച് മുറിച്ച് ശിഷ്യന്മാർക്ക് നൽകിയതിനെ അനുസ്മരിച്ചുകൊണ്ട് ആദിമ ക്രിസ്ത്യാനികൾ അപ്പം മുറിക്കൽ നടത്തിയിരുന്നു. ജീവന്റെ അപ്പമായ ക്രിസ്തു തന്നെത്തന്നെ വിഭജിച്ച് നൽകിയ വി. കുർബാന സ്വീകരിക്കുന്നവരെല്ലാം അവനുമായുള്ള സംസർഗ്ഗത്തിലേക്ക് പ്രവേശിക്കുകയും അവനിൽ ഏക ശരീരമായി തീരുകയും ചെയ്യുന്നു (1329).

d) **വിശുദ്ധബലി**

പഴയനിയമത്തിലെ എല്ലാ ബലികളെയും പൂർത്തിയാക്കിക്കൊണ്ട് അവയ്ക്ക് അതീതമായ ബലി ക്രിസ്തു കാൽവരിയിൽ അർപ്പിച്ചു. ഈ വിശുദ്ധ ബലിയുടെ അനുസ്മരണമാണ് വി. കുർബാന (1330).

e) **ദൈവികമായ ആരാധന**

"സഭയുടെ ആരാധനക്രമം മുഴുവന്റെയും കേന്ദ്രവും ഏറ്റവും തീവ്രമായ പ്രകാശനവും ദൃശ്യമാക്കുന്നത്" വി. കുർബാനയിലൂടെ ആയതിനാൽ ഈ കൂദാശയെ ദൈവികമായ ആരാധനയെന്ന് വിളക്കുന്നു (1330).

## 3. വിശുദ്ധ കുർബാന രക്ഷാകരക പദ്ധതിയിൽ

വി. കുർബാനയ്ക്ക് രക്ഷാകര പദ്ധതിയിൽ പ്രധാനസ്ഥാനമാണുള്ളത്. കാരണം കാൽവരിയിൽ സ്വന്തം രക്തം നല്കിയാണ് ക്രിസ്തു

www.malankaralibrary.com

മാനവകുലത്തെ വീണ്ടെടുത്തത്. കാൽവരിയിലെ ഈ ബലി രക്തര ഹിതമായി ഓരോ വി. കുർബാനയിലും അനുസ്മരിക്കപ്പെടുന്നു. സഭ അതിനുവേണ്ടി തിരഞ്ഞെടുത്ത ബലി വസ്തുക്കൾ അവൻ പെസഹാ ആഘോഷിക്കാൻ ഉപയോഗിച്ച അപ്പവും വീഞ്ഞും തന്നെയാണ്. 'ക്രിസ്തുവിന്റെ വചനങ്ങൾ വഴിയും റൂഹാക്ഷണ പ്രാർത്ഥന വഴിയും അവന്റെ ശരീരവും രക്തവുമായിത്തീരുന്ന അപ്പവും വീഞ്ഞും വി. കുർബാന ആഘോഷത്തിന്റെ കേന്ദ്രഘടകങ്ങളാണ്' (1333). മനുഷ്യന്റെ പ്രയത്നഫലമായി സ്രഷ്ടാവിന്റെ ദാനമായി ലഭിച്ച അപ്പവും വീഞ്ഞും കാഴ്ചയായി അർപ്പിക്കുന്നതിലൂടെ നാം സ്രഷ്ടാവായ ദൈവത്തിന് നന്ദി അർപ്പിക്കുകയാണ്, രക്ഷാകര പദ്ധതിയിൽ പങ്കുകാരാകുകയാണ്. ഇതു തന്നെയാണ് ഓരോ വി. കുർബാനയിലും സംഭവിക്കുന്നത്. 'തന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സ്മാരകമായി അവിടുന്ന് വി.കുർബാന സ്ഥാപിക്കുകയും, തന്റെ പുനരാഗമനം വരെ അത് ആഘോഷിക്കുവാൻ അപ്പസ്തോലന്മാരോട് കല്പ്പിക്കുകയും അതിലൂടെ അവിടുന്ന് അവരെ പുതിയ നിയമത്തിലെ പുരോഹിതരാക്കുകയും ചെയ്തു' (1337). തന്റെ സ്വന്തമായിട്ടുള്ളവരിൽ നിന്ന് ഒരിക്കലും വേർപിരിയാതിരിക്കുവാൻ വേണ്ടി അവൻ സ്ഥാപിച്ച 'വി. കുർബാന സഭാജീവിതത്തിന്റെ കേന്ദ്രമായി നിലനിൽക്കുന്നു,' (1343) ഇന്നും ആഘോഷിക്കപ്പെടുന്നു.

### 4. വിശുദ്ധ കുർബാനയാഘോഷം സഭയുടെ ചരിത്രത്തിൽ

സഭാചരിത്രത്തിൽ വി. കുർബാനയുടെ ആഘോഷം വിവിധ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ടെങ്കിലും അതിന്റെ അടിസ്ഥാന ഘടനയ്ക്ക് മാറ്റം വന്നിട്ടില്ല. വി. കുർബാനയുടെ ആഘോഷക്രമത്തിന്റെ അടിസ്ഥാന രൂപരേഖ രണ്ടാം നൂറ്റാണ്ടിൽ തന്നെ വി. ജസ്റ്റിൻ വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ രൂപരേഖ മുഖ്യ ആരാധനാക്രമ കുടുംബങ്ങളിലും നിലനിൽക്കുന്നു. ആദ്യ നൂറ്റാണ്ട് മുതൽ തന്നെ വി. കുർബാനയുടെ ആരാധനക്രമത്തിൽ മൗലിക ഐക്യമുള്ള രണ്ട് ഭാഗങ്ങൾ ഉണ്ട്.

a) വചന ശുശ്രൂഷ

b) സ്തോത്രയാഗ ശുശ്രൂഷ

വചന ശുശ്രൂഷയിൽ ദൈവവചനവായനയും അതിന്റെ വ്യാഖ്യാനവും ഉൾപ്പെടുമ്പോൾ സ്തോത്രയാഗ ശുശ്രൂഷയിൽ അപ്പത്തിന്റെയും വീഞ്ഞിന്റെയും സമർപ്പണം, പവിത്രീകൃത കൃതജ്ഞതാപ്രകടനം, ദിവ്യകാരുണ്യ സ്വീകരണം ഇവ ഉൾപ്പെടുന്നു. കാഴ്ച വസ്തുക്കൾ അൾത്താ

www.malankaralibrary.com


രയിൽ കൊണ്ടുവരുന്നതിലൂടെ മൽക്കിസദേക്കിന്റെ പ്രവർത്തിയെ സഭ അനുസ്മരിക്കുന്നു. സ്തോത്രയാഗശുശ്രൂഷയിലെ മറ്റ് പ്രാർത്ഥനകളായ ആമുഖ പ്രാർത്ഥനയും, റൂഹാക്ഷണ പ്രാർത്ഥനയും, സ്ഥാപന വിവരണവും, അനുസ്മരണ പ്രാർത്ഥനയും, മധ്യസ്ഥപ്രാർത്ഥനയും മറ്റ് കൂദാശാകർമ്മങ്ങളും ഉൾച്ചേരുമ്പോൾ ഈ ശുശ്രൂഷ ആഘോഷത്തിന്റെ ഹൃദയവും അത്യുച്ചസ്ഥാനവുമായി മാറുന്നു. കാലഘട്ടങ്ങളുടെയും ആരാധനാക്രമങ്ങളുടെയും വലിയ വൈവിധ്യം ഉണ്ടായിരുന്നിട്ടും സത്താപരമായി മാറ്റമില്ലാത്ത വിധത്തിൽ ക്രിസ്ത്യാനികൾ ആരംഭകാലം മുതൽ ഇന്നുവരെ വി. കുർബാന ആഘോഷിക്കുന്നു (1356).

## 5. ക്രിസ്തു: വിശുദ്ധ കുർബാനയുടെ പ്രധാനകാർമ്മികൻ

വി. കുർബാനയിലെ പ്രധാന കാർമ്മികൻ ക്രിസ്തു തന്നെയാണ്. കാരണം അവിടുന്ന് പുതിയ ഉടമ്പടിയിലെ പ്രധാന പുരോഹിതനാണ്. എല്ലാ വി. കുർബാനയർപ്പണത്തിലും ക്രിസ്തുതന്നെയാണ് അദൃശ്യനായി കാർമ്മികത്വം വഹിക്കുന്നത്. ക്രിസ്തുവിന്റെ പ്രതിനിധി എന്ന നിലയിലാണ് ഓരോ പുരോഹിതനും വി. കുർബാന അർപ്പിക്കുന്നത്. കൂടാതെ വിശ്വാസികൾ ബലിയ്ക്കുള്ള അപ്പവും വീഞ്ഞും കൊണ്ടുവരുന്നതിനോടൊപ്പം പാവങ്ങൾക്ക് നൽകാനുള്ള ദാനങ്ങളും കൊണ്ടുവന്നിരുന്നു. എക്കാലത്തും അർത്ഥവത്തായി തുടരുന്ന ധനശേഖരണത്തിന്റെ ഈ പിരിവ് നമ്മെ സമ്പന്നരാക്കാൻ സ്വയം ദരിദ്രനായി ത്തീർന്ന ക്രിസ്തുവിന്റെ മാതൃകയാൽ പ്രചോദിതമാണ് (1351). ഇതിലൂടെ വിശ്വാസികൾ തങ്ങളുടെ സജീവ ഭാഗഭാഗിത്വം ഉറപ്പാക്കുന്നു.

## 6. വിശുദ്ധ കുർബാന : കൃതജ്ഞതാപ്രകാശനം, അനുസ്മരണം, സാന്നിദ്ധ്യം

വി. കുർബാനയെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടതുണ്ട്.

### a) കൃതജ്ഞതാ പ്രകാശനം

കുരിശിലെ ബലിയർപ്പണത്തിലൂടെ ക്രിസ്തുവിനാൽ കരഗതമായ രക്ഷയുടെ കൂദാശയും സൃഷ്ടികർമ്മത്തെ പ്രതി പിതാവായ ദൈവത്തിന് സമർപ്പിക്കുന്ന കൃതജ്ഞതാബലിയുമാണ് വി. കുർബാന. വി. കുർബാന അർപ്പണത്തിൽ ക്രിസ്തുവിന്റെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും പ്രപഞ്ച സൃഷ്ടി മുഴുവൻ പിതാവായ ദൈവത്തിന് സമർപ്പിക്കുകയാണ്. ദൈവം നൽകിയ എല്ലാ ദാനങ്ങൾക്കും സൃഷ്ടി,

www.malankaralibrary.com

രക്ഷ, വിശുദ്ധീകരണം മുതലായ രക്ഷണീയ കർമ്മങ്ങൾക്കും സഭ പിതാവായ ദൈവത്തിന് സമർപ്പിക്കുന്ന കൃതജ്ഞതാ ബലിയാണ് വി. കുർബാന. വി. കുർബാനയാണ് ഏറ്റവും പ്രധാനവും പ്രഥമവുമായ കൃതജ്ഞതാപ്രകടനം.

**b) അനുസ്മരണം**

വി. കുർബാന ക്രിസ്തുവിന്റെ പെസഹായുടെ അനുസ്മരണമാണ്. അനുസ്മരണം എന്നതുകൊണ്ട് കഴിഞ്ഞ സംഭവങ്ങളുടെ ഓർമ്മിക്കൽ മാത്രമല്ല അർത്ഥമാക്കുന്നത്. മറിച്ച്, ദൈവം മനുഷ്യനുവേണ്ടി ചെയ്ത വിസ്മയനീയ പ്രവൃത്തികളുടെ പ്രഘോഷണം കൂടിയാണ്. പഴയനിയമത്തിൽ പെസഹാ ആഘോഷിക്കുന്ന സന്ദർഭങ്ങളിലെല്ലാം പുറപ്പാട് സംഭവങ്ങൾ വിശ്വാസികളുടെ സ്മരണയിൽ വന്നിരുന്നു, ഇതാണ് അനുസ്മരണം. എന്നാൽ പുതിയ നിയമത്തിൽ സഭ വി. കുർബാന അർപ്പിക്കുമ്പോൾ ക്രിസ്തുവിന്റെ പെസഹാ അനുസ്മരിക്കുകയും ക്രിസ്തുവിന്റെ അനന്യവും ആവർത്തിക്കപ്പെടാനാവാത്തതുമായ കുരിശിലെ യാഗം അൾത്താരയിൽ സന്നിഹിതമാകുകയും ചെയ്യുന്നു. യേശുവിന്റെ കുരിശിലെ ബലി അൾത്താരയിൽ സന്നിഹിതമാക്കപ്പെടുന്നതിനാൽ വി. കുർബാന ബലിയാണ്. ക്രിസ്തുവിന്റെ കുരിശിലെ യാഗവും വി. കുർബാനയും ഒരേ ബലിയാണ്. കാരണം രണ്ട് ബലികളിലെയും ബലിയർപ്പകനും ബലിവസ്തുവും ഒന്നു തന്നെയാണ്. കുരിശാകുന്ന അൾത്താരയിൽ രക്തം ചിന്തി തന്നെത്തന്നെ അർപ്പിച്ച അതേ ക്രിസ്തുവാണ് ദൈവാലയത്തിന്റെ അൾത്താരയിൽ രക്തരഹിതമായി തന്നെത്തന്നെ അർപ്പിക്കുന്നത്.

ക്രിസ്തുവിന്റെ ശരീരമായ സഭ തന്റെ ശിരസ്സായ ക്രിസ്തുവിന്റെ ബലിയർപ്പണത്തിന്റെ ഭാഗഭാക്കാകുന്നു (1368). അവനോടൊപ്പം അവളും തന്നെത്തന്നെ പൂർണ്ണമായി സമർപ്പിക്കുന്നു. മനുഷ്യകുലത്തിനുവേണ്ടി പിതാവായ ദൈവത്തോട് ക്രിസ്തു നടത്തുന്ന മദ്ധ്യസ്ഥതയിൽ സഭയും പങ്കാളിയാകുന്നു. വി. കുർബാനയിലെ ക്രിസ്തുവിന്റെ ബലിയർപ്പണം അവന്റെ ശരീരത്തിലെ അംഗങ്ങളുടെയും ബലിയർപ്പണമായി മാറുന്നു. അതായത് ഭൂമിയിൽ ജീവിച്ചിരിക്കുന്ന അംഗങ്ങൾ മാത്രമല്ല, സ്വർഗ്ഗീയ മഹത്വത്തിൽ എത്തിച്ചേർന്ന അംഗങ്ങളും ക്രിസ്തുവിന്റെ സമർപ്പണത്തോട് ഒന്നിക്കപ്പെടുന്നു. അതിനാൽ വി. കുർബാനയാകുന്ന ക്രിസ്തുവിന്റെ ബലി സഭ മുഴുവന്റെയും ബലിയർപ്പണമാണ്. പരിശുദ്ധ കന്യകമറിയത്തിന്റെയും സകല വിശുദ്ധരുടെയും കൂട്ടാ

www.malankaralibrary.com


യ്മയിലും അവരെ അനുസ്മരിച്ചുകൊണ്ടുമാണ് സഭ വി. കുർബാന യർപ്പിക്കുന്നത്. ക്രിസ്തുവിന്റെ ബലിയർപ്പണത്തോട് ചേർന്ന് കുരിശിന്റെ ചുവട്ടിൽ നിന്ന അമ്മയോട് യോജിക്കുകയാണ് സഭ ഓരോ വി. കുർബാനയർപ്പണത്തിലും.

### c) സാന്നിദ്ധ്യം

ഉത്ഥിതനായ ക്രിസ്തു തന്റെ സഭയിൽ വിവിധ രീതികളിൽ സന്നിഹിതനായിരിക്കുന്നു. വചനത്തിലും, സഭയുടെ കൂട്ടായ്മയിലും, കൂദാശകളിലും പ്രാർത്ഥനകളിലും ദരിദ്രരിലും രോഗികളിലും എല്ലാം ക്രിസ്തു സന്നിഹിതനാണ്. എങ്കിലും ഏറ്റവും ഉന്നതമായ രീതിയിൽ അവിടുന്ന് ദിവ്യകാരുണ്യ സാദൃശ്യങ്ങളിൽ സന്നിഹിതനായിരിക്കുന്നു (CCC 1373-74, SC 7). വി. കുർബാനയിലെ ക്രിസ്തുവിന്റെ സാന്നിധ്യം അനന്യമായതിനാൽ, വി. കുർബാനയെ മറ്റ് എല്ലാ കൂദാശകളെയുംകാൾ ഉന്നതമാക്കുന്നു. വിശുദ്ധ കുർബാനയിൽ ക്രിസ്തുവിന്റെ ശരീരവും രക്തവും ആത്മാവോടും ദൈവികതയോടുംകൂടി സത്യമായും യഥാർത്ഥമായും സത്താപരമായും അടങ്ങിയിരിക്കുന്നതിനാൽ ഇതിനെ യഥാർത്ഥ സാന്നിധ്യം എന്ന് വിളിക്കുന്നു (1374). ക്രിസ്തുവിന്റെ സാന്നിധ്യം കൂദാശാകർമ്മത്തിന്റെ നിമിഷം മുതൽ ദിവ്യകാരുണ്യ സാദൃശ്യങ്ങൾ നിലനിൽക്കുന്നിടത്തോളം കാലം തുടരുകയും ചെയ്യുന്നു (1377). കർത്താവിന്റെ സാന്നിദ്ധ്യം കൂടുതൽ മനസിലാക്കാനും വിശ്വാസത്തിൽ വളരാനും സഭ ദിവ്യകാരുണ്യ ആരാധനാ പ്രോത്സാഹിപ്പിക്കുന്നുണ്ട്. കൂടാതെ രോഗികൾക്കും, വി. കുർബാനയിൽ പങ്കെടുക്കാത്തവർക്കുമായി വി. കുർബാന സക്രാരിയിൽ സൂക്ഷിക്കുന്നു.

## 7. വിശുദ്ധ കുർബാന വിരുന്ന്

വി. കുർബാന ബലി ആകുന്നതിനോടൊപ്പം തന്നെ വിരുന്നുമാണ്. വി. കുർബാനയുടെ ഈ രണ്ട് മാനങ്ങൾ വ്യത്യാസം കൂടാതെ സഭ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. വി. കുർബാന എന്ന വിരുന്നിൽ നിന്ന് ക്രിസ്തുവിനെ തന്നെ നാം ഭക്ഷിക്കുന്നു. കാരണം ക്രിസ്തു തന്നെ നമ്മോട് പറഞ്ഞിരിക്കുന്നു: 'ഇതു വാങ്ങി ഭക്ഷിക്കുവിൻ' (മത്താ 26:26). വിശ്വാസസമൂഹം അൾത്താരയ്ക്കു ചുറ്റും ഒരുമിക്കുമ്പോൾ അൾത്താര ഒരേ സമയം ബലിപീഠവും കർത്താവിന്റെ വിരുന്നുമേശയുമാകുന്നു. ഈ വിരുന്നിൽ നിന്ന് ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്താൽ മാത്രമേ നമുക്ക് നിത്യജീവൻ ഉണ്ടാകുകയുള്ളൂ (യോഹ. 6:53). അതുപോലെ ഇവ അയോഗ്യതയോടെ ഭക്ഷിച്ചാൽ കർത്താവിന്റെ

www.malankaralibrary.com

ശരീരത്തിനും രക്തത്തിനുമെതിരെ തെറ്റുചെയ്യുന്നു (1 കോറി. 11:27 -29). അതിനാൽ ഈ വിരുന്നിൽ പങ്കാളികളാകാൻ അനുരഞ്ജന ത്തിന്റെ കൂദാശയിൽ പങ്കുചേരണമെന്നും ഉപവാസം അനുഷ്ഠിക്ക ണമെന്നും സഭ ഉദ്ബോധിപ്പിക്കുന്നു (1385, 1387). ദിവ്യകാരുണ്യ സ്വീക രണം വളരെ ശ്രേഷ്ഠമായതിനാൽ ഞായറാഴ്ചകൾക്കും കടമുള്ള തിരു നാളുകൾക്കും പുറമേ അനുദിനമുള്ള ദിവ്യകാരുണ്യ സ്വീകരണത്തിന് സഭ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുന്നു.

### 8. വിശുദ്ധ കുർബാനയുടെ ഫലങ്ങൾ

- വി. കുർബാന സ്വീകരണം ക്രിസ്തുവിനോടുള്ള നമ്മുടെ ഐക്യം വളർത്തുന്നു (1391).
- വി. കുർബാന സ്വീകരണം നമ്മെ പാപത്തിൽ നിന്ന് അകറ്റുന്നു (1393).
- വി. കുർബാന സ്വീകരണം ഭാവിയിലുണ്ടാകാനിടയുള്ള മാരക പാപങ്ങളിൽ നിന്നും സംരക്ഷിക്കുന്നു (1395).
- വി. കുർബാന സ്വീകരണം സഭയാകുന്ന ഏകശരീരത്തിൽ നമ്മെ ഐക്യപ്പെടുത്തുന്നു (1396).
- വി. കുർബാന സ്വീകരണം നമ്മെ ദരിദ്രരോട് കടപ്പാടുള്ളവരാ കുന്നു (1397).
- വി. കുർബാന സ്വീകരണം ക്രൈസ്തവർ തമ്മിലുള്ള ഐക്യം വർദ്ധിപ്പിക്കുന്നു (1398).

### 9. വിശുദ്ധ കുർബാന: സ്വർഗ്ഗീയ വിരുന്നിന്റെ മുന്നാസ്വാദനം

വി. കുർബാനയിൽ സമയത്തിന്റെ മൂന്ന് മാനങ്ങൾ നമുക്ക് ദർശി ക്കുവാൻ സാധിക്കും. ചരിത്രത്തിൽ നടന്ന സംഭവത്തിന്റെ ഓർമ്മ യ്ക്കായി ഭൂതക്കാലത്തെയും, അത് ഇന്നും വി. കുർബാനയിലൂടെ അനുഭവമാകുന്നതിനാൽ വർത്തമാനകാലത്തെയും ബന്ധിപ്പിക്കുന്നു. അതുകൂടാതെ ഭാവിയിൽ നാം സ്വർഗ്ഗത്തിൽ പങ്കുചേരുന്ന കുഞ്ഞാ ടിന്റെ വിരുന്നിന്റെ മുന്നാസ്വാദനവുമാണ് വി. കുർബാന (1402). ഈ വാഗ്ദാനം ക്രിസ്തു തന്നെ നമുക്ക് നൽകിയിട്ടുണ്ട്: “എന്റെ പിതാ വിന്റെ രാജ്യത്തിൽ നിങ്ങളോടൊത്ത് നവമായി ഇതു പാനം ചെയ്യുന്ന ദിവസം വരും” (മത്താ. 26:29, മർക്കോ. 14:25). അതിനാൽ സഭ വി. കുർബാന ആഘോഷിക്കുമ്പോഴെല്ലാം ഈ വാഗ്ദാനം ഓർക്കുകയും ക്രിസ്തുവിന്റെ വരവിനായി പ്രത്യാശയോടെ കാത്തിരിക്കുകയും ചെയ്യു

www.malankaralibrary.com


ന്നു. അതുപോലെ തന്നെ വി. കുർബാന അമർത്യതയുടെ ഔഷധവും മരിക്കാതെ യേശുക്രിസ്തുവിൽ നിത്യം ജീവിക്കാനുള്ള മറുമരുന്നു മാണെന്ന് മതബോധന ഗ്രന്ഥം ഓർമ്മപ്പെടുത്തുന്നു.

**ഉപസംഹാരം**

ക്രിസ്തീയ ജീവിതത്തിന്റെ ഉറവിടവും ഉച്ചകോടിയുമായ വി. കുർബാന (LG 2) ക്രിസ്തുവിനാൽ കരഗതമായ രക്ഷയുടെ അടയാളമാണ്. അനന്യവും ആവർത്തിക്കപ്പെടാനാവാത്തതുമായ കുരിശിലെ യാഗം അൾത്താരയിൽ സന്നിഹിതമാക്കപ്പെടുമ്പോൾ വിശ്വാസികളുടെ സജീവ പങ്കാളിത്തം സഭ ആഗ്രഹിക്കുന്നു.

❖

www.malankaralibrary.com

അദ്ധ്യായം 4

# വിശുദ്ധ കുർബാന മാർപാപ്പമാരുടെ പ്രബോധനങ്ങളിൽ

**വി.** കുർബാനയെന്ന മഹാരഹസ്യത്തിന്റെ ആഴങ്ങളിലേക്ക് നമ്മെ കൂട്ടിക്കൊണ്ട് പോകുന്ന പ്രബോധനങ്ങൾ കാലഘട്ടത്തിന്റെ ആവശ്യ കതയനുസരിച്ച് പത്രോസിന്റെ പിൻഗാമികളായ മാർപാപ്പമാർ നൽകാറുണ്ട്. ഇപ്രകാരം വി. കുർബാനയെക്കുറിച്ച് വിവിധ കാലയളവുകളിൽ പരിശുദ്ധ പിതാക്കന്മാരാൽ നൽകപ്പെട്ട 'സഭയും വിശുദ്ധ കുർബാനയും,' 'നാഥാ ഞങ്ങളോടുകൂടെ വസിക്കണമെ,' 'രക്ഷയുടെ കൂദാശ,' 'സ്നേഹത്തിന്റെ കൂദാശ' തുടങ്ങിയ പ്രബോധനങ്ങളെക്കുറിച്ചുള്ള പഠനമാണ് ഈ അദ്ധ്യായത്തിന്റെ ഇതിവൃത്തം.

## 4.1. സഭയും വിശുദ്ധ കുർബാനയും (*Ecclesia de Eucharistia*)

2003 ഏപ്രിൽ 17-ാം തീയതി പെസഹാ വ്യാഴാഴ്ച പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ തന്റെ പാപ്പാസ്ഥാനത്തിന്റെ 25-ാം വാർഷികത്തോടനുബന്ധിച്ച് പുറപ്പെടുവിച്ച സുപ്രധാനമായ ചാക്രികലേഖനമാണിത്. ക്രിസ്തുവിന്റെ മണവാട്ടിയായ സഭയും വി. കുർബാനയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് കൂടുതൽ വിശകലനം ചെയ്യുക എന്നതാണ് ഈ ചാക്രികലേഖനത്തിന്റെ പ്രധാനലക്ഷ്യം. പെന്തിക്കോസ്തി ദിവസം ആരംഭിച്ച സഭയുടെ സ്വർഗ്ഗീയ വാസസ്ഥാ

www.malankaralibrary.com


നത്തേക്കുള്ള യാത്രയിൽ ഈശോ അവളെ പ്രത്യാശകൊണ്ട് നിറച്ച് വി. കുർബാന വഴി അവളോടുകൂടി വസിക്കുന്നു. ഈ ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ സഭ നേരിടുന്ന പ്രശ്നങ്ങളെ അതിജീവിക്കാൻ വി. കുർബാനയെന്ന മഹാരഹസ്യത്തിലേക്ക് നാം തിരിയുകയും അതിനെ മനസ്സിലാക്കുകയും, സ്നേഹിക്കുകയും ദിവ്യകാരുണ്യാധിഷ്ഠിതമായ ജീവിതം നയിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ദിവ്യകാരുണ്യബന്ധത്തിലേക്ക് നമ്മെ ക്ഷണിക്കുന്ന ഈ ചാക്രികലേഖനം സഭയ്ക്ക് ഒരു മുതൽകൂട്ടാണ്.

## വിശുദ്ധ കുർബാനയും സഭാകൂട്ടായ്മയും

സഭ വി. കുർബാനയിൽ നിന്ന് തന്റെ ശക്തി സ്വീകരിക്കുന്നുവെന്ന സത്യം (30) സഭാരഹസ്യത്തിന്റെ ഹൃദയമാണ്. 'ഞാൻ ലോകാവസാനം വരെ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും' (മത്താ. 28:20) എന്ന കർത്താവിന്റെ വാഗ്ദാനത്തിന്റെ പൂർത്തീകരണം നാം വി. കുർബാനയിലൂടെ അനുഭവിച്ചറിയുന്നു. വി. മാമോദീസ വഴി സഭാമക്കളായിത്തീരുന്ന നാം മിശിഹായോട് ഏകീഭവിക്കുകയും തുടർന്ന് വി. കുർബാനവഴിയായി ഈ ബന്ധം സുദൃഢമാക്കുകയും ചെയ്യുന്നു. മിശിഹായോടുള്ള ഐക്യം വഴി സഭ മനുഷ്യകുലത്തിന് ഒരു കൂദാശയായി, മിശിഹാസ്ഥാപിച്ച രക്ഷയുടെ അടയാളവും ഉപകരണവുമായി, ലോകത്തിന്റെ പ്രകാശമായി, ഭൂമിയുടെ ഉപ്പായിത്തീർന്നിരിക്കുന്നു. സഭയുടെ ദൗത്യം മിശിഹായുടെ ദൗത്യത്തിന്റെ തുടർച്ചയാണ്. വി. കുർബാനയിൽ നിന്നുമാണ് സഭ ഈ ദൗത്യനിർവ്വഹണത്തിനാവശ്യമായ ശക്തി സ്വീകരിക്കുന്നത്. സഭയിലാണ് വി. കുർബാന അർപ്പിക്കപ്പെടുന്നത്. ഈ സഭ അപ്പസ്തോലന്മാരാകുന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്നു. ഈശോ വി. കുർബാന അപ്പോസ്തലന്മാരെ ഭരമേല്പ്പിക്കുകയും എന്റെ ഓർമ്മയ്ക്കായി ഇത് അനുഷ്ഠിക്കുവിൻ എന്ന് നിഷ്കർഷിക്കുകയും ചെയ്തു. ഇത് ഇന്നും അപ്പസ്തോലന്മാരുടെ പിൻഗാമികൾ വഴി സഭയിലൂടെ നമുക്ക് ലഭ്യമാകുന്നു. അപ്പസ്തോലിക പിൻതുടർച്ച ലഭിച്ച പുരോഹിതഗണത്തിൽപ്പെട്ടവർക്കു മാത്രമേ ദൈവജനത്തിനു വേണ്ടി ബലിയർപ്പിക്കാൻ അനുവാദമുള്ളൂ. ബലിയർപ്പണം അടിസ്ഥാനവും കേന്ദ്രവുമാകാതെ ഒരു ക്രൈസ്തവ കൂട്ടായ്മയും ബലപ്പെടുകയില്ല. അതിനാൽ വി. കുർബാനയോടുള്ള അവാച്യമായ താല്പര്യം

www.malankaralibrary.com

സമൂഹത്തിൽ സജീവമായി നിലനിർത്താൻ എല്ലാവർക്കും കടമയുണ്ട്.

## വിശുദ്ധ കുർബാന കാരുണ്യത്തിന്റെ മഹാരഹസ്യം

വി. കുർബാന ഒരു രഹസ്യമാണ്. വി. കുർബാനയുടെ രഹസ്യാത്മകതയെ സ്ഥിരീകരിക്കാൻ വി. യോഹന്നാന്റെ സുവിശേഷം 6-ാം അദ്ധ്യായം 35 മുതൽ 72 വരെയുള്ള വാക്യങ്ങളെ മുൻനിർത്തി മാർപാപ്പ ശ്രമിക്കുകയാണ്. വി. കുർബാനയെന്ന കൂദാശയെ ക്രിസ്തുവിന്റെ മൂന്ന് സുപ്രധാന രഹസ്യങ്ങളോട് ബന്ധിപ്പിക്കാം.

a) മനുഷ്യാവതാര രഹസ്യം

b) രക്ഷാകരബലിയുടെ രഹസ്യം

c) ഉത്ഥാന-സ്വർഗ്ഗാരോഹണ രഹസ്യം

ദിവ്യകാരുണ്യത്തിന്റെ യാഗാത്മകമായ ആഘോഷത്തിൽ പെസഹ രഹസ്യം യഥാർത്ഥത്തിൽ സന്നിഹിതമായിത്തീരുകയും, നമ്മുടെ രക്ഷാകരപ്രവർത്തി നിർവ്വഹിക്കപ്പെടുകയും ചെയ്യുന്നു (40). അതുകൊണ്ടാണ് മാർപാപ്പ വി. കുർബാനയെ 'മഹാരഹസ്യ'മെന്നും, 'കാരുണ്യത്തിന്റെ രഹസ്യ'മെന്നും വിളിക്കുന്നത് (41). വി. കുർബാനയുടെ രഹസ്യാത്മകമാനത്തിന് നൽകുന്ന ഈ ഊന്നൽ, ഈ കൂദാശയുടെ യാഥാർത്ഥ്യത്തെ വിശദീകരിക്കാനും അനുഭവിക്കാനും സഭയെ കൂടുതൽ ശക്തയാക്കും.

## വിശുദ്ധ കുർബാന ഐക്യത്തിന്റെ കൂദാശ.

ദിവ്യകാരുണ്യം ഐക്യത്തിന്റെ കൂദാശയാണ്. ഒരേ അപ്പത്തിൽ നിന്ന് ഭക്ഷിക്കുകയും ഒരേ പാത്രത്തിൽ നിന്ന് പാനം ചെയ്യുകയും ചെയ്യുമ്പോൾ നാം പരസ്പരം ഐക്യത്തിൽ വളരുന്നു. വി. കുർബാനയിലൂടെ നമ്മിലേക്ക് കടന്നുവന്ന യേശുവിനോടുള്ള ഐക്യം പരിശുദ്ധ ത്രിത്വത്തോടുള്ള നമ്മുടെ ഐക്യത്തിന് വഴിയൊരുക്കണം. ഈ ഐക്യം സഭയിലും സഭാമക്കൾ തമ്മിലും നിലനിർത്തേണ്ടതാണ്. ഇന്ന് ഈ ഐക്യം നിലനിർത്തേണ്ടത് പ്രാദേശിക സഭകൾ തമ്മിലും, സന്യാസസഭകൾ, ഇടവകകൾ, രൂപതകൾ, കൂടുംബങ്ങൾ തമ്മിലുമാണ്. കുടുംബങ്ങൾ ശിഥിലമായി പോകുന്നതിന്റെ കാരണങ്ങളിൽ പ്രധാനമായിട്ടുള്ള ഒരു വസ്തുത ഈ ഐക്യത്തിന്റെ അഭാവമാണ്.

www.malankaralibrary.com


ക്രൈസ്തവ ദമ്പതികൾ പരസ്പരം സ്നേഹത്തിലും വിശ്വസ്തത യിലും ഐക്യപ്പെട്ട് ജീവിക്കേണ്ടവരാണ്. കുടുംബങ്ങളിൽ ഐക്യ ത്തിന്റെ ചാലകശക്തിയായി വി. കുർബാന മാറണമെങ്കിൽ, കുടും ബാംഗങ്ങളുടെ സ്വതന്ത്രമായ സഹകരണവും പരിശ്രമവും വിശുദ്ധ മായ ജീവിതവും അനിവാര്യമാണ്. എങ്കിൽ മാത്രമേ, വി. കുർബാന യുടെ വരപ്രസാദം ലഭ്യമാകുകയുള്ളു.

**മറിയം വിശുദ്ധ കുർബാനയുടെ സ്ത്രീ**

വി. കുർബാനയെന്ന മഹത്തായ കൂദാശയുടെ ആഴങ്ങളിലേക്ക് നമ്മെ നയിക്കാൻ മറിയത്തിന് കഴിയും. എന്തെന്നാൽ അവൾക്ക് അതി നോട് അഗാധമായ ഒരു ബന്ധമുണ്ട്. മറിയം അവളുടെ ജീവിതത്തിന്റെ എല്ലാ നിമിഷങ്ങളിലും വി. കുർബാനയുടെ സ്ത്രീയായിരുന്നു. മറി യത്തെ തന്റെ മാതൃകയായി കാണുന്ന സഭ, അവൾക്ക് ഈ പരമ പരി ശുദ്ധ രഹസ്യത്തോടുള്ള ബന്ധത്തിന്റെ കാര്യത്തിലും അവളെ അനു കരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു (53). വി. കുർബാനയെക്കുറിച്ച് നമ്മെ പഠിപ്പിക്കാനും അതിലേക്ക് നമ്മെ കൂട്ടിക്കൊണ്ടു പോകാനും മറിയ ത്തിന് കഴിയുമെന്ന് വിശ്വസിച്ചതുകൊണ്ടാണ് മാർപാപ്പ മറിയത്തെ ഒരു പാഠശാലയോട് ഉപമിച്ചത്. മറിയം ഒരു പാഠശാലയാണ്. അവൾ തന്നെയാണ് അതിലെ അദ്ധ്യാപിക, യേശുവാണ് അവിടുത്തെ പാഠ്യ വിഷയം. യേശുവിനെ പൂർണമായി അറിയുകയും അവനെക്കുറിച്ച് വ്യക്തമായി പഠിപ്പിക്കാൻ കഴിയുകയും ചെയ്യുന്ന ഏക വ്യക്തി മറിയം തന്നെയാണ്. വി. കുർബാന സ്ഥാപനദിനമായ പെസഹ രാത്രിയിൽ മറിയം യേശുവിനോടൊപ്പം ഇല്ലായിരുന്നു, എന്നാൽ അതിന്റെ പൂർത്തീ കരണമായ കുരിശിലെ ബലിയിൽ മറിയം സന്നിഹിതയായിരുന്നു. തുടർന്ന് പെന്തിക്കോസ്തി ദിനത്തിൽ ആദിമ സഭാസമൂഹത്തോടൊപ്പം പ്രാർത്ഥിച്ചുകൊണ്ടിരുന്ന അപ്പസ്തോലന്മാരുടെ കൂടെ മറിയവും ഉണ്ടാ യിരുന്നു. വീണ്ടും ആദിമ സഭാസമൂഹം അർപ്പിച്ചിരുന്ന അപ്പം മുറി ക്കൽ കൂട്ടായ്മയിലും മറിയം സജീവ പങ്കാളിയായിരുന്നു (അപ്പ. 2:42).

പരിശുദ്ധാത്മാവിലൂടെ തന്നിൽ ഉരുവായ ദൈവപുത്രനെയും വഹിച്ച് യൂദായിലെ എലിസബത്തിന്റെ അടുക്കലേക്കുള്ള യാത്രയും അവിടെ വച്ചുണ്ടായ രംഗങ്ങളും അനുസ്മരിച്ചുകൊണ്ട് മാർപാപ്പ മറി യത്തെ 'ചരിത്രത്തിലെ ആദ്യസക്രാരി' (*First Tabernacle in the History*)

www.malankaralibrary.com

എന്ന് വിശേഷിപ്പിച്ചു (55). ദൈവം വസിക്കുന്ന പേടകമാണ് സക്രാരി. ദൈവപുത്രന് വസിക്കാൻ ചരിത്രത്തിൽ ആദ്യമായി ലഭിച്ച പേടകം മറിയത്തിന്റെ ഉദരമാണ്. അങ്ങനെ മറിയം ചരിത്രത്തിലെ ആദ്യസ ക്രാരിയായി. ഈ ആദ്യസക്രാരി ദൈവത്തെ വഹിക്കാൻ തക്കവിധം പരിശുദ്ധവും നിർമ്മലവുമായിരുന്നു. നിർമ്മലയായ മറിയം ഒരു ദൈവാ ലയം പോലെ വിശുദ്ധമായിരുന്നു. വി. കുർബാന സ്വീകരിക്കുകയും അത് വഹിച്ചുകൊണ്ട് ജീവിക്കുകയും ചെയ്യുന്ന നമ്മുടെ ജീവിതവും ദൈവാലയം പോലെ വിശുദ്ധമായിരിക്കണമെന്നും മറ്റുള്ളവർക്ക് പ്രകാശം ചൊരിയുന്ന വിളക്കുകളാകണമെന്നും മറ്റൊരു സക്രാരിയായി തീരണമെന്നും ഈ ചാക്രികലേഖനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

### 4.2. നാഥാ ഞങ്ങളോടൊത്തു വസിച്ചാലും (*Mane Nobiscum Domine*)

വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ ദിവ്യകാരുണ്യവർഷത്തിൽ (ഒക്ടോബർ 2004-ഒക്ടോബർ 2005) സഭയ്ക്ക് മുഴുവനായി എഴുതിയ അപ്പസ്തോലിക ലേഖനമാണ് ഇത്. വി. കുർബാനയെന്ന മഹാരഹ സ്യത്തിന്റെ ആത്മീയ ആഴങ്ങളിലേക്ക് നമ്മെ നയിക്കുന്നതും ലാളിത്യം കൊണ്ടും ആത്മീയ ഔന്നത്യം കൊണ്ടും ഏറെ ശ്രദ്ധയാകർഷിച്ചതു മായ ലേഖനമാണിത്. ഉപക്രമവും, ഉപസംഹാരവും കൂടാതെ നാല് അധ്യായങ്ങളിലായി 31 ഖണ്ഡികകളുള്ള ഹ്രസ്വമായ പ്രബോധനവു മാണിത്. വി. കുർബാനയുടെ ആത്മീയ ആഴങ്ങളിലേക്ക് നമ്മെ നയി ക്കാൻ ഈ അപ്പസ്തോലിക തിരുവെഴുത്തിന് കഴിയും.

#### വിശുദ്ധ കുർബാന പ്രകാശത്തിന്റെ രഹസ്യം

യേശു ലോകത്തിന്റെ പ്രകാശമാണ് (യോഹ. 8:12). ഈ പ്രകാശ ത്തിന്റെ മഹത്വം രൂപാന്തരീകരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും വ്യക്തമാക്കുന്നുണ്ട്. എന്നാൽ ക്രിസ്തുവിന്റെ മഹത്വം വി. കുർബാന യിൽ മറഞ്ഞിരിക്കുന്നതിനാൽ വി. കുർബാന ഒരു വിശ്വാസ രഹസ്യ മാണ്. അതായത് പ്രകാശത്തിന്റെ രഹസ്യമായി തീരുന്ന ക്രിസ്തു തന്നെ വി. കുർബാനയിൽ സന്നിഹിതനായിരിക്കുന്നതിനാൽ വി. കുർബാന പ്രകാശം തന്നെയാണ്. കാരണം വി. കുർബാനയിൽ രണ്ട് മേശകളിൽ നിന്നാണ് വിശ്വാസികൾ വെളിച്ചം സ്വീകരിക്കുന്നത് ഒന്ന് വചനത്തിന്റെ മേശയിൽ നിന്നും മറ്റൊന്ന് അപ്പത്തിന്റെ മേശയിൽ

www.malankaralibrary.com


നിന്നും. വചനത്തിൽ നിന്നുള്ള വെളിച്ചം വി. കുർബാനയുടെ ആദ്യ ഭാഗത്തു നിന്നും ലഭിക്കുന്നു. ഇത് വി. വചനത്തിൽ നിന്നു തന്നെ വ്യക്തമാണ്. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർക്ക് അപ്പം മുറിച്ച് നല്കുന്നതിനുമുമ്പ് വചനം വ്യാഖ്യാനിച്ച് നല്കുകയും അവരുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുകയും ചെയ്തിരുന്നു. വി. കുർബാനയിൽ നിന്ന് ഒരു വിശ്വാസിക്ക് വചന വെളിച്ചവും, യേശുവിന്റെ ശരീരരക്തങ്ങളിൽ നിന്നുള്ള വെളിച്ചവും ലഭിക്കുന്നതിനാൽ വി. കുർബാന ഒരു പ്രകാശമാണ്. ഈ ഒരു സത്യം രണ്ടാം വത്തിക്കാൻ കൗൺസിലിലെ ആരാധനാക്രമത്തെ സംബന്ധിച്ച പ്രമാണരേഖയിൽ വ്യക്തമാക്കുന്നുണ്ട് (SC). വചനത്തിന്റെ മേശയിൽ നിന്ന് വിശുദ്ധ ലിഖിതത്തിന്റെ അമൂല്യമായ നിധികൾ ലഭിക്കുന്നു. വചനത്തിലൂടെ ഓരോരുത്തർക്കും എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരെപ്പോലെ ക്രിസ്തുവിനെ ദർശിക്കാനും കേൾക്കാനുമുള്ള അവസരം കൈവരുന്നു.

വി. കുർബാന ഒരേ സമയം വിരുന്നും ബലിയുമാണ്. കാരണം പെസഹാ ഭോജനത്തിന്റെ പശ്ചാത്തലത്തിലാണ് വി. കുർബാന സ്ഥാപിച്ചത് കൂടാതെ ക്രിസ്തുതന്നെ അരുളിചെയ്തു 'നിങ്ങൾ ഇത് വാങ്ങി ഭക്ഷിക്കുവിൻ, പാനം ചെയ്യുവിൻ' അതിനാൽ വി. കുർബാനയുടെ പ്രധാനപ്പെട്ട ഭാവമാണ് വിരുന്ന്. ഇതിലൂടെ പ്രകാശിപ്പിക്കപ്പെടുന്നത് വിശ്വാസികളുടെ പരസ്പര കൂട്ടായ്മയാണ്. വി. കുർബാന എന്ന ബലിയിലൂടെ ക്രിസ്തു ഗോഗുൽത്തായിൽ അർപ്പിച്ച ബലി നവമായ വിധത്തിൽ നമുക്ക് ഇന്ന് സന്നിഹിതമാകുന്നു. അതായത് ഭൂത, വർത്തമാന, ഭാവി കാലത്തേയ്ക്ക് ഒരു പോലെ കടന്ന് പോകാൻ ബലിയാകുന്ന വി. കുർബാന നമ്മെ സഹായിക്കുന്നു.

വി. കുർബാനയിൽ കർത്താവിന്റെ സാന്നിദ്ധ്യം പൂർണമായും ഉണ്ട്. സഭ വ്യക്തമായി പഠിപ്പിക്കുന്നത് ഇങ്ങനെയാണ്: "വി. കുർബാനയിൽ ക്രിസ്തു തന്റെ ശരീര രക്തങ്ങളുടെ യാഥാർത്ഥ്യത്തിലും സത്തയിലും മുഴുവനായും സമ്പൂർണമായും സന്നിഹിതനായിരിക്കുന്നു." വി. കുർബാനയെ സമീപിക്കേണ്ടത് ക്രിസ്തുവിനെ സമീപിക്കുന്നു എന്ന ബോധ്യത്തോടെയാണ്. ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിന്റെ ഒരു രഹസ്യം തന്നെയാണ് വി. കുർബാന. കൂടാതെ, അവസാനകാലത്തോളം കൂടെ ഉണ്ട് എന്ന് വാഗ്ദാനത്തിന്റെ പൂർത്തീകരണം കൂടി

www.malankaralibrary.com

യാണ്. മഹാരഹസ്യമായ വി. കുർബാനയുടെ അർത്ഥവും, മഹത്വവും, ഓരോ ക്രിയകളും മനസ്സിലാക്കി വേണം വി. കുർബാന അർപ്പിക്കേണ്ടത്. കാരണം ഓരോ കർമ്മത്തിലൂടെയും ക്രിസ്തുവിന്റെ സാന്നിദ്ധ്യം വിശ്വാസികൾക്ക് ബോധ്യമാക്കി നല്കണമെന്ന് പിതാവ് വ്യക്തമായി പഠിപ്പിക്കുന്നുണ്ട്.

## വിശുദ്ധ കുർബാന ഐക്യത്തിന്റെ കൂദാശ

ഓരോ വി. കുർബാനയിലും ക്രിസ്തു നമ്മെ ക്ഷണിക്കുന്നത് അവനോട് ഐക്യത്തിലായിരിത്തീരാനാണ്. വി. കുർബാനയായി ക്രിസ്തു നമ്മുടെ ഉള്ളിൽ വസിക്കുമ്പോൾ സ്വർഗ്ഗത്തിൽ അനുഭവിക്കുന്ന ഐക്യത്തിന്റെ മുൻ ആസ്വാദനം ഭൂമിയിൽ വച്ച് നമുക്ക് അനുഭവിക്കാൻ സാധിക്കുന്നു. മനുഷ്യ ചരിത്രത്തിലുടനീളം ദൈവവുമായി ഐക്യപ്പെടാൻ ഉള്ള വിശപ്പ് മനുഷ്യ ഹൃദയങ്ങളിൽ ദൈവം തന്നെ നിക്ഷേപിച്ചിട്ടുണ്ട്. ഈ വിശപ്പ് ശമിപ്പിക്കാൻ സാധിക്കുന്നത് ദിവ്യകാരുണ്യ ഐക്യത്തിലൂടെയാണ്. എങ്കിലും ദിവ്യകാരുണ്യ ഐക്യത്തിലൂടെയുള്ള ഈ ബന്ധം നമുക്ക് മനസിലാക്കാനും അനുഭവിക്കാനും സാധിക്കുന്നത് സഭാ കൂട്ടായ്മയിൽ നിന്നുമാത്രമാണ്. കാരണം സഭ ക്രിസ്തുവിന്റെ ശരീരമാണ്. അതാണ് വി. പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നത് “അപ്പം ഒന്നേയുള്ളു അതിനാൽ പലരായിരിക്കുന്ന നാം ഒരു ശരീരമാണ്. എന്തെന്നാൽ ഒരേ അപ്പത്തിൽ നാം ഭാഗഭാക്കുകളാണ് (1 കോറി. 10:17). ഓരോ വി. കുർബാനയിലും സഭ മുഴുവനുമാണ് പങ്കുചേരുന്നത്. അതായത് ഓരോ വിശ്വാസിയും സഭാ ഐക്യത്തോട് ചേർന്ന് നിന്ന് കർത്താവിന്റെ ബലിയിൽ പങ്കുചേരുന്നു. അതിനാൽ സഭയ്ക്ക് പുറത്ത് നിന്ന് ഈ ഐക്യത്തിലേക്ക് പ്രവേശിക്കാൻ സാധിക്കുകയില്ല. അതിനാൽ വി. കുർബാന സഭയുടെ കൂട്ടായ്മയുടെ ഉറവിടവും അതിന്റെ മഹത്തായ പ്രകാശനവുമാണ്.

## വിശുദ്ധ കുർബാനയിൽ നിന്ന് പ്രേഷിത ദൗത്യത്തിലേക്ക്

ഓരോ വി. കുർബാനയും പ്രേഷിതദൗത്യത്തിലേക്ക് നമ്മെ ക്ഷണിക്കുന്നു. വി. കുർബാനയിലൂടെ അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനെ മറ്റുള്ളവർക്കായി പങ്കു വയ്ക്കാനുള്ള ആഹ്വാനമാണ് നമ്മെ ഭരമേൽപ്പിച്ചിരിക്കുന്നത്. വി. കുർബാനയിലൂടെ കണ്ടുമുട്ടുന്ന, ഐക്യത്തിലാകുന്ന ഉത്ഥിതനെ പങ്കുവയ്ക്കാതിരിക്കാൻ നമുക്ക് ഒരിക്കലുമാകില്ല. ഈ

www.malankaralibrary.com


ദൗത്യം ഏല്പിച്ചുകൊണ്ടാണ് വി. കുർബാനയുടെ സമാപനത്തിൽ വിശ്വാസികളെ പറഞ്ഞയയ്ക്കുന്നത്. വി. കുർബാനയിൽ ഒരുവൻ പങ്കു ചേരുമ്പോൾ ഒരു പ്രേഷിതനാകാനുള്ള വിളിയും അതിൽ അടങ്ങിയിരിക്കുന്നു. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരുടെ ജീവിതത്തിലും ഈ അനുഭവമാണുണ്ടായത്. അറിഞ്ഞ ക്രിസ്തുവിനെ പങ്കുവയ്ക്കാതിരിക്കാൻ അവർക്കായില്ല. അവർ കണ്ടതും കേട്ടതുമായ കാര്യങ്ങൾ അറിയിക്കുന്നതിനായി തിടുക്കത്തിൽ തിരിച്ചുപോയി (ലൂക്കാ. 24:33). അതിനാൽ വി. കുർബാന പ്രേഷിത ദൗത്യത്തിനുള്ള ശക്തിയും ആരംഭവുമാണ്. വി. കുർബാനയിൽ നിന്നുവേണം നമ്മുടെ പ്രേഷിത പ്രവർത്തനം ആരംഭിക്കേണ്ടത്. ഈ പ്രേഷിത പ്രവർത്തനത്തിലൂടെ എല്ലാ മനുഷ്യരുമായുള്ള ഒരു ഐക്യത്തിലേക്ക് വരുകയും അതുവഴി സഭ, ദൈവത്തോടുള്ള ബന്ധത്തിന്റെ മാത്രമല്ല മനുഷ്യവംശത്തിന്റെ മുഴുവൻ ഐക്യത്തിന്റെയും ഒരടയാളവും ഉപകരണവുമാണെന്ന അവബോധം നിരന്തരം നവീകരിക്കപ്പെടുകയാണു ചെയ്യുന്നത് (27). അതുവഴി വി. കുർബാനയ്ക്ക് സാർവ്വത്രികമായ സ്വഭാവം കൈവരുന്നു.

### 4.3. രക്ഷയുടെ കൂദാശ (*Redemptionis Sacramentum*)

സ്വർഗ്ഗീയ ആരാധനയുടെ മുന്നാസ്വാദനമാണ് ഭൗമികരായ വിശ്വാസികൾ അർപ്പിക്കുന്ന ആരാധന. ആരാധനയുടെയും ആരാധനക്രമത്തിന്റെയും സമഗ്രതയെ ചൂണ്ടികാട്ടിക്കൊണ്ട് 2004 മാർച്ച് മാസം 24-ാം തീയതി പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ നിർദ്ദേശാനുസരണം വത്തിക്കാൻ കാര്യാലയം പുറപ്പെടുവിച്ച നിർദ്ദേശരേഖയാണിത്. സഭ നിഷ്കർഷിക്കുന്ന രീതിയിൽ ആരാധനക്രമം പരികർമ്മം ചെയ്യണമെന്നും ലളിതമായ കാര്യങ്ങളിൽ പോലും വളരെ സൂക്ഷ്മത ആവശ്യമുണ്ടെന്നും മാർപാപ്പ ഈ രേഖയിലൂടെ വ്യക്തമാക്കുന്നു: "വി. കുർബാന അർപ്പണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വലിയ വിശ്വസ്തതയോടെ പാലിക്കപ്പെടണമെന്ന് അടിയന്തരമായി അഭ്യർത്ഥിക്കേണ്ടത് എന്റെ കടമയാണെന്ന് ഞാൻ കരുതുന്നു." ആരാധനക്രമം ആരുടെയും സ്വകാര്യസ്വത്തല്ലെന്നും, വി. കുർബാന അർപ്പിക്കുന്ന വൈദികരും വി. കുർബാനയിൽ പങ്കെടുക്കുന്ന സമൂഹവും ആരാധനക്രമ നിബന്ധനകൾ അനുസരിച്ച് വി. കുർബാനയിൽ പങ്കുചേരണമെന്നും അതിലൂടെ അവർ അവരുടെ സഭാ സ്നേഹം നിശബ്ദമായി എന്നാൽ,

www.malankaralibrary.com

വാചാലമായി പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത് (52). അതേസമയം തന്നെ മാർപാപ്പ പറയുന്നു: "സഭയുടെ നിബന്ധനകൾ അക്ഷരംപ്രതി പാലിച്ചതുകൊണ്ടുമാത്രം ആരാധനക്രമാനുഷ്ഠാനങ്ങൾ അർത്ഥവത്താകുന്നുവെന്ന് കരുതരുത്. മറിച്ച്, ബാഹ്യമായ നിബന്ധനകളുടെ പാലനത്തോടൊപ്പം ഹൃദയംഗമായ ചൈതന്യവും ചേർന്നുപോകണം" (5). അപ്പോഴാണ് ആരാധനക്രമം അർത്ഥപൂർണമാകുന്നത്. 'നല്ല തത്ത്വങ്ങളിൽ അധിഷ്ഠിതമായിരിക്കും നല്ല പ്രവർത്തനരീതികൾ' (10). അതുകൊണ്ട് ആരാധനക്രമത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ പാലിക്കാൻ നാം കടപ്പെട്ടിരിക്കുന്നു. ഇപ്രകാരം വി. കുർബാന അർപ്പിക്കപ്പെടുമ്പോഴും അതിൽ പങ്കുചേരുമ്പോഴും നാം ശ്രദ്ധിക്കേണ്ട ലളിതവും എന്നാൽ പ്രധാനപ്പെട്ടതുമായ കാര്യങ്ങളെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകൾ ഈ നിർദ്ദേശകരേഖയെ വ്യത്യസ്തമാക്കുന്നു.

### വിശുദ്ധ കുർബാനയും വൈദികരും

സഭ നല്കിയിരിക്കുന്ന ആരാധനക്രമം ഏറ്റവും വിശ്വസ്തതയോടെ അനുഷ്ഠിക്കാനും അവർണ്ണനീയമായ പെസഹാരഹസ്യങ്ങളിലേക്ക് വിശ്വാസികളുടെ ശ്രദ്ധതിരിക്കാനും വൈദികർ ശ്രദ്ധിക്കണം. അതിന് ആരാധാനക്രമത്തെക്കുറിച്ചുള്ള തങ്ങളുടെ അറിവ് വർദ്ധിപ്പിക്കാൻ വൈദികർ ശ്രദ്ധിക്കണം (30, 31). കൂദാശകളിലൂടെ വിശ്വാസികൾക്ക് ആവശ്യമായ ആത്മീയഭോജനം ലഭ്യമാക്കാനും ഇടവകാംഗങ്ങളെ ക്രൈസ്തവ ജീവിതത്തിന്റെ കേന്ദ്രബിന്ദുവായ വി. കുർബാനയിലേക്ക് ആകർഷിക്കാനും വൈദികർ ശ്രദ്ധിക്കണം. യേശുവിന്റെ ശുശ്രൂഷ പൗരോഹിത്യത്തിൽ പങ്കുപറ്റുന്ന വൈദികർ ആവശ്യമായ സാഹചര്യങ്ങളിൽ ഒരുമിച്ച് സമൂഹബലി (*Concelebration*) അർപ്പിക്കുന്നത് ശ്ലാഘനീയമാണ്. ഇത്തരം സന്ദർഭങ്ങളിൽ പ്രാർത്ഥനകൾ വൈദികർ മാറിമാറി ചൊല്ലണമെന്നും, നിഷ്കർഷിച്ചിരിക്കുന്ന അംശവസ്ത്രങ്ങൾ ധരിക്കണമെന്നും ഈ പ്രമാണരേഖ ഓർമ്മപ്പെടുത്തുന്നു.

### വിശുദ്ധ കുർബാനയും വിശ്വാസികളും

വി. കുർബാനയിലുള്ള വിശ്വാസികളുടെ ഭാഗഭാഗിത്വത്തെക്കുറിച്ച് കൃത്യമായ അവബോധം വിശ്വാസികൾക്കുണ്ടാകണം. ആഘോഷിക്കപ്പെടുന്ന ദിവ്യരഹസ്യങ്ങളിലുള്ള ഉൾച്ചേരലും വചനത്തിലുള്ള ആഴപ്പെടലുമാണ് സജീവ ഭാഗഭാഗിത്വത്തിന്റെ കാതൽ (39). വി. കുർബാന

www.malankaralibrary.com


ബലിയും വിരുന്നുമാണെന്നും ബലിയുടെ പ്രാധാന്യം പരിമിതപ്പെടുത്തി വി. കുർബാനയെ വിരുന്നുമാത്രമായി പരിഗണിക്കുന്ന സമീപനം ഒട്ടും സ്വീകാര്യമല്ലെന്നുമുള്ള സത്യം വിശ്വാസികൾ മനസ്സിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ് (38).

മാമോദീസായിലൂടെ എല്ലാ ക്രൈസ്തവരും ക്രിസ്തുവിന്റെ പൊതുപൗരോഹിത്യത്തിൽ പങ്കുകാരാകുന്നു. വൈദികരാകട്ടെ, പൗരോഹിത്യകൂദാശയിലൂടെ ക്രിസ്തുവിന്റെ ശുശ്രൂഷാപൗരോഹിത്യത്തിലും പങ്കുപറ്റുന്നു. ഈ രണ്ട് പൗരോഹിത്യവും ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ നിന്ന് ഉത്ഭവിക്കുന്നു. എന്നാൽ അവ ഒന്നുതന്നെയാണെന്നും ബലി അർപ്പിക്കുമ്പോൾ വൈദികനും ജനങ്ങളും ഒരേ അർത്ഥത്തിലാണ് പൗരോഹിത്യശുശ്രൂഷ നിർവ്വഹിക്കുന്നതെന്നുമുള്ള ചിന്ത വിശ്വാസികളിൽ ചിലരുടെ മനസ്സിൽ കടന്നുകൂടിയിട്ടുണ്ടെന്നും അവ ശരിയല്ലെന്നും നാം മനസ്സിലാക്കണം.

അനുദിനമുള്ള വി. കുർബാന സ്വീകരണത്തെപ്പറ്റിയും സ്വീകരിക്കേണ്ടുന്ന രീതിയെപ്പറ്റിയും ഈ രേഖ ഇപ്രകാരം ഓർമ്മപ്പെടുത്തുന്നു. പൊതുവേ, വിശ്വാസികൾ ദിവസത്തിൽ ഒരുതവണ ദിവ്യകാരുണ്യം സ്വീകരിക്കുന്നതാണ് ഉചിതം. അതുപോലെ തന്നെ. വിശ്വാസികൾക്ക് പൂജാപാത്രത്തിൽ നിന്ന് (കാസാ, പീലാസ, കുസ്തോതി) വി. കുർബാന സ്വയം എടുത്ത് സ്വീകരിക്കാൻ അനുവാദമില്ല (94). പൗരസ്ത്യസഭകളിൽ ഇരുസാദൃശ്യങ്ങളിൽ ദിവ്യകാരുണ്യം നൽകുമ്പോൾ അവ നാവിൽ മാത്രമേ നല്കാവൂ എന്ന് ഈ രേഖ അനുശാസിക്കുന്നു (103). എന്നാൽ പാശ്ചാത്യസഭകളിൽ തിരുശരീരം മാത്രമേ സാധാരണ നല്കാറുള്ളൂ. ഈ സാഹചര്യത്തിൽ ദിവ്യകാരുണ്യം വിശ്വാസിയുടെ കൈകളിൽ നല്കുന്നു. കൈകളിൽ നല്കിയ ദിവ്യകാരുണ്യം വൈദികന്റെ മുന്നിൽ വച്ചുതന്നെ ഉൾക്കൊള്ളേണ്ടതാണ് (92). അതുപോലെ തന്നെ, വൈദികനോ, ഡീക്കനോ കൂടാതെ സഭ അനുവാദം നല്കിയിട്ടുള്ള അസാധാരണ ശുശ്രൂഷികൾക്ക് മാത്രമേ വി. കുർബാന വിതരണം ചെയ്യുവാൻ അനുവാദമുള്ളൂ.

## ബലി അർപ്പണത്തിൽ ശ്രദ്ധിക്കേണ്ട മറ്റ് കാര്യങ്ങൾ

**അപ്പവും വീഞ്ഞും :** ശുദ്ധമായ ഗോതമ്പുകൊണ്ടുണ്ടാക്കുന്ന അപ്പവും മുന്തിരിയിൽ നിന്നുള്ള വീഞ്ഞും മാത്രമേ കുർബാനയ്ക്ക് ഉപയോഗിക്കാവു (48, 50).

www.malankaralibrary.com

**കാഴ്ച സമർപ്പണം :** വി. കുർബാനയിൽ കാഴ്ചവസ്തുക്കളായ അപ്പത്തിനും വീഞ്ഞിനുമൊപ്പം മറ്റ് സാധനങ്ങൾ കാഴ്ചയായി കൊണ്ടു വരാവുന്നതാണ്. കാരണം അവ മറ്റുള്ളവർക്ക് ദാനം ചെയ്യാനുള്ള കാഴ്ചകളാകയാൽ ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും പ്രതീകങ്ങളാണ് (70).

**വചനവായനകൾ, വ്യാഖ്യാനം :** ഓരോ ദിവസത്തേക്കും പ്രത്യേകമായി സഭ നിശ്ചയിച്ചിരിക്കുന്ന വി. ഗ്രന്ഥവായനകൾക്ക് പകരം മറ്റ് വായനകൾ വായിക്കാൻ അനുവാദമില്ല. വി. കുർബാന മദ്ധ്യേയുള്ള സുവിശേഷ പ്രഘോഷണം പ്രധാനകാർമ്മികനോ, ആവശ്യമെങ്കിൽ സഹകകാർമ്മികനോ, ഡീക്കനോ നിർവ്വഹിക്കാം, മറ്റ് ആർക്കും ഈ സമയം വചനം വ്യാഖ്യാനിക്കാൻ അനുവാദമില്ല (64, 66).

**സമാധാനാശംസ** :- സമാധാനം നൽകുന്നതിനായി കാർമ്മികൻ ബലിവേദിയിൽ നിന്ന് പുറത്തേക്ക് വരുന്നതിനെ സഭ പ്രോത്സാഹിപ്പിക്കുന്നില്ല (72).

**ദിവ്യകാരുണ്യ സ്വീകരണം** :- സഭയുടെ പാരമ്പര്യമനുസരിച്ച്, സാഹചര്യത്തിനൊത്തവണ്ണം ദിവ്യകാരുണ്യം കൈകളിലോ നാവിലോ നൽകാം (92).

**വിശുദ്ധ കുർബാനയുടെ ആരാധന** :- വി. കുർബാന അർപ്പണം കൂടാതെ, തിരുവോസ്തിയിലെ യേശു സാന്നിദ്ധ്യത്തെ ആരാധിക്കുന്ന രീതി ശ്ലാഘനീയമാണെന്നും (134) വി. കുർബാന എഴുന്നള്ളിച്ച് വച്ച് ജപമാല ചൊല്ലുന്നത് സ്വീകാര്യമാണെന്നും ഈ നിർദ്ദേശരേഖ പ്രസ്താവിക്കുന്നു (137).

**വിശുദ്ധ കുർബാനയും കുമ്പസാരവും** :- വി. കുർബാനയോട് ചേർത്ത് കുമ്പസാരമെന്ന കൂദാശ (ഒരൊറ്റ ശുശ്രൂഷയായി) നടത്തുന്നത് അനുവദനീയമല്ല. അതേ സമയം, വി. കുർബാനയുടെ സമയത്ത് മറ്റ് വൈദികരാരെങ്കിലും ഉണ്ടെങ്കിൽ കുമ്പസാരം കേൾക്കാം, അത്യാവശ്യ സാഹചര്യങ്ങളിൽ മാത്രം. ഇപ്രകാരം ചെയ്യേണ്ടി വന്നാൽ ഏറ്റവും ഉചിതമായ വിധത്തിൽ വേണം വി. കുമ്പസാരം ക്രമീകരിക്കേണ്ടത് (76).

ലിറ്റർജി സഭയുടെ സ്വത്താണ്. അത് സംരക്ഷിക്കുന്നതിനുള്ള കടമ എല്ലാ സഭാമക്കൾക്കുമുണ്ട്. അതുകൊണ്ട് ആരാധനാക്രമാനുഷ്ഠാന

www.malankaralibrary.com


ങ്ങളുടെ കാര്യത്തിൽ അനുചിതമല്ലാത്ത വിട്ടുവീഴ്ചയ്ക്ക് പ്രസക്തി യില്ല. വിശ്വാസികളുടെ ആരാധനജീവിതം കൂടുതൽ സജീവമാക്കാൻ ഉതകുന്ന രീതിയിലുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്ന ഈ നിർദ്ദേശകരേഖ സഭയ്ക്ക് ഒരു മുതൽകൂട്ടാണ്.

### 4.4. സ്നേഹത്തിന്റെ കൂദാശ (*Sacramentum Caritatis*)

പരിശുദ്ധ ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ 2005-ൽ നടന്ന സിനഡിനെത്തുടർന്ന് 2006 ഫെബ്രുവരി 22-ന് പത്രോസിന്റെ തിരു സിംഹാസനത്തിരുന്നാളിൽ ലോകത്തിന് നൽകിയ അപ്പസ്തോലിക പ്രബോധനമാണ് 'സ്നേഹത്തിന്റെ കൂദാശ' (*Sacrament of Love*). ദൈവശാസ്ത്രപരമായ ചിന്തകളാൽ ഔന്നത്യം നേടിയ ഈ പ്രബോ ധനത്തിന്റെ മൂന്ന് ഭാഗങ്ങളും ഏറെ ശ്രദ്ധയാകർഷിച്ചതാണ്. സഭയെ രൂപപ്പെടുത്തുകയും പടുത്തുയർത്തുകയും ചെയ്യുന്ന വി. കുർബാന നമ്മൾ വിശ്വസിക്കേണ്ടതും ആഘോഷിക്കേണ്ടതുമായ മഹാരഹസ്യ മാണെന്നും, ദൈവത്തിന്റെ അനന്തസ്നേഹം വെളിപ്പെടുത്തിത്തരുന്ന ഈ കൂദാശ നമ്മൾ ആശ്ചര്യത്തോടെ നോക്കിക്കാണേണ്ട യാഥാർത്ഥ്യ മാണെന്നുമുള്ള കാഴ്ചപ്പാടുകളിലേക്ക് ഈ തിരുവെഴുത്ത് നമ്മെ ക്ഷണി ക്കുന്നു.

### വിശുദ്ധ കുർബാന: ഐക്യത്തിന്റെ രഹസ്യവും അഭേദ്യമായ ബന്ധത്തിന്റെ ഉറവിടവും

പിതാവായ ദൈവത്തിന്റെ അനന്തമായ സ്നേഹം മനുഷ്യവംശ ത്തിന് യേശുക്രിസ്തുവിനാൽ സമ്മാനിക്കപ്പെട്ട അതിശ്രേഷ്ഠമായ കൂദാശയാണ് വി. കുർബാന. ദൈവത്തിന്റെ ഛായയിലും സാദൃശ്യ ത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ സന്തതസഹചാരിയായി അവ നോടൊപ്പം വസിക്കാൻ അനുദിനം അവൻ അൾത്താരയിൽ ബലി യർപ്പിക്കപ്പെടുന്നു. ഈ ബലിയർപ്പണം വഴി ഈശോ നമ്മെ ഓരോ രുത്തരെയും അവന്റെ മണിക്കൂറിലേക്ക് ക്ഷണിക്കുകയും ഓരോരു ത്തരെയും അവനുമായുള്ള അഭേദ്യമായ ബന്ധത്തിലേക്കും ഐക്യ ത്തിലേക്കും കൊണ്ടുവരുകയും ചെയ്യുന്നു. വി. കുർബാന സഭയുടെ ആഴത്തിലുള്ള വേരും ഐക്യത്തിന്റെ രഹസ്യവുമാണ്. വി. അഗസ്റ്റിൻ വി. കുർബാനയെപ്പറ്റി ഇപ്രകാരം നമ്മെ ഉദ്ബോധിപ്പിക്കുന്നു: "അൾത്താരയിൽ കാണപ്പെടുന്ന വചനത്താൽ വിശുദ്ധീകരിക്കപ്പെടുന്ന

www.malankaralibrary.com

അപ്പം ഈശോയുടെ തിരുശരീരമാണ്. കാസായിലെ രക്തം ഈശോയുടെ തിരുരക്തമാണ്." ഇവയിലൂടെ ഈശോ തന്നെതന്നെ വിഭജിച്ച് നമ്മുടെ പാപമോചനത്തിനായി നൽകുന്നു. ഇതുമൂലം കർത്താവായ ഈശോയും മനുഷ്യനും തമ്മിൽ സുദൃഢമായ ഒരു ബന്ധം സ്ഥാപിക്കപ്പെടുന്നു. ഈ ഒരു ബന്ധത്തെക്കുറിച്ചുള്ള പൂർണ്ണമായ ബോധ്യത്തിലെത്തിയ ഒരാൾക്കെ വി. കുർബാനയിലുള്ള സജീവ പങ്കാളിത്തത്തിന് കഴിയുകയുള്ളൂ. ഇവിടെ പങ്കാളിത്തം വെറും കാഴ്ചയല്ല മറിച്ച് ഉൾച്ചേരലാണ്. ദൈവത്തിന്റെ ഈ രഹസ്യാത്മകമായ പ്രവർത്തിയെക്കുറിച്ച് നാം ധ്യാനിക്കേണ്ടിയിരിക്കുന്നു.

### വിശുദ്ധ കുർബാന: സുവിശേഷ പ്രഘോഷണത്തിന്റെ ശക്തിയും ഊർജ്ജവും

വി. കുർബാനയുടെ അർപ്പണവും ആരാധനയും നമ്മെ ദൈവസ്നേഹത്തിലേക്ക് കൂടുതൽ അടുപ്പിക്കുന്നു. വി. കുർബാനയിലൂടെ നാം അനുഭവിക്കുന്ന ദൈവസ്നേഹം നമ്മിൽ തന്നെ ഒതുക്കി നിർത്താതെ അതിന്റെ സ്വഭാവത്തിൽ തന്നെ അത് മറ്റുള്ളവരുമായി പങ്കുവയ്ക്കണം. അങ്ങനെ ഇന്നത്തെ ലോകത്തിന് ദൈവസ്നേഹം എന്താണെന്ന് നാം കാട്ടിക്കൊടുക്കണം. വി. കുർബാനയിലൂടെ ലോകരക്ഷകനായ യേശുക്രിസ്തുവിനെ അനുഭവിച്ചറിയുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്ന നാം അവനെ മറ്റുള്ളവർക്ക് നൽകണം. അതിനുള്ള ഊർജ്ജവും ശക്തിയും വി. കുർബാനയിലൂടെ നമുക്ക് ലഭിക്കും. അതായത് വി. കുർബാന മിഷൻ പ്രവർത്തനങ്ങളുടെ ശക്തികേന്ദ്രവും സുവിശേഷീകരണത്തിന്റെ ഊർജ്ജവുമാണ്. ഇപ്രകാരം പൂർണ്ണമായ ബോധ്യത്തോടെ നമ്മുക്ക് നമ്മുടെ സഹോദരീ സഹോദരന്മാരോട് പറയാൻ സാധിക്കണം: "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത് നിങ്ങളെയും ഞങ്ങൾ അറിയിക്കുന്നു" (1 യോഹ. 1:3). യേശുവിനെ അറിയുന്നതും അവനെ മറ്റുള്ളവർക്ക് പകർന്നുകൊടുക്കുന്നതും ഈ ലോകത്തിലെ ഏറ്റവും സൗന്ദര്യം നിറഞ്ഞ കാര്യമായി നാം കണക്കാക്കണം (84).

### വിശുദ്ധ കുർബാന: സഭയുടെ ശക്തിയും സ്രോതസ്സും

മനുഷ്യരാശിക്ക് സ്നേഹത്തിന്റെയും സത്യത്തിന്റെയും ഭക്ഷണമായിത്തീർന്ന ഈശോ ഇപ്രകാരം പറയുന്നു: "ആരെങ്കിലും ഈ അപ്പം

www.malankaralibrary.com


ഭക്ഷിക്കുന്നുവെങ്കിൽ അവൻ എന്നേക്കും ജീവിക്കും" (യോഹ. 6:51). ഈശോയുടെ ഈ വാക്കുകൾ വി. കുർബാനയുടെ യഥാർത്ഥ ശക്തി വെളിപ്പെടുത്തുകയും ഒരു ക്രിസ്ത്യാനി എന്ന നിലയിൽ അത് നമ്മിൽ സംലഭ്യമാക്കുന്ന പുതുജീവനെക്കുറിച്ച് ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. യേശുക്രിസ്തുവിന്റെ ശരീരവും രക്തവും ഭക്ഷിക്കുന്നതുവഴിയായി കൂടുതൽ പക്വമായ രീതിയിൽ നാം നിത്യജീവനിൽ പങ്കുകാരാകുന്നു. ഓരോ ദിവ്യബലി അർപ്പണവും സഭയുടെ ശക്തിയും സ്രോതസുമായി നിലകൊള്ളുന്നു (14). കത്തോലിക്കാ സഭയുടെ വിശ്വാസമനുസരിച്ച് വി. കുർബാന യേശുവിന്റെ ബലിയർപ്പണവും സഭയുടെ ബലിയർപ്പണവും, ദൈവജനം മുഴുവന്റെയും ബലിയർപ്പണവുമാണ്. ഈ അർത്ഥത്തിൽ ക്രിസ്തുവിന്റെ മണവാട്ടിയായ സഭ തന്റെ ശക്തി മുഴുവൻ സ്വീകരിക്കുന്നത് വി.കുർബാനയിലൂടെയാണ്.

### വിശുദ്ധ കുർബാന: ആത്മീയതയുടെ ഉറവിടം

വി. കുർബാനയുടെ ആത്മീയത എന്നാൽ അതിലുള്ള പങ്കാളിത്തവും അതിനോടുള്ള ഭക്തിയും മാത്രമല്ല. മറിച്ച് അത് മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും സമന്വയിക്കപ്പെടണം. ബലിയർപ്പണം ഓരോ ക്രിസ്ത്യാനിയെയും കൂടുതൽ വിശുദ്ധിയിലേക്ക് വളരുവാൻ പ്രേരിപ്പിക്കുകയും അനുദിന ജീവിതത്തിലൂടെ അത് മറ്റുള്ളവർക്കു കൂടി പങ്കുവച്ച് നൽകുവാൻ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു (82). ബലിയർപ്പണം ഒരുവന് ധാർമ്മികമായ ശക്തി പകരുകയും ദൈവമക്കളായിത്തീരുവാൻ പൂർണ്ണസ്വാതന്ത്ര്യം നൽകുകയും ചെയ്യുന്നു. ഇതിലൂടെ ഒരു വ്യക്തി ഉപവിയുടെ പ്രവർത്തനങ്ങളിലേക്ക് നയിക്കപ്പെടുകയും ചെയ്യുന്നു. ഈ ഒരു സത്യം സക്കേവൂസിന്റെ ജീവിതത്തിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഈശോ അവന്റെ ജീവിതത്തിലേക്ക് കടന്നുവന്നപ്പോൾ അവന് പൂർണ്ണമായി ഒരു മാറ്റം ഉണ്ടായി (ലൂക്കാ. 19:1-10). അവൻ തന്റെ സ്വത്തിന്റെ പകുതി ദരിദ്രർക്കായി വീതിച്ചുകൊടുത്തു. അങ്ങനെ അവന്റെ ജീവിതം ഉപവിയുടെ പ്രവർത്തികളാൽ ധന്യമായി (82). വി. കുർബാനയിലൂടെ ക്രിസ്തു നമ്മിലേക്ക് കടന്നുവരുമ്പോൾ നമ്മുടെ ആത്മീയ ജീവിതത്തിലും ധാർമ്മിക ജീവിതത്തിലും സ്ഥായിയായ മാറ്റങ്ങൾക്ക് കാരണമാകും. അതിന് നാം നമ്മെത്തന്നെ വിധേയപ്പെടുത്തേണ്ടിയിരിക്കുന്നു.

www.malankaralibrary.com

## ഉപസംഹാരം

കാരുണ്യത്തിന്റെ മഹാരഹസ്യവും സ്നേഹത്തിന്റെയും ഐക്യത്തിന്റെയും കൂദാശയുമായ വി. കുർബാന നമ്മുടെ കുടുംബങ്ങളിൽ ഐക്യത്തിന്റെ ചാലകശക്തിയായി മാറട്ടെ. വി. കുർബാനയുടെ സ്ത്രീയായ പരിശുദ്ധ കന്യകമറിയത്തിന്റെ പാഠശാലയിൽ നിന്ന് യേശുവാകുന്ന പാഠ്യവിഷയത്തെ അറിയുവാനും അനുഭവിക്കുവാനും ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുവാനും സഭ നമ്മെ ഓർമ്മപ്പെടുത്തുന്നു.

❖

www.malankaralibrary.com

# ഭാഗം 3
# വിസ്മയനീയ രഹസ്യം

www.malankaralibrary.com

www.malankaralibrary.com

അദ്ധ്യായം 1

# വിശുദ്ധ കുർബാന : രക്ഷാകര രഹസ്യങ്ങളുടെ ആഘോഷം

അതിപുരാതനവും ആഴവുമായ ആദ്ധ്യാത്മികതയിൽ വേരുറച്ച അന്ത്യോക്യൻ ആരാധന ക്രമമാണ് മലങ്കര സുറിയാനി കത്തോലിക്കാസഭ പിൻതുടരുന്നത്. വിശ്വാസികളെ ദൈവസന്നിധിയിലേക്കടുപ്പിക്കുവാൻ തക്കതായ ദൈവശാസ്ത്രചിന്തകളും ദൈവാനുഭവം എളുപ്പമാകുന്ന ശുശ്രൂഷകളും സംഗീതാത്മകമായ പ്രാർത്ഥനകളും വി. കുർബാനയിൽ സംലഭ്യമാകുമ്പോൾ ഓരോ വി. കുർബാനയും യഥാർത്ഥ ദൈവാരാധനയായി മാറുകയാണ്. നമ്മുടെ കർത്താവായ യേശു മിശിഹാ അന്ത്യത്താഴവേളയിൽ തന്റെ ശിഷ്യന്മാർക്ക് സ്വശരീരവും രക്തവും പങ്കുവച്ച് നൽകിയ തിരുബലിയിൽ നമ്മെ പങ്കാളികളാക്കുന്ന വി. കുർബാനയെ ആരാധനയായിട്ടാണ് സഭാപിതാക്കന്മാർ വിശേഷിപ്പിക്കുന്നത്. അതായത് "ആരാധനാക്രമം വഴിയാണ്, പ്രത്യേകിച്ച് വി. കുർബാനവഴിയാണ് വിശ്വാസികൾ മിശിഹായുടെ രഹസ്യവും സഭയുടെ യഥാർത്ഥ സ്വഭാവവും ജീവിതത്തിന്റെ ഭാഗമാക്കുകയും മറ്റുള്ളവർക്ക് വെളിപ്പെടുത്തുകയും ചെയ്യുന്നത്" (SC 2). ഈ മിശിഹാ രഹസ്യം വിശ്വാസിയെ ദൈവമനുഷ്യ ഐക്യത്തിലേക്ക് ക്ഷണിക്കുന്നു. അതിനാൽ വി. കുർബാനയിൽ സംബന്ധിക്കുമ്പോൾ വിശ്വാസികൾ ആത്മീയമായും ബാഹ്യമായും ഒരുങ്ങേണ്ടത് അത്യന്താപേക്ഷിതമായ വസ്തുതയാണ്.

www.malankaralibrary.com

### ആത്മീയവും ബാഹ്യവുമായ ഒരുക്കം

ആത്മാവിന്റെ കുളിയായ വി. കുമ്പസാരം നമ്മുടെ ആത്മാവിന്റെ മാലിന്യങ്ങൾ പൂർണ്ണമായി കഴുകിക്കളയുന്നു. ആത്മീയശുദ്ധി പ്രാപിച്ച നാം ശാരീരികശുദ്ധി കൈവരിക്കുമ്പോഴാണ് ദൈവാരാധനയ്ക്കായി ഒരുക്കപ്പെടുന്നത്. വി. കുർബാനയിൽ അപ്പവും വീഞ്ഞും കാഴ്ചയായി നൽകുന്നതുപോലെ ഓരോ വിശ്വാസിയും തന്നെത്തന്നെ ബലിപീഠത്തിലേക്ക് സമർപ്പിക്കുന്നു. ഈ ഒരു സമർപ്പണത്തിന് ആത്മീയവും ബാഹ്യവുമായ ശുദ്ധി അനിവാര്യമാണ്. ഇപ്രകാരം പ്രാർത്ഥനയോടും ആത്മശരീര വിശുദ്ധിയോടുംകൂടി ഓരോ വിശ്വാസിയും ദൈവാലയത്തിലേക്ക് പ്രവേശിക്കുമ്പോൾ ആരാധനയ്ക്കുള്ള വ്യക്തിപരമായ ഒരുക്കത്തിന്റെ ഒരുപടി പൂർത്തിയാകുന്നു. ആദരപൂർവ്വം ദൈവസന്നിധിയിൽ പ്രവേശിച്ച് എന്റെ നേർച്ചകൾ ഞാൻ നിറവേറ്റും എന്ന് പ്രാർത്ഥിച്ചുകൊണ്ട് ദൈവാലയത്തിലെത്തി യാമനമസ്ക്കാരത്തിലും പഴയനിയമ വായന ശ്രവണത്തിലും പങ്കുചേരുന്നതാണ് വി. കുർബാനയ്ക്ക് മുന്നോടിയായുള്ള അടുത്ത ഒരുക്കം. ഭഗ്നാശരാകാതെ നിരന്തരം പ്രാർത്ഥിക്കുമ്പോൾ (ലൂക്കാ. 18:1) നമ്മെതന്നെ നാം ദൈവത്തോട് അടുപ്പിക്കുകയാണ്. സങ്കീർത്തനങ്ങളും പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ പിതാക്കന്മാർ രചിച്ചിട്ടുള്ള ദൈവസ്തുതി കീർത്തനങ്ങളുമാണ് യാമപ്രാർത്ഥനയിലെ ഉള്ളടക്കം. മലങ്കര പാരമ്പര്യമനുസരിച്ച് വി. കുർബാനയ്ക്കു മുമ്പ് യാമനമസ്ക്കാരം നടത്തണമെന്ന് സഭ നിഷ്കർഷിക്കുന്നു (CPCSMCC 482). സ്വർഗ്ഗീയ ജറുസലേം ലക്ഷ്യമാക്കിയുള്ള തീർത്ഥാടകരായ നമ്മെ സംബന്ധിച്ച് ഈ യാമപ്രാർത്ഥനകളിലൂടെ ദൈവം നൽകിയ നന്മകൾക്ക് നന്ദി പറയുകയും തന്മൂലം ദൈവവുമായുള്ള ഐക്യത്തിലെത്തുകയും തീർത്ഥാടനത്തിന്റെ ആരോപണശ്രേണിയിലേക്ക് പ്രവേശിക്കുകയുമാണ്.

വി. കുർബാന ആരംഭിക്കുന്നത് യാമപ്രാർത്ഥനയോടുകൂടിയാണ്. കാർമ്മികനും ശുശ്രൂഷകരും കിഴക്കിനഭിമുഖമായി നിന്ന് കൗമാ പ്രാർത്ഥന ചൊല്ലുകയും തുടർന്ന് 51-ാം സങ്കീർത്തനവും അതാത് യാമത്തിന്റെ നമസ്കാരം നടത്തുകയും ചെയ്യുന്നു. യാമനമസ്കാരത്തിന്റെ സമയത്ത് മറ നീക്കുകയും ത്രോണോസിന്റെ മധ്യഭാഗത്തുള്ള തിരി മാത്രം കത്തിക്കുകയും ചെയ്യുന്നു. പ്രപഞ്ചോല്പത്തിയിൽ ത്രിയേക ദൈവം പ്രകാശം കൊണ്ട് സൃഷ്ടികർമ്മം ആരംഭിച്ചതിനെ ഈ തിരി സൂചിപ്പിക്കുന്നു. മറനീക്കുന്നതുമൂലം, സൃഷ്ടികർമ്മം വഴി

www.malankaralibrary.com


അദൃശ്യനായ ദൈവം സ്വയം വെളിപ്പെടുത്തിയതിനെ സൂചിപ്പിക്കുന്നു. തുടർന്നുള്ള പഴയനിയമ വായന, വിശ്വാസികൾ ദൈവത്തോട് പ്രാർത്ഥിച്ചതിന്റെ പ്രത്യുത്തരമായിട്ടാണ് നാം ശ്രവിക്കേണ്ടത്.

മലങ്കര പാരമ്പര്യമനുസരിച്ച് വി. കുർബാനയ്ക്ക് 4 ഭാഗങ്ങളുണ്ട്.

I) ഒരുക്ക ശുശ്രൂഷ (തൂയോബോ)

II) വചന ശുശ്രൂഷ (തുൽമോദോ)

III) യാഗാർപ്പണം (അന്നാഫുറ)

IV) യാഗവിരുന്ന് (മെശ്തൂസോ)

## I. ഒരുക്ക ശുശ്രൂഷ (തൂയോബോ)

ഒരുക്കശുശ്രൂഷയിൽ പ്രധാനമായും രണ്ട് കർമ്മങ്ങളാണ് നടക്കുന്നത്.

1. അപ്പവും വീഞ്ഞും ബലിപീഠത്തിൽ ഒരുക്കിവയ്ക്കുന്നു (മൽക്കിസദേക്കിന്റെ ക്രമം)
2. കാഴ്ച വസ്തുക്കളുടെ മേലുള്ള ധൂപാർപ്പണം (അഹറോന്റെ ക്രമം)

നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിനുമുമ്പുള്ള ജീവിതത്തെ മറയ്ക്കുള്ളിൽ രഹസ്യമായി അനുസ്മരിക്കുന്നതിനാലാണ് ഈ ശുശ്രൂഷയെ രഹസ്യശുശ്രൂഷ എന്ന് വിളിക്കുന്നത്. വൈദികൻ രഹസ്യശുശ്രൂഷ നടത്തുമ്പോൾ വിശ്വാസ സമൂഹം ഹൈക്കലായിൽ പ്രാർത്ഥനാപൂർവ്വം ഗീതങ്ങൾ ആലപിക്കുന്നു.

### 1. മൽക്കിസദേക്കിന്റെ ക്രമം

വിശ്വാസ സമൂഹം യാമനമസ്ക്കാരം നടത്തുമ്പോൾ വൈദികൻ അപ്പവും വീഞ്ഞും ത്രോണോസിൽ ഒരുക്കി വയ്ക്കുന്ന ശുശ്രൂഷയാണ് മൽക്കിസദേക്കിന്റെ ക്രമം.

ശത്രുക്കളെ തോല്പിച്ച് മടങ്ങിവന്ന പൂർവ്വപിതാവായ അബ്രാഹാമിനെ സാലെമിലെ രാജാവും അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനുമായ മൽക്കിസദേക്ക് അപ്പവും വീഞ്ഞും കൊണ്ടുവന്ന് സ്വീകരിച്ച (ഉത്പ. 14:17-24) സംഭവമാണ് ഇവിടെ അനുസ്മരിക്കുന്നത്. മിശിഹാ മൽക്കിസദേക്കിന്റെ ക്രമപ്രകാരം നിത്യപുരോഹിതനാണെന്ന് ഹെബ്രായ ലേഖകൻ വ്യക്തമാക്കുന്നു (ഹെബ്രാ. 6:20). പഴയനിയമപ്രകാരമുള്ള ലേവി പൗരോഹിത്യത്തിനു പകരമായി മൽക്കിസദേ

www.malankaralibrary.com

ക്കിന്റെ ക്രമപ്രകാരമുള്ള പുതിയ പൗരോഹിത്യം ക്രിസ്തുവിലൂടെ ആരംഭിച്ചു എന്ന സത്യം ഇവിടെ ഓർമ്മിക്കുന്നു.

**1.1 വീഞ്ഞിൽ വെള്ളം കൂട്ടിക്കലർത്തുന്നത്**

ബലി വസ്തുവായി അർപ്പിക്കപ്പെടുന്ന വീഞ്ഞിൽ വെള്ളം പകർന്നുകൊണ്ട് വൈദികൻ ഇപ്രകാരം പ്രാർത്ഥിക്കുന്നുണ്ട്: "ദൈവ മായ കർത്താവേ, നിന്റെ ദൈവത്വം ഞങ്ങളുടെ മനുഷ്യത്വവുമായി യോജിച്ചതുപോലെ ഈ വെള്ളം ഈ വീഞ്ഞുമായി സംയോജിക്കു വാൻ നീ ഇടയാക്കണമേ" (വി. കുർബാന തക്സാ-2007, പേജ്, 5). ദൈവമാതാവായ പരിശുദ്ധ മറിയത്തിൽ നിന്ന് ശരീരമെടുത്ത യേശു പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമാണെന്നും, ഈ മനുഷ്യസ്വഭാ വവും ദൈവിക സ്വഭാവവും വേർപിരിക്കാനാവാതെ ക്രിസ്തുവിൽ ഏകമായി സംയോജിച്ചിരിക്കുന്നുവെന്നും ഈ പ്രാർത്ഥന വ്യക്തമാ ക്കുന്നു.

**2. അഹറോന്റെ ക്രമം**

പുരോഹിതനായ അഹറോൻ അംശവസ്ത്രങ്ങൾ ധരിച്ച് ധൂപാർപ്പണം നടത്തിയതുപോലെ (പുറ. 28:2) വൈദികൻ അംശവ സ്ത്രങ്ങൾ ധരിച്ചുകൊണ്ട് ഒരുക്കിവച്ചിരിക്കുന്ന അപ്പത്തിന്റെയും വീഞ്ഞിന്റെയുംമേൽ ധൂപാർപ്പണം നടത്തുന്നതാണ് ഒരുക്കശുശ്രൂഷ യിലെ രണ്ടാം ക്രമം.

**2.1 പൊതുവായ അനുസ്മരണ**

ബലിവസ്തുക്കൾ എടുത്ത് കുരിശാകൃതിയിൽ പിടിച്ചുകൊണ്ട് പുരോഹിതൻ അനുസ്മരണ പ്രാർത്ഥന ചൊല്ലുന്നു. ഇവിടെ പ്രത്യേ കിച്ച് അനുസ്മരിക്കുന്നത്:

- കർത്താവിന്റെ രക്ഷാകരമായ വ്യാപാരങ്ങൾ
- ആദം, ഹവ്വാ മുതൽ ദൈവത്തെ പ്രസാദിപ്പിച്ചവർ
- സത്യവിശ്വാസം പഠിപ്പിച്ച പിതാക്കന്മാർ, പരേതർ, ദൈവാലയ നിർമ്മിതിയിൽ സഹകരിച്ചവർ, ഈ കുർബാനയിലെ പ്രത്യേക നിയോഗം.
- പുരോഹിതന്റെ മാതാപിതാക്കൾ, പൂർവികർ, ബന്ധുമിത്രങ്ങൾ, ഗുരുക്കന്മാർ തുടങ്ങിയവരെ അനുസ്മരിക്കുന്നു.

തുടർന്ന് ബലിവസ്തുക്കൾ ബലിപീഠത്തിൽ വച്ച് ശോശപ്പാ കൊണ്ടു മൂടുന്നു. പരിശുദ്ധ മറിയം ശിശുവായ യേശുവിനെ പിള്ളക്ക ച്ചകൊണ്ട് പൊതിഞ്ഞ് പുൽക്കൂട്ടിൽ കിടത്തിയതിനെ ഇത് അനുസ്മ രിക്കുന്നു.

www.malankaralibrary.com


### 2.2. കാഴ്ച വസ്തുക്കളുടെമേലുള്ള ധൂപാർപ്പണം.

ശിശുവായ യേശുവിനെ വിദ്വാന്മാർ സന്ദർശിച്ച് സുഗന്ധദ്രവ്യങ്ങൾ കാഴ്ചവച്ചതിനെ അനുസ്മരിച്ചുകൊണ്ട് വൈദികൻ ധൂപക്കുറ്റിയിൽ കുന്തിരിക്കം ഇടുകയും ധൂപകലശത്തിന്റെ ചങ്ങലകൾ ചുരുക്കിപ്പിടിച്ച് ദൈവമാതാവിന്റെ സ്മരണയ്ക്കായി അർപ്പിക്കപ്പെട്ട വിശുദ്ധ വ്സുതുക്കളുടെ കിഴക്കുവശത്തും, നിബിയന്മാർ ശ്ലീഹന്മാർ എന്നിവരുടെ സ്മരണയ്ക്കായി പടിഞ്ഞാറുവശത്തും, മല്പാന്മാർ, പുരോഹിതന്മാർ എന്നിവരെ അനുസ്മരിച്ചുകൊണ്ട് വടക്കുവശത്തും, തിരുസഭയുടെയും അവളുടെ മക്കളുടെയും ഓർമ്മയ്ക്കായി തെക്കുവശത്തും കുരിശ്ശാകൃതിയിൽ ധൂപാർപ്പണം നടത്തുന്നു. തുടർന്ന് എത്രോ പ്രാർത്ഥന ചൊല്ലി മൂന്ന് പ്രാവശ്യം കാഴ്ചവസ്തുക്കളുടെമേൽ ധൂപം ചുറ്റിക്കുന്നു. ഇതിൽ രണ്ട് തവണ വലത്ത് നിന്ന് ഇടത്തോട്ടും ഒരുതവണ ഇടത്തു നിന്ന് വലത്തോട്ടും ധൂപിക്കുന്നു. പരിശുദ്ധ മറിയവും യൗസേപ്പ് പിതാവും ശിശുവായ യേശുവിനെയും കൊണ്ട് ഈജിപ്റ്റിലേക്ക് പ്രയാണം ചെയ്തതിനെയും തുടർന്ന് നസ്രത്തിൽ തിരിച്ച് വന്നതിനെയും ഈ ധൂപിക്കൽ സൂചിപ്പിക്കുന്നു.

തുടർന്ന് ത്രോണോസിന്റെ മദ്ധ്യത്തിൽ ശോശപ്പാ അല്പം ഉയർത്തി പിതാവിനെയും ഇടത്തേക്കോൺ മടക്കിവച്ച് പുത്രനെയും വലത്തേക്കോൺ അല്പം ഉയർത്തി പരിശുദ്ധാത്മാവിനെയും അനുസ്മരിച്ചുകൊണ്ട് മൂന്ന് തവണവീതം ധൂപം സമർപ്പിച്ച് ത്രോണോസ് മുത്തുന്നു. ഇവിടെ ശോശപ്പായുടെ ഇടത്തേക്കോണ് ഉയർത്തി മടക്കി മുത്തുന്നത് കർത്താവിന്റെ കബറടക്കത്തെ അനുസ്മരിച്ചുകൊണ്ടാണ്.

## 3. പരസ്യശുശ്രൂഷ

### 3.1. സേവേറിയോസിന്റെ മാനീസ

പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ "കർത്താവേ നിന്നെ പ്രസവിച്ച മറിയാമും നിനക്ക് മാമോദീസാ നൽകിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കും, ഞങ്ങളോട് കരുണ ചെയ്യണമെ" എന്ന പ്രാർത്ഥന പുരോഹിതൻ ചൊല്ലുകയും ത്രോണോസിന് ധൂപം വീശി അതിന്റെ 4 കോണുകൾ മുത്തി പ്രദിക്ഷിണം പൂർത്തിയാക്കുകയും വിശ്വാസഗണത്തിനുനേരെ ധൂപം വീശുകയും ചെയ്യുന്നു. ഈ സമയത്ത് "സ്വഭാവ പ്രകാരം മരണമില്ലാത്തതിനും..." എന്ന മാനീസ ദൈവജനം ചൊല്ലുന്നു.

മറ നീക്കുന്നതുവഴി പുതിയനിയമത്തിന്റെ ആരംഭത്തെയും ത്രോണോസിന് വലം വയ്ക്കുമ്പോൾ കത്തിച്ച മെഴുകുതിരിയുമായി

www.malankaralibrary.com

മുമ്പേപോകുന്ന പ്രധാന ശുശ്രൂഷകൻ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ചെമ്മരിയാട്ടിൻ കുട്ടിയായ യേശുവിനെ ലോകത്തിന് ചൂണ്ടിക്കാട്ടിയ സ്നാപകയോഹന്നാനെയും സൂചിപ്പിക്കുന്നു. മദ്ബഹാ ബേത്‌ലഹേമിലെ കാലിത്തൊഴുത്തായും ത്രോണോസിനു ചുറ്റുമുള്ള പ്രദക്ഷിണം കാലിത്തൊഴുത്തിലെ ഉണ്ണിയെ സന്ദർശിക്കാനെത്തിയ ജ്ഞാനികളുടെ ആഗമനത്തെയും, പരിശുദ്ധ കന്യകമറിയത്തിന്റെ മടിത്തട്ടായി ബലിപീഠത്തെയും അപ്പവും വീഞ്ഞും ശിശുവായ യേശുവിനെയും അവ മൂടിയിരിക്കുന്ന ശോശപ്പാ പിള്ളക്കച്ചയായും സദൃശീകരിക്കുന്നു. കാർമ്മികൻ ത്രോണോസിന്റെ കോണുകൾ ചുംബിക്കുമ്പോൾ കാലിത്തൊഴുത്തിൽ പിറന്ന ഉണ്ണിയേശുവിനെ സ്നേഹത്തോടും ബഹുമാനത്തോടും കൂടെ ആലിംഗനം ചെയ്യുകയും അനുഗ്രഹം പ്രാപിക്കുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു.

### 3.2. ത്രൈശുദ്ധ കീർത്തനം

'ദൈവമേ നീ പരിശുദ്ധനാകുന്നു' ഇത്യാദി പ്രാർത്ഥന മൂന്നു തവണ ആവർത്തിക്കുമ്പോൾ യേശുവിന്റെ ദൈവപുത്രത്വവും രാജത്വവും ഏറ്റുപറഞ്ഞ് സഭ ഒന്നായി ആരാധിക്കുന്നു. മറ്റ് പൗരസ്ത്യ ആരാധനക്രമത്തിൽ നിന്ന് വ്യത്യസ്തമായി നാം യേശുവിനെ ദൈവമെന്നും, ബലവാനെന്നും, മരണമില്ലാത്തവനെന്നും വിശേഷിപ്പിച്ച് സ്തോത്രം ചെയ്യുകയും ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് അവന്റെ കുരിശുമരണത്തെ ഓർക്കുകയും കരുണയ്ക്കായി യാചിക്കുകയും ചെയ്യുന്നു. ഈ ത്രൈശുദ്ധ കീർത്തനം മലങ്കര പാരമ്പര്യത്തിൽ ത്രിത്വസ്തവമല്ല, ക്രിസ്തുസ്തവമാണ്. അതായത് ദൈവവും മനുഷ്യനുമായ യേശുവിന്റെ കുരിശുമരണംവഴി രക്ഷിക്കപ്പെട്ട നാം ത്രിയേക ദൈവത്തെ ആരാധിക്കുകയാണിവിടെ.

സുറിയാനി പാരമ്പര്യമനുസരിച്ച്, കർത്താവിന്റെ മരണസമയത്ത് അവനെ പരിഹസിച്ചുകൊണ്ട് ഒരുകൂട്ടം ജനങ്ങൾ പറഞ്ഞു, ഇവൻ വഞ്ചകനാണ്, ജനത്തെ വഴിതെറ്റിച്ചവനാണ്. ഇതുകേട്ട് ഒരുകൂട്ടം മാലാഖമാർ ദൈവത്തെ പ്രകീർത്തിക്കുകയും വഞ്ചിക്കുവാനോ വഞ്ചിക്കപ്പെടുവാനോ പാടില്ലാത്ത ദൈവമായ നീ പരിശുദ്ധനാകുന്നുവെന്ന് പാടി. മറ്റൊരു കൂട്ടം ജനങ്ങൾ കുരിശിൽ കിടക്കുന്ന യേശുവിനെ നോക്കി കഴിയുമെങ്കിൽ കുരിശിൽ നിന്നിറങ്ങി വരിക എന്ന് പരിഹസിച്ചപ്പോൾ വേറൊരു കൂട്ടം മാലാഖമാർ ഇപ്രകാരം പാടി, അശക്തനെപോലെ നീ കാണപ്പെടുന്നുവെങ്കിലും നീ ബലവാനാണ്, ബല

www.malankaralibrary.com


വാനേ നീ പരിശുദ്ധനാകുന്നു. വീണ്ടും ശത്രുഗണം അവനെ നിന്ദിച്ചു കൊണ്ട് പറഞ്ഞു, ഇവൻ മറ്റുള്ളവരെ രക്ഷിച്ചു തന്നെതന്നെ രക്ഷിക്കുന്നതുകാണട്ടെ. ഇത് കേട്ട് ഒരുകൂട്ടം മാലാഖമാർ പാടി മരിച്ചവനെ പോലെ കുരിശിൽ കാണപ്പെടുന്ന നീ യഥാർത്ഥ ജീവനാകുന്നു. മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു. ഇതെല്ലാം കേട്ടുകൊണ്ട് കുരിശിൻ ചുവട്ടിൽ നിന്നിരുന്ന യൗസേപ്പും നിക്കോദേമോസും, കൂടെ നിന്നവരും വിശ്വാസപൂർവ്വം വിളിച്ചു പ്രാർത്ഥിച്ചു, ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളോട് കരുണ ചെയ്യണമെ. ത്രൈശുദ്ധകീർത്തനം ആലപിക്കുമ്പോൾ ദൈവത്തിന്റെ പരിശുദ്ധിയെ നാം സമ്മതിച്ച് ഏറ്റുപറയുകയാണ്.

## II. വചന ശുശ്രൂഷ (തുൽമോദോ)

### 1. വിശുദ്ധ ഗ്രന്ഥവായനകൾ

രണ്ടാം വത്തിക്കാൻ കൗൺസിൽ നിഷ്കർഷിക്കുന്നതുപോലെ "വിശ്വാസികൾക്ക് ദൈവ വചനത്തിന്റെ മേശ കൂടുതൽ സമൃദ്ധമാകുന്നതിനുവേണ്ടി, വിശുദ്ധ ഗ്രന്ഥഭണ്ഡാരം കൂടുതൽ തുറക്കപ്പെടണം" (SC 51). മലങ്കര സുറിയാനി സഭയുടെ ആരാധന ക്രമമനുസരിച്ച് വി. കുർബാനയുടെ ഒരുക്കശുശ്രൂഷയുടെ സമയത്ത് പഴയനിയമപുസ്തകങ്ങളിൽ നിന്നുള്ള നാല് വായനകളും പരസ്യശുശ്രൂഷയുടെ സമയത്ത് പുതിയ നിയമത്തിൽ നിന്നുള്ള മൂന്ന് വായനകളും വായിക്കുന്നു. സഭ ദൈവവചനത്തെ കർത്താവിന്റെ ശരീരം പോലെ തന്നെ ആദരിക്കുന്നതുകൊണ്ട് അപ്പത്തിന്റെ മേശയ്ക്കും വചനത്തിന്റെ മേശയ്ക്കും തുല്യപ്രാധാന്യമാണ് അന്ത്യോക്യൻ ആരാധനാക്രമം നൽകുന്നത്. അതുകൊണ്ടാണ് ബലിപീഠവും ഏവൻഗേലിയോൻ പീഠവും ഒരേ നിറത്തിലുള്ള പട്ടുതുണികൾകൊണ്ട് അലങ്കരിക്കുന്നതും ബലിപീഠത്തോട് ചേർത്ത് ഏവൻഗേലിയോൻ പീഠം മദ്ബഹായിൽ വയ്ക്കുന്നതും. "വിശുദ്ധ ആരാധനാക്രമത്തിൽ ദൈവവചനത്തിന്റെയും, മിശിഹായുടെ ശരീരത്തിന്റേതുമായ മേശയിൽ നിന്നുള്ള ജീവന്റെ അപ്പം വിശ്വാസികൾക്കായി പങ്കുവയ്ക്കപ്പെടുന്നു" (DV 21). അതിനാലാണ് വി. കുർബാന മദ്ധ്യേ വചനമേശയിൽ നിന്ന് വചനം നൽകുന്നത്. ത്രൈശുദ്ധകീർത്തനത്തിനു ശേഷം 'ഭൂവിലശേഷം....' എന്ന ഗാനം ആലപിക്കുകയും അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ, കാതോലിക ലേഖനങ്ങൾ, വെളിപാട് എന്നീ പുസ്തകങ്ങളിൽ നിന്ന് ഒരു വായനയും തുടർന്ന് 'പൗലോസ് ശ്ലീഹായുടെ 14 ലേഖനങ്ങ

www.malankaralibrary.com

ളിൽ' നിന്ന് ഒരു വായനയും വായിക്കുന്നു. ആത്മീയ ഏദൻതോട്ട മാണ് ദൈവാലയം. ഈ തോട്ടത്തെ നനയ്ക്കുന്നതിനുള്ള നാല് നദി കൾപോലെയാണ് നാല് സുവിശേഷങ്ങൾ. ഏവൻഗേലിയോൻ വായ നയിൽ നാല് സുവിശേഷങ്ങളിൽ നിന്നുള്ള ഒരു വായനയാണ് വായി ക്കുന്നത്. ഏവൻഗേലിയോൻ വായനയ്ക്കു മുമ്പ് ഹൂലോലോ (ഹാ ലേലൂയ്യ, ഹാല്ലേലൂയ്യ...) ആലപിക്കുന്നു. സുവിശേഷത്തിലൂടെ യേശു വിനെ നേരിട്ട് കേൾക്കാൻ പോകുന്നതിനാൽ 'സ്തുതി' കരേറ്റാനുള്ള ആഹ്വാനമാണ് ഹൂലോലോ നൽകുന്നത്. ഹാലേലൂയ്യ (സ്തുതി) കരേ റ്റുമ്പോൾ ക്രിസ്തീയ ആരാധന ആത്യന്തികമായി ഒരു സ്തുതിയാ കുന്ന ബലിയാണ് എന്ന സത്യത്തെ വീണ്ടും നാം പ്രഖ്യാപിക്കുക യാണ്. ഏവൻഗേലിയോൻ വായനയിൽ കർത്താവിന്റെ ജീവിതത്തിൽ നടന്ന സംഭവങ്ങളോ, അവിടുത്തെ വചനങ്ങളോ ആണ് വായിക്കുന്ന ത്. അവിടുത്തെ പരസ്യജീവിതത്തിൽ സംഭവിച്ചതുപോലെ ഇപ്പോൾ ഈ ദൈവാലയത്തിൽ അത് നിറവേറുകയാണ്. അതുകൊണ്ടാണ് 'ഇവ ഇപ്രകാരം സംഭവിച്ചു' എന്ന് പുരോഹിതൻ പറയുന്നത്. ഇവിടെ വച നത്തിലൂടെ നമ്മോട് സംസാരിക്കുന്നത് ക്രിസ്തു തന്നെയാണ്. അതി നാലാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ ആരാധനാ മദ്ധ്യേയുള്ള വചനപ്രഘോഷണത്തെ ശക്തമായി പ്രോത്സാഹിപ്പിച്ചുകൊണ്ട് 'ആരാ ധനാക്രമത്തിന്റെ ഭാഗം തന്നെയാണ് വചനപ്രഘോഷണമെന്ന് പഠി പ്പിക്കുന്നത്' (SC 52).

**2. ഹൂസോയോ, സെദറാ പ്രാർത്ഥനകൾ**

- വചനശ്രവണത്തിൽ നിന്ന് വിശ്വാസികൾ പശ്ചാത്താപത്തിലേക്ക് പ്രവേശിക്കുന്നു. ഇതിനായി വിശ്വാസികളെ ഒരുക്കാൻ ശുശ്രൂഷ കൻ 'നമുക്ക് നന്നായി നില്ക്കാം' (സ്തൗമൻകാലോസ്) എന്ന് പ്രഘോഷിക്കുമ്പോൾ പ്രത്യുത്തരമായി വിശ്വാസികൾ 'കർത്താവേ ഞങ്ങളോട് കരുണ ചെയ്യണമെ' (കുറിയേലായിസോൻ) എന്ന് പ്രാർത്ഥിക്കുന്നു.
- ജീവിച്ചിരിക്കുന്നവരും മരിച്ചുപോയവരുമായ എല്ലാ വിശ്വാസി കൾക്കുവേണ്ടിയും കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോച നവും അപേക്ഷിക്കുന്ന പ്രാർത്ഥനയാണ് ഹൂസോയോ പ്രാർത്ഥന.
- ക്രിസ്തു ബലിയർപ്പകനും ബലിവസ്തുവുമാണെന്ന് സൂചിപ്പി ക്കാൻവേണ്ടി ക്രിസ്തുവിനെ പാപപരിഹാരകനും പാപപരി ഹാരവുമായി ഈ പ്രാർത്ഥനയിൽ അവതരിപ്പിക്കുന്നു.

www.malankaralibrary.com


- ഹൂസോയോ പ്രാർത്ഥനയുടെ അവസാനം 'ഞങ്ങൾ നിനക്ക് ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും' എന്ന് പ്രാർത്ഥിക്കുന്നതുവഴി 3 സമയങ്ങളെ പ്രത്യേകം സ്മരിക്കുന്നു.

    a) ആരാധന നടക്കുന്ന സമയം (ഇപ്പോഴും - ഹോശോ)

    b) ജീവിതകാലം മുഴുവൻ (എല്ലാ സമയത്തും - ബ്കുല്സബാൻ)

    c) വരുവാനിരിക്കുന്ന കാലം മുഴുവൻ (എന്നേക്കും - ല്ഓലം ഒൽമീൻ)

(മരണാനന്തരം മാലാഖമാരോടും വിശുദ്ധരോടും ചേർന്ന് നിത്യമായി ക്രിസ്തുവിന് സ്തുതി അർപ്പിക്കുന്നത് ഭൂമിയിലും, ശുദ്ധീകരണ സ്ഥലത്തും സ്വർഗ്ഗത്തിലുമാണ്. ഈ സമയത്തെയൊക്കെയും സൂചിപ്പിച്ചാണ് എന്നേക്കും എന്നുള്ള പ്രയോഗം ഉപയോഗിച്ചിരിക്കുന്നത്).

- സെദറാ പ്രാർത്ഥനയിൽ കാർമ്മികനിലും ആരാധന സമൂഹത്തിലും സമർപ്പിക്കപ്പെട്ടിരിക്കുന്ന കാഴ്ചവസ്തുക്കളിലും പരിശുദ്ധാത്മാവിന്റെ അഭിഷേകം ഉണ്ടാകുവാൻ വേണ്ടി പ്രാർത്ഥിക്കുന്നു.
- കർത്താവിന്റെ രക്ഷാകര വ്യാപാരങ്ങളെ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്ന പ്രാർത്ഥനകളും സെദറ പ്രാർത്ഥനയുടെ പ്രത്യേകതയാണ്. ഇത് അന്നാഫുറയിലേക്കുള്ള പ്രവേശന കവാടം കൂടിയാണ്.

സെദറായുടെ അവസാനം 'ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും.... പ്രാപിക്കുമാറാകാട്ടെ' എന്ന് പ്രാർത്ഥിക്കുന്നതുവഴി ജനത്തിന് പാപമോചനം നൽകുകയാണ്. ഹൂസോയോ പ്രാർത്ഥനവഴി ദൈവത്തോട് കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും അർത്ഥിച്ച ദൈവജനത്തിന് പാപമോചനം നൽകുന്ന പ്രാർത്ഥനയാണിത്. പാപപരിഹാര പ്രാർത്ഥനയുടെ ഹൂത്തോമോ ആണിത്. ആദിമസഭയിൽ ബലി അർപ്പണത്തിന് മുമ്പ് ജനത്തിന് പൊതുവായി പാപമോചനം നൽകിയിരുന്ന പാരമ്പര്യത്തിന്റെ തുടർച്ചകൂടിയാണിത്.

**3. ധൂപക്കുറ്റി വാഴ്വ്**

- പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസത്തിന്റെ ഏറ്റുപറച്ചിലാണ് ധൂപക്കുറ്റി വാഴ്വ്.

www.malankaralibrary.com

- നമ്മുടെ കർത്താവിന്റെ മാമോദീസായുടെ അനുസ്മരണമാണിത്. കർത്താവിന്റെ മാമോദീസായുടെ സമയത്താണ് പരിശുദ്ധ ത്രിത്വം ലോകത്തിനു മുമ്പിൽ തന്നെത്തന്നെ വെളിപ്പെടുത്തിയത്. ഈ വെളിപ്പെടുത്തലിന്റെ അനുസ്മരണമാണ് ധൂപക്കുറ്റി വാഴ്‌വിലൂടെ നടക്കുന്നത്.
- സഭയുടെ ശുദ്ധീകരണത്തെ ധൂപക്കുറ്റി വാഴ്‌വ് പ്രതിനിധാനം ചെയ്യുന്നു.
- ധൂപക്കുറ്റിയുടെ ഒന്നാമത്തെ ചങ്ങല പിതാവായ ദൈവത്തെയും രണ്ടും മൂന്നും ചങ്ങലകൾ പുത്രന്റെ ദൈവത്വത്തെയും മനുഷ്യ ത്വത്തെയും നാലാമത്തെ ചങ്ങല പരിശുദ്ധാത്മാവിനെയും പ്രതി നിധാനം ചെയ്യുന്നു.
- ഇവിടെ സഭയുടെ സത്യവിശ്വാസം ഏറ്റുപറയുകയും പിതൃപുത്ര പരിശുദ്ധാത്മാവിന്റെ പരിശുദ്ധി പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഹൂസോയോ പ്രാർത്ഥനയിലൂടെ തന്റെ അശുദ്ധി തിരി ച്ചറിഞ്ഞ മനുഷ്യൻ ദൈവത്തിന്റെ പരിശുദ്ധി ഏറ്റുപറയുകയാണ്.

**4. വിശ്വാസപ്രമാണം**

- ധൂപക്കുറ്റി വാഴ്‌വിലൂടെ ത്രിത്വത്തിലുള്ള വിശ്വാസം ഏറ്റ് പറഞ്ഞ സഭ ആ വിശ്വാസത്തിന്റെ പരസ്യമായ പ്രഖ്യാപനം നടത്തുന്ന അവസരമാണ് വിശ്വാസപ്രമാണം.
- നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ സൂന്നഹദോസുകളിലൂടെ രൂപം കൊണ്ട വിശ്വാസപ്രമാണമാണ് മലങ്കര കുർബാനയിൽ ഉപയോ ഗിക്കുന്നത്.
- ഈ വിശ്വാസപ്രമാണത്തിലൂടെ വിശ്വാസികൾ സ്രഷ്ടാവും പിതാ വുമായ ദൈവത്തിലും രക്ഷകനായ ക്രിസ്തുവിലും സകല ത്തെയും പൂർത്തീകരിക്കുന്ന പരിശുദ്ധാത്മാവിലും കാതോലിക വും, ശ്ലൈഹികവും, ഏകവും, വിശുദ്ധവുമായ സഭയിലും, കൂദാ ശകളിലും, നിത്യജീവനിലും, ക്രിസ്തുവിന്റെ രണ്ടാം വരവിലുമുള്ള വിശ്വാസം ഏറ്റ് പറയുന്നു.
- ജനങ്ങൾ വിശ്വാസപ്രമാണം ചൊല്ലുമ്പോൾ വൈദികൻ കൈകൾ കഴുകുന്നത് കാർമ്മികന്റെയും വിശ്വാസികളുടെയും ആത്മീയ ഒരു ക്കത്തെയും കർത്താവ് അന്ത്യത്താഴ സമയത്ത് ശിഷ്യന്മാരുടെ

www.malankaralibrary.com


പാദങ്ങൾ കഴുകിയതിനെയും സൂചിപ്പിക്കുന്നു. തുടർന്ന് ബലിപീഠത്തിന്റെ മുമ്പിൽ സാഷ്ടാംഗം വീണ് കാർമ്മികൻ തന്റെയും ജനത്തിന്റെയും പാപങ്ങൾ ക്ഷമിക്കാൻ ത്രിത്വത്തിനോട് അപേക്ഷിക്കുകയും വി. കുർബാനയുടെ നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥിക്കുകയും ബലിപീഠത്തിൽ കുരിശ് വരയ്ക്കുകയും ചെയ്യുന്നു.

## III യാഗാർപ്പണം (അന്നാഫുറ)

- അന്നാഫുറ എന്ന വാക്കിന്റെ അർത്ഥം ഉയർത്തുകയെന്നാണ്. വിശുദ്ധമായ കാഴ്ചവസ്തുക്കൾ ദൈവസന്നിധിയിലേക്ക് അർപ്പിക്കുന്ന ഭാഗമാണിത്. യാഗാർപ്പണം എന്നും ഈ ശുശ്രൂഷ അറിയപ്പെടുന്നു.
- രഹസ്യവും പരസ്യവുമായ 66 പ്രാർത്ഥനകളാണ് അന്നാഫുറയിലുള്ളത്. 33 പ്രാർത്ഥനകൾ യേശുവിന്റെ മനുഷ്യത്വത്തെയും 33 എണ്ണം ദൈവത്വത്തെയും സൂചിപ്പിക്കുന്നു.
- സമാധാനത്തിന്റെ പ്രാർത്ഥന മുതൽ മൂന്നാമത്തെ ആശീർവാദം വരെയുള്ള ഭാഗത്തെയാണ് അന്നാഫുറ എന്ന് വിളിക്കുന്നത്.

### 1. സമാധാന പ്രാർത്ഥന

- വിശ്വാസപ്രമാണത്തിനുശേഷം വൈദികൻ ദർഗായിലേക്ക് പ്രവേശിച്ച് കൈകൾ കുരിശാകൃതിയിൽ പിടിച്ചുകൊണ്ടാണ് ഈ പ്രാർത്ഥന ചൊല്ലുന്നത്. ദർഗായിലേയ്ക്കുള്ള പ്രവേശനം പെസഹാ ഭക്ഷിക്കുന്നതിനുവേണ്ടി മർക്കോസിന്റെ മാളികയിലേക്ക് യേശുവും ശിഷ്യന്മാരും പ്രവേശിച്ചതിനെ സൂചിപ്പിക്കുന്നു.
- വി. കുർബാന സ്നേഹത്തിന്റെയും, ഐക്യത്തിന്റെയും ഉപവിയുടെയും കൂദാശയാണെന്ന് സമാധാന പ്രാർത്ഥന വിശ്വാസികളെ ഓർമ്മപ്പെടുത്തുന്നു. അന്നാഫുറയുടെ ആമുഖ പ്രാർത്ഥനകളിൽ ആദ്യത്തേതാണിത്.
- ഈ സമാധാനം സ്വർഗ്ഗത്തിൽ നമുക്ക് ലഭിക്കുന്ന നിത്യസമാധാനത്തിന്റെ മുന്നാസ്വാദനമാണ്.
- ദൈവത്തോടും മറ്റ് വിശ്വാസികളോടും നാം രമ്യതയിലാണ് എന്ന് പരസ്പരം സമാധാനം ആശംസിക്കുന്ന ശുശ്രൂഷ സൂചിപ്പിക്കുന്നു. വി. മത്തായി ശ്ലീഹാ ഈ ഒരു ആഹ്വാനമാണ് നൽകുന്നത്: “നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരന്

www.malankaralibrary.com

നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെ വച്ച് ഓർത്താൽ കാഴ്ച വസ്തു അവിടെ ബലിപീഠത്തിന്റെ മുമ്പിൽ വച്ചിട്ട് പോയി സഹോദരനോട് രമ്യതപ്പെടുക (മത്താ. 5:23–24). ഇപ്രകാരം നമ്മുടെ സഹോദങ്ങളോട് രമ്യതപ്പെട്ടാൽ മാത്രമേ ഉത്ഥിതനായ ക്രിസ്തു നൽകിയ സമാധാനം നമുക്ക് സ്വീകരിക്കാൻ സാധിക്കുകയുള്ളു.

**2. അനുഗ്രഹത്തിന്റെ പ്രാർത്ഥന**

അന്നാഫുറയുടെ ആമുഖ പ്രാർത്ഥനകളിൽ രണ്ടാമത്തേതാണിത്. വിശ്വാസി സമൂഹം തലകുനിച്ച് നിൽക്കുമ്പോൾ വൈദികൻ ആശീർവാദ പ്രാർത്ഥന ചൊല്ലുന്നു. ഈ സമയത്ത് വിശ്വാസിസമൂഹം തലകുനിച്ച് ആശീർവാദം/അനുഗ്രഹം സ്വീകരിക്കുന്നു. ദൈവാരാധനയുടെയും സമ്പൂർണ്ണ സമർപ്പണത്തിന്റെയും സൂചനയായിട്ടാണ് വിശ്വാസിഗണം തലകുനിച്ചു നിൽക്കുന്നത്. ദൈവസന്നിധിയിൽ നമ്മെത്തന്നെ പൂർണ്ണമായി സമർപ്പിക്കുമ്പോഴാണ് ദൈവാനുഗ്രഹങ്ങൾ സ്വീകരിക്കാൻ സാധിക്കുന്നത്. വിശ്വാസികളുടെമേൽ നടത്തുന്ന അനുഗ്രഹത്തിന്റെ പ്രാർത്ഥനകൾക്ക് മുന്നോടിയായി ശുശ്രൂഷകൻ തലകുനിക്കുവിൻ എന്ന് മുന്നറിയിപ്പ് നൽകാറുണ്ട്. ഇപ്രകാരം തലകുനിച്ച് നിൽക്കുന്നവരുടെമേൽ നടത്തുന്ന 3 അനുഗ്രഹത്തിന്റെ പ്രാർത്ഥനകൾ വി. കുർബാനയിലുണ്ട്.

a) സമാധാനത്തിനുശേഷം
b) ദിവ്യരഹസ്യങ്ങൾ കൈക്കൊള്ളുന്നതിനു തൊട്ടുമുമ്പ്
c) വി. കുർബാന കൈകൊണ്ടതിനുശേഷമുള്ള ഹൂത്തോമയ്ക്കും സമാധാന ആശംസയ്ക്കും മുമ്പ്.

**3. ശോശപ്പാ ആഘോഷം**

- ശോശപ്പാ എന്ന സുറിയാനി വാക്കിന്റെ അർത്ഥം ആവരണം, മൂടി, തൂവാല എന്നിങ്ങനെയാണ്.
- ശോശപ്പാ ഉപയോഗിക്കുന്നത് ദിവ്യരഹസ്യങ്ങളെ മൂടാൻ വേണ്ടിയാണ്. ഈ സമയത്ത് വൈദികൻ ഇപ്രകാരം പ്രാർത്ഥിക്കുന്നുണ്ട്: "മഹത്വമുള്ളവന്റെ തേജസ്സുകൊണ്ട് ആകാശം മൂടിയിരിക്കുന്നു. അവന്റെ മഹത്വം സൃഷ്ടി മുഴുവനും നിറഞ്ഞിരിക്കുന്നു." അതായത് ശോശപ്പാ സൃഷ്ടി മുഴുവനും നിറഞ്ഞിരിക്കുന്ന ക്രിസ്തുവിന്റെ മഹത്വത്തെ സൂചിപ്പിക്കുന്നു.

www.malankaralibrary.com


- ശോശപ്പാ ആഘോഷിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന ശോശപ്പായുടെ അർത്ഥം കൃത്യമായി വ്യക്തമാക്കുന്നു: "ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾക്കു പന്ത്രണ്ടു നീരുറവകൾ ഒഴുക്കിക്കൊടുത്ത തീക്കൽപാറ നീയാകുന്നു. ഞങ്ങളുടെ രക്ഷകന്റെ കബറിങ്കൽ വയ്ക്കപ്പെട്ട തീക്കൽപ്പാറയും നീ തന്നെ ആകുന്നു." മരുഭൂമിയിൽ വച്ച് ദൈവം ഇസ്രായേൽ ജനത്തിന് പാറയിൽ നിന്ന് വെള്ളമൊഴുക്കി അവരുടെ ദാഹം ശമിപ്പിച്ചു (സംഖ്യ. 20: 2-13). ഇവിടെ ശോശപ്പാ ഈ പാറയെ സാദൃശീകരിക്കുകയാണ്. ക്രിസ്തുവാകുന്ന പാറയിൽ നിന്ന് ദൈവകൃപയാകുന്ന അല്ലെങ്കിൽ അവന്റെ രക്തമാകുന്ന ജീവജലം ഒഴുകുന്നതിനെ ശോശപ്പാ സൂചിപ്പിക്കുന്നു.
- ശോശപ്പാ കർത്താവിന്റെ കബറിടത്തിൽ വച്ച പാറയ്ക്ക് സദൃശ്യമാണ്. അതിനാൽ ശോശപ്പാ ആഘോഷം ഉയിർപ്പ് സമയത്തുണ്ടായ ഭൂകമ്പത്തെയും ക്രിസ്തു മരണത്തിന്റെമേൽ വിജയം വരിച്ചതിനെയും സൂചിപ്പിക്കുന്നു.
- ശോശപ്പാ ഉയർത്തുന്നതിലൂടെ സ്വർഗ്ഗത്തിന്റെ വാതിൽ നമുക്കായി തുറന്നിരിക്കുകയും നാം സ്വർഗ്ഗീയ ജറുസലേമിലേക്ക് പ്രവേശിക്കുകയും സ്വർഗ്ഗീയർ നമ്മുടെ ഇടയിലേക്ക് ഇറങ്ങി വരുകയും ചെയ്യുന്നു. തന്മൂലം മനുഷ്യരും സ്വർഗ്ഗീയരും തമ്മിലുള്ള സംസർഗ്ഗം സംലഭ്യമാകുന്നു. അതിനാൽ ശോശപ്പായെ യാക്കോബ് ബഥേലിൽ കണ്ട ഗോവേണിയോട് (ഉത്പ. 26:12) ഉപമിക്കാം. സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള ഈ കണ്ടുമുട്ടലിന്റെ പ്രതീകമായിട്ടാണ് ശോശപ്പാ ആഘോഷിക്കുന്നത്.

4. **സ്തോത്രയാഗ പ്രാർത്ഥന**

- വി. കുർബാനയിലെ മർമ്മപ്രധാനമായ ഭാഗമാണിത്. രക്ഷാകര ചരിത്രം വിവരിച്ചുകൊണ്ട് അന്ത്യത്താഴത്തിലൂടെ കടന്ന് പരിശുദ്ധാത്മാവിന്റെ ആഘോഷത്തിലവസാനിക്കുന്ന ഈ പ്രാർത്ഥനയിലാണ് അപ്പവും വീഞ്ഞും തിരുശരീരവും തിരുരക്തവുമായി രൂപാന്തരപ്പെടുന്നത്.
- സ്തോത്രയാഗ പ്രാർത്ഥനയുടെ ആരംഭത്തിൽ വൈദികൻ വിശ്വാസികളെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവദിച്ച് ത്രിത്വൈക ദൈവത്തിന് സമർപ്പിക്കുന്നു.

www.malankaralibrary.com

പിതാവിന്റെ സ്നേഹവും പുത്രന്റെ കൃപയും അനുസ്മരിച്ചുകൊണ്ട് പിരിശുദ്ധാത്മാവിന്റെ രണ്ട് പ്രവർത്തികളായ സംസർഗ്ഗം, ആവാസം ഇവ എടുത്ത് പറഞ്ഞാണ് ആശീർവാദം നൽകുന്നത്. ഈ ആശീർവാദം പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭയെ അഭിവാദനം ചെയ്തതിനെ ആസ്പദമാക്കിയുള്ളതാണ് (2 കോറി. 13:14). സംസർഗ്ഗം എന്നതുകൊണ്ട് ബന്ധം സ്ഥാപിക്കലാണ് ഉദ്ദേശിക്കുന്നത്. പരസ്പരം കൂട്ടായ്മയിൽ കഴിയുന്നതും, സംഭാഷണത്തിൽ ഏർപ്പെടുന്നതുമെല്ലാം സംസർഗ്ഗത്തിന്റെ ഭാഗമാണ്. ഇത് പരിശുദ്ധാത്മാവിൽ നിന്ന് ലഭ്യമാകുന്ന അനുഭവമാണ്. ഈ സംസർഗ്ഗം ആവാസമായി തീരും എന്നാണ് ആശീർവാദത്തിലൂടെ ആശംസിക്കുന്നത്.

### 5. സ്വർഗ്ഗത്തിലേക്ക് ഉയരുവാനുള്ള ആഹ്വാനം

ആശീർവാദത്തിനുശേഷം വൈദികൻ ഇപ്രകാരം ആഹ്വാനം ചെയ്യുന്നു: “ഈ സമയത്ത് നാമെല്ലാവരുടെയും ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് മിശിഹാതമ്പുരാൻ ഇരിക്കുന്ന മഹോന്നതങ്ങളിൽ ആയിരിക്കണം.”

- മനുഷ്യമനസ്സിന്റെ ബൗദ്ധികതലങ്ങളായ ബോധങ്ങളും, ചിന്തകളും, ഹൃദയങ്ങളും ദൈവസന്നിധിയിലേക്ക് ഉയർത്താനുള്ള ആഹ്വാനമാണിവിടെ നൽകുന്നത്. അതായത് ആത്മീയ അനുഭൂതിയിലേക്ക് പ്രവേശിക്കുവാനുള്ള ആഹ്വാനം.
- ഭൗമിക സഭയിലുള്ളവർ സ്വർഗ്ഗീയസഭയിലെ ആരാധനയിലേക്ക് പ്രവേശിക്കുകയും സ്വർഗ്ഗീയ സഭയിലുള്ളവർ ഭൗമിക സഭയിലെ ബലിപീഠത്തിൽ നടക്കുന്ന ആരാധനയിലേക്ക് അവരോഹണം ചെയ്യപ്പെടുകയും ചെയ്യുന്നു. സ്വർഗ്ഗീയസഭയും ഭൗമികസഭയും ഒന്നുചേരുന്ന മനോഹരമായ മുഹൂർത്തമാണിത്. ഭൂമിയിലുള്ളവർ ആത്മീയമായി സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കുവാനുള്ള ആഹ്വാനം കൂടിയാണിത്.
- സഭയിലെ ആരാധന സ്വർഗ്ഗീയ ആരാധനയുടെ മുന്നാസ്വാദനമാണ്. വിശ്വാസികൾ തീർത്ഥാടനം ചെയ്യേണ്ടത് സ്വർഗ്ഗീയ ജറുസലേമിലേക്കാണ്. അതിനാൽ സ്വർഗ്ഗീയ ജറുസലേമിൽ പിതാവായ ദൈവത്തിന്റെ വലതുഭാഗത്തിരിക്കുന്ന പുത്രൻ തമ്പുരാന്റെ സന്നിധിയിലേക്ക് നമ്മെത്തന്നെ ഉയർത്തുകയാണിവിടെ.

www.malankaralibrary.com


- ഓരോ ബലിയർപ്പണവും പൂർത്തിയാകുന്നത് ക്രിസ്തുവിനോട് എല്ലാ പ്രകാരത്തിലും യോജിച്ചുകൊണ്ടാണ്. അതുമൂലമേ നമ്മുടെ വി. കുർബാന അർപ്പണത്തിന് അർത്ഥവും ഫലവും ഉണ്ടാകൂ എന്ന സത്യം ഇവിടെ ഓർമ്മപ്പെടുത്തുന്നു.
- ദൈവത്തിന് ഭയഭക്തിയോടുകൂടെ സ്തോത്രം നൽകുവാനുള്ള ആഹ്വാനം. 'ഭയഭക്തിയോടെ കർത്താവിനെ നമുക്ക് സ്തോത്രം ചെയ്യാം' എന്ന് വൈദികൻ ജനങ്ങളോട് ആഹ്വാനം ചെയ്യുമ്പോൾ പ്രത്യുത്തരമായി ജനങ്ങൾ 'ഭയഭക്തിയോടെ കർത്താവിനെ സ്തോത്രം ചെയ്യുന്നത് യുക്തവും ന്യായവുമാകുന്നു' എന്ന് പറയുന്നു.
- സ്തോത്രം ചെയ്യാം എന്നതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത് കൃതജ്ഞത അഥവാ നന്ദി അർപ്പിക്കുക എന്നതാണ്. ക്രിസ്തു നമ്മെ പരിപാലിക്കുന്നതിനെ ഓർത്ത് കൃതജ്ഞത അർപ്പിക്കുന്നതിന് ഈ ഭാഗം പ്രാധാന്യം നൽകുന്നു. അതോടൊപ്പം തന്നെ ആരാധനയുടെ രണ്ട് പ്രധാന ഉദ്ദേശങ്ങളായ ദൈവമഹത്വവും മനുഷ്യവിശുദ്ധീകരണവും ഉൾക്കൊള്ളുന്ന വാക്കാണ് സ്തോത്രം ചെയ്യുക എന്നത്.
- ഭയം എന്ന പദം അർത്ഥമാക്കുന്നത് ദൈവഭക്തിയിൽ നിന്നുള്ള ഭയമാണ്. ദൈവത്തിന്റെ മഹാകരുണയെയും വിശുദ്ധിയെയും ഓർത്ത് ദൈവാനുഭവത്തിൽ നിന്നുണ്ടാകുന്ന ഭയം. ദൈവത്തിന്റെ മുമ്പിൽ നമ്മുടെ അയോഗ്യതകളെ ഓർത്ത് ഭയത്തോടെ നാം ആയിരിക്കുമ്പോൾ ഇനിയുള്ള ശുശ്രൂഷകൾ യുക്തവും ന്യായവുമാണെന്ന് ജനങ്ങൾ സമ്മതിച്ച് ഏറ്റ് പറയുന്നു.

### 6. മാലാഖമാരുടെ സ്തുതിപ്പ്

മാലാഖവൃന്ദങ്ങളോട് ചേർന്ന് ഭൂമിയിലെ തീർത്ഥാടകസഭ ദൈവസന്നിധിയിൽ 'പരിശുദ്ധൻ' എന്ന് ആലപിച്ച് കൊണ്ട് സ്തുതിഗീതം ചൊല്ലുന്ന ഭാഗമാണിത്. തീർത്ഥാടകരായ നമ്മൾ സ്വർഗ്ഗീയ ആരാധനയിൽ മാലാഖമാരോടൊത്ത് ദൈവത്തെ സ്തുതിക്കുന്നതിന്റെ മുന്നാസ്വാദനമാണ് ഈ പ്രാർത്ഥനയിലൂടെ വ്യക്തമാക്കുന്നത്.

- ഏശയ്യാ പ്രവാചകനുണ്ടായ ദർശനത്തിലെ മാലാഖമാരുടെ സ്തുതിയും (ഏശ. 6:3), യേശുവിന്റെ ജറുസലേം ദൈവാലയ

www.malankaralibrary.com

പ്രവേശന അവസരത്തിൽ ജനങ്ങൾ ആർത്തുവിളിച്ച ഓശാനാ ലാപനവും (മത്താ. 21:8, മർക്കോ. 11:9, ലൂക്കാ. 19:38, യോഹ. 12:13) ചേർത്തുള്ള കീർത്തനമാണ് മാലാഖമാരുടെ സ്തുതി ഗീതം. ഇവിടെ ക്രിസ്തു ബലിപീഠത്തിൽ സന്നിഹിതനാകുന്നതിനാൽ ജറുസലേമിലെ ജനങ്ങളെപ്പോലെ നാമും ഈ സ്തുതിഗീതത്തി ലൂടെ ഓശാന പാടുകയാണ് ചെയ്യുന്നത്.

- ഈ സ്തുതി കീർത്തനത്തിലെ ആദ്യഭാഗം പിതാവിനെയും രണ്ടാം ഭാഗം പുത്രനെയും സ്തുതിക്കുന്നു. ഇപ്രകാരം ഒരേ കീർത്തന ത്തിൽ പിതാവിനെയും പുത്രനെയും ഒരുമിച്ച് ആരാധിക്കുന്നതാണ് മലങ്കര കുർബാനയുടെ അർത്ഥവും ലക്ഷ്യവും.
- ഈ സ്തുതി കീർത്തനാവസരത്തിൽ വൈദികൻ ദിവ്യരഹസ്യ ങ്ങളുടെമേൽ കൈകൾ ചലിപ്പിക്കുന്നത് ഇരുചിറകാൽ മാലാഖ മാർ പറന്നുനിന്ന് ത്രൈശുദ്ധകീർത്തനം ആലപിച്ചതിനെ സൂചി പ്പിക്കുന്നു.
- വിശ്വാസ സമൂഹം മാലാഖമാരുടെ സ്തുതിപ്പ് ആലപിക്കുമ്പോൾ വൈദികൻ രഹസ്യപ്രാർത്ഥന ചൊല്ലുകയും രക്ഷാകരചരിത്രം അനുസ്മരിക്കുകയും ചെയ്യുന്നു. മാർ യാക്കോബിന്റെ അന്നാഫു റയിലെ രഹസ്യപ്രാർത്ഥനയുടെ പ്രധാനപ്പെട്ട ഉള്ളടക്കം ഇതാ ണ്: മനുഷ്യനെ ദൈവം സൃഷ്ടിച്ച് പറുദീസായിലാക്കി, അവൻ പാപം ചെയ്ത് ദൈവത്തിൽ നിന്നകന്നു. എന്നാൽ ദൈവം അവനെ കൈവിട്ടില്ല. ദീർഘദർശിമാർ മുഖേന അവന് മാർഗ്ഗ നിർദ്ദേശം നലകി. അവസാനം സ്വപുത്രനെത്തന്നെ ലോകത്തി ലേക്കയച്ചു. അവൻ ശരീരമെടുത്ത് ക്ഷയിച്ചു പോയ മനുഷ്യന്റെ സാദൃശ്യത്തെ നവീകരിച്ചു.

**7. വിശുദ്ധ കുർബാന സ്ഥാപന വിവരണം**

- സെഹിയോൻ മാളികയിൽ വച്ച് യേശു വി. കുർബാന സ്ഥാപിച്ച സംഭവത്തെ അനുസ്മരിക്കുകയും ആവിഷ്കരിക്കുകയും ചെയ്യുന്ന സന്ദർഭമാണിത്.
- കാൽവരിയിൽ ഈശോ രക്തം ചിന്തിയർപ്പിച്ച ബലി പെസഹ ദിവസം അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ഈശോ രക്തരഹിതമായി അർപ്പിച്ചു. പെസഹായിലർപ്പിച്ച രക്തരഹിത ബലി പൂർത്തിയാക്കപ്പെട്ടത് കാൽവരിയിലെ ബലിയിലാണ്. പെസ

www.malankaralibrary.com


ഹാദിവസം വി. കുർബാന സ്ഥാപനത്തിനുശേഷം ഈശോ അരുളി ചെയ്തു: "എന്റെ ഓർമ്മയ്ക്കായി ഇത് നിങ്ങൾ ചെയ്യുവിൻ" (ലൂക്കാ. 22:19). ഓരോ വി. കുർബാനയും യേശു കാൽവരിയിൽ രക്തം ചിന്തി അർപ്പിച്ച ബലിയുടെയും പെസഹാദിവസം രക്തരഹിതമായി അർപ്പിച്ച ബലിയുടെയും ആവിഷ്കാരമാണ്. രണ്ടും ഒരേ ബലി തന്നെയാണ്. വി. കുർബാനയിലെ സ്ഥാപനവചനങ്ങൾ പെസഹാ ദിവസം കർത്താവ് വി. കുർബാന എന്ന രക്തരഹിത ബലി സ്ഥാപിച്ചതിന്റെ അനുസ്മരണമാണ്.

- അന്ത്യോക്യൻ ആരാധനക്രമത്തിലെ വി. കുർബാന മുഴുവൻ ഈശോ വി. കുർബാന സ്ഥാപനത്തിൽ ചെയ്ത നാല് ക്രിയകളുടെ പൂർത്തീകരണമാണ് : എടുത്തു, സ്തോത്രം ചെയ്തു, മുറിച്ചു, കൊടുത്തു. അപ്പവും വീഞ്ഞും ഒരുക്കി വയ്ക്കുന്ന ശുശ്രൂഷ മുതൽ വിശ്വാസ പ്രമാണം വരെയുള്ള ഭാഗമാണ് എടുത്തു എന്ന ക്രിയയെ കേന്ദ്രീകരിച്ചുള്ള ശുശ്രൂഷ. വിശ്വാസപ്രമാണത്തിനുശേഷമുള്ള സമാധാന പ്രാർത്ഥന മുതൽ ഖണ്ഡനശുശ്രൂഷയ്ക്ക് മുമ്പുള്ള ആശീർവാദം വരെയുള്ള ഭാഗമാണ് ആശീർവദിച്ചു എന്ന ക്രിയയെ കേന്ദ്രീകരിച്ചുള്ള ശുശ്രൂഷ. ഖണ്ഡന ശുശ്രൂഷ മുതൽ തിരുശരീരവും തിരുരക്തവും ഉയർത്തി ആഘോഷിക്കുന്നതിനുമുമ്പുള്ള ആശീർവാദം വരെയുള്ള ഭാഗമാണ് മുറിച്ചു എന്ന ക്രിയയെ കേന്ദ്രീകരിച്ചുള്ള ശുശ്രൂഷ. തിരുശരീരരക്തങ്ങൾ ഉയർത്തി ആഘോഷിക്കുന്നതു മുതൽ സമാപന ആശീർവാദം വരെയുള്ള ഭാഗമാണ് കൊടുത്തു എന്ന ക്രിയയെ കേന്ദ്രീകരിച്ചുള്ള ശുശ്രൂഷ.

- സെഹിയോൻ മാളികയിൽ നമ്മുടെ കർത്താവ് ചെയ്ത പ്രവർത്തികൾ ചെയ്യുകയും ഉച്ചരിച്ച വാക്കുകൾ ഉച്ചരിക്കുകയും ചെയ്ത് അപ്പവും വീഞ്ഞും ശുദ്ധീകരിക്കുന്നു. ക്രിസ്തുവിന്റെ പ്രതിനിധിയായി നിന്നുകൊണ്ട് കർത്താവനുഷ്ഠിച്ച അതേ കാര്യങ്ങൾ വൈദികൻ ചെയ്യുന്നു. അന്ത്യത്താഴത്തിൽ വച്ച് ഈശോ അപ്പമെടുത്ത് പിതാവിന്റെ പക്കലേക്കുയർത്തി കൃതജ്ഞതാ സ്തോത്രം ചെയ്തതിന്റെ പ്രതീകമായി പുരോഹിതൻ അപ്പവും വീഞ്ഞും കൈകളിലെടുത്തുയർത്തി ഉന്നതങ്ങളിലേക്ക് നോക്കുന്നു. ഈശോ അപ്പം വാഴ്ത്തി ശുദ്ധീകരിച്ച് മുറിച്ചതിന്റെ പ്രതീകമായി പുരോഹിതൻ

www.malankaralibrary.com

അപ്പം ഇടതുകൈയിൽ വച്ച് വാഴ്ത്തി എന്ന് പറഞ്ഞ് രണ്ട് തവണയും, ശുദ്ധീകരിച്ചു എന്ന് പറഞ്ഞ് ഒരു തവണയും കുരിശുവരയ്ക്കുന്നു. തുടർന്ന് മുറിച്ചു എന്ന് ചൊല്ലി അല്പം മുറിക്കുന്നുവെങ്കിലും രണ്ടായി വേർപെടുത്തുന്നില്ല. ക്രിസ്തു കുരിശിൽ മരിച്ചപ്പോൾ അവന്റെ ആത്മാവ് ശരീരത്തിൽ നിന്ന് വേർപെട്ടെങ്കിലും ദൈവത്വം ശരീരത്തിൽ നിന്നോ ആത്മാവിൽ നിന്നോ വേർപെട്ടില്ല. അതായത് ക്രിസ്തുവിന്റെ ദൈവത്വം ശരീരത്തോടും ആത്മാവോടും യോജിച്ചിരിക്കുന്നുവെന്ന് ഈ കർമ്മം സൂചിപ്പിക്കുന്നു. തുടർന്ന് ചിന്തപ്പെടുന്നു എന്ന് ഉച്ചരിക്കുമ്പോൾ യേശു രക്തം ചിന്തി എന്ന് കാണിക്കുന്നതിനായി കാസാ അല്പം ഉയർത്തി ചലിപ്പിക്കുന്നു.

**8. കല്പനാനുസ്മരണം (*Anamnesis*)**

നമ്മുടെ കർത്താവ് വി. കുർബാന സ്ഥാപനത്തിനുശേഷം നൽകിയ 'ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ' (ലൂക്കാ. 22:20) എന്ന കല്പനയാണ് വി. കുർബാനയർപ്പണത്തിന്റെ അടിസ്ഥാനം. മലങ്കര കുർബാനയിൽ വി. കുർബാന സ്ഥാപനവചനത്തിനുശേഷം വൈദികൻ ഇപ്രകാരം ചൊല്ലുന്നു: "ഈ രഹസ്യങ്ങളിൽ നിങ്ങൾ സംബന്ധിക്കുമ്പോഴൊക്കെയും എന്റെ മരണത്തെയും കബറടക്കത്തെയും പുനരുത്ഥാനത്തെയും ഞാൻ വരുന്നതുവരെ നിങ്ങൾ ഓർമ്മിക്കുവിൻ എന്ന് അപ്പോൾ തന്നെ അവൻ കല്പിച്ചരുളിചെയ്തു." ഈ പ്രാർത്ഥന ചൊല്ലുമ്പോൾ വൈദികൻ വടക്കുവശത്തിരിക്കുന്ന ഗ്മൂർത്തോ തർവോദോയോടുകൂടെ (സ്പൂൺ) എടുത്ത് 'മരണത്തെയും' എന്ന് പറയുമ്പോൾ കാസായിലും പീലാസായിലും 'കബറടക്കത്തെയും' എന്ന് പറയുമ്പോൾ കാർമ്മികന്റെ നെറ്റിയിലും തൊട്ട് 'ഞാൻ വരുന്നതുവരെ' എന്ന് പറയുമ്പോൾ സ്പൂൺ ഉയർത്തികാണിച്ച് തെക്ക് വശത്ത് വയ്ക്കുന്നു. നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വരവിനെ സൂചിപ്പിക്കാനാണ് സ്പൂൺ ജനങ്ങളെ കാണിച്ച് താഴ്ത്തി വയ്ക്കുന്നത്. സ്പൂൺ വടക്ക് വശത്ത് നിന്ന് തെക്ക് വശത്തേക്ക് മാറ്റി വയ്ക്കുമ്പോൾ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ കർത്താവ് കാരുണ്യവാനായതിനുപകരം നീതിയുടെ രാജാവായിരിക്കുമെന്നും രണ്ടാം വരവിൽ സംഭവിക്കുന്ന മാറ്റങ്ങളെയും സൂചിപ്പിക്കുന്നു. തുടർന്ന് മറുപടിയായി വിശ്വാസ സമൂഹം 'നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുന്നു. നിന്റെ ഉയിർത്തെഴുന്നേല്പിനെ ഞങ്ങൾ ഏറ്റുപറയുന്നു. നിന്റെ രണ്ടാമത്തെ വരവിനായി

www.malankaralibrary.com


ഞങ്ങൾ നോക്കിപാർക്കുന്നു' എന്ന് ചൊല്ലിക്കൊണ്ട് വിശ്വാസസത്യ ങ്ങൾ ഏറ്റുപറയുന്നു.

തുടർന്നുള്ള പുരോഹിതന്റെ പ്രാർത്ഥനയിൽ ഈശോയുടെ മര ണവും, ഉത്ഥാനവും ഏറ്റുപറയുകയും രണ്ടാമത്തെ വരവിലുള്ള പ്രത്യാശ പ്രകടിപ്പിച്ച വിശ്വാസികളുടെമേൽ അങ്ങ് വീണ്ടും വരുമ്പോൾ കരുണയായിരിക്കണമേയെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു. ഇതേ തുടർന്ന് 'സർവ്വശക്തിയുള്ള പിതാവായ ദൈവമേ ഞങ്ങളോട് കരുണ ചെയ്യണമെ' എന്ന് വിശ്വാസ സമൂഹവും പ്രാർത്ഥിക്കുന്നു.

**9. റൂഹാക്ഷണം (*Epiklesis*)**

- വി. കുർബാനയിലെ ഏറ്റവും മർമ്മ പ്രധാനമമായ ഭാഗമാണിത്. വൈദികൻ കൈകൾ ആവസിപ്പിച്ചുകൊണ്ട് തന്റെമേലും ദിവ്യര ഹസ്യങ്ങളുടെമേലും പരിശുദ്ധാത്മാവിനെ അയച്ചുതരണമേയെന്ന് രഹസ്യമായി പ്രാർത്ഥിക്കുന്നു. ഈ പ്രാർത്ഥന പിതാവായ ദൈവ ത്തോട് നടത്തുന്ന അപേക്ഷയാണ്, പരിശുദ്ധാത്മാവിനോടുള്ള തല്ല. കാരണം റൂഹാക്ഷണ പ്രാർത്ഥന ആരംഭിക്കുന്നത് തന്നെ 'പിതാവായ ദൈവമേ' എന്ന് പിതാവിനെ സംബോധന ചെയ്തു കൊണ്ട് പരിശുദ്ധാത്മാവിനെ അയച്ചു തരണമെന്ന് അപേക്ഷിച്ചു കൊണ്ടാണ്. മലങ്കര കുർബാനയിൽ റൂഹായെ ക്ഷണിക്കുന്ന പ്രാർത്ഥനയല്ല മറിച്ച് റൂഹായെ അയച്ചുതരണമെയെന്ന് പിതാവി നോട് പ്രാർത്ഥിക്കുകയാണ് ചെയ്യുന്നത്.
- റൂഹാക്ഷണ പ്രാർത്ഥനയിൽ വൈദികൻ കൈകൾ ദിവ്യരഹസ്യ ങ്ങളുടെമേൽ ആവസിപ്പിക്കുന്നത് ത്രൈശുദ്ധസ്തുതി ആലപിക്കു മ്പോൾ ചെയ്യുന്നതിൽ നിന്ന് വ്യത്യസ്തമായിട്ടാണ്. അവിടെ മാലാ ഖമാരെ സൂചിപ്പിക്കുന്നുവെങ്കിൽ ഇവിടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെയാണ് സൂചിപ്പിക്കുന്നത്.
- തുടർന്നുള്ള പ്രാർത്ഥന ഉച്ചത്തിലുള്ള അപേക്ഷയാണ്. 'കർത്താവേ എന്നോട് കരുണ ചെയ്യണമേ' എന്ന അപേക്ഷ പഴ യനിയമത്തിൽ കാർമൽ മലയിൽ വച്ച് ഏലിയാ പ്രവാചകൻ ബലി വസ്തുക്കളുടെമേൽ അഗ്നി ഇറക്കി ദഹിപ്പിക്കണമെ എന്ന് അപേ ക്ഷിച്ചതിനോട് ഉപമിക്കുന്നു. 'കർത്താവേ എന്റെ പ്രാർത്ഥന കേൾക്കണമെ' എന്ന അപേക്ഷയ്ക്ക് മറുപടിയായി ദൈവം ബലി വസ്തുക്കളെ അഗ്നി ഇറക്കി ദഹിപ്പിച്ചതുപോലെ (1 രാജാ. 18:20–40) ഈ കാഴ്ചവസ്തുക്കളിലും പരിശുദ്ധാത്മാവാകുന്ന അഗ്നി

www.malankaralibrary.com

ഇറക്കി തിരുശരീരവും തിരുരക്തവുമാക്കി മാറ്റാൻ കാർമ്മികൻ അപേക്ഷിക്കുന്നു. ഈ അപേക്ഷയ്ക്ക് മറുപടിയായി വിശ്വാസികൾ മൂന്ന് പ്രാവശ്യം 'കുറിയേലായിസ്സോൻ' എന്ന് ചൊല്ലുന്നു.

കന്യകയുടെ ശരീരത്തിൽ നിന്ന് ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വഴിയാണ് (ലൂക്കാ 1:35). അതുപോലെ ഈ അപ്പത്തെ, പരിശുദ്ധാത്മാവാണ് യേശുവിന്റെ ശരീരമാക്കി രൂപാന്തരപ്പെടുത്തുന്നത്.

തുടർന്ന് കാർമ്മികൻ അപ്പത്തിന്റെമേലും വീഞ്ഞിന്റെമേലും കൈകൾ ആവസിപ്പിച്ച് തിരുശരീരവും തിരുരക്തവുമാക്കി തീർക്കണമേയെന്ന് പ്രാർത്ഥിക്കുകയും മറുപടിയായി വിശ്വാസികൾ 'ആമ്മീൻ' എന്ന് ഉച്ചരിക്കുകയും ചെയ്യുന്നു. ഈ കർമ്മത്തോടുകൂടെ കാഴ്ചവസ്തുക്കൾ പൂർണ്ണമായും യേശുവിന്റെ ശരീരവും രക്തവുമായി മാറ്റപ്പെടുന്നു. അപ്പത്തിന്റെയും വീഞ്ഞിന്റെയും മേലുള്ള പ്രാർത്ഥനയ്ക്ക് ശേഷം വിശ്വാസികളുടെ വിശുദ്ധീകരണത്തിനായി പ്രാർത്ഥിക്കുന്നു.

**10. മദ്ധ്യസ്ഥപ്രാർത്ഥനകൾ (*Thubden, Intercessory Prayers*)**

- മലങ്കര കുർബാനയിൽ ആറ് മദ്ധ്യസ്ഥപ്രാർത്ഥനകളാണുള്ളത്. ഈ മദ്ധ്യസ്ഥപ്രാർത്ഥനകൾ സുറിയാനിയിൽ (തുബ്ദേൻ - വീണ്ടും) എന്നാണ് അറിയപ്പെടുന്നത്. കാരണം ശുശ്രൂഷകന്റെ പ്രഖ്യാപനങ്ങളെല്ലാം, 'വീണ്ടും' എന്ന് പറഞ്ഞുകൊണ്ടാണ് ആരംഭിക്കുന്നത്.
- ആറ് മദ്ധ്യസ്ഥപ്രാർത്ഥനകളിൽ ആദ്യത്തെ മൂന്നെണ്ണം ജീവിച്ചിരിക്കുന്നവരെ ഉദ്ദേശിച്ചും ശേഷിക്കുന്ന മൂന്നെണ്ണം മരിച്ചവരെ ഉദ്ദേശിച്ചുമുള്ളതാണ്. അതായത് സഭ മുഴുവനും വേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥനയാണ് തുബ്ദേൻ. വൈദികന്റെ രഹസ്യവും പരസ്യവുമായ പ്രാർത്ഥനകളും ശുശ്രൂഷകന്റെ പ്രാർത്ഥനകളും ചേർത്ത് 18 പ്രാർത്ഥനകളാണ് തുബ്ദേന്റെ ഉള്ളടക്കം.
- ആദ്യകാലങ്ങളിൽ സമാധാന ചുംബനത്തിനുശേഷമായിരുന്നു മദ്ധ്യസ്ഥപ്രാർത്ഥനകൾ നടത്തിയിരുന്നത്. എന്നാൽ എദേസയിലെ മാർ യാക്കോബാണ് ഇന്നുള്ള തരത്തിൽ മദ്ധ്യസ്ഥപ്രാർത്ഥനകൾ ക്രമപ്പെടുത്തിയത്.

ഓരോ മദ്ധ്യസ്ഥപ്രാർത്ഥനയിലും ഓരോ ഗണത്തെ ഓർത്താണ് പ്രാർത്ഥിക്കുന്നത്.

ഒന്നാം മദ്ധ്യസ്ഥപ്രാർത്ഥന: ആഗോള കത്തോലിക്കാ സഭയുടെ തലവനായ മാർപ്പാപ്പ, വ്യക്തിഗതസഭകളുടെ തലവൻ, നിശ്ചിത

www.malankaralibrary.com


പ്രൊവിൻസിന്റെ തലവനായ മെത്രാപ്പോലീത്ത, രൂപതാ മെത്രാൻ, മറ്റ് മെത്രാന്മാർ, വൈദികർ, ശെമ്മാശ്ശന്മാർ, സന്ന്യസ്തർ എന്നിവരെ ഓർക്കുന്നു.

രണ്ടാം മദ്ധ്യസ്ഥപ്രാർത്ഥന: എല്ലാ വിശ്വാസികളെയും കഷ്ടതയും ക്ലേശവും അനുഭവിക്കുന്നവരെയും പ്രത്യേകമായി ഓർക്കുന്നു.

മൂന്നാം മദ്ധ്യസ്ഥപ്രാർത്ഥന : രാജ്യത്തിന്റെ ഭരണാധിപന്മാരായ എല്ലാവരെയും ഓർക്കുന്നു.

നാലാം മദ്ധ്യസ്ഥപ്രാർത്ഥന : പരിശുദ്ധ മറിയം, മാർത്തോമാ ശ്ലീഹാ, മറ്റ് ശ്ലീഹന്മാർ, പ്രസംഗകർ, സുവിശേഷകർ, രക്തസാക്ഷികൾ, വേദസാക്ഷികൾ തുടങ്ങിയവരെ ഓർക്കുന്നു.

അഞ്ചാം മദ്ധ്യസ്ഥപ്രാർത്ഥന : മല്പാന്മാരെ ഓർത്ത് പ്രാർത്ഥിക്കുന്നു.

ആറാം മദ്ധ്യസ്ഥപ്രാർത്ഥന : ഇടവകയിൽ നിന്ന് വാങ്ങിപ്പോയവരെയും മറ്റ് പരേതരെയും ഓർക്കുന്നു.

- ആറാം മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കുശേഷം വിശ്വാസികൾ മൂന്ന് പ്രാവശ്യം കുറിയേലായിസ്സോൻ ചൊല്ലുന്നു. തുടർന്നുള്ള പൊതുവായ പ്രാർത്ഥനയ്ക്കുശേഷം വൈദികൻ സമാധാനം ആശംസിക്കുകയും യേശുമിശിഹായുടെ നാമത്തിൽ രണ്ടാമത്തെ ആശീർവാദം നൽകുകയും ചെയ്യുന്നു.

### 11. അപ്പം മുറിക്കൽ ശുശ്രൂഷ (ഖണ്ഡന ശുശ്രൂഷ)

ഈശോയുടെ ശരീരം മുറിക്കുകയും ശരീരം രക്തത്തിൽ കലർത്തുകയും ചെയ്യുന്നതാണ് ഈ ശുശ്രൂഷ. ക്രിസ്തുവിന്റെ കുരിശുമരണസമയത്ത് ഭൂമിയിലെങ്ങും അന്ധകാരം വ്യാപിച്ചതിനെ സൂചിപ്പിക്കാനാണ് ഈ ശുശ്രൂഷയുടെ സമയം മറ ഇടുന്നത്.

- പുരോഹിതൻ വാഴ്ത്തപ്പെട്ട അപ്പം കൈകളിലെടുത്ത് രണ്ടായി മുറിക്കുന്നതുവഴി വചനമായ ദൈവം ശരീരത്തിൽ യഥാർത്ഥമായി പീഢ അനുഭവിച്ചെന്നും കുരിശിൽ തന്നെത്തന്നെ ബലി അർപ്പിച്ചുവെന്നും അവന്റെ ശരീരം മുറിക്കപ്പെട്ടുവെന്നും സൂചിപ്പിക്കുന്നു.

- കുരുശിൽ വച്ച് ക്രിസ്തുവിന്റെ ശരീരം കുന്തത്താൽ കുത്തി തുളയക്കപ്പെട്ടു എന്നതിന്റെ പ്രതീകമായി പുരോഹിതൻ മുറിക്കപ്പെട്ട

www.malankaralibrary.com

അപ്പത്തിന്റെ ഒരു ഭാഗം തിരുരക്തത്തിൽ മുക്കി അപ്പത്തിന്റെമേൽ റൂശ്മ ചെയ്യുകയും തുടർന്ന് ആ ഭാഗത്തിന്റെ മേൽ കുരിശാകൃതയിൽ സ്പർശിക്കുകയും ചെയ്യുന്നു.

- മുറിക്കപ്പെട്ട അപ്പത്തിന്റെ ഒരു ഭാഗം രണ്ടാമതും തിരുരക്തത്തിൽ മുക്കി അപ്പത്തിന്റെമേൽ റൂശ്മ ചെയ്ത് തിരുരക്തം കൊണ്ട് നനയ്ക്കുമ്പോൾ അവന്റെ വിലാപുറത്തു നിന്നൊഴുകിയ രക്തത്താൽ ശരീരം മുഴുവൻ നനഞ്ഞുവെന്ന് അർത്ഥമാക്കുന്നു.

- ഇതിനുശേഷം മുറിക്കപ്പെട്ട ഭാഗങ്ങൾ തമ്മിൽ ചേർത്തുവയ്ക്കുന്നു. ചേർത്തുവച്ച ഭാഗങ്ങൾ ഇടത്തുനിന്ന് വലത്തോട്ട് തിരിക്കുന്നു. വലതുകൈയിലിരിക്കുന്ന അപ്പത്തിന്റെ ഭാഗം തിരുരക്തത്തിൽ മുക്കി ശരീരത്തിന്റെമേൽ റൂശ്മ ചെയ്യുന്നു. ഈ ശുശ്രൂഷവഴി അവിടുത്തെ ആത്മാവ് വീണ്ടും ശരീരത്തോട് ചേർന്നുവെന്നും ഇടത്തേതിനടുത്ത നമ്മെ (തിന്മയിൽ നിന്ന്) വലത്തേതിലേക്ക് തിരിച്ചുവെന്നും (നന്മയിലേക്ക്) സ്വർഗ്ഗീയരെ ഭൗമികരോടും സ്വജനത്തെ ജാതികളോടും യോജിപ്പിച്ച് സമാധാനം സ്ഥാപിച്ചുവെന്നും അവന്റെ ആത്മാവ് ശരീരത്തിൽ നിന്ന് വേർപെട്ടെങ്കിലും ദൈവത്വം ആത്മാവിൽ നിന്നോ ശരീരത്തിൽ നിന്നോ വേർപിരിഞ്ഞില്ല എന്നും സൂചിപ്പിക്കുന്നു.

- ഇടതുകൈയിൽ പിടിച്ചിരുന്ന മുറിക്കപ്പെട്ട അപ്പത്തിന്റെ മുകൾ ഭാഗം (ഗ്മൂർത്തോ) മുറിച്ച് തിരുരക്തത്തിലിടുകയും വലതുകൈയിലിരിക്കുന്ന മുറിക്കപ്പെട്ട അപ്പത്തിന്റെ മുകൾഭാഗം (ഗ്മൂർത്തോ) മുറിച്ച് തിരുരക്തത്തിൽ മുക്കി മുറിക്കപ്പെട്ട ഭാഗത്ത് കലർത്തുകയും ചെയ്യുന്നതുവഴി ഈ ശരീരം അവന്റെ രക്തത്തിന്റേതും രക്തം അവന്റെ ശരീരത്തിന്റേതുമാണ് എന്ന സത്യം പ്രഖ്യാപിക്കുന്നു. അതുപോലെ അവന്റെ ശരീരവും രക്തവും കാസായിലും പീലാസായിലും വെവ്വേറെ സൂക്ഷിക്കപ്പെടുന്നുവെങ്കിലും ഇത് കർത്താവിന്റെ ഏക ശരീരമാണെന്നും ഈ ശുശ്രൂഷ വ്യക്തമാക്കുന്നു.

- അതിനുശേഷം, മുറിക്കപ്പെട്ട രണ്ട് ഭാഗങ്ങളും പീലാസായിൽ ചേർത്തുവയ്ക്കുകയും അതിനുമുകളിൽ മുറിച്ചെടുത്ത ഗ്മൂർത്തോ വയ്ക്കുകയും ചെയ്യുന്നു. യേശുവിന്റെ ആത്മാവ് വീണ്ടും ശരീരത്തോട് ചേരുകയും അവൻ ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു എന്ന് ഇത് സൂചിപ്പിക്കുന്നു.

www.malankaralibrary.com


- ഈ ശുശ്രൂഷകൾ പൂർത്തിയാക്കിയ ശേഷം പീലാസ കൈകളിൽ പിടിച്ചുകൊണ്ട് ഈശോയുടെ തിരുശരീരത്തിലേക്ക് നോക്കി, സാറൂഗിലെ മാർ യാക്കോബിന്റെ അപേക്ഷ കാർമ്മികൻ ചൊല്ലുന്നു. വി. കുർബാനയിലൂടെ സംഭവിക്കുന്ന രക്ഷാകര പ്രവർത്തനങ്ങളിലുള്ള വിശ്വാസം ഏറ്റുപറയുന്നു. ഈ പ്രാർത്ഥനയുടെ പ്രധാന പ്രമേയങ്ങൾ താഴെ പറയുന്നവയാണ്.
- ദൈവപുത്രനെ കാഴ്ചയായി പിതാവിന് സമർപ്പിച്ചുകൊണ്ട് പാപങ്ങളുടെ മോചനത്തിനായും ദൈവം നമ്മോട് രമ്യപ്പെടുന്നതിനു വേണ്ടിയും വൈദികൻ പ്രാർത്ഥിക്കുന്നു.
- മനുഷ്യരക്ഷാർത്ഥം ഗോഗുൽത്തായിൽ ചിന്തപ്പെട്ട യേശുവിന്റെ രക്തം സമർപ്പിച്ചുകൊണ്ട് പാപമോചനത്തിനായി അപേക്ഷിക്കുന്നു.
- പാപപരിഹാരാർത്ഥമർപ്പിക്കുന്ന ഈ ബലിയെ തൃക്കൺപാർക്കുവാനായി പ്രാർത്ഥിക്കുന്നു.
- മനുഷ്യവർഗ്ഗത്തെ പിതാവിനോട് അനുരഞ്ജനപ്പെടുത്താൻ പര്യാപ്തമായ യേശുവിന്റെ പീഢകളാൽ ഞാൻ ജീവിക്കും എന്ന വിശ്വാസ പ്രഖ്യാപനം സഭ നടത്തുന്നു.
- രക്ഷാകര ദൗത്യം പൂർത്തിയാക്കി മനുഷ്യരക്ഷ സാധ്യമാക്കിയ പിതൃപുത്രപരിശുദ്ധാത്മാവിനെ സ്തോത്രം ചെയ്യുകയും കരുണ യാചിക്കുകയും ചെയ്യുന്നു: "ഞങ്ങളുടെ രക്ഷയ്ക്കായി സ്വപുത്രനെ ഏല്പിച്ചു തന്ന പിതാവിന് സ്തുതി! കുരിശിൽ മരിച്ച് ഞങ്ങളെയെല്ലാം ജീവിപ്പിച്ച പുത്രനു വന്ദനം! ഞങ്ങളുടെ രക്ഷയുടെ രഹസ്യം ആരംഭിക്കുകയും പൂർത്തിയാക്കുകയും ചെയ്ത പരിശുദ്ധാത്മാവിനു സ്തോത്രം! പരമോന്നത ത്രിത്വമേ, ഞങ്ങളെല്ലാവരോടും കരുണ ചെയ്യണമേ."
- ഈ ആരാധനയെ തുടർന്ന് പീലാസായുടെ മുകളിൽ വച്ചിരിക്കുന്ന ഗ്മൂർത്തോ എടുത്ത് തിരുരക്തത്തിൽ മുക്കി 3 പ്രാവശ്യം മുദ്രണം ചെയ്യുന്നു.

ഒന്നാം പ്രാവശ്യം മുദ്രണം ചെയ്യുമ്പോൾ ജറുസലേമിലെ ഗോഗുൽത്തായിൽ വച്ച് ഞങ്ങൾക്കുവേണ്ടി വിലാവിൽ കുത്തുകൊണ്ട ദൈവമായ മിശിഹാ നീയാകുന്നുവെന്നും രണ്ടാംപ്രാ

www.malankaralibrary.com

വശ്യം മുദ്രണം ചെയ്യുമ്പോൾ ലോകത്തിന്റെ പാപം നീക്കികള യുന്ന ദൈവത്തിന്റെ കുഞ്ഞാട് നീയാകുന്നുവെന്നും മൂന്നാംപ്രാ വശ്യം മുദ്രണം ചെയ്തുകൊണ്ട് ഞങ്ങളുടെ കടങ്ങൾ പരിഹരി ക്കുകയും പാപങ്ങൾ ക്ഷമിക്കുകയും ചെയ്ത് ഞങ്ങളെ നിന്റെ വലതുഭാഗത്ത് നിറുത്തണമെ എന്നും തന്റെ കൈയിലിരിക്കുന്ന ഈശോയുടെ തിരുരക്തത്തിലേക്ക് നോക്കി കാർമ്മികൻ പ്രാർത്ഥി ക്കുന്നു.

**12. കർത്തൃപ്രാർത്ഥന**

- ഈശോ പഠിപ്പിച്ച പ്രാർത്ഥനയാണിത്. അപ്പം മുറിക്കൽ ശുശ്രൂഷയ്ക്ക് ശേഷം ആണ് ഈ പ്രാർത്ഥന ക്രമീകരിച്ചിരിക്കു ന്നത്. ഇതിനുള്ള കാരണം, ഉത്ഥാനത്തിലൂടെ നാം ദൈവമക്ക ളായി തീർന്നതിനാൽ നമുക്ക് ദൈവത്തെ 'പിതാവേ' എന്ന് വിളി ക്കാനുള്ള സ്വാതന്ത്ര്യം ലഭ്യമായി (റോമ. 8:15-17, ഗലാ. 4:6). അതി നാൽ ആണ് നാം സ്വാതന്ത്ര്യത്തോടെ പ്രാർത്ഥിക്കുന്നത്: 'സ്വർഗ്ഗ സ്ഥനായ ഞങ്ങളുടെ പിതാവേ...'. മാമോദീസ എന്ന കൂദാശയി ലൂടെ നാം ഓരോരുത്തരും ക്രിസ്തുവിന്റെ സഹോദരങ്ങളും സ്വർഗ്ഗീയ പിതാവിന്റെ മക്കളുമായി തീരുന്നതിനാൽ കർത്തൃ പ്രാർത്ഥന ചൊല്ലുക എന്നത് ഓരോ ക്രിസ്ത്യാനിയുടെയും അവ കാശമാണ്.
- കർത്തൃപ്രാർത്ഥനയെത്തുടർന്ന്, കർത്തൃപ്രാർത്ഥനയിൽ നാം കരേറ്റിയ അപേക്ഷകൾ ഉൾക്കൊള്ളിച്ചുകൊണ്ട് വൈദികൻ പ്രാർത്ഥിക്കുന്നു. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ എന്ന ആശയത്തിനാണ് വൈദികൻ ഈ പ്രാർത്ഥനയിൽ ഊന്നൽ നൽകുന്നത്.
- തുടർന്ന് വൈദികൻ സമാധാനം ആശംസിക്കുന്നു. ഈ സമാധാ നാശംസ, ക്രിസ്തു ഉയിർത്തെഴുന്നേറ്റശേഷം ശിഷ്യന്മാർക്ക് പ്രത്യ ക്ഷപ്പെട്ട് സമാധാനം ആശംസിച്ചതിനെ സൂചിപ്പിക്കുന്നു.

തുടർന്ന് വൈദികൻ തലകുനിച്ച് നിൽക്കുന്ന വിശ്വാസികൾക്കു വേണ്ടി ആശീർവാദപ്രാർത്ഥന നടത്തുകയും സമാധാനം ആശംസി ക്കുകയും ചെയ്യുന്നു. ഇപ്രകാരം അടുത്തടുത്ത് സമാധാനം ആശംസി ക്കുന്നത് ക്രിസ്തു പലപ്രാവശ്യം ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ട് സമാധാനം ആശംസിച്ചതിനെ സൂചിപ്പിക്കുന്നു.

സമാധാനാശംസയെ തുടർന്ന് പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ വൈദികൻ വിശ്വാസികൾക്ക് മൂന്നാമത്തെ ആശീർവാദം നൽകുന്നു.

www.malankaralibrary.com


ഈ ആശീർവാദത്തിൽ ത്രിത്വത്തിന്റെ ഏഴ് വിശേഷണങ്ങൾ സൂചിപ്പിക്കുന്നു. (വിശുദ്ധി, മഹത്വം, സൃഷ്ടിയല്ലാത്തത്, ഉൺമയായത്, ആദ്യന്തമില്ലാത്തത്, വന്ദിക്കത്തക്കത്, സാരാംശത്തിൽ ഒന്നായിരിക്കുന്നത്). നമ്മുടെ കർത്താവ് ശ്ലീഹന്മാരെ ബഥാനിയായിൽ വച്ച് കൈകൾ ഉയർത്തി അനുഗ്രഹിച്ചതിനെ (ലൂക്കാ. 24:50) ഈ ആശീർവാദം സൂചിപ്പിക്കുന്നു.

## IV യാഗവിരുന്ന് (മെശ്തൂസോ)

### 1. തിരുശരീരരക്തങ്ങളുടെ ആഘോഷം

തിരുശരീരവും തിരുരക്തവും ആഘോഷിക്കുന്നതുവഴി കർത്താവിന്റെ സ്വർഗ്ഗാരോഹണത്തെ അനുസ്മരിക്കുന്നു. യേശുവിന്റെ സ്വർഗ്ഗാരോഹണസമയത്ത് രണ്ടു മാലാഖമാർ ഇരുവശത്തായി (അപ്പ.1:10) കാണപ്പെട്ടതിനെ സൂചിപ്പിക്കാനായി ഈ സമയത്ത് ശുശ്രൂഷകർ ഇരുവശത്തും കത്തിച്ച മെഴുകുതിരികൾ ഉയർത്തി നില്ക്കുന്ന പാരമ്പര്യമുണ്ട്. ശുശ്രൂഷകന്റെ 'ബാറെക്മോർ, ഭയഭക്തിയോടെ നാം സൂക്ഷിക്കണം.' എന്ന പ്രഖ്യാപനത്തോടെയാണ് ഈ ശുശ്രൂഷ ആരംഭിക്കുന്നത്. ഇതിനു മറുപടിയായി 'കർത്താവേ കരുണതോന്നി ഞങ്ങളെ അനുഗ്രഹിക്കണമെ' എന്ന് വിശ്വാസികൾ പറയുകയും ഈ ശുശ്രൂഷയിലേക്ക് ഭക്തിപൂർവ്വം പ്രവേശിക്കുകയും ചെയ്യുന്നു.

പീലാസ ഉയർത്തി കൊണ്ട് 'വിശുദ്ധമായ വിശുദ്ധിയും വെടിപ്പുമുള്ളവർക്ക് നല്കപ്പെടുന്നു' എന്ന് വൈദികൻ പറയുമ്പോഴുള്ള ജനത്തിന്റെ മറുപടി വളരെ അർത്ഥവത്താണ്. കാരണം വൈദികന്റെ ആഹ്വാനത്തിന്റെ അർത്ഥതലങ്ങൾ മനസ്സിലാക്കുന്ന ജനം സ്വയം ആത്മശോധന ചെയ്ത് കൂദാശകളിലൂടെയുള്ള വിശുദ്ധി തങ്ങൾക്ക് ഉണ്ടെങ്കിലും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തിന്റെ പരിശുദ്ധിയുടെ അത്രയും യോഗ്യത തങ്ങൾക്ക് ഇല്ലെന്ന് ഏറ്റുപറയുന്നു. ഈ ഒരർത്ഥത്തിലാണ് വിശ്വാസികൾ ഇപ്രകാരം പറയുന്നത്. 'പരിശുദ്ധനായ ഏകപിതാവും പരിശുദ്ധനായ ഏകപുത്രനും, പരിശുദ്ധനായ ഏകറൂഹായുമല്ലാതെ പരിശുദ്ധനില്ല.'

ദൈവപുത്രന്റെ സാന്നിധ്യമുള്ളിടത്ത് പിതാവും, പരിശുദ്ധാത്മാവും സന്നിഹിതരാണ് (യോഹ. 14:23). അതിനാലാണ് പിതാവും, പുത്രനും, പരിശുദ്ധാത്മാവും നമ്മോട് കൂടെ എന്ന് വൈദികൻ കാസായും പീലാസായും കുരിശാകൃതിയിൽ പിടിച്ച് നെഞ്ചോട് ചേർത്തുവച്ചുകൊണ്ട് ചൊല്ലുന്നത്. ഇതിന് അംഗീകാരമുദ്രയായി ജനങ്ങൾ 'ആമ്മീൻ'

www.malankaralibrary.com

പറയുന്നു. ഇതിനുശേഷം 'കർത്താവിന്റെ തിരുനാമം ആദിമുതൽ എന്നേയ്ക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ' എന്ന് ചൊല്ലി ആരാധന അർപ്പിക്കുന്നു.

തുടർന്ന് ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറയുകയും പങ്കുവയ്ക്കുകയും ചെയ്ത പരേതരായ വിശ്വാസികളെ സ്വർഗ്ഗത്തിലേക്ക് പ്രവേശിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രാർത്ഥനയാണ് (ഹെബ്രാ.13:7). പുത്രൻ തമ്പുരാൻ പരേതരെ ആശ്വസിപ്പിക്കും എന്ന പ്രത്യാശയോടെയാണ് ഈ പ്രാർത്ഥന അവസാനിക്കുന്നത്.

**2. കുക്കിലിയോൻ**

കുക്കിലിയോൻ സങ്കീർത്തനങ്ങളുടെ മദ്ധ്യേ ഹാലേലൂയ്യ ചേർത്തു പാടുന്ന പാട്ടുകളാണ്. ഇത് വി. കുർബാനയുടെ അഭിഭാജ്യമായ ഘടകമല്ലെങ്കിലും ദൈവസംസർഗ്ഗത്തിന് ഒരുങ്ങുമ്പോൾ വിശുദ്ധന്മാരുടെ സംസർഗ്ഗം അർത്ഥവത്താണ്. ദൈവത്തോട് സംസർഗ്ഗത്തിലായ വിശുദ്ധരെ സ്മരിക്കുന്നത് ഉചിതമാണ്. കുക്കിലിയോന് ശേഷം എക്ബോയും, കോലോയും, ബോവൂസായും സഭ തന്നെ എഴുതി ചേർത്തിരിക്കുന്നു. ഓരോ കുക്കിലിയോനും സങ്കീർത്തനത്തിൽ നിന്നാണ് എടുത്തിരിക്കുന്നത്.

ആദ്യം ദൈവമാതാവിനെ അനുസ്മരിച്ചുകൊണ്ടുള്ള കുക്കിലിയോനാണ്. ഇത് സങ്കീർത്തനം 45:9-11 വരെയുള്ള ഭാഗത്തിൽ നിന്നുള്ളതാണ്. ഈ സങ്കീർത്തനഭാഗത്ത് രാജാവിന്റെ വിവാഹമാണ് സൂചിപ്പിക്കുന്നത്. മൂന്ന് കഥാപാത്രങ്ങളെ ഇവിടെ എടുത്ത് കാട്ടുന്നു. രാജാവ്, രാജ്ഞി (വധുവിന് ഉപദേശം നൽകുന്ന സ്ത്രീ), രാജകുമാരി (വധു). മണവാളനായ ക്രിസ്തുവും മണവാട്ടിയായ സഭയും തമ്മിലുള്ള വിവാഹമാണ് ഈ സമയം സ്മരിക്കുന്നത്. രാജ്ഞിയായ പരിശുദ്ധ കന്യകമറിയം സഭയാകുന്ന രാജകുമാരിക്ക് നൽകുന്ന ഉപദേശമാണിത്. അതായത് 'നിന്റെ സൗന്ദര്യത്തിൽ രാജാവ് സംപ്രീതനാകാൻ, നീ നിന്റെ ജനത്തെയും പിതൃഭവനത്തെയും മറക്കുക.' സഭയ്ക്ക് മറിയം നല്കുന്ന ഉപദേശമാണിത്. രണ്ടാമത്തെ കുക്കിലിയോനിൽ ഇടവക മദ്ധ്യസ്ഥനെയോ വി. കുർബാന അർപ്പിക്കുന്ന ദിവസത്തെ വിശുദ്ധനെയോ പ്രത്യേകം അനുസ്മരിക്കുന്നു. ഈ കുക്കിലിയോൻ സങ്കീർത്തനം 92:12 ഭാഗത്തിൽ നിന്നുള്ളതാണ്. ജനങ്ങൾ നല്കുന്ന മറുപടിയും സങ്കീർത്തനം 92:14 വാക്യമാണ്.

മൂന്നാമത്തെ കുക്കിലിയോൻ മെത്രാന്മാരുടെയോ, വൈദികരുടെയോ അനുസ്മരണദിനങ്ങളിൽ ചൊല്ലുന്നതാണ്. ഇത് സങ്കീർത്തനം

www.malankaralibrary.com


131:9-10 വരെയുള്ള വാക്യത്തിൽ നിന്നാണ്. ഇതിനു മറുപടിയായി സങ്കീർത്തനം 131:12 വാക്യം വിശ്വാസികൾ ചൊല്ലുന്നു.

നാലാമത്തെ കുക്കിലിയോൻ പരേതരായ വിശ്വാസികളെ ഓർത്തുള്ളതാണ്. ഇത് സങ്കീർത്തനം 103:13-ാം വാക്യത്തിൽ നിന്നുള്ളതാണ്. ഇതിനു മറുപടിയായി 15-ാം വാക്യം ജനങ്ങൾ ചൊല്ലുന്നു.

കുക്കിലിയോന് ശേഷം വരുന്ന എക്ബോയും, കോലോയും, ബോവൂസോയും കുക്കിലിയോനോട് ചേർന്ന് പോകുന്നതാണ്. ഇത് സഭ പ്രത്യേകം ക്രമീകരിച്ചതാണ്.

കുക്കിലിയോന് അവസാനം വൈദികൻ വിശ്വാസികളോട് പ്രാർത്ഥനാ സഹായം യാചിച്ച് ബലിപീഠത്തിന്റെ മുമ്പിൽ കുമ്പിട്ട് രഹസ്യമായി പ്രാർത്ഥിക്കുന്നു. ഈ സമയം തിരശീല ഇടുന്നു. യേശു ശിഷ്യരിൽ നിന്ന് മറയ്ക്കപ്പെട്ട് സ്വർഗ്ഗത്തിലേക്ക് പ്രവേശിച്ച് പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായതിനെ ഇത് സൂചിപ്പിക്കുന്നു. വി. കുർബാന സ്വീകരിക്കുവാനുള്ള ഒരുക്ക പ്രാർത്ഥന ചൊല്ലി വൈദികൻ വി. കുർബാന അനുഭവിക്കുന്നു.

**3. വിശുദ്ധ കുർബാന വഹിച്ചുകൊണ്ടുള്ള ഒന്നാമത്തെ പ്രദക്ഷിണം**

തിരുശരീരരക്തങ്ങൾ കൈകളിൽ വഹിച്ചുകൊണ്ട് കാർമ്മികൻ പടിഞ്ഞാറോട്ട് നടത്തുന്ന പ്രദക്ഷിണത്തിൽ യുഗാന്ത്യദർശനം പ്രതീകാത്മകമായി അവതരിപ്പിക്കുന്നു. വൈദികൻ കൈകളിൽ വഹിച്ചിരിക്കുന്ന തിരുശരീരരക്തങ്ങൾ കൊണ്ട് വിശ്വാസികളെ ആശീർവ്വദിക്കുന്നു. ഇതിനുള്ള ഒരുക്കമായി ശുശ്രൂഷകൻ “നാം ശബ്ദമുയർത്തി പറയണം” എന്ന പ്രഖ്യാപനം നടത്തുന്നു. ജനങ്ങൾ യുഗാന്ത്യത്തിൽ വരുന്ന രാജാവായ ദൈവത്തെ ജയ് വിളിച്ച് ശബ്ദമുയർത്തി സ്വീകരിക്കുന്നു എന്നതിനെ ഇത് സൂചിപ്പിക്കുന്നു. മണിയും, മർബഹാസായും ശബ്ദം മുഴക്കുന്നതിനോടൊപ്പം മറ നീക്കുന്നു. ഇത് ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ സ്വർഗ്ഗം തുറക്കപ്പെടുന്നതിനെ സൂചിപ്പിക്കുന്നു. തുടർന്ന് വി. കുർബാന ജനത്തിന് അഭിമുഖമായി പിടിച്ച് മൂന്ന് പ്രാർത്ഥനകൾ ചൊല്ലുന്നു. ഇത് മൂന്നും പുത്രനെ സംബോധന ചെയ്തുള്ളതാണ്. ആദ്യ പ്രാർത്ഥനയിൽ വന്നവനും, വരുവാനിരിക്കുന്നവനും എന്ന് സംബോധന ചെയ്യുമ്പോൾ യേശു മനുഷ്യപുത്രനായി വന്നതും മനുഷ്യരുടെ പുനരുത്ഥാനത്തിനും നിത്യനവീകരണത്തിനുമായി ഇനി വരുവാനിരിക്കുന്നതിനെയും സൂചിപ്പിക്കുന്നു. രണ്ടാമത്തെ പ്രാർത്ഥന

www.malankaralibrary.com

യിലും ക്രിസ്തുവിന്റെ ആദ്യ ആഗമനത്തെയും രണ്ടാമത്തെ ആഗമന ത്തെയും പ്രാർത്ഥനയിലൂടെ ബന്ധിപ്പിക്കുന്നു. ഈ പ്രാർത്ഥന വി. കുർബാന സ്വീകരിക്കുന്നവർക്കുവേണ്ടിയുള്ള അപേക്ഷയാണ്.

മൂന്നാമത്തെ പ്രാർത്ഥന എല്ലാവിശ്വാസികൾക്കും വേണ്ടിയുള്ള താണ് (വഹിക്കുന്നവർ, കൊടുക്കുന്നവർ, സ്വീകരിക്കുന്നവർ, ഇതിൽ സംബന്ധിക്കുന്നവർ...). ഇതിന് മറുപടിയായി വിശ്വാസികൾ അന്ത്യ വിധിയുടെ സമയത്ത് വിധിയിൽ തങ്ങളോട് കരുണയായിരിക്കണമേ എന്ന് അപേക്ഷിച്ചുകൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കുന്നു: "ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യേണമെ... ഞങ്ങളുടെ കർ ത്താവേ ദയതോന്നി ഞങ്ങളോട് കരുണ ചെയ്യേണമേ... എന്നേക്കും നിനക്ക് സ്തുതി ബാറെക്മോർ."

തുടർന്ന് വിശ്വാസികളുടെ വി. കുർബാന സ്വീകരണമാണ്. വൈദി കൻ വി. കുർബാന നല്കുമ്പോൾ താഴ്ന്ന സ്വരത്തിൽ പ്രാർത്ഥിക്കു കയും വി. കുർബാനയെ ഏശയ്യായുടെ ദർശനത്തിലെ തീക്കട്ടയോട് ഉപമിക്കുകയും ചെയ്യുന്നു. അതായത് വി. കുർബാന ഒരേ സമയം ശുദ്ധീകരിക്കുന്നതും, പ്രകാശിപ്പിക്കുന്നതുമാണ്.

**4. രണ്ടാമത്തെ പ്രദക്ഷിണം**

വിശ്വാസികളുടെ സ്തോത്രഗീതത്തോടെയാണ് ഈ പ്രദക്ഷിണം ആരംഭിക്കുന്നത്. യേശുവിന്റെ യുഗാന്ത്യത്തിലെ വരവിനെ അനുസ്മ രിക്കുന്നതിനാൽ ഈ സ്തോത്രഗീതത്തിൽ ദൈവവും, വിശുദ്ധരും, പരേതരും ഒന്നുചേരുന്ന രംഗം വിവരിക്കുന്നു. വെളിപാട് 19:9-ലെ കുഞ്ഞാടിന്റെ വിവാഹ വിരുന്നിന് ക്ഷണിക്കപ്പെട്ട ഭാഗ്യവാന്മാരെ അനു സ്മരിച്ചാണ് ഈ സ്തോത്രഗീതം ആലപിക്കുന്നത്. ഇതിനുശേഷം വീണ്ടും തിരുശരീരരക്തങ്ങൾ വഹിച്ചുകൊണ്ട് പ്രദക്ഷിണം നടത്തു ന്നു. ഈ പ്രദക്ഷിണം ആദ്യപ്രദക്ഷിണത്തിന്റെ തുടർച്ചയാണ്. അതാ യത് തങ്ങൾക്ക് യേശുവിന്റെ തിരുശരീരരക്തങ്ങൾ നല്കിയ പിതാ വിന് സഭ അർപ്പിക്കുന്ന നന്ദിപ്രകാശമാണ് ഇവിടെ കരേറ്റുന്നത്. അതോ ടൊപ്പം യുഗാന്ത്യത്തിലെ സംഗമത്തിൽ തങ്ങളെയും യോഗ്യരാക്ക ണമെ എന്ന അപേക്ഷയും അനുവർത്തിക്കുന്നു. കാർമ്മികൻ പ്രദ ക്ഷിണം പൂർത്തിയാക്കി ബലിപീഠത്തിലേക്ക് തിരികെ പോകുമ്പോൾ യേശുക്രിസ്തു കർത്താവാണെന്ന് വിശ്വാസികൾ വീണ്ടും സ്തോത്ര ഗീതത്തിലൂടെ ആലപിക്കുന്നു.

**5. കൃതജ്ഞതാ പ്രാർത്ഥനകൾ**

നന്ദിപ്രകാശനം മുഖ്യപ്രമേയമായിട്ടുള്ള രണ്ട് പ്രാർത്ഥനകളാണി വിടെയുള്ളത്. ഒന്നാമത്തേത് പിതാവായ ദൈവത്തോടും രണ്ടാമത്തേത്

www.malankaralibrary.com


പുത്രനായ ദൈവത്തോടുമുള്ള പ്രാർത്ഥനകളാണ്. ഒന്നാമത്തെ പ്രാർത്ഥനയിൽ ഈ സ്വർഗ്ഗീയ വിരുന്നിൽ പങ്കുകൊള്ളുവാൻ ഞങ്ങളെ അർഹരാക്കിയ പിതാവിന്റെ മഹാകരുണയെ പ്രതിയുള്ള നന്ദിയർപ്പണമാണ്. തുടർന്ന് തലകുനിച്ച് വിശ്വാസികൾ അവസാനത്തെ സമാധാന ആശീർവാദം സ്വീകരിക്കുന്നു. രണ്ടാമത്തെ പ്രാർത്ഥനയിൽ പുത്രൻ തമ്പുരാനെ അഭിസംബോധന ചെയ്തുകൊണ്ട് "മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി സ്വർഗ്ഗം ചായിച്ചിറങ്ങിവന്ന സർവ്വവല്ലഭനും വിസ്മയനീയനുമായ ദൈവമേ, ദയതോന്നി ഞങ്ങളോട് കരുണ ചെയ്യണമേ" (വിശുദ്ധ കുർബാന തക്സാ, 73) എന്ന് പ്രാർത്ഥിക്കുന്നു.

**6. ഹൂത്തോമോ**

വി. കുർബാനയിലെ അവസാനത്തെ പ്രാർത്ഥനയാണ് ഹൂത്തോമോ. സാധാരണയായി ഗാനരൂപത്തിലാണ് ഇവ ക്രമപ്പെടുത്തിയിരിക്കുന്നത്. ദൈവത്തിന് നന്ദി കരേറ്റാനും, പരിശുദ്ധ മറിയത്തെയും, വിശുദ്ധരെയും, മരിച്ചവരെയും, സഭയെയും ഓർക്കാനും കഷ്ടതകൾ നീങ്ങിക്കിട്ടാനും വേണ്ടിയുള്ള വിവിധ ഹൂത്തോമകൾ വി. കുർബാനയിൽ ഉപയോഗിക്കുന്നുണ്ട്. കാർമ്മികന്റെ ഈ പ്രാർത്ഥനയ്ക്ക് വിശ്വാസികൾ ഗാനരൂപത്തിൽ തന്നെ മറുപടി നല്കുന്നു.

**7. സമാപന ആശീർവാദം**

വി. കുർബാനയിൽ പങ്കെടുത്ത വിശ്വാസികളെ പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ ആശീർവദിച്ച് യാത്രയാക്കുന്നതാണ് ഈ ശുശ്രൂഷ. ഈ ശുശ്രൂഷയ്ക്ക് മൂന്ന് ഭാഗങ്ങളുണ്ട്.

ഒന്നാമത്തെ ഭാഗത്തിൽ 'സഹോദരങ്ങളും വാത്സല്യഭാജനങ്ങളും' എന്ന് പറഞ്ഞ് വിശ്വാസികളെ അഭിസംബോധന ചെയ്യുന്നതുവഴി, കാർമ്മികൻ തന്റെ പൗരോഹിത്യ അധികാരം ഉപയോഗിച്ച് വിശ്വാസികളെ പരിശുദ്ധ ത്രിത്വത്തിന്റെ കൃപയ്ക്കും കരുണയ്ക്കും ഭരമേല്പിച്ച് യാത്രയാക്കുന്നു.

രണ്ടാമത്തെ ഭാഗത്തിൽ 'പരിശുദ്ധ ത്രിത്വം നിങ്ങളുടെ കടങ്ങൾ പരിഹരിക്കുകയും കുറ്റങ്ങൾ ക്ഷമിക്കുകയും നിങ്ങളുടെ മരിച്ചുപോയവരുടെ ആത്മാക്കളെ ആശ്വസിപ്പിക്കുകയും ചെയ്യട്ടെ' എന്ന് ആശംസിക്കുന്നു.

മൂന്നാമത്തെ ഭാഗത്ത് വൈദികൻ ദർഗ്ഗയിൽ നിന്നിറങ്ങി തനിക്കുവേണ്ടി പ്രാർത്ഥനാ സഹായം യാചിക്കുകയും 'നിങ്ങൾ സന്തോഷിച്ച്,

www.malankaralibrary.com

ആനന്ദിച്ച്, സമാധാനത്തോടുകൂടി പോകുവിൻ' എന്ന് ആശംസിക്കുകയും ചെയ്യുന്നു.

ഈ ആശീർവാദ സമയത്ത് വി. കുർബാനയെ യാത്രാഭക്ഷണം എന്നാണ് വിശേഷിപ്പിക്കുന്നത്. (നിങ്ങൾ പ്രാപിച്ച അനുഗ്രഹത്തോടും യാത്രാഭക്ഷണത്തോടുകൂടെ പോകുവിൻ). സ്വർഗ്ഗം ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന തീർത്ഥാടകരായ വിശ്വാസികൾ കൈയിൽ കരുതേണ്ട ഭക്ഷണമാണ് വി. കുർബാന. നിത്യജീവന്റെ ഔഷധമായ ഈ വി. കുർബാന നിത്യജീവനിലേക്കുള്ള യാത്രയിൽ നമ്മെ ശക്തിപ്പെടുത്തുന്ന പാഥേയമാണ്.

**ഉപസംഹാരം**

രക്ഷാകര രഹസ്യങ്ങളുടെ ആഘോഷമായ വി. കുർബാനയുടെ നാല് ഭാഗങ്ങളെക്കുറിച്ചുള്ള (ഒരുക്ക ശുശ്രൂഷ, വചന ശുശ്രൂഷ, യാഗാർപ്പണം, യാഗവിരുന്ന്) ആഴമായ അറിവും ബോധ്യവും വിശ്വാസികളായ നമ്മെ അനുഭവത്തിന്റെ തലത്തിലേക്കെത്തിക്കും. ഇപ്രകാരം ഓരോ വി. കുർബാനയും യേശുക്രിസ്തുവിന്റെ ജീവിത വഴികളിലൂടെ ആത്മീയമായി തീർത്ഥാടനം ചെയ്യാൻ വിശ്വാസികളെ സന്നദ്ധരാക്കുന്നു.

❖

www.malankaralibrary.com

### അദ്ധ്യായം 2

# മാർ യാക്കോബിന്റെ അന്നാഫുറ : ഒരു പഠനം

**ക്രി**സ്തുമതത്തിന്റെ ഈറ്റില്ലമായ പാലസ്തീനായിൽ ഉത്ഭവിച്ച യാക്കോബിന്റെ അന്നാഫുറ നമ്മുടെ കർത്താവിന്റെ സഹോദരനും ജറുസലേമിലെ ഒന്നാമത്തെ മെത്രാനുമായ 'മാർ യാക്കോബിന്റെ അന്നാഫുറ' എന്നാണ് അറിയപ്പെടുന്നത്. പൗരസ്ത്യ സുറിയാനി സഭ യിൽ നിലനിന്നിരുന്ന അദ്ദായി-മാറി യുടെ ക്രമം, കോപ്റ്റിക് സഭ യുടെ മാർ മർക്കോസിന്റെ ക്രമം എന്നിവ വളരെ പുരാതന ആരാധന ക്രമങ്ങളാണെങ്കിലും മാർ യാക്കോബിന്റെ അന്നാഫുറയ്ക്ക് ലഭിച്ച അത്രയും പ്രചാരം അവയ്ക്ക് ലഭിച്ചില്ല.

**രചയിതാവ്**

കർത്താവിന്റെ സഹോദരനും ജറുസലേമിലെ ആദ്യത്തെ മെത്രാ നുമായ മാർ യാക്കോബാണ് ഈ ആരാധനക്രമത്തിന്റെ രചയിതാ വെന്ന് സഭാപിതാക്കന്മാർ രേഖപ്പെടുത്തുന്നു. ജറുസലേമിലെ മെത്രാ നായ വി.യാക്കോബ് ഒരു അന്നാഫുറ എഴുതിയെന്ന് ആദ്യമായി രേഖ പ്പെടുത്തിയത് കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസായിരുന്ന പ്രൊക്ലൂസ് (*Proclus* - C. 400) ആണ്. മാർ യാക്കോബിന്റെ അന്നാഫു റയെപ്പറ്റി ആധികാരികമായി പരാമർശിക്കുന്ന ആദ്യത്തെ ആധികാ രിക രേഖ 692-ൽ കൂടിയ ട്രള്ളൻ സുന്നഹദോസിന്റെ 32-ാം കാനോൻ ആണ്. എഡേസായിലെ മാർ യാക്കോബിന്റെ ലേഖനത്തിൽ (C. 633-708) യാക്കോബിന്റെ തക്സായുടെ ഘടനയെക്കുറിച്ചുള്ള വിശദാംശ ങ്ങൾ നൽകുന്നുണ്ട്.

www.malankaralibrary.com

പെന്തിക്കോസ്തിക്കുശേഷമുള്ള ബുധനാഴ്ച നമ്മുടെ കർത്താവിന്റെ സഹോദരനായ മാർ യാക്കോബ് കുർബാന അർപ്പിച്ചു എന്ന് 12-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മാർ ദിവന്നാസ്യോസ് ബർസ്ലീബി രേഖപ്പെടുത്തിയിരിക്കുന്നു.'നമ്മുടെ കർത്താവിന്റെ സഹോദരനും അപ്പസ്തോലനുമായ മാർ യാക്കോബിന്റെ അന്നാഫുറ, രഹസ്യങ്ങളുടെ മാളികയിൽ വെച്ച് കർത്താവിൽ നിന്ന് കേട്ടത്' തുടങ്ങിയ തലക്കെട്ടുകൾ മിക്ക സുറിയാനി കൈയ്യെഴുത്തു പ്രതികളിലും കാണുന്നുണ്ട്. മാർ യാക്കോബിന്റെ അന്നാഫുറയെക്കുറിച്ചുള്ള പാരമ്പര്യം പാശ്ചാത്യ സുറിയാനി സഭയിൽ മാത്രമല്ല, ബൈസന്റയിൻ പാരമ്പര്യത്തിലെ ആറും ഏഴും സാർവ്വത്രിക സുന്നഹദോസുകളുടെ കാനോനകളിലും പ്രത്യേകം പരാമർശിക്കുന്നുണ്ട്.

**എഴുതപ്പെട്ട കാലഘട്ടം**

മാർ യാക്കോബിന്റെ അന്നാഫുറ ജറുസലേമിൽ വിരചിതമായി എന്നും മാർ യാക്കോബിനാൽ എഴുതപ്പെട്ടു എന്നതിലും അഭിപ്രായ വ്യത്യാസങ്ങൾ ഇല്ലെങ്കിലും എഴുതപ്പെട്ട കാലഘട്ടത്തെപ്പറ്റി അഭിപ്രായ ഐക്യമില്ല. മൂന്നാം നൂറ്റാണ്ടിലോ, നാലാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലോ എഴുതപ്പെട്ടുവെന്നുള്ള അഭിപ്രായവും നാലാം നൂറ്റാണ്ടിൽ എഴുതപ്പെട്ടുവെന്നുള്ള (വി. കൂറിലോസ്) അഭിപ്രായവുമുണ്ട്. ഗ്രീക്ക് ഭാഷയിൽ മാർ യാക്കോബിന്റെ അന്നാഫുറ പ്രസിദ്ധീകരിച്ചവരുടെ അഭിപ്രായത്തിൽ നാല് അഥവാ അഞ്ചാം നൂറ്റാണ്ടിൽ വിരചിതമായി എന്നും സുറിയാനിഭാഷയിൽ വിവർത്തനം ചെയ്തവരുടെ അഭിപ്രായത്തിൽ 520നും 630നും ഇടയ്ക്ക് മാർ യാക്കോബിന്റെ അന്നാഫുറ സുറിയാനിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടുവെന്നും കരുതപ്പെടുന്നു.

**മാർ യാക്കോബിന്റെ അന്നാഫുറ - വിവിധ ഭാഷകളിൽ**

മാർ യാക്കോബിന്റെ അന്നാഫുറ ഗ്രീക്കിൽ നിന്നും സുറിയാനി, എത്യോപ്യൻ, കോപ്റ്റിക്, അർമ്മീനിയൻ, ജോർജിയൻ, സ്ലാവോണിക് ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയിൽ ഗ്രീക്കുമൂലവും സുറിയാനി പരിഭാഷയുമാണ് ഏറ്റവും പ്രചാരത്തിലുള്ളവ. ഇവയിൽ നിന്നുമാണ് മറ്റ് ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടത്. നാലാം നൂറ്റാണ്ടിൽ ജറുസലേമിലെ ആരാധനാഭാഷ ഗ്രീക്ക് ആയതിനാൽ ഗ്രീക്കിൽ നിന്നുമാണ് സുറിയാനി ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടതെന്ന് പണ്ഡിതർ അഭിപ്രായപ്പെടുന്നു.

**മാർ യാക്കോബിന്റെ അന്നാഫുറ അന്ത്യോക്യൻ സഭയിൽ**

അന്ത്യോക്യയിലെ തദ്ദേശീയ ക്രമത്തിൽ നിന്നു പല ഘടകങ്ങളും സാംശീകരിച്ച് മാർ യാക്കോബിന്റെ അന്നാഫുറയുടെ ഗ്രീക്കിലുള്ള

www.malankaralibrary.com


അന്ത്യോക്യൻ രൂപം ഉടലെടുത്തു. കാൽസിഡോൺ സുന്നഹദോസിനെ അംഗീകരിക്കുന്നവരും എതിർക്കുന്നവരും ഒരുപോലെ മാർ യാക്കോബിന്റെ അന്നാഫുറ ഉപയോഗിച്ചു തുടങ്ങിയതിനാൽ അഞ്ചാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ അന്ത്യോക്യൻ രൂപം ഉണ്ടായെന്ന് അനുമാനിക്കാം. കാൽസിഡോൺ പക്ഷക്കാരായ അന്ത്യോക്യക്കാർ ബൈസന്റയിൻ ആരാധനാക്രമത്തിൽ നിന്നുള്ള ഘടകങ്ങൾ കൂട്ടിച്ചേർത്ത് കാലോചിതമായ മാറ്റങ്ങൾ വരുത്തി അന്നാഫുറ രൂപവത്കരിച്ചു.

**മാർ യാക്കോബിന്റെ അന്നാഫുറ സുറിയാനി സഭയിൽ**

ആറാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ സുറിയാനി ഭാഷയിൽ മാർ യാക്കോബിന്റെ അന്നാഫുറ വിവർത്തനം ചെയ്തു എന്ന് പണ്ഡിതർ അഭിപ്രായപ്പെടുന്നു. ഈ വിവർത്തനം ചെയ്യപ്പെട്ട കൈയ്യെഴുത്ത് പ്രതി എഡേസായിലെ ബിഷപ്പായിരുന്ന മാർ യാക്കോബ് വീണ്ടും പരിഷ്കരിച്ചു എന്ന് പറയപ്പെടുന്നു. വീണ്ടും എട്ടാം നൂറ്റാണ്ടുമുതൽ മാർ യാക്കോബിന്റെ അന്നാഫുറയിൽ പ്രാദേശിക മാറ്റങ്ങൾ വരുത്തി. അങ്ങനെ ഗ്രീക്ക്-സുറിയാനി മൂലങ്ങൾ തമ്മിലുള്ള അന്തരം ഗണ്യമായി വർദ്ധിച്ചു വന്നു. ഗ്രീക്കുമൂലം ക്രമേണ കൂടുതൽ ബൈസന്റയിൻ ഘടകങ്ങൾ സ്വീകരിച്ചപ്പോൾ സുറിയാനി ക്രമത്തിൽ താരതമ്യേന കുറച്ച് മാറ്റങ്ങളെ ഉണ്ടായിട്ടുള്ളു. പതിമൂന്നാം നൂറ്റാണ്ടിൽ ഗ്രിഗോറിയോസ് ബാറെബ്രായ (+1286) മാർ യാക്കോബിന്റെ അന്നാഫുറയുടെ ദൈർഘ്യം കുറച്ച് ഒരു ചെറിയ ക്രമം രൂപപ്പെടുത്തി.

പാശ്ചാത്യ സുറിയാനിപാരമ്പര്യത്തിൽപ്പെട്ട സഭകൾ മാത്രമേ മാർ യാക്കോബിന്റെ ക്രമം ഇന്ന് ഉപയോഗിക്കുന്നുള്ളു. ആ സഭകൾ ;

1) മലങ്കര സുറിയാനി കത്തോലിക്കാ സഭ
2) അന്ത്യോക്യൻ സുറിയാനി ഓർത്തഡോക്സ് സഭ
3) സുറിയാനി കത്തോലിക്ക സഭ
4) മാറോനൈറ്റ് സഭ (ലെബനോൻ)
5) മലങ്കര ഓർത്തഡോക്സ് സഭ
6) മലബാർ സ്വതന്ത്ര സുറിയാനി സഭ (തൊഴിയൂർ സഭ)
7) മാർത്തോമ്മാ സുറിയാനി സഭ

ഇവാഞ്ചലിക്കൽ സഭ ഉപയോഗിക്കുന്ന തക്സാ മാർ യാക്കോബിന്റെ ക്രമത്തിന്റെ നവീകൃതരൂപമാണ്.

**അന്നാഫുറയിൽ ഉളവായ കാലോചിത മാറ്റങ്ങൾ**

ആറാം നൂറ്റാണ്ടിൽ ജസ്റ്റിൻ (518 –27), ജസ്റ്റീനിയൻ (528–565) എന്നീ റോമൻ ചക്രവർത്തിമാർ കാൽസിഡോൺ വിരുദ്ധരെ പീഡിപ്പിക്കു

www.malankaralibrary.com

കയും റോമാ സാമ്രാജ്യത്തിൽ നിന്ന് പുറത്താക്കുകയും ചെയ്തു. അങ്ങനെ അനേകർ പേർഷ്യൻ സാമ്രാജ്യത്തിൽ അഭയം തേടുകയും തദ്ദേശീയ ഭാഷയായിരുന്ന സുറിയാനിയിലേക്ക് മാർ യാക്കോബിന്റെ അന്നാഫുറ വിവർത്തനം ചെയ്യുകയും ചെയ്തു. വി. കുർബാന തക്സാ യിലെ ഏറ്റവും പഴക്കമുള്ള ഭാഗമായ അന്നാഫുറയിൽ വന്നിട്ടുള്ള കാലോചിത മാറ്റങ്ങൾ താഴെപ്പറയുന്നവയാണ്.

- ആദ്യകാല അന്നാഫുറയിലെ പ്രാർത്ഥനകൾ നീണ്ടപ്രാർത്ഥനകൾ ആയിരുന്നു. ഈ നീണ്ട പ്രാർത്ഥനകൾക്കിടയിൽ 'ആമ്മീൻ' പറ യുവാൻ ചിലപ്പോൾ അവസരം നല്കിയിരുന്നു. എന്നാൽ ഇന്ന് കാണുന്ന രീതിയിൽ അന്നാഫുറയിലെ പ്രാർത്ഥനകളെ ക്രമീക രിച്ചത് എഡേസായിലെ മാർ യാക്കോബ് ആണെന്ന് കരുതപ്പെ ടുന്നു.
- അന്നാഫുറയിലെ പ്രാർത്ഥനകളുടെ ദൈർഘ്യം കുറയ്ക്കുവാനാ യി, പ്രാർത്ഥനകൾ പുനഃക്രമീകരിക്കുകയും അവയിൽ ചിലത് രഹ സ്യപ്രാർത്ഥനകളായി ക്രമീകരിക്കുകയും ചെയ്തു.
- അന്നാഫുറയിൽ വന്ന അടുത്തമാറ്റം റൂഹാക്ഷണ പ്രാർത്ഥനയിൽ ഉണ്ടായതാണ്. മാർ യാക്കോബിന്റെ അന്നാഫുറയുടെ ചില സുറി യാനി വിവർത്തനമനുസരിച്ച് റൂഹാക്ഷണപ്രാർത്ഥനയുടെ (Epiklesis) സമയത്ത് വൈദികൻ മുട്ടുകുത്തി പരിശുദ്ധാത്മാവി നോട് പ്രാർത്ഥിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്രമേണ ഈ രീതി സുറിയാനി സഭ ഉപേക്ഷിച്ചു.
- ആദ്യകാലങ്ങളിൽ മദ്ധ്യസ്ഥ പ്രാർത്ഥനകൾ (തുബ്ദേൻ) ഒരൊറ്റ പ്രാർത്ഥനയായിട്ടാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ സുറിയാനി സഭകൾ ഈ പ്രാർത്ഥനയെ ആറായി ഭാഗിച്ചു.
- അന്നാഫുറയുടെ ആരംഭത്തിൽ സമാധാന ചുംബനത്തിനുശേഷം 'ജീവന്റെ പുസ്തകത്തിൽ' നിന്നുള്ള വായനകൾ വായിച്ചിരുന്നു. എന്നാൽ പന്ത്രണ്ടാം നൂറ്റാണ്ടിൽ മാർ ദിവ്യന്ന്യാസിയോസ് ബർസ്ളീബിയുടെ കാലം മുതൽ ഈ പതിവ് നിന്നുപോയി.
- മാർ യാക്കോബിന്റെ അന്നാഫുറയുടെ ഗ്രീക്ക് പതിപ്പിൽ അന്നാ ഫുറയ്ക്കുമുമ്പ് നാല് ലുത്തിനിയായും അന്നാഫുറയ്ക്ക് ശേഷം നാല് ലുത്തിനിയായും ക്രമീകരിച്ചിരുന്നു. എന്നാൽ സുറിയാനി സഭയിൽ സുവിശേഷവായനയ്ക്കുശേഷം ലുത്തിനിയാ പ്രാർത്ഥ നകൾ ചൊല്ലാറുണ്ടായിരുന്നു. ഇന്ന് ഈ പതിവ് നിന്നുപോയെ ങ്കിലും സുവിശേഷവായനയ്ക്കുശേഷമുള്ള 'സ്തൗമൻകാലോസ്' എന്നുള്ള ആഹ്വാനം തുടരുന്നു. ഇത് ലുത്തിനിയ പ്രാർത്ഥനയുടെ സമയത്ത്, അന്ന് ജനങ്ങൾ ശ്രദ്ധയോടെ നിൽക്കുവാൻ ഉള്ള ആഹ്വാനമായിരുന്നു.

❖

www.malankaralibrary.com

അദ്ധ്യായം 3

# വിശുദ്ധ കുർബാനയിലെ ഗീതങ്ങളുടെ അർത്ഥവും വ്യാഖ്യാനവും

**ആ**രാധനാപരമായ ശുശ്രൂഷകളുടെ ഭാഗമായാണ് ആരാധനാ സംഗീതം ഉത്ഭവിച്ചത്. പുരാതനവും ആധുനികവുമായ നിരവധി പാരമ്പര്യങ്ങൾ ഇതിലുൾപ്പെടുന്നു. ആരാധനാസംഗീതത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് രണ്ടാംവത്തിക്കാൻ കൗൺസിൽ അതിന്റെ പ്രാധാന്യത്തെക്കുറിച്ചും നിയമങ്ങളെക്കുറിച്ചും വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. വിശുദ്ധ ബൈബിളിലെ സങ്കീർത്തനങ്ങളിൽ തപ്പുകൾ കൊണ്ടും, കിന്നരങ്ങൾ കൊണ്ടും, വീണമീട്ടിയും, പാട്ടുപാടിയുമാണ് മനുഷ്യർ ദൈവത്തെ ആരാധിച്ചിരുന്നത്. ആരാധനയിൽ സംഗീതത്തിന് വളരെയധികം പ്രാധാന്യമുണ്ട്. ആരാധനയിൽ സംബന്ധിക്കുന്നവർക്ക് കൂടുതൽ ദൈവസാന്നിദ്ധ്യബോധം ഉണ്ടാകുവാനും ആദ്ധ്യാത്മികമായ അന്തരീക്ഷം സൃഷ്ടിക്കുവാനും ആരാധനാസംഗീതത്തിന് കഴിയുന്നു. വി. അഗസ്റ്റിനോസ് പറയുന്നതുപോലെ "ഒരു തവണ പാടുന്നവൻ രണ്ടു തവണ പ്രാർത്ഥിക്കുന്നു." മലങ്കര ആരാധനാക്രമത്തിൽ സംഗീതത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. എല്ലാ പെരുന്നാളുകളിലേയും വിശേഷദിവസങ്ങളിലേയും വി. കുർബാനയിലും ശുശ്രൂഷകളിലും ആരാധനാ സംഗീതത്തിന് ഒരു പ്രത്യേക സ്ഥാനമുണ്ട്. ഈ അദ്ധ്യായത്തിൽ അന്ത്യോക്യൻ ആരാധനയിൽ ഉപയോഗിക്കുന്ന ഗാനങ്ങളുടെ വിശദീകരണമാണ് നൽകിയിരിക്കുന്നത്.

www.malankaralibrary.com

## I. പഴയനിയമ വായന

### 1. നീതി പ്രിയരുടെ നിലയത്തിൽ... പരിശുദ്ധൻ റൂഹാ പാടി

പഴയനിയമ വായനയ്ക്ക് മുന്നോടിയായി ആലപിക്കുന്ന സുമോറോ, രാജാവും ദീർഘദർശിയുമായ ദാവീദിന്റെ സങ്കീർത്തനം 118:15–ന്റെ പദ്യരൂപമാണ് (നീതിമാന്മാരുടെ കൂടാരത്തിൽ മഹത്ത്വത്തിന്റെയും രക്ഷയുടെയും ശബ്ദമെന്ന് ദാവീദ് മുഖാന്തരം പരിശുദ്ധ റൂഹാ പാടി). ശത്രുക്കളിൽ നിന്നും ദുരിതങ്ങളിൽ നിന്നും (സങ്കീ.118:5–7) വിജയം നൽകിയ കർത്താവിന് കൃതജ്ഞത അർപ്പിക്കുന്നതാണ് ഈ സങ്കീർത്തനത്തിന്റെ ഇതിവൃത്തം (Psalm of Victory). നീതിമാന്മാർ പ്രവേശിക്കുന്ന നീതിയുടെ കവാടം– കർത്താവിന്റെ കവാടം (118:20)– കർത്താവിന്റെ ആലയം (118:26) എനിക്കായി തുറന്നുതരിക. അതിലൂടെ പ്രവേശിച്ച് പ്രകാശദാതാവായ കർത്താവിന്റെ ബലിപീഠത്തിലേക്ക് നീങ്ങി (118:27) അവിടുത്തേക്ക് നന്ദി പറയാനും മഹത്ത്വപ്പെടുത്താനും വീണ്ടും വിജയം നൽകണമെന്ന് അപേക്ഷിക്കുന്ന ദാവീദിന്റെ ചിത്രം വിശ്വാസ ഗണത്തിന്റെ മനസ്സിലേക്ക് കൊണ്ടുവരിക എന്നതാണ് ഈ ഗീതത്തിന്റെ ലക്ഷ്യം.

## II ഒരുക്ക ശുശ്രൂഷ

പരസ്യ ശുശ്രൂഷയ്ക്ക് മുമ്പുള്ള സമയത്ത് ദൈവാലയത്തിലെ മറ അടച്ചിടുന്നത് പഴയനിയമ കാര്യങ്ങളെ സൂചിപ്പിക്കാനാണ്. ഭൂമിയിലുള്ള ജനനത്തിനു മുൻപുള്ള ക്രിസ്തുവിന്റെ സാന്നിധ്യത്തെ സൂചിപ്പിക്കാനാണ് ഇത്. പ്രധാനമായും പഴയനിയമ രഹസ്യങ്ങളെയാണ് ഈ അവസരത്തിൽ ഗാനരൂപത്തിൽ ആലപിക്കുന്നത്.

### 1) ധൂപം (ഒരുക്ക ശുശ്രൂഷ)

**“കർത്താവേ പ്രാർത്ഥന... കനിയുക ദാസന്മാരിലെന്നും”**

ഒരുക്കശുശ്രൂഷയുടെ സമയത്ത് ആലപിക്കുന്ന ഗാനമാണിത്. ഇസ്രായേൽ ജനം മോശയ്ക്കും അഹറോനുമെതിരെ പിറുപിറുത്തപ്പോൾ ദൈവം അവർക്കെതിരെ മഹാമാരി അയച്ചു. (സംഖ്യ. 16:41–50). അഹറോൻ ധൂപമണച്ച് പാപപരിഹാരപ്രാർത്ഥന നടത്തിയപ്പോൾ ജനത്തിൽ നിന്ന് മഹാമാരി ഒഴിഞ്ഞുപോയി. അതുപോലെ നാമും ഇവിടെ പ്രാർത്ഥിക്കുകയാണ്. കർത്താവേ എന്റെ പ്രാർത്ഥന കേട്ട് എന്നോടുത്തരമരുളണമെ. അഹറോന്റെ ധൂപം പോലെ എന്റെ ധൂപം കൈക്കൊള്ളണമേ. നിനുവായിലെ ജനങ്ങൾ ചാക്കുടുത്ത് ചാരത്തിലിരുന്നു

www.malankaralibrary.com


ദൈവത്തോട് അപേക്ഷിച്ചപ്പോൾ (യോനാ. 3:6–10) ദൈവം കേട്ടതു പോലെ കടലിൽ വച്ച് യോനാ പ്രവാചകന് ഉത്തരമരുളിയതുപോലെ ഞങ്ങളോടും കനിയണമെ.

**"കർത്താവേ നിലവിളി... നിരുപമകൃപയാൽ ഞങ്ങളോട്"**

കർത്താവേ എന്റെ നിലവിളി അങ്ങ് കേൾക്കണമെ. അങ്ങയുടെ നാമത്തിനായി ഞങ്ങൾ അർപ്പിക്കുന്ന ഈ സുഗന്ധധൂപത്തിൽ അങ്ങ് പ്രസാദിക്കണമെ. അങ്ങയുടെ ഹൃദയത്തിന്റെ അലിവിന് യോജിച്ച വിധം ഞങ്ങളോട് കരുണ ചെയ്യണമേ. അപ്രകാരം അങ്ങയുടെ കൃപ യാൽ ഞങ്ങളോട് രമ്യപ്പെടുകയും ചെയ്യണമെ.

**"എന്നും സ്തുതി നിൻ... നിലവിളിയാൽ നീ നീക്കിയല്ലോ"**

കർത്താവേ നിന്റെ കൃപയ്ക്കും അനുഗ്രഹങ്ങൾക്കും ദയയ്ക്കും അങ്ങേക്ക് സ്തുതി. കാരണം ഈ ലോകത്ത് എല്ലായിടത്തും അങ്ങ യുടെ ദാനങ്ങൾ എനിക്ക് ദർശിക്കാൻ കഴിയുന്നുണ്ട്. നിനുവയരുടെ യാചനകേട്ട് അവരോട് കരുണ കാണിച്ചതുപോലെ എന്നോടും കാണി ക്കണമെ, അങ്ങനെ എന്നോടുള്ള കോപം അങ്ങ് നീക്കണമെ (യോനാ. 3:6–10)

**"അഹറോന്റെയുമാ... അൻപുടയോനെ കൈക്കൊൾക"**

ഇസ്രായേലിനെ രക്ഷിച്ച അഹറോന്റെ ധൂപവും (സംഖ്യ. 16:41-50), സഖറിയ പ്രവാചകൻ ദൈവാലയത്തിൽ അർപ്പിച്ച ധൂപവും (ലൂക്കാ. 1:8–11), ജനത്തെ മരണത്തിൽ നിന്നു രക്ഷിച്ച ഫിനഹാസിന്റെ പ്രാർത്ഥ നയും (സംഖ്യ. 25:7–9) പോലെ ഞങ്ങളുടെ സുഗന്ധധൂപത്തെയും കരുണയുടെ ഉടയവനായ അങ്ങ് കൈക്കൊള്ളണമെ.

**2. ദൈവമാതാവ്**

**"എരിതീനിര വിട്ടീറേ... മന്നിടമഖിലം പാലിപ്പോൻ"**

ദൈവമാതാവിനെ ഓർക്കുന്ന വരികളാണ് ഇവ. ആറാം മാസം ഗബ്രിയേൽ മാലാഖ പരിശുദ്ധ അമ്മയുടെ അടുത്ത് പറഞ്ഞ വാക്കുക ളാണ് ഇവിടെ പറഞ്ഞിരിക്കുന്നവ. തീജ്ജ്വാലയുടെ നിരയിൽ നിന്ന് ഗബ്രിയേൽ ദൂതൻ നസറത്തിൽ മറിയാമിന്റെ അടുക്കൽ വന്ന് അരുളി ചെയ്തു, 'ഭൂലോകത്തെ പാലിക്കുന്ന കർത്താവ് നിന്നോട് കൂടെ' (ലൂക്കാ. 1:28).

**"മുൾമരമെരിയാതെരിതീയിൽ... വതമുദ്രയ്ക്കുണ്ടായില്ല".**

ദൈവമാതാവിന്റെ കന്യകാത്വത്തെ സൂചിപ്പിക്കുന്ന വാക്കുകളാ ണിവ. പഴയ നിയമത്തിൽ ദൈവം ഇറങ്ങി വന്നപ്പോൾ കത്തിയമർന്നിട്ടും

www.malankaralibrary.com

എരിഞ്ഞു ചാമ്പലകാത്ത മുൾപടർപ്പിലെ പോലെ (പുറ. 3:24) മോശ കണ്ടു. അതിനു സമാനമായി മറിയത്തിൽ നിന്നും ദൈവപുത്രൻ ജനിച്ചിട്ടും ദൈവം അവളെ കന്യകയായി തന്നെ സംരക്ഷിച്ചു.

**3. വിശുദ്ധർ**

**"ലോകം താത സഹോദരർ... സ്മരണം ചെയ്‌വതു നന്നേറ്റം"**

വിശുദ്ധരെ ഓർക്കുന്ന സമയമാണ് ഇത്. ഈ ലോകവും, തങ്ങളുടെ കുടുംബവും, ബന്ധങ്ങളും സ്വന്തങ്ങളുമെല്ലാം വെടിഞ്ഞ് ക്രിസ്തുവിനുവേണ്ടി രക്തസാക്ഷികളായി തീർന്ന, അങ്ങനെ ദൈവത്തെ സ്നേഹിച്ച സഹദേന്മാരെ ഓർക്കുന്നത് എത്രയോ ശ്രേഷ്ഠമാണ്.

**"തൂക്കപ്പെട്ടു മരത്തിൽ... കർത്താവിൻ പേർക്കെല്ലാരും."**

കുരിശിൽ കിടന്നു മരിച്ച ക്രിസ്തുവിനെ പടയാളികളിലൊരുവൻ കുന്തം കൊണ്ട് കുത്തി. അപ്പോൾ ക്രിസ്തുവിന്റെ വിലാവിൽ നിന്ന് രക്തവും വെള്ളവുമൊഴുകി (യോഹ. 19:34). ഇപ്രകാരം ക്രിസ്തുവിനെ കണ്ട രക്തസാക്ഷികൾ പരസ്പരം ധൈര്യപ്പെടുത്തി ക്രിസ്തുവിനു വേണ്ടി മരിക്കാനായി അവർ ഓടി.

**4. അനുതാപം**

**"വെളിവു നിറഞ്ഞോരീശോ... നിൽക്കണമവർ വലഭാഗത്തിൽ"**

വിശുദ്ധ കുർബാനയുടെ ഒരുക്കശുശ്രൂഷയുടെ സമയത്ത് ആലപിക്കുന്ന ഗീതമാണിത്.

പ്രകാശപൂർണ്ണനായ ഈശോയേ, നിന്റെ പ്രകാശത്താൽ ഞങ്ങൾ എല്ലാം കാണുന്നു. എല്ലാറ്റിന്റെയും അടിസ്ഥാനമായ പ്രകാശവും നീയാകുന്നു. പിതാവായ ദൈവത്തിന്റെ രശ്മിയായ മിശിഹായേ, നിന്റെ പ്രകാശത്താൽ എന്നും ഞങ്ങളെ ശോഭിപ്പിക്കണമേ (മത്താ. 4:16; ലൂക്കാ. 1:78–79; യോഹ. 3:19).

പ്രകാശത്തിൻമേൽ വസിക്കുന്ന പുണ്യവാനായ പരിശുദ്ധാ കഷ്ടതകളെയും ദുർവിചാരങ്ങളെയും ഞങ്ങളിൽ നിന്ന് നീക്കിക്കളയണമെ. ശുദ്ധിയുള്ള മനസ്സോടെ നല്ല പ്രവർത്തികൾ ചെയ്യുവാൻ ഞങ്ങൾക്കിടയാക്കണമെ.

നീതിമാനായ ഹാബേലണച്ച കുഞ്ഞാടിനെയും (ഉത്പ. 4:4) നോഹയുടെ കാഴ്ചയും (ഉത്പ. 8:20) അബ്രഹാമിന്റെ ബലിയും (ഉത്പ. 22:9–13) സ്വീകരിച്ച കർത്താവേ, ഞങ്ങളുടെ നോമ്പും പ്രാർത്ഥ

www.malankaralibrary.com


നയും കൈക്കൊണ്ട് ദയതോന്നി ഉത്തരമരുളണമേ. പാപികളേ, പാപത്തിൽ നിന്ന് മോചനം പ്രാപിക്കുവാൻ വന്ന് അപേക്ഷിക്കുക. തന്റെ വാതിലിൽ മുട്ടുന്ന ഏവർക്കും കർത്താവ് തന്റെ കരുണയുടെ വാതിൽ തുറന്നു നൽകും; യാചിക്കുന്നവർക്ക് ലഭിക്കും, അന്വേഷിക്കുന്നവർ കണ്ടെത്തും (മത്താ. 7:7-9). കർത്താവേ, നിന്റെ തിരുശരീര രക്തങ്ങൾ സ്വീകരിച്ച് മരിച്ചുപോയ വിശ്വാസികൾക്ക് നല്ല അനുസ്മരണ ഉണ്ടാകണമേ. നീ മഹത്ത്വത്തോടെ രണ്ടാമത് എഴുന്നള്ളുമ്പോൾ അവർ നിന്റെ വലത്തുഭാഗത്ത് നിൽക്കുമാറാകണമേ (യോഹ. 6:35-58; മത്താ. 20:23; മത്താ. 25:34; മർക്കോ. 12:36; റോമ. 8:34; കൊളോ. 3:1).

### 5. സ്വർഗ്ഗാധിപതേ

ഞായറാഴ്ചകളിൽ വിശുദ്ധ കുർബാനയുടെ ഒരുക്ക സമയത്ത് ആലപിക്കുന്ന ഗാനമാണിത്. പഴയനിയമ ചരിത്രത്തിൽ ആരംഭിച്ച രക്ഷാകര വ്യാപാരങ്ങളുടെ അവതരണമാണ് ഈ ഗാനത്തിൽ.

**"സ്വർഗ്ഗാധിപതേ ദേവാ... പാപമശേഷം മായ്ക്കേണം"**

ക്രിസ്ത്യാനികളായ നാമേവരും ദൈവാലയത്തിൽ പ്രവേശിച്ചയുടനെ അൾത്താരമുന്നിൽ സാഷ്ടാംഗം വീണ് പ്രാർത്ഥിക്കേണ്ട പ്രാർത്ഥനയാണ് ഇത്. സ്വർഗ്ഗത്തിന്റെ അധിപനായ ദൈവമെ, അങ്ങയുടെ ആലയത്തിൽ പ്രവേശിച്ച് അങ്ങയുടെ സിംഹാസനത്തിന്റെ മുന്നിൽ സാഷ്ടാംഗം വീണ് അങ്ങയെ നമസ്ക്കരിക്കുന്നു. എന്റെ തെറ്റുകളും കുറ്റങ്ങളും പൊറുത്ത് എന്നോട് ക്ഷമിക്കണമെ.

**"ഞങ്ങളണയ്ക്കും നേർച്ചകൾ... സ്വീകൃതമാകണമെ."**

യഹൂദ പാരമ്പര്യത്തിൽ വിശ്വാസികൾ ദൈവാലയത്തിലേക്ക് വരുമ്പോൾ നേർച്ചകളും കാഴ്ചകളും കൊണ്ടുവരുമായിരുന്നു. ഗോതമ്പ്, ഒലിവെണ്ണ, വീഞ്ഞ്, തിരി, നേർച്ച ഇവയൊക്കെയായിരുന്നു നേർച്ചകൾ. അതുപോലെ കടിഞ്ഞൂൽ പുത്രന്മാരും ആദ്യഫലങ്ങളും ദൈവത്തിനുള്ളതായിരുന്നു. അതിനു സമാനമായി വിശ്വാസികൾ ഇവിടെ പ്രാർത്ഥിക്കുന്നു, ഞങ്ങളണയ്ക്കുന്ന അപ്പവും വീഞ്ഞുമാകുന്ന കാഴ്ചയിൽ ദൈവമേ അങ്ങു പ്രീതിയാകണം. പഴയനിയമ പുരോഹിതനായ മൽക്കിസദേക്ക് അപ്പവും വീഞ്ഞും അർപ്പിച്ചതുപോലെ (ഉത്പ. 14:18) ഞങ്ങളുടെ ബലിയും ദൈവമേ അങ്ങയുടെ സന്നിധിയിൽ സ്വീകൃതമാകണമെ.

**"നാഥാ നിന്നുടെ ദാനങ്ങൾക്കെല്ലാം... നിറവേറ്റും നാഥാ"**

കർത്താവേ അങ്ങയുടെ നന്മകൾക്കും ദാനങ്ങൾക്കും പകരമായി

www.malankaralibrary.com

ഞാൻ എന്തു നല്കും? സകലജനത്തിന്റെയും മുമ്പിൽ ഞാൻ നേർച്ചകളും കാഴ്ചകളും സമർപ്പിക്കും. 116-ാം സങ്കീർത്തനം 12, 13 വാക്യങ്ങളാണിത്.

**"ഹാബേലിൻ... കൈക്കൊണ്ടലിവായുത്തരമേകണമെ."**

വി. കുർബാനയിൽ സംബന്ധിക്കുന്ന നാം പഴയനിയമത്തിൽ ദൈവത്തിന് സമർപ്പിച്ച ബലികൾ സ്മരിക്കുകയാണ്. പഴയനിയമത്തിൽ ബലി അർപ്പിച്ചവരെല്ലാം തങ്ങൾക്കുണ്ടായിരുന്ന ഏറ്റവും മഹത്തരമായതും ശുദ്ധിയുള്ളതുമാണ് ദൈവത്തിന് സമർപ്പിച്ചത്. നിഷ്ക്കളങ്കനായ ഹാബേലിന്റെ കൊഴുപ്പുള്ള കുഞ്ഞാടും (ഉത്പ. 4:4) നോഹയുടെ ശുദ്ധിയുള്ള മൃഗങ്ങളുടെ ബലിയും (ഉത്പ. 2:3-13) ദൈവം കൈക്കൊണ്ടതുപോലെ ഞങ്ങളുടെ പ്രാർത്ഥനയും നോമ്പും ഉപവാസവും കൈക്കൊണ്ട് ഞങ്ങളോട് കരുണചെയ്യണമെ എന്ന് പ്രാർത്ഥിക്കുന്നു.

**"ലോകത്തിന്നുടെ... ബലിയിതു സ്വീകൃതമാകണമെ"**

പഴയനിയമത്തിലെ ബലികളെ സ്മരിച്ചതിനുശേഷം പുതിയനിയമത്തിൽ ഏറ്റവും മഹത്തരമായ ക്രിസ്തുവിന്റെ ബലിയെ ഓർമ്മിക്കുകയാണ് ഇവിടെ. യേശുക്രിസ്തുവിന്റെ ബലിയുടെ പ്രത്യേകത, അവൻ ലോകം മുഴുവന്റെയും പാപം മോചിക്കുവാനായി തന്നെത്തന്നെ കാഴ്ചയാക്കി നൽകി എന്നതാണ്. ഇപ്രകാരം ക്രിസ്തുവിന്റെ ബലി ദൈവം സ്വീകരിച്ച് ലോകത്തെ രക്ഷിച്ചതുപോലെ നമ്മുടെയും ബലികളും കാഴ്ചകളും സ്വീകരിച്ച് നമ്മെ രക്ഷിക്കണമെ എന്ന് പ്രാർത്ഥിക്കുന്നു.

**"സൗഗന്ധികമാം ധൂപം... നിർമ്മലരായ് തീരാം ഞങ്ങൾ"**

അനുതാപത്തോടെ ദൈവസന്നിധിയിൽ ആയിരിക്കാമെന്നും, പാപങ്ങളെല്ലാം കഴുകിക്കളഞ്ഞ് വിശുദ്ധിയുള്ളവരായിരിക്കാം എന്നും ദൈവസന്നിധിയിൽ നമ്മൾ വാഗ്ദാനം ചെയ്യുകയാണ്. വി. ബൈബിളിൽ വ്യത്യസ്ത അവസരങ്ങളിൽ പുരോഹിതൻ ദൈവസന്നിധിയിൽ ധൂപം അർപ്പിക്കാറുണ്ട്. ഇപ്രകാരം ഒരു ധൂപമായി തീർന്ന് നമ്മുടെ ചിന്തകൾ കൊണ്ടും, വാക്കുകൾക്കൊണ്ടും പ്രവൃത്തികൾകൊണ്ടും അതായത് ജീവിതത്തിന്റെ പാപാവസ്ഥകളുടെ എല്ലാ മേഖലകളും ഉപേക്ഷിച്ച് ശുദ്ധിയുള്ളവരായി തീർന്ന് കർത്താവേ നിന്നെ പ്രതീപ്പെടുത്തും എന്ന് ദൈവത്തോട് വാഗ്ദാനം ചെയ്യുകയാണ്.

**"സ്വർഗകവാടം തുറക്കും... ഈശൻ വേഗം കേൾക്കുന്നു."**

ദൈവസന്നിധിയിൽ ഒരുമിച്ച് പ്രാർത്ഥിക്കുന്ന വിശ്വാസികളെല്ലാ

www.malankaralibrary.com


വരും പരസ്പരം വിശ്വാസത്തോടെ ഏറ്റു പറയുകയാണ് ഇത്. നമ്മുടെ പ്രാർത്ഥനകളുടെ നാദത്തെക്കുറിച്ച് മാലാഖമാർപോലും പറയുന്നത് ഭൂമിയിൽ മനുഷ്യരുടെ പ്രാർത്ഥനയുടെ ശബ്ദം മനോഹരമാണ്. ദൈവം അത് കേൾക്കുന്നു എന്നാണ്. ഇപ്രകാരം സ്വർഗ്ഗത്തിന്റെ വാതിലുകൾ തുറക്കാനുള്ള താക്കോലുകളായി ഞങ്ങളുടെ പ്രാർത്ഥനകൾ മാറട്ടെ.

**"നാഥാ നിൻ ജനനം... ഓർത്തീടുന്നുനീ യാഗത്തിൽ"**

വി. ബൈബിളിലെ സംഭവങ്ങളെല്ലാം കാലക്രമമനുസരിച്ച് തന്നെ വി. കുർബാനയിൽ നാം അനുസ്മരിക്കുന്നുണ്ട്. അതായത് ആദിമാതാപിതാക്കൾ മുതൽ ക്രിസ്തുവിന്റെ രണ്ടാം വരവു വരെ വി. കുർബാനയിൽ നാം അനുസ്മരിക്കുന്നുണ്ട്. പ്രധാനമായും ആദിമാതാപിതാക്കൾ, ക്രിസ്തുവിന്റെ ജനനം, സ്നാനം, സഹനം, കുരിശുമരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണമെല്ലാം വി. കുർബാനയിൽ സ്മരിക്കുന്നുണ്ട്.

**"മാതാ കാദീശർ... നല്ലോരോർമ്മയതുണ്ടാക."**

ക്രിസ്തുവിന്റെ ജീവിതം മാത്രമല്ല തന്റെ അമ്മയായ പരിശുദ്ധ മറിയത്തേയും, ശ്ലീഹന്മാരേയും, രക്തസാക്ഷികളേയും, വിശുദ്ധരേയും, സുവിശഷം പ്രഘോഷിച്ചവരേയും, പ്രവാചകന്മാരേയും, വിശ്വാസികളായി മരണമടഞ്ഞവരേയും, അനാഥർ, രോഗികൾ എല്ലാവരേയും ഈ വി. കുർബാനയിൽ ഓർത്തു പ്രാർത്ഥിക്കുന്നു.

**"വിധവകൾ എളിയവർ... ഓർത്തീടുന്നീ യാഗത്തിൽ"**

വിധവകളായവരേയും, എളിയവരായ പാവപ്പെട്ടവരേയും, അതോടൊപ്പം എവിടെയെല്ലാം വി. കുർബാനയിൽ പങ്കുചേരുന്നുവോ അപ്പോഴെല്ലാം നാം നമ്മുടെ മാതാപിതാക്കന്മാരേയും, സഹോദരങ്ങളേയും, നമ്മുടെ ഗുരുക്കന്മാരേയും ഓർത്ത് പ്രാർത്ഥിക്കുന്നുണ്ട്.

**"ആർക്കായ് കാഴ്ചകൾ... ബലിയിതു സ്വീകൃതമാകണമെ"**

അതാതു ദിവസത്തെ പ്രധാന നിയോഗങ്ങളും നമ്മുടെ വ്യക്തിപരമായ നിയോഗങ്ങളേയും, ഒപ്പം ആത്മീയമായും ഭൗതികമായും നമ്മുടെ ഇടവക ദൈവാലയത്തെ വളർത്തിയ, ഉയർത്തിയ, അതിന്റെ നിർമ്മാണത്തിൽ പങ്കുവഹിച്ച ഏവരേയും ഓർത്തു ബലിയർപ്പിച്ചു പ്രാർത്ഥിക്കുന്നു.

**"കർത്താവേ നിൻ... നിൽക്കണമവർ വലഭാഗത്തിൽ"**

കർത്താവിന്റെ രണ്ടാം വരവിനെക്കുറിച്ച് അനുസ്മരിക്കുന്നു. തദ്ദവസരത്തിൽ മരിച്ചുപോയവർ ഉയിർത്ത് കർത്താവിന്റെ വലത്തുഭാ

www.malankaralibrary.com

ഗത്ത് നിൽക്കാനുള്ള പ്രാർത്ഥനയാണ് ഈ ഭാഗത്ത്. കർത്താവേ വി. കുർബാനയാകുന്ന അങ്ങയുടെ വിശുദ്ധ ശരീരം ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്ത സകല മരിച്ചുപോയവരും (യോഹ. 6:50–54) കർത്താവിന്റെ പ്രഭാവം ഉദിക്കുന്ന ദിവസം ഉയിർത്തെഴുന്നേൽക്കുകയും കർത്താവിന്റെ വലത്തുഭാഗത്ത് ആയിരിക്കുകയും ചെയ്യണമെ (യോഹ. 6:54; മത്താ. 25:33).

**6. ദൈവമാതാവിന്റെ തിരുനാളുകളിൽ**

പരിശുദ്ധ അമ്മയുടെ ഓർമ്മതിരുനാളുകളിൽ ഒരുക്കശുശ്രൂഷയുടെസമയത്ത് ആലപിക്കുന്ന ഗാനമാണിത്. പരിശുദ്ധ അമ്മയോടുള്ള മാദ്ധ്യസ്ഥവും, രക്ഷാകര വ്യാപാരത്തിൽ അമ്മയുടെ പങ്കാളിത്തവുമാണ് ഈ ഗാനത്തിൽ.

**"ധന്യേ മാതാവേ... ഞങ്ങൾക്കാലംബം"**

മാതാവിന്റെ മദ്ധ്യസ്ഥതയിലുള്ള വിശ്വാസിയുടെ അദമ്യമായ ആലംബമാണ് ഈ വരികളിൽ പ്രതിഫലിക്കുന്നത്. മാതാവിന്റെ മാദ്ധ്യസ്ഥ ശക്തിയിൽ പൂർണ്ണമായി ആശ്രയിച്ച് നമുക്ക് വേണ്ടി യേശുക്രിസ്തുവിനോട് അപേക്ഷിക്കണമേ എന്ന് നാം യാചിക്കുന്നു. ധന്യയായ മാതാവേ അങ്ങയോടുള്ള അഗാധമായ സ്നേഹം കാരണം, അങ്ങയോട് അപേക്ഷിക്കുന്ന എളിയവനായ എന്റെ സകല പാപങ്ങളുടെ ഭാരവും നാഥൻ നീക്കട്ടെ. ന്യായാവിധിയിൽപെട്ടുപോകാതിരിക്കാൻ എനിക്കുവേണ്ടി അമ്മയുടെ പുത്രന്റെ മുൻപിൽ അങ്ങ് യാചിക്കേണമേ. അമ്മയുടെ മദ്ധ്യസ്ഥത ഞങ്ങൾക്ക് എന്നാളും ആശ്രയമാണ് മാതാവേ.

**"സീനായ് ശൈലത്തിൽ... ഗർഭസ്ഥൻ ദൈവം"**

പുറപ്പാട് പുസ്തകത്തിൽ മുൾമരമെരിഞ്ഞിട്ടും ചാമ്പലാകാതിരുന്ന അവസ്ഥയെ ഇവിടെ പരിശുദ്ധ അമ്മയുടെ കന്യകാത്വവുമായി പ്രതീകാത്മകമായി ബന്ധപ്പെടുത്തുന്നു. ദൈവം ഇറങ്ങിവന്നപ്പോൾ കത്തിയമർന്നിട്ടും എരിഞ്ഞു ചാമ്പലാകാതിരുന്ന മുൾപടർപ്പ് (പുറ. 3:2–4) പോലെയാണ് പരിശുദ്ധ അമ്മയുടെ കന്യാത്വം. മറിയത്തിൽ നിന്നും ദൈവപുത്രനായ യേശുക്രിസ്തു ജനിച്ചിട്ടും ദൈവം അമ്മയെ ജീവിതകാലം മുഴുവൻ കന്യകയായി തന്നെ സംരക്ഷിച്ചു. കത്തിയിട്ടും ചാമ്പലാകാതിരുന്ന മുൾപടർപ്പിലെ ഇല പോലെ പരിശുദ്ധ അമ്മയുടെ ഉള്ളിൽ എരിഞ്ഞ അഗ്നിയായിരുന്നു ക്രിസ്തുവായ ദൈവം.

**"കന്യാമേഘം... വിശ്വത്തെ വീണ്ടോൻ"**

ഭൂലോകേശനായ യേശുക്രിസ്തു ഏതുവിധം തന്റെയുള്ളിൽ കട

www.malankaralibrary.com


ന്നുവന്നു എന്ന് കന്യാമേഘമായ പരിശുദ്ധ അമ്മ എന്നോടോതുന്നു. അതായത് മാലാഖമാരിൽ പ്രധാനിയായ ഗബ്രിയേൽ മാലാഖ എഴുന്നെള്ളി ലോകത്തിന്റെ ഈശനായ നാഥൻ നിന്നിൽ വാഴുന്നു എന്ന് അരുളിചെയ്തു (മംഗളവാർത്ത). ലോകത്തെ വീണ്ടെടുക്കുന്ന സത്യമാണ് ക്രിസ്തു.

**"വാഴ്‌വിന്നാകട്ടെ മാതാവിന്നോർമ്മ... വിശ്വത്തെ വീണ്ടോൻ"**

പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം നമ്മുടെ ജീവിതത്തിൽ എന്നാളുമൊരു ആശ്രയമാണ്. പരിശുദ്ധ അമ്മയുടെ ഓർമ്മ എന്നാളും വാഴ്ത്തപ്പെട്ടതാകട്ടെ. കാരണം അവളിൽ നിന്നാണ് ലോകത്തെ രക്ഷിക്കാനായി ഭൂമിയിലേക്ക് ശ്ലീഹന്മാരുടെ നാഥനായ ദൈവപുത്രനായ ക്രിസ്തു മനുഷ്യാവതാരം ചെയ്തത്. ലോകത്തെ രക്ഷിക്കുന്ന വഴിയും സത്യവും ജീവനുമാണ് ക്രിസ്തു.

**"വിശ്വാസത്താലെ... നാഥാ തേ സ്തോത്രം"**

വി. കുർബാനയിൽ നമ്മുടെ പരേതരായ വിശ്വാസികളുടെ പേരുകളോർത്ത് നിയോഗം വച്ച് അവരുടെ നിത്യമായ ആശ്വാസത്തിനായി പ്രാർത്ഥിക്കണം. അവരെ ജീവിപ്പിക്കുന്നവനായ ദൈവത്തിന്റെ നാമത്തിന് എന്നാളും നന്ദിയും സ്തുതിയും സ്തോത്രവും.

## III. പരസ്യശുശ്രൂഷ

**"മാതാപരിശുദ്ധന്മാർ തൻ... ഇവർമേൽ കൃപ തോന്നേണമേ"**

പരസ്യശുശ്രൂഷ ആരംഭിക്കുമ്പോൾ ആലപിക്കുന്ന ഗാനമാണ് ഇത്. ആദികാലം മുതൽ സന്നിഹിതനായിരിക്കുന്ന ക്രിസ്തുവിന്റെ സാന്നിദ്ധ്യവും, മനുഷ്യാവതാരവും, തുടർന്നുള്ള രക്ഷാകരസംഭവങ്ങളും വിവരിക്കുന്നതാണ് ഈ ഗാനത്തിന്റെ പ്രമേയം. മരണമില്ലാത്ത ക്രിസ്തു നമുക്ക് വേണ്ടി മരണമുള്ളവനായി മാറി. എന്നാലും ദൈവപുത്രനായ ക്രിസ്തു പിതാവിനോടും, പുത്രനോടും കൂടെ ഒരുപോലെ വന്ദിക്കപ്പെടുന്നവനും സ്തുതിക്കപ്പെടുന്നവനുമാണ്. പരിശുദ്ധ ത്രിത്വത്തിന്റെ യഥാർത്ഥമായ സത്ത ഇവിടെ വിവരിക്കുന്നു. നാം വിശ്വസിച്ചേറ്റു പറയുന്ന വിശ്വാസപ്രമാണത്തിന്റെ ഒരു ചുരുക്കരൂപമാണ് ഈ ഗാനം.

## IV. വചനശുശ്രൂഷ

**1. ഒന്നാം വായന: "ഭൂവിലശേഷം... സ്വർഗമഹാ-രാ-ജ്യം"**

പുതിയ നിയമത്തിലെ ഒന്നാം വായനയ്ക്കു മുമ്പ് ആലപിക്കുന്ന

www.malankaralibrary.com

ഗീതമാണിത്. സകല ജനപദങ്ങളുടെയും ഇടയിലേക്ക് ദൈവാത്മാവി നാൽ പ്രചോദിതരായ ശ്ലീഹന്മാർ സുവിശേഷം പ്രസംഗിക്കുവാൻ പോയി. അവർ ലോകത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ സുവി ശേഷം (ഏവൻഗേലിയോൻ) പ്രസംഗിച്ചു. ഈ സുവിശേഷം സ്വീകരി ക്കുന്നവർക്ക് സ്വർഗ്ഗരാജ്യം ലഭിക്കുമെന്ന് പ്രഘോഷിച്ചു (മർക്കോ. 16:15,20; അപ്പ. 2:14-41).

**2. രണ്ടാം വായന: "പൗലോസ്ശ്ലീഹാ... നിൽക്കുന്നോൻ ധന്യൻ"**

വി. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ നിന്നുള്ള വായനയ്ക്ക് മുമ്പ് ആലപിക്കുന്ന ഗീതമാണിത്. ധന്യനായ പൗലോസ് ശ്ലീഹാ ഇപ്ര കാരം പഠിപ്പിച്ചു. "ഞങ്ങൾ നിങ്ങളോടു പ്രസംഗിച്ചതിൽ നിന്ന് വ്യത്യ സ്തമായ ഒരു സുവിശേഷം ഞങ്ങൾ തന്നെയോ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ തന്നെയോ നിങ്ങളോടു പ്രസംഗിച്ചാൽ അവൻ ശപിക്ക പ്പെട്ടവനാകട്ടെ" (ഗലാ.1:8). പലതരത്തിലുള്ള ഉപദേശങ്ങൾ ലോക ത്തിൽ മുളച്ച് പരക്കുന്നു. എന്നാൽ ദൈവത്തിന്റെ ഉപദേശത്തിൽ സ്ഥിര മായി നിൽക്കുന്നവൻ ധന്യൻ/അനുഗ്രഹീതൻ.

**3. സുവിശേഷ വായന: "ഹാ-ഹാ-സ്തുതി... മദ്ബഹാ മുമ്പിൽ"**

വി. ഏവൻഗേലിയോൻ വായനയ്ക്ക് മുമ്പ് ആലപിക്കുന്ന ഗീതമാ ണിത്. കർത്താവിന്റെ പേടകത്തിന്റെ മുമ്പിൽ ശുശ്രൂഷ ചെയ്യാനും കർത്താവിനെ വിളിച്ചപേക്ഷിക്കാനും അവിടുത്തേക്ക് കൃതജ്ഞതയും സ്തുതിയും അർപ്പിക്കുവാനുമായി ദാവീദ് ലേവ്യരിൽ ചിലരെ നിയോ ഗിച്ചു (1 ദിന. 16:4).

പുതിയ ഇസ്രായേലായ സഭയിലേക്ക് വചനമായ ദൈവം കടന്നു വരുമ്പോൾ പരിശുദ്ധ മദ്ബഹായുടെ മുമ്പിൽ വിശ്വാസിഗണം നിർമ്മ ലമായ കാഴ്ചകളോടുകൂടി ഹല്ലേലൂയ്യാ പാടി അവനെ സ്തുതിക്കുന്നു (സങ്കീ. 135:2).

**4. "ശുദ്ധൻ, ശുദ്ധൻ... നിവനെന്നുരചെയ്തു താ-തൻ"**

പരിശുദ്ധ ഏവൻഗേലിയോനുശേഷം ആലപിക്കുന്ന ഗീതങ്ങളി ലൊന്നാണിത്. ഉസിയ രാജാവു മരിച്ചവർഷം കർത്താവ് ഉന്നതമായ ഒരു സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുമ്പോൾ അവിടുത്തെ ചുറ്റും ആറ് ചിറകുകൾ വീതമുള്ള സെറാഫുകൾ പരസ്പരം ഉദ്ഘോ ഷിച്ചുകൊണ്ടിരുന്നു. പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ

www.malankaralibrary.com


കർത്താവ് പരിശുദ്ധൻ (ഏശ. 6:1–3). മാലാഖമാർ ഇപ്രകാരം പ്രഘോഷിച്ചതുപോലെ ബലിപീഠത്തിൽ സന്നിഹിതനായിരിക്കുന്ന കർത്താവിന് വിശ്വാസിഗണവും പരിശുദ്ധിയുടെ ഗാനം ആലപിക്കുന്നു.

**5. "യജമാനൻ വരുമന്നേര... ഹാല്ലേലൂയ്യാ ചൂടും മകുടത്തിൽ"**

പരിശുദ്ധ ഏവൻഗേലിയോനുശേഷം ആലപിക്കുന്ന ഗീതങ്ങളിലൊന്നാണിത്. യജമാനൻ വരുമ്പോൾ തന്റെ മുന്തിരിത്തോട്ടത്തിൽ ഉണർവോടെ ജോലി ചെയ്യുന്നവരായി കാണപ്പെടുന്നവർ ഭാഗ്യവാന്മാർ (ലൂക്കാ. 12:37). പകൽ സമയങ്ങളിൽ, അതായത് ജീവിതകാലത്ത് യജമാനനോട് കൂടെ പണി ചെയ്തവർക്ക് യജമാനൻ അരകെട്ടി അവരെ പരിചരിക്കും. പിതാവായ ദൈവം ഒരുക്കുന്ന മേശയിൽ, പുത്രനായ ദൈവം പരികർമ്മിക്കും, സഹായകനായ പരിശുദ്ധ റൂഹാ തമ്പുരാൻ നിർമ്മിക്കുന്ന കിരീടം മഹത്ത്വത്തിൽ വേലക്കാർ/ദാസന്മാർ ചൂടും. മരിച്ചുപോയ വൈദികരെ ഓർമ്മിക്കുന്ന അവസരങ്ങളിൽ ഈ ഗാനമാണ് ആലപിക്കുന്നത്. യജമാനൻ വരുമ്പോൾ ഉണർവുള്ളവരായി കാണപ്പെടുക ഓരോ വൈദികന്റെയും ധർമ്മമാണ്.

**6. യാചിക്കേണ്ടും സമയമിതാ**

വിശ്വാസപ്രമാണത്തിനു ശേഷം ആലപിക്കുന്ന ഗാനമാണിത്. വിശ്വാസപ്രമാണത്തിന്റെ സമയത്ത് പുരോഹിതൻ വിശുദ്ധീകരണത്തിന്റെ പ്രതീകമായി കൈകൾ കഴുകി ജനത്തോട് പ്രാർത്ഥന സഹായം യാചിച്ചതിനുശേഷം ത്രോണോസിന്റെ മുൻപിൽ രഹസ്യ പ്രാർത്ഥന നടത്തുന്നു. തുടർന്ന് ദർഗായ്ക്കു മുകളിലേക്ക് കയറുന്നതിനു മുൻപ് ആലപിക്കുന്ന ഗാനമാണിത്. ദർഗാ ഇവിടെ രണ്ടു കാര്യങ്ങളെ സൂചിപ്പിക്കുന്നു. ഒന്നാമതായി സെഹിയോൻ മാളികയെയും രണ്ടാമതായി സ്വർഗ്ഗത്തേയും സൂചിപ്പിക്കുന്നു. അതായത് വി. കുർബാനയുടെ ഏറ്റവും പ്രധാനപ്പെട്ട ശുശ്രൂഷയായ അപ്പം മുറിക്കലിലേക്ക് പ്രവേശിക്കുമ്പോൾ ജനങ്ങളുടെ യാചനയാണ് ഈ ഗാനത്തിന്റെ പ്രമേയം.

**"യാചിക്കേണ്ടതും സമയമിതാ... ഇതുതന്നെ കരുണാസമയം"**

ഇനിയുള്ള ശുശ്രൂഷയുടെ സമയത്തിന്റെ പ്രത്യേകതയാണ് ഇവിടെ വിവരിക്കുന്നത്. ഇത് യാചനകൾ സ്വീകരിക്കുന്ന സമയമാണ്. ഇത് പാപങ്ങൾ മോചിക്കുന്ന സമയമാണ്. ഇത് നമസ്കാരത്തിനും പ്രാർത്ഥനയ്ക്കുമുള്ള സമയമാണ്. കരുണയുടെ സമയവും ഇതാണ്.

www.malankaralibrary.com

**"ഉന്നതമാം പദവിയിലേറി... അനുഷ്ഠിക്കുന്നീ കുർബാന"**

ക്രിസ്തു സെഹിയോൻ മാളികയിലേയ്ക്കും പിറ്റേന്ന് ഗോൽഗോത്താ യിലെ മലയിലേയ്ക്കും പ്രവേശിച്ചതിന്റെ ഓർമ്മയ്ക്കായി ഇവിടെ പുരോഹിതൻ ദർഗായുടെ മുകളിലേയ്ക്ക് വി. കുർബാനയാകുന്ന ബലി അർപ്പിക്കുവാനായി പ്രവേശിക്കുന്നു എന്നുള്ളതാണ് ഗാനത്തിന്റെ അർത്ഥം. അതായത് സെഹിയോൻ മാളികയിലെ ക്രിസ്തുവിന്റെ പെസഹാ ആചരണത്തിന്റെയും, വി. കുർബാന സ്ഥാപനത്തിന്റെയും അതേ ഓർമ്മതന്നെയാണ് ഈ ബലിപീഠത്തിലും സംഭവിക്കുന്നത്.

**"പ്രിയരേ ഇതു കരുണയുടെയും.....നല്കും സമയം താൻ"**

ഈ ഗാനത്തിന് ശേഷം തുടർന്നു വരുന്നത് സമാധാനം നല്കുന്ന ശുശ്രൂഷയാണ്. അതിനാൽ തന്നെ ഇനിയുള്ള സമയം സ്നേഹത്തി ന്റെയും, സമാധാനത്തിന്റെയും, കരുണയുടെയും, ദയവിന്റെയും സമ യമാണ്. സമാധാനത്തിന്റെ പ്രാർത്ഥനയെ ഉത്ഥാനത്തിന്റെ പ്രാർത്ഥന എന്നാണ് വിശേഷിപ്പിക്കുന്നത്.

**"ദൂരസ്ഥർ സമീപസ്ഥരുമായി... ഒരുപോൽ കരുണയിരന്നീടും"**

"നീ ബലിയർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോടെന്തെ ങ്കിലും വിരോധമുണ്ടെങ്കിൽ ബലിവസ്തു അവിടെ വച്ചിട്ട് പോയി അവനുമായി രമ്യതപ്പെടുക. എന്നിട്ട് വന്ന് ബലിയർപ്പിക്കുക"(മത്താ. 5:23). ഈ ബൈബിൾ വാക്യത്തിന്റെ അടിസ്ഥാനത്തിലാണ് ഈ വരി കൾ. ദൂരസ്ഥരുമായും, സമീപസ്ഥരുമായും സഹോദരങ്ങളോടും രമ്യ തപ്പെട്ടിട്ട് വി. ബലിയർപ്പിക്കുക. കൈകൾക്കുള്ളിൽ കൈകൾ വച്ച് നാം സമാധാനം കൊടുക്കുന്നത് മറ്റൊരാളെ നമ്മുടെ ഹൃദയത്തിൽ സ്വീകരിക്കുന്നതിന്റെ പ്രതീകമായാണ്. ഹൃദയത്തിന്റെ തുടർച്ചയാണ് നമ്മുടെ കൈകൾ.

**"നാഥാ കൃപ ചെയ്തീടണമെ... ഇന്നീവണ്ണമിരന്നീടേണം"**

നമ്മുടെ ബലഹീനതകളെ ഓർത്ത് ഞങ്ങളോട് കൃപചെയ്ത് ഞങ്ങ ളോട് കരുണചെയ്യണമെ. കർത്താവിന്റെ കരുണയ്ക്കായി നമുക്ക് ഒത്തൊ രുമിച്ച് പ്രാർത്ഥിക്കാം. ഞങ്ങളുടെ ബലഹീനതകളോടുത്തരമരുളണമെ. ഞങ്ങൾ ഒരുമിച്ചു നിന്നുകൊണ്ട് അങ്ങയോടപേക്ഷിക്കുന്നു.

## V. അന്നാഫുറ

### 1. "അന്യോന്യം ശ്ലോമോ നൽകിൻ..."

അന്നാഫുറയിലെ ആദ്യത്തെ പ്രാർത്ഥന സമാധാനം ആശംസി

www.malankaralibrary.com


ക്കുന്ന പ്രാർത്ഥനയാണ്. ലത്തീൻ സഭയിലെ കുർബാനയിൽ ഇത് സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയ്ക്ക് ശേഷമാണ്. എന്നാൽ അന്ത്യോക്യൻ ആരാധനാക്രമത്തിൽ അന്നാഫുറായിലെ ആദ്യ പ്രാർത്ഥന ഉത്ഥാനത്തിന്റെ പ്രാർത്ഥനയാണ്, അതായത് സമാധാന ത്തിന്റെ പ്രാർത്ഥന. ഉത്ഥാനത്തിന്റെ ആശയം സമാധാനമാണ്. ഇപ്ര കാരം എല്ലാവർക്കും സമാധാനമാശംസിച്ച് നാം ബലിയർപ്പണത്തി ലേക്ക് പ്രവേശിക്കുകയാണ്.

വിശ്വാസിഗണം പരസ്പരം സമാധാനം നൽകുമ്പോൾ ആലപി ക്കുന്ന ഗീതമാണിത്. നാം പരസ്പരം സമാധാനം നൽകുമ്പോൾ കർത്താവിന്റെ സമാധാനം (യോഹ. 14:27; ലൂക്കാ. 24:36; യോഹ. 20:21) നമ്മിൽ വസിക്കുന്നു. നാം പരസ്പരം ആശ്ലേഷിക്കുമ്പോൾ കർത്താ വിന്റെ ശാന്തിയും സമാധാനവും എപ്പോഴും നമ്മെ കാത്തു സംരക്ഷി ക്കും. ഉത്ഥാനത്തിന്റെ നാളുകളിൽ മാളികയിൽ കൂടിയിരുന്ന ശിഷ്യ ന്മാരുടെ മധ്യത്തിൽ നിന്നുകൊണ്ട് യേശു പറഞ്ഞു "നിങ്ങൾക്ക് സമാ ധാനം' (യോഹ. 20:26). ഈ സമാധാനം ലോകാവസാനംവരെ നിങ്ങ ളോടൊപ്പം ഉണ്ടാകട്ടെ.

ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണമെന്ന് അരുളിച്ചെയ്ത നാഥാ, (യോഹ.15:12) നിന്റെ സ്നേഹം ഞങ്ങളിലെന്നും വാണീടട്ടെ. അത്യുന്നതങ്ങളിൽ ദൈവ ത്തിനെപ്പോഴും സ്തുതിയും ഭൂമിയിൽ ശാന്തിയും മനുഷ്യമക്കൾക്ക് സംപ്രീതിയും ഉണ്ടാകട്ടെ (ലൂക്കാ. 2:14).

**2. "അൻപുടയോനേ, നിൻ വാതിൽ..."**

മഹാനായ ഡയനീഷ്യസ് ബർസ്ലീബി പറയുന്നു, ഖണ്ഡനമാണ് വി. കുർബാനയുടെ ഏറ്റവും മഹത്തരമായ സമയം. നമ്മുടെ പ്രാർത്ഥ നകൾ സമർപ്പിക്കാനുള്ള ഏറ്റവും അർത്ഥവത്തും ഫലപ്രദവുമായ സമ യമാണ് ഇത്. കാരണം ഇത് ക്രിസ്തു മുറിക്കപ്പെടുന്ന സമയമാണ്. അതിനാൽ തന്നെ ഈ സമയത്ത് ആലപിക്കുന്ന ഗാനങ്ങളിലെല്ലാം നമ്മുടെ അപേക്ഷകളാണ് നാം സമർപ്പിക്കുന്നത്.

അപ്പം മുറിക്കുന്ന ശുശ്രൂഷയുടെ സമയത്ത് ആലപിക്കുന്ന ഗീത മാണിത്. കരുണയുള്ള ദൈവമേ, ഈ ദാസർ നിന്റെ വാതിലിൽ മുട്ടി വിളിക്കുമ്പോൾ, ആവശ്യക്കാരായി യാചിക്കുന്ന അടിയാരെ നിരസി ക്കരുതേ. ദയാപൂർവ്വം ഞങ്ങളെ ശിക്ഷിച്ച് നിന്റെ കോപം നീക്കിക്കള യണമേ. ഞങ്ങളെ കാത്തുകൊള്ളണമേ. ബലഹീനരായ ഞങ്ങൾ

www.malankaralibrary.com

നിന്നെ വിളിച്ചപേക്ഷിക്കുമ്പോൾ നിന്റെ വാതിൽ തുറന്ന് അപേക്ഷ സാധിച്ചു തരണമേ. നല്ലവനായ ദൈവമേ, നിന്റെ കാരുണ്യത്താൽ ഞങ്ങളുടെമേൽ ദയ ചെയ്യണമെ. നന്മനിറഞ്ഞവനേ, ഞങ്ങളുടെ തെറ്റു കുറ്റങ്ങളെ നീ ഓർക്കരുതേ (മത്താ. 7:7; ലൂക്കാ. 11:9; മത്താ. 25:10; ലൂക്കാ. 13:25; യോഹ. 10:3; യോഹ. 10:7,9).

**3. "നാം ദൈവസുതൻമാരാവാ... സംസ്വർഗ്ഗേ, പുത്രൻ ദൈവം"**

കുക്കിലിയോനുകളിൽ നാം വിശുദ്ധരേയും മരിച്ചുപോയവരേയുമാണ് ഓർക്കുന്നത്. കുക്കിലിയോന് ഒരു ആമുഖമെന്നോണമാണ് ഈ ഗാനം. ഈ ഗാനത്തിൽ നമ്മുടെ പൂർവ്വ പിതാക്കന്മാരേയും നേതാക്കന്മാരേയും എല്ലാം ഓർത്ത് പ്രാർത്ഥിക്കുകയാണ് ചെയ്യുന്നത്. നാം ദൈവമക്കളായിത്തീരുവാൻ, നമ്മെ വിശ്വാസം പഠിപ്പിച്ച പിതാക്കന്മാരെ പ്രാർത്ഥനകളിലും കുർബാനകളിലും ഓർക്കണം. നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കും. കർത്താവേ, കരുണതോന്നി ഞങ്ങളെ അനുഗ്രഹിക്കണമേ.

## VI. കുക്കിലിയോൻ

കുക്കിലിയോൻ എന്നത് ഒരു ഗ്രീക്ക് പദമാണ്. ആവർത്തിച്ചു ചൊല്ലുന്നത് എന്നതാണ് അർത്ഥം. സഭയുടെ അടിസ്ഥാനപരമായ വിശ്വാസത്തിൽ ഒന്നാണ് വിശുദ്ധരോടുള്ള സംസർഗ്ഗം. വി. കുർബാനയുടെ അവസാന ഭാഗത്ത് ഇപ്രകാരം വിശുദ്ധരുടെ മാദ്ധ്യസ്ഥം ആപേക്ഷിച്ചു ആലപിക്കുന്ന ഗാനമാണ് കുക്കിലിയോൻ. വിശുദ്ധരിൽ പരിശുദ്ധ ദൈവമാതാവിന് പ്രത്യേകം സ്ഥാനമുണ്ട്. അതിനാൽ ആദ്യത്തെ കുക്കിലിയോൻ പരിശുദ്ധ ദൈവമാതാവിനോടുള്ളതും പിന്നീടുള്ളത് വിശുദ്ധന്മാർ, മരിച്ചുപോയ ആചാര്യന്മാർ, മരിച്ചുപോയ വിശ്വാസികൾ എന്നിവർക്കു വേണ്ടിയുള്ളതുമാണ്.

**1. പരിശുദ്ധ ദൈവമാതാവിനോട്**

**"നിന്നാൾ സ്തുതിയൊട്... പിതൃഗൃഹവും"**

നിന്നെ സ്തുതിച്ചുകൊണ്ട് രാജകുമാരി (സങ്കീ. 45:9-11) നിന്നു. നിന്റെ വലത്തുഭാഗത്ത് രാജ്ഞിയും നിന്നു. ദൈവമാതാവിനെയും സഭയേയും ഒരുപോലെ പ്രതിനിധീകരിക്കുന്ന വരികളായാണ് ഈ വരികൾ നമുക്ക് മനസ്സിലാവുക. രാജാവ് നിന്റെ സൗന്ദര്യത്തിൽ ആകൃഷ്ടനാകുവാനായി നിന്റെ ജനത്തേയും പിതൃഭവനത്തേയും നീ മറക്കുക. രണ്ട് സ്ത്രീകളെക്കുറിച്ചാണ് ഇവിടെ നമുക്ക് കാണുവാൻ സാധിക്കുക. രാജ്ഞിയും, രാജകുമാരിയും. രാജകുമാരി സ്തുതിയോടെ,

www.malankaralibrary.com


നിൽക്കുന്നു. രാജ്ഞി രാജാവിന്റെ വലത്തുഭാഗത്ത് നില്ക്കുന്നു. രാജകുമാരിക്ക് രാജ്ഞിനല്കുന്ന ഉപദേശമാണ് ഈ ഗാനം. പിതൃഭവനത്തേയും ജനത്തേയും മറക്കാനായി രാജകുമാരിയോട് ആവശ്യപ്പെടുന്നു. ഇവിടെ രാജ്ഞി മാതാവും രാജകുമാരി സഭയുമാണ്. പരിശുദ്ധ അമ്മ രാജകുമാരിയായ സഭയ്ക്ക് നല്കുന്ന ഉപദേശമായാണ് ഈ വാക്യത്തെ നമുക്ക് മനസ്സിലാക്കാൻ സാധിക്കുക. സഭയോട് ഈ ലോകത്തെ മറന്നിട്ട് മണവാളനായ ക്രിസ്തുവിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാൻ പരിശുദ്ധ അമ്മ ആവശ്യപ്പെടുന്നു. കർത്താവിന്റെ മരണത്താലും ഉയിർപ്പാലും വീണ്ടെടുക്കപ്പെട്ടവളാണ് സഭ. മണവാളൻ മണവാട്ടിയിൽ ആകൃഷ്ടനായാൽ മാത്രമേ അവളെ വധുവായി സ്വീകരിക്കുകയുള്ളു. അവളിൽ ആകൃഷ്ടനാകുവാനായി എല്ലാം ഉപേക്ഷിക്കാനാണ് രാജ്ഞി രാജകുമാരിക്ക് ഉപദേശം നല്കുന്നത്.

**എക്ബോ: "ഭക്തർ പുകഴ്ചാ ഭാജനമേ..."**

പരിശുദ്ധനായ അപ്രേമിന്റെ ഗീതങ്ങളിൽ നിന്ന് എടുത്തിട്ടുള്ള വരികളാണ് ഇവ. ഭക്തരുടെ ഓർമ്മയ്ക്കും പുകഴ്ചയ്ക്കും പാത്രമായവളേ എന്നാണ് അമ്മയെ വിശേഷിപ്പിക്കുന്നത്. ഇപ്രകാരം വിശേഷിപ്പിച്ചുകൊണ്ട് നിന്റെ ഉള്ളിൽ ജനിച്ച യേശു ക്രിസ്തുവിന് ഞങ്ങളോട് മനസ്സലിവുണ്ടാകുവാനായിട്ട് മറിയമേ അപേക്ഷിക്കണമെ എന്ന് നാം പാടുന്നു.

**കോലോ I : "മന്നമകൾക്കായി... വലുതാം പടവായ്തൻ"**

ഈ ഭാഗം ലൂക്കായുടെ സുവിശേഷത്തിലെ മംഗളവാർത്തയിൽ നിന്നും എടുത്തതാണ്. (ലൂക്കോ. 1:28-32). ഗബ്രിയേൽ മാലാഖ പരിശുദ്ധ അമ്മയുടെ അടുക്കൽ വന്ന് സമാധാനം എന്നർത്ഥമുള്ള ശ്ലോമോ നല്കുന്നു. അതിനുശേഷം, യേശുക്രിസ്തു മറിയത്തിൽ നിന്ന് ജനനം ചെയ്യും എന്നുള്ള മംഗളവാർത്ത പരിശുദ്ധ അമ്മയോട് അറിയിക്കുന്നു. ഈ ഗാനത്തിന്റെ രണ്ടാം ഭാഗത്ത് ഗാനരചയിതാവ് പരിശുദ്ധ അമ്മയെ ഒരു കപ്പലായി ചിത്രീകരിച്ചിരിക്കുകയാണ്. പണ്ടുകാലങ്ങളിൽ അതിവിശിഷ്ടമായ രത്നങ്ങളും, സ്വർണ്ണങ്ങളുമൊക്കെ കപ്പലിൽ കയറ്റി കച്ചവടത്തിനു കൊണ്ടുപോകുന്ന ഒരു പതിവുണ്ടായിരുന്നു. അതുപോലെ ലോകത്തിലെ രത്നങ്ങളെക്കാൾ ശ്രേഷ്ഠമായ യേശുക്രിസ്തുവാകുന്ന രത്നത്തെ പരിശുദ്ധ അമ്മ ഉള്ളിൽ സ്വീകരിക്കുകയും ആഘോഷിക്കുകയും ബഹുമാനിക്കുകയും ചെയ്തു എന്നാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

**കോലോ II : "ദൈവത്തിൻ മാതാ... ഞങ്ങൾക്കായ്"**

ഇത് പരിശുദ്ധ ദൈവമാതാവിനോടുള്ള ഗീതമാണെങ്കിലും

www.malankaralibrary.com

കോലോയുടെ ആദ്യഭാഗത്ത് പരിശുദ്ധ അമ്മയോടൊപ്പം തന്നെ പ്രവാചകന്മാരുടെയും ശ്ലീഹന്മാരുടെയും സകല രക്തസാക്ഷികളുടെയും സഭയുടെ മക്കളുടെയും ഓർമ്മ പുതുക്കുന്നു. രണ്ടാമത്തെ ഭാഗത്ത് മറിയാമിന്റെ രക്ഷാകര പദ്ധതിയിലെ പങ്കാളിത്തം ഏറ്റുചൊല്ലി അതിനായി മറിയത്തെ തിരഞ്ഞെടുത്ത യേശുക്രിസ്തുവിന് സ്തോത്രം ചൊല്ലുന്ന വരികളാണ്. തിരുവിഷ്ടത്താൽ കന്യകയായ മറിയത്തിന്റെ ഉള്ളിൽ നിന്ന് ജാതനായി വഴിതെറ്റിപ്പോയ മനുഷ്യരെ വഴിനേരെയാക്കി രക്ഷിച്ച് അവളുടെ ഓർമ്മയ്ക്ക് ഔന്നത്യം നൽകിയ പുത്രന് സ്തോത്രം. അവൾ ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ.

**കോലോ III : "വാഴ്വായ്ത്തീരണമെ... വായുവിലുയരുന്നു"**

മറിയാമിന്നോർമ്മ ഞങ്ങൾക്ക് വാഴ്വിനായ് തീരട്ടെ. അവളുടെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയാകണമെ: ദൈവമാതാവായ കന്യകാമറിയാമിനുവേണ്ടി പരിമള ധൂപം സ്വർഗ്ഗത്തിലേക്കുയരുന്നു. കുക്കിലിയോനുകൾ ധൂപഗീതങ്ങളാണ്. ഈ സമയത്ത് സുഗന്ധധൂപം സമർപ്പിച്ചാണ് നാം പ്രാർത്ഥിക്കുന്നത്. അപ്രകാരം നാം പ്രാർത്ഥിക്കുകയാണ് സുഗന്ധധൂപത്തോടുകൂടെ ദൈവമാതാവായ കന്യകാമറിയാമിന്നു ഓർമ്മ ഉണ്ടാകട്ടെ. ആദിമകാലത്ത് സഭയിൽ ഭിന്നതകളുണ്ടായിരുന്ന പല കാര്യങ്ങളും വിശ്വാസസത്യങ്ങളായി അന്നത്തെ പ്രാർത്ഥനകളിൽ ഉൾപ്പെടുത്തിയിരുന്നു. അതിനാൽ തന്നെ ഇവിടെയും പരിശുദ്ധ അമ്മ ദൈവമാതാവാണ് എന്നും കന്യകയാണ് എന്നും നാം വിളിച്ചു പ്രാർത്ഥിക്കുന്നു. സഭയുടെ രണ്ട് വിശ്വാസ സത്യങ്ങളാണ് നാം ഇവിടെ പ്രഘോഷിക്കുന്നത്.

**ബോവുസോ I : "മോറാനീശോ കുരിശും... വടികളും മായ്ച്ചീടാൻ"**

ബോവൂസോ എന്നാൽ അപേക്ഷ എന്നാണർത്ഥം. ബോവൂസോ അപ്രേമിന്റെ ഗീതങ്ങളിൽ നിന്നും എടുത്താണ്. ഈശോയോടുള്ള പ്രാർത്ഥനയാണ് ഇത്. കർത്താവായ യേശുവിന്റെ രക്ഷിക്കുന്ന കുരിശാലും മാതാവിന്റെ പ്രാർത്ഥനയാലും കോപത്തിന്റെ ശിക്ഷകൾ നീക്കികളയണമേയെന്ന് കർത്താവിനോട് നാം പ്രാർത്ഥിക്കുന്നു.

**ബോവുസോ I: "ഞങ്ങൾക്കായുള്ളർത്ഥന... തോന്നീടാൻ"**

ഈ വരികളിൽ നമുക്കുവേണ്ടി ഇടവിടാതെ തന്റെ പുത്രനോട് അർത്ഥിക്കുവാനായി നാം പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥത യാചിക്കുകയാണ്: ഞങ്ങൾക്കുവേണ്ടിയുള്ള അർത്ഥന പരിശുദ്ധ അമ്മേ

www.malankaralibrary.com


നിർത്തീടരുതേ. കർത്താവ് ഞങ്ങളുടെമേൽ ദയ കാണിക്കുവാനായി നിരന്തരം അങ്ങ് ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമെ.

**2. പരിശുദ്ധന്മാർ (സാദീക്കോ)**

**"നയവാൻ പനപോലെ... തുഷ്ടി പുഷ്ടികളും"**

ദൈവമാതാവിന് ശേഷം നമ്മൾ ധൂപം അർപ്പിക്കുന്നത് സഭയിലെ വിശുദ്ധരോടുള്ള ബഹുമാനാർത്ഥമാണ്. ഇതിൽ ശ്ലീഹന്മാരും, പ്രവാചകരും, രക്തസാക്ഷികളും, വിശുദ്ധരും ഉൾപ്പെടുന്നു. സങ്കീർത്തനം 92:12-14 വരെയുള്ള വാക്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ഈ ഗാനം രചിച്ചിരിക്കുന്നത്. ഈ വേദഭാഗത്ത് രണ്ട് വൃക്ഷങ്ങളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. ഒന്നാമതായി പന (സരളവൃക്ഷം) രണ്ടാമതായി ദേവദാരു. വൃക്ഷങ്ങളെക്കുറിച്ച് പ്രധാനമായും പറയാൻ കാരണം പഴയനിയമത്തിൽ 1 രാജാക്കന്മാർ 5, 6 അദ്ധ്യായങ്ങളിൽ ജറുസലേം ദൈവാലയ നിർമ്മാണത്തിനായി സോളമൻ രാജാവ് ഉപയോഗിക്കുന്ന വൃക്ഷങ്ങൾ സരളവൃക്ഷം, ദേവദാരു, ഒലിവു മരം എന്നിവയാണ്. ദേവദാരു കൊണ്ട് കൊത്തുപണികളും, ദേവാലയത്തിന്റെ മച്ചും ഉണ്ടാക്കി. സരളവൃക്ഷം കൂടുതലായും ദൈവാലയത്തിന്റെ നിലം തയ്യാറാക്കാനായി ഉപയോഗിച്ചു. (ഒലിവുമരം കൊണ്ട് കതക് നിർമ്മിച്ചു. നീതിമാൻ പന പോലെ തളിർക്കും, ലെബനോനിലെ ദേവദാരുമരം പോലെ വളരും, വൃദ്ധതയിലും അവൻ തളിരിട്ട് തഴച്ചു വളരും. അവരിൽ സന്തോഷവും ബലവും വർദ്ധിക്കും).

**എക്ബോ : "ഒരു പോലിങ്ങും മാർ... ബഹുമാനിച്ചോർക്കായ്"**

എക്ബോ അപ്രേമിന്റെ ഗീതങ്ങളിൽ നിന്നും എടുത്തതാണ്. അതാത് ദിവസത്തിന്റെയും കാലത്തിന്റെയും ക്രമമനുസരിച്ച് വിശുദ്ധരുടെ പേരുകൾ മാറ്റി മാറ്റി ഉപയോഗിക്കാവുന്ന ഗീതമാണ് ഇത്. പൊതുവായി മാർത്തോമാ എന്ന നാമമാണ് ഇവിടെ നാം ഉപയോഗിക്കുന്നത്. വിശുദ്ധരായതിനാൽ സ്വർഗ്ഗത്തിൽ എന്നും ഓർമ്മിക്കപ്പെടുന്നതു പോലെ ഭൂമിയിലും ഈ വിശുദ്ധരുടെ ഓർമ്മയുണ്ടാകട്ടെ. ഇപ്രകാരം ഭൂമിയിൽ അങ്ങയെ ഓർക്കുന്നവർക്കായി അങ്ങ് ദൈവത്തോട് മാദ്ധ്യസ്ഥം യാചിക്കണമെയെന്നു നാം അപേക്ഷിക്കുന്നു.

**കോലോ I : "പ്രാർത്ഥനയിൻ സമയമിതല്ലോ... ഞങ്ങൾക്കെന്നും"**

ഈ ഗീതത്തിലും അതാത് ദിവസത്തെ വിശുദ്ധന്റെ നാമം ഓർത്ത് പ്രാർത്ഥിക്കുന്നു. അല്ലയോ വിശുദ്ധാ... പ്രാർത്ഥനയുടെ നേരമായ ഈ

www.malankaralibrary.com

സമയത്ത് പതിവുപോലെ ഈ കൂട്ടത്തിന്റെ തലവനായി നിന്ന് അങ്ങ് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ. നാദഗംഭീരമായ അങ്ങയുടെ ആലാപനത്തിൽ ശ്രദ്ധിച്ചു നിൽക്കുന്ന വിശ്വാസികളായ ഞങ്ങളെ മോശ തന്റെ ജനത്തെ കൈനീട്ടി അനുഗ്രഹിച്ചതുപോലെ അനുഗ്രഹിക്കണമെ (പുറ. 17:8-13). സ്വർഗ്ഗീയ മണവാളന്റെ വധുവാണ് സഭയും, ഓരോ വിശുദ്ധനും, വിശ്വാസികളുമെല്ലാം. വിശുദ്ധനായ അങ്ങയെ വിവാഹം ചെയ്ത പിതാവായ ദൈവത്തിനും, നിന്റെ ഓർമ്മയെ ബഹുമാനിച്ച പുത്രനും, നിന്നെ കിരീടമണിയിച്ച പരിശുദ്ധാത്മാവിനും സ്തോത്രം. അങ്ങയുടെ പ്രാർത്ഥനകളാൽ ഞങ്ങളിൽ കൃപ വർദ്ധിക്കട്ടെ.

**കോലോ II: "ഭാഗ്യം നിബിയർക്കും... ഉന്നതപദമേറി"**

പ്രവാചകന്മാർക്കും, ശ്ലീഹർക്കും, രക്തസാക്ഷികൾക്കും ഉയിർപ്പു ദിനത്തിൽ ഭാഗ്യം. തങ്ങളുടെ വിശുദ്ധമായ ജീവിതംകൊണ്ടാണ് അവർ ഈ ഭാഗ്യം നേടിയെടുത്തത്. മിശിഹായെ കാണുവാൻ ആഗ്രഹിച്ച സഹദേന്മാർ കർത്താവിനുവേണ്ടി പീഢയേറ്റു മരിച്ചു. രക്തസാക്ഷികളായി ഉന്നതമായ സ്ഥാനം പ്രാപിച്ചു.

**കോലോ III : "നിർമ്മല നിബിമാരെ... കോട്ടകളാകട്ടെ"**

നിബിയന്മാരോടും, ശ്ലീഹന്മാരോടും, സഹദേരോടും നാം മാദ്ധ്യസ്ഥം അപേക്ഷിക്കുകയാണ്. നിർമ്മലരായ നിബിയന്മാരേ, യേശുക്രിസ്തുവിന്റെ രാജ്യത്തിന്റെ പുത്രന്മാരായ ശ്ലീഹന്മാരേ, ദൈവദാസരായ സഹദേന്മാരെ പാപത്തിൽ അകപ്പെടാതിരിക്കാൻ ഞങ്ങൾക്കായി പ്രാർത്ഥിപ്പിൻ. ദൈവത്തിന്റെ ദാസന്മാരായ സഹദേന്മാരെ നിങ്ങളുടെ പ്രാർത്ഥനകൾ ഞങ്ങളെ സംരക്ഷിക്കട്ടെ.

**ബോവൂസോ: "പരിശുദ്ധന്മാരെ നിങ്ങൾ... മായിച്ചീടാൻ"**

നമ്മിൽ നിന്ന് കർത്താവിന്റെ ശിക്ഷകൾ നീങ്ങുവാനായി പരിശുദ്ധന്മാരായ നിങ്ങൾ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

**3. ആചാര്യന്മാർ (കൊഹനെ)**

**"ചാർത്തും നീതിയെ... ഞാനുപദേശിക്കും സാക്ഷ്യമതും"**

സങ്കീർത്തനങ്ങൾ 132:9-12 വരെയുള്ള വാക്യങ്ങളാണ് ഈ കുക്കിലിയോനിൽ എടുത്തിരിക്കുന്നത്. നിന്റെ ആചാര്യന്മാരെ നീതിയും നിന്റെ നയവാന്മാരെ മഹിമയും ധരിപ്പിക്കണമെ (132:4). എന്റെ ഉടമ്പ

www.malankaralibrary.com


ടിയും ഞാൻ നല്കുന്ന കല്പനകളും നിന്റെ മക്കൾ അനുസരിച്ചാൽ (132:12) അവരെ സിംഹാസത്തിൽ ഉപവിഷ്ടരാക്കും എന്ന് അങ്ങ് ദാവീദിനോട് പറഞ്ഞപോലെ ഈ പുരോഹിതന്മാർ അപ്രകാരം ചെയ്താൽ അങ്ങയുടെ ദാസനായ ദാവീദിനെ ഓർത്ത് അങ്ങയുടെ ഈ അഭിഷിക്തരെ അവിടുന്ന് തിരസ്കക്കരിക്കരുത് (132:10).

**എക്ബോ : "ശുചിയോടു ശുദ്ധ്യാ... വാനവരൊത്ത് വസിക്കേണം"**

വെടിപ്പോടും വിശുദ്ധിയോടുംകൂടി അതിവിശുദ്ധ സ്ഥലമായ അങ്ങേ മദ്ബഹായുടെ പടികൾ ചവിട്ടിയിട്ടുള്ള ഈ ആചാര്യർ സ്വർഗ്ഗത്തിൽ മാലാഖമാരോടൊപ്പം വസിക്കുവാനായി അവരെ അനുഗ്രഹിക്കണമെ.

**കോലോ I : "ദൈവം സൃഷ്ടിച്ചാദത്തെ... വലമായി നിൽക്കേണം"**

ദൈവം ആദാമിനെ സൃഷ്ടിച്ചു. സൃഷ്ടി സ്രഷ്ടാവിന് തുല്യമായി. അവനെ ഏദൻ തോട്ടത്തിൽ താമസിപ്പിച്ചു. ഇപ്രകാരം പറുദീസയാകുന്ന ഏദൻ തോട്ടത്തിലായിരുന്നുകൊണ്ട് വൃക്ഷങ്ങളുടെ നിരകൾക്കിടയിലൂടെ ആദം പോകുന്നതും വരുന്നതും വളരെ സസൂക്ഷ്മം വീക്ഷിച്ചുകൊണ്ട് മാലാഖമാർ പറയുന്നു മണ്ണിന്റെ ഉയർച്ച ആശ്ചര്യം (ഉത്പ. 1, 2).

രണ്ടാം ഭാഗത്തിൽ, ആചാര്യത്വം ആദിയിൽ മോശയ്ക്കും അഹറോനും ഒന്നിച്ച് ലഭിച്ചു എന്നുപറയുന്നു. മോശ വഴി അത് സ്കറിയാ വരെ തുടർന്നു. തുടർന്ന് പുതിയ പൗരോഹിത്യം ക്രിസ്തുവിലാരംഭിച്ചു. അവൻ നിത്യപുരോഹിതനാണ്. നിത്യാചാര്യനായ കർത്താവ് അത് ശ്ലീഹന്മാർക്ക് നല്കി, ശ്ലീഹന്മാർ അത് ഭൂമിയുടെ വിവിധ വിഭാഗങ്ങൾക്ക് നല്കി. ആദം മുതൽ സ്കറിയാ വരെയുള്ള പൗരോഹിത്യത്തിന്റെ തുടർച്ചയെ കാണിക്കുന്നതാണ് ഈ രണ്ടു ഭാഗങ്ങൾ. എന്നാൽ അതിൽ നിന്നു വ്യത്യസ്തമായ പൗരോഹിത്യമാണ് പുതിയനിയമത്തിലെ ക്രിസ്തുവിന്റെ പൗരോഹിത്യം. പഴയനിയമത്തിലെ ലേവി പൗരോഹിത്യത്തെ പൂർത്തീകരിക്കുകയാണ് കർത്താവ് ചെയ്തത്. പുതിയനിയമ പൗരോഹിത്യം അധികാരത്തോടെയുള്ള ശുശ്രൂഷയാണ്. അങ്ങനെ യേശുക്രിസ്തു സർവ്വലോകത്തേയും രക്ഷിച്ചു.

മൂന്നാമത്തെ ഭാഗത്തിൽ യേശുക്രിസ്തുവിന്റെ വി. കുർബാന സ്വീകരിച്ച ഈ ആചാര്യന്മാർ സ്വർഗ്ഗത്തിൽ ചേർക്കപ്പെടണമെന്ന് നാം പ്രാർത്ഥിക്കുന്നു. കർത്താവ് ന്യായാസനത്തിൽ ഉപവിഷ്ടനായി ദുഷ്ട

www.malankaralibrary.com

രേയും നീതിമാന്മാരേയും വേർതിരിക്കുന്ന അവസരത്തിൽ ഈ പുരോഹിതന്മാർ കർത്താവിന്റെ വലത്തുഭാഗത്ത് നില്ക്കുവാൻ ഇടയാകണമെ എന്ന് പ്രാർത്ഥിക്കുന്നു (മത്താ. 25:33).

**കോലോ II: "നിർമ്മല മദ്ബഹായിൽ... മുഖപ്രഭയേകേണം"**

അങ്ങയുടെ പരിശുദ്ധമായ മദ്ബഹായിൽ കർത്താവിനോടുള്ള സ്നേഹത്തോടെ ശുശ്രൂഷിച്ച ഈ ആചാര്യന്മാരെ ഇറേമാലാഖമാർ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുമാറാകണമെ.

ദൈവസുതാ ഭംഗിയായി അങ്ങയെ ശുശ്രൂഷിച്ച ഈ വൈദികർക്ക്, ഉയിർപ്പ് തിരുനാളിൽ അവരെ ഓർത്ത് അവർക്ക് മുഖപ്രസാദം നല്കണമെ.

**കോലോ III : "നാഥാ നല്കീടുക പുണ്യം... പ്രാർത്ഥന കേൾപ്പേൻ"**

തങ്ങളുടെ ആയുഷ്ക്കാലം പള്ളികളിലും ആശ്രമങ്ങളിലും നിന്നെ ശുശ്രൂഷിച്ച് കടമെല്ലാം നീക്കുകയും മദ്ബഹായുടെ ഉള്ളിൽ അങ്ങയുടെ ശരീരവും രക്തവും തങ്ങളുടെ കരങ്ങളിൽ ആഘോഷിച്ച വൈദികർക്കും ശെമ്മാശന്മാർക്കും നാഥാ പുണ്യം നൽകണമെ. ബലിപീഠത്തിൽ പാപങ്ങളുടെ പരിഹാരത്തിനായി അങ്ങയുടെ ശരീരവും രക്തവും തങ്ങളുടെ കരങ്ങളിൽ ആഘോഷിക്കുകയും ചെയ്തിട്ടുള്ള വൈദികരേയും, ശെമ്മാശ്ശന്മാരേയും അങ്ങ് പുണ്യപ്പെടുത്തേണമെ. അങ്ങയുടെ ശരീരത്താൽ അവരുടെ കടങ്ങളും പിഴകളും മായ്ക്കണമേ. അങ്ങയുടെ രക്തത്താൽ അവരുടെ പാപങ്ങൾ മോചിക്കണമെ. അങ്ങയുടെ വലത്തുഭാഗത്ത് നിന്നുകൊണ്ട്, കർത്താവേ നിനക്കു സ്തുതി എന്ന് ആലപിക്കുവാൻ അവരെ യോഗ്യരാക്കണമെ.

രണ്ടാമത്തെ ഭാഗം മൂന്ന് വേദഭാഗത്തെ അടിസ്ഥാമാക്കിയുള്ളതാണ്. യോഹ. 1:42, മത്താ. 16:15-19, യോഹ. 21:15-17. ശ്ലീഹന്മാരുടെ തലവനായ പത്രോസിനോട് ആചാര്യത്വത്തെപ്പറ്റി അരുളിചെയ്ത കർത്താവിന്റെ സ്വരം ഏറെ മോഹനമാണ്: 'കണ്ടാലും നിന്നെ ഞാൻ എന്റെ ഭവനാധികാരിയായി നിയമിച്ചിരിക്കുന്നു. ഉയരത്തിന്റെയും ആഴത്തിന്റെയും അതായത് സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും താക്കോലുകൾ ഞാൻ നിനക്ക് തന്നിരിക്കുന്നു. നീ ബന്ധിച്ചാൽ ഞാനും ബന്ധിക്കും നീ മോചിച്ചാൽ ഞാനും മോചിക്കും. നീ പാപികൾക്കു വേണ്ടി അപേക്ഷിച്ചാൽ നിന്റെ പ്രാർത്ഥന ഞാൻ കേൾക്കും.' വൈദീകർക്ക് ഭൂമിയിലുള്ള അവകാശങ്ങളേപ്പറ്റിയാണ് ഈ ഭാഗത്ത് വിവരിക്കുന്നത്.

www.malankaralibrary.com


**ബോവൂസോ I : "പരിചിൽ മൂടഞ്ഞൊരു... ചൂടീടും"**

അനേകം കിരീടങ്ങൾ ബലിപീഠത്തിലിരിപ്പുണ്ട്. നിർമ്മലരായി ശുശ്രൂഷ ചെയ്യുന്ന ആചാര്യന്മാരെ ഈ കിരീടം ധരിപ്പിക്കും.

**ബോവൂസോ II : "ആചാര്യേശാ മിശിഹാ... നാഥാ സ്തോത്രം"**

ആചാര്യന്മാരുടെ തലവനായ മിശിഹാ, കൂദാശകളർപ്പിച്ച ഈ വൈദീകർക്ക് പുണ്യം നല്കണമേ എന്ന് നാം പ്രാർത്ഥിക്കുന്നു.

**4. പരേതർ (ആനീദേ)**

**"മക്കളിലപ്പൻ കൃപ... പൂച്ചെടിപോലെ"**

സങ്കീ. 103:13-15 വരെയുള്ള വാക്യങ്ങളിൽ നിന്നാണ് ഈ കുക്കിലിയോൻ എടുത്തിരിക്കുന്നത്. പിതാവിന് മക്കളോടെന്നപോലെ കർത്താവിന് ഭക്തരോട് അലിവ് തോന്നുന്നു. മനുഷ്യന്റെ ജീവിതം പുല്ലുപോലെയാണ്. വയലിലെ പൂപോലെ അത് വിരിയുന്നു. പിന്നീട് അത് കൊഴിഞ്ഞുപോകുന്നു. അതുപോലെതന്നെയാണ് മനുഷ്യജീവിതത്തിന്റെ നാളുകളും.

**എക്ബോ : "ശരണത്താലെ നിൻ കൃപയിൽ... പറുദീസാക്കായ്"**

നിന്റെ കൃപയിൽ ശരണപ്പെട്ട് മരണമടഞ്ഞ് കബറിലായവരെ കർത്താവിന്റെ ജീവനുള്ള സ്വരം കബറിൽ നിന്നും പറുദീസായിലേക്കുണർത്തണമെ.

**കോലോ I : "ഉയിരേകുന്നോൻ രാജാ... തന്നരുളിന്നു മഹത്വം"**

ജീവൻ നല്കുന്ന രാജാവ് സ്വർഗ്ഗത്തിൽ നിന്ന് എഴുന്നള്ളി വന്ന് മൃതരായ എല്ലാവർക്കും ജീവൻ നല്കുന്നു. അവർ ജീവൻ ധരിച്ച് കബറിൽ നിന്നും എഴുന്നേറ്റ് ജീവൻ നല്കുന്ന നിന്നെ സ്തുതിക്കുന്നു. (യോഹ. 5:25-29 വരെയുള്ള വാക്യങ്ങളിൽ നിന്നാണ് ഈ വരികൾ എടുത്തിരിക്കുന്നത്).

എന്റെ ശരീരം ഭക്ഷിക്കുകയും, എന്റെ രക്തം പാനം ചെയ്യുകയും ചെയ്തവനെ പാതാളത്തിലേക്ക് ഒരുനാളും വിടുകയില്ല എന്നും, അവൻ എന്നേക്കും ജീവിപ്പാനാണ് ഞാൻ മനുഷ്യനായി മരിച്ചത് എന്നും അരുളിയ കർത്താവിനു മഹത്വം. യോഹ. 6:54-ാമത്തെ വാക്യത്തിൽ നിന്നാണ് ഈ വരികൾ എടുത്തിരിക്കുന്നത്.

**കോലോ II: "രക്ഷകനെ നിൻ... എതിരേൽപാനായ് പോയീടുന്നു"**

രക്ഷകനേ നിന്റെ ശരീരം ഭക്ഷിക്കുകയും നിന്റെ വിലയേറിയ

www.malankaralibrary.com

രക്തം പാനം ചെയ്യുകയും ചെയ്ത് മരണമടഞ്ഞവരേ നാശത്തിലേക്ക് നയിക്കാതെ അവരെ ജീവിപ്പിക്കുകയും ഇപ്രകാരം ജീവിക്കുന്നവരിൽ നിന്റെ ശോഭ വസിപ്പിക്കുകയും ചെയ്യണമെ.

മരിച്ചവരെ ജീവിപ്പിക്കുന്ന കർത്താവ് ആകാശത്തിലെ സൗന്ദര്യ മുള്ള മേഘത്തിൽ ആഘോഷമായി വരുന്നു. നീതിമാൻമാർ കാഹളനാദം കേട്ട് ശുഭ്രവസ്ത്രം ധരിച്ച് അവരെ എതിരേൽക്കാനായി പോകുന്നു.

**കോലോ III: "ലോകം... സ്തോത്രമതാത്മനുമുണ്ടാക."**

രണ്ടു വേദഭാഗങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ ഗാനത്തിലെ വരികൾ. മത്താ. 28:18-20, യോഹ. 11:25-26;39-44. കർത്താവേ ഇരുലോ കങ്ങളും, സ്വർഗ്ഗവും ഭൂമിയും നിന്റെ അധികാരത്തിൻ കീഴിലാകുന്നു. ജീവനുള്ളവരെ നിന്റെ കുരിശിൽ കാത്തുകൊള്ളുകയും മരിച്ചവരെ നിന്റെ കരുണയാൽ പുണ്യപ്പെടുത്തുകയും ചെയ്യണമേ. സംസ്കാരം ചെയ്യപ്പെട്ട മൃതരെ ഉയിർപ്പിക്കുന്നവനേ, കബറടക്കപ്പെട്ടവരെ ഉയിർപ്പി ക്കുന്നവനെ അങ്ങേയ്ക്കും പിതാവിനും സ്തുതിയും പരിശുദ്ധാത്മാ വിന് സ്തോത്രവും ഉണ്ടാകട്ടെ.

**ബോവുസോ I : "മരമതിനുയരേ... കൈക്കൊണ്ടീടേണം"**

കർത്താവേ കുരിശുമരത്തിൽ വച്ച് വലത്തുഭാഗത്തെ കള്ളന് ലഭിച്ച അങ്ങയുടെ വരം, ത്രിത്വത്തെ സ്തുതിക്കുന്ന മരിച്ചുപോയവർക്കും ലഭിക്കണമെ.

**ബോവൂസോ II : "തൻ മരണത്താൽ... പൂഴിന്നേറ്റണമേ"**

തന്റെ മരണത്തിലൂടെ മരണത്തെ തോൽപ്പിച്ച ദൈവപുത്രാ, ദൈവ ത്തിനു സ്തുതി എന്നാലപിക്കുവാൻ ഞങ്ങളേയും മണ്ണിൽ നിന്നു യിർപ്പിക്കണമേ.

## VII വിശുദ്ധ കുർബാനയുടെ പ്രദക്ഷിണം

**"നാഥാ കൃപ ചെയ്യണമലിവാൽ... ഞങ്ങളിലുണ്ടാകട്ടെ"**

മലങ്കര ആരാധനാ ക്രമത്തിൽ വളരെ പ്രധാനപ്പെട്ട ഒരു സമയ മാണ് ഈ ഗീതത്തിന്റെ സമയം. തിരുശരീരത്തിന്റെയും തിരുരക്ത ത്തന്റെയും രൂപത്തിൽ നമ്മെ നോക്കി എഴുന്നെള്ളി നിൽക്കുന്ന ക്രിസ്തുവിനെ മുഖാമുഖം ദർശിച്ച് വി. കുർബാനയ്ക്ക് ആരാധന നല്കുന്ന സമയമാണ് ഇത്. ഞങ്ങളുടെ കർത്താവേ ഞങ്ങളോട് കരുണ ചെയ്യണമെ, കർത്താവേ നിനക്ക് സ്തുതി എന്നു നാം ആലപിക്കുന്നു. കർത്താവേ, അലിവുതോന്നി ഞങ്ങളോട് കരുണ ചെയ്യണമേ. ഞങ്ങ

www.malankaralibrary.com


ളുടെ പ്രാർത്ഥനകൾക്ക് ഉത്തരമരുളി കൃപ ചെയ്യണമേ. കർത്താവേ, കൃപ ചെയ്യണമേ. നിന്റെ കൃപ ഞങ്ങളിലുണ്ടാകണമേ. കർത്താവേ, നിനക്കു സ്തുതി.

**"സ്തുതി ദൈവത്തിന്നുയരത്തിൽ... കരുണയുമുണ്ടാക"**

സ്വർഗ്ഗത്തിൽ ദൈവത്തിന് സ്തുതിയും അവിടുത്തെ മാതാവിന് ബഹുമാനവും (ഉന്നതിയും) സഹദേന്മാർക്ക് കിരീടവും മരിച്ചുപോയ വരുടെ മേൽ കരുണയുമുണ്ടാകണമേ.

**"ഉണ്ടാകട്ടെ നല്ലോർമ്മ നാഥാ നിന്നുടെ ജനനിയാം..."**

കർത്താവേ, അങ്ങയുടെ മാതാവായ പരിശുദ്ധ കന്യകമറിയാമിന് അങ്ങയുടെ സന്നിധിയിൽ നിരന്തരം നല്ല ഓർമ്മ ഉണ്ടാകട്ടെ. ഞങ്ങൾക്കുവേണ്ടി യാചന ചെയ്യുന്ന പരിശുദ്ധ മറിയാമിന്റെ അപേക്ഷ കേട്ട് ഞങ്ങളെ തുണയ്ക്കണമെ.

**"ഉണ്ടാകട്ടെ നല്ലോർമ്മ നയവാന്മാർ താതർക്കും..."**

കർത്താവേ അങ്ങയുടെ വിശുദ്ധരെ അങ്ങയുടെ സന്നിധിയിൽ ഓർത്ത് അവരുടെ യാചനകൾ ഞങ്ങളെ തുണയ്ക്കണമെ.

**"ഉണ്ടാകട്ടെ നല്ലോർമ്മ മോറാൻ മോർ..."**

മേൽപട്ടക്കാരൻ ബലിയർപ്പിക്കുമ്പോൾ, പരിശുദ്ധ മാർപാപ്പയേയും സഭാതലവനേയും (ബസേലിയോസ്) ഒപ്പം വി. ബലി അർപ്പിക്കുന്ന മേൽപട്ടക്കാരന്റെയും യാചന ഞങ്ങൾക്ക് തുണയായി തീരണമെ എന്ന പേക്ഷിക്കുന്നു.

**"ഭൂവാകെ നമിക്കും നിന്നെ... തന്നുയിർപ്പും നീ തന്നെ"**

കർത്താവേ, എല്ലാ ഭൂവാസികളും നിന്നെ വന്ദിക്കും. എല്ലാ നാവു കളും നിനക്ക് സ്തുതി പാടും. കബറടക്കപ്പെട്ടവരുടെ ശരണം നീയാ കുന്നു. അവരെ ഉയിർപ്പിക്കുന്നവനും നീ തന്നെയാണ് (ഫിലി. 2:10–11).

## VIII വിശുദ്ധ കുർബാന സ്വീകരണം

### 1) മേൽപട്ടക്കാർ

മേൽപട്ടക്കാരൻ പ്രധാനകാർമ്മികനായി അർപ്പിക്കുന്ന വി. കുർബാ നയിലെ കുർബാന സ്വീകരണസമയത്ത് ആലപിക്കുന്ന ഗാനമാണിത്.

**"മേൽപട്ടക്കാർ പട്ടക്കാരോട്... സ്തുതികളതാലെ"**

മേൽപട്ടക്കാരേയും, വൈദികരേയും, ശെമ്മാശന്മാരേയും ദൈവ മായ കർത്താവ് അഭിഷേകം ചെയ്ത് ഭൂമിയിലാക്കി. അവർ കർത്താ

www.malankaralibrary.com

വിന്റെ സഭയെ അനവരതമുള്ള സ്തുതികളാൽ അണിയിച്ചൊരുക്കുകയും അതിൽ വസിക്കുകയും ചെയ്യുന്നു.

**"വിണ്ണിൻ നായകനാം തൻ... നൽ ശരണത്താലെ"**

സ്വർഗ്ഗത്തിന്റെ നായകനായ തങ്ങളുടെ നാഥന്റെ രഹസ്യങ്ങളായി മണ്ണിന്റെ ഫലങ്ങൾ ശ്രേഷ്ഠാചാര്യൻ/വൈദികൻ കാഴ്ചയണച്ചു. ഈ കാഴ്ച വസ്തുക്കളുടെമേൽ ഇറങ്ങിവരാനായി പരിശുദ്ധാത്മാവിനെ ഉള്ളിൽ നല്ല ശരണത്തോടെ അവർ വിളിക്കുന്നു.

**"അവനെ നിയമിച്ചോരാത്മാവോ... കുറിയേലായിസോൻ"**

ഓരോ വ്യക്തിയും സഭയിൽ വൈദികനാകാൻ വിളിക്കപ്പെടുന്നത് പരിശുദ്ധാത്മാവിനാലാണ്. "പരിശുദ്ധ കത്തോലിക്കാ സഭയിൽ കശ്ശീശ്ശായാകുവാൻ പരിശുദ്ധാത്മാവ് നിന്നെ വിളിക്കുന്നു" (വൈദികപട്ടാഭിഷേക ശുശ്രൂഷ). ഇപ്രകാരം ഭൂമിയിൽ വൈദികനെ നിയമിച്ച പരിശുദ്ധാത്മാവ് വൈദികന്റെ ക്ഷണത്താൽ ഒരു സംശയവും ഇല്ലാതെ ആഘോഷമായി അപ്പത്തിലേക്കും വീഞ്ഞിലേക്കും ആവസിക്കുകയും, അതിനെ യേശുവിന്റെ ശരീരവും രക്തവുമാക്കുകയും ചെയ്യും. കർത്താവേ ഞങ്ങളോട് കരുണ ചെയ്യണമെ എന്ന് നമുക്ക് അട്ടഹസിച്ചു ചൊല്ലാം.

**2. അഗ്നിമയന്മാരെ**

സാധാരണ ദിവസങ്ങളിലെയും, ഞായറാഴ്ചയിലെയും വി. കുർബാന സ്വീകരണ സമയത്ത് ആലപിക്കാവുന്ന ഗാനമാണിത്. വളരെ അർത്ഥസംമ്പുഷ്ടമായ വരികളാലും രാഗാർദ്രമായ ഈണത്താലും മനോഹരമായ ഗാനമാണിത്.

**"അഗ്നിമയന്മാരാരെ... ക്രോബേന്മാർക്കുണ്ടത് നൂനം"**

ആദ്യത്തെ ഖണ്ഡികകൾ ഒരുമിച്ച് മനസ്സിലാക്കിയാൽ, ഇത് ഏശയ്യാ പ്രവചനം 6-ാം അദ്ധ്യായത്തിനെ അടിസ്ഥാനമാക്കിയുള്ളതാണ് എന്ന് നമുക്ക് മനസ്സിലാകും (ഏശ. 6:1-4). ഇവിടെ മാലാഖമാരെ വിശേഷിപ്പിക്കുന്നത് അഗ്നിമയന്മാർ എന്നാണ്. അതായത് അഗ്നിയിൽ പോലും സാകൂതം വസിക്കുന്നവർ. അത്രയും സാഹസികതകളിൽ ജീവിക്കുന്നവരായിട്ടുപോലും, അവർ ഭയത്തോടും വിറയലോടും കൂടെ നോക്കുന്ന യേശുവാകുന്ന ദൈവത്തെയാണ് നാം ബലിപീഠത്തിൽ അപ്പവും വീഞ്ഞുമായി ദർശിക്കുന്നത്. മാലാഖമാർക്കുപോലും

www.malankaralibrary.com


കൊടുക്കാത്ത വലിയ ഭാഗ്യമാണ് ദൈവം മനുഷ്യന് നല്കിയിരിക്കുന്നത്. രണ്ടാമതായി മാലാഖമാരെ വിശേഷിപ്പിക്കുന്നത് മിന്നലുടുത്തവർ എന്നാണ്. ശക്തമായ മിന്നലുകൾക്കിടയിൽ പോലും അപകടങ്ങൾ ലേശമേൽക്കാത്ത മാലാഖമാർ ദൈവത്തെ കണ്ണോടു കണ്ണ് നോക്കുമ്പോൾ തന്നെ എരിഞ്ഞുപോകുന്നു. എന്നാൽ ഇപ്രകാരം മാലാഖമാർക്ക് പോലും സമീപസ്ഥനാകുവാൻ സാധിക്കാത്ത ദൈവത്തെ ഭൂമിയിൽ വസിക്കുന്ന മനുഷ്യർ കാണുകമാത്രമല്ല അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ ഭക്ഷിച്ചു മുഖം പ്രശോഭിപ്പിക്കുകയും ചെയ്യുന്നു.

ഏശയ്യാ പ്രവാചകൻ സാക്ഷ്യപ്പെടുത്തുന്നു, 'കർത്താവ് ഉന്നതമായ ഒരു സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നത് ഞാൻ കണ്ടു". (ഏശ. 6:1). ഇപ്രകാരം മാലാഖമാരുടെ ഇടയിൽ സ്വർഗ്ഗത്തിൽ ഏശയ്യാ ദർശിക്കുന്ന ദൈവം, ദൈവത്തിന്റെ മടിയിൽ ഉപവിഷ്ടനായിരിക്കുന്ന രഹസ്യമായ ക്രിസ്തു, ഭൂമിയിൽ മനുഷ്യരുടെ ഇടയിൽ ബലിപീഠത്തിൽ അനേകർക്കായി ഭാഗിക്കപ്പെടുന്നു.

എസെക്കിയേലിന്റെ പുസ്തകത്തിൽ ഒന്നാം അദ്ധ്യായത്തിൽ അത്യുന്നതനായ ദൈവത്തെ വഹിക്കുന്ന തേര് പ്രവാചകൻ കാണുന്നു. ഈ തേര് വഹിക്കുന്നത് ക്രോബേന്മാർ ആണ്. ഭൂമിയിലുള്ള ഓരോ മദ്ബഹായും അത്യുന്നതനായ ദൈവത്തെ വഹിക്കുന്ന തേരാണ്. മാലാഖമാർ ബലിപീഠത്തെ ചുറ്റിക്കൊണ്ടേയിരിക്കുന്നു. മാലാഖമാരുടെ അകമ്പടിയുള്ള ഈ മദ്ബഹായിൽ, ഈ ബലിപീഠത്തിൽ, ആദത്തിന്റെ മക്കളായ മനുഷ്യർ ദൈവപുത്രനായ ക്രിസ്തുവിനെ കൈകളിലെടുത്ത് ആഘോഷിക്കുന്നു.

പട്ടുവസ്ത്രങ്ങളണിഞ്ഞ് അവനോടൊപ്പം നിൽക്കുന്ന പട്ടക്കാരൻ (വൈദികൻ) മാണിക്യമാകുന്ന വി. ശരീരരക്തങ്ങൾ വേണ്ടുന്നോർക്കായ്, അതായത് വി. കുർബാന സ്വീകരിക്കാനായി കുമ്പസാരിച്ച് ഒരുങ്ങിയവർക്കായി നല്കീടുന്നു. വാനിൽ വസിക്കുന്ന മാലാഖമാർക്ക് അസൂയ ഉണ്ട് എങ്കിൽ ദൈവത്തെ സ്പർശിക്കുന്ന, ആഘോഷിക്കുന്ന, ഭക്ഷിക്കുന്ന, മനുഷ്യരോട് തീർച്ചയായും അവർക്ക് അസൂയ ഉണ്ടാകും. ഈ വാക്കുകളിലെല്ലാം മാലാഖമാരേക്കാൾ മനുഷ്യന് നല്കിയിരിക്കുന്ന അനുഗ്രഹങ്ങളേയും നന്മകളേയുമാണ് നാം പ്രഘോഷിക്കുന്നത്.

**"കുരിശിപ്പാനായ്... ഛേദിച്ചതുമവിടെ"**

ഈ ഭാഗം കർത്താവിന്റെ കുരിശു മരണവും, അബ്രഹാം തന്റെ

www.malankaralibrary.com

മകനായ ഇസഹാക്കിനെ ബലികഴിക്കാനായി മലയിലേക്ക് കൊണ്ടു പോകുന്ന സംഭവവും (ഉത്പ. 22:1–13) തമ്മിലുള്ള ഒരു താരതമ്യ വ്യാഖ്യാനമാണ്. അതായത് ക്രിസ്തുവിനെ കുരിശിൽ തറയ്ക്കാനായി സീയോൻ കുരിശുനാട്ടി, പഴയനിയമത്തിൽ. അബ്രഹാമിന് ബലി അർപ്പിക്കാനായി കൊമ്പുടക്കികിടക്കുന്ന ഒരു കുഞ്ഞാടിനെ ജനിപ്പിച്ച മരമുണ്ട്. മരം കുരിശിനെയും കുഞ്ഞാട് ക്രിസ്തുവിനെയും പ്രതിനി ധീകരിക്കുന്നു. യേശുക്രിസ്തുവിന്റെ കൈകളിൽ മലയിൽ വച്ച് ആണി കൾ തറയ്ക്കപ്പെട്ടു എന്നാൽ പഴയനിയമത്തിൽ അബ്രഹാം തന്റെ ബലിയിൽ മകനായ ഇസഹാക്കിന്റെ കെട്ടുകൾ വിടുവിച്ച് അവനെ സ്വതന്ത്രനാക്കി.

**"തന്നെജമാനൻ തൻ ദിവ്യ... കുറിയേലായിസോൻ"**

തുടർന്നു വരുന്ന നാല് ഖണ്ഡികകളിൽ വി. കുർബാന അർപ്പി ക്കുന്ന പട്ടക്കാരന് സമാധാനം ആശംസിക്കുന്ന വരികളാണ്. വൈദി കൻ ചെയ്യുന്ന മഹത്തരമായ കാര്യങ്ങൾ സ്മരിച്ച് വൈദീകനോട് 'വന്നീ ടുക സമാധാനത്താലെ' എന്ന് പറയുന്നു. ഒന്നാമതായി തന്റെ യജമാ നന്റെ ദിവ്യരഹസ്യങ്ങളാകുന്ന വി. കുർബാന സ്വീകരിക്കുകയും തന്റെ വലതുകൈയ്യാലെ അത് അനേകർക്ക് ജീവനായി നല്കുകയും ചെയ്യുന്ന പട്ടക്കാരാ സമാധാനത്താലെ വന്നീടുക. രണ്ടാമതായി തന്റെ വിശുദ്ധമായ ധൂപകലശം സ്വീകരിച്ച്, സുഗന്ധധൂപമർപ്പിച്ച്, സൗരഭ്യം പരത്തി ഈ ലോകത്തെ മുഴുവൻ സന്തോഷത്തിലാഴ്ത്തുന്ന പട്ടക്കാരാ സമാധാനത്താലെ വന്നീടുക. തുടർന്നുള്ള രണ്ടു ഭാഗങ്ങളിൽ ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് നല്കിയിരിക്കുന്ന അധികാരത്തെയാണ് സൂചി പ്പിക്കുന്നത്. "സത്യമായി ഞാൻ നിങ്ങളോട് പറയുന്നു: "നിങ്ങൾ ഭൂമി യിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമി യിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെടും." (മത്താ.18:18). ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് നല്കുന്ന ഈ അധികാരം ശ്ലീഹന്മാ രുടെ പിൻഗാമികളായ മെത്രാന്മാരിലൂടെ വൈദികർക്കും ലഭിക്കപ്പെ ട്ടിരിക്കുന്നു. അതായത് ഒരു വൈദികൻ ഭൂമിയിൽ കെട്ടിയാൽ അത് സ്വർഗ്ഗത്തിലും കെട്ടപ്പെടും. ഭൂമിയിൽ അഴിച്ചാൽ സ്വർഗ്ഗത്തിലും അഴിക്ക പ്പെടും. വൈദികന് ലഭിച്ചിരിക്കുന്ന ഈ പരമപ്രധാനമായ ദൗത്യത്തെ പ്രഘോഷിച്ചുകൊണ്ട് നാം പറയുന്നു ഇപ്രകാരം അനുഗ്രഹിക്കപ്പെട്ട പുരോഹിതാ "വന്നീടുക സമാധാനത്താലെ."

www.malankaralibrary.com


**3. “രക്ഷകനുര ചെയ്താനെൻ... വിധിയൊഴിവാക്കണമെ.”**

ഈ ഗാനത്തിന്റെ ആദ്യത്തെ മൂന്നു ഭാഗങ്ങളിൽ വേദപുസ്തകാടിസ്ഥാനത്തിൽ, വി. കുർബാന സ്വീകരിക്കുന്നവർക്കു ലഭിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ച് വിവരിക്കുന്നു. രക്ഷകൻ അരുളിച്ചെയ്ത തന്റെ ശരീരവും രക്തവും സ്വീകരിക്കുന്നവരിൽ താൻ എന്നും വസിക്കും. (യോഹ. 6:56). വിശ്വാസത്തോടെയും ശുദ്ധിയോടെയും ഈ വി. കുർബാന കൈക്കൊള്ളുകയും കൽപന പാലിക്കുകയും ചെയ്യുന്നവർ കർത്താവിന്റെ സ്നേഹിതന്മാരാണ്. ശരീരം യഥാർത്ഥ ഭക്ഷണമാണ്; രക്തം യഥാർത്ഥ പാനീയമാണ്. അവ കൈക്കൊള്ളുന്നവരിൽ ഞാൻ വാസം ചെയ്യും (യോഹ. 15:15). പിന്നീടുള്ള ഭാഗങ്ങളിൽ വി. കുർബാന സ്വീകരിക്കുന്ന നമ്മുടെ അപേക്ഷകളും പ്രാർത്ഥനകളും നാം സമർപ്പിക്കുകയാണ്. ആത്മാവിന് മുക്തിലഭിക്കാൻ പുണ്യമെഴുന്ന നിന്റെ ശരീര രക്തങ്ങൾ ഞങ്ങൾക്ക് നൽകണമെ. അങ്ങയുടെ ശരീരത്താൽ ഞങ്ങൾ പാപപരിഹാരം നേടി ജീവൻ പ്രാപിക്കും. വി. കുർബാന സ്വീകരിച്ച ഞങ്ങളിൽ നിന്ന് വിധി ഒഴിവാക്കണമെ, അന്ത്യവിധിയിൽ ശിക്ഷയിൽനിന്നും ഒഴിവാക്കണമെ. അങ്ങയുടെ രക്തശരീരങ്ങൾ സ്വീകരിച്ചതിനാൽ അവസാന നാളുകളിൽ ഞങ്ങളെ വിധിയേറ്റീടരുതേ. ഞങ്ങളുടെ ഉള്ളിലേക്ക് കടന്നുവരുന്ന അങ്ങയെ വന്ദിക്കുന്നു, നന്ദിപറയുന്നു. സത്യവാനായ ദൈവമേ, ഞങ്ങളുടെ കടമെല്ലാം നീക്കി ഞങ്ങളിൽ നിന്ന് വിധിയൊഴിവാക്കണമേ. രണ്ടാം വരവിൽ ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങളുടെ യോഗ്യതയാൽ ഞങ്ങളിൽ നിന്ന് ശിക്ഷകളും, വിധിയും നീക്കണമേ എന്നുള്ളതാണ് ഈ ഗാനത്തിന്റെ പ്രമേയം.

## IX ഹൂത്തോമോ

ഹൂത്തോമോ എന്ന പദത്തിന്റെ അർത്ഥം ‘മുദ്ര’ എന്നാണ്.

**“കാഴ്ചയതിൽ കർത്താവേ... ഈറയരാനന്ദിക്കേണം”**

കർത്താവേ, ഞങ്ങളർപ്പിച്ച ഈ ബലി നിനക്ക് പ്രീതീകരമാകണമേ. വിശ്വാസികളായ മരിച്ചവർ പുണ്യപ്പെടുകയും ഈറേമാലാഖമാർ സന്തോഷിക്കുകയും ചെയ്യണമേ.

**“മാതാവു യാചിക്കും പരിശുദ്ധന്മാരും”**

നാഥാ, മാതാവും പരിശുദ്ധന്മാരും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ഞങ്ങൾക്കും ഞങ്ങളുടെ മരിച്ചുപോയവർക്കും അവരുടെ പ്രാർത്ഥനയാൽ പുണ്യം നല്കണമെ.

www.malankaralibrary.com

**"യേശു പിതൃസുതനെ ഞങ്ങളെ തുണയ്ക്കണമെ"**

പിതാവായ ദൈവത്തിന്റെ പുത്രനായ യേശുവേ ഞങ്ങളെ തുണയ്ക്കണമേ. മറിയത്തിന്റെ പുത്രനായ യേശുവേ ഞങ്ങളെ കാത്തുകൊള്ളണമെ. യേശുവേ ഞങ്ങൾക്ക് ബലമേകണമെ. യേശുവേ ഞങ്ങളെ പരിപാലിക്കണമെ. യേശുവേ ദുഷ്ട ശത്രുക്കളെ ഞങ്ങളിൽ നിന്നകറ്റണമേ. യേശുവേ ഞങ്ങളുടെ തെറ്റുകൾ അവിടുന്ന് പൊറുത്ത് പരിഹരിക്കണമെ. യേശുവേ ഞങ്ങളുടെ ന്യായവിധിയുടെ ദിവസം ഞങ്ങളെ കരുണയോടെ നോക്കണമെ.

## X ഉപകാരസ്മരണ

**"എന്റെ കടങ്ങളശേഷം നിൻ..."**

വി. കുർബാനയുടെ അവസാനം ഉപകാരസ്മരണയിൽ ആലപിക്കുന്ന ഗീതമാണിത്. വി. കുർബാന എന്ന മഹാദാനത്തിന് വിശ്വാസിസമൂഹം ഒന്നായി നന്ദിയർപ്പിക്കുന്നതാണ് ഈ ഗാനം. എന്റെ സകല പാപങ്ങളും അവിടുത്തെ കൃപയാൽ മായിക്കണമെ. എന്റെ പാപങ്ങളെ നീക്കി പുണ്യമേകീടണമെ. രക്ഷകനായ മിശിഹാ രാജാവേ, തിരുരഹസ്യമായ വി. കുർബാന അർപ്പിച്ചതിനാൽ നിന്റെ വിശുദ്ധന്മാരോടൊപ്പം നിന്റെ സ്നേഹിതനാക്കി എന്നെ മാറ്റണമേ. കർത്താവേ, അവിടുത്തെ രാജ്യമായ സ്വർഗ്ഗത്തിൽ ഇപ്പോഴും എന്നേക്കും അവിടുത്തെ ഞാൻ ശുശ്രൂഷിക്കും. കർത്താവിന് നിത്യമായ സ്തുതിയും, വിധി ദിവസത്തിൽ നിങ്ങൾക്ക് കൃപയും, പാപിയായ എന്റെമേൽ ന്യായാധിപന്റെ ആർദ്രതയും ഉണ്ടാകട്ടെ. കൃപയുള്ളവനായ കർത്താവേ, അവിടുത്തെ കൃപ എന്റെ മേൽ ഉണ്ടാകണമെ. കൃപ ആവശ്യമുള്ളവനായ ഈ അടിയന്റെമേൽ അവിടുത്തെ കൃപയുണ്ടാകണമെ. ഈ വി. കുർബാന അർപ്പിച്ച വൈദികന്റെ മേലും, ശുശ്രൂഷകരുടെമേലും ഒരുപോലെ അവിടുത്തെ കൃപയുണ്ടാകണമെ.

## XI വിശുദ്ധ കുർബാനയിൽ മാറിവരുന്ന ഗീതങ്ങൾ

**1. ഏവൻഗേലിയോനു മുൻപുള്ള ഗീതം**

**"ഹാലേലുയ് ഹാലേലുയ്യാ"**

സുവിശേഷ വായനയ്ക്ക് മുമ്പ് കർത്താവിനെ സ്തുതിച്ചുകൊണ്ടുള്ള ഗാനമാണിത്. സുവിശേഷ വായനയ്ക്കു മുമ്പുള്ള നമ്മുടെ ഒരുക്കം എപ്രകാരമായിരിക്കണം എന്ന് ഈ വരികൾ വിവരിക്കുന്നു: കർത്താവിന് പ്രിയപ്പെട്ടവരേ പരിശുദ്ധമായ മദ്ബഹായുടെ മുൻപിൽ നിന്നുകൊണ്ട് കർത്താവിനെ വന്ദിക്കുവിൻ. പരിശുദ്ധമായ കാഴ്ചകളാൽ നമ്മുടെ കർത്താവിന് സ്തുതിയുടെ ബലികളണച്ചിടുവിൻ.

www.malankaralibrary.com


## 2. ഏവൻഗേലിയോൻ കഴിഞ്ഞ് ചൊല്ലാവുന്ന ഗീതങ്ങൾ

**"നിബിയന്മാരും..."**

വിശുദ്ധരുടെ ഓർമ്മദിവസം ആലപിക്കുന്ന ഗാനമാണ് ഇത്. പ്രവാചകന്മാർ, സകല മനുഷ്യരോടും സുവിശേഷം അറിയിച്ച ശ്ലീഹന്മാർ, നീതിമാന്മാർ, പുണ്യവാന്മാർ, സഹദേന്മാർ, മൗദ്യാനന്മാർ, ദൈവമാതാവ്, സകല മരിച്ചുപോയവർ ഇവരെയെല്ലാം ഓർക്കുന്നു. അവരുടെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിത്തീരേണം.

**"മാർത്തോമ്മാ നിന്നിൽ മോദിക്കും..."**

മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാളിൽ അതായത് ദുക്റോനോ തിരുനാളിൽ ആലപിക്കുന്ന ഗീതമാണ് ഇത്. ഈ ഗീതത്തിന്റെ അർത്ഥം ഇപ്രകാരമാണ്: മാർത്തോമാ ശ്ലീഹാ, നിന്നിൽ സന്തോഷിക്കുന്ന സഭ നിന്റെ ഓർമ്മയിൽ ദൈവത്തിന് സ്തുതി പാടുന്നു. ദൈവത്തെ നീ പ്രീതിപ്പെടുത്തിയതിനാൽ, ദൈവം തന്റെ രാജ്യത്തിൽ വിശുദ്ധരോടൊന്നിച്ച് നിനക്ക് ആനന്ദം നൽകും. നിന്റെ ഓർമ്മയുടെ ഈ ദിവസത്തെ ആഘോഷിക്കുന്ന ഈ കൂട്ടത്തെ (സമൂഹത്തെ) സന്തോഷിപ്പിക്കേണം, സന്ദർശിച്ച് സഹായം നൽകേണം.

**"എല്ലാം ഞാൻ പരിശോധിച്ചേൻ..."**

അനുതാപത്തിന്റെ കാലങ്ങളിൽ ആലപിക്കുന്ന ഗാനമാണ് ഇത്. ദൈവത്തിൽ ആശ്രയം വയ്ക്കുന്നതാണ് ഏറ്റവും പ്രധാനമായ കാര്യമെന്ന് ഈ ഗീതം പഠിപ്പിക്കുന്നു: എല്ലാം ഞാൻ പരിശോധിച്ചു. ദൈവാശ്രയത്തേക്കാൾ വലുതായി മറ്റൊന്നുമില്ല. അതിൽ പ്രിയപ്പെടുന്നവർ ധന്യർ. അതിനെ സ്നേഹിച്ച യൗസേഫ് മിസ്രേം രാജാവായി, മോശ കടലിനെ രണ്ടായി ഭാഗിച്ചു, ഹാനനിയ ബാലർ തീച്ചൂളയിൽ നിന്നും രക്ഷപ്പെട്ടു. ദൈവാശ്രയം സ്വർണത്തേക്കാൾ മനോഹരവും തേൻ കട്ടയേക്കാൾ മാധുര്യമുള്ളതുമാണ്. ദൈവത്തെ ആരാധിക്കുന്നവൻ ധന്യൻ.

**"മൂശയെ ആ സകലേശൻ..."**

കൂദോശ് ഈത്തോ ഞായറാഴ്ച ആലപിക്കുന്ന ഗാനമാണ് ഇത്. കൂദോശ് ഈത്തോ എന്നു പറയുന്ന വാക്കിന്റെ അർത്ഥം സഭയുടെ വിശുദ്ധീകരണം എന്നുള്ളതാണ്. ആചാര്യത്വ (പൗരോഹിത്യ) ശുശ്രൂഷയിലൂടെ ജനത്തെ (സഭയെ) വിശുദ്ധീകരിക്കാൻ ദൈവം ഹോറേബ് മലയിൽ എരിയുന്ന മുൾപ്പടർപ്പിനു മുന്നിൽ വച്ച് മോശയെ ഭരമേൽപ്പിക്കുന്നതാണ് ഈ ഗാനത്തിന്റെ പ്രമേയം (പുറ. 3:1–6): മൂശയെ മുൾപ്പടർപ്പിൽ നിന്ന് വിളിച്ച് ദൈവം അരുളിച്ചെയ്തു: എന്റെ അധി

www.malankaralibrary.com

കാരം നീ സ്വീകരിച്ച് കൂടാരത്തിന്മേലും, കൂടാരത്തിനുള്ളിലും പൗരോഹിത്യ ശുശ്രൂഷ നീ നടത്തുക.

**"ശുദ്ധതയിൻ ശുദ്ധതലം"**

ഹൂദോശ് ഈത്തോ ഞായറാഴ്ച ആലപിക്കുന്ന ഗാനമാണ് ഇത്. ഹൂദോശ് ഈത്തോ എന്നു പറയുന്ന വാക്കിന്റെ അർത്ഥം സഭയുടെ നവീകരണം എന്നുള്ളതാണ്. ദൈവാലയത്തിന്റെ മഹത്വം ഏറ്റുപറയുന്ന ഗീതമാണ് ഇത്. അതിവിശുദ്ധസ്ഥലത്ത് പ്രവേശിക്കുന്ന വൈദികർക്ക് നല്കുന്ന പ്രബോധനമാണിത്. അതിവിശുദ്ധ സ്ഥലത്ത് പ്രവേശിക്കുന്ന വൈദികരെ, നിങ്ങൾ ഇപ്രകാരം വിളിച്ചു പറയുക. നിങ്ങളുടെ കൈകൾകഴുകി ഉൾക്കാമ്പുകളെ വെടിപ്പാക്കി മദ്ബഹായിൽ പ്രവേശിക്കുവിൻ. നിങ്ങൾ അഗ്നിയെയാണ് പരിചരിക്കുന്നത്. ഈ മദ്ബഹാ അഗ്നിയാണ്. ഈ ബലി അഗ്നിയാണ്. അഗ്നി ഇതിനെ ചുറ്റിയിരിക്കുന്നു. നിങ്ങൾ അഗ്നിയെയാണ് പരിചരിക്കുന്നത്. ഈ അഗ്നിയുടെ ജ്വാലകളിൽ എരിയാതിരിക്കാൻ നിങ്ങൾ സൂക്ഷിക്കുവിൻ.

**"പരിശുദ്ധാലയമതിനുള്ളിൽ..."**

സഖറിയായ്ക്കുള്ള സന്ദേശത്തിന്റെ ഞായറാഴ്ച ആലപിക്കുന്ന ഗാനമാണ് ഇത് (ലൂക്കാ. 1:5-20). സഖറിയ പുരോഹിതൻ ദൈവാലയത്തിൽ പ്രവേശിച്ച് ധൂപം അർപ്പിച്ചപ്പോൾ അത് കൈക്കൊണ്ട് പ്രാർത്ഥനയ്ക്കുത്തരമായി സ്നാപകയോഹന്നാനെ നല്കി അനുഗ്രഹിച്ച ദൈവത്തോട്, ജനങ്ങളുടെ പ്രാർത്ഥനകളുടെ പ്രതീകമായി അർപ്പിക്കുന്ന സുഗന്ധധൂപം കൈക്കൊണ്ട് ജനത്തിന്റെ തെറ്റുകൾ ക്ഷമിക്കുവാനായുള്ള യാചനയാണ് ഗാനത്തിന്റെ അർത്ഥം. പരിശുദ്ധ ആലയത്തിനുള്ളിൽ സ്കറിയായുടെ ധൂപത്തെ കൈകൊണ്ട കർത്താവേ, നിന്റെ ദാസർ നിനക്ക് സമർപ്പിക്കുന്ന ധൂപം കൊക്കൊണ്ട് ഈ ജനത്തോട് നിരപ്പാകണമെ.

**"ദൈവജനനി..."**

ദൈവമാതാവിനോട് സമർപ്പിക്കുന്ന വളരെ അർത്ഥവത്തായ ഒരു ഗാനമാണിത്. ദൈവമാതാവിനോടുള്ള അറിയിപ്പു ഞായറാഴ്ചയും, മാർച്ച് 25-ാം തീയതിയും ആലപിക്കാവുന്ന ഗാനമാണിത്. കന്യകയെന്നും ദൈവത്തിന്റെ മാതാവെന്നും മറിയത്തെ അഭിസംബോധന ചെയ്യുന്നു. ധൂപപ്രാർത്ഥനയോടൊപ്പം മാതാവിനെ സ്മരിക്കുകയും, ലോകത്തിലും സഭയിലും ശാന്തിയുണ്ടാകാനായിട്ടു നാം അപേക്ഷിക്കുകയും ചെയ്യുന്നു. നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ ഒരു നിരന്തര പ്രാർത്ഥനയായി സ്വീകരിക്കാവുന്ന ഒരു ഗാനമാണിത്.

www.malankaralibrary.com


ദൈവമാതാവായ പരിശുദ്ധ കന്യകയേ, (ലൂക്കാ.1:27) പരിമളമായ ധൂപത്തോടുകൂടെ എന്നും നീ ഓർമ്മിക്കപ്പെടട്ടെ. മാതാവേ, അങ്ങയുടെ പ്രാർത്ഥനയാൽ ലോകം മുഴുവനിലും ശാന്തിയും തിരുസഭയിൽ സംപ്രീതിയും ഭവിക്കണമെ.

**"ജീവാഹാരം ഞാൻ തന്നെ..."**

യേശുക്രിസ്തുവിന്റെ ജനനപെരുന്നാളായ യൽദാ തിരുനാളിന് ആലപിക്കുന്ന ഗീതമാണിത്. ഈശോ പറയുന്ന വാക്കുകളായിട്ടാണ് ഈ ഗാനം ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. നാഥൻ ചൊല്ലി: ജീവന്റെ അപ്പം ഞാനാണ്. ലോകത്തെ രക്ഷിക്കാൻ ഞാൻ ഉയരത്തിൽ നിന്നു വന്നു. വചനമായ എന്നെ പിതാവ് അയച്ചു. ഒരു കർഷകനെപ്പോലെ ഗബ്രിയേൽ വിതച്ചു. നല്ലഭൂമിയായ മറിയത്തിന്റെ ഗർഭത്തിൽ പരിശുദ്ധ റൂഹായാൽ ഞാൻ ജാതനായി. ഇങ്ങനെ ജീവന്റെ അപ്പമായ എന്നെ ദൂതന്മാർ ചെയ്യുന്നത് പോലെ ആചാര്യന്മാർ തങ്ങളുടെ കൈകളിൽ ആഘോഷിക്കുന്നു.

**"ചേർത്തു സലിലം യോഹന്നാൻ"**

ദനഹാ അതായത് കർത്താവിന്റെ മാമോദീസാ മുതൽ മൂന്നു നോമ്പു വരെയുള്ള ഞായറാഴ്ചകളിൽ ആലപിക്കുന്ന ഗീതമാണിത്. കർത്താവിന്റെ ജോർദ്ദാൻ നദിയിലെ മാമോദീസായും (മർക്കോ. 1:9-11, മത്താ. 3:13-17, ലൂക്കാ. 3:21-22) അതിനെ തുടർന്നുള്ള സ്വർഗ്ഗത്തിന്റെ അംഗീകാരവും, ഭൂമിയും സ്വർഗ്ഗവും ഒരുപോലെ ബഹുമാനിക്കുന്നതുമാണ് ഈ ഗീതത്തിന്റെ അർത്ഥം: സ്നാനം നൽകാനായി യോഹന്നാൻ വെള്ളത്തെ ചേർത്തു. മിശിഹാ തന്റെ സ്നാനത്താൽ ആ ജലത്തെ പരിപാവനമാക്കി. അവൻ വെള്ളത്തിൽ നിന്ന് കരയ്ക്ക് കയറിയപ്പോൾ ഭൂമിയും ആകാശവും ഒരുപോലെ അവനെ ബഹുമാനിച്ചു. സൂര്യനും ചന്ദ്രനും കൈകൾ കൂപ്പി. മേഘങ്ങൾ സ്തുതി പാടി. വെള്ളത്തെ ശുദ്ധീകരിക്കാനായി അവൻ അതിനെ വാഴ്ത്തി.

**"സ്വർഗ്ഗത്തിന്റെ വാതിൽക്കൽ"**

കന്യകമറിയാമിന്റെ ഓർമ്മപെരുന്നാളുകളിൽ ആലപിക്കുന്ന ഗാനമാണ് ഇത്. മാതാവിന്റെ മാദ്ധ്യസ്ഥമാണ് ഗീതത്തിന്റെ ആശയം. സഭയുടെ മക്കൾക്കുവേണ്ടി പരിശുദ്ധ ദൈവമാതാവ് സ്വന്തം പുത്രനോട് മാദ്ധ്യസ്ഥം വഹിക്കുന്നു.

www.malankaralibrary.com

സ്വർഗ്ഗത്തിന്റെ വാതിൽക്കൽ സ്ലീബാ വഹിച്ചുകൊണ്ടു നിൽക്കുന്ന മറിയം സുതനോട് പറയും: "പുത്രാ, നിന്നെ വഹിച്ച ഈ സ്ലീബായും നിന്നിൽ തറച്ച ഈ മൂന്ന് ആണികളും ചങ്കിൽ കുത്തിയ കുന്തവും ഓർത്ത് എന്റെ ഗോത്രത്തെയും സഭയുടെ മക്കളെയും എല്ലാകോപ ത്തിൽ നിന്നും നീക്കി എപ്പോഴും കാക്കണമെ."

**"ഏറിയകാലം ഞാൻ പാർത്തു നിനക്കായി..."**

മായൽത്തോ തിരുനാളിന് ആലപിക്കുന്ന ഗാനമാണിത് (ഫെബ്രുവരി 2). യേശുവിനെ ദൈവാലയത്തിൽ കാഴ്ചവയ്ക്കുന്ന സംഭവത്തിന്റെ ഓർമ്മയാണ് മായൽത്തോ. മിശിഹായുടെ വരവിനായി ജറുസലേം ദൈവാലയത്തിൽ കാത്തിരുന്ന ശിമയോൻ ഉണ്ണിയായ യേശുവിനെ കൈകളിലെടുത്ത് ആഘോഷിച്ച സംഭവമാണ് ഈ ഗാന ത്തിന്റെ ഉള്ളടക്കം. അനേക വർഷം ഞാൻ നിനക്കായ് കാത്തിരുന്നു. ഇനിയും മരണം രുചിക്കാനായി എന്നെ സ്വസ്ഥതയോടെ അയക്കണം എന്ന് പറഞ്ഞുകൊണ്ട് ശിമയോൻ യേശുവിനെ കൈകളിലെടുത്ത് ആഘോഷിച്ചു.

**"കാഴ്ചകളർപ്പിപ്പീനെനിക്കായ്..."**

ആനിദെ, അഥവാ മരിച്ചുപോയ വിശ്വാസികളെ ഓർമ്മിക്കുന്ന വി. കുർബാനയിൽ ആലപിക്കുന്നതാണ് ഈ ഗാനം. മരിച്ചുപോയവർക്കു വേണ്ടിയുള്ള പ്രാർത്ഥനയുടെ പ്രാധാന്യത്തെയാണ് ഈ വരികൾ സൂചിപ്പിക്കുന്നത്. മരണപ്പെട്ട ഒരു വ്യക്തി ജീവിച്ചിരിക്കുന്ന നമ്മോട് മരണശേഷം ആത്മാവിന് ശുദ്ധീകരണത്തിനായി പ്രാർത്ഥനയും ബലിയും അത്യാവശ്യമാണ് എന്ന് പ്രബോധിപ്പിക്കുന്ന രീതിയിലാണ് ഈ ഗീതം. ആത്മാവ് പറയുന്നു; എനിക്കായ് കാഴ്ചകളർപ്പിക്കുവിൻ. കർത്താവിന്റെ ശരീരം പോലെ എനിക്ക് തുണയേകുന്ന മറ്റൊന്നുമില്ല. കരച്ചിൽ, വിലാപം ഇവകൊണ്ട് ഒന്നും സാധിക്കില്ല. കർത്താവിന്റെ ശരീരം എനിക്ക് തുണയേകും. പിതാവിന്റെ സന്നിധിയിൽ, മിശിഹാ യുടെ തിരുമുമ്പിൽ എത്തി സ്വീകൃതനാകാൻ ആചാര്യന്മാരെ, നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ

**"വലിയോരായുധമാം നോമ്പിൽ..."**

വലിയ നോമ്പിലെ ഞായറാഴ്ചകളിൽ ആലപിക്കുന്ന ഗീതമാണ് ഇത്. നോമ്പിന്റെ പ്രാധാന്യവും മഹത്വവും വിളിച്ചോതുന്നവയാണ്

www.malankaralibrary.com


ഇതിലെ വരികൾ. വി. ഗ്രന്ഥത്തിൽ, നോമ്പുവഴി ദൈവസന്നിധിയിൽ സ്വീകൃതരായവരെ മാതൃകയാക്കി നോമ്പിന്റെ പ്രാധാന്യം സഭാ വിശ്വാസികൾക്ക് വിവരിച്ചുകൊടുക്കുന്നു: വലിയ ആയുധമായ നോമ്പിൽ തീക്ഷ്ണതയുള്ളവരാകുക. മിശിഹായിൽ പൂർണരായ മൃതർ ഇതിനാൽ ജയം പ്രാപിച്ചു. മോശ മലയിൽ വച്ച് ഇതിനാൽ പ്രശോഭിതനായി. നാഥൻ ഇതിനാൽ സാത്താനെ ജയിച്ചു. ഇതിനാൽ ഏലിയാ രഥത്തിൽ സ്വർഗ്ഗത്തിലേക്ക് കയറി. സഹദേന്മാരും നീതിമാന്മാരും ഇതിനാൽ ശ്രേഷ്ഠത പൂണ്ടു.

**"നാഥൻ തൻ ഊറിശിലേം എഴുന്നള്ളത്തിൽ"**

ഓശാന ഞായറാഴ്ച ആലപിക്കുന്ന ഗാനമാണിത്. ഓശാന എന്ന പദത്തിന്റെ അർത്ഥം 'ഞങ്ങളെ രക്ഷിക്കണമേ' എന്നാണ്. കർത്താവേ രക്ഷിക്കണമേ എന്ന് ആർത്ത് വിളിച്ച് ബാലകരും ജറുസലേം മുഴുവനും യേശുവിന്റെ ജറുസലേമിലേക്കുള്ള രാജകീയമായ പ്രവേശന സമയത്ത് ഒലിവിൻ ചില്ലകൊണ്ട് എതിരേറ്റതാണ് ഗീതത്തിന്റെ ആശയം (മത്താ. 21:1-11, ലൂക്കാ. 19:28-40, മർക്കോ. 11:1-11, യോഹ. 12:12-19). നാഥന്റെ ജറുസലേം പ്രവേശനത്തിന്റെ സമയത്ത് ഒലിവിൻ ചില്ലകൾ ഏന്തിയ ബാലകർ അവനെ എതിരേറ്റുകൊണ്ട് പാടി: "ദാവീദിന്റെ പുത്രനായ നാഥന് സ്തുതി. ഞങ്ങളുടെ രക്ഷയ്ക്കായി വന്ന ദൈവത്തിന്റെ പുത്രന് ഉയരത്തിലും ഭൂമിയിലും ഓശാനയും സ്തോത്രവും. മഹത്വത്തോടെ എഴുന്നള്ളുന്ന നാഥൻ എന്നേയ്ക്കും സ്തുത്യനാകുന്നു.

**"ഊറിശിലേം മഹാമാളികയിൽ..."**

പെസഹാ വ്യാഴാഴ്ചയിലെ വി. കുർബാനയിൽ ആലപിക്കുന്ന ഗീതമാണിത്. സെഹിയോൻ മാളികയിലെ പെസഹാ ആചരണത്തിൽ വി. കുർബാന സ്ഥാപിച്ചതിനെപ്പറ്റിയാണ് ഈ ഗീതം വിവരിക്കുന്നത്. (മത്താ. 26:26-30, മർക്കോ. 14:22-26, ലൂക്കാ. 22:14-22, 1 കോറി. 11:23-25). ജറുസലേം മാളികയിൽ പെസഹാതിരുനാളിൽ യേശു ശിഷ്യന്മാർക്കൊപ്പം പെസഹാ ഭക്ഷിച്ചു. ശരീരമെടുത്ത് മനുഷ്യനായി പിറന്ന് ഞങ്ങളെപ്പോലെ ആയവന്, എല്ലാ ജാതികളും അതിസന്തോഷത്താൽ ഹാലേലൂയ്യാ പാടുവിൻ. ഞങ്ങളുടെ രക്ഷയുടെ പെസഹായായ നാഥൻ സ്തുതിക്കപ്പെട്ടവൻ തന്നെ.

**"സ്ലീബാ ചിറകിൽ നീന്നീശൻ മൃതരിടയിൽ..."**

ദുഃഖ ശനിയാഴ്ച ആലപിക്കുന്ന ഗാനമാണിത്. സ്ലീബായിൽ മരി

www.malankaralibrary.com

ച്ചതിനുശഷം കർത്താവ് മൃതരായവർ വസിക്കുന്ന പാതാളത്തിലേക്ക് ഇറങ്ങിചെന്നു. കുരിശിൽ മരിച്ചു കബറടക്കപ്പെട്ട നീതിസൂര്യനായ ക്രിസ്തുവും അവനിൽ പ്രത്യാശവച്ച സഭയും തമ്മിലുള്ള സംഭാഷണമാണ് ഈ ഗീതം. സ്ലീബായുടെ ചിറകിൽ നിന്ന് യേശുകർത്താവ് മൃതരുടെ ഇടയിലേക്ക് ഇറങ്ങി. നീതിസൂര്യനായ നിന്നെ തിരുസഭ കൈക്കൊണ്ട് തിരുമുറിവുകളെ ചുംബിച്ചുകൊണ്ട് അവൾ പറഞ്ഞു: നാഥാ നിന്റെ ശരീരം പാതാളത്തിൽ ജീർണ്ണിക്കാൻ നീ അനുവദിക്കരുതെ. കർത്താവ് അതിന് മറുപടിയായി പറഞ്ഞു: തിരുസഭയെ നീ എഴുന്നേല്ക്കുക, സ്തോത്രം പാടുക, ഞാൻ ഉയർത്തെഴുന്നേല്ക്കും.

**"തിരുസഭയെ നീ എഴുന്നേൽക്ക..."**

ഉയിർപ്പ് തിരുനാളിൽ ആലപിക്കുന്ന ഗീതമാണിത്. ഉത്ഥാനത്തിലുള്ള സഭയുടെ സന്തോഷം ഗീതത്തിൽ പ്രകടിപ്പിക്കുന്നു. തിരുസഭയെ നീ എഴുന്നേറ്റ് സ്തോത്രം പാടുക. പരിശുദ്ധ പുത്രനായ രാജാവാം മിശിഹാ ഉയിർത്തു (മത്താ. 28:1-10, മർക്കോ. 16:1-8, ലൂക്കാ. 24:1-12, യോഹ. 20:1-10). നിന്റെ ഉള്ളിൽ വസിക്കാൻ സന്തോഷത്തോടെ എഴുന്നെള്ളി ബലിപീഠത്തിൽ നിന്ന് രക്തവും ശരീരവും നല്കി നിന്നെ എന്നും പരിപോഷിപ്പിക്കും. തിരുസഭയെ നിന്റെ മക്കളുമായി സന്തോഷിക്കുക.

**"ശ്ലോമ്മോ നിങ്ങൾക്കെൻ പ്രിയരേ..."**

പുതുഞായറാഴ്ച ആലപിക്കുന്ന ഗാനമാണിത്. ക്രിസ്തുവിന്റെ സമാധാനമാണ് ഈ ഗീതത്തിന്റെ പ്രധാന പ്രമേയം. യഹൂദരെ ഭയന്ന് ഒളിവിൽ കഴിഞ്ഞിരുന്ന സ്വന്തം ശിഷ്യർക്ക് യേശു പ്രത്യക്ഷപ്പെടുന്നതും, സ്വന്തം ഉത്ഥാനത്തെ അവർക്ക് പ്രത്യക്ഷീകരിക്കുന്നതും, അവർക്കായി സമാധാനം നല്കി ഭയം മാറ്റികളയുന്നതുമാണ് ഈ ഗാനത്തിന്റെ ആശയം (ലൂക്കാ. 24: 36-43; യോഹ. 20: 19-23). ഉയിർപ്പിന്റെ നാളിൽ മാളികയിൽ വച്ച് കർത്താവ് ശിഷ്യന്മാരോട് അരുൾചെയ്തു: "നിങ്ങൾക്ക് സമാധാനം." എല്ലാ വ്യാകുലങ്ങളും അവരിൽ നിന്ന് അവൻ നീക്കി സമാധാനത്താലും ശാന്തിയാലും അവരെ നിറച്ചു. എന്റെ സമാധാനം എന്നേക്കും നിങ്ങൾക്കുണ്ടാകട്ടെ എന്നവനരുളി. ഈ സമാധാനവും ശാന്തിയും മൂലം രാവും പകലും നിങ്ങൾക്ക് സംരക്ഷണം ലഭിക്കും.

www.malankaralibrary.com


**"ധീവരകൻ ശെമഊനെ താൻ വീശിയഹോ..."**

പുതുഞായറാഴ്ചയ്ക്ക് ശേഷം ഒന്നാം ഞായറാഴ്ച ആലപിക്കുന്ന ഗീതമാണിത്. പ്രേക്ഷിത പ്രവർത്തനത്തിനായ് പത്രോസിനെ വിളിക്കുന്ന സംഭവമാണ് ഈ ഗാനത്തിന്റെ പ്രമേയം. മുക്കുവനായ ശിമയോനെ അവൻ വിളിച്ചു. മുക്കുവ വൃത്തി ഉപേക്ഷിക്കാൻ അവനോട് അരുളിച്ചെയ്തു. സ്വർഗ്ഗലോകം പൂകാനായി സന്തോഷത്തോടെ മനുഷ്യരെ നീ കൂട്ടിച്ചേർക്കുക. റോമായിൽ ശിമയോൻ വല വീശി. പലരും അന്യദേവന്മാരെ തള്ളി. വിശ്വാസത്താൽ നാഥനിൽ അവർ ജീവൻ പ്രാപിച്ചു.

**"ദിവസങ്ങളിലേറ്റം വലുത് ഞായർ ദിനം..."**

പുതുഞായറാഴ്ചയ്ക്ക് ശേഷമുള്ള രണ്ടാം ഞായറാഴ്ച മുതൽ പെന്തിക്കോസ്തി വരെയുള്ള ഞായറാഴ്ചകളിൽ ആലപിക്കുന്ന ഗാനമാണിത്. ദിവസങ്ങളിൽ ഏറ്റവും വലുത് ഞായർ ദിനം തന്നെയാണ്. ഭൂമിയും, ആകാശവും, സകല സൃഷ്ടികളും ഈ ദിനത്തിൽ സന്തോഷിക്കുന്നു. വി. ത്രോണോസ്, ഞായർ ദിനത്തിൽ മഹിമപ്പെടുന്നു. രക്ഷയുടെ മാർഗ്ഗം ഇവിടെ ഘോഷിക്കപ്പെടുന്നു. മരിച്ചവർക്കും ജീവിക്കുന്നവർക്കും ആശ്വാസവും പ്രത്യാശയും ലഭിക്കുന്നു. കബറിൽ നിന്ന് കർത്താവ് എഴുന്നേറ്റ ഈ ദിനത്തിൽ സഭ സന്തോഷിക്കുന്നു.

**"പെന്തിക്കോസ്തിൻ നാളിലഹോ..."**

പെന്തിക്കോസ്തി ഞായറാഴ്ച മുതൽ മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ (Aug 15) വരെയുള്ള ഞായറാഴ്ചകളിൽ ആലപിക്കുന്ന ഗീതമാണ് ഇത്. പെന്തിക്കോസ്തി ദിവസത്തിൽ പരിശുദ്ധാന്മാവാകുന്ന അഗ്നി ശിഷ്യന്മാരുടെമേൽ ആവസിച്ചു. തന്റെ സുവിശേഷം പ്രഘോഷിക്കുവാനും ലോകരെ മുഴുവൻ മിശിഹായ്ക്കുള്ളവരായി ചേർക്കാനും നിത്യസൗഭാഗ്യവും ദൈവരാജ്യവും ജീവനും നേടാനുമുള്ള ശക്തി തീനാവിന്റെ സാദൃശ്യത്തിൽ അവർ പ്രാപിച്ചു.

**"കന്യക തൻ വേർപാടിൽ ഓയാർ..."**

മാതാവിന്റെ സ്വർഗ്ഗാരോപണം (ശൂനോയോ, Aug 15) മുതൽ സ്ലീബാ പെരുനാൾ (Sep 14) വരെയുള്ള ഞായറാഴ്ചകളിലാണ് ഈ ഗീതം ആലപിക്കുന്നത്. പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം എന്ന വിശ്വാസസത്യം പ്രഘോഷിക്കുന്ന ഗീതമാണിത്. മാതാവിന്റെ വേർപാടിൽ വായുമണ്ഡലവും ഭൂമിയും വാഴ്ത്തപ്പെട്ടു. കബറിൽ ആ

www.malankaralibrary.com

തിരുദേഹം അടക്കം ചെയ്തതിനാൽ അതുവഴി ഭൂമി ശുദ്ധീകരണം പ്രാപിച്ചു. സ്വർഗത്തിലും ഭൂമിയിലുമുള്ള സകലരും ഒന്നിച്ചുകൂടി അത്യന്തം സന്തോഷിച്ചു. അവർ ദൈവാലയമാകുന്ന മാതാവിന്റെ ശരീരത്തെ ആഘോഷിച്ചു.

**"കാലാന്ത്യേ മയ്യൽ സമയം നാഥൻ വരുമേ..."**

സ്ലീബാ പെരുനാൾ മുതൽ കൂദോശ് ഈത്തോ വരെയുള്ള ഞായറാഴ്ചകളിൽ ആലപിക്കുന്ന ഗീതമാണിത്. അന്ത്യവിധിയേയും, കർത്താവിന്റെ രണ്ടാം വരവിനേയും വി. കുരിശിന്റെ പ്രാധാന്യത്തേയും ഏറ്റു പറയുന്നതാണ് ഗീതത്തിന്റെ ആശയം. കാലത്തിന്റെ പൂർണതയിൽ കർത്താവ് വരും. അവൻ മേഘത്തിനുള്ളിൽ കാണപ്പെടും. അപ്പോൾ നാലു ദിക്കുകളിലും അവന്റെ വരവിന്റെ അടയാളമായി കുരിശ് ശോഭിക്കും. അപ്പോൾ സകല ഗോത്രങ്ങളും വിധിയേൽപിനായി അവന്റെ മുന്നിൽ വരും. സകല പ്രവാചകന്മാരും ശ്ലീഹന്മാരും സന്തോഷിക്കുകയും ദുഷ്ടന്മാരും ദൈവനിഷേധികളും ദു:ഖിക്കുകയും ചെയ്യും.

**2. അപ്പം മുറിക്കുന്ന ശുശ്രൂഷയുടെ സമയത്ത് ചൊല്ലാവുന്ന ഗീതങ്ങൾ**

**"സ്രാപ്പികളെ കണ്ടേശായ... ബെസ്ക്കുദിശായിൽ"**

ഏശയ്യാ പ്രവാചകന് ലഭിച്ച ദർശനമാണ് ഈ ഗീതത്തിന്റെ പ്രമേയം. "ഉസിയാ രാജാവ് മരിച്ച വർഷം കർത്താവ് ഉന്നതമായ ഒരു സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നത് ഞാൻ കണ്ടു. അവിടുത്തെ വസ്ത്രാഞ്ചലം ദൈവാലയം മുഴുവൻ നിറഞ്ഞുനിന്നു. അവിടുത്തെ ചുറ്റും സെറാഫുകൾ നിന്നിരുന്നു. അവയ്ക്ക് ആറു ചിറകുകൾ വീതം ഉണ്ടായിരുന്നു. രണ്ടു ചിറകുകൾ കൊണ്ട് മുഖവും രണ്ടെണ്ണം കൊണ്ട് പാദങ്ങളും അവ മറച്ചിരുന്നു. രണ്ടു ചിറകുകൾ പറക്കാനുള്ളവയായിരുന്നു. അവ പരസ്പരം ഉദ്ഘോഷിച്ചുകൊണ്ടിരുന്നു. "പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ ഭൂമി മുഴുവൻ അവിടുത്തെ മഹത്വം നിറഞ്ഞിരിക്കുന്നു" (ഏശ. 6:1-3). ഇപ്രകാരം സിംഹാസനത്തിൽ എഴുന്നള്ളിയിരിക്കുന്ന കർത്താവിനെ കണ്ടതുപോലെ, വി. ത്രോണോസാകുന്ന സിംഹാസനത്തിൽ മുറിക്കപ്പെടുന്ന കർത്താവിനെ നോക്കി നാമും ആലപിക്കുകയാണ്: "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ."

www.malankaralibrary.com


**"നീതിജ്ഞൻ താതാ കാൺക താവക വത്സല സൂനുവിനെ..."**

ഖണ്ഡന ശുശ്രൂഷയുടെ സമയത്താണ് യേശുക്രിസ്തുവിന്റെ കുരിശിലെ പീഢാസഹനവും മരണവും ഉത്ഥാനവും പ്രധാനമായും സ്മരിക്കുന്നത്. ഈ അവസരത്തിൽ, നമുക്കായി കുരിശിൽ മരിച്ച ക്രിസ്തുവിനെ പ്രതി നമ്മോട് കരുണയുണ്ടായി നമ്മുടെ പാപങ്ങൾ ക്ഷമിക്കണമേയെന്ന് പിതാവായ ദൈവത്തോട് നാം പ്രാർത്ഥിക്കുന്നു. പിതാവ് ഒരേ സമയം നീതിമാനും കാരുണ്യവാനുമാണ്. നീതിമാനായ ദൈവം തന്റെ പുത്രനെ ബലികഴിച്ച് പാപപരിഹാരം ചെയ്യുന്നു. അതേ സമയം കരുണയുള്ള പിതാവ് പുത്രന്റെ മരണത്തെ പ്രതി നമ്മോട് കരുണ കാണിക്കുകയും നമ്മെ രക്ഷിക്കുകയും ചെയ്യുന്നു.

എന്റെ പേർക്കായി മൃതനായ ക്രിസ്തുവിനെ കൈക്കൊണ്ട് എന്റെ പാപങ്ങൾ നീക്കി, എന്റെ കൈകളാൽ അർപ്പിക്കുന്ന ഈ ബലി അങ്ങ് കൈക്കൊള്ളണമേ. അങ്ങയുടെ സന്നിധിയിൽ ഞാൻ ചെയ്തുപോയ അപരാധങ്ങൾ ഓർക്കാതെ എന്നിൽ പ്രീതിയാകണമെ. ഗോഗുൽത്താമലയിൽ വച്ച് കുരിശിൽ ക്രിസ്തു ചിന്തിയ രക്തം എന്റെ പാപരിഹാരത്തിനായി പിതാവേ അങ്ങയോട് കേഴുന്നു. കരുണയുള്ളവനായ കർത്താവേ, എന്റെ പാപം വലുതാണെങ്കിലും അങ്ങയുടെ കൃപ അതിലും ബഹുലമാണ്. അങ്ങയുടെ കരുണയെ ഈ ഭൂമിയിലെ മറ്റൊന്നിനോടും തുലനം ചെയ്യാൻ ഞങ്ങൾക്ക് കഴിയില്ല. എന്റെ പാപം കാരണം അങ്ങേയ്ക്കുണ്ടായ കോപത്തെ നീക്കുവാനായി അങ്ങയുടെ പ്രിയപുത്രൻ പീഢയും കുരിശുമരണവും സ്വീകരിച്ചു. രക്ഷയ്ക്കായ് സുതനെ അയച്ച പിതാവിന് സ്തുതിയും, ക്രൂശിൽ മരിച്ച് എല്ലാവരേയും ജീവിപ്പിച്ച പുത്രന് വന്ദനവും, രക്ഷാകര വ്യാപാരങ്ങൾ പൂർത്തിയാക്കിയ പരിശുദ്ധാത്മാവിന് സ്തോത്രവും ഉണ്ടാകട്ടെ. പരിശുദ്ധ ത്രിത്വത്തിന്റെ കൃപ ഞങ്ങളിലുണ്ടാകട്ടെ.

**"ഓടിപ്പോയി ശ്ലീഹന്മാർ..."**

കർത്താവിന്റെ ഉയിർപ്പിന് ശേഷം പെന്തിക്കോസ്തി വരെയുള്ള ഞായറാഴ്ചകളിൽ അപ്പം മുറിക്കൽ ശുശ്രൂഷയുടെ സമയത്ത് ആലപിക്കാവുന്ന ഗാനമാണിത്. യേശുവിന്റെ ഉത്ഥാനത്തിന്റെ വാർത്ത കേട്ട് ശിഷ്യന്മാർ കബറിലേക്ക് ഓടി വരുകയും (യോഹ. 20:3-4) ക്രിസ്തുവിന്റെ ഉയിർപ്പിന്റെ ആഘോഷവും വിശ്വാസത്തിന്റെ പ്രഘോഷണവും നടത്തി. എല്ലാവരും കർത്താവിനായി സ്തോത്രം പാടുക, സഭയുടെ മക്കളെ വിശ്വാസത്തോടെ കടന്നുവരിക കാരണം മാലാഖമാ

www.malankaralibrary.com

രുടെ നാഥനായ ക്രിസ്തു മഹത്വത്തോടെ ഉയർത്തെഴുന്നേറ്റു. സാത്താനെയും പാപത്തേയും തന്റെ മരണത്താൽ ക്രിസ്തു വിജയിച്ചു. വിശ്വാസികളായ നമ്മെ അവിടുന്ന് സ്വർഗ്ഗരാജ്യത്തിനവകാശികളാക്കി മാറ്റി. അതിനാൽ സഭയുടെ മക്കളായി നിന്ന് വിശ്വാസത്തോടെ ഉയിർത്തെഴുന്നേറ്റ നാഥന് നമുക്ക് സ്തോത്രം പാടാം.

**3. വി. കുർബാനയിൽ കുക്കിലിയോന് പകരം ചൊല്ലാവുന്ന ഗീതം**

വി. കുർബാനയിലെ കുക്കിലിയോൻ വിശുദ്ധരോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയാണ്. മാതാവിനും, വിശുദ്ധർക്കും മരിച്ചുപോയ ആചാര്യന്മാർക്കും, വിശ്വാസികൾക്കുമായി പ്രത്യേകം പ്രത്യേകം കുക്കിലിയോനുകളുണ്ട്. എന്നാൽ ഇവയെല്ലാം ക്രോഡീകരിച്ചുകൊണ്ട് ചുരുക്കി ഉപയോഗിക്കുന്ന ഗാനങ്ങളാണ് കുക്കിലിയോന് പകരം ഉപയോഗിക്കുക.

**"ഭക്ത്യാ ചൊല്ലാം നാമൊന്നായ്..."**

സ്ലീബായിലെ മരണത്താൽ ഞങ്ങളെ രക്ഷിച്ച രക്ഷകനായ അങ്ങയെ ഭക്തിപൂർവ്വം ഞങ്ങൾ സ്തോത്രം ചൊല്ലുന്നു. അങ്ങയുടെ കൃപ ഞങ്ങളിലുണ്ടാകട്ടെ. പരിശുദ്ധമായ ഈ ദൈവാലയത്തിലെ മദ്ബഹായിൽ വാനവ സൈന്യങ്ങളായ വിവിധഗണം മാലാഖമാർ അണിനിരക്കുന്നു. അവർ കർത്താവിന്റെ ശരീരരക്തങ്ങൾ മതിമറന്ന് ആഘോഷിക്കുന്നു. പരിശുദ്ധ ദൈവമാതാവിന്റെയും, വിശുദ്ധരുടേയും, മരിച്ചുപോയവരുടേയും ഓർമ്മ ശ്രേഷ്ഠമാക്കുന്നവനായ ഉന്നതനായ ദൈവം പരിശുദ്ധനാകുന്നു. കർത്താവേ, അങ്ങയുടെ മദ്ബഹായുടെ സന്നിധിയിൽ നിന്നുകൊണ്ട് പരേതരായ മാതാപിതാക്കളേയും സഹോദരങ്ങളേയും ഓർത്ത് പ്രാർത്ഥിക്കുന്നു. അങ്ങയുടെ മഹിമയാർന്ന രണ്ടാം വരവിൽ അവരെ അങ്ങ് വലത്തുഭാഗത്ത് നിർത്തണമേ. ഞങ്ങളുടെ മിശിഹായും, രാജാവും, സ്രഷ്ടാവുമായ യേശു മിശിഹായുടെ രക്ഷാകര വ്യാപരത്താൽ ഞങ്ങളുടെ ആത്മാക്കൾ പുണ്യം പ്രാപിക്കട്ടെ. ഇതിനുശേഷം വി. കുർബാന സ്വീകരണമായതിനാൽ തന്നെ അടുത്ത വരികളിൽ വി. കുർബാന സ്വീകരണത്തിനായി ഒരുങ്ങുന്നതിനെക്കുറിച്ചാണ് പറയുന്നത്. ഭക്തിയോടും ആദരവോടും വിശ്വാസത്തോടും കൂടെ, നമ്മുടെ പാപങ്ങൾ ഏറ്റു പറഞ്ഞ് അനുതാപത്തോടെ പാപ

www.malankaralibrary.com


പരിഹാരം നേടി, നിത്യമായ ജീവനുവേണ്ടി നമുക്ക് വി. കുർബാന സ്വീകരിക്കാം.

**"മിശിഹാ രാജോത്ഥാനത്താൽ നേടീടണം പുണ്യം..."**

കുക്കിലിയോനു പകരം ആലപിക്കുന്ന മറ്റൊരു ഗീതമാണിത്. ഈ ഗീതത്തിലും മിശിഹായുടെ ഉത്ഥാനം പ്രഘോഷിച്ച് ദൈവത്തിന് സ്തുതി അർപ്പിച്ചതിനുശേഷം പരിശുദ്ധ അമ്മയേയും വിശുദ്ധരേയും മാലാഖമാരേയും, മരിച്ചുപോയ വിശ്വാസികളേയും നാം സ്മരിക്കുന്നു. സ്ലീബായിൽ മരിച്ച് ഉത്ഥാനം ചെയ്ത് ഞങ്ങൾക്ക് പാപപരിഹാരവും പുണ്യവും നേടിത്തന്ന ദൈവത്തിന്റെ പുത്രാ, അങ്ങ് പരിശുദ്ധനാണ് എന്ന് ഞങ്ങൾ വിശ്വാസത്തോടെ ഏറ്റു ചൊല്ലുന്നു. മാതാവിന്റെയും വിശുദ്ധരുടേയും മരിച്ചുപോയവരുടെയും വിശ്വാസത്തെ ബഹുമാനിച്ചുകൊണ്ട് അവരുടെ ഓർമ്മ സ്വർഗ്ഗത്തിലും ഭൂമിയിലും പുതുക്കിയ ദൈവമേ അങ്ങ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. നമ്മോടൊപ്പം വി. മാലാഖമാരും പരിശുദ്ധ മദ്ബഹായിൽ സന്നിഹിതരായി നിന്നുകൊണ്ട് കർത്താവിന്റെ തിരുശരീരവും രക്തവും തങ്ങളുടെ കൈകളിൽ എടുത്ത് ആഘോഷിക്കുന്നു. നമുക്കും ഈ ബലിയിൽ പങ്കെടുത്ത് പുണ്യം പ്രാപിക്കാം. ഞങ്ങളുടെ പിതാക്കന്മാർ നേതാക്കന്മാർ, മാതാപിതാക്കൾ, സഹോദരങ്ങൾ എല്ലാവരേയും ഈ ബലിപീഠത്തിൽ ഓർത്തു പ്രാർത്ഥിക്കുന്നു. രണ്ടാം വരവിൽ അവരെ അങ്ങയുടെ വലത്തുഭാഗത്ത് നിർത്തണമേ.

**4. ഹൂത്തോമ്മോകൾ**

**"മൂശ മസ്കൻസബിനാ സ്ഥാപിച്ചപ്പോൾ..."**

കൂദോശ് ഈത്തോ, ഹൂദോസ് ഈത്തോ ഞായറാഴ്ചകളിൽ ആലപിക്കുന്ന ഹൂത്തോമോയാണ് ഇത്. പഴയനിയമത്തിൽ മോശ കർത്താവിന് താൽക്കാലിക കൂടാരം നിർമ്മിക്കുന്നുണ്ട് (പുറ. 36). ഈ താൽക്കാലികകൂടാരം പുതിയനിയമ സഭയുടെ പ്രതീകമാണ്. മോശ താൽക്കാലികകൂടാരം സ്ഥാപിച്ചപ്പോൾ മനുഷ്യരെല്ലാം ഓരോ നേർച്ചക്കാഴ്ചകൾ അർപ്പിച്ചു. ധനവാന്മാർ പൊന്നും വെള്ളിയും നേർച്ചയിട്ടു. മറ്റുള്ളവർ നൂൽശീല അർപ്പിച്ചു. വിധവയായ സ്ത്രീ ചില്ലികാശ് സമർപ്പിച്ചു. ഇവയെല്ലാം വി. സഭയുടെ മുൻരൂപങ്ങളാണ്. തിരുസഭ സ്ഥാപിച്ച നാഥന് സ്വർഗ്ഗത്തിലും ഭൂമിയിലും എന്നേക്കും സ്തോത്രം.

www.malankaralibrary.com

**"ഈശൻ പുത്രൻ നമ്മുടെ പേർക്കായ്..."**

ദുഃഖശനിയാഴ്ച ആലപിക്കുന്ന ഗാനമാണിത്. നമ്മുടെ പേർക്കായി ദൈവപുത്രൻ മരണമേറ്റതിന് ശേഷം പാതാളത്തിലേക്കിറങ്ങി ചെന്നു. മരിച്ചവരെല്ലാവരും ഓശാന പാടിക്കൊണ്ട് പുത്രന്റെ മുമ്പിൽ വന്നു വണങ്ങി.

**"നാഥാ പ്രാപിച്ചു നിന്നാത്മശക്തി..."**

പെന്തിക്കോസ്തി മുതൽ മാതാവിന്റെ സ്വർഗ്ഗാരോപണമായ ശൂനോയോ വരെയുള്ള ഞായറാഴ്ചകളിൽ ആലപിക്കുന്ന ഗാനമാണിത്. നാഥാ ഞങ്ങൾ നിന്റെ ആത്മാവിന്റെ ശക്തി പ്രാപിച്ചു, നിന്റെ ഇഷ്ടം ചെയ്യുവാൻ ഞങ്ങൾക്ക് കൃപ തരണമേ.

**"വിൺമണ്‍ വാസികളാൽ മറിയാം..."**

ശൂനോയോ പെരുന്നാളിനും അതിനുശേഷം സ്ലീബാ പെരുനാൾ വരെയുള്ള ഞായറാഴ്ചകളിൽ ആലപിക്കുന്ന ഗീതമാണിത്. വിണ്ണിലും മണ്ണിലും വസിക്കുന്നവരാൽ കബറിലടയ്ക്കപ്പെട്ട മറിയം ആത്മീയ ശോഭ നിറഞ്ഞ ഭവനത്തിലേക്ക് ആരോഹിതയായി.

**"ആകാശേ കുസ്തന്തിനോസ് സ്ലീബാ കണ്ടു..."**

സ്ലീബാ പെരുനാളിലും അതു മുതൽ കൂദോശ് ഈത്തോ വരെയുള്ള ഞായറാഴ്ചകളിലും ആലപിക്കുന്ന ഗീതമാണിത്. കോൺസ്റ്റന്റെയിൻ ചക്രവർത്തി ആകാശത്തിൽ സ്ലീബാ കണ്ടു. ഉടനെ അവൻ വന്ദിച്ചു തല താഴ്ത്തി, സാഷ്ടാംഗം പ്രണമിച്ച് ആദരപൂർവ്വം പ്രാർത്ഥിച്ചു. സ്ലീബാ തന്ന കർത്താവേ അങ്ങേയ്ക്ക് എന്നേക്കും സ്തോത്രം. ഈ സ്ലീബായാൽ ഞാൻ ദുഷ്ടരെ ജയിക്കും. സ്ലീബായാൽ സഭ മുക്തി നേടി. സ്ലീബാ രാവും പകലും അടിയാരെ കാക്കട്ടെ.

**"ശുഭചിഹ്നം താൻ സ്ലീബാ..."**

സ്ലീബായ്ക്ക് പുകഴ്ച നല്കുന്ന മറ്റൊരു ഗാനമാണിത്. വിവാഹ കൂദാശയുടെ മിന്നുകെട്ടുന്ന ശുശ്രൂഷയുടെ അവസരത്തിലും ഇതേ സ്ലീബായുടെ പുകഴ്ചയുടെ ഗാനമാണ് ആലപിക്കുന്നത്. മഹത്വത്തിന്റെ ചിഹ്നമാണ് സ്ലീബാ. വിജയത്തിന്റെ കൊടിയാണ് സ്ലീബാ. നമ്മെ രക്ഷിക്കുന്ന സ്ലീബായിൽ നാം പുകഴുന്നു.

www.malankaralibrary.com


**"നിൻ പ്രാർത്ഥന മാതാ മറിയാമേ എന്നും..."**

മാതാവിന്റെ പെരുനാളുകളിൽ ആലപിക്കാവുന്ന ഗാനമാണിത്. മാതാവേ നിന്റെ പ്രാർത്ഥനയെന്നും ഞങ്ങൾക്ക് കോട്ടയാകട്ടെ. ഞങ്ങളെ അനുഗ്രഹിക്കേണമേ.

**ഉപസംഹാരം**

അന്ത്യോക്യൻ ആരാധനാ പാരമ്പര്യം ഏറെ സമ്പന്നമാണ്. പ്രത്യേകിച്ച് ആരാധനാ പാരമ്പര്യവുമായി സംഗീതത്തിന് ഇഴചേർന്ന ഒരു ബന്ധമുണ്ട്. അന്ത്യോക്യൻ പാരമ്പര്യത്തിലെ എല്ലാ ശുശ്രൂഷകളിലും പ്രാർത്ഥനകളിലും ഗീതങ്ങൾക്ക് വളരെയേറെ പ്രാധാന്യം നൽകുന്നുണ്ട്. പ്രത്യേകിച്ച് വി. കുർബാനയിൽ നാം ഉപയോഗിക്കുന്ന ഗാനങ്ങളെല്ലാം പൂർണമായും അന്ത്യോക്യൻ പാരമ്പര്യത്തിൽ ഉൾപ്പെട്ടതും ആഴമായ ദൈവശാസ്ത്ര, വേദശാസ്ത്ര ചിന്തകളാൽ സമ്പുഷ്ടവുമാണ്.

❖

www.malankaralibrary.com

അദ്ധ്യായം 4

# വിശുദ്ധ സ്ഥലവും വിശുദ്ധ വസ്തുക്കളും

### 4.1. ദൈവാലയ പ്രതീകങ്ങൾ

ഭൂമിയിൽ ദൈവം എഴുന്നള്ളി വസിക്കുന്ന സ്ഥലമാണ്, ദൈവത്തിന്റെ ആലയമാണ് ദൈവാലയം. ദൈവം തന്റെ ജനത്തോടൊപ്പം വസിക്കുന്നതിന് ഭൂമിയിൽ സ്ഥാപിച്ചിരിക്കുന്ന വിശുദ്ധ സ്ഥലമാണ് (സങ്കീ. 26:8). സ്വർഗ്ഗത്തിന്റെ പടിവാതിലാണ് ഓരോ ദൈവാലയങ്ങളും. അതിനാൽ ദൈവാലയത്തോട് നാം ആദരവ് പുലർത്തേണ്ടതാണ്. ഈ ഒരർത്ഥത്തിലാണ് ദൈവാലയത്തിലേക്ക് കടന്നുവരുമ്പോൾ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നത്: "ദൈവമേ, ആദരപൂർവ്വം നിന്റെ ഭവനത്തിലേക്ക് കടന്നുവന്ന് എന്റെ നേർച്ചകൾ ഞാൻ നിറവേറ്റും."

**1. ആത്മീയ ഏദൻതോട്ടം (ഉത്പ. 2:8-17)**

ദൈവം കിഴക്ക് ഏദനിൽ സ്ഥാപിച്ച തോട്ടത്തിന് സമമാണ് ദൈവാലയം. ത്രോണോസിൽ വച്ചിരിക്കുന്ന കുരിശ് ജീവവൃക്ഷമാണ്. ജീവവൃക്ഷമാകുന്ന കുരിശിൽ നിന്നും നമുക്ക് ലഭിക്കുന്ന ജീവന്റെ ഫലമാണ് അവന്റെ ശരീരരക്തങ്ങൾ. ജീവവൃക്ഷത്തെ കാക്കുന്ന കെരൂബുകൾക്ക് (ഉത്പ. 3:4) തുല്യമാണ് കുരിശിന്റെ ഇരുവശത്തുമുള്ള മെഴുകുതിരികൾ. ഏവൻഗേലിയോൻ പീഠത്തിൽ വച്ചിരിക്കുന്ന നാല് സുവിശേഷങ്ങളടങ്ങിയ വി. ഗ്രന്ഥം ഏദൻതോട്ടം നനയ്ക്കാൻ ദൈവം സൃഷ്ടിച്ച നാല് നദികൾക്ക് സദൃശ്യമാണ്.

www.malankaralibrary.com


**2. ആത്മീയ സീനായ് (പുറ. 19:1–25)**

മോശയ്ക്കും ഇസ്രായേൽ ജനതയ്ക്കും ദൈവം പ്രത്യക്ഷപ്പെട്ട സീനായ് മലയ്ക്കു സദൃശ്യമാണ് ദൈവാലയം. ദൈവത്തിന്റെ പ്രതി പുരുഷനായ വൈദികനും ദൈവജനമായ വിശ്വാസികൾക്കും ദൈവം പ്രത്യക്ഷപ്പെടുന്ന സ്ഥലമാണ് ദൈവാലയം. മദ്ബഹാ സീനായ് മല യായും, പാളയത്തിന് പുറത്ത് ജനം നിന്നിരുന്ന മലയുടെ അടിവാരം ഹൈക്കലായായും ഇസ്രായേൽ ജനം മലയെ സ്പർശിക്കാതിരിക്കാൻ മലയ്ക്കും താഴ്വരയ്ക്കും ഇടയിലുള്ള വേലി കെസ്ത്രൂമയായും ചിത്രീ കരിക്കുന്നു. മോശയുടെ സ്ഥാനത്ത് ദൈവത്തിനും ദൈവജനത്തിനും മദ്ധ്യേ നിൽക്കുന്ന ആളാണ് വൈദികൻ.

**3. ആത്മീയ മോറിയ മല (ഉത്പ. 22:1–18)**

വിശ്വാസികളുടെ പിതാവായ അബ്രഹാം തന്റെ ഏക ജാതൻ ഇസ ഹാക്കിനെ ബലിയർപ്പിക്കാൻ കൊണ്ടുപോയ മലയ്ക്ക് സദൃശ്യമാണ് ദൈവാലയം. ബലിയ്ക്കുള്ള വിറകുമായി പോയ ഇസഹാക്ക്, കുരിശും ചുമന്നുകൊണ്ട് ബലിയായി തീരുവാൻ ഗോഗുൽത്തായിലേക്ക് പോയ ക്രിസ്തുവിന്റെ പ്രതിരൂപമാണ്. ക്രിസ്തു എന്ന കുഞ്ഞാട് ബലിയായി തീരുന്ന ആത്മീയ മോറിയ മലയാണ് ദൈവാലയം.

**4. ആത്മീയ സമാഗമകൂടാരം (പുറ. 25:8–9), ആത്മീയ ഏലീം (പുറ. 15:27, സംഖ്യ 33:9)**

തന്റെ ജനമായ ഇസ്രായേൽക്കാരോടൊപ്പം സ്ഥിരമായി വസിക്കു വാൻ ദൈവകല്പന പ്രകാരം മോശ നിർമ്മിച്ച കൂടാരത്തിനു സദൃശ്യ മാണ് ദൈവാലയം. ദൈവത്തിന് പ്രതിഷ്ഠിക്കപ്പെട്ട കൂടാരത്തെ മേഘം ആവരണം ചെയ്തുവെന്നും കർത്താവിന്റെ മഹത്വം കൂടാരത്തിൽ നിറ ഞ്ഞുവെന്നും പുറപ്പാട് പുസ്തകം (പുറ. 40:43) വിവരിക്കുന്നു. ദൈവവും പുതിയ ഇസ്രായേലായ സഭയും തമ്മിലുള്ള സമാഗമം നടക്കുന്ന സ്ഥല മാണ് ദൈവാലയം.

വാഗ്ദത്ത നാടായ കാനാൻ ലക്ഷ്യമാക്കി മരുഭൂമിയിലൂടെയുള്ള നാൽപത് വർഷത്തെ യാത്രയ്ക്കിടയിൽ ഇസ്രായേൽ ജനത്തിന് അനു ഭവപ്പെട്ട സന്തോഷാനുഭവത്തിന്റെ സ്ഥലമാണ് ഏലീം. ബഥേലിൽ പന്ത്രണ്ട് നീരുറവകളും എഴുപത് ഈന്തപ്പനകളും ഉണ്ടായിരുന്നു. ജന ത്തിന് സമൃദ്ധമായി ഭക്ഷണവും കുടിക്കാൻ ജലവും ലഭിച്ച സ്ഥല മാണ് ഏലീം. സ്വർഗ്ഗീയ കാനാൻ ലക്ഷ്യമാക്കി യാത്രചെയ്യുന്ന ദൈവ

www.malankaralibrary.com

ജനത്തിന്റെ വിശ്രമത്തിന് യോഗ്യമായ, കൂദാശകളാകുന്ന നീരുറവകൾ പ്രധാനം ചെയ്യുന്ന സ്ഥലമാണ് ദൈവാലയം.

**5. ആത്മീയ ബഥേൽ (ഉത്പ. 28:10-20)**

പൂർവ്വപിതാവായ യാക്കോബ് ബഥേലിൽ കണ്ട ഗോവേണിക്ക് സദൃശ്യമാണ് ദൈവാലയം. സ്വർഗ്ഗത്തെയും ഭൂമിയെയും ബന്ധിപ്പിക്കുന്ന ഈ ഗോവേണിയുടെ പടികൾക്ക് സദൃശ്യമാണ് ദൈവാലയത്തിന്റെ നാല് ഭാഗങ്ങളെയും വേർതിരിക്കുന്ന പടികൾ. യാക്കോബ് ബഥേലിൽ തൂണായി നിർത്തിയ കല്ലിന് സദൃശ്യമാണ് ത്രോണോസ്. യാക്കോബ് ഈ കല്ലിൽ എണ്ണ ഒഴിച്ച് ദൈവത്തിന് പ്രതിഷ്ഠിച്ചു. ഇതിനു സദൃശ്യമായി ദൈവാലയ കൂദാശ സമയത്ത് ബലിപീഠം മൂറോൻ കൊണ്ട് റൂശ്മ ചെയ്യുന്നു.

**6. ആത്മീയ ജറുസലേം (1 രാജാ. 6:1-38)**

ജ്ഞാനിയായ സോളമൻ രാജാവ് പണികഴിപ്പിച്ച ജറുസലേം ദൈവാലയത്തിന് സദൃശ്യമാണ് ദൈവാലയം. ജറുസലേം ദൈവാലയത്തിലെ മഹാവിശുദ്ധ സ്ഥലത്തിന് സമാനമായി മദ്ബഹായും വിശുദ്ധസ്ഥലത്തിന് സമമായി കെസ്ത്രൂമായും, അകത്തെ പ്രകാരത്തിന് സമമായി ഹൈക്ലായും, പുറത്തെ പ്രകാരത്തിന് സമമായി മോണ്ടളവും ക്രമീകരിച്ചിരിക്കുന്നു.

**7. കർത്താവിന്റെ ശരീരം (യോഹ. 2:19-21)**

ദൈവാലയത്തെ കർത്താവിന്റെ ശരീരത്തോട് ഉപമിക്കാം. മദ്ബഹാ യേശുക്രിസ്തുവിന്റെ ശിരസിനോടും ഹൈക്കല അവന്റെ ശരീരത്തോടും ഉപമിച്ചിരിക്കുന്നു. കെസ്ത്രൂമായിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന മാമോദീസാത്തൊട്ടി യേശുവിന്റെ തിരുവിലാവിന് സദൃശ്യമാണ്.

**4.2. ദൈവാലയ ഘടന**

ദൈവാലയം ദൈവം വസിക്കുന്ന ഇടമാണ്. അന്ത്യോക്യൻ പാരമ്പര്യം അനുസരിച്ച് ദൈവാലയം ക്രമീകരിക്കുന്നത് ജറുസലേം ദൈവാലയത്തിന്റെ ഘടനയിലാണ്. ജറുസലേം ദൈവാലയത്തിന് നാല് ഭാഗങ്ങളാണുള്ളത്: അതിവിശുദ്ധസ്ഥലം, വിശുദ്ധസ്ഥലം, അകത്തെ പ്രാകാരം, പുറത്തെപ്രാകാരം. ഇപ്രകാരം നമ്മുടെ ദൈവാലയങ്ങളിലും നാല് ഭാഗങ്ങളുണ്ട്.

**1. മദ്ബഹാ**

സ്വർഗ്ഗത്തിന് സമമാണ് പരിശുദ്ധ മദ്ബഹാ അഥവാ ബെസ്കുദിശൊ. 'ബലി അർപ്പിക്കുന്ന സ്ഥലം' എന്നാണ് ഇതിന്റെ അർത്ഥം. ദൈവസാ

www.malankaralibrary.com


ന്നിദ്ധ്യവും മഹത്വവും ഇവിടെ പ്രത്യേകമായ രീതിയിൽ ഉള്ളതിനാൽ മദ്ബഹായെ അതിവിശുദ്ധ സ്ഥലമെന്നും വിളിക്കുന്നു. ജറുസലേം ദൈവാലയത്തിലെ മഹാവിശുദ്ധ സ്ഥലത്തിന് സമമായ മദ്ബഹാ പള്ളിയുടെ ഏറ്റവും കിഴക്കേ അറ്റത്താണ് ക്രമീകരിക്കുന്നത്. വിശുദ്ധ മൂറോൻകൊണ്ട് മുദ്രയിട്ട് പ്രതിഷ്ഠിച്ചിട്ടുള്ള മദ്ബഹായിൽ ദൈവത്തിന്റെ പ്രതിഷ്ഠിത സാന്നിദ്ധ്യം എപ്പോഴുമുണ്ട്. വി. കുർബാന വഴിയായി നമ്മോടുകൂടെ ആയിരിക്കുന്ന ക്രിസ്തുവിന്റെ സ്ഥാനം അവിടെ ആയതിനാൽ മദ്ബഹായെ 'ഇമ്മാനുവേൽ' എന്നും വിളിക്കുന്നു. സ്വർഗ്ഗത്തിന്റെ പ്രതീകമാണ് മദ്ബഹാ.

**2. കെസ്ത്രൂമ അഥവാ അഴിക്കകം**

ജറുസലേം ദൈവാലയത്തിലെ വിശുദ്ധ സ്ഥലത്തോട് കെസ്ത്രൂമയെ ഉപമിക്കാം. തറനിരപ്പിൽ നിന്നും ഉയർന്ന സ്ഥലമെന്നാണ് 'കെസ്ത്രൂമ' എന്ന പദത്തിന്റെ അർത്ഥം. മദ്ബഹായിൽ പ്രവേശിക്കാത്ത കശ്ശീശന്മാരും, ശെമ്മാശന്മാരും ഇവിടെയാണ് നിൽക്കുന്നത്.

**3. ഹൈക്കലാ**

ക്രൈസ്തവ ദൈവാലയത്തിലെ ഏറ്റവും വലിയ ഭാഗമാണ് ഹൈക്കലാ. 'ആരാധന സ്ഥലം' എന്നർത്ഥമുള്ള സുറിയാനി പദമാണിത്. സോളമൻ രാജാവ് പണികഴിപ്പിച്ച ദൈവാലയത്തിന്റെ അകത്തെ പ്രകാരത്തോട് ഹൈക്കലായെ ഉപമിക്കാം. ഹൈക്കലായിൽ നിന്നുകൊണ്ടാണ് വിശ്വാസിഗണം ആരാധനയിൽ പങ്കുചേരുന്നത്. ഹൈക്കലാ ഭൂമിയുടെ പ്രതീകമാണ്.

**4. മോണ്ടളം**

ദൈവാലയത്തിന്റെ ഏറ്റവും പടിഞ്ഞാറുഭാഗത്താണ് ഇത്. ജറുസലേം ദൈവാലയത്തിന്റെ പുറത്തെ പ്രാകാരത്തിനു സമാനമായിട്ടുള്ളതാണ് പള്ളികളിലെ മോണ്ടളം. 'ആശ്വാസത്തിന്റെ സ്ഥലം' എന്നും മോണ്ടളം അറിയപ്പെടുന്നു. മാമോദീസാ സ്വീകരിക്കാത്തവർ, വിശ്വാസം പഠിക്കുന്നവർ, അനുതാപികൾ, ശിക്ഷയിലായിരിക്കുന്നവർ യാമനമസ്ക്കാരത്തിലും വചനശുശ്രൂഷയിലും സംബന്ധിച്ചിരുന്ന സ്ഥലമായിരുന്നു ഇത്.

## 4.3. വിശുദ്ധ വസ്തുക്കൾ

മഹാപരിശുദ്ധനായ ദൈവം വി. കുർബാനയായിത്തീരുന്ന ദൈവാലയത്തിലുപയോഗിക്കുന്ന ഏതൊരു വസ്തുവും വിശുദ്ധീകരിക്കപ്പെ

www.malankaralibrary.com

ടുന്നു. അതിനാൽ വിശുദ്ധിയോടും വെടിപ്പോടും കൂടി നാം അവയെ സമീപിക്കണം.

**1. ത്രോണോസ്**

ക്രൈസ്തവ ദൈവാലയത്തിന്റെ കേന്ദ്രസ്ഥാനമാണ് ത്രോണോസിനുള്ളത്. ത്രോണോസ് എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം 'സിംഹാസനം' എന്നാണ്. 'അൾത്താര' എന്നും ത്രോണോസിനെ സാധാരണയായി വിളിക്കുന്നു. എന്നാൽ സുറിയാനി സഭയിൽ ത്രോണോസ് എന്ന പദമാണ് കൂടുതൽ അഭികാമ്യം. പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്ന യേശു ക്രിസ്തുവിന്റെ സ്വർഗീയ സിംഹാസനത്തിന്റെ പ്രതീകമാണ് ത്രോണോസ്. സർവ്വലോകത്തിനും നിത്യജീവൻ നൽകുന്ന കർത്താവിന്റെ ശരീരരക്തങ്ങളാകുന്ന ജീവന്റെ ഭക്ഷണം തയ്യാറാക്കി വച്ചിരിക്കുന്ന മേശയാണ് ത്രോണോസ്. ഈ ഒരർത്ഥത്തിൽ 'ജീവന്റെ മേശ' എന്നും ത്രോണോസ് അറിയപ്പെടുന്നു.

**2. തബ്‌ലീത്താ**

തുണികൊണ്ട് പൊതിഞ്ഞ് ദീർഘചതുരാകൃതിയിൽ ക്രമീകരിച്ചിരിക്കുന്ന പലകയാണ് തബ്‌ലീത്താ. തബ്‌ലീത്തായുടെ ഒരു വശത്ത് വിശുദ്ധ മൂറോൻ പൂശിയാണ് കൂദാശ ചെയ്യുന്നത്. മറുവശത്ത് കൂദാശ ചെയ്ത മെത്രാന്റെ പേരും, കൂദാശ ചെയ്ത തീയതിയും കുരിശാകൃതിയിൽ സുറിയാനിയിൽ രേഖപ്പെടുത്തിയിരിക്കും. ഇത് 'ചെറിയ ത്രോണോസ്' എന്നും അറിയപ്പെടുന്നു. മൂറോൻ കൂദാശ ചെയ്ത ത്രോണോസ് ഇല്ലാത്ത സാഹചര്യത്തിൽ തബ്‌ലീത്താമേലാണ് കാസാ, പീലാസ എന്നിവ വി. കുർബാനയ്ക്കായി ഒരുക്കി വയ്ക്കുന്നത്. ചില പ്രത്യേക സാഹചര്യങ്ങളിൽ തബ്‌ലീത്താ എടുത്ത് മേശമേൽ സ്ഥാപിച്ച് (Portable Altar) അതിനുമുകളിൽ വി. കുർബാന അർപ്പിക്കാവുന്നതാണ്. തബ്‌ലീത്താ നമ്മുടെ കർത്താവിന്റെ കുരിശിനെയും, ജീവവൃക്ഷത്തെയും ദൃഷ്ടാന്തീകരിക്കുന്നു.

**3. ചിത്തോല**

ത്രോണോസിനെ അലങ്കരിക്കുന്ന പട്ടു വസ്ത്രമാണ് ചിത്തോല. ഇതിനെ മൂന്ന് തുല്യഖണ്ഡങ്ങളായി തിരിച്ചിരിക്കുന്നു. മൂന്നു ഖണ്ഡങ്ങളിലെയും ചുവപ്പ് നിറം ത്രിത്വത്തിലെ മൂന്ന് ആളുകളും സാരാംശത്തിൽ ഒന്നാണെന്ന് കാണിക്കുന്നു. ചിത്തോലയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പച്ചനിറം ശുദ്ധീകരണത്തെയും മഞ്ഞനിറം മഹത്വീകരണത്തെയും ചുവപ്പ് നിറം നീതീകരണത്തെയും പ്രതിനിധാനം ചെയ്യുന്നു. കർത്താവ് ധരിച്ചിരുന്ന തുന്നലില്ലാത്ത അങ്കിയുടെ പ്രതീകമാണ്

www.malankaralibrary.com


ചിത്തോല. യേശു ക്രിസ്തുവിന്റെ ക്രൂശാരോഹണ സമയത്ത് തുന്നലില്ലാത്ത അങ്കി ഉരിഞ്ഞുമാറ്റിയതിനെ സൂചിപ്പിച്ചുകൊണ്ടാണ് ദുഖഃവെള്ളിയാഴ്ച ത്രോണോസിൽ നിന്ന് ചിത്തോല അഴിച്ചുമാറ്റുന്നത്.

**4. വി. സ്ലീബാ**

സ്ലീബാ എന്ന സുറിയാനി പദത്തിന്റെ അർത്ഥം 'കുരിശിക്കപ്പെട്ടവൻ' എന്നാണ്. സ്ലീബാ രക്ഷയുടെയും സമാധാനത്തിന്റെയും അടയാളമാണ്. അന്ത്യോക്യൻ സുറിയാനി സഭയിൽ തൂങ്ങപ്പെട്ട രൂപമില്ലാത്ത, പുനരുത്ഥാന സ്ലീബാ (Easter Cross) ആണ് ഉപയോഗിക്കുന്നത്. കുരിശ് നമ്മുടെ കർത്താവിന്റെ പീഢാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും അടയാളം മാത്രമല്ല, അവിടുത്തെ പുനരുത്ഥാനത്തിന്റെയും അതുമൂലം മാനവകുലത്തിന് കൈവന്ന നിത്യരക്ഷയുടെയും അടയാളം കൂടിയാണ് എന്ന് പുനരുത്ഥാന സ്ലീബാ സൂചിപ്പിക്കുന്നു.

**5. വിരിക്കൂട്ടം (തൽബെശ്ത്തോ)**

വി. കുരിശിനെ പ്രതിനിധാനം ചെയ്യുന്ന യാഗവേദിയായ ത്രോണോസിന്റെ മേൽ വിരിക്കുന്നതാണ് വിരിക്കൂട്ടം. കുരിശിൽ സ്വയം സമർപ്പിച്ച നമ്മുടെ കർത്താവേശുമിശിഹായുടെ പ്രതീകമാണ് വിരിക്കൂട്ടം. ദൈവപുത്രനായ യേശു ക്രിസ്തു സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കിറങ്ങി മനുഷ്യനായി അവതരിച്ചുവെങ്കിലും അവിടുന്ന് മുഴുവനായും സ്വർഗ്ഗത്തിലും ഭൂമിയിലുമുണ്ട്. ഇത് കാണിക്കാനാണ് വിരിക്കൂട്ടത്തിന്റെ പകുതിഭാഗം താഴേക്ക് ഇറക്കിയിട്ടിരിക്കുന്നത്. ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തപ്പോൾ കന്യകയിൽ നിന്ന് ശരീരവും രക്തവും സ്വീകരിച്ചു എന്നതിന്റെയും വി. കുർബാനയിൽ ഗോതമ്പപ്പം കർത്താവിന്റെ ശരീരവും മുന്തിരിച്ചാറ് തന്റെ രക്തമായും മാറുന്നു എന്നതിന്റെയും അടയാളമായി താഴോട്ടിറങ്ങിക്കിടക്കുന്ന ഭാഗം ഗോതമ്പുചെടിയുടെയും മുന്തിരിച്ചെടിയുടെയും ചിത്രങ്ങൾ കൊണ്ട് അലങ്കരിച്ചിരിക്കും. വിരിക്കൂട്ടത്തിന്റെ മധ്യഭാഗം വെള്ളയും അതിനുപുറമെ ചുവപ്പുമാണ് നല്കിയിരിക്കുന്നത്. ചുവപ്പുനിറം ദൈവം സൃഷ്ടിച്ച സകലത്തെയും ഉൾക്കൊള്ളുന്ന പ്രപഞ്ചത്തിന്റെയും, പച്ച നിറം രക്ഷാകര ചരിത്രത്തിന്റെ വേദിയായ ഭൂമിയുടെയും അതിലുള്ള സകലത്തിന്റെയും, വെള്ളനിറം കുഞ്ഞാടിന്റെ രക്തത്തിൽ അങ്കി അലക്കി വെടിപ്പാക്കപ്പെട്ടവരുടെ (വെളി. 7:14) സമൂഹമായ വി. സഭയുടെയും പ്രതീകവുമാണ്.

www.malankaralibrary.com

**6. കാസായും പീലാസായും**

വി. കുർബാനയ്ക്കുള്ള അപ്പവും വീഞ്ഞും ഒരുക്കി വയ്ക്കുന്ന പാത്രങ്ങളാണ് കാസായും പീലാസായും. വാഗ്ദാനപേടകത്തിൽ മന്നാ ഇട്ടുവച്ചിരുന്ന പൊൻ പാത്രത്തിനു സദൃശ്യമാണ് കാസായും പീലാസായും. നമ്മുടെ കർത്താവിന്റെ മൃതശരീരം അടക്കം ചെയ്ത കല്ലറയെയും ഇത് സദൃശീകരിക്കുന്നു.

**7. നക്ഷത്രം**

ബേത്‌ലഹേമിൽ യേശു ജനിച്ചപ്പോൾ കിഴക്കുദിച്ച നക്ഷത്രത്തെ 'കൗക്ക്ബോ' പ്രതിനിധാനം ചെയ്യുന്നു. പീലാസായിൽ വച്ചിരിക്കുന്ന അപ്പത്തിനുമുകളിൽ കൗക്ക്ബോ (സ്റ്റാർ) വച്ചിട്ടാണ് മ്കബ്ലാന കൊണ്ട് മൂടുന്നത്. അപ്പത്തെ 'മ്കബ്ലാന' സ്പർശിക്കാതിരിക്കാനാണ് ഇപ്രകാരം ചെയ്യുന്നത്.

**8. മ്ശംശോനീസോ, തർവോദോ**

കാസായിലെ വീഞ്ഞിൽ കലർത്തുവാനുള്ള വെള്ളം സൂക്ഷിക്കുന്ന ചെറിയ പാത്രമാണ് മ്ശംശോനീസോ. ഈ പാത്രത്തിലെ വെള്ളം ഉപയോഗിച്ചാണ് പുരോഹിതൻ വിശുദ്ധ വസ്തുക്കളിൽ സ്പർശിച്ചതിനുശേഷം വിരലുകൾ കഴുകുന്നതും വി. കുർബാനയ്ക്കുശേഷം വിശുദ്ധ പാത്രങ്ങൾ വെടിപ്പാക്കുന്നതും. യാഗപീഠത്തിൽ നിന്നും തീക്കനൽ എടുത്ത് ഏശയ്യാ പ്രവാചകന്റെ അധരങ്ങളെ സ്പർശിക്കുന്നതിന് സെറാഫുകൾ ഉപയോഗിച്ച കൊടിലിന് (ഏശ. 6:6–7) സദൃശ്യമാണ് 'തർവോദോ' അഥവാ സ്പൂൺ. കാസായിലെ വീഞ്ഞിൽ വെള്ളം കലർത്തുന്നതിനും തിരുരക്തങ്ങൾ അനുഭവിക്കുന്നതിനും ഈ സ്പൂൺ ഉപയോഗിക്കുന്നു.

**9. ഗോമൂറോ, എസ്ഫൂഗോ**

ഏശയ്യാ പ്രവാചകൻ കണ്ട ദർശനത്തിൽ തന്റെ അധരത്തെ സ്പർശിച്ച തീക്കട്ടയുടെ പ്രതീകമാണ് (ഏശ. 6:6–7) തലയിണപോലെ ചതുരാകൃതിയിൽ ക്രമീകരിച്ചിരിക്കുന്ന ഗ്മൂർത്തോ. ത്രോണോസിൽ ഗ്മൂർത്തോയുടെ മുകളിലാണ് സ്പൂൺ വയ്ക്കുന്നത്. സ്ഥാപനവചനങ്ങൾക്കുശേഷം, ക്രിസ്തുവിന്റെ രാജകീയമായ രണ്ടാം വരവിനെ സൂചിപ്പിച്ചുകൊണ്ട് കാർമ്മികൻ ഗ്മൂർത്തോയുടെ മുകളിൽ സ്പൂൺ ഉയർത്തിയാണ് വിശ്വാസികളെ കാണിക്കുന്നത്. ചതുരാകൃതിയിൽ തയ്ച്ചെടുത്ത വെള്ളത്തുണിയാണ് എസ്ഫൂഗോ (സങ്കീഞ്ഞ്). നടുവിൽ കുരിശ്ശട

www.malankaralibrary.com


യാളമുള്ള ഈ തുണികൊണ്ടാണ് പൂജാപാത്രങ്ങൾ കഴുകി തുടയ്ക്കുകയും വിശുദ്ധ രഹസ്യങ്ങളിൽ സ്പർശിച്ചതിനുശേഷം പുരോഹിതൻ വിരലുകൾ തുടയ്ക്കുകയും ചെയ്യുന്നത്.

**10. മ്കബ്ലാന**

സമാഗമകൂടാരത്തെ ആവരണം ചെയ്തിരുന്ന മേഘത്തിന്റെ (പുറ. 33:9) പ്രതീകമാണ് മ്കബ്ലാന അഥവാ ഹൂഫോയോ. ഹൂഫോയോ എന്ന വാക്കിന്റെ അർത്ഥം 'മൂടി' എന്നാണ്. വി. കുർബാനയിൽ കാസായും പീലാസയും മൂടാനുപയോഗിക്കുന്ന പട്ടുതുണി കൊണ്ടുള്ള മൂടിയാണ് മ്കബ്ലാന.

**11. ശോശപ്പാ**

കാഴ്ചവസ്തുക്കൾ മൂടുന്നതിന് ഉപയോഗിക്കുന്ന വലിയ തുണിയാണ് ശോശപ്പാ. അക്കേഡിയൻ ഭാഷയിൽ നിന്ന് സുറിയാനിയിലേക്കുവന്ന പദമാണിത്. 'മൂടി', 'തൂവാല', എന്നൊക്കെയാണ് ഈ പദത്തിനർത്ഥം. ഇസ്രായേൽ ജനത്തിന് വെള്ളം ഒഴുക്കിക്കൊടുത്ത നീരുറവയെ ആവരണം ചെയ്ത തീക്കൽപ്പാറയോടും, കർത്താവിന്റെ കല്ലറ അടയ്ക്കാൻ ഉപയോഗിച്ച കല്ലിനോടും ശോശപ്പായെ ഉപമിക്കുന്നു.

**12. അപ്പവും വീഞ്ഞും**

ക്രിസ്തുവിന്റെ മുൻകുറിയായ മൽക്കിസദെക്ക് കാഴ്ചയർപ്പിക്കുന്നതിന് ഉപയോഗിച്ച വസ്തുക്കളാണ് അപ്പവും വീഞ്ഞും. പുരാതന സഭയിൽ പുളിപ്പുള്ള അപ്പമാണ് ഉപയോഗിച്ചിരുന്നതെന്ന് മാർ അപ്രേം സാക്ഷിക്കുന്നു. നമ്മുടെ കർത്താവ് ആദ്യം ആശീർവദിച്ച അപ്പത്തിന്റെ ഒരംശം ശ്ലീഹന്മാർ സൂക്ഷിച്ചുവച്ചുവെന്നും ആ വിശിഷ്ടഭാഗം ഗോതമ്പുമാവിനോട് ചേർത്ത് പുളിപ്പിച്ചു എന്നുമാണ് പാരമ്പര്യം. പുളിപ്പ് ജീവന്റെ സാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്നു. യേശു ഞാൻ ജീവന്റെ അപ്പമാണ് എന്ന് (യോഹ. 6:35) ഉച്ചരിച്ചപ്പോൾ 'ലഹ്മോ' എന്ന സുറിയാനി പദമാണ് ഉപയോഗിച്ചിരിക്കുന്നത്. പുളിപ്പുള്ള അപ്പം 'ഹമ്മീറ' എന്നറിയപ്പെടുമ്പോൾ പുളിപ്പില്ലാത്ത അപ്പം 'പത്തീറ' എന്നാണറിയപ്പെടുന്നത്. പൗരസ്ത്യസഭകൾ വി. കുർബാനയ്ക്കായി ഹമ്മീറ ഉപയോഗിക്കുമ്പോൾ പാശ്ചാത്യസഭകൾ പത്തീറയാണ് ഉപയോഗിക്കുന്നത്. മുന്തിരിച്ചെടിയുടെ ചാറായ വീഞ്ഞാണ് വി. കുർബാന സ്ഥാപിച്ചപ്പോൾ യേശു ഉപയോഗിച്ചത്. യേശുവിന്റെ രക്തത്തിന്റെ പ്രതിരൂപമായ വീഞ്ഞ് മിശിഹാ പ്രദാനം ചെയ്യുന്ന പ്രത്യാശയുടെയും സന്തോഷത്തിന്റെയും പ്രതീകമാണ്.

www.malankaralibrary.com

**13. ദർഗാ**

മദ്ബഹായിൽ ത്രോണോസിന് താഴെയുള്ള പടിയാണ് ദർഗാ. ദർഗാ എന്ന വാക്കിന്റെ അർത്ഥം 'പദവി' എന്നാണ്. പൗരോഹിത്യ പദവിയിലുള്ളവർ ഈ പടിയിൽ നിന്നുകൊണ്ടാണ് ബലി അർപ്പിക്കുന്നത്. ശുശ്രൂഷകർ ദർഗായിൽ കയറുവാൻ പാടില്ല. നമ്മുടെ കർത്താവ് വി. കുർബാന അർപ്പിക്കുന്നതിനുവേണ്ടി പ്രവേശിച്ച സെഹിയോൻ മാളികയെ ദർഗാ സൂചിപ്പിക്കുന്നു.

**14. ഏവൻഗേലിയോൻ പീഠം**

മദ്ബഹായിൽ ത്രോണോസിന്റെ നിരയിൽ തന്നെയാണ് ഏവൻഗേലിയോൻ പീഠത്തിന്റെ സ്ഥാനം. അപ്പത്തിന്റെ മേശയായ ത്രോണോസിനും, വചനത്തിന്റെ മേശയായ ഏവൻഗേലിയോൻ പീഠത്തിനും തുല്യ സ്ഥാനമാണെന്ന് ഇത് സൂചിപ്പിക്കുന്നു. ത്രോണോസും ഏവൻഗേലിയോൻ പീഠവും ഒരേ നിറത്തിലുള്ള വിരി കൊണ്ട് അലങ്കരിക്കാൻ കാരണം ഇതാണ്. ദൈവാലയത്തെ ഈശോയുടെ ശരീരമായി കണ്ടാൽ ഏവൻഗേലിയോൻ പീഠം ഈശോയുടെ നാവിന് സദൃശ്യമാണ്.

**15. സക്രാരി (മശ്കൻസബ്നാ)**

മദ്ബഹായിൽ വി. കുർബാന സൂക്ഷിക്കാൻ ക്രമീകരിച്ചിരിക്കുന്ന പേടകമാണ് സക്രാരി. കുടിൽ, കൂടാരം, പേടകം തുടങ്ങിയവയാണ് സക്രാരി എന്ന പദത്തിനർത്ഥം. പഴയനിയമജനത മന്ന സൂക്ഷിച്ചിരുന്ന സ്വർണ്ണ കലശത്തിന് (ഹെബ്രാ. 9:4) സദൃശ്യമാണ് സക്രാരി.

**16. അരുളിക്കാ**

വി. കുർബാന എഴുന്നള്ളിച്ച് വച്ച് ആരാധിക്കുന്നതിന് ഉപയോഗിക്കുന്ന പവിത്രീകൃതമായ അപ്പത്തിന്റെ സദൃശ്യത്തിലുള്ള പേടകമാണ് അരുളിക്ക. വിശുദ്ധരുടെ തിരുശേഷിപ്പ് വണക്കത്തിനായി പ്രതിഷ്ഠിക്കുന്നതിനും അരുളിക്കാ ഉപയോഗിക്കുന്നു.

**17. ധൂപക്കുറ്റി**

സുറിയാനി സഭയിൽ ധൂപാർപ്പണം നടത്തുന്നതിന് ഉപയോഗിക്കുന്ന വസ്തുവാണ് ധൂപക്കുറ്റി. ജറുസലേം ദൈവാലയത്തിലെ വിശുദ്ധ സ്ഥലത്ത് ധൂപപീഠമുണ്ടായിരുന്നു. സുഗന്ധ ധൂപാർപ്പണം വഴി വി. കുർബാന സ്വർഗ്ഗീയ ബലിയായിത്തീരുകയാണ്. ധൂപക്കുറ്റിയുടെ മേൽത്തട്ട് സ്വർഗ്ഗത്തെയും അടിത്തട്ട് ഭൂമിയെയും അതിൽ നിക്ഷേപിച്ചിരിക്കുന്ന കരി പാപികളായ മനുഷ്യരെയും അഗ്നി പരിശുദ്ധാത്മാവിനെയും സൂചിപ്പിക്കുന്നു. ധൂപക്കുറ്റിയുടെ നാല് ചങ്ങലക

www.malankaralibrary.com


ളിൽ ഒന്നാമത്തേത് പിതാവായ ദൈവത്തെയും രണ്ടാമത്തേതും മൂന്നാമത്തേതും മനുഷ്യാവതാരം ചെയ്ത യേശുവിന്റെ ദൈവത്വത്തെയും മനുഷ്യത്വത്തെയും സൂചിപ്പിക്കുന്നു. നാലാമത്തെ ചങ്ങല പരിശുദ്ധാത്മാവായ ദൈവത്തെയും സൂചിപ്പിക്കുന്നു. ചങ്ങലകളുടെ മുകളിലുള്ള തകിടും കൊളുത്തും വളയവും പരി. ത്രിത്വത്തിന്റെ യോജിപ്പിനെയും ഐക്യത്തെയും സൂചിപ്പിക്കുന്നു. ചങ്ങലകളിലുള്ള 12 മണികൾ 12 ശ്ലീഹന്മാരെയും 72 കണ്ണികൾ 72 അറിയിപ്പുകാരെയും സൂചിപ്പിക്കുന്നു. ദൈവമാതാവായ പരിശുദ്ധ കന്യകമറിയത്തെ ധൂപക്കുറ്റി സദൃശീകരിക്കുന്നു. ധൂപകുറ്റിയിലെ അഗ്നി പരിശുദ്ധ മറിയത്തിന്റെ ഉദരത്തിൽ വസിച്ച അഗ്നിയായ ദൈവത്തെ (ഹെബ്രാ. 12:29) സൂചിപ്പിക്കുന്നു.

**18. മർബഹാസാ**

മർബഹാസ മാലാഖമാരുടെ ചിറകടിച്ചുള്ള ദൈവസ്തുതിപ്പിനെ സൂചിപ്പിക്കുന്നു. വി. കുർബാന മധ്യേ പ്രത്യേക പ്രാധാന്യമുള്ള പ്രാർത്ഥനകളുടെ സമയത്താണ് മർബഹാസായും മണിയും ഉപയോഗിക്കുന്നത്.

**19. മെഴുകുതിരി**

പ്രകാശമായ ദൈവത്തെ മെഴുകുതിരി സൂചിപ്പിക്കുന്നു. വിശുദ്ധ ത്രോണോസിന്റെ കുരിശ്ശിനഭിമുഖമായി ക്രമീകരിച്ചിട്ടുള്ള തിരി പിതാവായ ദൈവത്തെയും കുരിശിന്റെ വടക്കുവശത്തുള്ള തിരി പുത്രനായ ദൈവത്തെയും തെക്കുവശത്തുള്ള തിരി പരിശുദ്ധ റൂഹായായ ദൈവത്തെയും സൂചിപ്പിക്കുന്നു.

**20. തിരശ്ശീല**

ക്രൈസ്തവ ദൈവാലയങ്ങളിൽ മദ്ബഹായെയും ഹൈക്കലായെയും തമ്മിൽ വേർതിരിക്കാൻ ഉപയോഗിക്കുന്ന മറയാണ് തിരശ്ശീല. പരിശുദ്ധ മദ്ബഹ സ്വർഗ്ഗത്തെയും, ഹൈക്കല ഭൂമിയെയും സൂചിപ്പിക്കുമ്പോൾ ഇവയ്ക്കു രണ്ടിനും മധ്യേയുള്ള മറ ആകാശത്തെ സൂചിപ്പിക്കുന്നു. യേശുവിന്റെ ശരീരത്തിന് സദൃശ്യമാണ് തിരശ്ശീല. തന്റെ ശരീരമാകുന്ന തിരശ്ശീലയിലൂടെ അവൻ നമുക്കായി നവീനവും സജീവവുമായ ഒരു പാത തുറന്നു തന്നിരിക്കുന്നു (ഹെബ്രാ. 10:20). ദൈവസാന്നിധ്യത്തിലേക്ക് നാം പ്രവേശിക്കുന്നത് യേശുവിന്റെ ശരീരമായ മറയിലൂടെയാണ്. ദൈവാലയത്തിന്റെ തിരശ്ശീല ദൈവവും മനുഷ്യനും തമ്മിലുള്ള രഹസ്യാത്മക ബന്ധത്തെയും സൂചിപ്പിക്കുന്നു. മലങ്കര കുർബാനയിൽ മറ അടയ്ക്കുന്നതും തുറക്കുന്നതും 3 സമയങ്ങളിലാണ്.

www.malankaralibrary.com

**i) ഒരുക്കശുശ്രൂഷയുടെ സമയത്ത് മറ അടയ്ക്കുകയും പരസ്യ ശുശ്രൂഷയുടെ ആരംഭത്തിൽ മറ തുറക്കുകയും ചെയ്യുന്നു**

പഴയനിയമകാലഘട്ടം പൂർത്തിയായി പുതിയനിയമത്തിന്റെ കാലം ആരംഭിച്ചുവെന്നും, മനുഷ്യന്റെ പാപംമൂലം അടയ്ക്കപ്പെട്ടിരുന്ന സ്വർഗ്ഗം ലോകത്തിന്റെ പ്രകാശവും ദൈവത്തിന്റെ തേജസ്സുമായവന്റെ മനുഷ്യാവതാരത്താലും, പെസഹാ രഹസ്യങ്ങളാലും മനുഷ്യരക്ഷസാധ്യമായെന്നും സ്വർഗ്ഗം തുറക്കപ്പെട്ടുവെന്നും മറ തുറക്കുന്നതിലൂടെ വ്യക്തമാക്കുന്നു.

**ii) ഖണ്ഡന ശുശ്രൂഷയുടെ സമയം**

യേശുവിന്റെ കുരിശ്ശുമരണസമയത്ത് ഭൂമിയിൽ ആറാം മണിക്കൂർ മുതൽ ഒൻപതാം മണിക്കൂർ വരെ അന്ധകാരം വ്യാപിച്ചതിനെ സൂചിപ്പിക്കാൻ ഈ സമയത്ത് മറയിടുന്നു. ക്രിസ്തുവിന്റെ പീഢാനുഭവവും കുരിശുമരണവും കബറടക്കവും രഹസ്യാത്മകമായി തിരശ്ശീലയക്കുള്ളിൽ അനുസ്മരിക്കപ്പെടുന്നതിനാലാണ് ഈ സമയം മറ ഇടുന്നത്. അപ്പം മുറിക്കൽ ശുശ്രൂഷയുടെ അവസാനം ഉയിർപ്പിനെ സൂചിപ്പിച്ചുകൊണ്ട് പീലാസായിൽ വച്ചിരിക്കുന്ന തിരുശരീരം ഉയർത്തി റൂശ്മ ചെയ്ത് തബ്ലീത്തായിൽ വയ്ക്കുമ്പോൾ മറ തുറക്കുന്നു. കർത്താവിന്റെ മരണവും ഉത്ഥാനവും വഴി ദൈവത്തെ പിതാവെന്ന് വിളിക്കാനുള്ള അവകാശം ലഭ്യമാകുകയും ചെയ്തു. ഈ അർത്ഥത്തിലാണ് ഖണ്ഡന ശുശ്രൂഷയെ തുടർന്ന് 'സ്വർഗ്ഗസ്ഥനായ പിതാവേ...' എന്ന പ്രാർത്ഥന ചൊല്ലുന്നത്.

**iii) കുക്കിലിയോന്റെ അവസാനം കാർമ്മികൻ വിശ്വാസികളോട് പ്രാർത്ഥനാ സഹായം അപേക്ഷിക്കുന്നതിനുശേഷം**

ക്രിസ്തു ശിഷ്യന്മാരിൽ നിന്ന് മറയുകയും സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെട്ട് പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായി എന്നതിനെ സൂചിപ്പിക്കാനാണ് മറ ഇടുന്നത്. മഹത്വപൂർണ്ണമായ രക്ഷകന്റെ രണ്ടാം വരവിൽ പ്രതീക്ഷിച്ചിരിക്കുന്ന മണവാട്ടിയായ സഭയ്ക്കുമുന്നിൽ സ്വർഗ്ഗം തുറന്ന് അവൻ പ്രത്യക്ഷനാകുന്നതിനെ സൂചിപ്പിച്ചുകൊണ്ടാണ് മറ തുറക്കുന്നത്.

## 4.4 അംശവസ്ത്രങ്ങൾ

വിശുദ്ധ കർമ്മങ്ങൾ അനുഷ്ഠിക്കുമ്പോൾ കാർമ്മികൻ ധരിക്കുന്ന വിശേഷ വസ്ത്രങ്ങളാണ് അംശവസ്ത്രങ്ങൾ. മേൽപട്ടക്കാരുടെയും

www.malankaralibrary.com


പട്ടക്കാരുടെയും സ്ഥാനക്രമം അനുസരിച്ച് ഈ അംശവസ്ത്രങ്ങളിൽ വ്യത്യാസമുണ്ട്.

## I. മേൽപ്പട്ടക്കാർ

### 1. മസ്നപ്സാ

പൗരസ്ത്യസഭയിൽ സന്ന്യാസം സ്വീകരിച്ചവരുടെ ശിരസ്സിൽ ധരിക്കുന്ന വസ്ത്രമാണ് മസ്നപ്സാ. 'കുബ് ഊനോ' എന്നും ഇത് അറിയപ്പെടുന്നു. പൗരസ്ത്യ പാരമ്പര്യമനുസരിച്ച് സന്ന്യാസികളാണ് മേൽപ്പട്ട സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നത്. അതിനാലാണ് നമ്മുടെ സഭയിൽ മെത്രാഭിഷേകത്തിനുമുമ്പ് അർത്ഥിക്ക് റമ്പാൻ പട്ടം നൽകുന്നത്. മസ്നപ്സായുടെ മുകൾഭാഗത്തുള്ള 12 ചെറിയ കുരിശുകൾ ശ്ലീഹന്മാരെയും പിറകിലുള്ള വലിയ കുരിശ് നമ്മുടെ കർത്താവിനെയും സൂചിപ്പിക്കുന്നു. മസ്നനപ്സാ പരിത്യാഗത്തിന്റെയും തപശ്ചര്യയുടെയും ജീവിതത്തെ സൂചിപ്പിക്കുന്നു.

### 2. ശീലമുടി

ആരാധനയുടെ മർമ്മപ്രധാനമായ ഭാഗങ്ങളിൽ മാത്രം മേല്പട്ടക്കാർ ശിരസ്സിൽ ധരിക്കുന്ന അംശവസ്ത്രമാണ് ശീലമുടി. ശീലമുടി മോശ അണിഞ്ഞ മൂടുപടത്തെ സൂചിപ്പിക്കുന്നു (പുറ. 34:33–35). ഇതിലുള്ള പ്രാവിന്റെ ചിത്രം പരിശുദ്ധാത്മാവിന്റെ കൃപാസമൃദ്ധിയെ കാണിക്കുന്നു. പെന്തിക്കോസ്തി ദിവസം പരിശുദ്ധ ശ്ലീഹന്മാർ പ്രാപിച്ച പരിശുദ്ധ റൂഹായുമായുള്ള ബന്ധം ചരിത്രപരമായി ഇടമുറിയാതെ ശ്ലൈഹിക പിൻതുടർച്ച വഴി മെത്രാന് ലഭിച്ചിരിക്കുന്നുവെന്ന് ശീലമുടി സൂചിപ്പിക്കുന്നു. 'കർത്താവിന്റെ മുഖശോഭ നമ്മിൽ പ്രകാശിപ്പിക്കട്ടെ' (സങ്കീ. 4:6) എന്ന് ചൊല്ലിക്കൊണ്ടാണ് മേല്പട്ടക്കാർ ശീലമുടി ധരിക്കുന്നത്.

### 3. പത്രസീൻ

കാപ്പയുടെ മുമ്പിലും പിമ്പിലുമായി നീണ്ടു നിൽക്കുന്ന പട്ടുതുണിയാണ് പത്രസീൻ. 'ഊറോറൊ റാബോ' എന്നാണ് ഇതിന്റെ സുറിയാനി നാമം. മഹാപുരോഹിതന്റെ അധികാരത്തെ ഇത് സൂചിപ്പിക്കുന്നു. മേൽപ്പട്ടക്കാരൻ സഭയിലെ വിശുദ്ധ കൂദാശകളുടെയും സത്യവിശ്വാസത്തിന്റെയും കാവൽക്കാരനാണെന്നും വിശുദ്ധ ശുശ്രൂഷകളുടെ നടത്തിപ്പിന്റെ നായകനാണെന്നും സഭയുടെ ഭരണ കർത്താവാണെന്നും പത്രസീൻ ഓർമ്മപ്പെടുത്തുന്നു. 'സത്യവിശ്വാസമാകുന്ന പാറ

www.malankaralibrary.com

മേൽ അവൻ എന്നെ ഉറപ്പിച്ചു നിർത്തും' എന്ന് ചൊല്ലിക്കൊണ്ടാണ് മേൽപ്പട്ടക്കാരൻ പത്രസീൻ ധരിക്കുന്നത്.

**4. സ്ഥാനമുദ്രകൾ**

**a) കുരിശുമാല**

ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ അടയാളമായിട്ടാണ് മേൽപ്പട്ടക്കാരൻ കുരിശുമാല ധരിക്കുന്നത്. ക്രിസ്തുവിനെപ്പോലെ തന്റെ ഭദ്രാസനത്തിലെ ആടുകൾക്കുവേണ്ടി മെത്രാൻ ജീവൻ ബലികഴിക്കാൻ ബാദ്ധ്യസ്ഥനാണ്. 'അവനെ ഉറ്റുനോക്കി അവനിൽ ശരണപ്പെടുവിൻ, നിങ്ങൾ ലജ്ജിക്കേണ്ടി വരികയില്ല' (സങ്കീ. 34:5) എന്ന സങ്കീർത്തനം ചൊല്ലിക്കൊണ്ടാണ് മെത്രാൻ കുരിശുമാല ധരിക്കുന്നത്.

**b) മോതിരം**

വിശ്വസ്തതയുടെയും അധികാരത്തിന്റെയും അടയാളമാണ് മോതിരം. മേൽപ്പട്ടക്കാരൻ തന്റെ രൂപതയുമായി വിവാഹ ഉടമ്പടിയിൽ ഏർപ്പെട്ടിരിക്കുന്നുവെന്ന് മോതിരം സൂചിപ്പിക്കുന്നു.

**c) അംശവടി**

മെത്രാൻ വിശ്വാസികളുടെ നല്ല ഇടയനാണെന്ന് അംശവടി സൂചിപ്പിക്കുന്നു. തന്റെ ഭരണാധികാരത്തിന്റെ അടയാളമായി മെത്രാൻ അംശവടി വഹിക്കുന്നു. മെത്രാൻ സർപ്പങ്ങളെപ്പോലെ വിവേകമുള്ളവനായിരിക്കണമെന്ന് (മത്താ. 10:16) അംശവടിയുടെ മുകളിലെ അറ്റത്തുള്ള സർപ്പാകൃതി സൂചിപ്പിക്കുന്നു. പഴയനിയമ ജനതയുടെ നേതാക്കന്മാരായിരുന്ന മോശയുടെയും അഹറോന്റെയും വടികൾ അംശവടിയുടെ പ്രതിരൂപങ്ങളാണ് (പുറ. 4:2-3, 14:16, 17:10). 'നിന്റെ ശത്രുക്കളുടെമേൽ നിനക്കധികാരം ലഭിക്കും (സങ്കീ. 110:2) എന്ന് ചൊല്ലിക്കൊണ്ടാണ് അംശവടി വഹിക്കുന്നത്.

**d) സ്ലീബാ**

ദൈവജനത്തിന് ആശീർവാദം നൽകാനാണ് മേൽപ്പട്ടക്കാരൻ സ്ലീബാ ഉപയോഗിക്കുന്നത്. നമ്മുടെ കർത്താവിന്റെ പ്രതീകമാണ് സ്ലീബാ. അത് തിന്മയ്ക്കെതിരെയുള്ള ആയുധമാണ്.

**II) വൈദികരുടെ അംശവസ്ത്രങ്ങൾ**

**1. കറുത്ത കുപ്പായം**

ആരാധനയുടെ ഒരുക്കവസ്ത്രമായിട്ടാണ് കറുത്ത കുപ്പായം ധരിക്കുന്നത്. ആരാധനാ സമൂഹത്തിന്റെ നേതാവായ പട്ടക്കാരൻ ദൈവജനത്തിന്റെ പാപഭാരം വഹിച്ചിരിക്കുന്നുവെന്ന് ഇത് കാണിക്കുന്നു.

www.malankaralibrary.com


2. **വെള്ളയങ്കി/ആൽബ്**

മലയിൽ വച്ച് യേശു രൂപാന്തരപ്പെട്ടപ്പോൾ അവന്റെ വസ്ത്രം പ്രകാശംപോലെ ധവളമായി കാണപ്പെട്ടു. ഈ ധവളവസ്ത്രത്തിന്റെ പ്രതീകമാണ് ആൽബ്. സുറിയാനിയിൽ 'കുത്തീനൊ' എന്നും അറിയപ്പെടുന്നു. കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രങ്ങൾ കഴുകി വെളിപ്പിച്ച, വിശുദ്ധർ ധരിക്കുന്ന വെള്ളയങ്കിക്കു സദൃശ്യമാണ് ആൽബ് (വെളി. 7:9-14). 'അനശ്വര വസ്ത്രം എന്നെ ധിരിപ്പിക്കണമെ' എന്ന് ചൊല്ലിക്കൊണ്ടാണ് പട്ടക്കാരൻ കുത്തീനൊ ധരിക്കുന്നത്. ആത്മാവിനും ശരീരത്തിനും ആവശ്യമായ നൈർമല്യത്തെയും പരിശുദ്ധിയെയും കുറിച്ച് വെള്ളയങ്കി നമ്മെ ഓർമ്മപ്പെടുത്തുന്നു.

3. **ഹയ്മ്നിയ**

പട്ടക്കാരന്റെ അധികാര ചിഹ്നമായ ഹയ്മ്നിയ വി. പൗലോസ് ശ്ലീഹാ ഓർമ്മപ്പെടുത്തുന്ന നീതിയുടെ കവചമാണ് (എഫേ. 6:14). നമ്മുടെ കർത്താവ് തോളിൽ വഹിച്ച കുരിശിന്റെ സദൃശ്യമാണ് ഹയ്മ്നിയ. 'യുദ്ധത്തിൽ എന്നെ ശക്തി ധരിപ്പിക്കുകയും എനിക്കെതിരായി നിൽക്കുന്നവരെ എന്റെ മുമ്പിൽ വീഴ്ത്തുകയും ചെയ്യണമേ' എന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടാണ് ഹയ്മ്നിയ ധരിക്കുന്നത്. നാരകീയ ശക്തികൾക്കെതിരെ യുദ്ധത്തിന് പുറപ്പെടുന്നവർ ധരിക്കുന്ന പരിചയോടും ഹയ്മ്നിയായെ ഉപമിക്കാം.

4. **ഇടക്കെട്ട്**

ഇടക്കെട്ട് അഥവാ 'സൂനോറോ' ഇന്ദ്രിയനിഗ്രഹത്തിന്റെ പ്രതീകമാണ്. അന്ത്യത്താഴ സമയത്ത് നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി തുടയ്ക്കുന്നതിന് അരയിൽ കെട്ടിയ തൂവാലയ്ക്ക് (യോഹ. 13:4) സദൃശ്യമാണിത്. 'നിങ്ങൾ സത്യം കൊണ്ട് അരമുറുക്കുവിൻ' (എഫേ. 6:19) എന്ന വി. പൗലോസ് ശ്ലീഹായുടെ ഓർമ്മപ്പെടുത്തൽ ഇടക്കെട്ട് ധരിക്കുന്നതിലൂടെ നിവർത്തിയാവുകയാണ്. പരാക്രമശാലിയുടെ വാളിനോട് ആണ് ഇടക്കെട്ട് ധരിക്കുമ്പോഴുള്ള പ്രാർത്ഥന ബന്ധിപ്പിച്ചിരിക്കുന്നത്.

5. **കൈയ്യുറകൾ**

സുറിയാനിയിൽ ഇവ 'സെൻദോ' എന്നറിയപ്പെടുന്നു. വിശ്വാസമെന്ന പരിച ഒരു കൈയിലും ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ മറ്റേകൈയിലും എടുക്കണമെന്നുള്ള പൗലോസ് ശ്ലീഹായുടെ ഓർമ്മപ്പെടുത്തൽ (എഫേ. 6:16-17) പുരോഹിതൻ ഇരു കൈകളിലും കൈയ്യുറകൾ ധരിക്കുമ്പോൾ പൂർത്തീകരിക്കപ്പെടുന്നു. ദൈവത്തിന്റെ വിശുദ്ധ

www.malankaralibrary.com

ശുശ്രൂഷകൾക്ക് കരങ്ങളെ സമർപ്പിക്കുന്നതിന്റെ പ്രതീകമാണിത്. കൈയ്യുറകൾ ധരിക്കുമ്പോൾ പുരോഹിതൻ തന്റെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളാക്കണമെന്ന് പ്രാർത്ഥിക്കുന്നു.

**6. കാപ്പാ**

കൂദാശകൾ അനുഷ്ഠിക്കുന്നതിനുവേണ്ടി ദൈവാലയത്തിൽ മേൽപ്പട്ടക്കാരും പട്ടക്കാരും ധരിക്കുന്ന വിശേഷ വസ്ത്രമാണ് കാപ്പാ. നീതിയുടെയും വിശുദ്ധിയുടെയും വസ്ത്രമാണിത്. ദൈവാലയം മുഴുവൻ നിറഞ്ഞുനിന്നതായി ഏശയ്യാ ദർശിച്ച കർത്താവിന്റെ വസ്ത്രത്തിന്റെ (ഏശ. 6:1) പ്രതീകമായ കാപ്പാ ദൈവമഹത്വത്തെയും രക്ഷയെയും സൂചിപ്പിക്കുന്നു. 'നിന്റെ പുരോഹിതന്മാരെ രക്ഷയും നിന്റെ നീതിമാന്മാരെ മഹത്വവും ധരിപ്പിക്കണമേ' എന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടാണ് പുരോഹിതൻ കാപ്പാ ധരിക്കുന്നത്.

**7. കുർബാനച്ചെരുപ്പ്**

ഏശയ്യാ പ്രവാചകൻ കണ്ട ദർശനത്തിൽ 'സെറാഫുകൾ ദൈവതിരുമുമ്പാകെ പാദങ്ങൾ മറച്ചിരുന്നു. (ഏശ. 6:2) ഇതിനെ അടിസ്ഥാനമാക്കിയാണ് പുരോഹിതന്മാർ ചെരുപ്പ് ധരിക്കുന്നത്. തുകൽകൊണ്ട് നിർമ്മിക്കാൻ പാടില്ലാത്ത ഈ ചെരുപ്പ് ദൈവാലയത്തിലെ ശുശ്രൂഷകൾക്ക് മാത്രമേ ഉപയോഗിക്കുകയുള്ളു. 'ശത്രുവിന്റെ എല്ലാ ശക്തിയെയും ജഡിക വികാരങ്ങളെയും ചവിട്ടുവാൻ എന്നെ സഹായിക്കണമെ' എന്ന് പ്രാർത്ഥിച്ചുകൊണ്ടാണ് പട്ടക്കാർ കുർബാന ച്ചെരുപ്പ് ധരിക്കുന്നത്.

**ഉപസംഹാരം**

ദൈവീകസാന്നിദ്ധ്യങ്ങൾ നാലാണ്; സാർവ്വത്രിക സാന്നിദ്ധ്യം, വാഗ്ദാനസാന്നിദ്ധ്യം, പ്രതിഷ്ഠിത സാന്നിദ്ധ്യം, ദിവ്യകാരുണ്യസാന്നിദ്ധ്യം. ഈ നാലുതരം സാന്നിദ്ധ്യങ്ങളുടെയും സമാഗമവേദിയാണ് ദൈവാലയം. ദൈവാലയത്തിന്റെ വിവിധങ്ങളായ പ്രതീകങ്ങളെക്കുറിച്ചും ദൈവാലയ ഘടനയെക്കുറിച്ചും ദൈവാലയത്തിൽ ഉപയോഗിക്കുന്ന വിശുദ്ധവസ്തുക്കളെക്കുറിച്ചുമുള്ള അറിവ് ഓരോ വിശ്വാസിയിലും തീക്ഷണത ജനിപ്പിക്കട്ടെ.

❖

www.malankaralibrary.com

# ഭാഗം 4
# ചില ചോദ്യങ്ങൾ

www.malankaralibrary.com

www.malankaralibrary.com

അദ്ധ്യായം 1

# ദൈവശാസ്ത്ര ചോദ്യങ്ങൾ

1. **മലങ്കര സുറിയാനി കത്തോലിക്കാ സഭ ഉപയോഗിക്കുന്ന ആരാധന ക്രമം?**

   ➢ അന്ത്യോക്യൻ ആരാധനാക്രമം

2. **മലങ്കര പാരമ്പര്യമനുസരിച്ച് മദ്ബഹാ ദൈവാലയത്തിന്റെ കിഴക്ക് വശത്ത് ക്രമീകരിക്കുന്നതിന്റെ കാരണമെന്ത്?**

   ➢ മദ്ബഹാ സ്വർഗ്ഗത്തിന്റെ, പറുദീസായുടെ പ്രതീകമാണ്. വിശുദ്ധ ഗ്രന്ഥാടിസ്ഥാനത്തിൽ 'ദൈവത്തിന്റെ മഹത്വം, അതാ, കിഴക്കു നിന്ന് വരുന്നു' (എസെ. 43:2) എന്നതിനെ ഇത് സൂചിപ്പിക്കുന്നു.

3. **മലങ്കര പാരമ്പര്യമനുസരിച്ച് ബലി അർപ്പിക്കുന്ന ബലിപീഠത്തിന് നല്കുന്ന പേരെന്ത്?**

   ➢ ത്രോണോസ് (സിംഹാസനം)

4. **ത്രോണോസിന്റെ വലത്ത് വശത്ത് ഏവൻഗേലിയോൻ പീഠം സ്ഥാപിക്കുന്നതിന്റെ കാരണം?**

   ➢ ഉയിർത്തെഴുന്നേറ്റ ക്രിസ്തു പിതാവിന്റെ വലതുഭാഗത്തിരിക്കുന്നു എന്ന വേദപുസ്തക പാരമ്പര്യമനുസരിച്ച് (ലൂക്ക. 20: 42, 22:69, അപ്പ. 2:33, റോമ. 8:34)

5. **മലങ്കര പാരമ്പര്യമനുസരിച്ച് ത്രോണോസിന്റെ മധ്യത്തിൽ സ്ഥാപിക്കുന്ന കുരിശിന്റെ പ്രത്യേകത ?**

   ➢ യേശുവിന്റെ രക്ഷാകരമായ പീഢാനുഭവത്തെയും മരണത്തെ ജയിച്ച പുനരുത്ഥാനത്തെയും രണ്ടാം വരവിനെയും സൂചിപ്പിച്ചു കൊണ്ട് ക്രൂശിതരൂപമില്ലാത്ത കുരിശ് ഉപയോഗിക്കുന്നു. മലങ്കര പാരമ്പര്യമനുസരിച്ച് ഉയിർപ്പിന് പ്രാധാന്യം നല്കുന്നതിനാലാണിത്.

www.malankaralibrary.com

**6. വി. കുർബാനയുടെ പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ ചൊല്ലുന്ന "സ്വഭാവപ്രകാരം മരണമില്ലാത്തതിനും..." എന്ന മാനീസ രചിച്ചതാര്? അതിന്റെ ഉള്ളടക്കം എന്ത്?**

➢ അന്ത്യോക്യായിലെ മാർ സേവേറിയോസ്. ക്രിസ്തുവിന്റെ മനുഷ്യാവതാരവും കുരിശുമരണവുമാണ് ഈ പ്രാർത്ഥനയുടെ ഉള്ളടക്കം.

**7. മലങ്കര പാരമ്പര്യമനുസരിച്ച് വി. കുർബാനയിൽ എന്തെല്ലാം കാര്യങ്ങൾ അനുസ്മരിക്കുന്നു?**

➢ രക്ഷാകരചരിത്രം മുഴുവൻ

**8. മലങ്കര പാരമ്പര്യമനുസരിച്ച് വി. കുർബാന ആരംഭിക്കുന്നത് എപ്പോൾ?**

➢ യാമനമസ്കാരത്തോടുകൂടി

**9. വി. കുർബാനയിൽ അപ്പവും വീഞ്ഞും ബലിപീഠത്തിൽ ഒരുക്കിവയ്ക്കുന്ന ശുശ്രൂഷ ഏത്?**

➢ മൽക്കിസദേക്കിന്റെ ക്രമം

**10. മലങ്കര പാരമ്പര്യമനുസരിച്ച് അപ്പവീഞ്ഞുകളുടെ സത്താമാറ്റം നടക്കുന്നത് എപ്പോഴാണ്?**

➢ പാശ്ചാത്യസഭയുടെ പാരമ്പര്യമനുസരിച്ച് വി. കുർബാനയുടെ സ്ഥാപന വചനങ്ങൾ ഉച്ചരിക്കുന്ന സമയത്താണ് അപ്പവീഞ്ഞുകൾ ഈശോയുടെ തിരുശരീരരക്തമായി മാറുന്നത്. എന്നാൽ അന്ത്യോക്യൻ പാരമ്പര്യമനുസരിച്ച് ഈയൊരു സത്താമാറ്റത്തിന് പ്രത്യേകമായ ഒരു മുഹൂർത്തമില്ല. ഈ കാഴ്ചവസ്തുക്കളുടെ പരിണാമം സംഭവിക്കുന്നത് അന്നാഫുറ മുഴുവനിലുമാണ്. പൗരസ്ത്യ പാരമ്പര്യത്തിൽ സ്ഥാപനവചനങ്ങളേക്കാൾ പ്രാധാന്യം പരിശുദ്ധാത്മാഭിഷേകത്തിനാണ് (Epiklesis). ഈശോയുടെ തിരുശരീരരക്തമായി മാറുന്ന ഒരു പ്രധാനപ്പെട്ട മുഹൂർത്തം ഈ പരിശുദ്ധാത്മാഭിഷേക സമയമാണ്.

**11. വി. കുർബാനയിലെ രഹസ്യശുശ്രൂഷയിലെ രണ്ടാമത്തെ ക്രമം അറിയപ്പെടുന്നതെങ്ങനെ?**

➢ അഹറോന്റെ ക്രമം

**12. ബലിപീഠത്തിൽ ഒരുക്കി വച്ചിരിക്കുന്ന കാഴ്ച വസ്തുക്കളുടെ മേൽ ധൂപാർപ്പണം നടത്തുന്നത് എത്രാമത്തെ ശുശ്രൂഷയിലാണ്?**

➢ രണ്ടാമത്തെ (അഹറോന്റെ ക്രമം)

www.malankaralibrary.com


**13. വി. കുർബാനയിൽ അർപ്പിക്കപ്പെട്ട വീഞ്ഞിൽ വെള്ളം കലർത്തുന്നതിന്റെ അർത്ഥമെന്ത്?**

➢ യേശുക്രിസ്തുവിന്റെ ദൈവത്വം മനുഷ്യത്വവുമായി യോജിച്ചതിനെ സൂചിപ്പിക്കുന്നതിന്.

**14. വി. കുർബാനയിൽ കാർമ്മികൻ ധരിക്കുന്ന അംശവസ്ത്രങ്ങൾ ഏത് പൗരോഹിത്യത്തിന്റെ ഭാഗമാണ്?**

➢ അഹറോനിൽ ആരംഭിച്ച പൗരോഹിത്യത്തിന്റെ (പുറ. 28:2)

**15. വി. കുർബാനയുടെ ഒരുക്കശുശ്രൂഷയിൽ പുരോഹിതൻ ആദ്യമായി കുന്തിരിക്കം ധൂപകുറ്റിയിൽ നിക്ഷേപിക്കുന്നത് ആരുടെ ബഹുതിക്കും മഹിമയ്ക്കും വേണ്ടിയാണ്?**

➢ പരിശുദ്ധ ത്രിത്വത്തിന്റെ (തക്സാ വിശുദ്ധ കുർബാന, 2007, പേജ് 18)

**16. രഹസ്യ ശുശ്രൂഷയിലെ അനുസ്മരണ പ്രാർത്ഥനയിൽ ആദം മുതൽ ഇന്നുവരെ ജീവിച്ചിരുന്നതും ജീവിച്ചിരിക്കുന്നവരുമായ എല്ലാവരെയും ഓർക്കുന്നതിന്റെ സൂചനാപരമായ അർത്ഥമെന്താണ്?**

➢ സൃഷ്ടികർമ്മം മുതൽ ആരംഭിച്ച ദൈവത്തിന്റെ രക്ഷാകരപദ്ധതിയെ മുഴുവൻ വി. കുർബാനയിൽ അനുസ്മരിക്കുമ്പോൾ കഴിഞ്ഞകാലവും വർത്തമാനകാലവും, പരസ്പരം തമ്മിൽ ബന്ധിപ്പിക്കുന്നു.

**17. വി. കുർബാനയുടെ പരസ്യശുശ്രൂഷ ആരംഭിക്കുമ്പോൾ മറ നീക്കുന്നതിന്റെ അർത്ഥം?**

➢ പിതാവിനോടൊപ്പം അദൃശ്യനായിരിക്കുന്ന പുത്രൻതമ്പുരാന്റെ മനുഷ്യാവതാര രഹസ്യമാണ് പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ അനുസ്മരിക്കുന്നത്. പഴയനിയമം അവസാനിക്കുകയും പുതിയനിയമം ആരംഭിക്കുകയും ചെയ്തു എന്നതിനെ സൂചിപ്പിക്കാനാണ് മറ നീക്കുന്നത്.

**18. പരസ്യശുശ്രൂഷ ആരംഭിക്കുന്നതിനുമുമ്പ് മറ ഇട്ടിരിക്കാൻ കാരണമെന്ത്?**

➢ രഹസ്യശുശ്രൂഷ പൂർണമായും വെളിവാകാത്ത രക്ഷാകര രഹസ്യത്തെ സൂചിപ്പിക്കുന്നു. മിശിഹായുടെ വരവിന് മുൻപുള്ള കാലത്തെക്കുറിച്ചാണ് രഹസ്യശുശ്രൂഷയിൽ അനുസ്മരിക്കുന്നത്. മിശിഹായാണ് വെളിപാടിന്റെ പൂർണത. ഇങ്ങനെ പൂർണമായും വെളിവാകാത്ത രക്ഷാകരരഹസ്യങ്ങൾ അനുസ്മരിക്കുന്ന സമയമായതുകൊണ്ടാണ് മറയിട്ടിരിക്കുന്നത്.

www.malankaralibrary.com

**19. പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ പരിശുദ്ധ മറിയത്തിന്റെയും സ്നാപക യോഹന്നാന്റെയും പേരുകൾ അനുസ്മരിക്കുന്നതിന്റെ കാരണം?**

➢ ക്രിസ്തുവിനെ ലോകത്തിന് പ്രദാനം ചെയ്തത് പരിശുദ്ധ മറിയവും, ക്രിസ്തുവിനെ ദൈവപുത്രനായി ലോകത്തിന് വെളിപ്പെടുത്തിക്കൊടുത്തത് സ്നാപകയോഹന്നാനും ആയതിനാലാണ്.

**20. ബലിയർപ്പിക്കുന്ന പുരോഹിതൻ ബലിമദ്ധ്യേ ദൈവത്തിന്റെയും ദൈവജനത്തിന്റെയും പ്രതിനിധിയാകുന്നതെങ്ങനെ?**

➢ പുരോഹിതൻ ബലിപീഠത്തിനഭിമുഖമായി നിൽക്കുമ്പോൾ അദ്ദേഹം ദൈവജനത്തിന്റെ പ്രതിനിധിയും ദൈവജനത്തിനഭിമുഖമായി നിൽക്കുമ്പോൾ ദൈവത്തിന്റെ പ്രതിനിധിയുമായി നിലകൊള്ളുന്നു.

**21. ബലിയർപ്പിക്കുന്ന പുരോഹിതൻ ബലിമദ്ധ്യേ തനിക്കുവേണ്ടി പ്രാർത്ഥനാസഹായം അഭ്യർത്ഥിക്കുന്ന സന്ദർഭങ്ങൾ ഏതൊക്കെ?**

➢ വി. കുർബാനയുടെ ആരംഭത്തിൽ

➢ വിശ്വാസപ്രമാണ സമയത്ത്

➢ വി. കുർബാന അനുഭവിക്കുന്നതിനുമുമ്പ്

➢ സമാപന ആശീർവാദ സമയത്ത്

**22. വി. കുർബാനയിലെ ത്രൈശുദ്ധ കീർത്തനത്തിൽ പ്രത്യേകമായി സ്മരിക്കുന്നത് എന്തൊക്കെ?**

➢ യേശുവിന്റെ ദൈവത്വത്തെയും ശക്തിയെയും അമർത്യതെയും നാം ഏറ്റ് പറയുകയും കരുണ യാചിക്കുകയും ചെയ്യുന്നു.

**23. മലങ്കര ആരാധനാക്രമത്തിലെ ത്രൈശുദ്ധ കീർത്തനത്തിന്റെ പ്രത്യേകത എന്ത്?**

➢ മറ്റെല്ലാ ആരാധനാക്രമങ്ങളിലും ത്രൈശുദ്ധ കീർത്തനത്തിൽ പരിശുദ്ധ ത്രിത്വത്തെ അഭിസംബോധന ചെയ്യുമ്പോൾ അന്ത്യോക്യൻ ആരാധനക്രമം ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാനെ മാത്രം അഭിസംബോധന ചെയ്യുന്നു.

**24. സുവിശേഷ വായനയ്ക്കു മുമ്പ് കാതോലിക ലേഖനവും പൗലോസ് ശ്ലീഹായുടെ ലേഖനവും വായിക്കുന്നതിന്റെ അർത്ഥമെന്ത്?**

➢ സുവിശേഷത്തിലൂടെ വചനമായ ദൈവം നേരിട്ട് സംവദിക്കുന്നതിന് മുന്നോടിയായി അവനെ അറിയാൻ, അവനെ നേരിട്ട്

www.malankaralibrary.com


കേൾക്കാൻ വിശ്വാസിയെ ഒരുക്കുക എന്ന അർത്ഥമാണ് ഈ വായനകളിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

**25. ഏവൻഗേലിയോൻ വായനയ്ക്കുമുമ്പ് 'ദൈവത്തിന്റെ ജീവനുള്ള വചനങ്ങൾ ആദരവോടും ഭക്തിയോടും കൂടെ നാം ശ്രദ്ധിച്ചു കേൾക്കണമെന്ന്' ശുശ്രൂഷകൻ ഓർമ്മിപ്പിക്കുന്നതിന് കാരണ മെന്ത്?**

➢ വചനമായ ദൈവം നമ്മോട് നേരിട്ട് സംസാരിക്കുന്നതിനാൽ.

**26. ഏവൻഗേലിയോൻ വായനയുടെ ആദ്യം 'നിങ്ങൾക്കെല്ലാ വർക്കും സമാധാനം ഉണ്ടായിരിക്കട്ടെ' എന്ന് പുരോഹിതൻ ആശംസിക്കുന്നതിന്റെ അർത്ഥം?**

➢ യേശു ഉയിർത്തെഴുന്നേറ്റതിനുശേഷം ശിഷ്യർക്ക് പ്രത്യക്ഷ പ്പെട്ട് അവരോട് സംസാരിക്കുന്നതിനുമുമ്പ് 'ആദ്യം സമാധാനം ആശംസിച്ചു.' ഇവിടെ വചനമായ ദൈവം എഴുന്നള്ളി നമ്മോട് സംസാരിക്കുമ്പോൾ ആദ്യം സമാധാനം ആശംസിക്കുന്നു.

**27. കാർമ്മികൻ സ്വന്തം പാപങ്ങളുടെയും വിശ്വാസിഗണത്തിന്റെ പാപങ്ങളുടെയും സമസ്തലോകത്തിന്റെയും പാപങ്ങളുടെ പരി ഹാരത്തിനും കടങ്ങളുടെ മോചനത്തിനുമായി പ്രാർത്ഥിക്കുന്ന പ്രാർത്ഥനയുടെ പേരെന്ത് ?**

➢ ഹൂസോയോ പ്രാർത്ഥന (പാപപരിഹാര പ്രാർത്ഥന).

**28. മലങ്കര പാരമ്പര്യമനുസരിച്ച് വി. കുർബാനയിൽ ഉപയോഗി ക്കുന്ന വിശ്വാസപ്രമാണമേത്?**

➢ നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം.

**29. വി. കുർബാനയിൽ ധൂപകലശം വാഴ്ത്തുന്നത് ആരുടെ നാമത്തിലാണ്?**

➢ പരിശുദ്ധ ത്രിത്വത്തിന്റെ.

**30. വിശ്വാസപ്രമാണ സമയത്ത് പ്രധാനശുശ്രൂഷകൻ ധൂപകലശം വീശിക്കൊണ്ട് ഹൈക്കലായുടെ പടിഞ്ഞാറെ അറ്റം വരെ പോകുന്നത് എന്തിനാണ്?**

➢ വിശ്വാസസമൂഹത്തെ വിശുദ്ധീകരിക്കാൻ വേണ്ടി.

**31. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ഇപ്പോൾ ഉപയോഗി ക്കുന്ന വി. കുർബാന തക്സായിൽ എത്ര അന്നാഫുറകൾ ഉണ്ട്?**

➢ ഒൻപത് (മാർ യാക്കോബിന്റെ അന്നാഫുറ, യോഹന്നാൻ ഏവൻഗേലിസ്തായുടെ അന്നാഫുറ, പന്ത്രണ്ട് ശ്ലീഹന്മാരുടെ

www.malankaralibrary.com

അന്നാഫുറ, മാർ ദിവന്ന്യാസോസിന്റെ അന്നാഫുറ, മാർ ഈവാനിയോസിന്റെ അന്നാഫുറ, ശ്ലീഹന്മാരുടെ തലവനായ മാർ പത്രോസിന്റെ അന്നാഫുറ, മാർ ക്സുസ്തോസിന്റെ അന്നാഫുറ, മാർ ഒസ്താത്തിയോസിന്റെ അന്നാഫുറ, വി. പിതാക്കന്മാരുടെ മ്കാനശ്ത്തൊ ക്രമം).

**32. ഈ 9 അന്നാഫുറകളുടെയും അടിസ്ഥാനമായി നിലകൊള്ളുന്നത് ആരുടെ അന്നാഫുറയാണ്?**

➢ നമ്മുടെ കർത്താവിന്റെ സഹോദരനായ യാക്കോബിന്റെ അന്നാഫുറ.

**33. വി. കുർബാന മധ്യേ അന്യോന്യം സമാധാനം നൽകുന്നതിന്റെ വി. ഗ്രന്ഥാടിസ്ഥാനം ഏത് ?**

➢ മത്താ. 5:23-24 ("നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ, നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധമുണ്ടെന്ന് അവിടെവച്ച് ഓർത്താൽ, കാഴ്ചവസ്തു അവിടെ ബലിപീഠത്തിന് മുമ്പിൽ വച്ചിട്ട് പോയി സഹോദരനോട് രമ്യതപ്പെടുക; പിന്നെ വന്ന് കാഴ്ചയർപ്പിക്കുക").

**34. സമാധാനത്തിനുശേഷം നൽകുന്ന ത്രിത്വൈക ആശീർവാദത്തിന്റെ വി. ഗ്രന്ഥാടിസ്ഥാനം ഏത്?**

➢ 2 കോറി. 13:13 ("കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ").

**35. ശോശാപ്പാ ആഘോഷ സമയത്ത് പുരോഹിതൻ പ്രാർത്ഥിക്കുന്ന രഹസ്യപ്രാർത്ഥന ഏത്?**

➢ ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾക്ക് പന്ത്രണ്ടു നീരുറവകൾ ഒഴുക്കിക്കൊടുത്ത തീക്കൽപ്പാറ നീയാകുന്നു. ഞങ്ങളുടെ രക്ഷകന്റെ കബറിങ്കൽ വയ്ക്കപ്പെട്ട തീക്കൽപ്പാറയും നീ തന്നെ ആകുന്നു (വി. കുർബാന തക്സാ-2007, 47).

**36. ത്രിത്വൈക ആശീർവാദത്തിൽ എടുത്തുപറയുന്ന പരിശുദ്ധാത്മാവിന്റെ രണ്ട് പ്രവർത്തികൾ?**

➢ സംസർഗ്ഗം, ആവാസം

**37. മാലാഖമാരുടെ സ്തുതിപ്പിൽ എത്രഗണം മാലാഖമാരെ ഓർക്കുന്നു?**

➢ ഒൻപത് ഗണം (മാലാഖമാർ, പ്രധാന മാലാഖമാർ, റീശൊന്വോസന്മാർ, ഹൈലാവോസേന്മാർ, മോറാവോസേന്മാർ, ശുൽത്തോനേന്മാർ, മൗത്ത്ബേന്മാർ, സ്രോപ്പേന്മാർ, ക്രോബേന്മാർ).

www.malankaralibrary.com


**38. റൂഹാക്ഷണ പ്രാർത്ഥനയ്ക്കു മുമ്പ് 'കർത്താവേ എന്നോട് ഉത്തരമരുളണമെ' എന്ന് വൈദികൻ പ്രാർത്ഥിക്കുന്നതിന്റെ അടിസ്ഥാന വി.ഗ്രന്ഥഭാഗം ഏത്?**

➢ കാർമൽ മലയിൽ വച്ച് ആകാശത്തുനിന്ന് അഗ്നി ഇറക്കി ബലിവസ്തു ദഹിപ്പിക്കുന്നതിനായി ഏലിയ ദീർഘദർശി പ്രാർത്ഥിച്ച പ്രാർത്ഥന (1 രാജ. 18: 37-38).

**39. അന്ത്യോക്യൻ ആരാധനക്രമ പ്രകാരം വി. കുർബാനയിൽ നടത്തുന്ന 6 മദ്ധ്യസ്ഥ പ്രാർത്ഥനകൾ അറിയപ്പെടുന്നതെങ്ങനെ?**

➢ തുബ്ദേൻ

**40. വി. കുർബാനയിൽ മരിച്ചുപോയവരെയും വിശുദ്ധരെയും ഓർക്കുന്നതിന്റെ പ്രസക്തി എന്താണ്?**

➢ വി. കുർബാനയിലൂടെ കർത്താവിനോടൊത്ത് മഹിമയിൽ ജീവിക്കുന്ന വിശുദ്ധരോടും വിശ്വാസികളായ മരിച്ചുപോയവരോടുമുള്ള സംസർഗ്ഗത്തിലേക്ക് നാം വരുന്നു.

**41. മലങ്കര പാരമ്പര്യമനുസരിച്ച് വി. കുർബാനയുടെ ഭൂരിഭാഗവും വിശ്വാസികൾ നിൽക്കുന്നതിന്റെ കാരണമെന്ത് ?**

➢ ദൈവസന്നിധിയിൽ 'നിൽക്കുക' എന്നത് ഉയിർത്തെഴുന്നേല്പിന്റെ പ്രതീകമാണ്.

➢ പുറപ്പാട് ദിവസം രാത്രി യഹൂദർ പെസഹ ഭക്ഷിച്ചത് നിന്നുകൊണ്ടാണ്.

➢ കർത്താവിന്റെ രണ്ടാം വരവിൽ അവിടുത്തെ എതിരേല്ക്കാനായി ഒരുങ്ങി നിൽക്കുന്ന മണവാട്ടിയാണ് സഭ.

**42. ഖണ്ഡനശുശ്രൂഷയുടെ സമയത്ത് മറ ഇടുന്നതിന്റെ അർത്ഥം?**

➢ യേശുവിന്റെ മരണസമയത്ത് സൂര്യൻ ഇരുണ്ടുപോകുകയും ഭൂമിയിലെങ്ങും അന്ധകാരം വ്യാപിക്കുകും ചെയ്തതിന്റെ സൂചനയായിട്ടാണ് മറ ഇടുന്നത്.

**43. ഖണ്ഡന ശുശ്രൂഷയെത്തുടർന്ന് മറ നീക്കുന്നതിന്റെ അർത്ഥം?**

➢ കർത്താവിന്റെ മരണവും ഉത്ഥാനവും വഴി പാപികളായ നമുക്ക് സ്വർഗ്ഗം തുറന്നു നല്കി എന്നതിന്റെ സൂചനയായിട്ട്.

**44. ഖണ്ഡന ശുശ്രൂഷയ്ക്കു മുമ്പ് നല്കുന്ന രണ്ടാമത്തെ ആശീർവാദം ആരുടെ നാമത്തിലുള്ളതാണ്?**

➢ മഹോന്നത ദൈവവും രക്ഷകനുമായ യേശുവിന്റെ നാമത്തിൽ

www.malankaralibrary.com

**45. സ്ഥാപന വചനങ്ങളെത്തുടർന്ന് കാർമ്മികൻ ഗ്മൂർത്തോതർവോദോയോടുകൂടെ (Spoon) എടുത്ത് കാസായിലും പീലാസായിലും തബലീത്തായിലും കാർമ്മികന്റെ നെറ്റിയിലും സ്പർശിച്ച് വിശ്വാസികളെ ഉയർത്തികാണിക്കുന്നതിന്റെ സൂചനാപരമായ അർത്ഥമെന്ത്?**

➢ മിന്നൽപ്പിണർപോലെയുണ്ടാകുന്ന കർത്താവിന്റെ രണ്ടാം ആഗമനത്തിന്റെ സൂചനയാണ്.

**46. കർത്തൃപ്രാർത്ഥന ചൊല്ലുമ്പോൾ കൈകൾ വിരിച്ച് പിടിക്കുന്നതിന്റെ അർത്ഥമെന്ത്?**

➢ യേശുവിന്റെ മരണത്തിലൂടെയും ഉയിർപ്പിലൂടെയും ലഭിച്ച വിമോചനത്തിന്റെയും ഉയർച്ചയുടെയും ഐക്യത്തിന്റെയും തുല്യതയുടെയും പ്രതീകമായിട്ടാണ് കൈകൾ വിരിച്ച് പിടിക്കുന്നത്.

**47. വി. കുർബാനയിലെ മൂന്നാമത്തെ ആശീർവാദ സമയത്ത് എടുത്തുപറയുന്ന പരി. ത്രിത്വത്തിന്റെ 7 സവിശേഷതകൾ ഏതെല്ലാം?**

➢ വിശുദ്ധിയുള്ളത്, മഹത്വമുള്ളത്, സൃഷ്ടിയല്ലാത്തത്, ഉൺമയായത്, ആദിയും അന്തവുമില്ലാത്തത്, വന്ദിക്കത്തക്കത്, സാരാംശത്തിൽ ഒന്നായത്.

**48. മൂന്നാമത്തെ ആശീർവാദത്തെത്തുടർന്ന് കാസായും പീലാസായും ഉയർത്തി ആഘോഷിക്കുന്നതിന്റെ സൂചന എന്ത്?**

➢ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിന്റെ സൂചനയായി.

**49. വി. കുർബാന പടിഞ്ഞാറോട്ട് എഴുന്നള്ളിക്കുന്നത് എന്തിനാണ്?**

➢ ലോകത്തെ വിധിക്കുവാനും സഭയെ ചേർത്തുകൊള്ളുന്നവനുമായിട്ടുള്ള കർത്താവിന്റെ രണ്ടാം വരവിനെ സൂചിപ്പിക്കുന്നതിന്.

**50. വി. കുർബാനയിൽ 'കരുണയുള്ള കർത്താവിന്റെ മുമ്പാകെ നാം തല കുനിക്കണമെന്ന്' ശുശ്രൂഷകൻ ഓർമ്മിപ്പിക്കുന്നതിന്റെ അർത്ഥം?**

➢ വി. കുർബാനയിൽ ആശീർവാദ പ്രാർത്ഥനകൾക്ക് മുമ്പാണ് തലകുനിക്കാനായി ശുശ്രൂഷകൻ ഓർമ്മിപ്പിക്കുന്നത്. ഇങ്ങനെ തല കുനിച്ച് നിൽക്കുന്ന ജനത്തെ ആശീർവദിക്കുവാനായിട്ടാണ് ആശീർവാദ പ്രാർത്ഥനകൾ നടത്തുന്നത്. ആശീർവാദം സ്വീകരിക്കുന്നതിനുവേണ്ടി ജനം ഒരുങ്ങുന്നതിന്റെ അടയാളം കൂടിയാണ് ഇത്.

www.malankaralibrary.com


**51. പൗരസ്ത്യ സഭകളിൽ വി. കുർബാന സ്വീകരണം എപ്രകാരമാണ്?**

➢ വി. കുർബാനയുടെ ഇരുസാദൃശ്യങ്ങളിലും നൽകുന്ന പതിവാണുള്ളത്. തിരുശരീരം തിരുരക്തത്തിൽ മുക്കി, സാധാരണയായി നാവിൽ നല്കുന്നു.

**52. വി. കുർബാന വഹിച്ചുകൊണ്ടുള്ള രണ്ടാമത്തെ പ്രദിക്ഷണത്തിൽ വൈദികൻ തിരുശരീരവും തിരുരക്തവും വഹിക്കുന്ന കരങ്ങൾ ഇടത്തേക്കും വലത്തേക്കും മാറ്റുന്നതിന്റെ അർത്ഥമെന്ത്?**

➢ അന്ത്യവിധിയെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ് ഇത്. അന്ത്യവിധിയിൽ മനുഷ്യ വർഗ്ഗത്തെ മുഴുവൻ ഇടത്തേക്കും വലത്തേക്കും തിരിക്കുമെന്ന സത്യത്തെ സൂചിപ്പിക്കുന്നു. (മത്താ. 25:31-33).

**53. വി. കുർബാന അനുഭവത്തിനുശേഷം നിന്നുകൊണ്ട് നന്ദി പ്രകാശിപ്പിക്കുന്നതിന്റെ കാരണം?**

➢ അയോഗ്യനായ എന്റെ ഉള്ളിൽ ദൈവം കടന്നുവന്നതിന്റെ സന്തോഷത്തെപ്രതി മുട്ടുകുത്തുക എന്നത് അനുതാപത്തിന്റെ സൂചനയാണ്.

**54. വി. കുർബാനയ്ക്കുശേഷം വൈദികന്റെ കൈമുത്തി പോകുന്നതിന്റെ അർത്ഥം?**

➢ വൈദികൻ ക്രിസ്തുവിന്റെ പ്രതിനിധിയാണ്. വൈദികന്റെ കരങ്ങൾ മുത്തുന്നത് ക്രിസ്തുവിന്റെ കരങ്ങൾ മുത്തുന്നതുപോലെയാണ്. എനിക്കുവേണ്ടി ബലി അർപ്പിച്ച കരങ്ങൾ ഭക്തിപൂർവ്വം മുത്തി അനുഗ്രഹം പ്രാപിക്കുന്നു.

**55. വി. കുർബാനയുടെ അവസാനം കാർമ്മികൻ ബലിപീഠത്തോട് യാത്ര ചോദിച്ചുകൊണ്ട് പ്രാർത്ഥിക്കുന്ന പ്രാർത്ഥന ഏത്?**

➢ കർത്താവിന്റെ വിശുദ്ധ ബലിപീഠമേ, സമാധാനത്തോടെ വസിക്കുക. ഞാൻ ഇനി നിങ്കലേക്കു മടങ്ങിവരുമോ എന്ന് എനിക്ക് നിശ്ചയമില്ല. സ്വർഗ്ഗത്തിലെ ആദ്യജാതന്മാരുടെ സഭയിൽ നിന്നെ കാണുവാൻ കർത്താവ് എനിക്കിടയാകട്ടെ. ഈ പ്രത്യാശയിൽ ഞാൻ ശരണപ്പെടുന്നു.

പരിശുദ്ധവും പാപപരിഹാരപ്രദവുമായ ബലിപീഠമേ, സമാധാനത്തോടെ വസിക്കുക. നിന്നിൽ നിന്നു ഞാൻ കൈക്കൊണ്ട പരിശുദ്ധ ശരീരവും പുണ്യപ്പെടുത്തുന്ന രക്തവും എനിക്കു കടങ്ങ

www.malankaralibrary.com

ളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും കർത്താവിന്റെ ഭയങ്കര സിംഹാസനത്തിൻ മുമ്പാകെ മനോധൈര്യത്തിനും നിദാനമായി ഭവിക്കട്ടെ.

ജീവന്റെ മേശയായ പരിശുദ്ധ ബലിപീഠമേ, സമാധാനത്തോടെ വസിക്കുക. എന്നെക്കുറിച്ചുള്ള സ്മരണ ഒരിക്കലും നിന്നിൽ നിന്നു മാഞ്ഞുപോകാതിരിക്കുവാൻ കർത്താവേശുമിശിഹായോട് എനിക്കുവേണ്ടി അപേക്ഷിച്ചുകൊള്ളണമേ. ആമ്മേൻ.

**56. അന്ത്യോകൃൻ ആരാധനക്രമത്തിൽ പുളിപ്പുള്ള അപ്പം (ഹമ്മീറ) ഉപയോഗിക്കുന്നതിന്റെ അർത്ഥം?**

➢ പുരാതന സഭയിൽ പുളിപ്പുള്ള അപ്പമാണ് ഉപയോഗിച്ചിരുന്നത് (മാർ അപ്രേം).

➢ പുളിപ്പ് സ്വർഗ്ഗരാജ്യത്തിന്റെ പ്രതീകമാണ്.

➢ പുളിപ്പ് ജീവന്റെ സാന്നിദ്ധ്യത്തെ കാണിക്കുന്നു.

➢ പുളിപ്പ് ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നു.

➢ ക്രിസ്തു ആദ്യം അർപ്പിച്ച വി. കുർബാനയിൽ നിന്നുള്ള തുടർച്ചയെ പുളിപ്പ് സൂചിപ്പിക്കുന്നു (കർത്താവ് ആദ്യം ആശീർവദിച്ച അപ്പ ത്തിന്റെ ഒരംശം ശിഷ്യന്മാർ സൂക്ഷിച്ചുവെന്നും പിന്നീട് അപ്പമുണ്ടാക്കിയപ്പോൾ അതിൽ ചേർത്തുവെന്നുമാണ് പാരമ്പര്യം).

➢ പുളിപ്പ് സത്യവിശ്വാസത്തെ സൂചിപ്പിക്കുന്നു.

**57. ഹമ്മീറ ഉണ്ടാക്കുവാൻ ഉപയോഗിക്കുന്ന പ്രധാന വസ്തുക്കൾ ഏതെല്ലാം? അവയുടെ അർത്ഥം?**

➢ ഹമ്മീറ ഉണ്ടാക്കുവാൻ പ്രധാനമായും അഞ്ച് വസ്തുക്കളാണ് ഉപയോഗിക്കുന്നത്. ഈ അഞ്ച് വസ്തുക്കളും സൃഷ്ടിയുടെ അഞ്ച് അടിസ്ഥാനഘടകങ്ങളെ പ്രതിനിധാനം ചെയ്യുന്നു. നമ്മുടെ കർത്താവിന്റെ രക്ഷാകരവ്യാപാരത്തെ ദൃഷ്ടാന്തീകരിക്കുന്നു.

➢ മാവ് സൃഷ്ടിമുഴുവനെയും പ്രതിനിധാനം ചെയ്യുന്നു.

➢ മാവ് കുഴയ്ക്കാനുപയോഗിക്കുന്ന ജലം മാമോദീസായെ സൂചിപ്പിക്കുന്നു.

➢ പുളിപ്പ് സത്യവിശ്വാസത്തെ, ജീവനെ സൂചിപ്പിക്കുന്നു.

www.malankaralibrary.com


➢ എണ്ണ ദൈവത്തിന്റെ കരുണയെ സൂചിപ്പിക്കുന്നു.

➢ ഉപ്പ് സ്നേഹത്തെ സൂചിപ്പിക്കുന്നു.

ഗോതമ്പുപൊടിയും വെള്ളവും പുളിപ്പും ഉപ്പുംകൂടി കുഴച്ചുണ്ടാക്കുന്ന മാവ് സൈത്ത് എണ്ണ പുരട്ടിയ അച്ചിൽ വച്ച് സങ്കീർത്തനങ്ങൾ പാടിക്കൊണ്ടാണ് ഹമ്മീറ ഉണ്ടാക്കുന്നത്.

**58. ഹമ്മീറായിലെ 13 കുരിശുകളുടെ സൂചനാപരമായ അർത്ഥമെന്ത്?**

➢ 12 ചെറിയ കുരിശുകൾ 12 ശ്ലീഹന്മാരെയും ഒരു വലിയ കുരിശ് നമ്മുടെ കർത്താവിനെയും സൂചിപ്പിക്കുന്നു.

**59. അന്ത്യത്താഴം, കുരിശിലെ ബലി, വി. കുർബാന ഇവ തമ്മിലുള്ള ബന്ധമെന്ത്?**

➢ അന്ത്യത്താഴത്തിൽ ഈശോ കാൽവരിയിൽ അർപ്പിക്കാൻ പോകുന്ന ബലി രക്തരഹിതമായി അർപ്പിച്ചു. മനുഷ്യകുലത്തിന്റെ പാപത്തിനു പരിഹാരമായി സ്വരക്തം ചിന്തി അർപ്പിച്ച ബലിയാണ് കാൽവരിയിലെ ബലി. എന്നാൽ വി. കുർബാനയിൽ അന്ത്യത്താഴത്തിൽ അർപ്പിച്ച ബലിയും കുരിശിലെ ബലിയും രക്തരഹിതമായി അർപ്പിക്കപ്പെടുന്നു.

**60. വി. കുർബാന 'കൂദാശകളുടെ കൂദാശ' എന്നറിയപ്പെടുന്നതെന്തുകൊണ്ട്?**

➢ സഭയിലെ എല്ലാ കൂദാശകളും പൂർണ്ണമാക്കപ്പെടുന്നത് വി. കുർബാനയിലൂടെയായതിനാലാണ് വി. കുർബാനയെ കൂദാശകളുടെ കൂദാശ എന്ന് വിളിക്കുന്നത്.

❖

www.malankaralibrary.com

### അദ്ധ്യായം 2

# പ്രായോഗിക ചോദ്യങ്ങൾ

1. **ലത്തീൻ കുർബാനയ്ക്കുപയോഗിക്കുന്ന ഓസ്തി മലങ്കര കുർബാനയ്ക്ക് ഉപയോഗിക്കാമോ?**

ലത്തീൻ ആരാധനയ്ക്ക് ഉപയോഗിക്കുന്നത് പുളിപ്പില്ലാത്ത അപ്പവും, മലങ്കര കുർബാനയ്ക്ക് ഉപയോഗിക്കുന്നത് പുളിപ്പുള്ള അപ്പവുമാണ്. അതിനാൽ തന്നെ ലത്തീൻ കുർബാനയ്ക്ക് ഉപയോഗിക്കുന്ന ഓസ്തി മലങ്കര കുർബാനയിൽ ഉപയോഗിക്കാൻ അനുവാദമില്ല. എന്നാൽ വളരെ വിരളമായ സാഹചര്യത്തിൽ അനുവാദത്തോടെ ഉപയോഗിക്കാവുന്നതാണ് (CPCSMCC 484, CCEO 707 & 2).

2. **വി. കുർബാനയ്ക്ക് തൊട്ട് മുൻപോ അല്ലെങ്കിൽ വി. കുർബാന കഴിഞ്ഞ ഉടനെയോ വി. കുർബാനയുടെ ആരാധന നടത്തുന്നതിൽ തെറ്റുണ്ടോ?**

അന്തോക്യൻ ആരാധനക്രമത്തിലുള്ള മലങ്കര ആരാധനക്രമത്തിന്റെ വി. കുർബാനയിൽ വി. കുർബാനയുടെ ആരാധനയും ആശീർവാദവും ഉൾച്ചേർന്നിരിക്കുന്നു. അതുകൊണ്ട് വി. കുർബാനയ്ക്ക് ശേഷം ഉടൻ തന്നെ നടത്തുന്ന വി. കുർബാനയുടെ ആരാധന നമ്മൾ പ്രോത്സാഹിപ്പിക്കുന്നില്ല. വി. കുർബാനയ്ക്ക് മുൻപ് ഇപ്രകാരം പരസ്യമായി വി. കുർബാനയുടെ ആരാധന നടത്താതിരിക്കുന്നാണ് ഉചിതം. വി. കുർബാന ആഘോഷത്തിലുള്ള

www.malankaralibrary.com


നമ്മുടെ ആരാധനജീവിതം കൂടുതൽ പരിപോഷിപ്പിക്കുന്നതിനാണ് ഇപ്രകാരം ക്രമീകരിച്ചിരിക്കുന്നത് (CPCSMCC 494). വി.കുർബാനയിൽ ദിവ്യരഹസ്യങ്ങൾ പടിഞ്ഞാറോട്ടെഴുന്നള്ളിക്കുന്ന സമയം വി. കുർബാനയുടെ ആശീർവാദത്തിന്റെയും ആരാധനയുടെയും സമയമാണ്. "നാഥാ കൃപ ചെയ്യണമലിവാൽ..." കർത്താവിന്റെ കരുണയ്ക്കായി യാചിക്കുന്നതാണ് യഥാർത്ഥ ആരാധന.

**3. മാരകമായ പാപത്തോടെ വി. കുർബാന സ്വീകരിക്കാമോ?**

വി. കുർബാന നൽകുന്ന അനുഗ്രഹം പൂർണ്ണമായും സ്വീകരിക്കാനുള്ള വരപ്രസാദാവസ്ഥ നമ്മുടെ ജീവിതത്തിൽ വളരെ അത്യാവശ്യമാണ്. നിസ്സാരമായ പാപങ്ങളുള്ള (ലഘുപാപം) ഒരു വ്യക്തി വി. കുർബാനയുടെ പാപപരിഹാര പ്രാർത്ഥനയുടെ സമയത്ത് തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞ് വി. കുർബാന സ്വീകരിക്കുന്നതിൽ തെറ്റില്ല. എന്നാൽ മാരകമായ പാപമുള്ള ഒരു വ്യക്തി കുമ്പസാരത്തിൽ തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞതിന് ശേഷമെ വി. കുർബാന സ്വീകരിക്കുവാൻ പാടുള്ളു. എന്നാൽ ഗൗരവകരമായ കാരണങ്ങൾ ഉള്ള സാഹചര്യത്തിലും, കുമ്പസാരിക്കാൻ അവസരം ലഭിക്കാത്ത സന്ദർഭത്തിലും, ഏറ്റവും അടുത്ത സമയത്തു തന്നെ വി. കുമ്പസാരം നടത്തിക്കൊള്ളാം എന്ന പൂർണ്ണമായ മനോഭാവത്തിൽ, പാപങ്ങളെല്ലാം കൃത്യമായി ഓർത്ത് അനുതപിച്ച് വി. കുർബാന സ്വീകരിക്കാവുന്നതാണ് (CCEO 711).

**4. വി. കുർബാന നിയോഗം സമർപ്പിക്കുന്നത് എപ്പോൾ?**

മലങ്കര ആരാധനക്രമത്തിൽ വി. കുർബാന ചൊല്ലുന്ന വൈദികൻ നൽകപ്പെട്ടിരിക്കുന്ന നിയോഗം സമർപ്പിച്ച് മൂന്നുതവണയാണ് പ്രാർത്ഥിക്കുന്നത്. ഒന്നാമതായി ഒരുക്കശുശ്രൂഷയിൽ അഹറോന്റെ ക്രമത്തിൽ പൊതുവായ അനുസ്മരണ പ്രാർത്ഥനയുടെ സമയത്ത് നിയോഗം സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. രണ്ടാമതായി വിശ്വാസ പ്രമാണത്തിന്റെ സമയത്ത് തോണോസിന്റെ മുന്നിൽ സാഷ്ടാംഗ പ്രണാമം ചെയ്ത് രഹസ്യപ്രാർത്ഥന ചൊല്ലിയതിനുശേഷം ത്രോണോസിന്മേൽ കുരിശു വരച്ച് നിയോഗം സമർപ്പിക്കുന്നു. മൂന്നാമതായി വി. കുർബാനയുടെ സമാപന ആശീർവാദത്തിന് ശേഷം ചൊല്ലുന്ന രഹസ്യ പ്രാർത്ഥനയിലും അന്നത്തെ നിയോഗം പ്രത്യേകമായി സമർപ്പിച്ച് പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

4. **വി. കുർബാനയിൽ അപ്പം മാത്രം ഉപയോഗിച്ച് വി. കുർബാന അർപ്പിക്കുന്നതിൽ തെറ്റുണ്ടോ?**
ഒരു കൂദാശ സാധുവാകാൻ പ്രധാനമായും മൂന്നു കാര്യങ്ങളാണ് വേണ്ടത്: Matter, Form, Intention. വി. കുർബാനയെ സംബന്ധിച്ചിടത്തോളം Matter എന്നു പറയുന്നത് അപ്പവും വീഞ്ഞുമാണ്. ഏതെങ്കിലുമൊന്നിന്റെ അഭാവം വി. കുർബാനയുടെ സാധൂകരണത്തെ ബാധിക്കും. അതിനാൽ തന്നെ അപ്പം മാത്രമോ വീഞ്ഞ് മാത്രമോ ഉപയോഗിച്ച് വി. കുർബാന അർപ്പിക്കുവാൻ സാധ്യമല്ല.

5. **വി. കുർബാനയ്ക്കു മുമ്പുള്ള ഉപവാസം എങ്ങനെ?**
വി. കുർബാനയിലുള്ള സജീവമായ പങ്കാളിത്തത്തിനും ഒരുക്കത്തിനുമായി വി. കുർബാനയ്ക്ക് മുൻപ് കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും ഉപവസിക്കണമെന്ന് സഭ പഠിപ്പിക്കുന്നു (CPCSMCC 486).

6. **കത്തോലിക്കാ സഭയിലെ മറ്റ് വ്യക്തിഗത സഭകളിലെ വി. കുർബാനയിൽ സംബന്ധിച്ച് വി. കുർബാന സ്വീകരിക്കുന്നതിൽ തെറ്റുണ്ടോ?**
ഇല്ല, കത്തോലിക്കരായ എല്ലാവർക്കും (മാമോദീസ സ്വീകരിച്ച; കുമ്പസാരിച്ച) കത്തോലിക്കസഭയിലെ ഏത് വ്യക്തിഗത സഭകളിലും വി. കുർബാനയിൽ പങ്കെടുത്ത് വി. കുർബാന സ്വീകരിക്കാവുന്നതാണ്.

7. **ആരാധനാക്രമവത്സരത്തിൽ വി. കുർബാന പാടില്ലാത്ത ദിവസം ഏതാണ്?**
ദുഃഖവെള്ളി, എന്നാൽ വചനിപ്പ് തിരുന്നാൾ (മാർച്ച് 25) ദുഃഖവെള്ളിയാഴ്ചയാണ് വരുന്നതെങ്കിൽ അന്ന് വി. കുർബാന അർപ്പിക്കേണ്ടതാണ്.

8. **സഭാ വിലക്കിലുള്ളവർക്ക് വി. കുർബാന സ്വീകരിക്കാൻ സാധിക്കുമോ?**
ഇല്ല. സഭാവിലക്ക് ഉള്ളവർ ആ വിലക്ക് മാറുന്നതുവരെ കൗദാശികമായ കൂട്ടായ്മയിൽ നിന്നു പുറത്താണ്. അവർക്ക് ദൈവാലയത്തിൽ വരുന്നതിനും ശുശ്രൂഷകളിൽ പങ്കെടുക്കുന്നതിനും കുഴപ്പമില്ല. എന്നാൽ കൂദാശ സ്വീകരണത്തിന് അയോഗ്യരാണ്. വിലക്ക് നീക്കാനുള്ള എല്ലാ നിബന്ധനകളും പാലിച്ച് വിലക്ക് നീങ്ങിയാൽ വി. കുർബാന സ്വീകരിക്കാം.

www.malankaralibrary.com


**9. ഞായറാഴ്ചയിൽ വി. കുർബാനയിൽ സംബന്ധിക്കണം എന്ന് നിർബന്ധമുണ്ടോ?**

എല്ലാ ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും ദൈവാലയത്തിൽ പോയി വി. കുർബാനയിൽ സംബന്ധിച്ച് കുർബാന സ്വീകരിക്കണമെന്ന് സഭ പഠിപ്പിക്കുന്നത്. (CPCSMCC 488).

**10. എന്തുകൊണ്ടാണ് ഒരുക്കശുശ്രൂഷ വചന ശുശ്രൂഷയ്ക്ക് മുമ്പ് മലങ്കര ആരാധനക്രമത്തിൽ ക്രമീകരിക്കുന്നത് ?**

മലങ്കര സുറിയാനി കത്തോലിക്കാസഭ അന്ത്യോക്യാൻ ആരാധനക്രമമാണ് അനുഷ്ഠിക്കുന്നത്. മറ്റൊരു ആരാധനക്രമത്തിലും വചനശുശ്രൂഷയ്ക്ക് മുമ്പ് ഒരുക്കശുശ്രൂഷ കാണാൻ സാധിക്കില്ല. കാരണം അന്ത്യോക്യൻ ആരാധനക്രമത്തിൽ രക്ഷാകരചരിത്രം അതിന്റെ കാലക്രമമനുസരിച്ചാണ് അനുസ്മരിക്കപ്പെടുന്നത്. ഒരുക്കശുശ്രൂഷ സൃഷ്ടി മുതലുള്ള യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെ അനുസ്മരിക്കുന്നു. പരസ്യശുശ്രൂഷ യേശുക്രിസ്തുവിന്റെ ജനനത്തോടു കൂടി ആരംഭിക്കുന്നു. ഒരുക്കശുശ്രൂഷ സമയത്ത് ആലപിക്കുന്ന ഗാനത്തിലും പഴയനിയമചരിത്രമാണ് വിവരിക്കുന്നത്.

**11. എത്ര വയസ്സ് മുതൽ വി. കുർബാന സ്വീകരിക്കാം?**

പൗരസ്ത്യസഭാ പാരമ്പര്യമനുസരിച്ച് മാമോദീസായോടൊപ്പം തന്നെ മാമോദീസാ സ്വീകരിക്കുന്ന കുഞ്ഞുങ്ങൾക്ക് വി. കുർബാനയും നൽകാറുണ്ട്. ഈ കുഞ്ഞുങ്ങൾക്ക് വിവേചനാശക്തി ഉണ്ടാകുന്ന പ്രായം വരെ ഇപ്രകാരം വി. കുർബാന നൽകാവുന്നതാണ്. എന്നാൽ വിവേചനാശക്തി ഉണ്ടാകുന്ന പ്രായമാകുമ്പോൾ വി. കുമ്പസാരത്തെയും വി. കുർബാനയെയും കുറിച്ചുള്ള വിശദമായ പഠനം പൂർത്തിയാക്കിയതിനുശേഷമാണ് വി. കുർബാന സ്വീകരിക്കുക. ഇപ്രകാരം വി. കുർബാന നൽകുന്നതിനുള്ള പ്രായമായി സഭ നിശ്ചയിച്ചിരിക്കുന്നത് ഏഴു വയസ്സുമുതലാണ്. 1910-ൽ പത്താം പിയൂസ് മാർപാപ്പ പുറപ്പെടുവിച്ച 'Quam Singulari' എന്ന തിരുവെഴുത്തിൽ വി. കുർബാന സ്വീകരണത്തിനുള്ള പ്രായം 7 വയസ് മുതലാണെന്ന് പഠിപ്പിക്കുന്നു. തുടർന്നുള്ള സഭയുടെ പ്രബോധനങ്ങളെല്ലാം ഈയൊരു രേഖയെ അടിസ്ഥാനമാക്കിയുള്ളതാണ്. (CPCSMCC 491, CCEO 710).

**12. ഏതാണ് ദണ്ഡവിമോചനം ലഭിക്കുന്ന വി. കുർബാന?**

നവവൈദികരുടെ പ്രഥമ ദിവ്യബലിയർപ്പണത്തിൽ പങ്കെടുത്ത്

www.malankaralibrary.com

ആശീർവാദം സ്വീകരിച്ച് കൈകൾ ചുംബിക്കുന്നത് ദണ്ഡവിമോചനം ലഭിക്കുവാൻ സഹായിക്കുന്നു.

13. **വിശ്വാസികൾക്ക് നൽകിയതിന് ശേഷം ബാക്കിവരുന്ന വി. കുർബാന സാധാരണയായി എന്താണ് ചെയ്യാറുള്ളത്?**
വിശ്വാസികൾക്ക് നൽകിയതിനു ശേഷം ബാക്കിവരുന്ന വി. കുർബാന സക്രാരി ഉള്ള ദൈവാലയമാണെങ്കിൽ സക്രാരിയിൽ സൂക്ഷിക്കും. സക്രാരി ഇല്ലാത്ത ദൈവാലയമാണെങ്കിൽ മിച്ചം വന്ന വി. കുർബാന വൈദികൻ തന്നെ ഭക്തിപൂർവ്വം സ്വീകരിക്കുന്നതാണ് (CPCSMCC 500).

14. **മരിച്ചവർക്കുവേണ്ടി വി. കുർബാന അർപ്പിക്കണമോ?**
തീർച്ചയായും. നമ്മുടെ കുടുംബങ്ങളിൽ നിന്നും വാങ്ങിപ്പോയ എല്ലാവരേയും ഓർത്ത് വി. കുർബാന അർപ്പിച്ച് അവരുടെ കല്ലറയിൽ ധൂപം അർപ്പിച്ച് പ്രാർത്ഥിക്കേണ്ടതാണ്. മരിച്ച വ്യക്തികളുടെ ചരമവാർഷികത്തിലും, അനീദെ ഞായറിലും, ദുഃഖശനിയാഴ്ചയിലും കൂടാതെ നമുക്ക് സാധിക്കുന്ന എല്ലാ സമയങ്ങളിലും ഇപ്രകാരം വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കേണ്ടതാണ്. കൂടാതെ എല്ലാ വി. കുർബാനകളിലും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളുടേയും, ഗാനങ്ങളുടെയും, ധൂപാർപ്പണത്തിന്റെയും സമയത്ത് അവരെ ദൈവസന്നിധിയിൽ ഓർത്ത് പ്രാർത്ഥിക്കുന്നു.

15. **വി. കുർബാനയുടെ ആരാധനയിൽ പങ്കെടുക്കുന്നത് വി. കുർബാനയ്ക്ക് പകരമാകുമോ?**
ഒരിക്കലുമില്ല. കാരണം വി. കുർബാന ഒരു കൂദാശയും വി. കുർബാനയുടെ ആരാധന ഒരു കൂദാശാനുകരണവുമാണ്. വി. കുർബാനയിൽ നമ്മുടെ കാഴ്ചകൾ (അപ്പവും, വീഞ്ഞും)പരിശുദ്ധ ത്രിത്വത്തിന്റെ ആവാസത്താൽ വി. കുർബാനയായി രൂപാന്തരപ്പെട്ട് നമുക്ക് നൽകപ്പെടുന്നു. എന്നാൽ ആരാധനയിൽ യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിന്റെ മുമ്പിലിരുന്ന പ്രാർത്ഥിക്കുകയാണ് നാം ചെയ്യുന്നത് (CPCSMCC 494).

16. **ആരാധനാക്രമവത്സരത്തിൽ വൈദികൻ ഇടവക ജനങ്ങൾക്കുവേണ്ടി നിർബന്ധമായും വി. കുർബാന അർപ്പിക്കേണ്ട ദിവസങ്ങൾ ഏതെല്ലാം?**
യൽദാ (ഡിസംബർ 25), ദനഹാ (ജനുവരി 6), സൂബോറോ (വചനിപ്പ് തിരുനാൾ, മാർച്ച് 25), ക്യംതോ, സൂലോക്കോ (സ്വർഗ്ഗാരോഹണം, പെന്തിക്കോസ്തി, പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മപ്പെരുന്നാൾ (ജൂൺ 19), മാർത്തോമാശ്ലീഹായുടെ

www.malankaralibrary.com


ദുക്റോനോ (ജൂലൈ 3), ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ദുക്റോനോ (ജൂലൈ 15), ശൂനോയോ (മാതാവിന്റെ സ്വർഗ്ഗാരോപണം, ആഗസ്റ്റ് 15).

**17. വി. കുർബാന മദ്ധ്യേ സ്വയം പ്രേരിത പ്രാർത്ഥനകൾ അനുവദനീയമോ?**

അന്ത്യോക്യൻ ആരാധനക്രമമാണ് നാം ഉപയോഗിക്കുന്നത്. സൂക്ഷ്മമായി നിരീക്ഷിച്ചാൽ നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ പ്രാർത്ഥനകളും ഈ വി. കുർബാനയിൽ നമുക്ക് കാണാം. അതിനാൽ തന്നെ വി. കുർബാനയക്ക് മദ്ധ്യേയുള്ള മറ്റു പ്രാർത്ഥനകൾ സഭ അനുവദിക്കുന്നില്ല. എല്ലാ കൂദാശകളിലും സഭാ സുന്നഹദോസ് നിർദ്ദേശിച്ചിരിക്കുന്ന പുസ്തകങ്ങളും ഗാനങ്ങളും മാത്രം ആലപിക്കുന്നതാണ് സഭ പ്രോത്സാഹിപ്പിക്കുന്നത്. എന്നാൽ വി. കുർബാനയ്ക്ക് മുൻപോ അതിനുശേഷമോ വിശ്വാസികളുടെ ആദ്ധ്യാത്മിക ഉന്നമനത്തിന് സഹായിക്കുമെങ്കിൽ മറ്റു പ്രാർത്ഥനകൾ വ്യക്തിപരമായി നടത്താവുന്നതാണ്. ആരാധനക്രമത്തിൽ മാറ്റം വരുത്തുവാനും സഭാദ്ധ്യക്ഷനും സഭാസുന്നഹദോസിനും മാത്രമാണ് അധികാരമുള്ളത് (CPCSMCC 481).

**18. വൈദികർക്ക് ഒറ്റയ്ക്ക് വി. കുർബാന അർപ്പിക്കാൻ അനുവാദമുണ്ടോ?**

വി. കുർബാന കൂട്ടായ്മയുടെ കൂദാശയാണ്. എന്നാൽ ലോകത്ത് അർപ്പിക്കപ്പെടുന്ന എല്ലാ വി. കുർബാനയിലും സഭ സന്നിഹിതയായതിനാൽ വൈദികൻ ഒറ്റയ്ക്കായാൽ പോലും അത് കൂട്ടായ്മയിലുള്ള ആഘോഷമാണ്.

**19. സക്രാരിയിൽ തിരുശരീരവും തിരുരക്തവും സൂക്ഷിക്കാറുണ്ടോ?**

ഇല്ല. സക്രാരിയിൽ തിരുശരീരം മാത്രമാണ് സൂക്ഷിക്കുന്നത്.

**20. സക്രാരിയിൽ വി. കുർബാന എത്ര ദിവസം വരെ സൂക്ഷിക്കാം?**

രണ്ടാഴ്ച കൂടുമ്പോൾ ഒരിക്കൽ സക്രാരിയിലെ വി. കുർബാന മാറ്റിവയ്ക്കണം എന്നുള്ളതാണ് സഭയുടെ പ്രബോധനം (CPCSMCC 500).

**21. മലങ്കര പാരമ്പര്യത്തിൽ മൂന്നിന്മേൽ കുർബാന അർപ്പിക്കാമോ?**

മലങ്കര പാരമ്പര്യത്തിൽ മൂന്നിന്മേൽ കുർബാന അർപ്പിക്കാം. ഒരേ നിയോഗത്തിൽ മൂന്ന് പട്ടക്കാർ മൂന്ന് ത്രോണോസുകളിൽ നിന്ന് ചൊല്ലുന്നതാണ് മൂന്നിന്മേൽ കുർബാന. എന്നാൽ വി. സമൂഹബലിക്കാണ് സഭ പ്രാധാന്യം നൽകുന്നത്.

www.malankaralibrary.com

**22. സമൂഹബലി അർപ്പിക്കുമ്പോൾ വൈദികർക്ക് ഒന്നിൽകൂടുതൽ നിയോഗം സമർപ്പിക്കാമോ?**

ഒന്നിലധികം വൈദികർ ഒരു ത്രോണോസിൽ ഒരുമിച്ച് ഒരേ കാഴ്ച ദ്രവ്യങ്ങൾ കൊണ്ട് വി. കുർബാന അർപ്പിക്കുന്നതാണ് സമൂഹ ബലി. സമൂഹബലി അർപ്പിക്കുന്ന വൈദികർക്ക് പ്രത്യേക നിയോഗനിർദ്ദേശമില്ലെങ്കിൽ അവരവരുടെ നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥിക്കാവുന്നതാണ്.

**23. രോഗികൾക്ക്/ കിടപ്പുരോഗികൾക്ക് വി. കുർബാന സ്വീകരിക്കാമോ?**

രോഗികൾക്കും കിടപ്പുരോഗികൾക്കും വി. കുർബാന നൽകുന്ന പതിവ് സഭയിലുണ്ട്. ഇങ്ങനെ കിടപ്പുരോഗികൾക്കും മരണാസന്നർക്കും നൽകുന്ന വി. കുർബാനയാണ് വിയാറ്റിക്കും (പാഥേയം). ഇപ്രകാരം വി. കുർബാന സ്വീകരിക്കുന്ന വ്യക്തി ക്രിസ്തുരഹസ്യങ്ങളുടെ ആഘോഷത്തിൽ പങ്കു ചേരുന്നു എന്ന അനുമാനത്തിൽ തന്നെയാണ് വി. കുർബാന നൽകുക.

**24. കത്തോലിക്കാ സഭയിലെ വി. കുർബാനയും പ്രൊട്ടസ്റ്റന്റ് ആരാധനയും (കർത്താവിന്റെ അത്താഴം) തമ്മിലുള്ള വ്യത്യാസം എന്താണ്?**

കത്തോലിക്കാസഭയിലെ വി. കുർബാനയിൽ ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിന്റെ, അല്ലെങ്കിൽ മഹത്വീകരിക്കപ്പെട്ട ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിദ്ധ്യമുണ്ട് (*Real Presence*). എന്നാൽ പ്രൊട്ടസ്റ്റന്റ് ആരാധനയിൽ കർത്താവിന്റെ അത്താഴത്തിൽ ക്രിസ്തുവിന്റെ ആദ്ധ്യാത്മികമായ സാന്നിദ്ധ്യം മാത്രമാണുള്ളത് (*Spiritual Presence*)

**25. ഒരു ദിവസം എത്ര തവണ വി. കുർബാന സ്വീകരിക്കാം?**

സഭാനിയമമനുസരിച്ച് ഒരു വ്യക്തി ഉചിതമായ ഒരുക്കത്തോടുകൂടി ഒരു ദിവസം ഒരു വി. കുർബാനയിൽ പങ്കെടുത്ത് വി. കുർബാന സ്വീകരിക്കണം എന്ന് സഭ പഠിപ്പിക്കുന്നു. എന്നാൽ ഒരു ദിവസം തന്നെ രണ്ടാമത് പ്രധാനമായ ആഘോഷങ്ങളിലോ മറ്റോ പങ്കുചേരുകയാണെങ്കിൽ മാത്രം രണ്ടാമത് വി. കുർബാന സ്വീകരിക്കുന്നതിന് സഭ അനുവാദം നൽകുന്നു. ഒരു ദിവസം ഒരു തവണ വി. കുർബാന സ്വീകരിക്കുന്നതിനെയാണ് സഭ പ്രോത്സാഹിപ്പിക്കുന്നത് (CPCSMCC 488).

www.malankaralibrary.com


**26. വി. കുർബാനയുടെ ആരാധനയുടെ സമയത്ത് ജപമാല പ്രാർത്ഥന ചൊല്ലുന്നതിൽ തെറ്റുണ്ടോ?**

ഇല്ല. കാരണം ജപമാല പ്രാർത്ഥന ഒരിക്കലും മാതാവിനോടുള്ള പ്രാർത്ഥനയല്ല മറിച്ച് മാതാവിന്റെ മദ്ധ്യസ്ഥതയിൽ ക്രിസ്തു കേന്ദ്രീകൃതമായ പ്രാർത്ഥനയാണ്. പ്രസ്തുത പ്രാർത്ഥനകളിലെല്ലാം ക്രിസ്തുരഹസ്യങ്ങളും ദൈവവചനങ്ങളുമാണ് നാം ധ്യാനിക്കുന്നത്.

**27. കത്തോലിക്കർക്ക് മറ്റു സഭകളിൽ നിന്ന് (യാക്കോബായ, ഓർത്തഡോക്സ്) വി. കുർബാന സ്വീകരിക്കാമോ?**

ക്രിസ്തീയമായ ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും പേരിൽ പ്രത്യേകമായ അവസരങ്ങളിൽ മറ്റു സഭകളുടെ ആരാധനകളിലും ആഘോഷങ്ങളിലും പങ്കുചേരുന്നതിനെ സഭ തടസ്സപ്പെടുത്തുന്നില്ല. എന്നാൽ കത്തോലിക്കരല്ലാത്ത മറ്റു വ്യക്തികളുമായി സാധാരണ സാഹചര്യത്തിൽ കൗദാശികപരമായ കൂട്ടായ്മകൾക്കൊന്നും സഭ അംഗീകാരം നൽകുന്നില്ല. പ്രത്യേകിച്ച് ഒരു സാഹോദര്യത്തിന്റെ പേരിലോ മറ്റേതെങ്കിലും കാരണത്താലോ വി. കുർബാന സ്വീകരിക്കാനുള്ള അനുവാദം സഭ നൽകുന്നില്ല. എന്നാൽ 1984-ൽ ഇഗ്നേഷ്യസ് സഖാ പ്രഥമൻ (Ignatius Zaka I) പാത്രീയർക്കീസും പരിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയും ചേർന്ന് ഒപ്പുവച്ച രേഖപ്രകാരം ഒരു കത്തോലിക്കാ വിശ്വാസിയും ഒരു യാക്കോബായ വിശ്വാസിയും തമ്മിലുള്ള വിവാഹ ഉടമ്പടിയുടെ സമയത്തും അവരുടെ ജീവിതവുമായി ബന്ധപ്പെട്ട പ്രധാന ആഘോഷങ്ങളിലും (വിവാഹവാർഷികം, കുഞ്ഞുങ്ങളുടെ മാമോദീസ, ആദ്യകുർബാന, വിവാഹം, അടുത്ത ബന്ധുക്കളുടെ ഓർമ്മക്കുർബാന തുടങ്ങിയവ) വിവാഹത്തിൽ ഏർപ്പെടുന്നവർക്കും അവരുടെ മാതാപിതാക്കൾക്കും ഏറ്റവും അടുത്ത കുടുംബാംഗങ്ങൾക്കും വി. കുർബാന രണ്ടു സഭകളിൽ നിന്നും സ്വീകരിക്കാവുന്നതാണ്. അതുപോലെ കത്തോലിക്കാ വിശ്വാസിയോ, യാക്കോബായ വിശ്വാസിയോ, തങ്ങൾ താമസിക്കുന്ന സ്ഥലത്ത് സ്വന്തം ദൈവാലയത്തിലോ ആരാധനയിലോ പങ്കുചേരാനുള്ള സാഹചര്യം ഇല്ലാതെ വന്നാൽ, കത്തോലിക്കാ വിശ്വാസിക്ക് യാക്കോബായ ദൈവാലയത്തിൽ നിന്നും യാക്കോബായ വിശ്വാസിക്ക് കത്തോലിക്കാ ദൈവാലയത്തിൽ നിന്നും വിശുദ്ധ കുർബാന സ്വീകരിക്കാവുന്നതാണ് (CPCSMCC 555, 3).

www.malankaralibrary.com

**28. വി. കുർബാന സ്വീകരിക്കാൻ ഏത് സമയം മുതലാണ് നിർബന്ധമായും സംബന്ധിക്കേണ്ടത്?**

മലങ്കര ആരാധനക്രമത്തിൽ ഒരു ദിവസത്തിന്റെ സന്ധ്യ മുതൽ അടുത്ത ദിവസം ഒൻപതാം മണി വരെയാണ് ഒരു ദിവസം. സന്ധ്യാപ്രാർത്ഥന മുതലാണ് നാം വിശുദ്ധ കുർബാനയ്ക്കായി ഒരുങ്ങേണ്ടത്. എന്നാൽ വിശ്വാസികൾ വി. കുർബാനയിൽ ദൈവാലയത്തിൽ വന്നു സംബന്ധിക്കേണ്ടത് പ്രഭാതപ്രാർത്ഥന മുതലാണ്. അപ്രകാരമുള്ള വി. കുർബാന അനുഭവമാണ് സജീവമായ പങ്കാളിത്തം. പൂർണ്ണമായും ആദ്യാവസാനം ഒരു വി. കുർബാനയിൽ അനുതാപത്തോടും ഒരുക്കത്തോടും കൂടി സംബന്ധിക്കുന്ന ഒരു വ്യക്തി വി. കുർബാന സ്വീകരിക്കാൻ പൂർണ്ണമായും യോഗ്യനാണ്. എന്നാൽ ചില ഗൗരവമായ കാരണങ്ങളാൽ കൃത്യസമയത്ത് എത്താൻ സാധിച്ചില്ലായെങ്കിൽ വിശ്വാസപ്രമാണത്തിന് മുൻപ് വരുകയാണെങ്കിൽ, ഉചിതമായ ഒരുക്കമുള്ളവരാണെങ്കിൽ വി. കുർബാന സ്വീകരിക്കാവുന്നതാണ്. അതിനുശേഷം വരുന്നവരുടെ വി. കുർബാന സ്വീകരണം സഭ പ്രോത്സാഹിപ്പിക്കുന്നില്ല.

**29. കടമുള്ള തിരുനാളുകൾ ഏതൊക്കെ?**

ജനനത്തിരുനാൾ (*Yaldo*), ദനഹാ തിരുനാൾ (*Denho, Jan 6*), ഉയിർപ്പ് (*Qyomtho*), സ്വർഗ്ഗാരോഹണ തിരുനാൾ (*Suloko*) വചനിപ്പ് തിരുനാൾ (*Suboro*), പെന്തിക്കൊസ്തി തിരുനാൾ, മാതാവിന്റെ സ്വർഗ്ഗാരോപണം (*Sunoyo, Aug 15*), മാർത്തോമാ ശ്ലീഹായുടെ ദുക്റോനോ തിരുനാൾ (*July 3*), ഈ തിരുനാളുകളിൽ വിശ്വാസികളെല്ലാം വി. കുർബാനയിൽ സംബന്ധിക്കാൻ ബാദ്ധ്യസ്ഥരാണ് (CPCSMCC 567).

**30. വി. കുർബാനയുടെ സ്വീകരണ സമയത്ത് വി. കുർബാന നിലത്തുവീണാൽ എന്തു ചെയ്യും?**

നിലത്തുവീണ വി. കുർബാന സ്വീകരണയോഗ്യമാണെങ്കിൽ അത് വൈദികൻ സ്വീകരിക്കണം, അല്ലാത്തപക്ഷം അത് ശുദ്ധജലത്തിൽ ലയിപ്പിച്ച് ആ ജലം ആരും ചവിട്ടാത്ത ഏതെങ്കിലും സ്ഥലത്ത് ഒഴിച്ച് കളയണം. തിരുരക്തം തറയിൽ വീണാൽ അവിടെ ജലമുപയോഗിച്ച് കഴുകി സങ്കീഞ്ഞ് കൊണ്ട് തുടച്ച് ശുദ്ധിയാക്കണം.

**31. വി. കുർബാനയിൽ പങ്കെടുത്തിട്ട് വി. കുർബാന സ്വീകരിക്കാതിരിക്കാമോ?**

ശരിയായ അനുതാപമില്ലാതെയും ഘനമായ പാപത്തോടെയുമാണ്

www.malankaralibrary.com


വി. കുർബാനയിൽ സംബന്ധിക്കുന്നതെങ്കിൽ വി. കുർബാന സ്വീകരിക്കാൻ പാടില്ല. വി. കുർബാനയിൽ പങ്കെടുത്തിട്ട് വി. കുർബാന സ്വീകരിക്കാതിരിക്കുന്നതിൽ തെറ്റില്ല. എന്നാൽ എല്ലാവരും യോഗ്യതയോടെ വി. കുർബാന സ്വീകരിക്കണം എന്നാണ് സഭ ആഗ്രഹിക്കുന്നത്. വി. കുർബാന ക്രിസ്തു നല്കുന്ന വിരുന്നാണ്. അതിൽ യോഗ്യതാപൂർവ്വം സംബന്ധിക്കുന്നവർക്ക് ക്രിസ്തു ഉത്ഥാനവും, നിത്യജീവനും, ക്രിസ്തുവിനോടുള്ള സംസർഗ്ഗവും പാപമോചനവും നൽകുന്നു.

**32. ഒരു ദിവസം വി. കുർബാന അർപ്പണത്തിന് നിശ്ചയിക്കപ്പെട്ടിരിക്കുന്ന പ്രത്യേക സമയമുണ്ടോ?**

ഇല്ല. ഒരു നിശ്ചിതമായ സമയത്തിനേക്കാൾ ഉപരി ഉപവാസത്തോടെ വി. കുർബാന സ്വീകരിക്കണം എന്നുള്ളതാണ് നിർദ്ദേശം. അതുകൊണ്ടാണ് പൊതുവെ നാം പ്രഭാതത്തിൽ ഭക്ഷണത്തിനു മുൻപ് തന്നെ വി. കുർബാനയിൽ പങ്കുചേരുന്നത്.

**33. എന്താണ് ഗ്രിഗോറിയൻ കുർബാന?**

ഒരു പ്രത്യേക നിയോഗത്തിനായി തുടർച്ചയായി മുപ്പതു ദിവസം ഇടവേളകളില്ലാതെ വി. കുർബാന അർപ്പിച്ചു പ്രാർത്ഥിക്കുന്നതാണ് ഗ്രിഗോറിയൻ കുർബാന.

**34. എന്താണ് നൊവേന കുർബാന?**

ഒരു പ്രത്യേക നിയോഗത്തിനായി ഒൻപത് ദിവസങ്ങളിൽ തുടർച്ചയായി വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുന്നതാണ് നൊവേന കുർബാന.

**35. എന്താണ് ഫൗണ്ടേഷൻ കുർബാന (*Foundation Mass*)?**

എല്ലാ വർഷവും ഒരു നിയോഗത്തിനായി ഒരു പ്രത്യേക ദിവസം മാറ്റിവച്ച് ആ ദിവസം ഈ നിയോഗത്തിനു വേണ്ടിതന്നെ വി. ബലിയർപ്പിച്ച് പ്രാർത്ഥിക്കുന്നതാണ് ഫൗണ്ടേഷൻ കുർബാന. ഇതിന്റെ തീയതി മാറ്റാനുള്ള അധികാരം സഭാതലവനുമാത്രം നല്കപ്പെട്ടിരിക്കുന്നു.

**36. വി. കുർബാന ആഘോഷസമയത്ത് മുട്ടുകുത്താമോ?**

വി. കുർബാന ആഘോഷത്തിന്റെ ഒരു സമയത്തും മുട്ടുകുത്തുന്ന പാരമ്പര്യം നമുക്കില്ല. എന്നാൽ യാമപ്രാർത്ഥനകളുടെ സമയത്ത് നാം കുമ്പിടാറുണ്ട്. അല്ലാതെ അന്ത്യോക്യൻ ആരാധനാക്രമത്തിൽ

www.malankaralibrary.com

മുട്ടുകുത്തൽ ഇല്ല. ക്രിസ്തുവിന്റെ ഉത്ഥാനത്തിലൂടെ പിതാവായ ദൈവത്തിന്റെ പുത്രന്മാരായി ദത്തെടുക്കപ്പെട്ടവരാണ് നാമോരുത്തരും. അതിനാൽ തന്നെ പിതാവിനെ അപ്പാ എന്നു വിളിക്കാനുള്ള അധികാരം നമുക്ക് ലഭിച്ചിരിക്കുന്നു. മക്കൾ പിതാവിന്റെ മുന്നിൽ മുട്ടുകുത്തേണ്ട ആവശ്യമില്ല ധൈര്യപൂർവ്വം എഴുന്നേറ്റ് നിൽക്കാം.

**37. വി. കുർബാനക്ക് ശേഷം എന്തിനാണ് നാം കാണിക്ക സമർപ്പിക്കുന്നത്?**

മലങ്കര പാരമ്പര്യത്തിലെ ഒരു ആചാരമാണ് നമ്മുടെ അദ്ധ്വാനത്തിന്റെ ഫലം വി. കുർബാനയ്ക്കായി വരുമ്പോഴും മറ്റു ആഘോഷങ്ങൾക്കു വരുമ്പോഴും ദൈവാലയത്തിൽ സമർപ്പിക്കുക എന്നുള്ളത്. ഈയൊരർത്ഥത്തിലാണ് വി. കുർബാനയ്ക്ക് ശേഷം നാം കാണിക്ക സമർപ്പിക്കുന്നത് (CPCSMCC 499).

**38. വി. കുർബാന സ്വീകരണ സമയത്ത് വി. കുർബാനക്രമത്തിലില്ലാത്ത ഗാനങ്ങൾ ആലപിക്കുവാൻ അനുവാദമുണ്ടോ?**

ഇല്ല. വി. കുർബാന സ്വീകരണം എന്നല്ല, കൂദാശകളിലൊന്നും നല്കപ്പെട്ടിരിക്കുന്നതല്ലാത്ത ഗാനങ്ങൾ ആലപിക്കാനുള്ള അധികാരം നമുക്കില്ല. സഭാ സുന്നഹദോസ് അംഗീകരിച്ചിരിക്കുന്ന പുസ്തകത്തിലെ ഗാനങ്ങൾ മാത്രം ആലപിക്കുക (CPCSMCC 481, SMAT 169).

**39. വി. കുർബാന എഴുന്നള്ളിച്ചു വച്ചുകൊണ്ട് വി. കുർബാന അർപ്പിക്കാമോ?**

ഇല്ല. അത്തരത്തിലുള്ള കാര്യങ്ങൾ സഭ നിരോധിച്ചിരിക്കുന്നു

**40. വി. കുർബാനയ്ക്ക് പഴയനിയമ വായനകളും ലേഖനങ്ങളും സ്ത്രീകൾ വായിക്കുന്നതിൽ തെറ്റുണ്ടോ?**

ഇല്ല. വി. കുർബാനയിലും മറ്റ് ആരാധനാ ആഘോഷങ്ങളിലും കെസ്ത്രൂമയ്ക്ക് താഴെ ഹൈക്കലായിൽ നിന്നുകൊണ്ട് പഴയനിയമ വായനകളും വിശുദ്ധ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളും പെൺകുട്ടികൾക്കും സ്ത്രീകൾക്കും വായിക്കാവുന്നതാണ്. (മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ, *ഇടയലേഖനം, Prot No CPL 3/2009, Page 6,* CPCSMCC 487).

❖

www.malankaralibrary.com

# ഗ്രന്ഥസൂചിക


1. മലങ്കര സുറിയാനി കത്തോലിക്കാ സഭ, *വിശുദ്ധ കുർബാന തക്സാ,* 2007.
2. മലങ്കര സുറിയാനി കത്തോലിക്കാ സഭ, *ഹാശാ ആഴ്ചയിലെ പ്രുമിയോൻ, സെദറാ,* 2013.
3. മലങ്കര സുറിയാനി കത്തോലിക്കാ സഭ, *പെരുന്നാളുകൾ,* 2018.
4. മലങ്കര സുറിയാനി കത്തോലിക്കാ സഭ, *തൂക്കാസ,* 2014.
5. മലങ്കര സുറിയാനി കത്തോലിക്കാ സഭ, *വി. കുർബാനക്രമം,* 2019.
6. മലങ്കര സുറിയാനി കത്തോലിക്കാ സഭ, *കൂദാശാകൾ,* 2019.
7. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ., *വിശുദ്ധ കുർബാന ഒരു ധ്യാനപഠനം*, കോട്ടയം: ബഥനി പബ്ലിക്കേഷൻസ്, 2013.
8. കാരിച്ചാൽ, ജി., *മലങ്കര കുർബാന തീർത്ഥാടക സഭയിൽ,* കോട്ടയം: സീരി, 1996.
9. ചേടിയത്ത്, ജി., *പട്രോളജി*, കോട്ടയം: OIRSI, 2006.
10. കുഴുപ്പിൽ, റ്റി., *സഭാപിതാക്കന്മാർ,* കുന്നോത്ത്: ഗുഡ് ഷെപ്പേഡ് ബുക്ക്സ്, 2016.

www.malankaralibrary.com

11. ചെമ്പകശ്ശേരി, പി., *വിശുദ്ധ കുർബാന കാരുണ്യത്തിന്റെ ദിവ്യ ഘോഷം,* നാലാഞ്ചിറ: എം.എസ്. പബ്ലിക്കേഷൻസ്, 2016.

12. തോമസ്, പി.ടി., *അടയാളങ്ങളും പ്രതീകങ്ങളും മലങ്കര ആരാധന ക്രമത്തിൽ,* ബത്തേരി: മലങ്കര പബ്ലിക്കേഷൻസ്, 1999.

13. ചേടിയത്ത്, ജി. (ed)., *ജീവാമൃതം,* ആലുവ: MCBS പബ്ലിക്കേഷൻസ്, 1991.

14. കൊച്ചുതുണ്ടിൽ, ജെ. & പറപ്പള്ളിൽ, ഐ. (eds)., *മദ്ബഹായിലെ മാലാഖമാർ,* നാലാഞ്ചിറ: എം. എസ്. പബ്ലിക്കേഷൻസ്, 2016.

15. ഡയറക്ടർ., *വി. കുർബാന ജീവിതവും അനുഷ്ഠാനവും,* കൊച്ചി: പി.ഒ.സി. പ്രസിദ്ധീകരണം, 2004.

16. കത്തോലിക്കാ സഭ, *മതബോധന ഗ്രന്ഥം.,* കൊച്ചി: പി.ഒ.സി. പ്രസിദ്ധീകരണം, 2005.

17. കത്തോലിക്കാ സഭ, *യുവജന മതബോധന ഗ്രന്ഥം.,* കൊച്ചി: പി. ഒ.സി. പ്രസിദ്ധീകരണം, 2011.

18. കളരിക്കാലായിൽ, മാത്യു., *മലങ്കര അന്ത്യോക്യൻ ആരാധനക്രമ ദൈവശാസ്ത്രം,* തിരുവല്ല: കാതോലിക്കേറ്റ് ബിഷപ്സ് ഹൗസ്, 2004.

19. തൊണ്ടിപ്പറമ്പിൽ, ജെ., *വി. കുർബാന ദാനവും ദൗത്യവും,* ആലുവ: Author, 2005.

20. നാലുപറയിൽ, ജെ., *പാഥേയശ്രുതി,* കോട്ടയം: എമ്മാവൂസ് പബ്ലിക്കേഷൻസ്, 2002.

21. തൈക്കൂട്ടത്തിൽ, എസ്., *ശ്ഹീമ്മോയിലെ തിരുവചനസമ്പത്ത്,* തിരുവനന്തപുരം: എം.എസ്. പബ്ലിക്കേഷൻസ്, 1987.

22. കാക്കനാട്ട്, എസ്സ്., *ശ്ഹീമ്മോ നമസ്കാരത്തിലെ വേദോക്തികൾ,* കോട്ടയം: സീരി, 2012.

www.malankaralibrary.com


23. Connor. J. T., *The Hidden Manna: A Theology of Eucharist*, San Francisco: Ignatius Press, 1988.

24. Delrome. J., *The Eucharist in the New Testament*, Dublin: Geoffrey Chapman, 1964.

25. Guzie. Tad. W., *Jesus and the Eucharist*, Toronto: Paulist Press, 1974.

26. Jurgens. W. A., *The Faith of the Early Fathers*, Vol. I, II & III, Minnesota: The Liturgical Press, 1970.

27. Kodell. J., *The Eucharist in the New Testament*, Delaware: Michael Glazier, 1988.

28. Lussier. E., *The Eucharist: the Bread of Life*, New York: Alba House, 1977.

29. Mar Ivanios., *The Holy Qurbono* (Dr. Antony Valiyavilayil, trans.) Trivandrum: Cause of Canonization of Mar Ivanios, 2006.

30. Martin. F & Wright IV. W. M., The *Gospel of John*, Michigan: Baker Academic, 2015.

31. Montague. G. T., *First Corinthians*, Michigan: Baker Academic, 2011.

32. Pazhayampallil. T., *Pastoral Guide, Vol. II, Sacrament and Bioethics*, Bangalore: Kristu Jyothi Publications, 2016.

33. Ratzinger. J., *Jesus of Nazareth*, London: Bloombury Publishing, 2007.

34. Reumann. J., *The Supper of the Lord: The New Testament, Ecumenical Dialogues, and Faith and Order on Eucharist*, Philadelphia: Fortress Press, 1985.

35. Sheerin. D. J., *The Eucharist*, Delaware: Michael Glazier, 1986.

www.malankaralibrary.com

**CHURCH DOCUMENTS AND LAWS**


1. Vatican II: The Conciliar and Post Conciliar Documents (Vol. I).
2. Catechism of the Catholic Church (CCC).
3. Pope John Paul II, *Ecclesia De Eucharistia*, 2003.
4. Pope John Paul II, *Redemptionis Sacramentum*, 2004.
5. Pope John Paul II, *Mane Nobiscum Domine*, 2004.
6. Pope Benedict XVI, *Sacramentum Caritatis*, 2005.
7. Code of Canons of the Eastern Churches (New English Translation), Bangalore: Theological Publications in India, 2014.
8. The Code of Particular Canon Law of Syro Malankara Catholic Church (CPCSMCC).
9. Statues of the Major Archdiocese of Trivandrum (SMAT).


❖ ❖ ❖